# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### 2018 നവംബർ 28, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 174 - നമ്പർ 2

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 നവംബർ 28, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

781/20

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി* |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

* (27-11-2018- ന് സത്യപ്രതിജ്ഞ ചെയ്ത് മന്ത്രിയായി ചുമതലയേറ്റു.)

# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

### അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ്. പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
7. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
8. ശ്രീ. അടൂർ പ്രകാശ് (കോന്നി)
9. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
10. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
11. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
12. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
13. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
14. ശ്രീ. അനൂപ് ജേക്കബ് (പിറവം)
15. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
16. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
17. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
18. ശ്രീ. അൻവർ സാദത്ത് (ആലുവ)
19. ശ്രീ. എ. എം. ആരിഫ് (അരൂർ)
20. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
21. ശ്രീമതി സി. കെ. ആശ (വൈക്കം - എസ്.സി.)

22. ശ്രീ. കെ. ബാബു (നെന്മാറ)

23. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി-എസ്.ടി.)

24. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി)

25. ശ്രീ. വി. ടി. ബൽറാം (തൃത്താല)

26. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

27. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)

28. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

29. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)

30. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)

31. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)

32. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)

33. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)

34. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

35. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

36. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)

37. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)

38. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)

39. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)

40. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

41. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)

42. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

43. ഡോ. കെ. ടി. ജലീൽ (തവനൂർ)

44. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)

45. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

46. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

47. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

48. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

49. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

50. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

51. ശ്രീ. വി. ജോയി (വർക്കല)

52. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി-എസ്.ടി.)

53. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)

54. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

55. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

56. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

57. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)

58. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

59. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

60. ശ്രീ. കെ. എം. മാണി (പാല)

61. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

62. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

63. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

64. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

65. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

66. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

67. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)

68. ശ്രീ. എം. മുകേഷ് (കൊല്ലം)

69. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

70. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)

71. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

72. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

73. ശ്രീ. സി. കെ. നാണു (വടകര)

74. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

75. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

76. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

77. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

78. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

79. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

80. ശ്രീമതി യു. പ്രതിഭ (കായംകുളം)

81. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

82. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

83. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

84. ശ്രീ. ഒ. രാജഗോപാൽ (നേമം)

85. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

86. ശ്രീ. കെ. രാജൻ (ഒല്ലൂർ)

87. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

88. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)

89. ശ്രീ. റ്റി. വി. രാജേഷ് (കല്ല്യാശ്ശേരി)

90. ശ്രീ. കെ. രാജു (പുനലൂർ)

91. ശ്രീ. രാജു എബ്രഹാം (റാന്നി)

92. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

93. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

94. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

95. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

96. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

97. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

98. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

99. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

100. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

101. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

102. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി)

103. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

105. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

106. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

107. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

108. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

109. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി)

110. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

111. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

112. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി)

113. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

114. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

115. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

116. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

117. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

118. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

119. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

120. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

121. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

122. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

123. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

124. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

125. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

126. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

127. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

128. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

129. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

130. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

131. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

132. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

133. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

134. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

135. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

136. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട്-എസ്.സി.)

137. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

138. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

139. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

140. ശ്രീ. എം. വിൻസെന്റ് (കോവളം)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആൻഡ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാൻഡ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. എ.കെ.ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ലാൻഡ് റവന്യൂ

സർവ്വേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

ഡോ. കെ. ടി. ജലീൽ, ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

ശ്രീ. ഇ. പി. ജയരാജൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആൻഡ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

ശ്രീ. എ. സി. മൊയ്തീൻ, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി സർവ്വകലാശാല

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

പ്രൊഫ. സി. രവീന്ദ്രനാഥ്, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

<u>ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

<u>ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം

*പേജ്*


**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..22

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..22

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..66

**II അറിയിപ്പ്**

സഭാനടപടികളോടുള്ള സഹകരണം ..446

**III അടിയന്തരപ്രമേയം**

ശബരിമലയിലെ അനാവശ്യനിയന്ത്രണങ്ങൾ

—ശ്രീ. വി. എസ്. ശിവകുമാർ

(അവതരണാനുമതി നിഷേധിച്ചു) ..448

**IV ക്രമപ്രശ്നം**

അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി

—ശ്രീ. എസ്. ശർമ്മ ..448

**V റൂളിംഗ്** ..450

**VI ചെയർമാന്മാരുടെ പാനൽ** ..500

**VII മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ളവ ..501

**VIII റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് ..508

*പേജ്*

**IX റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് ..508

**X നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

i. 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ ..509

ii. 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ ..509

iii. 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി)ബിൽ ..510

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

*2018 നവംബർ 28, ബുധൻ*

| വാല്യം 174] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 2 |
|---|---|---|

നിയമസഭ 2018 നവംബർ മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ...

*1-ാം നമ്പർ ചോദ്യവുമായി *3, *4, *26 എന്നീ നമ്പർ ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യുന്നതിനായി സർവ്വശ്രീ രാജു എബ്രഹാം, റോജി എം. ജോൺ, ജെയിംസ് മാത്യു എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. നാല് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

(ശബരിമലയിലേർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞയും നിയന്ത്രണങ്ങളും പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിപ്പിടിച്ച് അവരവരുടെ സീറ്റിൽ എഴുന്നേറ്റുനിന്ന് മുദ്യാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

### പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ

1 (*1) ശ്രീ. സജി ചെറിയാൻ :
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ട ഭീകരമായ പ്രളയദുരന്തത്തിനിരയായവരുടെ പുനരധിവാസത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി ചെലവഴിച്ച തുകയെത്രയെന്ന് അറിയിക്കാമോ;

(ബി) പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും കേന്ദ്ര സർക്കാരിൽ നിന്ന് ഇതുവരെ ലഭിച്ച സഹായം എന്തൊക്കെയാണ്; രാജ്യത്തെ ജനങ്ങളിൽ നിന്ന് കേന്ദ്ര സർക്കാർ സമാഹരിക്കുന്ന നികുതിപ്പണം ദുരന്ത സാഹചര്യങ്ങളിൽ വിവേചനരഹിതമായി അനുവദിക്കാത്തത് പുനർനിർമ്മാണ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കാനിടയുണ്ടോ;

(സി) വിദേശ രാജ്യങ്ങൾ സ്വമേധയാ നൽകുന്ന സാമ്പത്തിക സഹായം നിഷേധിച്ചും പ്രവാസി മലയാളികളിൽനിന്നും സഹായം തേടുന്നതിനുള്ള സംസ്ഥാന മന്ത്രിമാരുടെ യാത്ര തടഞ്ഞും പുനർനിർമ്മാണ പ്രക്രിയയെ പ്രതിസന്ധിയിലാക്കുന്ന നിലപാടിൽ മാറ്റംവരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, (എ) കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിദുരന്തമായിരുന്നു ആഗസ്റ്റ് മാസത്തിലുണ്ടായത്. വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലുംപെട്ട് ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി. നിരവധിപേർ മരണപ്പെട്ടു. വീടുകളും കൃഷിയിടങ്ങളും വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വ്യാപാര സ്ഥാപനങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും പാലങ്ങളും ദുരന്തത്തിനിരയായി.

സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് ദുരന്തത്തിന്റെ തീക്ഷ്ണത വലിയൊരളവിൽ കുറച്ചത്. മത്സ്യത്തൊഴിലാളികളും വിവിധ സേനാംഗങ്ങളും ഉദ്യോഗസ്ഥരും യുവജനങ്ങളും പങ്കാളികളായ പുനരധിവാസ പ്രവർത്തനങ്ങൾക്ക് നാട് ഒരുമിച്ചുനിന്നു. സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്. ........(ബഹളം).........

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ, അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ട് അങ്ങുതന്നെ എഴുന്നേറ്റ് നിൽക്കുകയാണോ? മറുപടി പൂർത്തീകരിക്കട്ടെ. ......(ബഹളം)....... ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയാണ്. പ്ലീസ്..പ്ലീസ്...

(പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽവന്ന് മുദ്യാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

- ദുരന്തത്തിൽ തകർന്ന വീടുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ന് മേലെ എന്നിങ്ങനെ തരംതിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്.

- പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകിക്കഴിഞ്ഞു. ഇതിനുപുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.

- വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള ഉപയോഗിക്കാതെയുള്ള ഭൂമിയോ സന്നദ്ധസംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഏറ്റെടുക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

- കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽനിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി.

- ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ എന്നിവ മുഖേന ഒരുലക്ഷം രൂപവരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു.........(ബഹളം)......

മി. സ്പീക്കർ : ഇത് ശരിയല്ല. ദയവായി ഈ പറയുന്ന ഉത്തരം കേൾക്കൂ. ചോദ്യം ക്ലബ്ബ് ചെയ്യാൻ എഴുതി നൽകി, അതിന്റെ ഉത്തരം ആവശ്യപ്പെട്ടതിനുശേഷം ഈ ചെയ്യുന്നത് മര്യാദയാണോയെന്ന് എഴുതി നൽകിയവർ ആലോചിക്കണം.

ശ്രീ. പിണറായി വിജയൻ : സർ,

- പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.
- ശുചീകരണ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത പങ്കാളിത്തമാണ് ബഹുജനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഉണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡൊന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡൊന്നിന് 50,000 രൂപയും അനുവദിച്ചു.
- മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി ഉചിതമായ തുക അനുവദിച്ചു.
- പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ അരി നൽകുവാൻ തീരുമാനിച്ചു.
- പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 593.38 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ സാഹചര്യം വിലയിരുത്തി വിവിധ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കാൻ CWRDM, KFRI, എം.ജി യൂണിവേഴ്സിറ്റി, KSREC എന്നിവരെ ചുമതലപ്പെടുത്തി. എല്ലാ ജില്ലകളിലും കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ ഇതിനകം നൽകിക്കഴിഞ്ഞു.

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയുടെ സാദ്ധ്യതാ പഠനങ്ങൾ നടത്തിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര സന്ദേശങ്ങൾ ലഭ്യമാക്കാൻ മീഡിയം വേവ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു.

(ബി) ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ 5616.77 കോടി രൂപയാണ് സംസ്ഥാനം ആവശ്യപ്പെട്ടത്.

ഇതിനുപുറമേ 5000 കോടി രൂപ പ്രത്യേക ധനസഹായമായി നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ 600 കോടി രൂപയാണ് പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായ കണക്കെടുപ്പിൽ ഐക്യരാഷ്ട്രസഭയുടെ ഏജൻസികൾതന്നെ 26,718 കോടി രൂപയുടെ നഷ്ടവും പുനർനിർമ്മാണത്തിന് 31,000 കോടി രൂപ വേണ്ടിവരുമെന്നും വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രം അനുവദിച്ച തുകയുടെ പര്യാപ്തത വിലയിരുത്തേണ്ടത് ഈ സാഹചര്യത്തിലാണ്. കൂടുതൽ കേന്ദ്രസഹായം ലഭിക്കുമെന്നാണ് നാട് പ്രതീക്ഷിക്കുന്നത്.

(സി) ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല.

2 (*3) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയത്തിൽ വീടും സ്വത്തും ജീവനോപാധികളും നശിച്ചു പോയതുകൊണ്ട് സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടായ നഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; ഇവയുടെ പുനഃസൃഷ്ടിക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി ഏതാണെന്ന് അറിയിക്കാമോ;

(ബി) പുനർനിർമ്മാണ പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി പ്രാവർത്തികമാക്കുന്നതിനുള്ള സംവിധാനം എന്താണ്;

(സി) വിദേശസഹായം സ്വീകരിക്കുന്നതിലും വായ്പാപരിധി ഉയർത്തുന്നതിലും കേന്ദ്രസർക്കാർ അനുമതി നൽകാത്ത സാഹചര്യത്തിൽ പുനഃസൃഷ്ടിക്കാവശ്യമായി വരുന്ന വലിയ തുക സമാഹരിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ഡി) നവകേരള നിർമ്മാണത്തിന് ക്രൗഡ് ഫണ്ടിംഗിന്റെ സാദ്ധ്യതയും ഇതിനായി രൂപീകരിക്കാനുദ്ദേശിക്കുന്ന മിഷന്റെ രൂപരേഖയും അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഐക്യരാഷ്ട്രസഭയുടെ PDNA (Post Disaster Need Assessment) റിപ്പോർട്ട് പ്രകാരം ആകെ 26,718 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിലുണ്ടായിരിക്കുന്നത്. 17316 വീടുകൾ പൂർണ്ണമായും 216000 വീടുകൾ ഭാഗികമായും (PDNA റിപ്പോർട്ട് അടിസ്ഥാനത്തിൽ) തകർന്നു....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്........

ശ്രീ. പിണറായി വിജയൻ: സർ, കൃഷി, ഊർജ്ജം, ജലസേചനം, ഗതാഗതം, ഉപജീവന മാർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള സർവ്വ മേഖലകളിലും വലിയ നാശനഷ്ടങ്ങളാണ് സംസ്ഥാനത്തുടനീളം പ്രളയംമുഖേനയുണ്ടായത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി മുപ്പത്തിയൊന്നായിരം കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് PDNA റിപ്പോർട്ട് പ്രകാരം കണക്കാക്കിയിരിക്കുന്നത്. സർക്കാർ സംവിധാനം ഉപയോഗിച്ചുള്ള വിശദമായ പരിശോധനയ്ക്ക് ശേഷമേ ഇക്കാര്യങ്ങളിൽ കൃത്യമായ കണക്ക് ലഭ്യമാകൂ.

പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ G.O.(P) No.16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പുനരുദ്ധാരണ-പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക ആർ.കെ.ഐ. സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്......എന്താണ് ഈ പ്രതിഷേധമെന്ന് എനിക്ക് മനസ്സിലായിട്ടില്ല...(ബഹളം)...

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ. വി. വേണു, ഐ.എ.എസ്.-നെ ഇതിനോടകം നിയമിച്ചിട്ടുണ്ട്. ആർ.കെ.ഐ.-യുടെ മേൽനോട്ട സംവിധാനത്തിൽ മന്ത്രിസഭ, ഉപദേശക സമിതി, ഉന്നതാധികാര സമിതി, ആർ.കെ.ഐ. നിർവ്വഹണ സമിതി, ആർ.കെ.ഐ. സെക്രട്ടേറിയറ്റ്, വകുപ്പുതല ജില്ലാതല സമിതികൾ എന്നിവ ഉൾപ്പെടുന്നു.

പുനർനിർമ്മാണം മന്ത്രിസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാണ് നടക്കുക. ആർ.കെ.ഐ. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതും മന്ത്രിസഭയായിരിക്കും.....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....പ്ലീസ്........(ബഹളം)....

ശ്രീ. പിണറായി വിജയൻ: സർ, ഉപദേശക സമിതിയിൽ മുഖ്യമന്ത്രി, കേന്ദ്ര ടൂറിസം വകുപ്പ് സഹമന്ത്രി, റവന്യൂ, ജലസേചനം, തുറമുഖം/മ്യൂസിയം, ട്രാൻസ്പോർട്ട് തുടങ്ങിയ വകുപ്പുമന്ത്രിമാർ, പ്രതിപക്ഷ നേതാവ്, കൂടാതെ ഭരണരംഗത്ത് മികവ് തെളിയിച്ച രണ്ടുപേർ, ഒരു യുവസംരംഭകൻ, എഞ്ചിനീയറിംഗ്, പരിസ്ഥിതി, സാമൂഹ്യ സേവനം, ബിസിനസ്സ്/വ്യവസായം, സാമ്പത്തികം തുടങ്ങിയ മേഖലകളിൽ കഴിവ് തെളിയിച്ച പ്രഗത്ഭരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ആർ.കെ.ഐ.-ക്ക് ആവശ്യമായ സാങ്കേതികവും പ്രാവർത്തികവുമായ നിർദ്ദേശങ്ങൾ നൽകാനാണ് ഉപദേശക സമിതി രൂപീകരിച്ചിട്ടുള്ളത്. ആർ.കെ.ഐ. ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ ഉപദേശക സമിതിയുടെ നിർദ്ദേശങ്ങൾക്കായി സമർപ്പിക്കുന്നതാണ്. മുഖ്യമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമാണ്. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....പ്ലീസ്...സീറ്റിലേയ്ക്ക് പോകൂ.....(ബഹളം)....

ശ്രീ. പിണറായി വിജയൻ: സർ, ആർ.കെ.ഐ.യുടെ കീഴിൽ വരുന്ന പദ്ധതികളുടെ കാര്യത്തിൽ, മന്ത്രിസഭ അംഗീകരിച്ച പ്രോജക്ട് രൂപരേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകേണ്ടത് ഉന്നതാധികാര സമിതിയായിരിക്കും. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഈ സമിതിയിൽ ധനകാര്യം, ആസൂത്രണം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരും ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാരും അംഗങ്ങളാണ്. ആർ.കെ.ഐ.യുടെ സി.ഇ.ഒ. ആണ് ഈ സമിതിയുടെ മെമ്പർ സെക്രട്ടറി. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....പ്ലീസ്...(ബഹളം)....

ശ്രീ. പിണറായി വിജയൻ: സർ, പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും അവ ഉന്നതാധികാര സമിതിയുടെയും തുടർന്ന് മന്ത്രിസഭയുടെയും അംഗീകാരത്തിന് സമർപ്പിക്കേണ്ടതും ആർ.കെ.ഐ. നിർവ്വഹണ സമിതിയാണ്. ബന്ധപ്പെട്ട വകുപ്പുകളിലൂടെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ പിന്തുണാ സംവിധാനങ്ങൾ ആർ.കെ.ഐ. സെക്രട്ടേറിയേറ്റ് ലഭ്യമാക്കും. ആർ.കെ.ഐ.-യുടെ ദൈനംദിന മേൽനോട്ടം ഈ സമിതിക്കായിരിക്കും.

(സി) സംസ്ഥാന വിഹിതം, ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽ നിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവ സമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്രഗവൺമെന്റ് പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ തുടങ്ങിയവയും ഉൾപ്പെടുന്നു. കൂടാതെ, കൂടുതൽ കേന്ദ്രവിഹിതം അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതുമാണ്. ....(ബഹളം)....

മി. സ്പീക്കർ: ദയവായി അതൊന്ന് കേൾക്കൂ...(ബഹളം)....

ശ്രീ. പിണറായി വിജയൻ: സർ, (ഡി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി വേണ്ടിവരുന്ന തുക ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ വിവിധ മാർഗ്ഗങ്ങളിലൂടെയാണ് സ്വരൂപിക്കുന്നത്. ...(ബഹളം)....

മി. സ്പീക്കർ: ഇതെല്ലാം ലോകം മുഴവൻ കാണുന്നതാണ്. പ്രളയബാധിതരെ സംബന്ധിച്ചാണ് ഇവിടെ പറയുന്നത്....(ബഹളം)....

ശ്രീ. പിണറായി വിജയൻ: സർ, അന്താരാഷ്ട്ര കൺസൾട്ടിംഗ് സ്ഥാപനമായ KPMG in India പ്രളയാനന്തരം സൗജന്യമായി ലഭ്യമാക്കിയ സേവനങ്ങളിൽ ക്രൗഡ് ഫണ്ടിംഗിനായുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിച്ച് https://rebuild.kerala.gov.in എന്ന വെബ് അഡ്രസ്സിൽ ഹോസ്റ്റ് ചെയ്ത് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ....(ബഹളം)....

ധനസമാഹരണത്തിന്റെ വിവിധ മാർഗ്ഗങ്ങളിലൊന്നാണ് ക്രൗഡ് ഫണ്ടിംഗ്. ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോം നിയതമായ പദ്ധതികൾക്ക് ആവശ്യമായ ധനസമാഹരണം, ചെറിയ തുക മുതൽ വലിയ സംഭാവന വരെ സമാഹരിക്കുന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. വ്യക്തിഗത ഭവനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ എന്നിവയുടെ പുനർനിർമ്മാണത്തിനും മൃഗസംരക്ഷണ മേഖലയിലുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ പദ്ധതികളുടെ വിശദാംശങ്ങളും ഇപ്പോൾ പോർട്ടലിൽ ലഭ്യമാണ്......(ബഹളം)....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....നിങ്ങൾ ഇപ്പോൾ സീറ്റിലേയ്ക്ക് പോയാൽ അതിന്റേതായ സമയത്ത് അത് പരിഗണിക്കും. ചോദ്യം ക്ലബ്ബ് ചെയ്യാൻ എഴുതി നൽകിയിട്ട് അത് എഴുതി നൽകിയവർതന്നെ ഇവിടെ വന്ന് ബഹളം വയ്ക്കുന്നു. അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയ ആളുകൾതന്നെ ഇവിടെ വന്ന് നിൽക്കുന്നു. ഇതേ വിഷയമാണ് അടിയന്തരപ്രമേയത്തിന് നിങ്ങൾ നോട്ടീസ് നൽകിയിരിക്കുന്നത്. ദയവായി സീറ്റുകളിൽ പോയിരിക്കൂ. ആ സമയത്ത് അത് പരിഗണിക്കും.......(ബഹളം)....

ശ്രീ. പിണറായി വിജയൻ: സർ, സർക്കാർ ആശുപത്രികളുടെ പുനർനിർമ്മാണത്തിന് ആവശ്യമായ പദ്ധതികൾ ആരോഗ്യ വകുപ്പ് ഇതിനകം തയ്യാറാക്കിയതിനാൽ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ പദ്ധതി തയ്യാറാക്കുന്നത് സർക്കാർ വകുപ്പുകളും ഏജൻസികളുമാണ്. പോർട്ടലിൽ ലഭ്യമാക്കിയ പദ്ധതികളിലേയ്ക്ക് വ്യക്തികൾ, സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവയ്ക്ക് ലോകമെമ്പാടുംനിന്ന് സംഭാവനകൾ നൽകാൻ കഴിയും. ഇത്തരത്തിൽ ഏതെങ്കിലുമൊരു പ്രോജക്ടിന് പൂർണ്ണമായോ, ഭാഗികമായോ ധനസഹായം ലഭ്യമാക്കിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പദ്ധതി നടത്തിപ്പിന്റെ പുരോഗതി പോർട്ടലിൽക്കൂടി നിരീക്ഷിക്കാനും വിലയിരുത്താനും സൗകര്യമൊരുക്കിയിട്ടുണ്ട്. പോർട്ടൽ വീക്ഷിക്കുന്ന ഏതൊരാൾക്കും വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അറിയാനും അവർക്ക് താൽപ്പര്യമുള്ള മേഖലകളിൽ പുനർനിർമ്മാണം

നടത്താനുമുള്ള ജില്ല, പഞ്ചായത്ത് എന്നിവ തെരഞ്ഞെടുത്ത് അതിലൊന്നോ ഒന്നിലേറെയോ പദ്ധതികളിൽ നിക്ഷേപിക്കാനും ഏതെങ്കിലും പദ്ധതിയിൽ ഭാഗികമായി ധനസഹായം ലഭ്യമാക്കാനും അവസരമുണ്ടാകും. തികഞ്ഞ സുതാര്യതയും വിശ്വസനീയതയും ഉറപ്പാക്കി കേരളത്തിന്റെ പുനർനിർമ്മാണത്തിൽ പങ്കുവഹിക്കാൻ താൽപ്പര്യമുള്ള ഏതൊരാളെയും അണിനിരത്താനുതകുന്ന തരത്തിലാണ് ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ നൽകുന്ന സംഭാവനകൾക്ക് 80G വകുപ്പ് പ്രകാരമുള്ള ആദായനികുതി ഇളവ് ലഭിക്കുന്നതുമാണ്.

മൂന്നാമത്തെ ചോദ്യം കഴിഞ്ഞു. ഇനി നാലാമത്തെ ചോദ്യം.

മി: സ്പീക്കർ: അങ്ങ് ഉത്തരം മേശപ്പുറത്ത് വച്ചാലും മതി.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ വായിക്കാം. .....(ബഹളം)....

മി. സ്പീക്കർ: ......(ബഹളം)..... ഒന്നാം നമ്പർ ചോദ്യവുമായി നാലാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്ന് ശ്രീ. റോജി എം. ജോണാണ് എഴുതി നൽകിയത്......(ബഹളം).... ശ്രീ. റോജി എം. ജോണും ശ്രീ. അൻവർ സാദത്തും എഴുതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ചോദ്യങ്ങൾ ക്ലബ്ബ് ചെയ്തത്. പ്രളയദുരന്ത ബാധിതരുമായി ബന്ധപ്പെട്ട് നിങ്ങളാവശ്യപ്പെട്ട ചോദ്യത്തിന്റെ ഉത്തരം കേൾക്കണ്ടേ; .....(ബഹളം).... എന്തിനാണ് പ്രതിഷേധിക്കുന്നത്? .....(ബഹളം).... ശ്രീ. വി. എസ്. ശിവകുമാർ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ആ സമയത്ത് അത് പരിഗണിക്കില്ലേ? ...(ബഹളം)....... ഈ പ്രതിഷേധത്തിന്റെ കാരണമെന്താണ്; ..(ബഹളം)... നിങ്ങൾ എന്തിനാണ് പ്രതിഷേധിക്കുന്നത്?ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം പൂർത്തീകരിച്ചതിനുശേഷം അങ്ങേയ്ക്ക് അവസരം തരാം. .....(ബഹളം)....

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിനുസമീപം നിന്ന് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

3 (*4) ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഭൂമിയുടെ ലഭ്യതക്കുറവും പുനരധിവസിപ്പിക്കേണ്ടവരുടെ എണ്ണത്തിലുള്ള വർദ്ധനവും പ്രശ്നം സങ്കീർണ്ണമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ വസിച്ചിരുന്നവരെ എപ്രകാരം പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; അതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ജനവാസ കേന്ദ്രങ്ങളിൽ ബഹുനില ഭവനസമുച്ചയം നിർമ്മിക്കുന്നതിനാണോ ഉദ്ദേശിക്കുന്നത്; മുൻ സർക്കാരിന്റെ ഭരണകാലത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി പരമാവധി ഭൂമി കണ്ടെത്തിയ സാഹചര്യത്തിൽ പ്രളയബാധിതർക്ക് ഭൂമി കണ്ടെത്തുന്നത് ദുഷ്കരമായിട്ടുണ്ടോ;

(ഇ) പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ....(ബഹളം)....(എ-സി) സംസ്ഥാനം കണ്ട ഏറ്റവും വലിയ പ്രളയത്തിൽ നിരവധിയാളുകളുടെ വീടുകൾ പൂർണ്ണമായും തകർന്നുപോയിട്ടുണ്ട്. ചില കുടുംബങ്ങൾക്ക് വീടും ഭൂമിയും നഷ്ടപ്പെട്ടിട്ടുണ്ട്. പുഴ പുറമ്പോക്കിലും മറ്റും താമസിച്ചിരുന്ന ചിലർക്ക് അവിടെ വീട് പുനർനിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ബാധിക്കുമെന്ന് വ്യക്തമായ സ്ഥലങ്ങളിൽ വീടുകൾ പുനർനിർമ്മിക്കാൻ കഴിയില്ല. .....(ബഹളം)....

പുനരധിവാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി ഇത്തരം ആൾക്കാരെ കണ്ടെത്തുന്നതിനുള്ള വിശദമായ സർവ്വേ വോളണ്ടിയർമാരുടെ സഹായത്തോടെ പൂർത്തിയാക്കിയിരുന്നു. നഷ്ടം സംഭവിച്ച വീടിന്റെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരശേഖരണം നടത്തി. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് തദ്ദേശഭരണ സെക്രട്ടറിയുടെ അംഗീകാരത്തോടെ നാശനഷ്ടം തിട്ടപ്പെടുത്തി. കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ത്തിലുമധികം ഇങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ചാണ് നാശനഷ്ടം കണക്കാക്കിയത്. ഇതിൽ 75%-ത്തിലുമധികം നാശനഷ്ടം സംഭവിച്ച വീടുകളെ പൂർണ്ണമായും വീട് നഷ്ടപ്പെട്ട വിഭാഗമായാണ് പരിഗണിച്ചത്. പൂർണ്ണമായും വീട് നഷ്ടപ്പെട്ട എല്ലാ കേസ്സുകളിലും റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഒരിക്കൽക്കൂടി പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്. .......(ബഹളം)....

ഇങ്ങനെ നിർണ്ണയിച്ച നാശനഷ്ട വിവരങ്ങൾ വെബ്സൈറ്റിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇപ്പോൾ ലഭ്യമായ കണക്കുകൾ പ്രകാരം തകർന്ന വീടുകൾ പുതുക്കിപ്പണിയാനും പുതിയവ പണിയാനുമായി 1611.85 കോടി രൂപ ആവശ്യമാണ്. ഇതിൽ 1357.78 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 254.08 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. 75 ശതമാനമോ അതിലധികമോ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് കേന്ദ്രസർക്കാർ സമതലങ്ങളിൽ 95,000 രൂപയും മലമ്പ്രദേശങ്ങളിൽ 1,05,000 രൂപയുമാണ് ലഭ്യമാക്കുക. ബാക്കി ശരാശരി മൂന്നുലക്ഷം രൂപ സംസ്ഥാന സർക്കാർ ലഭ്യമാക്കി സ്വന്തമായി പുനർനിർമ്മാണം ഏറ്റെടുക്കുന്ന കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. സഹകരണ പ്രസ്ഥാനങ്ങൾ മുൻകയ്യെടുത്ത് സഹകരണ മേഖലയിൽനിന്ന് സമാഹരിച്ച പണവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായ തുകയും ഉപയോഗിച്ച് നാല് ലക്ഷം രൂപ മുതൽമുടക്കുള്ള രണ്ടായിരം വീടുകൾ കെയർ ഹോം എന്ന പദ്ധതി പ്രകാരം നിർമ്മിച്ചുനൽകാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. സ്വന്തമായി പുനർനിർമ്മാണം ഏറ്റെടുക്കാൻ കഴിവില്ലാത്ത കുടുംബങ്ങളെ ഈ പദ്ധതിപ്രകാരം സഹായിക്കാനാകും. കൂടാതെ വീടുകളുടെ പുനർനിർമ്മാണം സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ളവരുടെ സഹായവും ദുരന്ത പ്രതികരണ നിധിയും ഉപയോഗിച്ച് ഇത്തരം വിഭാഗങ്ങളുടെ വീടിന്റെ പുനർനിർമ്മാണം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 400 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന് സ്പോൺസർ-ഗുണഭോക്താവ്-ജില്ലാ കളക്ടർ എന്നിവർ ഏർപ്പെടുന്ന ഒരു ത്രികക്ഷി കരാർ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രകൃതിദുരന്തങ്ങളിൽ തകർന്ന വീടിന്റെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃത മാതൃക പിന്തുടർന്ന് വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്ക് തലത്തിൽ വിളിച്ചുചേർക്കാനും ഭവനനിർമ്മാണ സങ്കേതങ്ങൾ വിശദീകരിച്ചു നൽകാനും നടപടിയെടുത്തുവരുന്നു. ഏകദേശം 70% പേരും സ്വന്തം ഉത്തരവാദിത്വത്തിൽ നിർമ്മാണം ഏറ്റെടുക്കാനാണ് താൽപ്പര്യപ്പെട്ടു വന്നിരിക്കുന്നത്. ഇവർക്കും നിരന്തര മാർഗ്ഗനിർദ്ദേശം നൽകുന്ന രീതിയിൽ 'സുരക്ഷിതകൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്ക് തലത്തിലും നഗരസഭാതലത്തിലും ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു സാങ്കേതികസ്ഥാപനം (എഞ്ചിനീയറിംഗ് കോളേജ്/പോളിടെക്നിക്) ഈ ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾക്ക് പിന്തുണാസംവിധാനമൊരുക്കുന്നതിനായി കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഭാവിയിൽ ദുരന്തങ്ങളുണ്ടായേയ്ക്കാൻ സാദ്ധ്യതയുള്ളതെന്ന് ശാസ്ത്രീയമായി കണ്ടെത്തപ്പെടുന്ന ഭൂമിയിൽ താമസിക്കുന്നവർക്ക് വാസയോഗ്യമായ ഭൂമി കണ്ടെത്തി അതിൽ വീടോ ഫ്ലാറ്റോ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്ന പ്രവർത്തനത്തിന്റെ മേൽനോട്ടത്തിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. .....(ബഹളം)....

നേരത്തെയുണ്ടായിരുന്ന താമസസ്ഥലത്തിന്റെ അടുത്തുതന്നെ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ലഭ്യമാണെങ്കിൽ അവിടെയാണ് പുനരധിവാസം നടത്തേണ്ടത്. ഇത്തരത്തിൽ ഭൂമി ലഭ്യമല്ലെങ്കിൽ പ്രാദേശികമായി ഭൂമി നൽകാൻ തയ്യാറുള്ളവരുമായി ബന്ധപ്പെട്ട് അതിനുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കാനും കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ഭൂമി ദാനം ചെയ്യുമ്പോൾ സർക്കാരിലേയ്ക്ക് വിട്ടുകൊടുക്കുന്നതോടൊപ്പം ദുരന്തബാധിതർക്ക് ഭൂമി ദാനം ചെയ്യാനും കഴിയുന്നതാണ്. ഇത്തരം കേസ്സുകളിൽ ജില്ലാ കളക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഡ്യൂട്ടി എന്നിവ ഒഴിവാക്കാൻ മന്ത്രിസഭ തീരുമാനമെടുക്കുകയും സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി ഭൂമി ഉണ്ടായിരുന്നവർക്ക് അവിടെത്തന്നെ പുനർനിർമ്മാണം നടത്താനാവാത്ത സാഹചര്യമുണ്ടെങ്കിൽ ആധാരത്തിലുള്ള വിലയ്ക്ക് 3 മുതൽ 5 സെന്റ് വരെ ഭൂമി പരമാവധി ആറ് ലക്ഷം രൂപയ്ക്കുവരെ വാങ്ങാനും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവർക്ക് വീട് നിർമ്മാണത്തിന് നാല് ലക്ഷം രൂപ അധികമായി നൽകുന്നതാണ്. .....(ബഹളം)....

സർക്കാർ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന വീടുകളെല്ലാം ദുരന്ത പ്രതിരോധശേഷിയുള്ളവയാണെന്ന് ഉറപ്പാക്കുന്നതാണ്. ഇതിനായുള്ള രൂപകൽപ്പന തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സ്ട്രക്ച്ചറൽ എഞ്ചിനീയർമാർ ഉൾപ്പെടുന്ന സാങ്കേതിക സമിതി അംഗീകരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയ 13 മാതൃകാ പ്ലാനുകളിൽ ഏതെങ്കിലുമൊന്ന് ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സർക്കാർ അംഗീകാരം നേടിയ എംപാനൽ ഏജൻസികൾ വഴിയാകും സർക്കാർ വഴിയുള്ള നിർമ്മാണങ്ങൾ ഏറ്റെടുക്കുക. ഇതോടൊപ്പം കേന്ദ്ര സർക്കാരിന്റെ നഗരകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ബിൽഡിംഗ് മെറ്റീരിയൽസ് ടെക്നോളജി പ്രൊമോഷൻ സെന്റർ പ്രീ-ഫാബ്രിക്കേറ്റഡ് വീടുകളും അംഗീകൃത സ്ഥാപനങ്ങൾ വഴി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും പ്രീ-ഫാബ്രിക്കേറ്റഡ് സാമഗ്രികൾ നിർമ്മാണ സ്ഥലത്തേയ്ക്ക് എത്തിക്കേണ്ട സാഹചര്യവും വിലയിരുത്തി ഗുണഭോക്താവിന്റെ താൽപ്പര്യപ്രകാരം യുക്തമായ സാങ്കേതികവിദ്യ തെരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശം ഭവനനിർമ്മാണ

സഹായകേന്ദ്രങ്ങൾ നൽകുന്നതാണ്. സ്വന്തമായി ഭൂമിയില്ലാതെ പുറമ്പോക്കിൽ താമസിച്ചിരുന്ന വീട് നഷ്ടപ്പെട്ടവർക്കും സർക്കാർ കണ്ടെത്തുന്ന ഭൂമിയിൽ വീടോ ഫ്ലാറ്റോ നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്.

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫ്ലഡ് പ്ലെയിൻ മാപ്പിംഗ് നടത്താൻ CWRDM, KFRI, M.G. University, KSRSEC എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വീട് നഷ്ടപ്പെട്ടവരെയും പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ താമസിച്ചിരുന്നവരെയും പുനരധിവസിപ്പിക്കാൻ സമഗ്രവും ശാസ്ത്രീയവും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള സമീപനം സർക്കാർ സ്വീകരിച്ചിട്ടുള്ളതിനാൽ ഭൂമിയുടെ ലഭ്യതക്കുറവും പുനരധിവസിപ്പിക്കേണ്ടവരുടെ എണ്ണവുംകൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്.

(ഡി) ബഹുനില ഭവന സമുച്ചയം വേണോ വേണ്ടയോ എന്നത് പ്രാദേശികവും ഭൂമിശാസ്ത്രപരവുമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് തീരുമാനിക്കേണ്ട വിഷയമാണ്. നിലവിൽ ഭൂമിയുടെ ലഭ്യതക്കുറവ് ഒരു ജില്ലയിലുമില്ല.

(ഇ) വീട് പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ സമ്മതപത്രം നൽകിയ സ്വന്തമായി ഭൂമിയുള്ളവർക്ക് ആദ്യഗഡു തുക നൽകുന്ന പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ പുരോഗമിച്ചുവരുന്നു. ഭാഗികമായി നാശനഷ്ടം നേരിട്ട വീടുകളിൽ 30-59%, 60-74% എന്നീ തോതിലുള്ള കേടുപാടുകളുണ്ടായവയ്ക്ക് അനുവദനീയമായ ധനസഹായം രണ്ട് ഗഡുക്കളായി വിതരണം ചെയ്യാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുനരധിവാസത്തിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് സത്വര നടപടികൾ കൈക്കൊള്ളണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയോ ഉപയോഗിക്കുന്നതിനും സന്നദ്ധ സംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന, ഭൂമി നൽകുവാൻ തയ്യാറായി വരുന്നവരിൽനിന്നും നടപടിക്രമം പാലിച്ചുകൊണ്ട് ഭൂമി സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ കണ്ടെത്തുന്ന ഭൂമിയിൽ വീടുകൾ/ഫ്ലാറ്റുകൾ നിർമ്മിച്ചുകൊണ്ട് പുനരധിവാസത്തിന് ഊന്നൽ നൽകുന്നതാണ്. ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രവർത്തന പുരോഗതി യഥാസമയം സർക്കാരിനെ അറിയിക്കുന്നതിലേയ്ക്കുമായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ...(ബഹളം).....

ഇനി അങ്ങ് ക്ലബ്ബ് ചെയ്ത 26-ാമത്തെ ചോദ്യം ബാക്കിയുണ്ട്. അതിന്റെ ഉത്തരം കൂടി വായിക്കാം......(ബഹളം)......

മി. സ്പീക്കർ: വായിക്കണമെങ്കിൽ വായിക്കാം, ഇല്ലെങ്കിൽ മേശപ്പുറത്ത് വയ്ക്കാം.

ശ്രീ. പിണറായി വിജയൻ: സർ, വായിക്കാം.

മി. സ്പീക്കർ: അങ്ങേയ്ക്ക് വായിക്കാം ....(ബഹളം).... പ്രളയ ബാധിതവുമായി ബന്ധപ്പെട്ട നാല് ചോദ്യങ്ങളാണ് ക്ലബ്ബ് ചെയ്തത്. അക്കൂട്ടത്തിൽ നിങ്ങളുടെ ചോദ്യങ്ങളുമുണ്ട്. നിങ്ങളും ക്ലബ്ബ് ചെയ്യാൻ ആവശ്യപ്പെട്ടു.

4 (* 26) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പുനർനിർമ്മാണം ആവശ്യമായി വരുന്ന മേഖലകളിൽ മുൻഗണനാക്രമത്തിൽ പദ്ധതികൾ ആവിഷ്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) അതിബൃഹത്തായ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം വിധത്തിലുള്ള വിഭവ സമാഹരണമാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പുനരുദ്ധാരണ-പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം മേൽനോട്ട സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ&ബി) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative– RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ G.O.(P) No. 16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റ് പൊതുകെട്ടിടങ്ങൾ, ജലവിതരണം,

മലയോര വികസനം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയും കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽത്തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളെ മാറ്റിപ്പാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യകേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു.

(സി) സംസ്ഥാന വിഹിതം, ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽ നിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവ സമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്ര ഗവൺമെന്റ് പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ, സ്പെഷ്യൽ ലോട്ടറി, എക്സൈസ് ഡ്യൂട്ടി വർദ്ധനവ് വരുത്തൽ തുടങ്ങിയവയും ഉൾപ്പെടുന്നു.

(ഡി) പുനരുദ്ധാരണ/പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക ആർ.കെ.ഐ. സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ. വി. വേണു ഐ.എ.എസ്.-നെ ഇതിനോടകം നിയമിച്ചിട്ടുണ്ട്. ആർ.കെ.ഐ.യുടെ മേൽനോട്ട സംവിധാനത്തിൽ മന്ത്രിസഭ, ഉപദേശക സമിതി, ഉന്നതാധികാര സമിതി, ആർ.കെ.ഐ. നിർവ്വഹണ സമിതി, ആർ.കെ.ഐ. സെക്രട്ടേറിയറ്റ്, വകുപ്പുതല ജില്ലാതല സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഉപദേശക സമിതിയിൽ ബഹു. മുഖ്യമന്ത്രി, കേന്ദ്ര ടൂറിസം വകുപ്പ് സഹമന്ത്രി, റവന്യൂ, ജലസേചനം, തുറമുഖം/ മ്യൂസിയം, ട്രാൻസ്പോർട്ട് തുടങ്ങിയ വകുപ്പുമന്ത്രിമാർ, പ്രതിപക്ഷനേതാവ് കൂടാതെ ഭരണരംഗത്ത് മികവ് തെളിയിച്ച രണ്ടുപേർ, ഒരു യുവസംരംഭകൻ, എഞ്ചിനീയറിംഗ്, പരിസ്ഥിതി, സാമൂഹ്യസേവനം, ബിസിനസ്സ്/വ്യവസായം, സാമ്പത്തികം തുടങ്ങിയ മേഖലകളിൽ കഴിവ് തെളിയിച്ച പ്രഗത്ഭരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ...(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുന്നേറ്റ് നിൽക്കുകയാണ്. നിങ്ങൾ സീറ്റുകളിലേയ്ക്ക് പോയാൽ പ്രതിപക്ഷനേതാവിന് സംസാരിക്കാം. ......(ബഹളം)...... പ്ലീസ്, പ്ലീസ്... നിങ്ങൾ ദയവായി സീറ്റുകളിലേയ്ക്ക് പോകു. അങ്ങേയ്ക്ക് മൈക്ക് തരാം. ......(ബഹളം)...... ഒരു കാര്യം പറയാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): Sir, Is this the way to conduct the House? The Chief Minister has taken more than 45 minutes to answer a question. ഈ നടപടി ശരിയാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം

പറയാൻ 45 മിനിട്ട് സമയെമെടുത്തു. ചോദ്യോത്തര സമയം സസ്പെൻഡ് ചെയ്തുകൊണ്ട് അടിയന്തരപ്രമേയം അവതരിപ്പിക്കണമെന്ന് പറയാൻ ഞാൻ എഴുന്നേറ്റെങ്കിലും അതിന് അങ്ങ് അനുവദിച്ചില്ല. 45 മിനിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്.....(ബഹളം)......

മി. സ്പീക്കർ: അങ്ങ് ഡിമാൻഡ് ചെയ്തില്ല. പ്ലീസ്.... നിങ്ങൾ ഇരിക്കൂ. ....(ബഹളം)...... നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്? അദ്ദേഹം സംസാരിക്കട്ടെ. ....(ബഹളം)......

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. ....(ബഹളം)......

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് പറയാനുള്ളത് പറയട്ടെ. നിങ്ങൾ ഇരിക്കൂ. അദ്ദേഹത്തിന് പറയാൻ അവകാശമുണ്ട്. ....(ബഹളം)...... അദ്ദേഹം സംസാരിക്കട്ടെ. നിങ്ങൾ ദയവായി ഇരുന്നാലും. ....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, സാധാരണഗതിയിൽ ചോദ്യങ്ങൾക്ക് മന്ത്രി ഉത്തരം പറയുമ്പോൾ അത് നീണ്ടുപോകുകയാണെങ്കിൽ സഭയുടെ അദ്ധ്യക്ഷനായ മി. സ്പീക്കർ ആ ഉത്തരം മേശപ്പുറത്ത് വയ്ക്കാൻ പറയുകയാണ് ചെയ്യുന്നത്. എന്നാൽ അത് പറഞ്ഞില്ല. ചോദ്യം ചോദിക്കുകയെന്നുള്ളത് അംഗങ്ങളുടെ അവകാശമാണ്. ആ അവകാശത്തെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലംഘിച്ചിരിക്കുന്നത്. 45 മിനിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം പറഞ്ഞു. ശ്രീ. സജി ചെറിയാനെ ചോദ്യം ചോദിക്കാൻ അനുവദിക്കില്ലെന്നാണ് മുഖ്യമന്ത്രിയുടെ നിലപാടെങ്കിൽ അതുപറഞ്ഞാൽ മതി. സഭയുടെ ചരിത്രത്തിൽ ആരെങ്കിലും 45 മിനിട്ടോളം ഉത്തരം പറഞ്ഞിട്ടുണ്ടോ? നാല് ചോദ്യങ്ങൾ ക്ലബ്ബ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരം ബഹു. മുഖ്യമന്ത്രി മേശപ്പുറത്ത് വയ്ക്കേണ്ടതല്ലേ? പ്രതിപക്ഷത്തിന് ചോദ്യങ്ങൾ ചോദിക്കാൻ അവസരംപോലും തരുന്നില്ല. ഇതെന്ത് മര്യാദയാണ് ....(ബഹളം)....

മി. സ്പീക്കർ: കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയൊരു മഹാദുരന്തമായിരുന്നു ഇക്കഴിഞ്ഞ പ്രളയം. പ്രളയവുമായി ബന്ധപ്പെട്ട് ഒരു ദിവസം സഭാസമ്മേളനം ചേർന്നിരുന്നു. ആ സമ്മേളനത്തിലും ചോദ്യങ്ങൾ ചോദിക്കാൻ അവസരങ്ങളുണ്ടായിരുന്നില്ല. ഇന്ന് എടുത്ത നാല് ചോദ്യങ്ങളും പ്രളയവുമായി ബന്ധപ്പെട്ടതാണ്. പ്രതിപക്ഷാംഗമായ ശ്രീ. റോജി എം. ജോൺ ടി ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യണമെന്ന് എഴുതി നൽകിയതുപ്രകാരം പ്രളയവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങളും ദൂരീകരിക്കാനായി ടി നാല് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നിച്ച് ഉത്തരം നൽകാൻ തയ്യാറായി. പ്രളയത്തിൽ 19,000 ആളുകൾക്ക് വീടുകൾ നഷ്ടമായി. 46,000 കോടി രൂപയുടെ നഷ്ടം സംഭവിച്ച പ്രസ്തുത വിഷയത്തിൽ 4 ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യണമെന്നുള്ള ബഹുമാനപ്പെട്ട

അംഗത്തിന്റെ അപേക്ഷയാണ് ഇവിടെ പരിഗണിച്ചത്. ചോദ്യോത്തരവേള തുടങ്ങിയതു മുതൽ ഉത്തരം കേൾക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യണമെന്ന് എഴുതി നൽകിയ ശ്രീ. റോജി എം. ജോൺ ഉൾപ്പെടെയുള്ളവർ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ട് ഡയസ്സിനുമുന്നിൽ വന്ന് ബഹളം വച്ചുകൊണ്ടിരിക്കുന്നത് ശരിയായ നടപടിയല്ല.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനെക്കുറിച്ച് ഒരുവാക്ക് പറയാനുണ്ട്. ചോദ്യോത്തരവേള സസ്പെൻഡ് ചെയ്ത് അടിയന്തരപ്രമേയമെടുക്കണമെന്ന് പറയാൻ ഉദ്ദേശിച്ചിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ മറുപടി പറയാൻ തുടങ്ങിയപ്പോൾത്തന്നെ പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനു മുന്നിൽവന്ന് ബഹളം വച്ചുകൊണ്ടിരിക്കുന്നത് എല്ലാവരും കണ്ടതാണ്. അദ്ദേഹത്തിന് അത് പറയാൻ ഉദ്ദേശ്യമുണ്ടായിരുന്നെങ്കിൽ ആ ഘട്ടത്തിൽ എഴുന്നേറ്റുനിന്ന് പറയാമായിരുന്നു. അതിന് സാധാരണ ആരും വിലക്കേർപ്പെടുത്താറില്ല. ബഹുമാനപ്പെട്ട സ്പീക്കർ കൂടുതൽ സൗമനസ്യമായി അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കാറുമുണ്ട്. അപ്പോൾ അദ്ദേഹത്തിന് സംസാരിക്കാൻ ഒരു തടസ്സവും ഉണ്ടാകുമായിരുന്നില്ല. ക്ലബ്ബ് ചെയ്ത ചോദ്യങ്ങൾക്കെല്ലാം മറുപടി പറയേണ്ടതാണ്. മറുപടി പറയാൻ ആരോഗ്യകരമായ എന്തെങ്കിലും പ്രശ്നങ്ങളുള്ളപ്പോഴാണ് ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നത്. തൽക്കാലം ആരോഗ്യകരമായ പ്രശ്നങ്ങളൊന്നുമില്ലാത്തതുകൊണ്ടാണ് ഞാൻ മറുപടി പറഞ്ഞത്.

മി. സ്പീക്കർ: നാല് ചോദ്യങ്ങളും ക്ലബ്ബ് ചെയ്യാൻ അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും അത് അംഗീകരിക്കുകയാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നിച്ച് മറുപടി പറയണമെന്നും ഞാൻ പറഞ്ഞപ്പോൾ ആരും പ്രതിഷേധം പ്രകടിപ്പിച്ചില്ല. ക്ലബ്ബ് ചെയ്യേണ്ടെന്ന് ശ്രീ. റോജി എം. ജോൺ എഴുന്നേറ്റുനിന്ന് പറഞ്ഞോ; ആവശ്യം പിൻവലിച്ചുവെന്ന് പറഞ്ഞോ? ....(ബഹളം).... ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യാൻ അനുവദിച്ചിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിക്കുന്നതുവരെ ആരും പ്രതികരിച്ചില്ല. പ്രതിപക്ഷംഗങ്ങളുടെ മനസ്സിലിരിപ്പ് എങ്ങനെയാണ് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ചോദ്യോത്തരവേള സസ്പെൻഡ് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അത് പറയുന്നതിനായി ഞാൻ രണ്ടുതവണ എഴുന്നേറ്റുനിന്നു. അപ്പോഴെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുകയാണെന്ന് പറഞ്ഞ് അങ്ങ് എനിക്ക് സമയം തന്നില്ല. പിന്നെ മുഖ്യമന്ത്രിയുടെ ആരോഗ്യം പ്രകടിപ്പിക്കേണ്ട സ്ഥലം നിയമസഭ അല്ലെന്നാണ് എനിക്ക് പറയാനുള്ളത്. ചോദ്യോത്തരവേള 9 മണി മുതൽ 10 മണി വരെയാണ്. ചോദ്യം ചോദിക്കുകയെന്നുള്ളത് അംഗങ്ങളുടെ അവകാശമാണ്. ആ അവകാശത്തെ

കവർന്നെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 45 മിനിട്ട് സംസാരിച്ചു. ഒരു ചോദ്യമെങ്കിലും ചോദിക്കാനുള്ള അവസരമാണ് ഇല്ലാതാക്കിയത്. ഉത്തരം നീണ്ടുപോകുകയാണെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കാൻ അങ്ങ് പറയണമായിരുന്നു. അങ്ങ് അത് എന്തുകൊണ്ടാണ് പറയാതിരുന്നത്?

മി. സ്പീക്കർ: ബഹു. പ്രതിപക്ഷനേതാവിന്റെ അഭിപ്രായം സഭയിൽ വരുന്നതിനുമുമ്പുതന്നെ പ്രതിപക്ഷാംഗങ്ങളെല്ലാം നടുത്തളത്തിലേയ്ക്ക് ഇറങ്ങി വന്നിരുന്നു. അങ്ങയെ സംസാരിക്കാൻ അനുവദിക്കാതിരുന്നത് ഞാനായിരുന്നില്ല; അങ്ങയുടെ അനുയായികളായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ എഴുന്നേറ്റ് നിന്നപ്പോൾ അങ്ങ് പറഞ്ഞു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുകയാണെന്ന്. പിന്നെ ഞാൻ എങ്ങനെയാണ് ചോദിക്കുന്നത്; Is this the way to conduct the House?

ശ്രീ. പിണറായി വിജയൻ: സർ, ഈ ചോദ്യത്തിന്റെ ഉപചോദ്യങ്ങൾ തടസ്സപ്പെടുത്തുകയെന്നതാണ് ബഹു. പ്രതിപക്ഷനേതാവിന്റെ ഉദ്ദേശ്യം. ഉപചോദ്യങ്ങൾ ചോദിക്കുന്നതിലൂടെ കൂടുതൽ വിവരങ്ങൾ അറിയുവാനുള്ള അംഗങ്ങളുടെ അവകാശത്തെ തടസ്സപ്പെടുത്താനാണ് അദ്ദേഹം താൽപ്പര്യപ്പെടുന്നത്. അങ്ങ് അത് മനസ്സിലാക്കണം.

മി. സ്പീക്കർ: ഇനി ഡിബേറ്റിലേയ്ക്ക് പോകണ്ട. ദയവായി എല്ലാവരും സീറ്റിലിരിക്കൂ... പ്ലീസ്....പ്ലീസ്....

ശ്രീ. സജി ചെറിയാൻ: സർ, ഇന്ത്യൻ ഭരണഘടനയെയും നിയമസഭയുടെ ചട്ടങ്ങളെയും അംഗീകരിക്കാത്ത ബഹു. പ്രതിപക്ഷത്തിന്റെ പ്രകോപനപരമായ സമീപനം വളരെയേറെ ഖേദകരമാണ്. കേന്ദ്രത്തിന്റെ അവഗണനയെയും യു.ഡി.എഫ്.-ന്റെ തടസ്സത്തെയും അതിജീവിച്ച് കേരള ചരിത്രത്തിലെ സമാനതകളില്ലാത്ത പ്രവർത്തനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് പ്രളയദുരന്തഘട്ടത്തിൽ ഇതുവരെ നടത്തിയിട്ടുള്ളത്. എല്ലാ ദുരന്ത അതിജീവന പ്രവർത്തനങ്ങൾക്കും ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം തടസ്സം നിന്നിട്ടും അതിനെയെല്ലാം അതിജീവിച്ച് ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനം ലോകത്തിനാകെ മാതൃകയാണ്. അതിനാൽ ഈ ഗവൺമെന്റിനെ അങ്ങേയറ്റം അഭിമാനത്തോടെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ പ്രളയദുരന്ത അതിജീവനത്തിനായി കേന്ദ്ര സർക്കാർ ഈ സാമ്പത്തിക വർഷം 100 ദിനങ്ങൾ തൊഴിലുറപ്പ് മേഖലയിൽ അനുവദിക്കുന്നതുകൂടാതെ 50 തൊഴിൽ ദിനങ്ങൾകൂടി വാഗ്ദാനം ചെയ്തിരുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും തുടർ നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് ഡയസ്സിന് സമീപം വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കേരളത്തിന് നേരിടേണ്ടി വന്ന മഹാദുരന്തത്തെ കേരളം ഒറ്റക്കെട്ടായാണ് നേരിട്ടത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. നമ്മുടെ നാടിന്റെ മതനിരപേക്ഷതയുടെ കരുത്താണ് അവിടെ പ്രകടമായത്. പക്ഷേ, അതിനുശേഷം കഴിയാവുന്നത്ര ഭിന്നത എങ്ങനെയെല്ലാം ഉയർത്തിക്കൊണ്ടുവരാൻ കഴിയുമെന്നുള്ളതിന് ചില പരിശ്രമങ്ങൾ ഇവിടെ നടക്കുന്നുണ്ട്. എന്നാൽ അതൊന്നും കേരളീയ സമൂഹം സ്വീകരിക്കുന്നതല്ലെന്ന് ഇതിനകംതന്നെ വ്യക്തമായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ സഹായം ചോദിച്ചിട്ടുണ്ട്. പക്ഷേ, ഇതുവരെ 600 കോടി രൂപയുടെ സഹായം മാത്രമാണ് നൽകിയിട്ടുള്ളത്. അതിനപ്പുറമുള്ള സഹായമൊന്നും ലഭിച്ചിട്ടില്ല. സഹായം നൽകുമോയെന്നത് ഇപ്പോൾ പറയാൻ കഴിയുന്ന കാര്യമല്ല. നമ്മൾ സഹായം പ്രതീക്ഷിച്ച് നിൽക്കുകയാണ്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹു. മന്ത്രിമാർ ജില്ലകളിൽ നടത്തിയ ജനകീയ ഫണ്ട് ശേഖരണത്തിൽ സഹകരിക്കാതെ പണം നൽകരുതെന്ന് പരസ്യമായി നിലപാടെടുക്കുകയും ഉദ്യോഗസ്ഥരുടെ സാമ്പത്തിക സഹായം ലഭിക്കാതിരിക്കാൻ പരസ്യമായ നിലപാട് സ്വീകരിക്കുകയും വിദേശ മലയാളികളുടെ സഹായത്തെ എതിർത്ത കേന്ദ്ര നയത്തോടൊപ്പം ഇവിടെ നിലപാട് സ്വീകരിക്കുകയും പ്രളയനാളുകളിൽ കണ്ട ഒരുമയെ തകർത്ത് നവകേരള സൃഷ്ടിയിലൂടെ കരുത്താർജ്ജിക്കുന്ന കേരളത്തിന്റെ മുന്നേറ്റത്തെ ഇകഴ്ത്തുന്നതിന് വർഗ്ഗീയ ശക്തികളുമായി യോജിച്ച് മുന്നോട്ടുപോകുന്ന ഈ നീക്കത്തെ അതിജീവിക്കാൻ കഴിയണം. കുത്തൊഴുക്കിൽ പമ്പ, അച്ചൻകോവിലാറുകളുടെ ഇരുകരകൾക്കും വലിയ തകർച്ചയുണ്ടായിട്ടുണ്ട്. മണ്ണും മണലും വന്നടിഞ്ഞത് ആറിന്റെ സുഗമമായ ഒഴുക്കിന് തടസ്സമായിട്ടുണ്ട്. തകർന്ന ഇരുവശങ്ങളും പൂർവ്വസ്ഥിതിയിലാക്കുന്നതിനും വന്നടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിനും ഈ സാഹചര്യത്തെ അതിജീവിച്ചുകൊണ്ട് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ആദ്യഭാഗം ശരിയാണ്. നമ്മുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നാടിന്റെയാകെ സഹായം ഒഴുകിവരികയും നിർഭാഗ്യവശാൽ ആ ഘട്ടത്തിൽ അത്തരം സഹായങ്ങളെ തടസ്സപ്പെടുത്തുന്ന വിധത്തിലുള്ള ചില പ്രചരണങ്ങളും ആഹ്വാനങ്ങളും ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽനിന്നും ഉണ്ടായിയെന്നുമുള്ളത് വസ്തുതയാണ്. സാലറി ചലഞ്ചിന്റെ കാര്യത്തിലടക്കം ഇത്തരത്തിലുള്ള

നിലപാടുകളുണ്ടായിട്ടുണ്ട്. ഇത് സംഭവിക്കാൻ പാടില്ലാത്ത കാര്യമായിരുന്നു. നമ്മുടെ നാട്ടിലുള്ളവരും നാടിന് പുറത്തുള്ളവരും കേരളത്തിന്റെ ദുരന്തം കണ്ടറിഞ്ഞ് ആവശ്യമായ സഹായങ്ങൾ ചെയ്യുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇപ്പോഴും സഹായം പ്രവഹിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയുണ്ട്. അതിനാണ് ക്രൗഡ് ഫണ്ടിംഗും മറ്റും ഏർപ്പെടുത്തിയിട്ടുള്ളത്. നല്ല രീതിയിലുള്ള പ്രതികരണം അതിന് വരുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ജോർജ് എം. തോമസ്: സർ, മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടാണ് ഈ പ്രളയകാലത്തെ നാം അതിജീവിച്ചിട്ടുള്ളത്. അതിന് ധീരമായി നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മന്ത്രിസഭയെയും ഈ നാടാകെ അഭിനന്ദിച്ചുകൊണ്ടിരിക്കുകയാണ്. 'നസറേത്തിൽ നിന്ന് നന്മ പ്രതീക്ഷിച്ചിട്ട് കാര്യമില്ല' എന്ന് പറയുന്നതുപോലെ കേന്ദ്ര ഗവൺമെന്റിൽ നിന്ന് പണം കിട്ടുമെന്ന് പ്രതീക്ഷിച്ച് ഇനിയും കാത്തിരിക്കേണ്ട ആവശ്യമുണ്ടോയെന്ന കാര്യത്തിൽ സംശയമാണ്. അതിന് ബദലായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പ്രധാനപ്പെട്ട നഗരങ്ങളിലും മലയാളികളുണ്ട്. വിദേശത്ത് പോകാൻ മാത്രമാണ് അനുമതി ആവശ്യമുള്ളത്. നമ്മുടെ രാജ്യത്ത് താമസിക്കുന്ന മലയാളികളെ കാണുന്നതിന് തടസ്സമില്ല. അത്തരം കേന്ദ്രങ്ങളിൽ മലയാളികളെ കാണാൻ ബഹു. മന്ത്രിമാർ മുൻകയ്യെടുക്കുകയും എല്ലാ വീടുകളിലും ഹുണ്ടിക ബോക്സുകൾ സ്ഥാപിച്ചുകൊണ്ട് കേരളത്തിന്റെ പുനരധിവാസത്തിനാവശ്യമായ പണം കണ്ടെത്താനും അതേസമയം പാർലമെന്റിന് മുന്നിൽ ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും എം.എൽ.എ.മാരുടെയും നേതൃത്വത്തിൽ കേന്ദ്രത്തിന്റെ തെറ്റായ നയത്തിനെതിരായ സമരത്തിന് മുൻകയ്യെടുക്കുകയും ചെയ്യുമോയെന്നാണ് എനിക്ക് അറിയാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ചെറിയ കുട്ടികൾതന്നെ ഹുണ്ടിക കൊണ്ടുവന്ന് തരുന്ന നിലയാണുണ്ടായിട്ടുള്ളത്. ആളുകൾ കഴിയാവുന്നത്ര സഹായിക്കുന്ന സാഹചര്യം വന്നുകൊണ്ടിരിക്കുന്നുണ്ട്. അക്കാര്യത്തിൽ നല്ല സഹകരണം തന്നെയാണ് നാട്ടിൽ നിലനിൽക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിൽ എന്ത് ചെയ്യണമെന്ന കാര്യത്തെ സംബന്ധിച്ച് പൊതുവിൽ ആലോചിക്കാം.

ശ്രീ. വി. ജോയി: സർ, ലോകത്തിനുതന്നെ മാതൃകയായ പ്രവർത്തനമാണ് അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതെന്ന് എല്ലാവർക്കുമറിയാം. ഐക്യരാഷ്ട്രസഭയുടെ ഏജൻസികളുടെ റിപ്പോർട്ട് പ്രകാരം 26,000-ലധികം കോടി രൂപയുടെ നാശം സംഭവിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് 600 കോടി രൂപ ലഭിച്ചത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിലുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിലേതെങ്കിലും സംസ്ഥാനത്തിന് കൂടുതലായി അനുവദിച്ചിട്ടുണ്ടോ; അരിയുടെ കൂടുതൽ വിഹിതം കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പിണറായി വിജയൻ: സർ, കേന്ദ്ര ഗവൺമെന്റ് നൽകിയ അരിവിഹിതം സൗജന്യമായി നൽകുന്നവെന്നാണ് നമ്മളെല്ലാം പ്രതീക്ഷിച്ചിരുന്നത്. ഇപ്പോൾ അതിന് തുക ചോദിച്ചിരിക്കുകയാണ്. ആ തുക നമ്മൾ കൊടുക്കേണ്ടി വരുമ്പോൾ, കേന്ദ്രം 600 കോടി രൂപ നൽകിയെന്ന് പറയുന്നതിൽ ആ തുക കുറവ് ചെയ്തുള്ള സംഖ്യ മാത്രമേ യഥാർത്ഥത്തിൽ സംസ്ഥാനത്തിന് ലഭിക്കുന്ന അവസ്ഥയുണ്ടാവുകയുള്ളൂ. ആ ഒരു സാഹചര്യം ഇപ്പോൾ വന്നുകഴിഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: കാര്യങ്ങളെല്ലാം വിശദീകരിച്ചുകഴിഞ്ഞു. എന്താണിത്? ഈ നിലയിൽ സഭ നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. സഭാനടപടികൾ നിർത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബഹളംവച്ചുകൊണ്ട് ഡയസ്സിന് സമീപം വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 09.57-ന് സഭ താൽക്കാലികമായി നിർത്തിവച്ചു.)

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ശബരിമലയിലെ നിരോധനാജ്ഞ

5(*2) ശ്രീ. അനിൽ അക്കര :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി.സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്തിരയാട്ട തിരുനാളിന് ശബരിമല ക്ഷേത്രനട തുറന്ന വേളയിൽ ഇതോടനുബന്ധിച്ചുള്ള ഏതെങ്കിലും സ്ഥലത്ത് നിരോധനാജ്ഞ ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ എത്ര ദിവസത്തെ നിരോധനാജ്ഞയാണ് ഏർപ്പെടുത്തിയത്;

(ബി) ഈ കാലയളവിൽ എത്ര പോലീസുദ്യോഗസ്ഥരുടെ സേവനമാണ് ശബരിമലയിലും പരിസരപ്രദേശങ്ങളിലും ഏർപ്പെടുത്തിയിരുന്നത്;

(സി) നിരോധനാജ്ഞ പ്രഖ്യാപിച്ചിരുന്ന ശബരിമലയിൽ ബി.ജെ.പി., ആർ.എസ്.എസ്. നേതാക്കൾക്ക് പ്രത്യേക പരിഗണന ലഭിച്ചുയെന്നും ശബരിമലയിൽ അവരുടെ ആധിപത്യം സ്ഥാപിക്കുന്നതിന് ഇടയാക്കിയെന്നുമുള്ള ആക്ഷേപം ഉണ്ടാകാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ശബരിമലയിൽ ക്രമസമാധാന നിയന്ത്രണ ചുമതല ആർ. എസ്. എസ്. നേതാവ് ഏറ്റെടുക്കുകയും പോലീസ് മെഗാഫോൺ ഉപയോഗിച്ച് പ്രസംഗം നടത്തുകയും ചെയ്തത് പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയല്ലേ എന്ന് വ്യക്തമാക്കുമോ;

(ഇ) പോലീസ് സംവിധാനം ഉപയോഗിക്കുന്നതിന് അനുമതി നൽകിയ ഉദ്യോഗസ്ഥരുടെ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അവർ നൽകിയ വിശദീകരണം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശബരിമലയിൽ ചിത്തിരയാട്ട വിശേഷത്തോടനുബന്ധിച്ച് നിലയ്ക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട നിലയ്ക്കൽ, ഇലവുങ്കൽ, അട്ടത്തോട് എന്നീ സ്ഥലങ്ങളിലും പമ്പ പോലിസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ചാലക്കയം, പമ്പ എന്നിവിടങ്ങളിലും സന്നിധാനം പോലിസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ശബരിമലയിലും പരിസര പ്രദേശങ്ങളിലും 3-11-2018 അർദ്ധരാത്രി മുതൽ 6-11-2018 അർദ്ധരാത്രി വരെ ക്രിമിനൽ നടപടിക്രമം 144-ാം വകുപ്പ് പ്രകാരം പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റ് (ജില്ലാ കളക്ടർ) നിരോധനാജ്ഞ പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) ഈ കാലയളവിൽ ശബരിമലയേയും പരിസരപ്രദേശങ്ങളേയും നാല് സെക്ടറുകളിലായി തിരിച്ച് 2 ഐ.ജി.-മാർ, 8 എസ്.പി. മാർ എന്നിവരുടെ മേൽനോട്ടത്തിൽ ആകെ 1936 പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിച്ചിരുന്നു.

(സി) ശബരിമലയിൽ ക്രമസമാധാന ചുമതലപ്പെട്ടവരൊഴികെ മറ്റാരെങ്കിലും ആധിപത്യം സ്ഥാപിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ശബരിമലയിൽ ക്രമസമാധാന ചുമതല എല്ലാ ഘട്ടത്തിലും പോലീസിന്റെ പൂർണ്ണ നിയന്ത്രണത്തിൽ തന്നെയായിരുന്നു. ശബരിമലയിൽ ചിത്തിരയാട്ട വിശേഷത്തോടനുബന്ധിച്ച് ദർശനത്തിനായി എത്തിയ 52 വയസ്സ് ഉണ്ടായിരുന്ന സ്ത്രീയെ, യുവതി എന്നാരോപിച്ച് സന്നിധാനം നടപ്പന്തലിൽ ഉണ്ടായിരുന്നവർ പെട്ടെന്ന് സംഘടിച്ച് പ്രതിഷേധിക്കുകയും അവരെ അന്യായമായി തടഞ്ഞ് ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. ഇപ്രകാരം പ്രതിഷേധം അക്രമാസക്തമായപ്പോൾ കൂടുതൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി അവരിൽ ഒരാളോട് തന്റെ അനുയായികൾക്ക് നിർദ്ദേശം നൽകി പ്രതിഷേധക്കാരെ ശാന്തരാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അടിയന്തര സാഹചര്യത്തിൽ ക്ഷേത്രമുറ്റത്തെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും ബലപ്രയോഗവും അതുമൂലം മറ്റ് സാധാരണ ഭക്തർക്ക് ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കുന്നതിനുമായി പോലീസ് സ്വീകരിച്ച മേൽ നടപടിയാണ്.

**ശബരിമല തീർത്ഥാടനത്തിന് സംരക്ഷണം**

6(*5) ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വാസികളെ ഭീഷണിപ്പെടുത്തി ശബരിമലയിൽ നിന്നകറ്റുകയെന്ന ലക്ഷ്യത്തോടെ ബി.ജെ.പി.-യും മറ്റു സംഘപരിവാര സംഘടനകളും വിവിധ സ്ഥലങ്ങളിൽ വാഹന പരിശോധനയും ഐഡന്റിറ്റി കാർഡ് പരിശോധനയും നടത്തിയതിനും മാധ്യമ പ്രവർത്തകരുൾപ്പെടെയുള്ള സ്ത്രീകളെ ആക്രമിച്ചതിനുമെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആചാരലംഘനത്തിനെതിരെയെന്ന വ്യാജേന ആചാരങ്ങൾക്കും നിയമത്തിനും വിരുദ്ധമായി പതിനെട്ടാംപടി അടക്കം ശബരിമല സന്നിധാനം സമര ഭൂമിയാക്കി വിശ്വാസികളെ തടയുന്ന രീതി ആവർത്തിക്കാതിരിക്കാൻ കൂടുതൽ ജാഗ്രത പുലർത്താൻ നിർദ്ദേശം നൽകുമോ;

(സി) ഇത്തരം ആചാരലംഘനങ്ങൾക്ക് മൗനാനുവാദം നൽകിയവർ, കോടതി വിധി പ്രാവർത്തികമായാൽ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രം അടച്ചിട്ട് വിശ്വാസികളുടെ ആരാധനാസ്വാതന്ത്ര്യം തടയുമെന്ന് ഭീഷണിപ്പെടുത്തിയതിനെതിരെ നിയമ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അയൽ സംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തുനിന്നും തീർത്ഥാടനത്തിനായി എത്തുന്ന സ്ത്രീ വിശ്വാസികളെയും വനിതാ മാധ്യമ പ്രവർത്തകരെയും ആക്രമിച്ച് വിശ്വാസികളെ ഭീതിപ്പെടുത്തി പിന്തിരിപ്പിക്കുന്ന ഭീഷണതന്ത്രം ആവർത്തിക്കാതിരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സ്ത്രീ പ്രവേശന വിധി പുറപ്പെടുവിച്ചതിനുശേഷം ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നീ പോലീസ് സ്റ്റേഷനതിർത്തികളിലായി തീർത്ഥാടകരുടെ വാഹനങ്ങൾ തടയുകയും മാധ്യമപ്രവർത്തകരെ ആക്രമിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് 58 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഈ കേസ്സുകളിൽ എല്ലാംകൂടി 320 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ശബരിമല സന്നിധാനം സമരഭൂമിയാക്കി വിശ്വാസികളെ തടയുന്ന രീതി ആവർത്തിക്കാതിരിക്കുന്നതിലേയ്ക്ക് ജില്ലാ ഭരണകൂടവും പോലീസും കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശ്വാസികളെ തടഞ്ഞ് കലാപം സൃഷ്ടിക്കാതിരിക്കുന്നതിനായി ഇലവുങ്കൽ, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ

പ്രദേശങ്ങളിൽ ക്രിമിനൽ നടപടിക്രമം 144 പ്രകാരം നിരോധനജ്ഞ പ്രഖ്യാപിച്ചിട്ടുള്ളതാണ്. വിവിധ വകുപ്പുകളുടെ പ്രവർത്തനത്തെ ശബരിമലയിൽ ഏകോപിപ്പിക്കുന്നതിനും ക്രമസമാധാന പ്രശ്നങ്ങളുൾപ്പെടെ കൈകാര്യം ചെയ്യുന്നതിനായി സ്പെഷ്യൽ ഓഫീസറായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരം നൽകി ശ്രീ. വി. ആർ. പ്രേംകുമാർ ഐ.എ.എസ്.-നെ സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രക്ഷോഭങ്ങൾ നിയന്ത്രിക്കുന്നതിനായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ പ്രദേശങ്ങളിൽ രണ്ട് വീതം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെ നിയമിച്ചിട്ടുണ്ട്. നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എ.ഡി.ജി.പി. സൗത്ത് സോൺ, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി., തിരുവനന്തപുരം റേഞ്ച് ഐ.ജി.പി. എന്നിവരുടെ മേൽനോട്ടത്തിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിവിധ ബന്തവസ്സ് പദ്ധതികൾ തയ്യാറാക്കി സുരക്ഷാ ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ദേവസ്വം ബോർഡിന്റെ പരിഗണനയിലാണ്.

(ഡി) മണ്ഡല-മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് എല്ലാ തീർത്ഥാടകർക്കും സുരക്ഷയും സുഗമവുമായ തീർത്ഥാടനവും ഉറപ്പു വരുത്തുന്നതിലേയ്ക്കായി കൂടുതൽ പോലീസുദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ട് വിപുലമായ ഒരു ബന്തവസ്സ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ ശബരിമലയുടെ ബേസ് ക്യാമ്പായ നിലയ്ക്കലിൽ വാഹനങ്ങൾ നിയന്ത്രിച്ചും മതിയായ സംരക്ഷണം നൽകിയും പ്രതിഷേധങ്ങൾ ഉണ്ടാകാതിരിക്കുന്ന തരത്തിൽ മതിയായ പോലീസ് വിന്യാസം നടത്തിയും കുഴപ്പങ്ങൾ ഉണ്ടാക്കുന്നവരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് നിയന്ത്രിച്ചുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇത്തരം കൂട്ടംകൂടിയുള്ള പ്രതിഷേധ സമരങ്ങൾ നിയന്ത്രിക്കുന്നതിനായി സന്നിധാനം, പമ്പ, നിലയ്ക്കൽ, ഇലവുങ്കൽ എന്നീ പ്രദേശങ്ങളിൽ ക്രിമിനൽ നടപടിക്രമം 144 പ്രകാരം നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുണ്ട്.

**റേഷൻ കടകളുടെ നവീകരണം**

7(*6) ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ നവീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) റേഷൻകടകൾ വഴി പുതുതായി എന്തെല്ലാം സേവനങ്ങൾ നല്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) റേഷൻകടകളിൽ പി.ഒ.എസ്.(പോയിന്റ് ഓഫ് സെയിൽ) സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) റേഷൻകാർഡിനെ ആധാറുമായി ബന്ധപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള സംവിധാനം സപ്ലൈകോയിലും കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻ കടയ്ക്ക് 2,000 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 2,90,00,000 (രണ്ട് കോടി തൊണ്ണൂറ് ലക്ഷം രൂപ) രൂപ "3456-00-001-78-Assistance to the implementation of NFSA-2013 (State Plan)" എന്ന ശീർഷകത്തിൽനിന്നും വിനിയോഗിക്കുന്നതിന് 18-7-2018-ലെ സ.ഉ.(സാധാ.) നമ്പർ 356/2018/ ഭ.പൊ.വി.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. താഴെ പറയുന്ന രീതിയിലാണ് റേഷൻ കടകളുടെ നവീകരണം നിർവ്വഹിക്കുന്നത്:

1. നിശ്ചിത മാതൃകയിലുള്ള നെയിം ബോർഡ് സ്ഥാപിക്കുക [6*2/4*3 (കടയുടെ മുൻവശത്തിന്റെ വിസ്തീർണ്ണം അനുസരിച്ച്), G.I Sheet, 4mm thickness, colour red/yellow].

2. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് ബോർഡ്/വിലവിവരപ്പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക (3*2, white foam board material+clear sticker).

3. പരാതിപ്പെട്ടി എല്ലാ റേഷൻകടകളിലും സ്ഥാപിക്കുക (Material-iron/steel with Red paint, size 300mm L*445mm H*140mm W)

4. കടയുടെ ഉൾവശം വൈറ്റ്വാഷ് ചെയ്യുക.

5 ഷട്ടർ/ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക [Shutter white centre branding icon, Left side cross bar (red & yellow), e-PDS logo].

സപ്ലൈകോ മുഖേന വിൽക്കുന്ന സബ്സിഡി ഇതര സാധനങ്ങൾ റേഷൻ കടകളിലൂടെ വിൽപ്പന നടത്തി വൈവിദ്ധ്യവൽക്കരിക്കുന്നതിനും റേഷൻ വിതരണത്തെ ബാധിക്കാത്ത രീതിയിലുള്ള മറ്റ് ചില സംരംഭങ്ങളും ഏർപ്പെടുത്തി റേഷൻ വ്യാപാരികളെ കൂടുതൽ സാമ്പത്തിക ഭദ്രമാക്കുന്നതിനുമായി പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു.

(ബി) റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സജീവ പരിഗണനയിലാണ്. ഇതോടനുബന്ധിച്ച് ബഹുമാനപ്പെട്ട ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ലീഡ് ബാങ്ക് ഉദ്യോഗസ്ഥരുമായി പ്രാഥമിക ചർച്ചകൾ നടത്തുകയുണ്ടായി. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതു സംബന്ധിച്ച വിശദമായ ശിപാർശകൾ ബാങ്കുകളിൽനിന്നും ക്ഷണിച്ചുകൊണ്ട് EOI (Expression Of Interest) document പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ റേഷൻ കടയുടമകൾക്ക് പ്രതിമാസം കമ്മീഷൻ ഇനത്തിൽ ഒരു നിശ്ചിത തുക ലഭിക്കുകയും കൂടുതൽ ഇടപാടുകൾ നടത്തുന്നപക്ഷം ആനുപാതികമായി ഇൻസെന്റീവും ലഭിക്കുന്നതാണ്. കേരള സ്റ്റേറ്റ് ലോട്ടറിയുടെ ഏജൻസി നൽകുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും 2018 മേയ് മാസം മുതൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. നെറ്റ്‌വർക്കുള്ള സ്ഥലങ്ങളിൽ ഓൺലൈനായും ഇല്ലാത്ത ചിലയിടങ്ങളിൽ ഓഫ് ലൈൻ മോഡ്യൂൾ വഴിയും റേഷൻ വിതരണം നടത്തിവരുന്നു. ഗുണഭോക്താക്കളുടെ ബയോമെട്രിക്ക് ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ OTP (One time password) വഴി ആതന്റിക്കേറ്റ് ചെയ്യും. OTP-യും പരാജയപ്പെടുകയാണെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻ വിതരണം നടത്തി വരുന്നു.

(ഡി) റേഷൻ കാർഡിനെ ആധാറുമായി ബന്ധപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള സംവിധാനം സപ്ലൈകോയിലും കൊണ്ടുവരുന്നത് സംബന്ധിച്ച വിഷയം ആലോചിച്ചുവരുന്നു.

**റേഷൻ സാധനങ്ങൾ അനുവദിക്കുന്ന സംവിധാനം**

8(*7) <u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. കെ.വി.അബ്ദുൾ ഖാദർ:</u>
<u>ശ്രീ. കെ. ആൻസലൻ:</u>
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം റേഷൻ സാധനങ്ങൾ ഇ-പോസ് ഉപകരണം വഴി ഓൺലൈനായി അനുവദിക്കുന്ന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഓൺലൈൻ സംവിധാനത്തിന്റെ കാര്യക്ഷമതക്കുറവ് വ്യാപക തട്ടിപ്പിനിടയാക്കുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ; ആയത് പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ മുൻ സർക്കാരിന്റെ ഭരണകാലത്ത് നിർത്തിവച്ചിരുന്നത് പുനരാരംഭിക്കാനും അർഹരായവർക്കെല്ലാം കാർഡുകൾ വേഗത്തിൽ ലഭ്യമാക്കാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ;

(ഡി) അനർഹരെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കാനും അർഹരെ പട്ടികയിൽപ്പെടുത്താനും നടത്തിയ പ്രവർത്തനം പൂർത്തിയായോ; വിശദാംശം അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ഓൺലൈൻ സംവിധാനം കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ കൂടുതൽ പ്രവർത്തന ശേഷിയുള്ള സെർവ്വറുകൾ സ്ഥാപിച്ചിട്ടുണ്ട്. 2018 നവംബർ മാസം മുതൽ ഈ സെർവ്വറുകളിലേയ്ക്ക് ഇ-പോസ് ആപ്ളിക്കേഷൻ മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. ബയോമെടിക്ക് ആതന്റിക്കേഷൻ മുഖേന പരമാവധി ട്രാൻസാക്ഷനുകൾ നടത്തുന്നതിനായി ഗുണഭോക്താക്കളുടെ ആധാർ നമ്പരുകൾ ശേഖരിച്ച് സീഡ് ചെയ്യുന്നുണ്ട്. ഇ-പോസ് മെഷീനിൽ നേരിട്ടും താലൂക്ക് സപ്ലൈ ഓഫീസിൽ റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം ആപ്ളിക്കേഷൻ മുഖേനയും ആധാർ സീഡ് ചെയ്യുന്നതിന് സാധിക്കും.

(ബി) സെർവ്വർ തകരാർ, നെറ്റ്‌വർക്ക് തകരാർ മുതലായ കാരണങ്ങളാൽ ചിലപ്പോഴൊക്കെ റേഷൻവിതരണം തടസ്സം നേരിടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ബയോമെടിക് ആതന്റിക്കേഷൻ ഇല്ലാതെ റേഷൻവിതരണം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബയോമെടിക്ക് രീതിയിൽ അല്ലാതെ മാനുവലായി കൂടുതൽ ട്രാൻസാക്ഷനുകൾ നടത്തിയ റേഷൻകടകളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയ 8 റേഷൻകടകളുടെ അംഗീകാരം താൽകാലികമായി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഇ-പോസ് മെഷീനുകളെക്കുറിച്ച് അവബോധം നൽകുന്നതിനായി വിവിധ മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. ഓരോ കാർഡുടമയ്ക്കും അർഹതപ്പെട്ട വിഹിതം സംബന്ധിച്ച് എല്ലാ മാസവും എസ്.എം.എസ് സന്ദേശം നൽകുന്നുണ്ട്. കൂടാതെ റേഷൻ വാങ്ങുമ്പോൾ വാങ്ങിയ സാധനങ്ങളുടെ വിവരങ്ങളും എസ്.എം.എസ് ആയി നൽകുന്നുണ്ട്. നിലവിൽ ഓൺലൈൻ റേഷൻ സംവിധാനം കാര്യക്ഷമമായാണ് നടക്കുന്നത്.

(സി) റേഷൻ കാർഡുകൾ സംബന്ധിച്ച എല്ലാ അപേക്ഷകളും 25-6-2018 മുതൽ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ നാലു വർഷമായി റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. 20-11-2018 വരെ താലൂക്ക് സപ്ലൈ /സിറ്റി റേഷനിംഗ് ഓഫീസുകളിൽ നേരിട്ട് ലഭിച്ച 11,51,678

അപേക്ഷകളിൽ 10,09,557 എണ്ണം ഡാറ്റാ എൻട്രി നടത്തിക്കഴിഞ്ഞു. അക്ഷയ വഴി 3,27,364 അപേക്ഷകളും ഓൺലൈൻ മുഖേന 43,910 അപേക്ഷകളും താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ നേരിട്ട് ലഭിച്ച 11,51,678-ഉം എന്നിങ്ങനെ ആകെ 15,22,952 അപേക്ഷകളാണ് ഇതുവരെ കിട്ടിയത്. ഇതിൽ 4,35,515 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. അപേക്ഷകൾ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് സി-ഡിറ്റ്, അക്ഷയ സ്ഥാപനങ്ങളിൽനിന്നും ഏകദേശം അഞ്ഞൂറോളം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ റേഷൻ കാർഡ് പ്രിന്റ് എടുക്കുന്നതിന് വേണ്ടി ഏകദേശം 150 പ്രിന്ററും 80 ലാമിനേഷൻ മെഷീനും ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ മീറ്റിംഗ് കൂടി പുരോഗതി വിലയിരുത്തുന്നുണ്ട്.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി 1,54,80,030 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 7.50 ലക്ഷം പരാതികൾ റേഷൻ കടകൾ വഴി അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ആയതിൽനിന്നും താലൂക്കുതല റാങ്കിംഗ് നടത്തി നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ആദ്യഘട്ടത്തിൽ 13,658 എ.എ.വൈ. കാർഡുകാരെയും 1,93,132 മുൻഗണനാ കാർഡുകാരെയും (ആകെ 2,06,790 കാർഡുകൾ) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ഏകദേശം 13 ലക്ഷം അർഹരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ തദ്ദേശ സ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി റേഷൻ കാർഡ് മാനേജുമെന്റ് സിസ്റ്റം (ആർ.സി.എം.എസ്) ഡാറ്റാ മാപ്പിംഗ് നടത്തിയതുപ്രകാരം പിന്നീട് ഫീൽഡുതല പരിശോധനയിൽ ഇതുവരെ 65,902 കുടുംബങ്ങൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരോ താലൂക്കിലും കണ്ടെത്തിയ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ഒഴിച്ചിട്ട ശേഷം ശേഷിക്കുന്ന ഒഴിവുകളിൽ അദാലത്തുകൾ നടത്തി തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽനിന്നും അർഹരെ ഉൾപ്പെടുത്തി വരുന്നു. ഇതുവരെ 48,269 കുടുംബങ്ങളെ അതായത് 1,98,722 പേരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. ഓരോ ദിവസവും അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു.

## റേഷൻ സംവിധാനം കുറ്റമറ്റതാക്കൽ

9(*8) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ പ്രവർത്തനം ചുരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എപ്രകാരമാണ്; വ്യക്തമാക്കുമോ;

(ബി) ഇ-പോസ് യന്ത്രം തകരാറിലായതുമൂലം താറുമാറായിരിക്കുന്ന റേഷൻ വിതരണം പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) റേഷൻ സംവിധാനം കുറ്റമറ്റതാക്കാനും സെർവ്വറിന്റെ ശേഷിക്കുറവ് പരിഹരിക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ഇല്ല.

(ബി&സി) സംസ്ഥാന ഐ.ടി. മിഷന്റെ ക്ലൗഡ് സെർവ്വറുകളുടെ സേവനം പ്രയോജനപ്പെടുത്തി വന്നിരുന്ന സമയത്ത് ഒന്നുരണ്ടു ദിവസം ഏതാനും മണിക്കൂറുകൾ കണക്റ്റിവിറ്റി തകരാറുകൾ സംഭവിക്കുകയും ആയത് കണ്ടെത്തി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 2018 നവംബർ മാസം മുതൽ വകുപ്പ് സ്വന്തമായി വാങ്ങിയ കൂടുതൽ പ്രവർത്തനശേഷിയുള്ള സെർവ്വറുകളിലേയ്ക്ക് ഡാറ്റയും ആപ്ലിക്കേഷനുകളും മാറ്റിയിട്ടുണ്ട്. കൂടാതെ ഓരോ ഇ-പോസ് മെഷീനിലും രണ്ടു സിം ഉപയോഗിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. നിലവിൽ ഇ-പോസ് വഴിയുള്ള റേഷൻവിതരണം വളരെ സുഗമമായാണ് നടക്കുന്നത്.

## ഇ.സി.എച്ച്.എസ്. ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് സ്ഥലം

10(*9) ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ് സർവ്വീസ് മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീമിൽപ്പെടുത്തി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുനൽകുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഇ.സി.എച്ച്.എസ്. ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ നിരക്കിൽ തുക ഈടാക്കി സർക്കാർ ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (പിണറായി വിജയൻ): (എ) കേന്ദ്രപ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള പദ്ധതിയാണ് എക്സ് സർവ്വീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം. പ്രസ്തുത സ്കീമിനുവേണ്ടി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുനൽകുന്ന പദ്ധതി സംസ്ഥാന സർക്കാരിന് കീഴിൽ നിലവിലില്ല.

എന്നാൽ ഇ.സി.എച്ച്.എസ്. പോളിക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ദീർഘകാലത്തേയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പാട്ടത്തിന് അനുവദിച്ചുവരുന്നുണ്ട്.

(ബി) കേരള ലാൻഡ് അസൈൻമെന്റ്സ് റൂൾസ് 1964 പ്രകാരം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന നിരക്കായ കമ്പോള വിലയുടെ 2% വാർഷിക നിരക്കിലാണ് ഇ.സി.എച്ച്.എസ്. പോളിക്ലിനിക്കുകൾക്കും നിലവിൽ ഭൂമി പാട്ടത്തിന് അനുവദിക്കുന്നത്.

(സി) സംസ്ഥാനത്തെ ഭൂ ദൗർലഭ്യവും ഇ.സി.എച്ച്.എസ്.കൾക്ക് പോളിക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലങ്ങൾ അനുവദിക്കേണ്ട ആവശ്യകതയും പരിഗണിച്ച് 15 സെന്റ് സ്ഥലം വരെ ആർ ഒന്നിന് 100 രൂപ എന്ന നാമമാത്ര വാർഷിക നിരക്കിൽ ദീർഘ കാലാടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

## ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ

11(*10) ശ്രീ.ഹൈബി ഈഡൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ദേശീയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ സംസ്ഥാന, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങളെ നേരിടാൻ ഒരു ലക്ഷത്തിലേറെ കമ്മ്യൂണിറ്റി വോളന്റിയർമാർക്ക് പരിശീലനം നൽകിയിരുന്നതായി നാഷണൽ ഡിസാസ്റ്റർ റസ്പോൺസ് ഫോഴ്സ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രളയ സമയത്ത് ഈ വോളന്റിയർമാരുടെ സഹായം ലഭ്യമാക്കുന്നതിൽ ദുരന്ത നിവാരണ അതോറിറ്റി മുൻകൈ എടുക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ;

(ഡി) ഈ പ്രളയത്തിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് ഭാവിയിൽ ദുരന്തങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് ദുരന്ത നിവാരണ അതോറിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (പിണറായി വിജയൻ): (എ) ഉണ്ട്. കേന്ദ്ര ദുരന്തനിവാരണ നിയമം 2005 അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും പ്രാദേശികമായ ദുരന്ത സാദ്ധ്യതാ അപഗ്രഥനം നടത്തി സംസ്ഥാത്തിന് തനതായതും ജില്ലകൾക്ക് തനതായതുമായ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കണമെന്ന് കേന്ദ്ര ദുരന്തനിവാരണ അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ജില്ലാതല പദ്ധതികൾ 30-7-2016-ലെ സ.ഉ.(സാധാ) നമ്പർ 3104/2016/ഡി.എം.ഡി പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതി 9-9-2016-ലെ സ.ഉ (സാധാ)നം. 3667/2016/ ഡി.എം.ഡി പ്രകാരം അംഗികരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ 12 ഇന ഉപലക്ഷ്യങ്ങളിൽ ഊന്നിക്കൊണ്ട്, 27 പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. ആയത് അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) ഇത്തരം ഒരു സാക്ഷ്യപ്പെടുത്തൽ ദേശീയ ദുരന്ത പ്രതികരണ സേനയിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. സംസ്ഥാന അതോറിറ്റി പരിശീലനം നൽകിയ വ്യക്തികളുടെ വിവരങ്ങൾ അതതു പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവരിൽ ദുരന്തമുഖത്ത് സന്നദ്ധ പ്രവർത്തനത്തിനു തയ്യാറുള്ളവരെ തദ്ദേശഭരണ സ്ഥാപനത്തിനു ഉപയോഗിക്കാവുന്നതാണ്. സംസ്ഥാന ഫയർ ആൻഡ് റസ്ക്യൂ സർവ്വീസ് ദുരന്ത സാഹചര്യങ്ങൾ നേരിടുന്നതിനായി കമ്മ്യൂണിറ്റി റസ്ക്യൂ വാളന്റിയർമാരെ സജ്ജമാക്കി അവരുടെ സേവനം ദുരന്ത ഘട്ടത്തിൽ പ്രയോജനപ്പെടുത്തിയിരുന്നു.

(ഡി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്ത ലഘൂകരണത്തിനായി സ്വീകരിച്ചുവരുന്ന വിവിധ നടപടികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

### പ്രളയാനന്തര ആരോഗ്യ സംരക്ഷണം

12(*11) ശ്രീമതി സി. കെ. ആശ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയസമയത്ത് ജലജന്യരോഗങ്ങളെ പ്രതിരോധിക്കുന്നതിൽ ആരോഗ്യ വകുപ്പ് നടത്തിയ സേവനങ്ങൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രളയസമയത്ത് ആശുപത്രികൾ ഉൾപ്പെടെയുള്ള ആരോഗ്യ സംവിധാനങ്ങൾക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രളയാനന്തര കേരളത്തെ പകർച്ചവ്യാധികളിൽനിന്നും മറ്റ് സാംക്രമിക രോഗങ്ങളിൽനിന്നും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) പ്രളയവും മറ്റ് പ്രകൃതിദുരന്തങ്ങളും നേരിടുന്നതിനും ജനങ്ങളെ അതിന്റെ കെടുതികളിൽനിന്ന് സംരക്ഷിക്കുന്നതിനുമുള്ള ആരോഗ്യ സംവിധാനത്തിന്റെ ക്ഷമത വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : (എ) പ്രളയസമയത്ത് ജലജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ജനങ്ങളും വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരും അനുവർത്തിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച മാർഗ്ഗരേഖകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് വഴിയും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും നൽകുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. മൃഗങ്ങളുടെ മൃതാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള ഖരദ്രവമാലിന്യസംസ്കരണം, ശുചീകരണം, ഈച്ച നിയന്ത്രണം തുടങ്ങിയവ ശാസ്ത്രീയമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി.

കിണറുകൾ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകളും സംഭരിച്ച് വച്ചിരിക്കുന്ന കുടിവെള്ളവും അണുവിമുക്തമാക്കുവാൻ സൂപ്പർ ക്ലോറിനേഷൻ നടത്തി. തിളപ്പിച്ചാറ്റിയ ജലമേ കുടിക്കാൻ പാടുള്ളൂ എന്ന് ബോധവൽക്കരണം നടത്തി.

വീടുകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും ആരോഗ്യപ്രവർത്തകർ സന്ദർശിച്ച് വയറിളക്കരോഗങ്ങൾ തുടങ്ങിയ ജലജന്യരോഗബാധിതരെ മുൻകൂട്ടി കണ്ടുപിടിച്ച് ആവശ്യമായ ചികിത്സയും പരിചരണവും ലഭ്യമാക്കി. എലിപ്പനിക്കെതിരായി മുൻകരുതൽ എന്നവണ്ണം ഡോക്സിസൈക്ലിൻ ഗുളികകളുടെ വിതരണം ഏകോപിപ്പിച്ച് അനുബന്ധ സേവനങ്ങൾക്ക് സജ്ജീകരണങ്ങൾ ഒരുക്കി. രോഗം സ്ഥിരീകരിച്ചവരെ ആശുപത്രികളിൽ എത്തിച്ച് അടിയന്തര ചികിത്സ ലഭ്യമാക്കി.

ആവശ്യാനുസരണം മരുന്ന്, ഒ.ആർ.എസ്, സിങ്ക്, ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ഗുളിക, വ്യക്തിഗത സുരക്ഷാ ഉപാധികൾ തുടങ്ങിയവ ലഭ്യമാക്കി. ഒ.ആർ.എസ്. ഡിപ്പോകൾ, ഒ.ആർ.ടി. കോർണറുകൾ, പ്രധാന ആശുപത്രികളിൽ വയറിളക്ക ചികിത്സാ യൂണിറ്റുകൾ തുടങ്ങിയവ സജ്ജമാക്കി. വയറിളക്ക രോഗപ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങളെപ്പറ്റി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തി.

ലോകാരോഗ്യ സംഘടന (ഡബ്ല്യു.എച്ച്.ഒ.), ദേശീയ രോഗനിയന്ത്രണ കേന്ദ്രം (എൻ.സി.ഡി.സി.), തമിഴ്നാട് പൊതുജനാരോഗ്യ ടീം (എൻ.ഐ.ഇ. തമിഴ്നാട്), കേന്ദ്ര സംസ്ഥാന ആരോഗ്യവകുപ്പ് തുടങ്ങിയവയുടെ നേതൃത്വത്തിൽ നിരീക്ഷണ, അവലോകന സന്ദർശനങ്ങളും നടത്തി. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി സാധാരണ വെള്ളപ്പൊക്കത്തെത്തുടർന്ന് ഉണ്ടാകാറുള്ള ജലജന്യരോഗങ്ങൾ ഒരുപരിധി വരെ ഇല്ലാതാക്കാൻ സാധിച്ചു.

(ബി) കണക്കാക്കിയിട്ടുണ്ട്. പ്രളയത്തിൽ പൂർണ്ണമായി തകർന്ന ആരോഗ്യ സ്ഥാപനങ്ങൾ -40 എണ്ണം (നിർമ്മാണ തുക 85,97,05,820 രൂപ) പ്രളയത്തിൽ ഭാഗികമായി തകർന്ന ആരോഗ്യസ്ഥാപനങ്ങൾ-25 എണ്ണം (പുനർ നിർമ്മാണ തുക 22,02,06,468 രൂപ). പ്രളയത്തിൽ ചെറിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ള ആരോഗ്യസ്ഥാപനങ്ങൾ-161 എണ്ണം (പുനർനിർമ്മാണ തുക 17,18,24,310 രൂപ). ആകെ കണക്കാക്കിയിട്ടുള്ള നാശനഷ്ടം 226 സ്ഥാപനങ്ങൾക്ക് 125,17,36,598 രൂപ (നിർമ്മാണം, നവീകരണം, ഉപകരണങ്ങൾ എന്നിവ).

(സി) പ്രളയാനന്തര ജലജന്യരോഗങ്ങൾ, എലിപ്പനി, കൊതുക ജന്യരോഗങ്ങൾ തുടങ്ങിയ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടാനുള്ള സാദ്ധ്യത മുന്നിൽ കണ്ടുകൊണ്ട് ആരോഗ്യവകുപ്പ് ആവശ്യമായ മുൻകരുതൽ നടപടികൾ ആസൂത്രണം ചെയ്ത് ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ നടപ്പിലാക്കി.

ആരോഗ്യ പ്രവർത്തകർ വീടുവീടാന്തരവും ദുരിതാശ്വാസ ക്യാംപുകളും സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി ബോധവൽക്കരണം നൽകുകയും പകർച്ചവ്യാധിബാധിതരെ മുൻകൂട്ടി കണ്ടുപിടിച്ച് ആവശ്യമായ ചികിത്സയും പരിചരണവും ലഭ്യമാക്കുകയും ചെയ്തു. ജനങ്ങളും വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരും പകർച്ചവ്യാധികൾക്കെതിരെ സ്വീകരിക്കേണ്ട നടപടികളുടെ മാർഗ്ഗരേഖ ആരോഗ്യവകുപ്പ് വെബ്സൈറ്റിലൂടെയും പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും ലഭ്യമാക്കി. മൃഗങ്ങളുടെ മൃതാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള ഖരദ്രവ മാലിന്യസംസ്കരണം, ശുചീകരണം, ഈച്ച നിയന്ത്രണം, കൊതുക നിയന്ത്രണം തുടങ്ങിയവ ശാസ്ത്രീയമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി.

ആവശ്യാനുസരണം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിച്ച് മരുന്നും അനുബന്ധ സാമഗ്രികളും ലഭ്യമാക്കിയും ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തി. ഒ.ആർ.എസ്, സിങ്ക്, ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ഗുളികകൾ, വ്യക്തിഗത സുരക്ഷാ ഉപാധികൾ, കൊതുക് നിയന്ത്രണത്തിനുള്ള ഉപകരണങ്ങൾ, കീടനാശിനികൾ എലിപ്പനിക്കെതിരെയുള്ള ഡോക്സിസൈക്ലിൻ ഗുളികകൾ, രോഗ പരിശോധനയ്ക്കും സ്ഥിതീകരണത്തിനുമുള്ള കിറ്റുകൾ തുടങ്ങിയവ ലഭ്യമാക്കി.

രോഗനിരീക്ഷണവും നിയന്ത്രണപ്രവർത്തനങ്ങളും നടത്തി ഓരോ ദിവസവും വിവിധ തലങ്ങളിൽ റിപ്പോർട്ട് ചെയ്യുകയും അവലോകനം നടത്തുകയും ചെയ്തു. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ദുരന്തനിവാരണ സെല്ലുകൾ തുറന്ന് 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും വേണ്ട മാർഗ്ഗ- നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ആവശ്യമായ ഫണ്ടും ലഭ്യമാക്കി. പ്രളയാനന്തര ആരോഗ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു പ്രവർത്തിക്കുകയുണ്ടായി.

ലോകാരോഗ്യസംഘടനയുടെയും ദേശീയ രോഗനിയന്ത്രണ കേന്ദ്രത്തിന്റെയും തമിഴ്നാട് പൊതുജനാരോഗ്യ ഡയറക്ടറേറ്റിന്റെയും ചെന്നൈ ഐ.സി.എം.ആർ.-ന്റെയും വിദഗ്ധർ രോഗനിരീക്ഷണം, ചികിത്സ, ശുചിത്വ നിരീക്ഷണം, കുടിവെള്ള നിരീക്ഷണം, കൊതുക് നിരീക്ഷണം, നിയന്ത്രണ പ്രവർത്തനങ്ങളുടെ നിരീക്ഷണം തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി. പകർച്ചവ്യാധി വിവരസമാഹരണത്തിനായി ഒരു മൊബൈൽ ആപ്പ് വികസിപ്പിച്ചു.

പ്രളയത്തിനുശേഷം എലിപ്പനി മാത്രമാണ് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. എലിപ്പനി നിയന്ത്രിക്കുന്നതിന് പ്രത്യേക ദ്രുതകർമ്മസേന കൂടി ശരിയായി ചികിത്സ, ഡോക്സിസൈക്ലിൻ, പ്രതിരോധ മരുന്നുവിതരണം, ബോധവൽക്കരണം, വ്യക്തിഗത സുരക്ഷ തുടങ്ങിയ ഊർജ്ജിത നടപടികൾ സ്വീകരിച്ചതിനാൽ എലിപ്പനി നിയന്ത്രണ വിധേയമാക്കാൻ സാധിച്ചു. ജലജന്യ രോഗങ്ങളിലും കൊതുകുജന്യ രോഗങ്ങളിലും പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. കൂടാതെ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാരുടെയും ആശുപത്രി സൂപ്രണ്ടുമാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ടീമുകൾ രൂപീകരിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിച്ചു.

കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ക്യാംപുകൾ സന്ദർശിച്ച് ശുചിത്വ അവലോകനം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ അതാത് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർമാർക്ക് നൽകുകയും ചെയ്തു.

പകർച്ചവ്യാധികളാൽ മരണപ്പെട്ട രോഗികളുടെ DEATH AUDIT എല്ലാ ദിവസവും മെഡിക്കൽ കോളേജുകളിൽ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ഡോക്ടർമാർക്ക് നൽകുകയും ചെയ്തു.

സെപ്റ്റംബർ 5-ന് തീവ്ര ശുചീകരണയജ്ഞം തുടങ്ങുകയും തുടർച്ചയായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

ഓരോ മെഡിക്കൽ കോളേജിലും വിവിധ സോണുകൾ തിരിച്ച് ഡ്രൈ ഡേ ആചരിച്ചു.

(ഡി) സംസ്ഥാനതലം മുതൽ വാർഡുതലം വരെ എത്തുന്ന ഒരു ബൃഹത്തായ സംവിധാനം ഇപ്പോൾ ആരോഗ്യവകുപ്പിനുണ്ട്. മാനവശേഷിയുടെ ലഭ്യതയിൽ പരിമിതികൾ ഉണ്ടെങ്കിലും ഇതര വകുപ്പുകളുമായി ചേർന്ന് പ്രകൃതി ദുരന്തങ്ങളിൽ നിന്ന് നാടിനെ രക്ഷിക്കുവാൻ ആരോഗ്യവകുപ്പിന് ക്ഷമതയുണ്ടെന്ന് അടുത്ത കാലത്തുണ്ടായ വെള്ളപ്പൊക്ക ദുരന്തനിവാരണം ഫലപ്രദമായി നടത്തിയതിന് ലോകാരോഗ്യസംഘടനയുടെയും മറ്റും ലഭിച്ച അംഗീകാരം വ്യക്തമാക്കുന്നു.

സംസ്ഥാന, ജില്ലാതല ദുരന്തനിവാരണ കൺട്രോൾ റൂമുകൾ ദുരന്തനിവാരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും നിരീക്ഷിക്കുവാനും വിലയിരുത്തുവാനും വളരെയധികം സഹായകരമായി. ദുരന്തസമയത്തും അതിനുശേഷവുമുള്ള മാലിന്യസംസ്കരണം, ഗൃഹ-പരിസര ശുചീകരണം, സുരക്ഷാ മുൻകരുതൽ, വ്യക്തി-പരിസര ശുചിത്വം, കൊതുകുനിയന്ത്രണം, വ്യക്തിഗത സുരക്ഷ, ബോധവൽക്കരണം തുടങ്ങിയവയെ സംബന്ധിച്ച മാർഗ്ഗരേഖകൾ ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ച് അതനുസരിച്ച് പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നു.

ഐ.ഡി.എസ്.പി., ഡബ്ല്യൂ.എച്ച്.ഒ. സർവൈലൻസ് ടീം സംവിധാനത്തിലൂടെ പകർച്ചവ്യാധികളുടെ പ്രതിദിന റിപ്പോർട്ടുകൾ എല്ലാ ജില്ലകളിൽനിന്നും ലഭ്യമാക്കി. ജില്ലാ-സംസ്ഥാന തലങ്ങളിലെ പ്രതിദിന അവലോകനയോഗങ്ങളിൽ അത് വിലയിരുത്തി വേണ്ട നിർദേശങ്ങൾ അന്നന്ന് കൊടുക്കാൻ കഴിഞ്ഞു. കൊതുകുനിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങളുടെ പ്രതിദിന റിപ്പോർട്ടുകൾ എൻ.വി.ബി.ഡി.സി.പി.-യിലൂടെ ലഭ്യമാക്കി വേണ്ട നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകി. ലോകാരോഗ്യസംഘടന, എൻ.സി.ഡി.സി., കേന്ദ്ര ആരോഗ്യവകുപ്പ്, തമിഴ്നാട് പൊതുജനാരോഗ്യം ടീം തുടങ്ങിയവയുടെ പങ്കാളിത്തവും പ്രത്യകം പ്രസ്താവ്യമാണ്. ദിവസേന ആരോഗ്യ വകുപ്പുമന്ത്രി, അഡിഷണൽ ചീഫ് സെക്രട്ടറി, സ്റ്റേറ്റ് മിഷൻ ഡയറക്ടർ തുടങ്ങിയവരുടെ

നേതൃത്വത്തിലുള്ള അവലോകനയോഗങ്ങൾ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി. ആവശ്യത്തിന് ഫണ്ടും ലഭ്യമാക്കി. മരുന്ന് സാധന-സാമഗ്രികൾ തുടങ്ങിയവ യുദ്ധകാലാടിസ്ഥാനത്തിൽ ലഭ്യമാക്കി. ഇത്തരത്തിൽ ദുരന്ത നിവാരണക്ഷമത ആരോഗ്യ സംവിധാനത്തിന് ഉണ്ടെങ്കിലും മാനവശേഷി വികസനം, ഇതര വകുപ്പുകളുടെ പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കേണ്ടതുണ്ട്.

അടുത്തിടെയുണ്ടായ പ്രളയം, നിപാ വൈറസ് ബാധ, ഓഖി ദുരന്തം എന്നിവയെ നേരിടാൻ സംസ്ഥാന ആരോഗ്യവകുപ്പ് ഒരുക്കിയ സജ്ജീകരണങ്ങളും സ്വീകരിച്ച നടപടികളും മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലെ ആരോഗ്യ വകുപ്പിന്റെ ക്ഷമത തെളിയിക്കുന്നതായിരുന്നു. അടിയന്തര ഘട്ടങ്ങളിൽ യുദ്ധ കാലാടിസ്ഥാനത്തിൽ രക്ഷാപ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുന്നതിനും അതിജീവിച്ചവരെ സുരക്ഷിത കേന്ദ്രത്തിലേയ്ക്ക് മാറ്റുന്നതിനും അടിയന്തര സഹായം നൽകുന്നതിനുമായി ആരോഗ്യ ദ്രുതകർമ്മസേന സർവ്വഥാ സജ്ജമാണ്. രോഗവ്യാപനം തടയുന്നതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ വിദഗ്ദ്ധ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ നടത്തുന്നതിനായും സൗകര്യങ്ങളുണ്ട്. ഏതു സമയത്തുമുള്ള പ്രകൃതിദുരന്തങ്ങളെയും പകർച്ചവ്യാധികളെയും നേരിടാനുള്ള അടിസ്ഥാന സൗകര്യവും അവശ്യ സേവനങ്ങളും ലഭ്യമാക്കാൻ സംസ്ഥാന ആരോഗ്യ സംവിധാനത്തിന് സാധിക്കുന്നതാണ്.

**ശബരിമല യുവതീ പ്രവേശനം**

13(*12) <u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതിവിധിയെ ആദ്യം അനുകൂലിച്ച കേരളത്തിലെ പ്രധാന രാഷ്ട്രീയ കക്ഷികൾ പിന്നീട് നിലപാട് മാറ്റിയതിന് പിന്നിലെ കാര്യകാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിധി മുൻനിർത്തി വർഗ്ഗീയ ധ്രുവീകരണം നടത്തി കേരളത്തെ കലാപ ഭൂമിയാക്കുന്നതിന് ചില ശക്തികൾ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ വിഷയം സംബന്ധിച്ച് സുപ്രീം കോടതിയിൽ 12 വർഷം കേസ്സ് നടന്നിട്ടും കക്ഷിചേരാത്ത പ്രമുഖ രാഷ്ട്രീയ സംഘടനകൾ ഇപ്പോൾ ഇതിന് പിന്നിൽ അണിനിരക്കുന്നത് രാഷ്ട്രീയ നേട്ടം ഉണ്ടാക്കാനാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ശബരിമലയിൽ കലാപമുണ്ടാക്കുന്നതിനും ശബരിമല യുവതീപ്രവേശന വിഷയം ആളിക്കത്തിച്ച് സമൂഹത്തിൽ ധ്രുവീകരണം ഉണ്ടാക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾ ഏതൊക്കെ തരത്തിൽ പ്രതിരോധിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച സുപ്രിംകോടതിവിധിയെ ആദ്യം രാഷ്ട്രീയ കക്ഷികൾ അനുകൂലിച്ചിരുന്നു. സുപ്രീംകോടതി വിധിക്കെതിരെ തന്ത്രികുടുംബവും പന്തളം രാജകുടുംബവും ആളെക്കൂട്ടി പ്രതിഷേധം നടത്തിയതിനെത്തുടർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അന്തഃസത്ത മനസ്സിലാക്കാതെ കേരളത്തിലെ പ്രധാന രാഷ്ട്രീയ കക്ഷികൾ നിലപാട് മാറ്റുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നടപ്പിലാക്കുമെന്ന നിലപാടാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചത്.

(ബി) ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ മറവിൽ വർഗ്ഗീയ ധ്രുവീകരണം നടത്തി കേരളത്തെ കലാപഭൂമിയാക്കുന്നതിന് ചില സാമൂഹ്യവിരുദ്ധ ശക്തികൾ ശ്രമിച്ചു. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിലെ പ്രതികളുടെ രാഷ്ട്രീയസ്വഭാവം പരിശോധിക്കുമ്പോൾ ബി.ജെ.പി, ആർ.എസ്.എസ്. മുതലായ രാഷ്ട്രീയ സംഘടനകളിൽ ഉൾപ്പെട്ടവരാണെന്ന് മനസ്സിലാകുന്നു.

(സി) ഉണ്ട്.

(ഡി) ശബരിമലയിൽ കലാപമുണ്ടാക്കുന്നതിനും ക്രമസമാധാന നില തകർത്ത് സമൂഹത്തിൽ ധ്രുവീകരണം ഉണ്ടാക്കുന്നതിനും ചില വർഗ്ഗീയ ശക്തികളും ചില സ്ഥാപിത താൽപ്പര്യക്കാരും നടത്തുന്ന ശ്രമങ്ങൾ പ്രതിരോധിക്കുന്നതിന് സർക്കാരിനാൽ സാദ്ധ്യമായ എല്ലാ നടപടികളും പൊതുജനാഭിപ്രായത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. ശബരിമലയിലെ സ്ഥിതിവിശേഷം അത്യന്തം ഗുരുതരമാക്കാൻ ശ്രമിക്കുന്ന ഇത്തരക്കാരെ പ്രതിരോധിക്കുന്നതിന് ശബരിമലയിൽ പ്രത്യേക സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തുലാമാസ പൂജയ്ക്കും ചിത്തിരയാട്ട വിശേഷപൂജാ സമയത്തും ഭക്തർക്ക് സമാധാനപരമായ ക്ഷേത്രദർശനം ഉറപ്പുവരുത്തുന്നതിന് ചിലർ നേരിയ തടസ്സം സൃഷ്ടിച്ചിരുന്നു. ചിലർ 18-ാം പടിയിൽ ആചാര ലംഘനം നടത്തിയ കാര്യവും 52-കാരിയായ ഒരു സ്ത്രീയെ അക്രമികൾ വളഞ്ഞ് ആക്രമിച്ചതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മണ്ഡലകാലം മുതൽ സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും എരുമേലിയിലും മതിയായ പോലീസ് സംരക്ഷണം ഒരുക്കിയിട്ടുണ്ട്. വിഷയം രമ്യമായി പരിഹരിക്കുന്നതിനും ശബരിമലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനും സർവ്വകക്ഷി യോഗം ഉൾപ്പെടെ വിവിധ തലങ്ങളിൽ സർക്കാർ ചർച്ചകൾ നടത്തിയിട്ടുണ്ട്. രാജ്യത്തെ പരമോന്നത നീതിപീഠമായ ബഹു. സുപ്രീംകോടതിയുടെ വിധി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചതല്ലാതെ വിശ്വാസികളെ പ്രകോപിപ്പിക്കുന്ന തരത്തിലുള്ള യാതൊരു സമീപനവും സർക്കാരിന്റെ ഭാഗത്ത്നിന്നും നാളിതുവരെ ഉണ്ടായിട്ടില്ല.

## അഭിമന്യു കൊലക്കേസ്സ്

14 (*14) ശ്രീ. എം. സ്വരാജ്:

ശ്രീ. എസ്. രാജേന്ദ്രൻ:

ശ്രീ. എ. എൻ. ഷംസീർ:

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാരാജാസ് കോളേജ് വിദ്യാർത്ഥിയായിരുന്ന അഭിമന്യുവിനെ നിഷ്ഠൂരമായി വധിച്ച ക്യാമ്പസ് ഫ്രണ്ട്-എസ്.ഡി.പി.ഐ. ക്രിമിനലുകളെയും അതിന് ഗൂഢാലോചന നടത്തിയ നേതാക്കളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; പ്രതികൾ ആരൊക്കെയെന്ന് അറിയിക്കാമോ; വിചാരണയ്ക്കായി പ്രത്യേക കോടതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ വിവിധ ക്യാമ്പസുകളിൽ മതനിരപേക്ഷത തകർത്ത് ന്യൂനപക്ഷ - ഭൂരിപക്ഷ വർഗ്ഗീയ തീവ്രവാദികളെ പ്രോത്സാഹിപ്പിക്കുന്ന സ്വതന്ത്ര അരാഷ്ട്രീയ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നടപടിയെടുക്കുമോ;

(സി) തീവ്രവാദി അക്രമത്തിൽ മരിച്ച അഭിമന്യുവിന്റെ കുടുംബത്തിന്റെ സംരക്ഷണത്തിനും അതോടൊപ്പം ആക്രമണത്തിനിരയായി കഷ്ടിച്ച് ജീവൻ തിരിച്ചുകിട്ടിയ അർജ്ജുന്റെ ചികിത്സയ്ക്കും അർജ്ജുനും കുടുംബവും അനുഭവിച്ച യാതനയ്ക്കും നഷ്ടപരിഹാരം നൽകുന്നതിനും നടപടിയെടുക്കുമോ?

മുഖ്യമന്ത്രി (പിണറായി വിജയൻ): (എ) ഉണ്ട്. എറണാകുളം മഹാരാജാസ് കോളേജ് വിദ്യാർത്ഥിയായിരുന്ന അഭിമന്യുവിനെ കുത്തിക്കൊലപ്പെടുത്തിയ സംഭവത്തിന് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1548/18 U/s 143, 148, 323, 324, 307, 302, 149 IPC പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ കേസിൽ 19 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും (ആകെ 26 പ്രതികൾ) 7 പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതുമാണ്. പ്രസ്തുത കേസിലെ മുഖ്യപ്രതികളായ ഒന്നു മുതൽ പതിനാറ് വരെയുള്ളവർക്കെതിരെ അന്വേഷണം നടത്തി U/s 143, 147, 341, 323, 324, 326, 307, 302, 506 (ii) 201, 120 (B) r/w 149 IPC പ്രകാരം ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ കുറ്റകൃത്യത്തിന്റെ ഗൂഢാലോചനകളിൽ പങ്കാളികളാകുകയും കുറ്റകൃത്യത്തിൽ നേരിട്ട് ഏർപ്പെട്ടിട്ടുള്ള മുഖ്യപ്രതികളെ കൃത്യത്തിനുശേഷം രക്ഷപ്പെടുവാൻ സഹായിക്കുകയും തെളിവുകൾ നശിപ്പിക്കുകയും ചെയ്തതായി വെളിവായിട്ടുള്ള 17 മുതൽ 26 വരെയുള്ള പ്രതികൾക്കെതിരെ അന്വേഷണം തുടർന്നുവരുന്നു.

ടി കേസ്സിലെ പ്രതികളെ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്. പ്രസ്തുത കേസ്സിലെ വിചാരണയ്ക്കായി പ്രത്യേക കോടതി സ്ഥാപിക്കുന്ന കാര്യം നിലവിൽ തീരുമാനിച്ചിട്ടില്ല.

(ബി) വർഗ്ഗീയതയും തീവ്രവാദവും പ്രോത്സാഹിക്കുന്നതിനും മറ്റ് നിയമന വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സാദ്ധ്യതയുള്ളതുമായ സംഘടനകളെ പോലീസും രഹസ്യാന്വേഷണ വിഭാഗവും കർശന നിരീക്ഷണം നടത്തി വരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**പ്രളയത്തിൽ തകർന്ന വീടുകളുടെ വിവരശേഖരണം**

15(*15) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന വീടുകളുടെയും കേടുപാടുകൾ വന്ന വീടുകളുടെയും കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച വിവരശേഖരണം എപ്രകാരമാണ് നടത്തിയത്; ഏത് ഏജൻസിയാണ് വിവരശേഖരണം നടത്തിയത്;

(സി) പ്രസ്തുത വിവരശേഖരണത്തിൽ എന്തെങ്കിലും പാളിച്ചകൾ പറ്റിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) പ്രളയത്തിൽ നഷ്ടം സംഭവിച്ചവരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസവും പാളിച്ചകളും, പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനും നഷ്ടപരിഹാരം യഥാസമയം നൽകുന്നതിനും കാലതാമസം ഉണ്ടാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ സർവ്വേയിൽ വന്നിട്ടുള്ള പിഴവ് തിരുത്തി അർഹരായവർക്കെല്ലാം അടിയന്തരമായി സഹായം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ&ബി) പൂർത്തിയായിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്. വോളണ്ടിയർമാർ മുഖേനയാണ് പ്രളയത്തിൽ തകർന്ന വീടുകളുടെയും കേടുപാടുവന്ന വീടുകളുടെയും കണക്കെടുപ്പ് ആരംഭിച്ചത്. എങ്കിലും പിന്നീട് ഐ.ടി. മിഷനും ഇൻഫർമേഷൻ കേരള മിഷനും ചേർന്ന് രൂപകൽപ്പന ചെയ്ത Rebuild Kerala Mobile Application മുഖേനയാണ് വിവരശേഖരണം നടത്തിയത്. ഡിജിറ്റൽ വിവരശേഖരണത്തിനുശേഷമുള്ള തുടർ നടപടികൾ റവന്യൂ വകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

(സി) ചുരുക്കം ചില സ്ഥലങ്ങളിൽ ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്. വോളണ്ടിയർമാർ മുഖേനയാണ് പ്രളയത്തിൽ തകർന്ന വീടുകളുടെയും കേടുപാടു വന്ന വീടുകളുടെയും കണക്കെടുപ്പ് ആരംഭിച്ചത്. എന്നാൽ എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് റെഗുലർ ക്ലാസ്സ് തുടങ്ങിയതിനാൽ അവർക്ക് സർവ്വേയിൽ തുടരാൻ കഴിയാതെ വന്നു. തുടർന്നാണ് Rebuild Kerala Mobile Application ഉപയോഗിച്ച് പൊതുജന പങ്കാളിത്തത്തോടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചത്. ഇപ്രകാരം പൂർത്തീകരിച്ച സർവ്വേകൾ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ പല വീടുകളുടെയും നാശനഷ്ടങ്ങളുടെ ശതമാനത്തിൽ കൃത്യത ഇല്ലായെന്ന് കണ്ടെത്തിയിരുന്നു. ടി ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി&ഇ) കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രളയത്തിൽ നഷ്ടം സംഭവിച്ചവർക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

### ആയുഷ്മാൻ ഭാരത് പദ്ധതി

16(*16) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയുഷ്മാൻ ഭാരത് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതിയിൽ സംസ്ഥാനം ഭാഗഭാക്കാകുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും പദ്ധതിയുടെ പ്രതിശീർഷ പ്രീമിയം എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) നിലവിലെ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ.) പദ്ധതിക്ക് പുറമെയാണോ പുതിയ പദ്ധതി; ആർ.എസ്.ബി.വൈ. പദ്ധതിക്കായി കേന്ദ്ര സർക്കാർ വിഹിതമെത്രയെന്നും അതിനായി ആകെ ചെലവഴിക്കുന്ന തുകയെത്രയെന്നും അറിയിക്കാമോ; ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഭാഗഭാക്കാകുന്നപക്ഷം സംസ്ഥാനത്ത് നിലവിൽ ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നവരെല്ലാം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുമോ; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സാമൂഹ്യ-സാമ്പത്തിക-ജാതി കണക്കെടുപ്പ് പ്രകാരം തിരിച്ചറിയപ്പെടുന്ന ദുർബ്ബല വിഭാഗങ്ങൾക്കും നിലവിൽ സജീവമായ ആർ.എസ്.ബി.വൈ. കുടുംബങ്ങൾക്കും അഞ്ച് ലക്ഷം രൂപ വരെയുള്ള ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ടാണ് പദ്ധതി കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/സ്വകാര്യ ആശുപത്രികൾ വഴി സൗജന്യ ചികിത്സാ ആനുകൂല്യം ഗുണഭോക്താക്കൾക്ക് നൽകുന്നു. സാമ്പത്തിക-ജാതി കണക്കെടുപ്പ് പ്രകാരം കേരളത്തിൽ 18.58 ലക്ഷം കുടുംബങ്ങളും ആർ.എസ്.ബി.വൈ. പദ്ധതിയിൽ 21.57 ലക്ഷം കുടുംബങ്ങളുമാണുള്ളത്. ആയതിനാൽ കേരളത്തിലെ ആർ.എസ്.ബി.വൈ. പദ്ധതിയുടെ ഗുണഭോക്താക്കൾ ആരും തന്നെ പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെടുന്നില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. പ്രസ്തുത പദ്ധതിയിൽ സംസ്ഥാനം ഭാഗമാകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്രസർക്കാർ വകയിരുത്തിയിരിക്കുന്ന തുകയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. പദ്ധതി ഇൻഷ്വറൻസ് രീതിയിൽ സംസ്ഥാനത്ത് നടപ്പാക്കുന്നതെങ്കിൽ പ്രീമിയം സംബന്ധിച്ച വിവരങ്ങൾ ടെണ്ടർ പ്രക്രിയ കഴിഞ്ഞതിനുശേഷമേ കണക്കാക്കാനാകുകയുള്ളൂ.

(സി) ആർ.എസ്.ബി.വൈ. പദ്ധതിക്ക് പകരമായി വരുന്ന പദ്ധതിയാണ് പുതിയ പദ്ധതി. ആർ.എസ്.ബി.വൈ. പദ്ധതിക്കായി കേന്ദ്ര സർക്കാർ 60 ശതമാനം തുക നിലവിൽ നൽകിവരുന്നു. പ്രസ്തുത പദ്ധതിക്കായി നാളിതുവരെ സംസ്ഥാനത്തിന് ലഭിച്ച കേന്ദ്ര വിഹിതം ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| 2008-10 | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|
| 42.00 | 43.00 | 66.00 | 129.00 | 111.00 |

| 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| 115.00 | 102.00 | 67.43 | 83.40 | 86.91 |

ആർ.എസ്.ബി.വൈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ചുവടെ ചേർക്കുന്നു:

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യസംരക്ഷണവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഇൻഷ്വറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ). ആർ.എസ്.ബി.വൈ. പദ്ധതി നടത്തിപ്പിൽ ഇഷ്വറൻസ് പ്രീമിയത്തിന്റെ 60% കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. സംസ്ഥാനത്ത് തൊഴിൽവകുപ്പും ആരോഗ്യവകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ നോഡൽ വകുപ്പാണ് തൊഴിൽ വകുപ്പ്. തൊഴിൽ വകുപ്പിന്റെ കീഴിൽ ആർ.എസ്.ബി.വൈ/ചിസ് പദ്ധതി നടത്തിപ്പിനായി രൂപീകൃതമായ സ്ഥാപനമാണ് ചിയാക്ക് (Comprehensive Health Insurance Agency of Kerala).

<u>സേവനങ്ങൾ</u>

- ഒരു വർഷത്തിൽ ഒരു കുടുംബത്തിന് സി.എച്ച്.സി.-ക്കുമുകളിലുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും 30,000 രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കും.
- ഒരു കുടുംബത്തിലെ അഞ്ച് പേർക്കാണ് സഹായം അനുവദിക്കുക. അതായത് കുടുംബനാഥനോ/നാഥയോ, പങ്കാളിയും പിന്നെ മൂന്ന് ആശ്രിതർക്കും പങ്കാളിയുടെ അഭാവത്തിൽ നാലാമത്തെ അംഗത്തെ കുടുംബനാഥന്/നാഥയ്ക്ക് തെരെഞ്ഞെടുക്കാവുന്നതാണ്.
- തുക ഒരു അംഗത്തിന് മാത്രമായോ അഞ്ച് അംഗങ്ങൾക്കായോ ഉപയോഗപ്പെടുത്താവുന്നതാണ്.
- ജനറൽ വാർഡിൽ സൗജന്യ കിടത്തി ചികിത്സയാണ് ലഭിക്കുന്നത്.
- കിടത്തിച്ചികിത്സിക്കുമ്പോൾ ആവശ്യമായി വരുന്ന മരുന്നുകൾ, സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും.

- നിലവിൽ രോഗികളായവർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.
- പ്രസവചികിത്സയ്ക്കും പദ്ധതി സൗജന്യം ലഭിക്കും.
- ചികിത്സ കഴിഞ്ഞു മടങ്ങുമ്പോൾ നൂറു രൂപ യാത്രാക്കൂലി ലഭിക്കും.
- പദ്ധതിയിൽ ചേരുന്നതിനു പ്രായപരിധി ഇല്ല.
- പേപ്പർലെസ്സ്/ക്യാഷ്ലെസ്സ് ആയിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ചികിത്സയ്ക്കായി രോഗി ഒരു രൂപയും മുടക്കേണ്ടതില്ല. സ്മാർട്ട് കാർഡ് മാത്രം ആശുപത്രിയിൽ നൽകിയാൽ മതിയാകും.
- ആർ.എസ്.ബി.വൈ/ചിസ് പദ്ധതിയിൽ അംഗമായ 60 വയസിനും അതിനു മുകളിൽ പ്രായമുള്ളവർക്കും എസ് ചിസ് പദ്ധതി വഴി കുടുംബത്തിലെ ഓരോ മുതിർന്ന പൗരനും 30,000 രൂപയുടെ അധിക ആനുകൂല്യം നൽകിവരുന്നു.

സർക്കാർ ആശുപത്രികളിൽ പദ്ധതി വഴി കിട്ടുന്ന തുക അതാത് ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും രോഗികൾക്ക് വിദഗ്ദ്ധ സേവനം നൽകുന്നതിനും ഉപയോഗിക്കാം. പ്രസ്തുത തുക ജനസേവനത്തിന് തിരിച്ചെത്തുന്നു എന്ന പ്രത്യേകതയും ഈ പദ്ധതിക്കുണ്ട്.

ചികിത്സയ്ക്ക് ആവശ്യമായ തുക അതാത് ആശുപത്രികൾക്കാണ് കൈമാറുക. രോഗികൾക്ക് നേരിട്ട് പണം നൽകില്ല. സ്മാർട്ട് കാർഡ് വഴിയാണ് ഇതിന്റെ സേവനം രോഗികൾക്ക് ലഭ്യമാക്കുക. പദ്ധതി നിലവിലുള്ള ആശുപത്രികളിൽ രോഗിയെ സഹായിക്കാൻ ആർ.എസ്.ബി.വൈ. പ്രത്യേക കൗണ്ടറുകൾ ഉണ്ട്.

(ഡി) ഉൾപ്പെടുത്തും. സംസ്ഥാനത്ത നിലവിലുള്ള എല്ലാ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെയും സംയോജിപ്പിച്ചുകൊണ്ടാണ് പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

## ഓൺലൈൻ മരുന്ന് വ്യാപാരം

17(*17) ശ്രീ. സി. ദിവാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ മരുന്ന് വ്യാപാരം അനുവദിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ;

(ബി) ഓൺലൈൻ മരുന്ന് വ്യാപാരത്തിന്റെ ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഏതൊക്കെ തരത്തിലുള്ള മരുന്നുകളെയാണ് ഓൺലൈനായി വില്പന നടത്തുന്നതിൽനിന്നും വിലക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓൺലൈൻ മരുന്നുകളുടെ പരിശോധനയ്ക്ക് എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ-ഡി) രാജ്യത്ത് മരുന്ന് നിർമ്മാണവും വിതരണവും വിൽപ്പനയും നടത്തുന്നതിന് കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരമാണ്. ഇ-ഫാർമസി നിയമപരമാക്കുന്നതിന് 2018 ആഗസ്റ്റ് 28-ന് GSR 817(E) പ്രകാരം കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945 ഭേദഗതി ചെയ്ത് Part VI (B) ആയി "Sale of Drugs by e-pharmacy" എന്ന തലക്കെട്ടോടുകൂടി ഓൺലൈൻ മരുന്നുവ്യാപാരം സംബന്ധിച്ചുള്ള നിയമനിർമ്മാണം സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഈ നിയമനിർമ്മാണ നടപടികൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന് മറ്റു വിവരങ്ങളൊന്നും ഔദ്യോഗികമായി ലഭ്യമല്ല.

**ചരിത്രരേഖകളുടെ സംരക്ഷണം**

18 (*18) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പന്നമായ ചരിത്രരേഖകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനും പുരാവസ്തു വകുപ്പ് സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) ഈ സർവ്വേയിൽ അമൂല്യ ചരിത്രരേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) മലപ്പുറം ജില്ലയിൽനിന്നും അഞ്ഞൂറോളം വർഷം പഴക്കമുള്ള അറബിയിലുള്ള ആയുർവേദ ഗ്രന്ഥങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഡി) ഇവ എപ്രകാരം സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): (എ&ബി) സംസ്ഥാനത്തെ സമ്പന്നമായ ചരിത്ര രേഖകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പുരാവസ്തുവകുപ്പ് സർവ്വേ നടത്തിയിട്ടില്ല. എന്നാൽ പുരാരേഖാവകുപ്പ് സാക്ഷരതാ മിഷനുമായി ചേർന്ന് സർവ്വേ നടത്തുകയും അമൂല്യമായ ചരിത്ര രേഖകൾ കണ്ടെത്തിയിട്ടുമുണ്ട്.

(സി&ഡി) ഉണ്ട്. മലപ്പുറം ജില്ലയിൽ പൊന്നാനി നഗരസഭയിൽ ഊരമ്പുള്ളി അഹമ്മദ് കബീർ എന്ന വ്യക്തിയുടെ വീട്ടിൽ 500 വർഷം പഴക്കമുള്ള ആയുർവേദ ഗ്രന്ഥങ്ങൾ, കളരി ഗ്രന്ഥങ്ങൾ, വിഷ ചികിത്സാ ഗ്രന്ഥങ്ങൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്. ടി രേഖകൾ ഇപ്പോഴും ഈ വ്യക്തിയുടെ കൈവശം തന്നെയാണുള്ളത്. ടി രേഖകൾ പുരാരേഖാ വകുപ്പിന് കൈമാറുന്നപക്ഷം അവ ഏറ്റെടുത്ത് ഇൻഡക്സിംഗ് തയ്യാറാക്കി ശാസ്ത്രീയമായി സംരക്ഷിച്ച് വരുംതലമുറയ്ക്ക് പുനർവായനയ്ക്ക് നൽകുകയും അല്ലാത്തപക്ഷം ടി രേഖകൾ സ്വന്തം സ്ഥലത്ത് തന്നെ വകുപ്പിന്റെ മേൽനോട്ടത്തിൽ ശാസ്ത്രീയമായി സംരക്ഷിക്കുകയും പരിരക്ഷിച്ച് നൽകുവാനുമാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

**റേഷൻ കാർഡ് വിതരണത്തിലെ കാലതാമസം**

19 (*19) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് കാലതാമസം ഉണ്ടായിട്ടുള്ളതെന്നും ആയതിന്റെ കാരണങ്ങളും വിശദമാക്കുമോ;

(സി) അനർഹമായി മുൻഗണന വിഭാഗങ്ങളിൽ കടന്നുകൂടിയിട്ടുള്ള ആളുകളെ ഒഴിവാക്കുന്ന നടപടിയുടെയും അർഹരായ ആളുകളെ ഉൾക്കൊള്ളിക്കുന്ന നടപടിയുടെയും പുരോഗതി വ്യക്തമാക്കുമോ;

(ഡി) റേഷൻകാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ഉണ്ട്. റേഷൻ കാർഡുകൾ സംബന്ധിച്ച എല്ലാ അപേക്ഷകളും 25-6-2018 മുതൽ

സ്വീകരിച്ചുതുടങ്ങി. കഴിഞ്ഞ 4 വർഷമായി റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. അതുകൊണ്ടുണ്ടായി ക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കൂടുതൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ, സി-ഡിറ്റ്, അക്ഷയ എന്നിവ വഴി വിനിയോഗിച്ച് താലൂക്ക് ആസ്ഥാനങ്ങളിൽ തന്നെ കാർഡുകൾ പ്രിന്റ് ചെയ്തെടുത്ത് വിതരണം നടത്തി വരുന്നു.

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഒരേ സമയത്താണ് റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയത്. നിലവിൽ എല്ലാ ജില്ലകളിലും ഒരേ വേഗതയിലാണ് അപേക്ഷകളിന്മേൽ ഡാറ്റ എൻട്രി നടത്തിവരുന്നത്. ആയവ തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ജില്ലാതലത്തിലുള്ള നടപടികളുടെ ഉന്നതതല അവലോകനം നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം-2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി 1,54,80,030 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 7.50 ലക്ഷം പരാതികൾ റേഷൻ കടകൾ വഴി അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ആയതിൽനിന്നും താലൂക്കുതല റാങ്കിംഗ് നടത്തി നിലവിലുള്ള ഒഴിവുകളിലേയ്ക്ക് 13,658 എ.എ.വൈ. കാർഡുകാരെയും 1,93,132 മുൻഗണനാ കാർഡുകാരെയും (ആകെ 2,06,790 കാർഡുകൾ) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ഏകദേശം 13 ലക്ഷം അർഹരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ തദ്ദേശ സ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി റേഷൻ കാർഡ് സിസ്റ്റം (ആർ.സി.എം.എസ്) ഡാറ്റ മാപ്പിംഗ് നടത്തിയതുപ്രകാരം ഫീൽഡുതല പരിശോധനയിൽ ഇതുവരെ 65,902 കുടുംബങ്ങൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരോ താലൂക്കിലും കണ്ടെത്തിയ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ഒഴിച്ചിട്ട ശേഷം ശേഷിക്കുന്ന ഒഴിവുകളിൽ അദാലത്തുകൾ നടത്തി തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽനിന്നും അർഹരെ ഉൾപ്പെടുത്തിവരുന്നു. ഇതുവരെ 48,269

കുടുംബങ്ങളെ, അതായത് 1,98,722 പേരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. ഓരോ ദിവസവും അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നു വരുന്നു.

(ഡി) റേഷൻ കാർഡുകളുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും 25-6-2018 മുതൽ സ്വീകരിച്ചുതുടങ്ങിയിരുന്നു. 20-11-2018 വരെ താലൂക്ക് സപ്ലൈസ്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ നേരിട്ട് ലഭിച്ച 11,51,678 അപേക്ഷകളിൽ 10,09,557 അപേക്ഷകൾ ഡാറ്റ എൻട്രി നടത്തിക്കഴിഞ്ഞു (ഏകദേശം 90%). അക്ഷയ വഴി 3,27,364 അപേക്ഷകളും ഓൺലൈൻ മുഖേന 43,910 അപേക്ഷകളും താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ നേരിട്ട് ലഭിച്ച 11,51,678 അപേക്ഷകളും എന്നിങ്ങനെ ആകെ 15,22,952 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് ഡാറ്റ എൻട്രി നടത്താൻ സി-ഡിറ്റിൽ നിന്നുള്ള ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ കൂടാതെ അക്ഷയ വഴിയും ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. നിലവിൽ 88% ഡാറ്റ എൻട്രി പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ, റേഷൻ കാർഡ് പ്രിന്റ് എടുക്കുന്നതിനുവേണ്ടി ഏകദേശം 150 പ്രിന്ററും 80 ലാമിനേഷൻ മെഷീനും ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്.

**സായംപ്രഭ സമഗ്രപദ്ധതി**

20(*20) ശ്രീ. കെ. ആൻസലൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനായി സായംപ്രഭ എന്ന പേരിൽ സമഗ്രപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി വയോജന മന്ദിരങ്ങൾ ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വയോജനങ്ങൾ നേരിടുന്ന അവഗണനയ്ക്ക് എതിരെ പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനിതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്. സായംപ്രഭ ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാന സർക്കാരിനുകീഴിലുള്ള വിവിധ വൃദ്ധസദനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും വയോജന പകൽ പരിപാലന കേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനും സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സർക്കാർ വൃദ്ധമന്ദിരങ്ങളിൽ ഹൈടെക് ബെഡ്ഡുകൾ സജ്ജീകരിക്കൽ, സി.സി.ടി.വി. ക്യാമറകൾ ഘടിപ്പിക്കൽ, കിടപ്പുരോഗികളെ കിടത്തി കുളിപ്പിക്കുന്നതിനും മറ്റുമായി പ്രത്യേക ബെഡ്ഡുകൾ, സ്വയംതൊഴിൽ സൗകര്യം തുടങ്ങിയ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. കൂടാതെ പുലയനാർകോട്ട കെയർ ഹോമിൽ ദമ്പതികളായ വൃദ്ധജനങ്ങൾക്ക് താമസിക്കുന്നതിനായി Couple Home പണിയുന്നതിന് 4,49,84,000 രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ജോലികൾ ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ പഞ്ചായത്ത്/നഗരസഭയുടെ ഉടമസ്ഥതയിലുള്ള വയോജന പകൽ പരിപാലന കേന്ദ്രങ്ങളെ ആധുനികവൽക്കരിക്കുന്നതിനായി സായംപ്രഭാ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇത് പ്രകാരം പ്രസ്തുത പകൽ പരിപാലന കേന്ദ്രങ്ങളിൽ കെയർ ഗിവർ സേവനം, യോഗ, മെഡിറ്റേഷൻ ക്ലാസ്സുകൾ, വിനോദോപാധികൾ, മറ്റ് ഫർണിച്ചർ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തി വരുന്നു.

(സി) വയോജനങ്ങൾ നേരിടുന്ന അവഗണനയ്ക്ക് എതിരെ പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി പല വിധത്തിലുള്ള പ്രോഗ്രാമുകളും സെമിനാറുകളും മറ്റ് പ്രവർത്തനങ്ങളും വകുപ്പ് മുഖാന്തിരം നടത്തി വരുന്നുണ്ട്. വയോജന ദിനാചരണം, വയോജന പീഡന വിരുദ്ധ ദിനാചരണം തുടങ്ങിയ ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട് വയോജന സംരക്ഷണ നിയമം, വയോജനങ്ങൾ സമൂഹത്തിൽ അനുഭവിക്കുന്ന അവഗണനയും അതിക്രമങ്ങളും സംബന്ധിച്ച് വിദഗ്ദ്ധരുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ മെയിന്റനൻസ് ട്രിബ്യൂണലുകളുടെ ആഭിമിഖ്യത്തിൽ വകുപ്പിന്റെ ധനസഹായത്തോടെ സായന്തനം, വയോസംഗമം തുടങ്ങിയ പരിപാടികൾ പൊതുജനങ്ങളുടെ അവബോധാർത്ഥം നടത്തി വരുന്നുണ്ട്. വയോജനങ്ങളോടുള്ള അവഗണനാപരമായ സമിപനത്തിന് മാറ്റം വരുത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങേണ്ടത് കുട്ടികളിൽ നിന്നാണെന്ന തിരിച്ചറിവിൽ സംസ്ഥാനത്തെ സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ചും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമത്തിന്റെ സംസ്ഥാന ചട്ടങ്ങൾ പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ കമ്മറ്റികൾ എന്നിവ വഴിയും പൊതുജനങ്ങൾക്ക് അറിവും ബോധവൽക്കരണവും നടത്തിവരുന്നു.

**മ്യൂസിയങ്ങളുടെ വികസനവും നവീകരണവും**

21(*21) ശ്രീ. കെ. ജെ. മാക്സി :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മ്യൂസിയങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് അവിഷ്കരിച്ചിട്ടുള്ളത്;

(ബി) മ്യൂസിയങ്ങളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) കനത്ത മഴയേയും പ്രകൃതി ക്ഷോഭത്തെയും തുടർന്ന് പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ അവസ്ഥ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ഇ) പുനരുദ്ധാരണം ആവശ്യമായി വരുന്ന സംരക്ഷിത സ്മാരകങ്ങളെ പൂർവ്വസ്ഥിതിയിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): (എ) പുരാവസ്തു വകുപ്പിന് കീഴിലുള്ള തക്കല പത്മനാഭപുരം കൊട്ടാരം, കായംകുളം കൃഷ്ണപുരം കൊട്ടാരം, ഹിൽ പാലസ് മ്യൂസിയം, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം എന്നിവിടങ്ങളിൽ പുരാവസ്തു വകുപ്പിന്റെ തനതു ഫണ്ട് ഉപയോഗിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ, ഘടനാപരവും രാസപരവുമായ സംരക്ഷണ പ്രവർത്തികൾ എന്നിവ നടത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ഹിൽ പാലസ് മ്യൂസിയം, കോയിക്കൽ കൊട്ടാരം, പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ പുനരുദ്ധാരണപ്രവൃത്തികൾ നടന്നുവരുന്നു.

മ്യൂസിയം മൃഗശാല വകുപ്പിന്റെ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന നേപ്പിയർ മ്യൂസിയത്തിൽ കെട്ടിടം പുനരുദ്ധാരണം നടത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ധസമിതിയുടെ നേതൃത്വത്തിൽ സംരക്ഷിത പ്രവർത്തനങ്ങൾ നടന്നുവരുന്നു. നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണം, കലാവസ്തുക്കളുടെ ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനം എന്നിവ അന്തർദ്ദേശീയ നിലവാരത്തിൽ സജ്ജമാക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ പുതുതായി ആരംഭിക്കുന്ന ഹെറിറ്റേജ് മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണത്തിന്റെ 95% പൂർത്തിയായിക്കഴിഞ്ഞു. രണ്ടാം ഘട്ടമായി ആധുനിക രീതിയിലുള്ള ഡിസ്പ്ലേ സംവിധാനം സജ്ജമാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ രാജ്യാന്തര നിലവാരത്തിലുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷിക്കാരായ സന്ദർശകരുടെ ആവശ്യത്തിനായി ലിഫ്റ്റ്, റാമ്പ്, പാർക്കിംഗ് സംവിധാനം, സ്പെഷ്യൽ ടോയ്‌ലറ്റുകൾ എന്നിവ ഏർപ്പെടുത്തി. കൂടാതെ നേപ്പിയർ മ്യൂസിയത്തിൽ ഭിന്നശേഷിക്കാർക്കായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ, ഷോർട്ട് ഫിലിമുകൾ, ശ്രാവ്യ സംവിധാനം, ലൈറ്റിംഗ് സംവിധാനങ്ങൾ തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കോഴിക്കോട് ആർട്ട് ഗ്യാലറി ആൻഡ് കൃഷ്ണമേനോൻ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് ആദ്യമായി മ്യൂസിയം കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു.

തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയം, മൃഗശാലയിലെ ആർട്ട് മ്യൂസിയം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) ഉണ്ട്.

(സി) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യപടിയായി 8 ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മ്യൂസിയം സജ്ജികരണ പുരോഗതി ചുവടെ ചേർക്കുന്നു.

<u>തിരുവനന്തപുരം</u> :- ജില്ലാ പൈതൃക മ്യൂസിയം ശ്രീപാദം കൊട്ടാരത്തിലാണ് സ്ഥാപിച്ചിരിക്കുന്നത്. മ്യൂസിയത്തിന്റെ ഘടനാപരമായ സംരക്ഷണ ജോലികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശനവസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

<u>പത്തനംതിട്ട</u>:- ജില്ലാ പൈതൃക മ്യൂസിയം കോന്നി ആനത്താവളത്തിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കെട്ടിടങ്ങളുടെ നവീകരണം അവസാന ഘട്ടത്തിലാണ്. മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം ആരംഭിച്ചു.

<u>എറണാകുളം</u>:- ജില്ലാ പൈതൃക മ്യൂസിയം ഫോർട്ട് കൊച്ചിയിലെ ബാസ്റ്റ്യൺ ബംഗ്ലാവിലാണ് സ്ഥാപിക്കുന്നത്. മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഘടനാപരമായ സംരക്ഷണപ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശന വസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള പദ്ധതിരേഖ M/S Fi Designs & development (P) Ltd. എന്ന സ്ഥാപനം മുഖേന തയ്യാറാക്കി വരുന്നു.

<u>ഇടുക്കി</u>:- ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം കെട്ടിടത്തിന്റെ ഘടനാപരമായ പ്രവൃത്തികൾ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം പൂർത്തിയായിട്ടുണ്ട്.

<u>തൃശ്ശൂർ</u>:-തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ പൂർത്തിയാക്കി 22-6-2018-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്.

<u>പാലക്കാട്</u> :- പാലക്കാട് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ ഘടനാപരമായ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശന വസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള പദ്ധതി രൂപം M/S Architechno Consultants India (Pvt) ltd. എന്ന സ്ഥാപനം മുഖേന പുരോഗമിച്ചുവരുന്നു.

വയനാട്:- ജില്ലാ പൈതൃക മ്യൂസിയം മാനന്തവാടി പഴശ്ശി കുടീരത്തിലാണ് സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ നവീകരണം, ക്യാമറകൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയായി. ചുറ്റുമതിൽ നിർമ്മാണം സന്ദർശകർക്കുള്ള ശുചിമുറി എന്നിവയുടെ നിർമ്മാണം പുരോഗതിയിലാണ്.

മലപ്പുറം:- ജില്ലാ പൈതൃക മ്യൂസിയം സജ്ജികരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരുന്നതിനാൽ ടി കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി&ഇ) ഉണ്ട്. പ്രളയത്തെ തുടർന്ന് കേടുപാടുകൾ സംഭവിച്ച പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സ്മാരകങ്ങളിൽ പുനരുദ്ധാരണം/സംരക്ഷണം ആവശ്യ മായവയെ കണ്ടെത്തി ടി സ്മാരകങ്ങളുടെ പ്രാധാന്യമനുസരിച്ച് ആവശ്യമായ സംരക്ഷണപ്രവൃത്തികളും അറ്റകുറ്റപ്പണികളും ആരംഭിച്ചിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ എടക്കൽ ഗുഹയ്ക്ക് പ്രളയത്തെത്തുടർന്ന് കേടുപാടുകൾ സംഭവിക്കുകയും ആയത് പരിശോധിക്കുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുവാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുമുണ്ട്.

## ശബരിമലയിലെ സുരക്ഷാ നടപടികൾ

22(*22) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ സ്ഥിതിവിശേഷം അത്യന്തം ഗുരുതരമെന്ന് സൂചിപ്പിച്ച് ശബരിമല സ്പെഷ്യൽ കമ്മീഷണർ കേരള ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശബരിമലയിൽ എന്തെങ്കിലും പ്രത്യേക സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മഹാഭൂരിപക്ഷം വരുന്ന വിശ്വാസി സമൂഹത്തെ നേരിട്ട് ബാധിക്കുന്ന വിഷയമെന്ന നിലയിൽ അതിനെ സമീപിക്കുമ്പോൾ കാണിക്കേണ്ട സൂക്ഷ്മത പുലർത്താതെ വിശ്വാസികളെ പ്രകോപിപ്പിക്കുന്ന തരത്തിലുള്ള സമീപനം സർക്കാർ ഭാഗത്തുനിന്നും ഉണ്ടായതുകൊണ്ടാണ് ശബരിമല വിഷയം അതീവഗുരുതരമായത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ ;

(ഡി) മലകയറുവാനെത്തിയ ആക്ടിവിസ്റ്റുകളായ യുവതികളെ പോലീസുദ്യോഗസ്ഥരുടെ സുരക്ഷാവലയത്തിൽ സന്നിധാനത്തേക്ക് കൊണ്ടുപോയതും അവരിൽ ചിലർക്ക് പോലീസിന്റെ ഹെൽമെറ്റും സുരക്ഷാ കവചവും നൽകിയതുമാണ് ഗുരുതരമായ അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഇത്തരം നിലപാടുകൾ വർഗ്ഗീയ കക്ഷികൾക്ക് ശബരിമലയിൽ അഴിഞ്ഞാടുവാൻ അവസരം ഉണ്ടാക്കുകയും സന്നിധാനത്തിന്റെ നിയന്ത്രണം പോലും അവർക്ക് കൈമാറുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുകയും ചെയ്തിട്ടില്ലേ എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ബി) ശബരിമലയിലെ സ്ഥിതിവിശേഷം അത്യന്തം ഗുരുതരമെന്ന് സൂചിപ്പിച്ച് ശബരിമല സ്പെഷ്യൽ കമ്മീഷണർ കേരള ഹൈക്കോടതിയിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശബരിമലയിൽ പ്രത്യേക സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ചിലർ 18-ാം പടിയിൽ ആചാര ലംഘനം നടത്തിയ കാര്യവും 52-കാരിയായ ഒരു സ്ത്രീയെ അക്രമികൾ വളഞ്ഞ് ആക്രമിച്ചതായും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മണ്ഡലകാലം മുതൽ സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും എരുമേലിയിലും മതിയായ പോലീസ് സംരക്ഷണം ഒരുക്കിയിട്ടുണ്ട്.

(സി) 1991-ലെ ബഹു. ഹൈക്കോടതിയുടെ വിധി പ്രകാരം ശബരിമലയിൽ യുവതികളായ തീർത്ഥാടകർക്ക് ദർശനം നടത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് ബഹു. സുപ്രീംകോടതിയുടെ 2018 സെപ്റ്റംബർ 28-ന് പുറപ്പെടുവിച്ച വിധിയോടെ റദ്ദായിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാരിന് കോടതി വിധി നടപ്പിലാക്കാൻ മാത്രമേ കഴിയുകയുള്ളൂവെന്ന നിജസ്ഥിതി മറച്ചുവച്ചുകൊണ്ട് ശബരിമലയിലും സംസ്ഥാനത്താകമാനവും ആചാരസംരക്ഷണമെന്ന വ്യാജേന കുഴപ്പങ്ങൾ സൃഷ്ടിക്കാൻ ചിലർ ശ്രമിച്ചതാണ് പ്രശ്നങ്ങൾക്ക് കാരണമായത്. പ്രായഭേദമെന്യേ സ്ത്രീകൾ പ്രവേശിക്കുന്നതിനെതിരെ ആദ്യം പന്തളത്തും പിന്നീട് സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും പ്രതിഷേധങ്ങൾ ഉണ്ടായിത്തുടങ്ങി. വിഷയം രമ്യമായി പരിഹരിക്കുന്നതിനും ശബരിമലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനും സർവ്വകക്ഷി യോഗം ഉൾപ്പെടെ വിവിധ തലങ്ങളിൽ സർക്കാർ ചർച്ചകൾ നടത്തിയിട്ടുണ്ട്. വിശ്വാസികളെ പ്രകോപിപ്പിക്കുന്ന തരത്തിലുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും നാളിതുവരെ ഉണ്ടായിട്ടില്ല.

(ഡി) 2018 സെപ്റ്റംബർ 28-ാം തീയതി പുറപ്പെടുവിച്ച സുപ്രീം കൊടതി വിധിയുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ യുവതികളായ തീർത്ഥാടകർക്ക് ദരശനം നടത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് നീങ്ങിയ സാഹചര്യത്തിൽ ദർശനത്തിനായി ഏതാനും യുവതികൾ മുന്നോട്ട് വന്നിരുന്നു. അവരെ തിരിച്ചയയ്ക്കുന്നത് കോടതി അലക്ഷ്യമാകുമെന്നതിനാലും ഭക്തരെന്ന വ്യാജേന ശബരിമലയിൽ എത്തിയ ഏതാനും ചില സാമൂഹ്യവിരുദ്ധർ ഇവരെ അക്രമിക്കാനുള്ള സാദ്ധ്യത മുന്നിൽ കണ്ടുമാണ് ആ സാഹചര്യത്തിൽ പോലീസ് സംരക്ഷണം നൽകിയിരുന്നത്.

(ഇ) സുപ്രീംകോടതി വിധി സർക്കാർ നടപ്പാക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചത്. ഇതിനെ എതിർത്താണ് ചില സാമൂഹ്യവിരുദ്ധർ പ്രശ്നങ്ങൾ ഉണ്ടാക്കിയത്. സന്നിധാനം പോലീസ് നിയന്ത്രണത്തിൽ തന്നെയായിരുന്നു. സന്നിധാനത്ത് രക്തച്ചൊരിച്ചിൽ ഇല്ലാതാക്കാൻ പോലിസ് പരമാവധി സംയമനം പാലിക്കുകയാണ് ഉണ്ടായത്. മണ്ഡലകാലം മുതൽ സന്നിധാനത്ത് മതിയായ പോലീസ് സുരക്ഷ ഒരുക്കിയിട്ടുണ്ട്.

**സമ്പുഷ്ട കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

23(*23) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ദാസൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സമ്പുഷ്ട കേരളം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ;

(സി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഏതെല്ലാം ജില്ലകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുകയെന്നും വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം വകുപ്പുകളുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കുന്നതെന്നും പദ്ധതിയുടെ നടത്തിപ്പിനും ഏകോപനത്തിനുമായി പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

0-6 വയസ്സുവരെയുള്ള കുട്ടികളിലെ stunting 6% ആയി കുറയ്ക്കുക, 6-59 മാസം പ്രായമുള്ള കുട്ടികളിലെ വിളർച്ച 9% കുറയ്ക്കുക, 15-49 വയസ്സുവരെയുള്ള സ്ത്രീകളിലെ വിളർച്ച 9% കുറയ്ക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ട് നാഷണൽ ന്യൂട്രീഷ്യൻ മിഷൻ (സമ്പുഷ്ട കേരളം) എന്ന ഒരു പുതിയ കേന്ദ്രപദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ സമഗ്ര വികസനത്തിനായുള്ള സംയോജിത ശിശു വികസന പദ്ധതി, ജനനം മുതൽ 5 വയസ്സുവരെയുള്ള ഓരോ കുഞ്ഞിന്റേയും പോഷകാഹാര നില, പ്രായത്തിനനുസരിച്ചുള്ള തൂക്കം, ഉയരം എന്നീ സൂചകങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തുകയും ചെയ്യുന്ന രണ്ടു സോഫ്റ്റ്‌വെയറുകളായ ജാതക്-ജനനി പദ്ധതിയും സ്ത്രീകൾക്ക് അവരുടെ ആദ്യ കുഞ്ഞിനെ ഗർഭം ധരിക്കുന്ന കാലയളവിലും പ്രസവാനന്തരവും അവർക്കുണ്ടാകുന്ന വേതനനഷ്ടം ഭാഗികമായി നികത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പ്രധാനമന്ത്രി മാതൃ വന്ദനയോജന പദ്ധതിയും വിജയകരമായി നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ പറയുന്നു:

1. Stunting (0-6 വയസ്സ്) - 6% കുറയ്ക്കുക
2. തൂക്കക്കുറവ് (0-6 വയസ്സ്) - 6% കുറയ്ക്കുക
3. വിളർച്ച (6-59 മാസം) - 6% കുറയ്ക്കുക
4. വിളർച്ച (സ്ത്രീകളിലും കൗമാര-പ്രായക്കാരായ പെൺകുട്ടികളിലും)
   15-49 വയസ്സ് - 9% കുറയ്ക്കുക
5. Low Birth Weight - 6% കുറയ്ക്കുക

ഇതോടൊപ്പം സമ്പൂർണ്ണ മുലയൂട്ടലിന്റെ നിരക്ക് വർദ്ധിപ്പിക്കുക, അമിതവണ്ണം കുറയ്ക്കുക എന്നിവകൂടി സമ്പുഷ്ട കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പദ്ധതി ആദ്യം നടപ്പിലാക്കുന്നത്.

(ഡി) ചുവടെപ്പറയുന്ന വകുപ്പുകളുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്:

1. വനിതാ ശിശു വികസന വകുപ്പ്
2. തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ്
4. പൊതു വിദ്യാഭ്യാസ വകുപ്പ്
5. പട്ടികജാതി വകുപ്പ്
6. പട്ടികവർഗ്ഗ വകുപ്പ്
7. ആയുഷ് വകുപ്പ്
8. ജലവിഭവ വകുപ്പ്
9. കൃഷി വകുപ്പ്
10. മൃഗസംരക്ഷണ വകുപ്പ്
11. കുടുംബശ്രീ
12. ആരോഗ്യവകുപ്പ്
13. പഞ്ചായത്ത് വകുപ്പ്
14. നഗരകാര്യ വകുപ്പ്
15. ഡെയറി ഡവലപ്മെന്റ് വകുപ്പ്
16. ശുചിത്വ മിഷൻ
17. ജലനിധി.

സംയോജിത ശിശു വികസന പദ്ധതികൾ (ICDS), പ്രധാനമന്ത്രി മാതൃവന്ദന യോജന (PMMVY), കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതി (SAG), ജനനി സുരക്ഷാ യോജന (YSY), ദേശീയ ആരോഗ്യമിഷൻ (NHM), ശുചിത്വ മിഷൻ, കുടിവെള്ളം, പൊതുവിതരണ സംവിധാനം (PDS) എന്നീ പദ്ധതികൾ ഏകോപിപ്പിക്കാൻ സംസ്ഥാന തലങ്ങളിൽ Mission Monitoring & Co-ordination Committee (MMCC) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷനിലെ വാർഡ് തലത്തിലുള്ള Village Health Sanitation & Nutrition committee -കൾ വഴി മുകളിൽ പരാമർശിച്ച വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനമാണ് പദ്ധതി ഉദ്ദേശിക്കുന്നത്.

## കലാപശ്രമങ്ങൾ അടിച്ചമർത്താൻ നടപടി

24 (*24) ശ്രീ. ബി. സത്യൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ബാബു:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന നായകർ ആചാരക്രമങ്ങളെ മാറ്റിമറിച്ചിട്ടുള്ള കേരളീയ സമൂഹത്തിൽ പരമോന്നത നീതിപീഠം ദുരാചാരങ്ങൾ മാറ്റാൻ ആവശ്യപ്പെട്ടത് സംസ്ഥാനത്ത് കലാപത്തിലൂടെ വർഗ്ഗീയ ചേരിതിരിവിനുള്ള സുവർണ്ണാവസരമായി രാജ്യം ഭരിക്കുന്ന പാർട്ടിയുടെ സംസ്ഥാന നേതാവ് തന്നെ പ്രഖ്യാപിച്ച സ്ഥിതിയിൽ സമൂഹദ്രോഹികൾ അഴിഞ്ഞാടാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തിരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ നിയമവിരുദ്ധമായി അട്ടിമറിക്കുമെന്ന കേന്ദ്ര ഭരണകക്ഷി നേതാവിന്റെ ആഹ്വാനത്തെ തുടർന്ന് സന്നിധാനത്തുൾപ്പെടെ കലാപം സൃഷ്ടിക്കാൻ ശ്രമിച്ചവർക്കെതിരെ കർശന നടപടിയെടുക്കാൻ വേണ്ട നിർദ്ദേശം നൽകുമോ;

(സി) വിശ്വാസ സംരക്ഷകർ എന്ന വ്യാജേന ശബരിമല സന്നിധാനത്തുൾപ്പെടെ ക്രിമിനൽ സംഘങ്ങൾ ആചാരലംഘനവും നിയമലംഘനവും നടത്തിയതിനെതിരെയും ഭരണഘടന കത്തിക്കണമെന്നും പിന്തിരിപ്പൻമാരെ എതിർത്തതിന് മുൻ എം.പി.-യായ പി സതിദേവിയെ പോലുള്ളവരെ കൊത്തിനുറുക്കാനും ഭക്തരായ സ്ത്രീകളെ അടിച്ചുകൊല്ലാനും ആഹ്വാനം ചെയ്തതിനെതിരെയും കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ&ബി) 28-9-2018-ൽ ബഹു. സുപ്രീംകോടതി ശബരിമലയിൽ പ്രായഭേദമെന്യേ സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനെ തുടർന്ന് അക്രമ സംഭവം ഉണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തിയും സ്ത്രീകൾ ഉൾപ്പെടെയുള്ള വിശ്വാസികൾക്ക് സുരക്ഷയൊരുക്കുന്നതിലേയ്ക്ക് പമ്പ, നിലയ്ക്കൽ, ഇലവുങ്കൽ, സന്നിധാനം എന്നിവിടങ്ങളിൽ നിരോധനാജ്ഞ ഏർപ്പെടുത്തിയും വിവിധ സ്ഥലങ്ങളിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെ നിയമിച്ചും ശക്തമായ പോലീസ് ബന്തവസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളവരെ മുൻകരുതൽ നടപടിയെന്ന നിലയിൽ അറസ്റ്റ് ചെയ്ത് നിയമനടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ശബരിമല സന്നിധാനത്ത് ദർശനത്തിന് എത്തിയ 52 വയസ്സ് പ്രായമുള്ള ലളിത എന്ന സ്ത്രീയെ യുവതി എന്ന് ആരോപിച്ച് വിശ്വാസസംരക്ഷകർ എന്ന വ്യാജേന സന്നിധാനം നടപ്പന്തലിൽ മുൻകൂട്ടി തയ്യാറെടുത്ത് നിന്ന അക്രമികൾ പെട്ടെന്ന് സംഘടിച്ച് അവരെ അന്യായമായി തടഞ്ഞ് ദേഹോപദ്രവം ഏൽപ്പിക്കുകയും ടിയാളുടെ അനിയത്തിയുടെ മകൻ മൃദുൽ കുമാറിനെ മർദ്ദിച്ച് അവശനാക്കുകയും ചെയ്തതിന് സന്നിധാനം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 16/18 u/s 143, 144, 147, 188, 341, 308, 354 r/w 149 IPC ആയി കണ്ടാലറിയാവുന്ന 150-ഓളം പ്രതികൾക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിൽ 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്.

9-10-2018- ന് ന്യൂസ്-18 കേരളം എന്ന ടി.വി. ചാനലിൽ ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട ചാനൽ ചർച്ചയ്ക്കിടെ ടി ചർച്ചയിൽ പങ്കെടുത്ത വി. ഗോപാലകൃഷ്ണൻ എന്നയാൾ "ചർച്ച അവസാനിപ്പിച്ച് അയ്യപ്പനോട് മാപ്പ് പറഞ്ഞ് പൊയ്ക്കോ ഇല്ലെങ്കിൽ നിങ്ങളുടെ ജഡംപോലും ഉണ്ടാകില്ല കേരളത്തിൽ കത്തി കുരുക്കും"എന്നും മറ്റും പറഞ്ഞ് പരസ്യമായി ഭീഷണിപ്പെടുത്തിയതായി മുൻ എം.പി.യും ജനാധിപത്യ മഹിള അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുമായ അഡ്വ. സതീദേവി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1423/18 u/s 506(I) IPC ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## നവകേരള സൃഷ്ടി

25(*25) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സൃഷ്ടിക്കായി കേന്ദ്രസർക്കാർ മുമ്പാകെ സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്രം ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്;

(സി) അധികവിഭവ സമാഹരണത്തിനായി കേന്ദ്രത്തിന് മുമ്പാകെ വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; പ്രളയദുരന്തം പരിഗണിച്ച് സംസ്ഥാനത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന ആവശ്യത്തോട് കേന്ദ്രം അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിദേശ ഏജൻസികൾ വഴി വായ്പകൾ തരപ്പെടുത്തുന്നതിന് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഈ വർഷം 4.5 ശതമാനവും അടുത്ത വർഷം 3.5 ശതമാനവും വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേലുള്ള കേന്ദ്ര നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) കേന്ദ്രം പ്രത്യേക പരിഗണന നൽകുന്നതിൽ വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ കരകയറ്റുന്നതിന് സർക്കാരിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ&ബി) 2018 ആഗസ്റ്റിലെ പ്രളയക്കെടുതിയിൽ വീടുകൾക്കും പൊതു അടിസ്ഥാന സൗകര്യങ്ങൾക്കും കാർഷിക വിളകൾ, കന്നുകാലികൾ, ഉപജീവനമാർഗ്ഗങ്ങൾ, കച്ചവടം, ആവാസ വ്യവസ്ഥ, ജൈവവൈവിദ്ധ്യം മുതലായവയ്ക്ക് ഭീകരമായ നാശനഷ്ടങ്ങൾ സംഭവിച്ചു. സമാനതകളില്ലാത്ത പ്രളയക്കെടുതിയിൽനിന്നും സംസ്ഥാനത്തെ കരകയറ്റുന്നതിലേയ്ക്കായി നിവവധി പ്രവർത്തനങ്ങൾ/പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുനർനിർമ്മാണത്തിനായി Rebuild Kerala Initiative-(RKI) എന്ന പ്രത്യേക സംവിധാനം രൂപീകരിച്ച് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ 5616.77 കോടി രൂപയാണ് സംസ്ഥാനം ആവശ്യപ്പെട്ടത്. ഇതിനു പുറമേ 5000 കോടി രൂപ പ്രത്യേക ധനസഹായമായി നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ 600 കോടി രൂപയാണ് പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായ കണക്കെടുപ്പിൽ ഐക്യരാഷ്ട്രസഭയുടെ ഏജൻസികൾ തന്നെ 26,718 കോടി രൂപയുടെ നഷ്ടവും പുനർനിർമ്മാണത്തിന് 31,000 കോടി രൂപ വേണ്ടിവരുമെന്നും വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രം അനുവദിച്ച തുകയുടെ പര്യാപ്തത വിലയിരുത്തേണ്ടത് ഈ സാഹചര്യത്തിലാണ്. കൂടുതൽ കേന്ദ്രസഹായം ലഭിക്കുമെന്നാണ് നാട് പ്രതീക്ഷിക്കുന്നത്.

(സി&ഡി) കേന്ദ്ര ധനകാര്യ മന്ത്രാലയം, ലോക ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് എന്നിവയിൽ നിന്നുള്ള സംയുക്ത സംഘം സംസ്ഥാനത്ത് Rapid Damage Assessment and Need Analysis (RDNA) നടത്തുകയുണ്ടായി. RDNA റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന് ഉണ്ടായ നഷ്ടം 25,050 കോടി രൂപയാണ്. ഐക്യരാഷ്ട്ര സഭയുടെ PDNA (Post Disaster Need Assessment) പ്രകാരം ആകെ 26,718 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിന് ഉണ്ടായിരിക്കുന്നത്. പുനർനിർമ്മാണത്തിനായി 31,000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് PDNA റിപ്പോർട്ട് വ്യക്തമാക്കുന്നത്.

വെള്ളപ്പൊക്കംമൂലം ദുരിതം ബാധിച്ചവരുടെ പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും ആവശ്യമായ വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ GSDP-യുടെ 3%ത്തിൽനിന്നും 4.5% ആയും 2019-20-ൽ 3.5% ആയും ഉയർത്തണമെന്നും നിലവിൽ ലോക ബാങ്ക് സഹായ പദ്ധതികളായ KSTP (Kerala State Transport Project), NCRMP (National Cyclone Risk Mitigation Project) എന്നീ പദ്ധതികളിൽ ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക് മേൽ ചുമത്തുന്ന GST- ക്കുമേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിൽനിന്ന് ഇത് സംബന്ധിച്ച തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല.

കേന്ദ്ര സർക്കാർ/വിദേശ സഹായ ഏജൻസികളിൽ നിന്നു പ്രതീക്ഷിക്കുന്ന വായ്പകൾക്ക് പുറമേ സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി RIDF (Rural Infrastructure Development fund), NIDA, HUDCO (Housing and Urban Development Corporation) എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്ന വായ്പയും LSGI (Department of Land surveying and Geo-informatic) യുടെ വികസന ഫണ്ടിൽ നിന്നുള്ള തുകയും വിവിധ വകുപ്പുകളുടെ പദ്ധതി വെട്ടിചുരുക്കുന്നതിലൂടെ ലഭിക്കുന്ന തുകയും വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**ശബരിമല തീർത്ഥാടകർക്ക് പോലീസ് പാസ്സ്**

26(*27) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. പി.സജീന്ദ്രൻ:
ശ്രീ. പി.ടി. തോമസ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ദർശനത്തിനായി കാനനപാതയിലൂടെ നടന്നുവരുന്ന തീർത്ഥാടകർക്ക് പാസ്സ് നിർബന്ധമാക്കുന്നതിന് പോലീസ് തീരുമാനം എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എന്തൊക്കെ രേഖകൾ ഹാജരാക്കിയാണ് അയ്യപ്പഭക്തന്മാർ പോലീസ് പാസ്സിന് അപേക്ഷ നൽകേണ്ടത്;

(സി) ഇപ്രകാരം ഒരു നിയന്ത്രണം കൊണ്ടുവരുവാൻ സർക്കാരിനെ നിർബന്ധിതമാക്കിയത് ഏത് സാഹചര്യമാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച റിവ്യൂ ഹർജി സുപ്രീം കോടതി 2019 ജനുവരി 22-ാം തീയതി തുറന്ന കോടതിയിൽ വാദം കേൾക്കുവാൻ സമ്മതിച്ച സാഹചര്യത്തിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പിൻവലിക്കുമോ?

മുഖ്യമന്ത്രി(പിണറായി വിജയൻ): (എ) ശബരിമലയിൽ ദർശനത്തിനായി പരമ്പരാഗത കാനനപാതയിലൂടെ നടന്നുവരുന്ന തീർത്ഥാടകർക്ക് പാസ്സ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ശബരിമലയിൽ ദർശനത്തിന് ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയ സാഹചര്യത്തിൽ കാനനപാത വഴി വരുന്നവർക്ക് വാക്കേഴ്സ് കൂപ്പൺ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) വാക്കേഴ്സ് കൂപ്പൺ ലഭിക്കുന്നതിനായി പ്രത്യേക അപേക്ഷകൾ ഒന്നും നൽകേണ്ടതില്ല. ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ ഹാജരാക്കിയാൽ മതിയാകും. തീർത്ഥാടകർക്ക് മേൽപ്പറഞ്ഞ വാക്കേഴ്സ് കൂപ്പൺ അല്ലാതെ മറ്റു നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ശബരിമലയിൽ പ്രായഭേദമെന്യേ സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ട് ബഹു. സുപ്രീംകോടതി വിധി പുറപ്പെടുവിച്ചതിനെ തുടർന്ന് സംസ്ഥാനത്തെ ചില സംഘടനകൾ ശബരിമല, പമ്പ, നിലയ്ക്കൽ ഭാഗങ്ങളെ സംഘർഷഭരിതമാക്കാൻ ശ്രമിക്കുന്നതിനെ തുടർന്ന് ശബരിമലയിലേയ്ക്കുള്ള പാതകളിൽ തീർത്ഥാടകർക്ക് സുഗമവും, സമാധാനപരവുമായ തീർത്ഥാടനത്തിന് അവസരം നൽകുന്നതിനാവശ്യമായ സുരക്ഷാപരമായ നടപടികൾ മാത്രമേ കൈക്കൊണ്ടിട്ടുള്ളൂ.

## ഇ-പോസ് യന്ത്രങ്ങളുടെ തകരാർ പരിഹരിക്കാൻ നടപടി

27 (*28) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് യന്ത്രം പ്രവർത്തിക്കാത്തതുമൂലം സംസ്ഥാനത്തെ റേഷൻ വിതരണം മുടങ്ങുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ-പോസ് യന്ത്രങ്ങൾ പ്രവർത്തിക്കാത്തതിന്റെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(സി) കാർഡ് ഉടമസ്ഥർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് എന്തെല്ലാം ബദൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ഇ-പോസ് യന്ത്രം കണക്റ്റിവിറ്റി പ്രശ്നംമൂലം ചില സമയങ്ങളിൽ പ്രവർത്തിക്കാതിരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഉടനടി പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ റേഷൻ വിതരണം മുടങ്ങിയിട്ടില്ല.

(ബി) സംസ്ഥാന ഐ.ടി. മിഷന്റെ ക്ലൗഡ് സെർവറുകളുടെ സേവനം പ്രയോജനപ്പെടുത്തി വന്നിരുന്ന സമയത്ത് കണക്റ്റിവിറ്റി തകരാറുകൾ സംഭവിക്കുകയും ആയത് കണ്ടെത്തി അപ്പപ്പോൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 2018 നവംബർ മാസം മുതൽ വകുപ്പ് സ്വന്തമായി വാങ്ങിയ കൂടുതൽ പ്രവർത്തനശേഷിയുള്ള സെർവറുകളിലേയ്ക്ക് ഡാറ്റായും ആപ്ലിക്കേഷനുകളും മാറ്റിയിട്ടുണ്ട്. കൂടാതെ ഓരോ ഇ-പോസ് മെഷീനിലും രണ്ടു സിം ഉപയോഗിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

(സി) ഇ-പോസ് യന്ത്രം പ്രവർത്തിക്കാത്ത സന്ദർഭങ്ങളിൽ കാർഡുടമകൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ റേഷൻ വിതരണം നടത്തുന്നതിനുവേണ്ടി ഇ-പോസ് ഉപയോഗിക്കാതെ മാനുവൽ രീതിയിൽ വിതരണം നടത്തുന്നതിന് ഓണക്കാലത്ത് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഏതെങ്കിലും റേഷൻ കടയിൽ മെഷീൻ പ്രവർത്തനക്ഷമമല്ലെങ്കിൽ മറ്റേതെങ്കിലും റേഷൻ കടയിൽനിന്നും റേഷൻ വാങ്ങാവുന്ന വിധത്തിൽ "പോർട്ടബിലിറ്റി സംവിധാനം" നടപ്പിൽ വരുത്തിയിട്ടുമുണ്ട്. സെർവർ പ്രശ്നംമൂലം റേഷൻ വാങ്ങാൻ കഴിയാത്തവർക്കുവേണ്ടി ഓരോ മാസത്തെയും റേഷൻ വിതരണം പത്തു ദിവസം വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

## മലിനമായ കുപ്പിവെള്ളം

28 (*29) ശ്രീ. എം. ഉമ്മർ :
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പി വെള്ളത്തിൽ ഇ-കോളി, കോളിഫോം ബാക്ടീരിയ, ഫംഗസ്, പൂപ്പൽ എന്നിവയുടെ സാന്നിദ്ധ്യം ഉള്ളതായി ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം വെള്ളം കുടിച്ചാൽ ഗുരുതരമായ വയറിളക്കവും മഞ്ഞപ്പിത്തവും ബാധിക്കുന്നതിന് സാധ്യതയുണ്ടോ;

(സി) പ്രസ്തുത ഉൽപന്നങ്ങൾ വിറ്റഴിക്കുന്നത് തടയുന്നതിനും കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന 2 ബ്രാൻഡ് കുപ്പിവെള്ള സാമ്പിളുകളിൽ ഇ-കോളിയുടെ സാന്നിദ്ധ്യവും 5 ബ്രാൻഡ് കുപ്പിവെള്ള സാമ്പിളുകളിൽ ബാക്ടീരിയയുടെ സാന്നിദ്ധ്യവും 13 ബ്രാൻഡ് കുപ്പിവെള്ള സാമ്പിളുകളിൽ ഫംഗസ്, പൂപ്പൽ, ഈസ്റ്റ് എന്നിവയുടെ സാന്നിദ്ധ്യവും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലാബുകളിൽ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്താത്ത കമ്പനികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനാരോഗ്യത്തെ ബാധിക്കുന്ന വിഷയമായതിനാൽ കുപ്പിവെള്ള നിർമ്മാണ-വിതരണ- വിപണന കേന്ദ്രങ്ങളിൽ കൃത്യമായ പരിശോധനകൾ എല്ലായിപ്പോഴും നടത്തിവരുന്നുണ്ട്. പ്രളയം പോലുള്ള പ്രകൃതിക്ഷോഭങ്ങൾ, വേനൽ കാലം, ജലജന്യ രോഗങ്ങൾ പടർന്നു പിടിക്കാൻ സാദ്ധ്യതയുള്ള സമയങ്ങൾ എന്നീ കാലഘട്ടങ്ങളിൽ പ്രത്യേക പരിശോധനകൾ ഈ വിഷയത്തിൽ നടത്താറുണ്ട്. സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതിയിൽ പഞ്ചായത്തുകളിൽ ലഭിക്കുന്ന കുപ്പിവെള്ളവും കുടിവെള്ളവും കിണർ ജലവും പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ശബരിമല മണ്ഡല മകരവിളക്ക് മഹോൽസവം, തൃശ്ശൂർ പൂരം, ആറ്റുകാൽ പൊങ്കാല, സ്കൂൾ കലോൽസവം, കായിക മൽസരങ്ങൾ തുടങ്ങിയ സമയങ്ങളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്താറുണ്ട്. പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 നിഷ്കർഷിക്കുന്ന ഗുണനിലവാരം ഇല്ലെന്നും ആരോഗ്യത്തിനു ഹാനീകരമാണെന്നും കണ്ടെത്തിയാൽ ക്രിമിനൽ പ്രോസിക്യൂഷനും നിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയാൽ അഡ്ജ്യൂഡിക്കേഷൻ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

## ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധി

29 (*30) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച റിവ്യൂ ഹർജികളും റിട്ട് ഹർജികളും സുപ്രീംകോടതി പരിശോധിച്ചുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭക്തർക്ക് സമാധാനപരമായ ക്ഷേത്രദർശനം ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷിയോഗത്തിൽ ഇക്കാര്യത്തിൽ അഭിപ്രായ സമന്വയം ഉണ്ടാക്കാൻ കഴിഞ്ഞുവോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സുപ്രീംകോടതി വിധി സംഘർഷരഹിതമായി നടപ്പാക്കുന്നതിന് ഏതെങ്കിലും നിർദ്ദേശങ്ങൾ ഉയർന്നുവന്നിരുന്നോ എന്നറിയിക്കുമോ?

മുഖ്യമന്ത്രി(ശ്രീ. പിണറായി വിജയൻ): (എ) ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട കാര്യത്തിൽ സമർപ്പിച്ചിട്ടുള്ള എല്ലാ റിവ്യൂ ഹർജികളും ഉൾപ്പെടെയുള്ള കേസ്സുകൾ 22-1-2019-ന് തുറന്ന കോടതിയിൽ കേൾക്കുന്നതിന് ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്.

(ബി) ഭക്തർക്ക് സമാധാനപരമായ ക്ഷേത്രദർശനം ഉറപ്പുവരുത്തുന്നതിന് സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും എരുമേലിയിലും മതിയായ പോലീസ് സംരക്ഷണവും മറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ശബരിമല ദർശനത്തിനു എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) യുവതീപ്രവേശനം സംബന്ധിച്ച ബഹു. സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തുന്നതിനായി സർക്കാർ സർവ കക്ഷിയോഗം വിളിച്ചിരുന്നു. എന്നാൽ ചില കക്ഷികൾ യുവതീ പ്രവേശനത്തിനെതിരായ നിലപാട് സ്വീകരിച്ചതിനാൽ അഭിപ്രായ സമന്വയം ഉണ്ടായില്ല.

(ഡി) സർവ്വ കക്ഷിയോഗത്തിൽ സുപ്രീം കോടതി വിധി സംബന്ധിച്ച് വിവിധങ്ങളായ നിർദ്ദേശങ്ങളുണ്ടായി.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ശബരിമല സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പൗരസമത്വം

1(1) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പി. ഉണ്ണി:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേവലം ജൈവപ്രകൃതത്തിന്റെ അടിസ്ഥാനത്തിൽ ഭക്തകളായ സ്ത്രീകളെ ശബരിമലയിൽ പ്രവേശിക്കുന്നതിൽ നിന്ന് വിലക്കിയിരുന്ന സ്ത്രീവിവേചനം ഭരണഘടനാവിരുദ്ധമാണെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പൗരസമത്വം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ കേസിൽ സുപ്രീംകോടതി നിർദ്ദേശത്തെ തുടർന്ന് സർക്കാർ നൽകിയ സത്യവാങ്മൂലത്തിലെ പ്രധാന നിലപാടുകൾ വ്യക്തമാക്കാമോ;

(സി) മറിച്ച് വിധിവരികയോ കേന്ദ്ര സർക്കാർ നിയമനിർമ്മാണം നടത്തുകയോ ചെയ്യുന്നതുവരെ സുപ്രീംകോടതി വിധി അലംഘ്യമായതിനാൽ വിശ്വാസികളെ കബളിപ്പിച്ച് മുന്നിൽ നിർത്തി സംസ്ഥാനത്ത് വർഗ്ഗീയതയും മതവിദ്വേഷവും പരത്താൻ നടത്തിയ ഗൂഢനീക്കം വെളിച്ചത്തായതിന്റെ പശ്ചാത്തലത്തിൽ വിധ്വംസക പ്രവർത്തനത്തിൽ ഏർപ്പെട്ട വ്യക്തികൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതോടൊപ്പം രാജ്യത്തെ ഭരണഘടനയോട് കൂറുപുലർത്തുമെന്നും രാജ്യത്തിന്റെ ഐക്യം ഉയർത്തിപ്പിടിക്കുമെന്നും ഉറപ്പുനൽകി അംഗീകാരം നേടി അത് ലംഘിച്ച രാഷ്ട്രീയ പാർട്ടിക്കെതിരെ കൂടി നിയമ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ)ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിധിയുടെ അടിസ്ഥാനത്തിൽ ശബരിമല ദർശനത്തിനെത്തിയ സ്ത്രീകളെ തടഞ്ഞ അക്രമാസക്തരായ പ്രതിഷേധക്കാർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേത്ര ദർശനത്തിനെത്തിയ സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷ ഒരുക്കിയിരുന്നു. പ്രതിഷേധക്കാർക്കെതിരെ പോലീസ് ഫലപ്രദമായ നടപടി സ്വീകരിച്ചതുമൂലം തീർത്ഥാടകർക്ക് സുഗമമായ ദർശനം നടത്താനുള്ള സാഹചര്യം നിലവിലുണ്ട്.

(ബി) 2007-ൽ അന്നത്തെ സർക്കാർ ഭരണഘടന അനുശാസിക്കുന്ന തുല്യനീതിക്കനുസൃതമായി എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കും ക്ഷേത്ര ദർശനം അനുവദിക്കണമെന്നും എന്നാൽ ആചാരസംബന്ധമായ കാര്യമായതിനാൽ ഹിന്ദുധർമ്മശാസ്ത്രത്തിൽ പ്രാവീണ്യമുള്ള ആചാര്യന്മാരുടെ അഭിപ്രായംകൂടി തേടിയശേഷം തീരുമാനം കൈക്കൊള്ളണമെന്നും ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതാണെന്നും സത്യവാങ്മൂലം നൽകിയിരുന്നു. മുൻസർക്കാർ ഈ സത്യവാങ്മൂലം പിൻവലിച്ച് യുവതീപ്രവേശനത്തിനെതിരായി സത്യവാങ്മൂലം നൽകി. ഈ സർക്കാർ 2007-ലെ സത്യവാങ്മൂലത്തിൽ ഉറച്ചുനിൽക്കുന്നു എന്ന് സുപ്രീംകോടതിയെ അറിയിക്കുകയാണുണ്ടായത്.

(സി) ശബരിമലയിൽ കലാപമുണ്ടാക്കുന്നതിനും ക്രമസമാധാനനില തകർത്ത് സമൂഹത്തിൽ ധ്രുവീകരണമുണ്ടാക്കുന്നതിനും ചില വർഗ്ഗീയ ശക്തികൾ നടത്തുന്ന ശ്രമങ്ങൾ പ്രതിരോധിക്കുന്നതിന് സർക്കാർ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബരിമലയിലെ സ്ഥിതിവിശേഷം അത്യന്തം ഗുരുതരമാക്കാൻ ശ്രമിക്കുന്ന ഇത്തരക്കാരെ പ്രതിരോധിക്കുന്നതിന് പ്രത്യേക സുരക്ഷ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കലാപം സൃഷ്ടിക്കാൻ ശ്രമിച്ചവർക്കെതിരെ നിയമ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**മന്ത്രിസഭായോഗ തീരുമാനങ്ങൾ**

2(2) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭായോഗതീരുമാനങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മന്ത്രിസഭായോഗം ചേരുന്ന ദിവസങ്ങളിൽ യോഗതീരുമാനങ്ങൾ പ്രത്യേക വാർത്താക്കുറിപ്പായി മാധ്യമങ്ങളിലൂടെ അറിയിക്കാറുണ്ട്. കൂടാതെ ഈ തീരുമാനങ്ങൾ www.keralacm.gov.in, keralanews.gov.in,

prdlive.kerala.gov.in എന്നീ സർക്കാർ വെബ്സൈറ്റുകളിൽ അതേദിവസം പ്രസിദ്ധീകരിക്കാറുണ്ട്. പി.ആർ.ഡി. ലൈവ് ആപ്പിലും മന്ത്രിസഭായോഗ തീരുമാനങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനുപുറമേ മുഖ്യമന്ത്രിയുടെ ഓഫീസിന്റെയും ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും ഫേസ്ബുക്ക് (facebook.com/cmkerala), ട്വിറ്റർ (twitter.com/cmkerala) അക്കൗണ്ടുകളിലൂടെയും പൊതുജനങ്ങൾക്ക് പ്രധാന മന്ത്രിസഭായോഗ തീരുമാനങ്ങൾ അറിയാവുന്നതാണ്.

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

3 (3) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനം ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ വാഹനത്തിൽ വീട്ടിൽ പോയിവരുന്നത് അനുവദിച്ചിട്ടുള്ളത് ഏതെല്ലാം തസ്തികയിലെ ഉദ്യോഗസ്ഥർക്കാണെന്നത് വ്യക്തമാക്കാമോ;

(സി) വാഹനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ. പകർപ്പ് നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1. പ്രിൻസിപ്പൽസെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽസെക്രട്ടറിമാർ

2. കമ്മീഷണറേറ്റുകളിലെ കമ്മീഷണർമാർ

3. ജില്ലാകളക്ടർമാർ

4. ജില്ലാജഡ്ജിക്ക് തുല്യമായതോ ഉയർന്നതോ ആയ പദവി വഹിക്കുന്ന ജുഡീഷ്യൽ ഓഫീസർമാർ

5. ആഭ്യന്തര വകുപ്പിലെ കമ്മീഷണർ/സൂപ്രണ്ട് തസ്തികയ്ക്ക് തുല്യമായതോ ഉയർന്നതോ ആയ പദവി വഹിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ

6. ഫോറസ്റ്റ് കണസർവേറ്റർക്ക് തുല്യമോ ഉയർന്നതോ ആയ പദവി വഹിക്കുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർ

7. കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ രജിസ്ട്രാർ

8. ലേബർ കമ്മീഷണർ

9. ചീഫ് എഞ്ചിനീയർമാർ

10. എല്ലാ പ്രധാന വകുപ്പ് മേധാവികൾ

11. പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ്, സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾ

12. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.

(സി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 24-2-2003-ലെ സ.ഉ.(എം.എസ്.)നമ്പർ 113/2003/ധന. എന്ന സർക്കാർ ഉത്തരവും 2-8-2008-ലെ 41/2008/ധന. നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു*.

**സർക്കാർ സർവ്വീസിലെ അഴിമതി**

4 (4) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അഴിമതി കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) സർക്കാർ സർവ്വീസിലെ അഴിമതി സമ്പൂർണ്ണമായും ഇല്ലാതാക്കുന്നതിനും, ജീവനക്കാരുടെ വരവിൽ കവിഞ്ഞ സ്വത്ത് കണ്ടുകെട്ടുന്നതിനും ആവശ്യമായ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പൊതുജീവിതത്തിൽനിന്ന് അഴിമതി തുടച്ചുമാറ്റുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സർക്കാർ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. അഴിമതി ആരോപണങ്ങൾ ലഭിക്കുന്ന ഓഫീസുകൾ കേന്ദ്രീകരിച്ച് ത്വരിത പരിശോധനയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിരീക്ഷണവും നടത്തുന്നതോടൊപ്പം ആരോപണവും പരാതിയും ലഭിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ പഴുതടച്ചുള്ള അന്വേഷണ സംവിധാനത്തിലൂടെ ആവശ്യമായ നടപടിയും സ്വീകരിച്ചുവരുന്നു. ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണനിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (APS) ആരംഭിച്ചു.

ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ്സ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

അതോടൊപ്പം, സാങ്കേതിക സംവിധാനങ്ങൾ മികവുറ്റതാക്കുന്നതിലൂടെ അന്വേഷണം കൂടുതൽ ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയും. കേസ്സുകളിൽ പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിന് കുറ്റമറ്റ ഒരുനിയമവിഭാഗം വിജിലൻസിൽ പ്രവർത്തിക്കുന്നു. ഇതിനുപുറമേ, വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചവരെ പ്രത്യേക നിരീക്ഷണത്തിലൂടെ കണ്ടെത്തുന്നതിനും പൊതുജനങ്ങൾക്ക് അഴിമതി സംബന്ധമായ പരാതി, നൽകുന്നതിനായി www.publicvig.in എന്ന വെബ്സൈറ്റ് സൗകര്യവും ടോൾ ഫ്രീ നമ്പരായ 1084-ഉം വിജിലൻസ് ബ്യൂറോയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ, മറ്റ് അവബോധന പദ്ധതികളും ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും ഫലപ്രദമായി നടക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ 23-11-2018 വരെ 476 അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സർക്കാർ സർവ്വീസിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വരവിൽ കവിഞ്ഞ സമ്പാദ്യം സംബന്ധിച്ച് വിജിലൻസ് സ്പെഷ്യൽ സെല്ലുകൾ മുഖേന അന്വേഷണം നടത്തി മതിയായ തെളിവുകൾ ലഭിക്കുമ്പോൾ അവർക്കെതിരെ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വകുപ്പുകളിലെ വിശേഷാൽ ചട്ടങ്ങൾ

5 (5) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലും പൊതുമേഖലയിലും അർദ്ധ സർക്കാർ മേഖലയിലും സഹകരണമേഖലയിലും മറ്റ് സർക്കാർ പ്രോജക്ടുകളിലും ഇനിയും പബ്ലിക് സർവ്വീസ് കമ്മീഷന് നിയമനങ്ങൾ വിടാത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാം; സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ട് പി.എസ്.സി.-ക്ക് അയയ്ക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദവിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് പൊതുഭരണ വകുപ്പിലുള്ള ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## വകുപ്പുകളുടെ ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ട്

6 (6) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തി വെബ് സൈറ്റ് വഴി മാർക്കിടുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇപ്രകാരമുള്ള ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ മാർക്കിന് അർഹരായതും ഏറ്റവും കുറഞ്ഞ മാർക്കിന് അർഹരായതും ഏതൊക്കെ വകുപ്പുകളാണ്;അറിയിക്കാമോ;

(സി) വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ തന്നെ വെബ്സൈറ്റുകളിൽ പ്രവേശിച്ച് അവരുടെ വകുപ്പുകൾക്ക് മാർക്കിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് പോർട്ടൽ (www.kerala.gov.in) മുഖാന്തരം രജിസ്റ്റർ ചെയ്യുകയും സേവനങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിക്കും സർക്കാർ ഡിപ്പാർട്ടുമെന്റുകളിലെ Visibility, Accessibility, Responses, Fairness, Transparency തുടങ്ങിയ 5 ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി അവരുടെ പ്രതികരണം രേഖപ്പെടുത്താനുള്ള സംവിധാനമുണ്ട്.

(ബി) നിലവിലെ സ്ഥിതി അനുസരിച്ച് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചിരിക്കുന്നത് ഫിഷറീസ് & പോർട്ട് വകുപ്പിനും കുറഞ്ഞ മാർക്ക്

ലഭിച്ചിരിക്കുന്നത് ഗതാഗതം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, വ്യവസായം, ആഭ്യന്തരം, തൊഴിലും നൈപുണ്യവും, ആസൂത്രണ സാമ്പത്തിക കാര്യം, ജലവിഭവം, പരിസ്ഥിതി, തദ്ദേശ സ്വയംഭരണം മുതലായ വകുപ്പുകൾക്കുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നവകേരള മിഷൻ**

7(7) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള മിഷനിൽ എത്രപേർ സേവനം അനുഷ്ഠിക്കുന്നുണ്ട്; തസ്തികകളും നിയമന രീതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം/ഓണറേറിയം നൽകുന്നതിനായി നാളിതുവരെ എത്ര തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് മിഷൻ എന്നിങ്ങനെ നാല് മിഷനുകളാണുള്ളത്.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി മിഷൻ മോണിറ്ററിംഗ് ടീം (എം.എം.ടി.)-ൽ അഞ്ച് പേരും നോഡൽ ഡിപ്പാർട്ടുമെന്റായ സി.പി.എം.യു.-യിൽ മൂന്ന് പേരും സേവനമനുഷ്ഠിക്കുന്നുണ്ട്. ഇതിനുപുറമേ നവകേരളം കർമ്മപദ്ധതി സ്റ്റേറ്റ് കോ-ഓർഡിനേറ്ററായി സർക്കാർ ഒരാളെയും നിയമിച്ചിട്ടുണ്ട്. തസ്തികയുടെ എണ്ണവും നിയമന രീതിയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

ഹരിത കേരള മിഷനിൽ 37 പേർ സേവനമനുഷ്ഠിക്കുന്നുണ്ട്. തസ്തികയുടെ എണ്ണവും നിയമനരീതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.

ആർദ്രം മിഷനിൽ കരാർ അടിസ്ഥാനത്തിൽ സ്റ്റേറ്റ് കൺസൾട്ടന്റ് ഫോർ ചെയ്ഞ്ച് മാനേജ്മെന്റ് എന്ന തസ്തികയിൽ ഒരാൾ സേവനമനുഷ്ഠിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷനിൽ നിലവിൽ 24 പേർ സേവനമനുഷ്ഠിക്കുന്നു. തസ്തികയുടെ എണ്ണവും നിയമന രീതിയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലൈഫ് മിഷനിൽ 34 പേർ സേവനമനുഷ്ഠിക്കുന്നു. തസ്തികയുടെ എണ്ണവും നിയമനരീതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഹരിത കേരളം മിഷൻ അംഗങ്ങൾക്കുള്ള ശമ്പളം 30-11-2017 വരെ നോഡൽ ഡിപ്പാർട്ടുമെന്റായ പ്ലാനിംഗ് (സി.പി.എം.യു.) വകുപ്പിൽനിന്നും നൽകിയിരുന്നു. ഹരിത കേരളം മിഷൻ, മിഷൻ മോണിറ്ററിംഗ് ടീം, നോഡൽ ഡിപ്പാർട്ടുമെന്റായ സി.പി.എം.യു. എന്നിവയ്ക്കായി നാളിതുവരെ 1,15,94,024 രൂപ ചെലവായിട്ടുണ്ട്.

ഹരിത കേരളം മിഷനിൽ 3,05,67,159 രൂപ ശമ്പളം/ഓണറേറിയമായി ചെലാവഴിച്ചിട്ടുണ്ട്

- ആർദ്രം മിഷൻ 15,30,000 രൂപ ഓണറേറിയമായി നൽകിയിട്ടുണ്ട്
- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷനിൽ 69,50,055 രൂപ ശമ്പളമായി നൽകിയിട്ടുണ്ട്
- ലൈഫ് മിഷനിൽ 1,14,66,104 രൂപ ശമ്പളമായി നൽകിയിട്ടുണ്ട്.

## ഗസ്റ്റ്ഹൗസ് ബുക്കിംഗ്

8(8) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ (പൊളിറ്റിക്കൽ) വിഭാഗം മുഖേന സാമാജികർ ഗസ്റ്റ് ഹൗസും മറ്റും ബുക്ക് ചെയ്യുന്നതിന് നൽകുന്ന അപേക്ഷകൾക്ക് മറുപടി ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകൾക്ക് സാമാജികർക്കെങ്കിലും വ്യക്തിഗത മറുപടി (ഇ-മെയിൽ മുഖേനയെങ്കിലും) ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിഗണിക്കുന്നതാണ്.

## പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ വിദേശയാത്ര

9(9) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ വിദേശയാത്ര നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) വിദേശയാത്ര നടത്തിയ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ പേരും തസ്തികയും വ്യക്തമാക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ഏതൊക്കെ രാജ്യങ്ങളാണ് സന്ദർശിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഇതിൽ ഔദ്യോഗിക കാര്യങ്ങൾക്കും വ്യക്തിപരമായ കാര്യങ്ങൾക്കുമായി വിദേശയാത്ര നടത്തിയതാരൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവർക്ക് വിദേശയാത്ര നടത്തുന്നതിന് സർക്കാരിൽ നിന്ന് അനുമതി നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അനുമതിയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(എഫ്) അനുമതി നേടാതെ വിദേശയാത്ര നടത്തിയ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ സാമ്പത്തിക സമാഹരണം നടത്തിയത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-ഇ) വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ വിവരങ്ങൾ**

10 (10) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മന്ത്രിസഭയിൽ ഓരോ മന്ത്രിക്കും എത്ര വീതം പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ആണുള്ളത്; വിശദവിവരങ്ങൾ നൽകുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ സ്വയം പിരിഞ്ഞു പോകുകയോ നീക്കം ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരും തസ്തികയും വെളിപ്പെടുത്തുമോ;

(സി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; അവരുടെ പേരും തസ്തികയും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ല.

**ഉന്നതതല നിയമനങ്ങൾക്കുള്ള വിദഗ്ദ്ധ സമിതി**

11 (11) <u>ശ്രീ. വി. ടി.ബൽറാം:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങളിലേയ്ക്ക് ദേശീയ തലത്തിൽ അംഗീകാരമുള്ള സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി പ്രസ്തുത സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ എന്ന് അറിയിക്കുമോ ;

(സി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിൽ ശ്രീ. കെ. ടി. അദീബിനെ നിയമിച്ചത് പ്രസ്തുത വിദഗ്ദ്ധ സമിതിയുടെ ശിപാർശപ്രകാരമാണോ;

(ഡി) അല്ലെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 13-12-2018-ലെ സ.ഉ.(കൈ)30/2018/ആസാവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തസ്തികകളിലെ നിയമനങ്ങൾക്കായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡിലെ അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | ജസ്റ്റിസ് കെ.കെ. ദിനേശൻ - ഹൈക്കോടതി ജഡ്ജി (റിട്ട.) നിലവിൽ ഓംബുഡ്സ്മാൻ, തദ്ദേശഭരണ സ്ഥാപനങ്ങൾ | ചെയർമാൻ |
| 2 | ചീഫ് സെക്രട്ടറി | അംഗം |
| 3 | അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | മെമ്പർ സെക്രട്ടറി |
| 4 | സെക്രട്ടറി, വ്യവസായ വകുപ്പ് | അംഗം |
| 5 | ചെയർമാൻ, പബ്ലിക് സെക്ടർ റീ-സ്ട്രക്ചറിംഗ് ആന്റ് ഇന്റേർണൽ ഓഡിറ്റ് ബോർഡ് (RIAB) | |

(സി) അല്ല.

(ഡി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി കരാർ കാലാവധി കഴിഞ്ഞ് സേവനം വിട്ടുപോകുകയും കമ്പനി സെക്രട്ടറി, ജനറൽ മാനേജർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനെത്തുടർന്ന് അഡ്മിനിസ്ട്രേഷൻ, ഫിനാൻസ് പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് 16-7-2018-ന് ചേർന്ന നാൽപ്പത്തിയാറാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തര സാഹചര്യം ഉടലെടുത്തത്.

## പുതിയ തസ്തികകൾ

12(12) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ വകുപ്പുകളിലുമായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് വകുപ്പിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ& ബി) വിവരം ശേഖരിച്ചുവരുന്നു.

**പുതിയ തസ്തികകൾ**

13 (13) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ**

14(14) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മേയ് 31-ന് തിരുവനന്തപുരം ജില്ലയിൽ എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലവിലുണ്ടായിരുന്നു; വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) 2018 ജൂൺ 1 മുതൽ 2019 ഏപ്രിൽ 30 വരെയുള്ള കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ സർവ്വീസിൽനിന്നും വിരമിക്കുമെന്നതിന്റെ വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ഫയൽ തീർപ്പാക്കൽ**

15 (15) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഫയൽ തീർപ്പുകല്പിക്കുന്നതിൽ ഒരു വിഭാഗം ജീവനക്കാർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മന്ത്രിമാർ അടിയന്തരമായി തീർപ്പാക്കുന്ന ഫയലുകൾ പോലും ഒരുവിഭാഗം ജീവനക്കാരുടെ കെടുകാര്യസ്ഥത കാരണം ആഴ്ചകളും മാസങ്ങളും വൈകുന്നത് സാധാരണ ജനവിഭാഗങ്ങൾക്കും സർക്കാരിന്റെ പ്രവർത്തനങ്ങൾക്കും കാലതാമസമുണ്ടാക്കുന്നതും പ്രളയാനന്തര ദുരിതാശ്വാസം പോലും സമയത്ത് ലഭിക്കാത്ത അവസ്ഥയും മറ്റു കാതലായ പ്രശ്നങ്ങളും ഉണ്ടാക്കുന്നതും പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുന്നുണ്ടെന്ന് മുതിർന്ന ഉദ്യോഗസ്ഥർ യഥാസമയം ഉറപ്പാക്കണമെന്നും സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരമെങ്കിലും ഫയൽ കൃത്യസമയത്ത് അയയ്ക്കുവാനും അനാവശ്യ ക്വറികൾ ഇട്ട് ഫയൽ താമസിപ്പിക്കുന്നത് തടയുവാനുമായി എന്ത് അടിയന്തര നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) സെക്രട്ടേറിയറ്റിലെ റഫർമാനിയ സംസ്കാരം അവസാനിപ്പിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ& ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സങ്കീർണ്ണവും നിയമപരവുമായ തീരുമാനങ്ങളാവശ്യമായ ഫയലുകൾ ഒഴികെയുള്ളവയെല്ലാം സമയപരിധിക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മറ്റൊരു ഉദ്യോഗസ്ഥന് ചുമതല വഹിക്കാനാകുന്ന തരത്തൽ സെക്രട്ടേറിയറ്റിൽ ലിങ്ക് ഓഫീസർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരം ധനകാര്യവകുപ്പ്, നിയമവകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളിന്മേൽ പ്രസ്തുത വകുപ്പുകളോട് ഉപദേശം ആരാഞ്ഞശേഷമേ ഭരണവകുപ്പിന് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## സ്പെഷ്യൽ ഡ്യൂട്ടി/വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥ

16 (16) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരെ ജില്ലാ ആസ്ഥാനങ്ങളിലേയ്ക്കോ ഡയറക്ടറേറ്റുകളിലേയ്ക്കോ സ്പെഷ്യൽ ഡ്യൂട്ടി/വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിക്കുന്നത് സംബന്ധിച്ച് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയമിക്കുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഉദ്യോഗസ്ഥരുടെ സമ്മതമില്ലാതെ ജോലി ചെയ്യുന്ന ഓഫീസിൽനിന്നും 15 കി.മീ. ദൂരത്തേയ്ക്ക് സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിക്കുന്നവർക്ക് യാത്രാബത്തയ്ക്ക് അർഹതയുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 8-8-2012-ലെ സ.ഉ.(പി)നമ്പർ 442/2012/ധന. ഉത്തരവ് മുഖേന ആരോഗ്യ കുടുംബക്ഷേമ വകുപ്പിലൊഴികെയുള്ള എല്ലാ വകുപ്പുകളിലും വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം നിർത്തലാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) അർഹതയുണ്ട്.

**ബയോമെട്രിക് പഞ്ചിംഗ്**

17 (17) ശ്രീ. എൻ . എ. നെല്ലിക്കുന്ന്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനം എടുത്തിരുന്നോ;

(ബി) ഈ തീരുമാനപ്രകാരമുള്ള നടപടികൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനമെടുത്തിരുന്നു.

(ബി) ഇല്ല. തീരുമാനം നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ പേരിലുള്ള അച്ചടക്ക നടപടികൾ**

18 (19) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പേര് സഹിതം വ്യക്തമാക്കാമോ; കേസ്സിന്റെ വിശദാംശങ്ങൾ പ്രത്യേകം പ്രത്യേകമായി വിവരിക്കുമോ;

(ബി) ഈ സർക്കാർ സസ്പെൻഡ് ചെയ്ത ഐ.പി.എസ്. ഉദ്യോഗസ്ഥർ എത്ര പേർ; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക വിലാസവും സസ്പെൻഡ് ചെയ്ത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് എത്ര തവണ സർക്കാർ മെമ്മോ നൽകിയിട്ടുണ്ട്; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ ഓരോ മെമ്മോയ്ക്കും ഐ.പി.എസ്. ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; മറുപടികൾ തൃപ്തികരമാണോ; എങ്കിൽ വിശദമാക്കുമോ;

(ഡി) മുൻ വിജിലൻസ് ഡയറക്ടർ ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്.-നെ സസ്പെൻഡ് ചെയ്യുവാനുള്ള കാരണം എന്താണ്; വിശദമാക്കുമോ; അദ്ദേഹത്തിന് കൊടുത്ത കുറ്റാരോപിത മെമ്മോയുടെയും സസ്പെൻഡ് ചെയ്ത ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) ശ്രീ. ജേക്കബ് തോമസ് ഐ.പി.എസിന് ശമ്പളം/അനുതാപബത്ത നൽകിയിട്ട് എത്ര നാളുകൾ ആയി; ശമ്പളം/അലവൻസ് നൽകുന്നില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ശ്രീ . ജേക്കബ് തോമസ്, ഐ.പി.എസ്.

2. ശ്രീ. ഇ. ജെ. ജയരാജ്, ഐ.പി.എസ്.

3. ശ്രീമതി ആർ. നിശാന്തിനി, ഐ.പി.എസ്.

4. ശ്രീ. എ. വി. ജോർജ്, ഐ.പി.എസ്.

5. ശ്രീ. പി. എ. വൽസൻ, ഐ.പി.എസ്. (റിട്ട.)

കേസ്സിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്ന് ഐ.പി.എസ്. ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. അവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻ ഗവൺമെന്റ് ഡയറക്ടർ ജനറലായിരുന്ന ശ്രീ. ജേക്കബ് തോമസ്, ഐ.പി.എസ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) ആയിരുന്ന ശ്രീ. ഇ. ജെ ജയരാജ്, ഐ.പി.എസ്., കേരള പോലീസ് അക്കാദമി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ. എ. വി. ജോർജ്, ഐ.പി.എസ്. എന്നിവരാണ്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ശ്രീ. ജേക്കബ് തോമസ്, ഐ.പി.എസ്.-ന് രണ്ടുതവണയും ശ്രീ. ഇ. ജെ. ജയരാജ്, ഐ.പി.എസ്., ശ്രീ. എ. വി. ജോർജ്, ഐ.പി.എസ്. എന്നിവർക്ക് ഓരോ തവണയും മെമ്മോ (Articles of Change and Statements of Imputations) നൽകിയിട്ടുണ്ട്. ഐ.പി.എസ്. ഉദ്യോഗസ്ഥർ മെമ്മോകൾക്കുള്ള മറുപടി നൽകിയിട്ടുണ്ട്. മെമ്മോകളുടെയും മറുപടികളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*. ഉദ്യോഗസ്ഥർ നൽകിയ വിശദീകരണങ്ങൾ തൃപ്തികരമല്ലെന്ന് കണ്ടതിനാൽ ടിയാളുകൾക്കെതിരെ അഖിലേന്ത്യാ സർവ്വീസ് (ഡിസിപ്ലിൻ &അപ്പീൽ) ചട്ടങ്ങൾ പ്രകാരം ഉത്തരവായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) സർക്കാർ നയങ്ങളെ പൊതുജനമദ്ധ്യത്തിൽ വിമർശിച്ച് സംസാരിച്ചതിനാലാണ് ശ്രീ. ജേക്കബ് തോമസ്, ഐ.പി.എസ്.-നെ സസ്പെൻഡ് ചെയ്തത്. കൂടാതെ 'സ്രാവുകൾക്കൊപ്പം നീന്തുമ്പോൾ' , 'കാര്യവും കാരണവും' എന്നീ പുസ്തകങ്ങൾ സർക്കാർ അനുമതിയില്ലാതെ പ്രസിദ്ധീകരിക്കുകയും ആയതിൽ ഓൾ ഇന്ത്യാ സർവ്വീസ് ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ പാലിക്കാതെ സർക്കാരിന്റെ പ്രവർത്തനങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്തു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. സസ്പെൻഡ് ചെയ്ത ഉത്തരവുകളുടെയും മെമ്മോകളുടെയും പകർപ്പുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഇ) ശ്രീ. ജേക്കബ് തോമസ്, ഐ.പി.എസ്. നിലവിൽ സസ്പെൻഷനിലായതിനാൽ സസ്പെൻഷൻ പ്രാബല്യ തീയതി മുതൽ അനുതാപ ബത്തയാണ് നൽകിവരുന്നത്. ഇപ്രകാരം 2018 ഒക്ടോബർ മാസം വരെയുള്ള അനുതാപ ബത്ത നൽകിയിട്ടുണ്ട്.

### പൊതുമേഖലാ സ്ഥാപനങ്ങളിൽ മേധാവികളായ ഐ.പി.എസ്. ഉദ്യോഗസ്ഥർ

19 (20) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിലുള്ള ഐ.പി.എസ് ഉദ്യോഗസ്ഥർ പൊതുമേഖല സ്ഥാപനങ്ങളിൽ മേധാവികളായി ഏത് വ്യവസ്ഥയിൽ നിയോഗിക്കപ്പെട്ടാലും മാതൃവകുപ്പിൽ ഉപയോഗിച്ച് വന്നിരുന്ന യൂണിഫോം, ഔദ്യോഗിക വാഹനത്തിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചിഹ്നം, ബോർഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ തുടർന്ന് ഉപയോഗിക്കുന്നതിന് അധികാരം നൽകുന്നുണ്ടോ; എങ്കിൽ അതിനാധാരമായ സർക്കുലറിന്റെയോ ഉത്തരവിന്റെയോ പകർപ്പ് നൽകുമോ;

(ബി) ഇല്ലെങ്കിൽ ഐ.പി.എസ്. /ഐ.എഫ്.എസ്. പദവിയുള്ളതിനാൽ ഇത്തരം കാര്യങ്ങളിൽ സ്വന്തം നിലയിൽ നടപടി എടുക്കുന്നതിന് ഏതെങ്കിലും അധികാരിക്ക് നിയമത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെന്നും എത്ര കാലത്തേയ്ക്കെന്നും എന്തിന്റെ അടിസ്ഥാനത്തിൽ എന്നും അറിയിക്കുമോ; നിയമത്തിൽ ഇളവ് നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ നിയോഗിക്കപ്പെട്ട എത്ര പേർ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിൽ മേധാവികളായി ജോലിനോക്കി വരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഐ.പി.എസ്. ഉദ്യോഗസ്ഥർ പൊതുമേഖലാ സ്ഥാപനങ്ങളിൽ മേധാവികളായി നിയോഗിക്കപ്പെടുമ്പോൾ മാതൃവകുപ്പിൽ ഉപയോഗിച്ചിരുന്ന യൂണിഫോം, ഔദ്യോഗിക വാഹനത്തിലെ ചിഹ്നം, ബോർഡ് എന്നീ സൗകര്യങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ നിഷ്കർഷിച്ചു കൊണ്ടുള്ള ഉത്തരവുകളോ സർക്കുലറുകളോ നിലവിലില്ല.

(ബി & സി) ഇല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളായി നിയോഗിക്കപ്പെട്ട അഞ്ച് ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ വിവരങ്ങൾചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ. എൻ. ശങ്കർ റെഡ്ഡി, ഐ.പി.എസ്. | ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് |
| 2 | ശ്രീ. ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്. | ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (അധിക ചുമതല) |

| | | |
|---|---|---|
| 3 | ശ്രീ. ഗജ്ജലവർത്തി സ്പർജൻ കുമാർ, ഐ.പി.എസ്. | മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് |
| 4 | ശ്രീ. ആർ. സുകേശൻ, ഐ.പി.എസ്. | മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ് |
| 5 | ശ്രീ. കാർത്തിക് കെ., ഐ.പി.എസ്. | മാനേജിംഗ് ഡയറക്ടർ, കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റി (അധിക ചുമതല) |

**തീരദേശ പരിപാലന നിയമം**

20 (21) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശപരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം പുതുതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതുപ്രകാരം വീട് നിർമ്മിക്കുന്നതിന് എന്തൊക്കെ ഇളവുകളാണ് വരുത്തിയിട്ടുള്ളതെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 18-4-2018-ൽ കരട് തീരദേശ നിയന്ത്രണ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച അന്തിമ വിജ്ഞാപനം വന്നതിനുശേഷം മാത്രമേ ടി വിജ്ഞാപനപ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള ഇളവുകൾ എന്തൊക്കെയാണെന്ന് അറിയുവാൻ സാധിക്കുകയുള്ളൂ.

**അണക്കെട്ടുകൾ തുറക്കുന്നതിനുള്ള മുൻകരുതലുകൾ**

21 (22) ശ്രീ. പി. ടി. തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനവും അതിശക്തമായ ന്യൂനമർദ്ദവും സംസ്ഥാനത്തെ കാലാവസ്ഥയിലുണ്ടാക്കിയിട്ടുള്ള മാറ്റം പഠനവിധേയ മാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) സമയോചിതമായി ഇടപെടുന്നതിനും കരുതലോടെ പ്രവർത്തിക്കുന്നതിലും വന്ന പിഴവാണ് കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ പ്രളയക്കെടുതിക്ക് കാരണമായതെന്ന് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കനത്ത മഴമൂലം ജൂലൈ മാസത്തിൽ തന്നെ സംസ്ഥാനത്തെ ഡാമുകളുടെ സംഭരണശേഷി പരമാവധിയിലെത്തിയിരുന്നോ; വിശദമാക്കുമോ;

(ഡി) മൺസൂൺ കാലയളവിൽ നിയന്ത്രിതമായ അളവിൽ ഡാമുകളിലെ വെള്ളം തുറന്ന് വിടാതിരുന്നത് എന്തുകൊണ്ടായിരുന്നു; ഏത് തലത്തിലായിരുന്നു പ്രസ്തുത തീരുമാനം എടുത്തത്;

(ഇ) അണക്കെട്ടുകൾ തുറക്കുന്നതിന് മുമ്പ് എന്തൊക്കെ മുൻകരുതലുകളാണ് നിയമപ്രകാരം സ്വീകരിക്കേണ്ടിയിരുന്നത്; പ്രസ്തുത മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നതിൽ എന്തെങ്കിലും പാളിച്ചകൾ സംഭവിച്ചിട്ടുണ്ടോ;

(എഫ്) കേന്ദ്ര ഡാം സേഫ്റ്റി ഓർഗനൈസേഷൻ നിർദ്ദേശിച്ചിട്ടുള്ള ഡാം സേഫ്റ്റി നടപടി ക്രമങ്ങൾ പ്രകാരം പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച ശേഷമാണോ സംസ്ഥാനത്തെ ഡാമുകൾ തുറന്നുവിട്ടത്;

(ജി) എല്ലാ ഡാമുകളും ഒരേ സമയം ദിവസങ്ങളോളം തുറന്ന് വിട്ടത് സ്ഥിതിഗതികൾ വഷളാക്കിയപ്പോഴും അത് അവലോകനം ചെയ്യുന്നതിന് ഉന്നതതല യോഗങ്ങൾ ചേർന്നിരുന്നോ; എങ്കിൽ എന്നൊക്കെയാണ് പ്രസ്തുത ഉന്നതതല യോഗങ്ങൾ ചേർന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കാലാവസ്ഥാ വ്യതിയാനവും അതിശക്തമായ ന്യൂനമർദ്ദവും സംസ്ഥാനത്തെ കാലാവസ്ഥയിലുണ്ടാക്കിയിട്ടുള്ള മാറ്റം പഠനവിധേയമാക്കിയിട്ടില്ല. എന്നാൽ "ഭാരതപ്പുഴയുടെ ആവാസ വ്യവസ്ഥാ സംരക്ഷണവും സുസ്ഥിര ജീവനോപാധിയും ഉറപ്പാക്കിക്കൊണ്ടുള്ള കാലാവസ്ഥാ വ്യതിയാന ശമന-അനുകൂലന പദ്ധതി" സർക്കാരിന്റെ പരിഗണനയിലാണ്. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനുവേണ്ടിയുള്ള കർമ്മപദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ മുന്തിയ പരിഗണനയിലുള്ള "Greem Climate Fund" (GCF)-ൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കി ആയത് നടപ്പാക്കാനാണ് ശ്രമിച്ചുവരുന്നത്.

(ബി) ഈ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് വാസ്തവ വിരുദ്ധമാണ്. കേന്ദ്ര ജല കമ്മീഷൻ ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി. പ്രളയത്തിന് കാരണമായത് കേരളത്തിലുണ്ടായ അതിശക്തമായ മഴ തന്നെയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മഴക്കാലത്തും പ്രളയം വന്ന സമയത്തും ജലസംഭരണികൾ കാര്യക്ഷമതയോടെ നിയന്ത്രിച്ചതുകൊണ്ടാണ് പ്രളയക്കെടുതികൾ ഒരു പരിധിവിരെ നിയന്ത്രിക്കാനായത്.

(സി) 2018 ജൂലൈ മാസത്തിൽ തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ കേരള ഷോളയാർ, തമിഴ്നാട് ഷോളയാർ, തുണക്കടവ്, പെരുവാരിപ്പള്ളം, ആളിയാർ, തിരുമൂർത്തി, പറമ്പിക്കുളം എന്നീ റിസർവോയറുകൾ പൂർണ്ണ സംഭരണശേഷിയോടടുത്ത് എത്തിയിരുന്നു.

എന്നാൽ മുല്ലപ്പെരിയാർ ഡാം സംഭരണശേഷിയുടെ പരമാവധിയിൽ എത്തിയിരുന്നില്ല. സംസ്ഥാന ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളും ബാരേജുകളും മൊത്ത സംഭരണശേഷിയുടെ എഴുപത് ശതമാനം നിറഞ്ഞിരുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള ചെറുകിട സംഭരണികളായ ബാണാസുര സാഗർ, കല്ലാർകുട്ടി, ലോവർ പെരിയാർ സംഭരണികൾ ജൂലൈ മാസത്തിൽ തന്നെ തുറന്നിരുന്നു.

(ഡി) ജലസേചന വകുപ്പിനു കീഴിലുള്ള ഡാമുകളിൽ സംഭരണശേഷിയുടെ നിശ്ചയിച്ച അളവിൽ ജലം നിറഞ്ഞപ്പോൾ നിയന്ത്രിതമായ അളവിൽ തുറന്നുവിട്ടിരുന്നു. നെയ്യാർ ഡാം 14-8-2018-ലും കല്ലട ഡാം 19-7-2018-ലും മംഗലം ഡാം 14-6-2018-ലും കാരാപ്പുഴ ഡാം 26-5-2018-ലും പീച്ചി ഡാം 27-7-2018-ലും തുറന്നുവിട്ടിട്ടുണ്ടായിരുന്നു. തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള പറമ്പിക്കുളം-ആളിയാർ ഡാമുകൾ തുന്നുവിട്ടത് അംഗീകരിച്ച ഫ്ളഡ് റൂൾ അനുസരിച്ചാണ്.

ഡാമുകൾ നിറഞ്ഞപ്പോൾ പെരിങ്ങൽക്കുത്ത് ഡമിലേയ്ക്കുള്ള ഒഴുക്ക് കുറയ്ക്കുന്നതിനുവേണ്ടി കൂടുതൽ വെള്ളം പറമ്പിക്കുളത്തേയ്ക്ക് തുറക്കുന്നതിനും പറമ്പിക്കുളത്തുനിന്നും കൂടുതൽ ജലം തമിഴ്നാടിലേയ്ക്ക് തിരിച്ചുവിടുന്നതിനും ജെ.ഡബ്ല്യൂ.ആർ. ഡിവിഷനിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഇതനുസിച്ച് 7-7-2018 മുതൽ തമിഴ്നാട് കോണ്ടൂർ കനാൽവഴി അവരുടെ തിരുമൂർത്തി ഡാമിലേയ്ക്ക് വെള്ളം കൊണ്ടുപോയിട്ടുള്ളതാണ്.

കേരളത്തിലേയ്ക്കുള്ള റിലീസ് പരമാവധി കുറയ്ക്കുന്നതിന് തമിഴ്നാടിന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നതും അത് നടപ്പാക്കുന്നതിന് തമിഴ്നാട് സഹകരിച്ചിട്ടുള്ളതുമാണ്. ഇതിനുപുറമേ പറമ്പിക്കുളത്തുനിന്നും ആളിയാറിൽനിന്നും തുറന്നുവിടുന്ന ജലത്തിന്റെ അളവ് അയ്യായിരം ക്യൂസെക്സിൽ താഴെയായി നിജപ്പെടുത്തുന്നതിനുവേണ്ട ഓപ്പറേഷണൽ അറേഞ്ച്മെന്റ്സ് ചെയ്യണമെന്നും കേരളം പ്രത്യേകം ആവശ്യപ്പെടുകയുണ്ടായി. 2018 ആഗസ്റ്റ് 15-ന് ശക്തമായ മഴമൂലം അനിയന്ത്രിതമായ ഒഴുക്കുണ്ടാകുന്നതുവരെയും പറമ്പിക്കുളത്തുനിന്നും ആളിയാറിൽനിന്നും ശരാശരി അയ്യായിരം ക്യൂസെക്സിൽ താഴെ മാത്രമാണ് ജലം തുറന്നുവിട്ടിട്ടുള്ളത്. ആഗസ്റ്റ് 14 മുതൽ 17 വരെയുള്ള തീയതികളിലുണ്ടായ മഴ വളരെ ശക്തമായതിനാലാണ് ഡാമുകളുടെ സുരക്ഷയെ മുൻനിർത്തി അയ്യായിരം ക്യൂസെക്സിലധികം തുറന്നുവിടാൻ നിർബന്ധിതരായത്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ റിസർവോയറുകളിൽനിന്നും കേരളത്തിലേയ്ക്കുള്ള പരമാവധി സ്പിൽ ഡിസ്ചാർജിനു പുറമേ പെരിങ്ങൽക്കുത്തിലേയ്ക്കും മണക്കടവ് വിയറിലേയ്ക്കും അൺകൺട്രോൾഡ് ക്യാച്ച്മെന്റിൽ നിന്നുമുള്ള ഒഴുക്കും കൂടിയാണ് ചാലക്കുടി പുഴയിലേയും ചിറ്റൂർ പുഴയിലേയും പ്രളയക്കെടുതി പലമടങ്ങ് വർദ്ധിപ്പിച്ചത്.

മുല്ലപ്പെരിയാർ ഡാമിന്റെ പരമാവധി സംഭരണശേഷിയായി കണക്കാക്കിയിരിക്കുന്നത് 142 അടിയാണെങ്കിലും 2008 ആഗസ്റ്റ് 15 രാത്രി 2.55-ന് മഴയുടെ സാന്ദ്രതയും നീരൊഴുക്കിന്റെ അളവും കണക്കാക്കി 140 അടിയിൽ എത്തിയപ്പോൾത്തന്നെ ഡാം തുറന്നിരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഡാമുകളെ സംബന്ധിച്ചിടത്തോളം ഈ കാലയളവ് വൈദ്യുത ഉൽപാദനത്തിനായും കുടിവെള്ളത്തിനായുമുള്ള സംഭരണ കാലയളവാണ്. ഡാമുകൾ തുറക്കുന്നത് ജലവിതാനവും വൈദ്യുതോൽപാദനവും വൃഷ്ടിപ്രദേശത്തുനിന്നും ഒഴുകിവരുന്ന വെള്ളത്തിന്റെ അളവും നിരീക്ഷിച്ചാണ്.

(ഇ) അണക്കെട്ടുകൾ തുറക്കുന്നതിനുമുമ്പ് അതത് ഡാമിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ ഭരണാധികാരികളുമായി (കളക്ടർമാർ, ജില്ലാ പോലീസ്, തഹസിൽദാർ, മാധ്യമങ്ങൾ, പഞ്ചായത്ത് സെക്രട്ടറി) ബന്ധപ്പെട്ട് ഒന്ന്, രണ്ട്, മൂന്ന് (ഉള്ളിടത്ത്) മുന്നറിയിപ്പ് നൽകാറുണ്ട്. ഓരോ അണക്കെട്ടിലും മേൽ പ്രതിപാദിച്ചിരിക്കുന്ന മുന്നറിയിപ്പിന് അനുസൃതമായി ജില്ലാ ഭരണകൂടങ്ങൾ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ജലസേചന വകുപ്പിലെ എല്ലാ ഡാമുകളും പ്രസ്തുത മുന്നറിയിപ്പ് നൽകിയാണ് തുറന്നുവിട്ടത്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ അണക്കെട്ടുകൾ തുറക്കുന്നതിനുമുമ്പ് സാദ്ധ്യമായ, നിയമപ്രകാരമുള്ള എല്ലാ മുൻകരുതലുകളും സ്വീകരിച്ചിരുന്നു. അണക്കെട്ടുകൾ തുറക്കുന്നതിനുമുമ്പ് പ്രളയ നിയമം അനുസരിച്ച് മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ടായിരുന്നു. ഈ മുന്നറിയിപ്പുകൾ, അംഗീകരിച്ചിട്ടുള്ള പട്ടിക അനുസരിച്ച് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഫോൺ, ഇ-മെയിൽ, കത്ത് എന്നിവമുഖേന അറിയിച്ചിട്ടുണ്ടായിരുന്നു.

തമിഴ്നാട് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മുല്ലപ്പെരിയാർ അണക്കെട്ട് 2018 ആഗസ്റ്റ് 15 മുതൽ 22 വരെ തുറന്നുവിട്ടിരുന്നു. ഡാം തുറക്കുന്നതിനുമുമ്പ് 14-8-2018-നുതന്നെ ഈ വിവരം പൊതുജനങ്ങളെ അറിയിച്ചിരുന്നു. 136 അടിയിൽ ജലനിരപ്പ് എത്തിയപ്പോൾ ആദ്യത്തെ ജാഗ്രതാ നിർദ്ദേശം പോലീസ്, അഗ്നിശമനസേന, റവന്യൂ സർവ്വീസുകൾക്ക് നൽകുകയും ആവശ്യമായ മുൻകരുതലുകൾ ജനപ്രതിനിധികളുടെയും ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ സ്വീകരിക്കുകയും ചെയ്തിരുന്നു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പോലീസ്, റവന്യൂ, ഫയർ ഫോഴ്സ് തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടുകൂടി അധികാരികളും ജനപ്രതിനിധികളും ചേർന്ന് പുലർച്ചെ രണ്ട് മണിക്ക് മുമ്പായി പെരിയാർ നദിയുടെ ഇരുകരകളിലുമുള്ള ജനങ്ങളെ സുരക്ഷിത ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുകയുണ്ടായി. ജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി എല്ലാ മുൻകരുതലുകളും ജില്ലാ ഭരണകൂടവും റവന്യൂ വകുപ്പും സ്വകരിച്ചിരുന്നു. സ്ഥിതിഗതികൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കൺട്രോൾ റൂമുകൾ തുറന്നിരുന്നു. പ്രാദേശികമായ അറിയിപ്പുകൾ നൽകുന്നതിലേയ്ക്ക് അമ്പലങ്ങളിലും പള്ളികളിലും മണി മുഴക്കുകയും ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുകയും ചെയ്തു. മുന്നൊരുക്കങ്ങൾ നടത്തുന്നതിന് യാതൊരുവിധ പാളിച്ചയും ഉണ്ടായിട്ടില്ല.

(എഫ്) അതെ. നടപടിക്രമങ്ങൾ പാലിച്ചിരുന്നു.

(ജി) സംസ്ഥാനത്തെ ഡാമുകൾ എല്ലാം ഒരേ സമയമല്ല തുറന്നത്. പ്രളയത്തോടനുബന്ധിച്ച് സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിന് ഉന്നതതല യോഗങ്ങൾ ചേർന്നിരുന്നു. മുല്ലപ്പെരിയാർ ഡാം പ്രളയസമയത്ത് തുറന്നുവിട്ടത് സംബന്ധിച്ച് ഇടുക്കി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നിരവധി തവണ ഉന്നതതല യോഗങ്ങൾ ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർനടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

16-5-2018-ന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ സംസ്ഥാനതലത്തിൽ എല്ലാ വകുപ്പുകളുടെയും കേന്ദ്ര എജൻസികളുടെയും ജില്ലാ കളക്ടർമാരുടെയും കാലവർഷ മുന്നൊരുക്ക അവലോകന യോഗം ചേർന്ന് വിവിധ വകുപ്പുകൾക്ക് നടപ്പാക്കാനായി 46 നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

14-6-2018, 25-7-2018, 8-8-2018 10-8-2018 13-8-2018, 14-8-2018 തീയതികളിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് വിവിധ മുന്നൊരുക്ക, പ്രതികരണ നടപടികൾ സ്വീകരിച്ചു.

11-6-2018, 15-6-2018 എന്നീ തീയതികളിൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യോഗം ചേർന്ന് മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർനടപടികൾ നിർദ്ദേശിക്കുകയും ചെയ്തു.

16-7-2018, 23-7-2018, 27-7-2018, 5-8-2018 എന്നീ തീയതികളിൽ മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി. തുടർന്ന് ഏകദേശം എല്ലാ ദിവസവും അടിയന്തര പ്രവർത്തന പുരോഗതി വിലയിരുത്തി.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 8-8-2018-ലും 10-8-2018-ലും അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി.

## തീരദേശ പരിപാലന അതോറിറ്റിയുടെ വീടുനിർമ്മാണ പെർമിറ്റ്

22 (23) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന അതോറിറ്റിയിൽ പുതിയ വീട് നിർമ്മിക്കുന്നതിനും പഴയ വീട് പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട് പെർമിറ്റ് അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ജില്ലയിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ നിന്നായി സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ ഇപ്രകാരം തീരദേശ പരിപാലന അതോറിറ്റിയിൽ തീർപ്പാക്കാതെ കിടക്കുന്നുണ്ട്; മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്.

(ബി) 5 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. കേരള തീരദേശ പരിപാലന അതോറിറ്റിയിൽ സി.ആർ.ഇസഡ്. ക്ലിയറൻസിനായുള്ള അപേക്ഷകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയാണ് സമർപ്പിക്കാറുള്ളത്. ആയതിനാൽ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ അപേക്ഷകളുടെ എണ്ണം ലഭ്യമല്ല.

(സി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സി.ആർ.ഇസഡ് അനുമതി

23 (24) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ മേഖലകളിൽ വീടുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് സി.ആർ.ഇസഡ്-ന്റെ അനുമതി പെട്ടെന്ന് ലഭ്യമാക്കുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം CRZ- III മേഖലയിൽ കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും ഇടയിലുള്ള വികസന നിഷിദ്ധ മേഖലയിൽ നിലവിലുള്ള തറ വിസ്തീർണ്ണത്തിനു വിധേയമായി വീടുകളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനും കടലിന്റെ വേലിയേറ്റ രേഖയിൽനിന്ന് 100 മീറ്ററിനും 200 മീറ്ററിനുമിടയിൽ $100M^2$ വരെ തറ വിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വികസന നിഷിദ്ധ മേഖലയുടെ വെളിയിൽ (കടലിൽനിന്നും 200 മീറ്ററിനും 500 മീറ്ററിനുമിടയിൽ) $250M^2$ വരെ തറവിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനും അനുമതി നൽകുന്നതിനുള്ള അധികാരവും, CRZ II മേഖലയിൽ $250M^2$ വരെ തറ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് CRZ ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരവും തീരദേശ ജില്ലകളിലായി രൂപീകരിച്ചിട്ടുള്ള കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാ കമ്മിറ്റികൾക്ക് കൈമാറി.

കൂടാതെ CRZ ക്ലിയറൻസിനായുള്ള 7075 അപേക്ഷകൾ കേരള തീരദേശ പരിപാലന അതോറിറ്റി വഴിയും 3066 അപേക്ഷകൾ 10 ജില്ലാ കമ്മിറ്റികൾ വഴിയും തീർപ്പാക്കിയിട്ടുണ്ട്.

## കെ.എ.എസ്. സ്കീമുകളിലെ സംവരണം

24 (25) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.-ന്റെ എല്ലാ സ്കീമുകളിലും സംവരണം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് മുഖവിലയ്ക്ക് എടുക്കാതെ കെ.എ.എസ്. നിയമന നടപടികളുമായി മുന്നോട്ട് പോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) മൂന്ന് സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്തുന്നതിനുള്ള നിയമ തടസ്സമെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കെ.എ.എസ്.-ൽ സംവരണം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള നിയമോപദേശമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(സി) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് മാത്രമേ സംവരണതത്വം ബാധകമാക്കേണ്ടതുള്ളൂ. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് സംവരണം ബാധകമല്ല.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

25 (26) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;വിശദമാക്കാമോ ;

(ബി) പരീക്ഷാ ഘടന, പാഠ്യപദ്ധതി എന്നിവയുടെ കാര്യങ്ങളിൽ ചട്ടം ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പരീക്ഷയുടെ സിലബസും, ഘടനയും, പി.എസ്.സിയുമായി ആലോചിച്ച് പൊതുഭരണ വകുപ്പ് തീരുമാനിക്കണമെന്ന ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എ.എസിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമിക്കുമ്പോൾ സംവരണം ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച തീരുമാനം എടുത്തപ്പോൾ നിയമവകുപ്പിന്റെ ഉപദേശം ആരാഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ സംബന്ധിക്കുന്ന ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് 29-12-2017-ന് SRO No.861/2017 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിൽ ചില ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി&സി) ഇക്കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഇല്ല. കെ.എ.എസ്. ചട്ടങ്ങൾ നിയമവകുപ്പിന്റെ അംഗീകാര ത്തോടെയാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സംവരണതത്വം പാലിക്കുന്നതിന് നടപടി

26 (27) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; പരീക്ഷ നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പുതുതായി രൂപികരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ, ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് ഉറപ്പ് നൽകുന്ന സംവരണതത്വം എല്ലാ സ്കീമിലും ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കെ.എ.എസ്.ലെ സ്കീം 2, സ്കീം 3 റിക്രൂട്ട്മെന്റുകൾക്ക് സാമുദായിക സംവരണം അനുവദിക്കുന്നതിന് എന്താണ് തടസ്സമായിട്ടുള്ളത്; വ്യക്തമാക്കാമോ; കെ.എ.എസ്.-ലെ രണ്ടും മൂന്നും സ്കീമുകളിലെ നിയമനം സംബന്ധിച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ ഇവർ പ്രസ്താവിച്ച വിധികൾ എന്തായിരുന്നു; പകർപ്പ് ലഭ്യമാക്കുമോ; എങ്കിൽ പ്രസ്തുത വിധികളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി എന്തെല്ലാമാണ്; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇവയിൽ തീരുമാനമെടുക്കാതെയും സംവരണ തത്വങ്ങൾ പാലിക്കാതെയും നോട്ടിഫിക്കേഷനുമായി മുന്നോട്ട് പോകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ നിയമ വകുപ്പ് സെക്രട്ടറി നൽകിയ നിയമോപദേശം എന്തായിരുന്നു; ആയതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; നിയമനത്തിൽ എല്ലാ സ്ട്രീമിലും സംവരണ തത്വം പാലിക്കാതെ പോകുമ്പോൾ സംവരണ സമുദായങ്ങൾക്കുണ്ടാകുന്ന നഷ്ടം എത്രയെന്ന് ഓരോ സ്ട്രീമിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ ആയത് എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഭരണ ഘടന ഉറപ്പുവരുത്തുന്ന സാമുദായിക സംവരണം നഷ്ടപ്പെടാതിരിക്കാനും തദ്വാരാ സംവരണ വിഭാഗങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും ഓരോ സ്ട്രീമിലും സംവരണവും മെരിറ്റും 50:50 അനുപാതം ഉറപ്പു വരുത്തുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് 29-12-2017-ന് SRO No. 861/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും പരീക്ഷാ വിജ്ഞാപനത്തിനായുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെടുകയുമുണ്ടായി (പകർപ്പ് അനുബന്ധമായി ചേർക്കുന്നു*). എന്നാൽ വിജ്ഞാപനത്തിൽ ചില ഭേദഗതികൾ ആവശ്യമായ സാഹചര്യത്തിൽ പ്രസ്തുത ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) Stream-I-ൽ പൊതു സംവരണതത്വങ്ങൾ ബാധകമാണ്. തസ്തികമാറ്റം വഴി നിയമനം നടത്തുന്ന Stream-II, III എന്നിവയിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല.

(സി) Stream-I-ൽ സംവരണം ബാധകമാണ്. തസ്തികമാറ്റം വഴിയുള്ള Stream-II, III നിയമനങ്ങളിൽ സംവരണം ബാധകമല്ല. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവരുടെ വിധിപ്പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. കെ.എ.എസ്.ൽ സംവരണം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള നിയമോപദേശമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(ഇ) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് പൊതുസംവരണതത്വം ബാധകമാണ്. എന്നാൽ തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംവരണം

27 (28) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) സംവരണ വിഷയത്തിൽ കരട് വിശേഷാൽ ചട്ടത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കെ.എ.എസ്.-ലെ രണ്ടും മൂന്നും ശ്രേണിയിലേയ്ക്കുള്ള സംവരണങ്ങൾ പരിപൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ;

(സി) ഇതുമൂലം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുമുണ്ടാകുന്ന സംവരണ നഷ്ടം പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് 29-12-2017-ന് SRO. No.861/2017 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ഭേദഗതികൾ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി&സി) Stream I-ൽ പൊതുസംവരണതത്വം ബാധകമാണ്. Stream II, III എന്നിവയിൽ തസ്തികമാറ്റ നിയമനമായതിനാൽ സംവരണം ബാധകമല്ല.

## കേരള ജല അതോറിറ്റിയിലെ ഓപ്പറേറ്റർ തസ്തിക

28 (29) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിലെ ഓപ്പറേറ്റർ തസ്തിക അംഗപരിമിതർ എന്ന നിലയിൽ ഏതൊക്കെ വിഭാഗത്തിനാണ് ലഭ്യമാകുന്നത്;

(ബി) ലോക്കോമോട്ടോർ ഡിസ്എബിലിറ്റി ഉള്ളവർക്ക് പ്രസ്തുത തസ്തികയിൽ പി.എസ്.സി. നിയമനം ലഭ്യമാകുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ മറികടക്കുന്നതിനാവശ്യമായ ഏതെങ്കിലും പരിശോധന നിലവിൽ എക്സ്പെർട്ട് കമ്മിറ്റി നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പരിശോധന നടത്തിയ റിപ്പോർട്ട് ആർക്കെങ്കിലും സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) കേരള ജല അതോറിറ്റിയിലെ ഓപ്പറേറ്റർ തസ്തിക Low vision വിഭാഗത്തിന് അനുയോജ്യമായി G.O.(P) No.1/13/SJD ഉത്തരവ് പ്രകാരം കണ്ടെത്തിയിട്ടുണ്ട്. ആയത് Hearing impairment, Locomotor disability എന്നീ വിഭാഗങ്ങൾക്കുകൂടി അനുയോജ്യമായി 10-8-2018-ൽ ചേർന്ന അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച 26-11-2018-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 20/2018/സാ.നീ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പി.എസ്.സി. നിയമനം

29 (30) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സമയബന്ധിതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നതു കാരണം എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നീട്ടിക്കൊടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വകുപ്പുകളിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കാത്ത എത്ര ജീവനക്കാർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചുവെന്നും അവർ ആരെല്ലാമെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 ഒക്ടോബർ വരെ 85621 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 30-6-2016-ന് നിലവിലുണ്ടായിരുന്നതും 30-12-2016 വരെ കാലയളവിൽ കാലാവധി അവസാനിച്ചതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 31-12-2016 വരെയും 31-12-2016-ന് നിലവിലുണ്ടായിരുന്നതും 29-6-2017 വരെയുള്ള കാലയളവിൽ കാലാവധി അവസാനിച്ചതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 30-6-2017 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

## സർവ്വകലാശാലകളിലെ സി.എ. നിയമനം

30 (31) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ടുകൊണ്ട് വിജ്ഞാപനം ആയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) അനദ്ധ്യാപക വിഭാഗങ്ങളിൽപ്പെട്ട സ്റ്റെനോഗ്രാഫർ/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിലെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയിലെ നിയമനങ്ങൾ കൂടി പി.എസ്.സി. വഴി ആക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ-സി) 2015 ഡിസംബർ 21-ലെ നമ്പർ 24904/ലെഗ്.ജി2/2015/നിയമം വിജ്ഞാപന പ്രകാരം സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി. വഴിയാക്കിയിട്ടുണ്ട്. അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കി വരുന്നു. ആയത് പൂർത്തിയായതിനുശേഷം മാത്രമേ പി.എസ്.സി. മുഖേനയുള്ള നിയമന നടപടികൾ ആരംഭിക്കാനാകൂ.

## തിരുവനന്തപുരം ജില്ലയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം

31 (32) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 130/2012 പ്രകാരം തിരുവനന്തപുരം ജില്ലയിൽ 2018 മെയ് 31 വരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കുമോ ;ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) കേരളാ പി.എസ്.സി.-യുടെ സ്റ്റാറ്റസ് ഓഫ് പോസ്റ്റ് എന്ന ലിങ്കിൽ കാറ്റഗറി നമ്പർ 130/2012 പ്രകാരം തിരുവനന്തപുരം ജില്ലയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്(ഗ്രേഡ്-II) മാരുടെ വേക്കൻസികൾ അപ്ഡേറ്റ് ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

## എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

32 (33) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് പരീക്ഷ നടത്തി ഇന്റർവ്യൂ കഴിഞ്ഞിട്ടും നാളിതുവരെയായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റുകൾ അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റിന്റെ എത്ര വേക്കൻസികളാണ് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിലവിലുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഈ വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.

(ബി) എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ ജില്ല തിരിച്ചുള്ള എണ്ണംചുവടെ ചേർക്കുന്നു:

| ജില്ല | LPSA | UPSA |
|---|---|---|
| തിരുവനന്തപുരം | 152 | 78 |
| കൊല്ലം | 170 | 90 |
| ആലപ്പുഴ | 42 | 28 |

സംസ്ഥാനത്ത് പി.എസ്.സി. വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും/ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം എല്ലാ വകുപ്പുകളിലും ദ്രുത പരിശോധനയും നടത്തിവരുന്നു.

### ജില്ലാ സഹകരണ ബാങ്ക് ക്ലർക്ക്/കാഷ്യർ തസ്തിക റാങ്ക് ലിസ്റ്റ്

33 (34) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ല സഹകരണ ബാങ്ക് ക്ലർക്ക്/കാഷ്യർ (കാറ്റഗറി നമ്പർ 20/2014) തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് 22 മാസം പിന്നിട്ടിട്ടും നിയമന നടപടികൾ സ്വീകരിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള ബാങ്ക് രൂപീകരണത്തോടെ പ്രതിസന്ധിയിലാകുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് സമാന യോഗ്യതയുള്ള മറ്റു തസ്തികകളിലേയ്ക്ക് നിയമനങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിവരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

## ലാസ്റ്റ് ഗ്രേഡ് കമ്പനി, കോർപ്പറേഷനുകളിലെ തസ്തികയുടെ റാങ്ക് ലിസ്റ്റ്

34 (35) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കമ്പനി, കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ നിയമനത്തിനായുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇതിന്റെ കാലാവധി എന്നാണ് അവസാനിക്കുക എന്ന് വെളിപ്പെടുത്താമോ;

(സി) ഈ തസ്തികയിലേയ്ക്ക് പി. എസ്. സി. എഴുത്തുപരീക്ഷ നടത്തിയിരുന്നോ; എങ്കിൽ എന്നായിരുന്നുവെന്ന് അറിയിക്കുമോ;

(ഡി) ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നത്തേക്ക് നിലവിൽ വരുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. മുൻ റാങ്ക് പട്ടികയുടെ കാലാവധി 30-6-2017-ന് അവസാനിച്ചിട്ടുണ്ട്.

(സി) നടത്തിയിരുന്നു. രണ്ടുഘട്ടങ്ങളായി 7-10-2017, 28-10-2017 എന്നീ തീയതികളിൽ പരീക്ഷ നടത്തിയിരുന്നു.

(ഡി) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## സ്റ്റാഫ് നഴ്സ് റാങ്ക് ലിസ്റ്റുകളിൽനിന്നും നിയമനം

35 (36) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിനുകീഴിൽ വിവിധ ജില്ലകളിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലേയ്ക്ക് തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽനിന്നും നിയമന നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോടതി നടപടികൾ ഉള്ളതിനാൽ ഏതെല്ലാം ജില്ലകളിലെ നിയമന നടപടികളാണ് നാളിതുവരെ ആരംഭിയ്ക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) കോടതി നടപടികൾ ഒഴിവാക്കുന്നതിനും റാങ്ക് ലിസ്റ്റിൽനിന്നും നിയമന നടപടികൾ ആരംഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) റാങ്ക് ലിസ്റ്റിൽ നിലവിൽ വന്ന് മാസങ്ങളായിട്ടും നിയമന ശിപാർശ ലഭിക്കാത്തതുമൂലം ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിനും അടിയന്തരമായി നിയമന നടപടികൾ ആരംഭിയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതി നടപടികൾ ഉള്ളതിനാൽ തിരുവനന്തപുരം, എറണാകുളം, കൊല്ലം, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട എന്നീ ജില്ലകളിലെ നിയമന നടപടികൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) സ്റ്റാഫ് നഴ്സ് നിയമനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലെ കേസ്സ് നിലവിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. പത്തനംതിട്ട ജില്ലയിലെ കേസ്സുമായി ബന്ധപ്പെട്ട് പ്രതിവാദ പത്രിക അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമന നടപടിയുമായി ബന്ധപ്പെട്ട കേസ്സുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനും ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) കോടതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്കേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## കാർഷിക ക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് നിയമനം

36 (37) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ക്ഷേമവകുപ്പിൽ കൃഷി അസിസ്റ്റന്റ് നിയമനത്തിനായുള്ള പരീക്ഷ 2017 ഓഗസ്റ്റിൽ നടന്നുവെങ്കിലും അതിന്റെ റാങ്ക് ലിസ്റ്റ് ഇനിയും പ്രസിദ്ധീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രസ്തുത നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) കാർഷിക സർവകലാശാലയിൽനിന്നും കാർഷിക ശാസ്ത്രത്തിൽ ലഭിച്ചിട്ടുള്ള ഡിപ്ലോമ യോഗ്യതയുള്ളവരുടെ അഭാവത്തിൽ മാത്രം മറ്റുള്ള യോഗ്യത ലഭിച്ചിട്ടുള്ളവരെ പരിഗണിക്കാമെന്ന നിബന്ധനയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൃഷി അസിസ്റ്റന്റ് തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബി.ടെക് അഗ്രികൾച്ചറൽ സയൻസ് യോഗ്യതയുള്ളവരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ്സ് നിലനിൽക്കുന്നതിനാലാണ് ടി തസ്തികയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കാൻ വൈകുന്നത്.

(ബി) നിലവിലുള്ള സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്ത ടി തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) ഇല്ല.

## ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി. ക്ലർക്ക് തസ്തികയുടെ റാങ്ക് ലിസ്റ്റ്

37 (38) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് 2014-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം 22.10.2016-ൽ പി.എസ്.സി. പരീക്ഷ നടത്തിയിരുന്നോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്ന് അറിയിക്കുമോ;

(സി) 2016-ൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടത്തിയിരുന്നു.

(ബി) 1-1-2017

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധികരിക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ സ്വീകരിച്ചുവരുന്നു.

## വൊക്കേഷണൽ ഇൻസ്ട്രക്ടർ-ഇൻ-അഗ്രികൾച്ചർ റാങ്ക് ലിസ്റ്റ്

38 (39) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിലേയ്ക്കുള്ള (കാറ്റഗറി നമ്പർ 267/14) നിയമനത്തിന്റെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായിട്ടുള്ള ഉദ്യോഗാർത്ഥികളുടെ കൂടിക്കാഴ്ച നടപടികൾ പൂർത്തീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും ലിസ്റ്റിൽനിന്നും നിയമനങ്ങൾ നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ-ഇൻ-അഗ്രികൾച്ചർ തസ്തികയ്ക്ക് ഒരു Addendum shortlist പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റിലുൾപ്പെട്ട 149 ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂകൂടി പൂർത്തിയാകാനുണ്ട്.

എന്നാൽ കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശം പാലിച്ചുകൊണ്ട് കേരളത്തിലെ 66 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നൂതന പാഠ്യപദ്ധതിയായ ദേശീയ തൊഴിൽ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (NSQF) നടപ്പ് അദ്ധ്യയന വർഷം മുതൽ തുടങ്ങുന്നതിന് 9-5-2018-ലെ സ.ഉ.(കൈ)നമ്പർ 56/2018/ പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതോടൊപ്പം അടുത്ത അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ പുനർവിന്യാസം ആവശ്യമായേക്കാവുന്നത് മുന്നിൽ കണ്ടുകൊണ്ട് പുതിയ നിയമന ശിപാർശ/ നിയമനങ്ങൾ തൽക്കാലത്തേയ്ക്ക് നടത്തേണ്ടതില്ലെന്ന് 14-6-2018-ലെ SC3/155/ 2018/G.EDN നമ്പർ സർക്കാർ കത്തുപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെയും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെയും അറിയിച്ചിട്ടുണ്ട്.

## അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

39(40) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തുന്ന പരീക്ഷയിൽ കൃഷി ഡിപ്ലോമക്കാർക്കും വി.എച്ച്.എസ്.സി. (അഗ്രികൾച്ചർ) യോഗ്യതയുള്ളവരെയും പരിഗണിച്ച് ഒരേ കട്ട് ഓഫ് മാർക്ക് നിജപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ആയതിൽ എന്ത് തീരുമാനം ആയെന്ന് വിശദമാക്കാമോ?

ഉത്തരം

അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ യോഗ്യത സർക്കാർ പരിശോധിച്ചുവരികയാണ്.

**സർവ്വകലാശാലകളിലെ അസിസ്റ്റന്റ് നിയമനം**

40 (41) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്ന് അറിയിക്കുമോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽനിന്നും ഇതേവരെ എത്രപേർക്ക് നിയമനം നൽകി എന്നതിന്റെ സർവ്വകലാശാല തിരിച്ചുള്ള വിവരം നൽകുമോ;

(സി) ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10-8-2016-ന് നിലവിൽ വന്നു.

(ബി) 1876 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. സർവ്വകലാശാല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | സർവ്വകലാശാല | നിയമന ശിപാർശകളുടെ എണ്ണം |
|---|---|---|
| 1 | CUSAT | 67 |
| 2 | KUHS | 133 |
| 3 | Calicut University | 66 |
| 4 | KUFOS | 16 |
| 5 | Kerala University | 742 |
| 6 | Kannur University | 172 |
| 7 | MG University | 269 |
| 8 | KVASU | 126 |
| 9 | SSUS | 14 |
| 10 | Agriculture University | 266 |
| 11 | NUALS | 5 |
| | Total | 1876 |

(സി) സർവ്വകലാശാലകൾ ഉൾപ്പെടെ പി.എസ്.സി. മുഖേന നിയമനം നടത്തുന്ന എല്ലാ വകുപ്പുകൾ/സ്ഥാപനങ്ങളിലേയ്ക്കും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡെപ്യൂട്ടേഷൻ നിയമനത്തിനുള്ള വ്യവസ്ഥകൾ

41 (43) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഏതെങ്കിലും വകുപ്പിലോ പൊതുമേഖലാ സ്ഥാപനത്തിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനത്തിന് ഏതെല്ലാം സ്ഥാപനങ്ങളിലെ ജീവനക്കാർക്കാണ് അർഹതയുള്ളത്;

(ബി) സൗത്ത് ഇന്ത്യൻ ബാങ്കിലെ ഏതെങ്കിലും ജീവനക്കാരന് സർക്കാരിന്റെ ഏതെങ്കിലും വകുപ്പിലോ പൊതുമേഖലാ സ്ഥാപനത്തിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അർഹതയുണ്ടോ; എങ്കിൽ ഏത് ചട്ടത്തിലാണ് ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാരിന് പൊതു താൽപ്പര്യാർത്ഥത്തിലും എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളാലും ആഫീസർമാരെ ഒരു സർവ്വീസിൽനിന്നും മറ്റൊരു സർവ്വീസിലേയ്ക്കോ അല്ലെങ്കിൽ ഒരേ സർവ്വീസിലുള്ള ഒരു വകുപ്പിൽനിന്നും മറ്റൊരു വകുപ്പിലേയ്ക്കോ ഡെപ്യൂട്ട് ചെയ്യുകയോ ട്രാൻസ്ഫർ ചെയ്യുകയോ അല്ലെങ്കിൽ ഓരോ കേസിലും സർക്കാരിന് ചുമത്താവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി, ആഫീസർമാരെ മറ്റു സർക്കാരുകളിൽനിന്നോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ബോഡികളിൽനിന്നോ എടുക്കുകയോ അവയിലേയ്ക്ക് അയച്ച് കൊടുക്കുകയോ ചെയ്യുന്നതിന് 1958-ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം 2 ചട്ടം 9B യിൽ വ്യവസ്ഥയുണ്ട്. പി.എസ്.സി. കൺസൾട്ടേഷൻ ഒഴിവാക്കിയിട്ടില്ലാത്ത കേസ്സുകളിൽ അത്തരം ഡെപ്യൂട്ടേഷനുകളെയും ട്രാൻസ്ഫറുകളെയും സംബന്ധിച്ച് കമ്മീഷനുമായി കൂടിയാലോചന നടത്തേണ്ടതുമാണ്.

1958-ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം പിന്തുടരുന്നുവെങ്കിൽ ഇത്തരം സ്ഥാപനങ്ങളിലും മേൽ ചട്ടപ്രകാരം ഡെപ്യൂട്ടേഷൻ നിയമനം നടത്താവുന്നതാണ്. സ്വന്തം സർവ്വീസ് ചട്ടങ്ങൾ നിർമ്മിച്ചിട്ടില്ലാത്തതും എന്നാൽ കെ.എസ്.& എസ്.എസ്. ചട്ടങ്ങൾ പിന്തുടരാത്തതുമായ സ്ഥാപനങ്ങളിലെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ഭരണസൗകര്യാർത്ഥം സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ്.

**വോട്ടിംഗ് യന്ത്രത്തിനുപകരം പേപ്പർ ബാലറ്റ്**

42 (44) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഇനിമുതൽ നടക്കാൻ പോകുന്ന പാർലമെന്റിലേയ്ക്കും വിവിധ നിയമസഭകളിലേയ്ക്കും ഉള്ള തെരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് യന്ത്രത്തിനുപകരം പഴയ രീതിയിലുള്ള ബാലറ്റ് പേപ്പർ ആക്കണമെന്ന ആവശ്യം ഏതെങ്കിലും പ്രധാന രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനത്തെ പ്രധാന രാഷ്ട്രീയകക്ഷികളുടെ അഭിപ്രായം ചീഫ് ഇലക്ടറൽ ഓഫീസർ ആരാഞ്ഞിരുന്നോ;

(സി) അടുത്തിടെ വോട്ടർമാർക്ക് വോട്ടിംഗ് യന്ത്രത്തിന്റെ വിശ്വാസ്യതയിൽ കോട്ടം വന്നിട്ടുള്ളതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്ത് ചെയ്യാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) വോട്ടിംഗ് യന്ത്രത്തിൽ അവിശ്വാസം ഉന്നയിച്ച് ഏതെങ്കിലും റിപ്പോർട്ട് സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് ലഭിച്ചിട്ടില്ല. ജനപ്രാതിനിധ്യ നിയമപ്രകാരം തെരഞ്ഞെടുപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടം, നിർദ്ദേശങ്ങൾ, നിയന്ത്രണം എന്നിവയ്ക്ക് അനുസൃതമായാണ്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും ചെയ്യുവാൻ സാധിക്കുന്നതല്ല.

**പയ്യന്നൂർ മണ്ഡലത്തിലെ സൈബർ പാർക്ക് പദ്ധതി സ്ഥലം**

43 (45) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം പുല്ലുപാറയിൽ തുടങ്ങാൻ നിശ്ചയിച്ച കണ്ണൂർ സൈബർ പാർക്ക് തത്വത്തിൽ ഉപേക്ഷിക്കുകയും പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് കീഴിൽ വ്യവസായ പാർക്കാക്കി മാറ്റാൻ സ്ഥലം നൽകുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം, നടപടികൾ പൂർത്തീകരിച്ച് വ്യവസായ പാർക്കാക്കി മാറ്റുന്ന പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിന് അനുയോജ്യമല്ലാത്തതിനാൽ പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് തുടങ്ങുന്നതിനായി കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഭൂമിയുടെ വില നിശ്ചയിച്ച് സ്ഥലം കൈമാറുന്നത് സംബന്ധിച്ച് ചർച്ചകൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് കൈമാറ്റം നടത്തിയാലുടനെ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയും.

**അക്ഷയ സംരംഭകരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

44 (46) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസേവനകേന്ദ്രങ്ങൾ എന്ന നിലയിൽ കേന്ദ്രസർക്കാർ അംഗീകാരത്തോടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം വ്യാപകമായതോടെ അക്ഷയ സംരംഭങ്ങൾക്ക് നേരത്തെ ലഭിച്ചിരുന്ന തൊഴിലവസരങ്ങൾ ഗണ്യമായി കുറഞ്ഞതും വരുമാനത്തിൽ വലിയ ഇടിവും സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അക്ഷയ സംരംഭകർക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ തീരെ അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സരാധിഷ്ഠിത സാഹചര്യത്തിൽ അക്ഷയ സംരംഭകരെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് ഐ.ടി. വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ അംഗീകാരത്തോടെയുള്ള കോമൺ സർവ്വീസ് സെന്ററുകൾ അക്ഷയ കേന്ദ്രങ്ങൾക്ക് സമീപം പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ അക്ഷയ കേന്ദ്രങ്ങളുടെ തൊഴിലവസരങ്ങളിലും വരുമാനത്തിലും സ്വാഭാവികമായ കുറവ് സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അക്ഷയ സംരംഭകർക്ക് നിലവിൽ സർക്കാരിൽനിന്നും പ്രത്യേക ആനുകൂല്യങ്ങൾ ഒന്നുംതന്നെ നൽകുന്നില്ല. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ ഫീസ് ഈടാക്കിയാണ് അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ കാലികമായി പരിഷ്കരിച്ചുകൊണ്ട് 9-5-2018-ലെ സ.ഉ.(പി) നമ്പർ 03/2018/ഐ.ടി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അക്ഷയ കേന്ദ്രങ്ങൾ മുഖേന കൂടുതൽ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമപ്രകാരമുള്ള രജിസ്ട്രേഷനുകളില്ലാലെ അക്ഷയ കേന്ദ്രങ്ങളാണെന്ന് തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്ന ഓൺലൈൻ കേന്ദ്രങ്ങൾ നിർത്തലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുലോഗിനിലൂടെ പൗരൻമാർക്ക് ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വാണിജ്യാടിസ്ഥാനത്തിൽ ഓൺലൈൻ കേന്ദ്രങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലേക്കായി ഒരു രജിസ്റ്റേഡ് യൂസർക്ക് ഓപ്പൺ പോർട്ടൽ മുഖേന ഒരു മാസം ലഭിക്കുന്ന ഇ-ഡിസ്ട്രിക്ടുമായി ബന്ധപ്പെട്ട പരമാവധി സർട്ടിഫിക്കറ്റുകളുടെ എണ്ണം അഞ്ചായി നിജപ്പെടുത്തുന്നതിനും സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് ഒ.റ്റി.പി. സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളുടെ ലോഗിൻ ക്രഡൻഷ്യൽസ് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലേയ്ക്കായി എല്ലാ അക്ഷയ കേന്ദ്രങ്ങളും FTTH കണക്ടിവിറ്റിയിലേയ്ക്ക് മാറ്റുന്നതിനും അക്ഷയ കേന്ദ്രങ്ങൾക്ക് സ്റ്റാറ്റിക് ഐ.പി. അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**അക്ഷയ കേന്ദ്രങ്ങളിലെ നിരക്ക് ഏകീകരണം**

45 (47) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്കുള്ള നിരക്കുകൾ ഏകീകരിക്കാൻ നടപടികൾ ഉണ്ടാകുമോ എന്നും സേവനങ്ങൾക്ക് വാങ്ങുന്ന തുകയ്ക്ക് രസീതു നൽകാൻ നടപടികൾ ഉണ്ടാകുമോ എന്നും അറിയിക്കാമോ?

ഉത്തരം

അക്ഷയകേന്ദ്രങ്ങൾ വഴി നൽകുന്ന സേവനങ്ങൾക്കുള്ള നിരക്കുകൾ കാലികമായി പരിഷ്കരിച്ചുകൊണ്ട് 9-5-2018-ലെ സ.ഉ.(പി) നമ്പർ 03/2018/ ഐ.ടി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സേവനങ്ങൾക്ക് വാങ്ങുന്ന തുകയ്ക്ക് രസീത് നൽകുന്നതിന് എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓൺലൈൻ തട്ടിപ്പ്**

46 (48) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഓൺലൈൻ വഴിയുള്ള തട്ടിപ്പുകേസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

ഓൺലൈൻ തട്ടിപ്പ് സംബന്ധിച്ച പരാതികളിന്മേൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ കാര്യക്ഷമമായ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട തെളിവുകൾ കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനും വൈദഗ്ദ്ധ്യമുള്ള പോലീസ് ഉദ്യോഗസ്ഥരാണ് സൈബർ പോലീസ് സ്റ്റേഷനിൽ പ്രവർത്തിയെടുത്തുവരുന്നത്. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് ജില്ലാ സൈബർ സെല്ലുകളുടെയും സൈബർ ഡോമിന്റെയും വൈദഗ്ദ്ധ്യവും ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഓൺലൈൻ വഴിയുള്ള തട്ടിപ്പുകൾ തടയുന്നതിനായി ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നൽകുന്നതിനുള്ള നിർദ്ദേശം സൈബർ പോലീസ് സ്റ്റേഷനിൽനിന്നും ബാങ്ക് അധികാരികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള തട്ടിപ്പ് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിലേയ്ക്കായി പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ അവരുടെ ആവശ്യപ്രകാരം ബോധവൽക്കരണ ക്ലാസ്സുകൾ എടുത്തുവരികയും ചെയ്യുന്നു.

## സർക്കാർ വകുപ്പുകളിലെ വെബ്സൈറ്റ് സംവിധാനം

47 (49) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വകുപ്പുകൾക്കും സ്വന്തമായി വെബ് സൈറ്റ് ഉണ്ടോ; എങ്കിൽ വകുപ്പു തിരിച്ചുള്ള വെബ് അഡ്രസ്സ് ലഭ്യമാക്കുമോ;

(ബി) സ്വന്തമായി വെബ് സൈറ്റ് ഇല്ലാത്ത വകുപ്പ് ഏതൊക്കെ; കാരണം വിശദമാക്കുമോ;

(സി) സർക്കാർ വകുപ്പുകൾക്ക് വെബ്സൈറ്റ് തയ്യാറാക്കിനൽകുന്നത് ഏതൊക്കെ പൊതുമേഖല-സ്വകാര്യ ഏജൻസികൾ ആണ്; വ്യക്തമാക്കുമോ;

(ഡി) വെബ്സൈറ്റ് തയ്യാറാക്കിയിട്ടും എത്ര വകുപ്പുകൾക്ക് ഇപ്പോഴും പ്രവർത്തനമില്ലാത്ത വെബ്സൈറ്റുകൾ ഉണ്ട്; വിശദമാക്കുമോ;

(ഇ) വെബ്സൈറ്റ് തയ്യാറാക്കുന്നതിന് ഓരോ വകുപ്പുകളും എത്ര തുക വീതം ചെലവഴിച്ചു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## കെ.പി.എം.ജി. കൺസൾട്ടൻസി

48(51) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർ നിർമ്മിതിക്കായുള്ള കൺസൽട്ടൻസി കെ.പി.എം.ജി. കമ്പനിക്കു നൽകിയത് എന്തെല്ലാം വ്യവസ്ഥകൾ പ്രകാരമാണ്;

(ബി) പ്രസ്തുത കമ്പനി സർക്കാരുമായി മറ്റെന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത കൺസൽട്ടൻസി കമ്പനിയെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏതെല്ലാം മേഖലകളുമായി ബന്ധപ്പെട്ട ഉപദേശങ്ങൾ നൽകാനാണ് പ്രസ്തുത കമ്പനിക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കമ്പനിയെ കൺസൽട്ടൻസിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; പുതിയ കൺസൽട്ടൻസിയെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-ഡി) 5-1-2018-ലെ G.O.(P) 12/2018/P&EA ഉത്തരവ് പ്രകാരം പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള പാർട്ട്ണർ കൺസൾട്ടന്റായി കെ.പി.എം.ജി. ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.പി.എം.ജി. ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ. അരുൺ എം. കുമാർ പ്രളയാനന്തര പുനർനിർമ്മാണത്തിന് കെ.പി.എം.ജി. പാർട്ട്ണർ കൺസൾട്ടന്റായി സൗജന്യമായി പ്രവർത്തിക്കാമെന്ന് വാഗ്ദാനം നൽകിയതുകൊണ്ടാണ് സർക്കാർ അത്തരമൊരു തീരുമാനമെടുത്തത്. ഇതിന്റെ വിശദാംശം ഉൾപ്പെടുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രത്യേക കരാറിൽ ഏർപ്പെട്ടിട്ടില്ല

(സി) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇതുസംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

49 (52) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായും സാലറി ചലഞ്ച് മുഖേനയും മറ്റും നാളിതുവരെ എത്ര തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) അപ്രകാരം ലഭിച്ച തുകയിൽ എത്ര തുക ദുരിതബാധിതർക്കും കുടുംബങ്ങൾക്കുമായി വിതരണം ചെയ്തുവെന്നതിന്റെയും ആയിനത്തിൽ എത്ര തുക ബാക്കിയുണ്ടെന്നതിന്റെയും ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(സി) വെള്ളപ്പൊക്ക ദുരന്തത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് പലർക്കും നാളിതുവരെ സർക്കാർ പ്രാഥമികമായി പ്രഖ്യാപിച്ച പതിനായിരം രൂപയുടെ ധനസഹായം പോലും ലഭിച്ചിട്ടില്ല എന്നതും നിരവധി അനർഹർ ധനസഹായം വാങ്ങിയെടുത്തുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അർഹർക്ക് സഹായം എത്തിക്കുന്നതിനും അനർഹരിൽനിന്നും തുക തിരിച്ചു പിടിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വെള്ളപ്പൊക്ക ദുരന്തത്തിൽ വീടുൾപ്പെടെ നഷ്ടപ്പെട്ട കുടുംബങ്ങളുടെയും കച്ചവടസ്ഥാപനങ്ങൾ മറ്റ് ജീവനോപാധികൾ എന്നിവ നഷ്ടപ്പെട്ട് പ്രയാസപ്പെടുന്നവരുടെയും ഉന്നമനം ലക്ഷ്യമാക്കി ബാക്കി ഫണ്ട് എങ്ങനെ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രളയ ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി 23-11-2018 വരെ 2733.70 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പ്രളയദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 592.40 കോടി രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. വിതരണത്തിനുശേഷം ബാക്കിയുള്ള തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ റവന്യൂ വകുപ്പ് വിവിധ ജില്ലകളിൽനിന്നും താലൂക്കുകളിൽനിന്നും ശേഖരിച്ചുവരികയാണ്.

(സി) പ്രളയ ദുരിതാശ്വാസത്തിന് ധനസഹായം ലഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ തഹസിൽദാർക്ക് നൽകാവുന്നതും തുടർന്നും പരാതി പരിഹരിക്കപ്പെട്ടില്ലെങ്കിൽ ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാൻകൂടിയായ ജില്ലാ കളക്ടർക്ക് പരാതി നൽകാവുന്നതുമാണ്. അനർഹരായവർ കൈപ്പറ്റിയ സംഭാവനകൾ ജില്ലാ കളക്ടർ തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) പ്രളയദുരന്തവുമായി ബന്ധപ്പെട്ട അടിയന്തരസഹായമായും വീട് പുനർനിർമ്മാണത്തിനുമായും 24-11-2018 വരെ 592.40 കോടി രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. വീടുകൾ പുതുക്കിപ്പണിയുന്നതിനായി 1357.78 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 254.08 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും അനുവദിക്കും. കുടുംബശ്രീ വഴി ലഭ്യമാകുന്ന ഒരു ലക്ഷം രൂപയുള്ള വായ്പയുടെ പലിശയായ 9% മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് അനുവദിക്കുന്നത്.

**പ്രളയ ദുരിതാശ്വാസം**

50 (53) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്തുണ്ടായ പ്രളയത്തെ തുടർന്ന് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച ദുരിതാശ്വാസ നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനോടകം എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വിശദമാക്കുമോ;

(സി) ദുരിതാശ്വാസനിധിയിലേയ്ക്ക് ഇതിനോടകം ആകെ എത്ര തുക സംഭാവനയായി ലഭിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതി ദുരന്തത്തെത്തുടർന്ന് വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും പെട്ട് ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി. നിരവധിപേർ മരണപ്പെട്ടു. വീടുകളും കൃഷിയിടങ്ങളും വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വ്യാപാരസ്ഥാപനങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും പാലങ്ങളും ദുരന്തത്തിനിരയായി. സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്.

- ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്.
- മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാല് ലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.

- 500 രൂപ വിലവരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽ നിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനുപുറമേ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകി വരുന്നു. 23-11-2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വില വരുന്ന കിറ്റുകൾ വിതരണം ചെയ്തു.

- ദുരന്തത്തിൽ തകർന്ന വീടുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75% നുമേലെ എന്നിങ്ങനെ തരംതിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്.

- പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാല് ലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിനുപുറമേ, ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.

- കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായി കഴിഞ്ഞ നിരവധി പേരെ സഹായിക്കുന്നതിന് സന്നദ്ധസംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽനിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി.

- ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു.

- പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.

- ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡ് ഒന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ വാർഡ് ഒന്നിന് 50,000 രൂപയും അനുവദിച്ചു.

- പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ അരി നൽകുവാൻ തീരുമാനിച്ചു.
- പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 688.48 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) 27-11-2018 വരെയുള്ള കണക്കുപ്രകാരം 2683.18 കോടി രൂപ ലഭ്യമായിട്ടുണ്ട്.

## നവകേരള സൃഷ്ടി

51 (54) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മഹാപ്രളയത്തിൽ വിവധ മേഖലകളിൽ സംഭവിച്ച നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ നവകേരളം സൃഷ്ടിക്കുന്നതിനായി എത്ര കോടി രൂപയാണ് സർക്കാരിന് സമാഹരിക്കേണ്ടിവരികയെന്ന് വ്യക്തമാക്കുമോ;

(ബി) നവകേരള സൃഷ്ടിക്കായി സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പ്രളയത്തിൽ തകർന്ന കേരളത്തെ പുനസൃഷ്ടിക്കുന്നതിനായി വിദേശ രാജ്യങ്ങളുൾപ്പെടെ വിവിധ ഏജൻസികളിൽനിന്നും ധനസമാഹരണം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ;

(ഡി) നവകേരള സൃഷ്ടിക്കായി എത്ര കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഐക്യരാഷ്ട്രസഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെന്റ് (Post Disaster Need Assesment-PDNA) റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് 31,000 കോടി രൂപ വേണമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) നവകേരള നിർമ്മാണത്തിനായി ശാസ്ത്രീയമായ പഠനങ്ങളുടെയും പ്രവാസികളുൾപ്പെടെ പുതിയ നിർമ്മാണ സാങ്കേതികവിദ്യകളിൽ അറിവും പരിചയവും അനുഭവവും ഉള്ളവരുടെയെല്ലാം അഭിപ്രായങ്ങൾകൂടി പരിഗണിച്ചായിരിക്കും പുനർനിർമ്മാണം നടത്തുക. ഇത്തരത്തിലൊരു സമഗ്ര സമീപനം സ്വീകരിക്കുമ്പോൾത്തന്നെ ആദ്യഘട്ടത്തിൽ ആസ്തികളുടെ പ്രയോഗക്ഷമത ഉറപ്പുവരുത്താൻ ആവശ്യമായ അറ്റകുറ്റപ്പണികളും അതിനായുള്ള നിക്ഷേപവും നടത്തേണ്ടതുണ്ട്. ആസൂത്രണത്തിലും നിർമ്മാണത്തിലും വേഗതയും കാര്യക്ഷമതയും ലക്ഷ്യംവയ്ക്കുന്ന പ്രസ്തുത പദ്ധതി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ തകർന്നുപോകാത്ത പ്രകൃതിക്കനുയോജ്യമായ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. മന്ത്രിസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാണ് കേരള പുനർനിർമ്മാണ പദ്ധതി (RKI) നടപ്പാക്കപ്പെടുക. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മുഖ്യമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന മന്ത്രിമാർ, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ഭരണ പരിചയസമ്പന്നരായ പ്രമുഖ വ്യക്തികൾ, ഒരു യുവസംരംഭകൻ, വിവിധ വിഷയ മേഖലകളിലെ അഭിജ്ഞരായ വ്യക്തികൾ തുടങ്ങിയവരൊക്കെ അടങ്ങുന്ന ഉപദേശക സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ളത്. ചീഫ് സെക്രട്ടറിയാണ് ഉപദേശക സമിതിയുടെ മെമ്പർ സെക്രട്ടറി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഉന്നതതല അധികാര സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് ഉണ്ടാവുക. ബന്ധപ്പെട്ട ഉത്തരവ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ദേശീയ ദുരന്ത ലഘൂകരണ പദ്ധതിയുടെ sub section 9.1, 9.2 എന്നിവയിൽ പരാമർശിക്കുന്ന നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാരിന് നേരിട്ട് വിദേശ സർക്കാരുകളുടെയോ, ബഹുരാഷ്ട്ര ഏജൻസികളുടെയോ, ഐക്യരാഷ്ട്ര സഭയുടെ ഏജൻസികളുടെയോ സഹായം സ്വീകരിക്കുവാൻ സാധിക്കില്ല. കേന്ദ്ര സർക്കാരിന്റെ അനുമതി ഇതിലേയ്ക്ക് ആവശ്യമാണ്.

(ഡി) പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 600 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം

52 (55) ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വനാശം വിതച്ച പ്രളയം നേരിടുന്നതിൽ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം പൂർണ്ണ പരാജയമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ഡാമുകളും ഒരേ സമയം തുറന്നുവിടുന്നതിനു മുമ്പ് ദുരന്ത നിവാരണ അതോറിട്ടി വേണ്ടത്ര മുൻകരുതലുകൾ സ്വീകരിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓഖി ദുരന്തത്തിന് ശേഷം സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്;

(ഡി) കാര്യക്ഷമമല്ലാത്ത പ്രസ്തുത നടപടികളാണോ പ്രളയ സമയത്ത് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനത്തിൽ പാളിച്ചകൾ ഉണ്ടാക്കിയതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) ഇത്തരം ആക്ഷേപത്തിന് ഒരു അടിസ്ഥാനവുമില്ല

(സി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ പുതുതായി പത്ത് വിവിധ വിഷയ വിദഗ്ധരെ നിയമിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകിയിട്ടുണ്ട്. ലൊക്കേഷൻ ബേസ്ഡ് മെസ്സേജിംഗ് സിസ്റ്റം എന്ന സാങ്കേതികവിദ്യ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് കേന്ദ്രദുരന്തനിവാരണ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കുവാൻ ആകാശ വാണിയുടെ മീഡിയം വേവ് സംവിധാനം പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. യുണൈറ്റഡ് നേഷൻസ്

ഡെവലപ്മെന്റ് പ്രോഗ്രാം സംസ്ഥാനത്തെ ഏഴ് ജില്ലകളിലും സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കിയിട്ടുണ്ട്. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിച്ച് അമ്പത് സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി. ഇതിന് തുടർച്ചയായി നൂറ്റിയമ്പത് പേരുടെ പരിശീലനം നടത്തുന്നതാണ്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം തയ്യാറാക്കുവാൻ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എം.ജി. യൂണിവേഴ്സിറ്റി ആൻഡ് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ എന്നിവരെ ചുമതലപ്പെടുത്തി.

(ഡി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും പ്രളയസമയത്തെ പ്രവർത്തനത്തിൽ ഒരു പാളിച്ചയും ഉണ്ടായിട്ടില്ല.

**നവകേരള നിർമ്മിതി**

53 (56) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിൽ വന്നിട്ടുള്ള നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ വകുപ്പിലും ഉണ്ടായ നഷ്ടം എത്രയെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) നവകേരള നിർമ്മിതിക്കായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കണക്കാക്കിയിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെ PDNA റിപ്പോർട്ട് പ്രകാരം പ്രളയത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ മേഖലകളിലായി 26,718 കോടി രൂപയുടെ ആകെ നഷ്ടമുണ്ടായതായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ടിന്റെ പ്രസക്തഭാഗം (മേഖല തിരിച്ചുള്ളത്) അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നവകേരള നിർമ്മാണത്തിനായി ശാസ്ത്രീയമായ പഠനങ്ങളുടെയും പ്രവാസികളുൾപ്പെടെ പുതിയ നിർമ്മാണ സാങ്കേതികവിദ്യകളിൽ അറിവും പരിചയവും അനുഭവവും ഉള്ളവരുടെയും അഭിപ്രായങ്ങൾകൂടി പരിഗണിച്ചായിരിക്കും പുനർനിർമ്മാണം നടത്തുക. ഇത്തരത്തിലൊരു സമഗ്ര സമീപനം സ്വീകരിക്കുമ്പോൾത്തന്നെ ആദ്യഘട്ടത്തിൽ ആസ്തികളുടെ പ്രയോഗക്ഷമത ഉറപ്പുവരുത്താൻ ആവശ്യമായ അറ്റകുറ്റപ്പണികളും അതിനായുള്ള നിക്ഷേപവും നടത്തേണ്ടതുണ്ട്. ആസൂത്രണത്തിലും നിർമ്മാണത്തിലും വേഗതയും കാര്യക്ഷമതയും ലക്ഷ്യംവയ്ക്കുന്ന പ്രസ്തുത പദ്ധതി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) എന്ന പേരിലാണ് അറിയപ്പെടുന്നത്. 9-11-2018-ലെ സ.ഉ.(പി)നമ്പർ 16/2018/പി.&ഇ.എ.പ്രകാരം കേരള പുനർ നിർമ്മാണത്തിനായി കേരള പുനർ നിർമ്മാണ പദ്ധതി (Rebuild Kerala Initiative -RKI) എന്ന പ്രത്യേക സംവിധാനം രൂപീകരിച്ചുകൊണ്ടും ഇതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ. വി. വേണു, ഐ.എ.എസ്.-നെ നിയമിച്ചും ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു). പ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങളിൽ തകർന്നുപോകാത്ത പ്രകൃതിക്കനുയോജ്യമായ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. മന്ത്രിസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാണ് കേരള പുനർനിർമ്മാണ പദ്ധതി (RKI) നടപ്പാക്കപ്പെടുക. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മുഖ്യമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന മന്ത്രിമാർ, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ഭരണ പരിചയസമ്പന്നരായ പ്രമുഖ വ്യക്തികൾ, ഒരു യുവ സംരംഭകൻ, വിവിധ വിഷയ മേഖലകളിലെ അഭിജ്ഞരായ വ്യക്തികൾ തുടങ്ങിയവരൊക്കെ അടങ്ങുന്ന ഉപദേശക സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ളത്. ചീഫ് സെക്രട്ടറിയാണ് ഉപദേശക സമിതിയുടെ മെമ്പർ സെക്രട്ടറി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഉന്നതല അധികാര സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് ഉണ്ടാവുക.

## സംസ്ഥാനം നേരിട്ട പ്രളയം

54 (57) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 ആഗസ്റ്റ് മാസം ഉണ്ടായ മഹാപ്രളയം എത്ര പേരെ ബാധിച്ചിട്ടുണ്ട്എന്നാണ് കണക്കാക്കിയിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2018 ആഗസ്റ്റ് 15, 16, 17, 18 തീയതികളിൽ ഓരോ ദിവസവും പ്രളയ ബാധിത ജില്ലകളിൽ പെയ്ത മഴയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രളയത്തിൽ കുടുങ്ങിപ്പോയ എത്ര പേരെയാണ് മത്സ്യത്തൊഴിലാളികൾ, പോലീസ്, ഫയർ ഫോഴ്സ്, നാവികസേന, വ്യോമസേന, ദുരന്ത നിവാരണ സേന തുടങ്ങിയ വിഭാഗങ്ങളുടെ കഠിന പ്രയത്നത്തിലൂടെ രക്ഷപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രളയത്തിൽ കുടുങ്ങിയവരെ കാര്യമായ ആൾനാശം ഇല്ലാതെ രക്ഷിച്ചെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെയും സന്നദ്ധ പ്രവർത്തകരെയും ഗവൺമെന്റ് സംവിധാനങ്ങളെയും സേനാ വിഭാഗങ്ങളെയും അണിനിരത്തി നടത്തിയ ദൗത്യം ദേശീയ - അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട് എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഐക്യരാഷ്ട്രസഭയുടെ PDNA (Post Disaster Need Assessment) റിപ്പോർട്ടുപ്രകാരം 2018 ഓഗസ്റ്റ് മാസം കേരളത്തിലുണ്ടായ പ്രളയം 54 ലക്ഷം ആളുകളെ ബാധിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ബി) 2018 ഓഗസ്റ്റ് മാസം 15, 16, 17, 18 തീയതികളിൽ പ്രളയ ബാധിത ജില്ലകളിൽ പെയ്ത മഴയുടെ അളവ് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ (IMD) സ്റ്റേഷനുകളിലെ മഴ മാപിനികളിൽ രേഖപ്പെടുത്തിയത് അനുബന്ധമായി* ചേർക്കുന്നു.

(സി) മഹാപ്രളയത്തിൽ കുടുങ്ങിപ്പോയ 6,41,508 ആളുകളെയാണ് മത്സ്യത്തൊഴിലാളികൾ, പോലീസ്, ഫയർ ഫോഴ്സ്, നാവികസേന, വ്യോമസേന, ദേശീയ ദുരന്ത നിവാരണ സേന തുടങ്ങിയ വിഭാഗങ്ങളുടെ കഠിന പ്രയത്നത്താൽ രക്ഷപ്പെടുത്തിയത്.

(ഡി) ഉണ്ട്. പ്രളയത്തിൽ കുടുങ്ങിക്കിടന്നവരെ താരതമ്യേന കുറഞ്ഞ ആൾനാശത്തോടെ രക്ഷിച്ചെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളും സന്നദ്ധ പ്രവർത്തകരും സർക്കാരിന്റെ വിവിധ സംവിധാനങ്ങളും സേനാ വിഭാഗങ്ങളും അണിനിരന്നു നടത്തിയ രക്ഷാ ദൗത്യം ദേശീയ-അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഐക്യരാഷ്ട്ര സഭയുടെ PDNA (Post Disaster Need Assessment) റിപ്പോർട്ടിൽ ഇത് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയംമൂലം സംസ്ഥാനത്തുണ്ടായ നഷ്ടം

55 (58) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം സംസ്ഥാനത്തുണ്ടായ നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നഷ്ടം സംബന്ധിച്ച് വിവിധ ഏജൻസികൾ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ടിൽ, ദുരിതാനന്തരം വിവിധ മേഖലകളിലായി എന്ത് നഷ്ടം സംഭവിച്ചതായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത്;

(ഡി) ഇക്കാര്യത്തിൽ ഐക്യരാഷ്ട്രസഭയിൽനിന്നും എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്; അതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസ്സസ്സ്മെന്റ് (PDNA) റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ഐക്യരാഷ്ട്ര സഭയുടെ PDNA റിപ്പോർട്ട് പ്രകാരം 26,718 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ഡി) കേരളത്തിന്റെ പുനർനിർമ്മാണത്തിന് അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട മികച്ച സാങ്കേതിക വിദ്യയും അന്താരാഷ്ട്ര ഏജൻസികളിൽനിന്ന് ആവശ്യമായ വിഭവ ലഭ്യതയും പുനർനിർമ്മാണത്തിനുള്ള ആസൂത്രണം, മേൽനോട്ടം എന്നീ കാര്യങ്ങളും ഐക്യരാഷ്ട്ര സഭ സർക്കാരിന് വാഗ്ദാനം നൽകിയിട്ടുണ്ട്. United Nations Development Programme, United Environment Programme എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ 7 ജില്ലകളിലും സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് അധിക സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കിയിട്ടുണ്ട്.

## ദുരിതാശ്വാസനിധി

56 (59) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എത്ര തുക ലഭിച്ചിട്ടുണ്ട് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികളിൽനിന്നും ദുരിതാശ്വാസ നിധിയിലേയ്ക്ക്എത്ര തുക ലഭിച്ചിട്ടുണ്ട്; ലഭിച്ച തുകയും രാഷ്ട്രീയ പാർട്ടികളുടെ പേരും പ്രത്യേകം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കും വിവിധ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കും ട്രഷറി അക്കൗണ്ടിലേയ്ക്കുമായി 23-11-2018 വരെ 2733.70 കോടി രൂപ ലഭിച്ചിട്ടുണ്ട്. ജില്ലകളിൽനിന്നും ലഭിച്ച തുകയുടെ കണക്ക് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു. (ജില്ലാ കളക്ടറേറ്റുകളിൽനേരിട്ട് ലഭ്യമാക്കിയ സംഭവനകളുടെ വിവരമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. വിവിധ മാർഗ്ഗങ്ങളിലൂടെ ലഭിച്ച തുകയുടെ വിവരം ഇതിൽ ഉൾപ്പെടുന്നില്ല).

(ബി) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സമൂഹത്തിലെ വിവിധ മേഖലയിലുള്ള വ്യക്തികളും സ്ഥാപനങ്ങളും സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം ലഭ്യമാകുന്ന സംഭാവനകളുടെ വിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.

## പ്രളയാനന്തര കേരളം

57 (60) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരള പുനർ നിർമ്മാണത്തിനായി അന്തിമ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇതിലേയ്ക്കായി എത്ര കോടി രൂപയുടെ ഡി.പി.ആർ. സർക്കാർ തയ്യാറാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ;

(സി) നാളിതുവരെ ഇക്കാര്യത്തിൽ സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്; ഇതിനോടകം ഇതിൽനിന്നും എത്ര കോടി രൂപ എന്തിനെല്ലാം ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ G.O.(P) No.16/2018/ Plg. ആയി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയും കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽത്തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപ്പാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക വാണിജ്യനഗര കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകൾക്കും പ്രത്യേക പദ്ധതികൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു.

(ബി) തയ്യാറാക്കിയിട്ടില്ല.

(സി) സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് 2733.70 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽനിന്നും 592.40 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

ചെലവഴിച്ച തുകയുടെ വിശദ വിവരം:

| | | |
|---|---|---|
| വീടുകളുടെ പുനർനിർമ്മാണം | - | 135,09,91,200 രൂപ |
| അടിയന്തര ധനസഹായം | - | 457,23,43,200 രൂപ |
| ചികിത്സാ ധനസഹായം | - | 7,00,000 രൂപ |

**പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ**

58 (61) ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പുനർനിർമ്മാണത്തിനായി ഏതെല്ലാം വിധത്തിൽ ധനസമാഹരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative-RKI) എന്ന ബൃഹദ് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ ജി.ഒ. (പി) നമ്പർ 16/2018/P&EA പ്രകാരം ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയും കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽത്തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽനിന്നുള്ള ജനങ്ങളുടെ മാറ്റിപ്പാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക വാണിജ്യ നഗര കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകൾക്കും പ്രത്യേക പദ്ധതികൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു.

(ബി) സംസ്ഥാന വിഹിതം, ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽനിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവ സമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്ര ഗവൺമെന്റ് പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ, സ്പെഷ്യൽ ലോട്ടറി, എക്സൈസ് ഡ്യൂട്ടി വർദ്ധനവ് വരുത്തൽ തുടങ്ങിയവയും ഉൾപ്പെടുന്നു.

**പ്രളയാനന്തര പുനർനിർമ്മാണത്തിനായി കേന്ദ്ര സഹായം**

59 (62) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) കേന്ദ്ര സർക്കാരിനോട് സംസ്ഥനം ഉന്നയിച്ച് ആവശ്യങ്ങൾ എന്താണ്; വിശദവിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രം പരിഗണിച്ചവ എന്തെല്ലാം; ആകെ എത്ര രൂപയുടെ ധനസഹായം നാളിതുവരെ ഇക്കാര്യത്തിൽ ലഭിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) പ്രളയവുമായി ബന്ധപ്പെട്ട് കേരളത്തിന് 89,540 മെട്രിക് ടൺ അരിയും 12000 കിലോ ലിറ്റർ മണ്ണെണ്ണയും അധികമായി അനുവദിച്ചിരുന്നു. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും അടിയന്തര സഹായമായി 600 കോടി രൂപ ലഭ്യമായിട്ടുണ്ട്. ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് 2 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമവികസന മന്ത്രാലയം അധികമായി 50 തൊഴിൽ ദിനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിൽ സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻകീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി സമർപ്പിച്ച 9339.50 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് വായ്പ വാങ്ങാനുള്ള പരിധി മൂന്നുശതമാനത്തിൽനിന്ന് നാലര ശതമാനമായി ഉയർത്തണമെന്നും നബാർഡിൽനിന്ന് 2500 കോടി രൂപയുടെ വായ്പ അനുവദിക്കണമെന്നും ലോക ബാങ്ക്, എ.ഡി.ബി. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം 10 ശതമാനം വർദ്ധിപ്പിക്കണമെന്ന ആവശ്യവും മുന്നോട്ടുവച്ചിരുന്നു. കേരളത്തെ സഹായിക്കാൻ സെസ് ഏർപ്പെടുത്തണമെന്ന് കേന്ദ്രം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടു. ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616 കോടി രൂപയുടെ പുനരധിവാസ ധനസഹായമാണ്. ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടി രൂപയും രണ്ടാം ഘട്ടത്തിലെ മഹാപ്രളയത്തിന് 4790 കോടി രൂപയും ഉൾപ്പെടെയാണിത്. ഇതുകൂടാതെ പ്രത്യേക ധനസഹായമായി 5000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. സൗജന്യമായി അരിയും മണ്ണെണ്ണയും നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(സി) ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും 600 കോടി രൂപ ലഭിച്ചു. സംസ്ഥാനത്തിന് നൽകുന്ന ദുരന്ത പ്രതികരണ നിധിയിൽനിന്നും 265.74 കോടി രൂപ ഈടാക്കും എന്ന വ്യവസ്ഥയോടെ അരിയും മണ്ണെണ്ണയും നൽകിയിട്ടുണ്ട്.

## ദുരിതാശ്വാസ നിധിയിൽ ലഭിച്ച തുക

60 (63) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരള പുനഃസൃഷ്ടിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2018 ഒക്ടോബർ 31 വരെ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പ്രവാസികളുടെ സംഭാവന എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2018 ഒക്ടോബർ 31 വരെ 2391.46 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സമൂഹത്തിലെ വിവിധ മേഖലയിലുള്ള വ്യക്തികളും സ്ഥാപനങ്ങളും സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം ലഭ്യമാകുന്ന സംഭാവനകളുടെ വിവരങ്ങൾ പ്രത്യേകം പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.

## പ്രളയാനന്തര നാശനഷ്ടങ്ങൾക്ക് അനുവദിച്ച സഹായം

61 (64) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രകൃതി ദുരന്തത്തിൽ മനുഷ്യ ജീവനുൾപ്പെടെ എന്തെല്ലാം നാശനഷ്ടങ്ങളാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള നഷ്ടങ്ങൾ കണക്കാക്കി കേന്ദ്ര സർക്കാരിൽനിന്നും എത്ര തുകയാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതെന്നും അതിൽ എത്രയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 435 മനുഷ്യജീവനുകളാണ് സംസ്ഥാനത്ത് പ്രളയം കവർന്നെടുത്തത്. ഐക്യരാഷ്ട്രസഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസെസ്മെന്റ് (പി.ഡി.എൻ.എ.) റിപ്പോർട്ടുപ്രകാരം ആകെ 26718 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിലുണ്ടായിരിക്കുന്നത്. 17316 വീടുകൾ പൂർണ്ണമായും 216000 വീടുകൾ ഭാഗികമായും (പി.ഡി.എൻ.എ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ) തകർന്നു. കൃഷി, ഊർജ്ജം, ജലസേചനം, ഗതാഗതം, ഉപജീവനമാർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള സർവ്വ മേഖലകളിലും വലിയ നാശനഷ്ടങ്ങളാണ് സംസ്ഥാനത്തുടനീളം പ്രളയമുണ്ടാക്കിയത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി 31000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് പി.ഡി.എൻ.എ. റിപ്പോർട്ട് കണക്കാക്കുന്നത്.

(ബി) രണ്ട് ഘട്ടങ്ങളിലായി ആകെ 5616.7 കോടി രൂപയാണ് ദേശീയ ദുരന്തപ്രതികരണനിധിയുടെ നിലവിലെ മാനദണ്ഡമനുസരിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. നാളിതുവരെ അറുന്നൂറ് കോടി രൂപയാണ് ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്.

**പ്രളയാനന്തര പുനർനിർമ്മിതിക്കായി രൂപീകരിച്ച ഉപദേശക സമിതി**

62 (65) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മിതിക്കായി രൂപീകരിച്ച ഉപദേശക സമിതി നാളിതുവരെ എത്ര യോഗങ്ങൾ, ഏതൊക്കെ തീയതികളിൽ ചേർന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത യോഗങ്ങളിൽ പ്രളയം ബാധിച്ച ഏതൊക്കെ മേഖലകളിലെ ഏതൊക്കെ പ്രദേശങ്ങളിലെ പദ്ധതികളിന്മേൽ നിർദ്ദേശങ്ങളും വിദഗ്ദ്ധാഭിപ്രായങ്ങളും നൽകി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ആദ്യയോഗം 22-10-2011-നും രണ്ടാമത്തെ യോഗം 13-11-2018-ലും നടന്നു.

(ബി) 22-10-2018-ലെ യോഗ നടപടികളുടെ കുറിപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. 13-11-2018-ലെ യോഗനടപടികളുടെ കുറിപ്പ് പരിശോധിച്ചു വരുന്നു.

ആദ്യയോഗത്തിൽ പ്രളയാനന്തര പുനർനിർമ്മിതിയുമായി ബന്ധപ്പെട്ട പല മേഖലകളിലെയും വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുകയുണ്ടായി. പ്രധാനമായും സുസ്ഥിര സംസ്ഥാനം എന്ന നിലയിലേയ്ക്ക് കൊണ്ടുവരാനായി 'നവകേരളം' എന്നതിന്റെ പ്രാധാന്യമാണ് വെളിപ്പെടുത്തിയത്. കൂടാതെ വീട് നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി വീടുനിർമ്മാണം പൂർത്തിയാക്കൽ, അപകട സാദ്ധ്യതാ പ്രദേശങ്ങളുടെ കണ്ടെത്തൽ, കൃഷി, ജലസേചനം എന്നിവയ്ക്ക് പ്രാധാന്യം നൽകൽ, ക്രൗഡ് ഫണ്ടിംഗ്, തീരപ്രദേശം നശിക്കൽ, ക്ലസ്റ്റർ ഹൗസിംഗ് സാങ്കേതികത, പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയ മേഖലകളിലും നിർദ്ദേശങ്ങളും വിദഗ്ദ്ധാഭിപ്രായങ്ങളുമുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയാനന്തര കേരള പുനർനിർമ്മാണം

63 (66) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ പുനഃനിർമ്മാണത്തിനായി വിദേശ രാജ്യങ്ങളിൽനിന്നും ഏജൻസികളിൽനിന്നും എന്തെല്ലാം വാഗ്ദാനങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്; വിശദവിവരങ്ങൾ നൽകുമോ;

(ബി) ഈ വാഗ്ദാനങ്ങൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാർ എന്തെല്ലാം തടസ്സവാദങ്ങളാണ് ഉന്നയിക്കുന്നത്;

(സി) വിദേശ വാഗ്ദാനങ്ങൾ സ്വീകരിക്കുന്നതിൽ കേന്ദ്രം പക്ഷപാത പരമായാണോ സംസ്ഥാനത്തോട് പെരുമാറുന്നത്; വിശദവിവരം നൽകുമോ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന് സ്വീകരിക്കുവാൻ കഴിയുന്ന തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) പ്രളയപശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി വിദേശരാജ്യങ്ങളിലെ മലയാളികളിൽനിന്നും മലയാളി അസോസിയേഷനുകളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ധനസഹായം ലഭ്യമായിട്ടുണ്ട്.

(ബി-ഡി) കേരളത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണത്തിന് സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് മലയാളികളുടെ പ്രകടമായ സാന്നിദ്ധ്യമുള്ള വിവിധ രാജ്യങ്ങൾ സന്ദർശിക്കുന്നതിന് സംസ്ഥാന മന്ത്രിമാരെയും സീനിയർ ഉദ്യോഗസ്ഥരെയും നിയോഗിച്ചുകൊണ്ട് 19-9-2018-ലെ G.O.(MS) No.5/2018/ Norka പ്രകാരം സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ മുഖ്യമന്ത്രി ഉൾപ്പെട്ട സംഘത്തിനൊഴികെ മറ്റാർക്കും കേന്ദ്ര സർക്കാർ അനുമതി നൽകിയില്ല.

## പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

64 (67) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ തകർന്നുപോയ വീടുകൾ പുനർ നിർമ്മിക്കുന്നതിനും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് നൽകുവാനുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## ഉത്തരം

(എ&ബി) സംസ്ഥാനം കണ്ട ഏറ്റവും വലിയ പ്രളയത്തിൽ നിരവധിയാളുകളുടെ വീടുകൾ പൂർണ്ണമായും തകർന്നുപോയിട്ടുണ്ട്. ചില കുടുംബങ്ങൾക്ക് വീടും ഭൂമിയും നഷ്ടപ്പെട്ടിട്ടുണ്ട്. പുഴ പുറമ്പോക്കിലും മറ്റും താമസിച്ചിരുന്ന ചിലർക്ക് അവിടെ വീട് പുനർനിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ബാധിക്കുമെന്ന് വ്യക്തമായ സ്ഥലങ്ങളിൽ വീടുകൾ പുനർനിർമ്മിക്കാൻ കഴിയില്ല.

പുനരധിവാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി ഇത്തരം ആൾക്കാരെ കണ്ടെത്തുന്നതിനുള്ള വിശദമായ സർവ്വേ വാളണ്ടിയർമാരുടെ സഹായത്തോടെ പൂർത്തിയാക്കിയിരുന്നു. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് തദ്ദേശഭരണ സെക്രട്ടറിയുടെ അംഗീകാരത്തോടെ നാശനഷ്ടം തിട്ടപ്പെടുത്തി കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ത്തിനുമധികം ഇങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ചാണ് നാശനഷ്ടം കണക്കാക്കിയത്. ഇതിൽ 75%-ത്തിലുമധികം നാശനഷ്ടം സംഭവിച്ച വീടുകളെ പൂർണ്ണമായും വീട് നഷ്ടപ്പെട്ട വിഭാഗമായാണ് പരിഗണിച്ചത്.

ഇപ്പോൾ ലഭ്യമായ കണക്കുകൾ പ്രകാരം തകർന്ന വീടുകൾ പുതുക്കിപ്പണിയാനും പുതിയവ പണിയാനുമായി 1611.85 കോടി രൂപ ആവശ്യമാണ്. ഇതിൽ 1357.78 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 254.08 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. 75%-മോ അതിലധികമോ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് കേന്ദ്രസർക്കാർ സമതലങ്ങളിൽ 95,000 രൂപയും മലമ്പ്രദേശങ്ങളിൽ 1,05,000 രൂപയുമാണ് ലഭ്യമാക്കുക. ബാക്കി ശരാശരി മൂന്നുലക്ഷം രൂപ സംസ്ഥാന സർക്കാർകൂടി ലഭ്യമാക്കി സ്വന്തമായി പുനർനിർമ്മാണം ഏറ്റെടുക്കുന്ന കുടുംബങ്ങൾക്ക് നാലുലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. സഹകരണ പ്രസ്ഥാനങ്ങളുടെ മുൻകയ്യിൽ സഹകരണ മേഖലയിൽ നിന്ന് സമാഹരിച്ച പണവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായ തുകയും ഉപയോഗിച്ച് നാല് ലക്ഷം രൂപ മുതൽമുടക്കുള്ള രണ്ടായിരം വീടുകൾ കെയർ ഹോം എന്ന പദ്ധതി പ്രകാരം നിർമ്മിച്ചുനൽകാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. സ്വന്തമായി പുനർനിർമ്മാണം ഏറ്റെടുക്കാൻ കഴിവില്ലാത്ത കുടുംബങ്ങളെ ഈ പദ്ധതിപ്രകാരം സഹായിക്കാനാവും. കൂടാതെ വീടുകളുടെ പുനർനിർമ്മാണം സ്പോൺസർ ചെയ്യാൻ

തയ്യാറായിട്ടുള്ളവരുടെ സഹായവും ദുരന്തപ്രതികരണ നിധി ഉപയോഗിച്ചും ഇത്തരം വിഭാഗങ്ങളുടെ വീടിന്റെ പുനർനിർമ്മാണം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന് സ്പോൺസർ - ഗുണഭോക്താവ് - ജില്ലാ കളക്ടർ എന്നിവർ ഏർപ്പെടുന്ന ഒരു ത്രികക്ഷി കരാർ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഏകദേശം 70% പേരും സ്വന്തം ഉത്തരവാദിത്വത്തിൽ നിർമ്മാണം ഏറ്റെടുക്കാനാണ് താൽപ്പര്യപ്പെട്ടു വന്നിരിക്കുന്നത്. ഇവർക്കും നിരന്തര മാർഗ്ഗനിർദ്ദേശം നൽകുന്ന രീതിയിൽ 'സുരക്ഷിതകൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്ക് തലത്തിലും നഗരസഭാ തലത്തിലും ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒരു സാങ്കേതികസ്ഥാപനം (എഞ്ചിനീയറിംഗ് കോളേജ്/പോളിടെക്നിക്) ഈ ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾക്ക് പിന്തുണാ സംവിധാനമൊരുക്കുന്നതിനായി കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഭാവിയിൽ ദുരന്തങ്ങളുണ്ടാകാൻ സാദ്ധ്യതയുള്ളതെന്ന് ശാസ്ത്രീയമായി കണ്ടെത്തപ്പെടുന്ന ഭൂമിയിൽ താമസിക്കുന്നവർക്ക് വാസയോഗ്യമായ ഭൂമി കണ്ടെത്തി അതിൽ വീടോ ഫ്ലാറ്റോ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്ന പ്രവർത്തനത്തിന്റെ മേൽനോട്ടത്തിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നേരത്തേയുണ്ടായിരുന്ന താമസസ്ഥലത്തിന്റെ അടുത്തുതന്നെ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ലഭ്യമാണെങ്കിൽ അവിടെയാണ് പുനരധിവാസം നടത്തേണ്ടത്. ഇത്തരത്തിൽ ഭൂമി ലഭ്യമല്ലെങ്കിൽ പ്രാദേശികമായി ഭൂമി ലഭ്യമാക്കാൻ തയ്യാറുള്ളവരുമായി ബന്ധപ്പെട്ട് അതിനുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കാനും കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ഭൂമി ദാനം ചെയ്യുമ്പോൾ സർക്കാരിലേയ്ക്ക് വിട്ടുകൊടുക്കുന്നതോടൊപ്പം ദുരന്തബാധിതർക്ക് ഭൂമി ദാനം ചെയ്യാനും കഴിയുന്നതാണ്. ഇത്തരം കേസ്സുകൾ ജില്ലാ കളക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഡ്യൂട്ടി എന്നിവ ഒഴിവാക്കി മന്ത്രിസഭ തീരുമാനമെടുക്കുകയും സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി ഭൂമി ഉണ്ടായിരുന്നവർക്ക് അവിടെത്തന്നെ പുനർനിർമ്മാണം നടത്താനാവാത്ത സാഹചര്യമുണ്ടെങ്കിൽ ആധാരത്തിലുള്ള വിലയ്ക്ക് 3 സെന്റ് മുതൽ 5 സെന്റ് വരെ ഭൂമി പരമാവധി ആറ് ലക്ഷം രൂപയ്ക്കുവരെ വാങ്ങാനും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവർക്ക് വീട് നിർമ്മാണത്തിന് നാല് ലക്ഷം രൂപ അധികമായി നൽകുന്നതാണ്.

സർക്കാർ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന വീടുകളെല്ലാം ദുരന്ത പ്രതിരോധ ശേഷിയുള്ളവയാണെന്ന് ഉറപ്പാക്കുന്നതാണ്. ഇതിനായുള്ള രൂപകൽപ്പന തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സ്ട്രക്ച്ചറൽ എഞ്ചിനീയർമാർ ഉൾപ്പെടുന്ന സാങ്കേതികസമിതി അംഗീകരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയ 13 മാതൃകാ പ്ലാനുകളിൽ ഏതെങ്കിലുമൊന്ന് ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സർക്കാർ അംഗീകാരം നേടിയ എംപാനൽ ഏജൻസികൾ വഴിയാവും സർക്കാർ വഴിയുള്ള നിർമ്മാണങ്ങൾ ഏറ്റെടുക്കുക. ഇതോടൊപ്പം കേന്ദ്രസർക്കാരിന്റെ നഗരകാര്യമന്ത്രാലയത്തിന്റെ കീഴിലുള്ള ബിൽഡിംഗ് മെറ്റീരിയൽസ് ടെക്നോളജി പ്രൊമോഷൻ സെന്റർ പ്രീ-ഫാബ്രിക്കേറ്റഡ് വീടുകളും അംഗീകൃത സ്ഥാപനങ്ങൾ വഴി ഏറ്റെടുക്കാനാണുദ്ദേശിക്കുന്നത്. നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും പ്രീ-ഫാബ്രിക്കേറ്റഡ് സാമഗ്രികൾ നിർമ്മാണ സ്ഥലത്തേയ്ക്ക് എത്തിക്കേണ്ട സാഹചര്യവും വിലയിരുത്തി ഗുണഭോക്താവിന്റെ താൽപ്പര്യപ്രകാരം യുക്തമായ സാങ്കേതികവിദ്യ തെരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശം ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ നൽകുന്നതാണ്. സ്വന്തമായി ഭൂമിയില്ലാതെ പുറമ്പോക്കിൽ താമസിച്ചിരുന്ന വീട് നഷ്ടപ്പെട്ടവർക്കും സർക്കാർ കണ്ടെത്തുന്ന ഭൂമിയിൽ വീടോ, ഫ്ലാറ്റോ വെച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്.

## പ്രളയദുരന്തം നേരിടാൻ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച അടിയന്തര സഹായം

65 (68) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തെ നേരിടാൻ കേന്ദ്രസർക്കാരിൽനിന്നും എത്ര രൂപയുടെ അടിയന്തര സഹായത്തിനാണ് സംസ്ഥാന സർക്കാർ അപേക്ഷിച്ചത്;

(ബി) ഇതുവരെ എത്ര രൂപയുടെ സഹായം കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട് ;

(സി) പ്രളയവുമായി ബന്ധപ്പെട്ട് റോഡ് പുനരുദ്ധാരണം, തകർന്ന കെട്ടിടങ്ങളുടെ പുനർനിർമ്മാണം എന്നിവയിലേയ്ക്കായി പ്രത്യേക പദ്ധതി പ്രകാരമോ അല്ലാതെയോ കേന്ദ്രസർക്കാരിന്റെ ഭാഗത്ത്നിന്നും സഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ) കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ (എൻ.ഡി.ആർ.എഫ്) നിലവിലെ മാനദണ്ഡപ്രകാരം 5616.7 കോടി രൂപ ആവശ്യപ്പെട്ടിരുന്നു.

(ബി) കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അറുന്നൂറ് കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് റോഡുകളുടെ പുനരുദ്ധാരണത്തിനായി 71.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## പ്രളയ നാശനഷ്ടത്തിന്റെ വിവരശേഖരണം

66 (69) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പ്രളയത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കും നാശനഷ്ടങ്ങൾ ഉണ്ടായവർക്കും ധനസഹായം ലഭ്യമാക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ആയതിന്റെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു:

അമ്പൂരി ഗ്രാമപഞ്ചായത്ത്- 48 വീടുകൾ ഭാഗികമായും 5 വീടുകൾ പൂർണ്ണമായും തകർന്നു.

ആര്യങ്കോട് - 60 വീടുകൾ ഭാഗികമായും 2 വീടുകൾ പൂർണ്ണമായും തകർന്നു.

കൊല്ലയിൽ - 6 വീടുകൾ പൂർണ്ണമായും 34 വീടുകൾ ഭാഗികമായും തകർന്നു.

കുന്നത്തുകാൽ - 3 വീടുകൾ പൂർണ്ണമായും 30 വീടുകൾ ഭാഗികമായും തകർന്നു.

ഒറ്റശേഖരമംഗലം - 3 വീടുകൾ പൂർണ്ണമായും 30 വീടുകൾ ഭാഗികമായും തകർന്നു.

പാറശ്ശാല - 7 വീടുകൾ ഭാഗികമായും 9 വീടുകൾ പൂർണ്ണമായും തകർന്നു.

പെരുങ്കടവിള - 4 വീടുകൾ പൂർണ്ണമായും 17 വീടുകൾ ഭാഗികമായും തകർന്നു.

വെള്ളറട - 6 വീടുകൾ ഭാഗികമായി തകർന്നു.

കള്ളിക്കാട് - 16 വീടുകൾ പൂർണ്ണമായും 165 വീടുകൾ ഭാഗികമായും തകർന്നു.

(ബി) പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ മഴക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച വീടുകളുടെ വിവരശേഖരണം മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയിട്ടുണ്ട്. ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ അമ്പൂരി, ആര്യങ്കാവ്, കൊല്ലയിൽ, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, വെള്ളറട, പെരുങ്കടവിള, കള്ളിക്കാട് തുടങ്ങിയ പ്രദേശങ്ങളിലെ കർഷകരിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**പ്രളയത്തിലും ഉരുൾപൊട്ടലിലുമുണ്ടായ നാശനഷ്ടം**

67 (70) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിലും ഉരുൾപൊട്ടലിലും എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, വിവിധ വകുപ്പുകളുടെ കെട്ടിടങ്ങൾ, ജലവിഭവ വകുപ്പിന്റെ ഡാമുകൾ, കൃഷി തുടങ്ങിയവയ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (Post Disaster Need Assessment-PDNA) കണക്കാക്കിയതുപ്രകാരം 26,718 കോടി രൂപയുടെ നാശനഷ്ടമാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്

(ബി) PDNA റിപ്പോർട്ട് പ്രകാരം വകുപ്പുകളുടെ നാശനഷ്ടം കണക്കാക്കിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

**ചെങ്ങന്നൂരിലെ പ്രളയബാധിത റോഡുകൾ**

68 (71) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തോടനുബന്ധിച്ച് സഞ്ചാരയോഗ്യമല്ലാത്ത ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ചെറുതും വലുതുമായ 192 ഗ്രാമീണറോഡുകളുടെ ലിസ്റ്റ് അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനുമായി 50 കോടി രൂപയെങ്കിലും അനുവദിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രളയദുരിതം ഏറ്റവും അധികം അനുഭവിച്ച മണ്ഡലം എന്ന നിലയിൽ ചെങ്ങന്നൂരിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിൽ മുന്തിയ പരിഗണന നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

**പ്രളയകാലത്തെ സംസ്ഥാനത്തിന്റെ നഷ്ടം**

69 (72) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (Post Disaster Need Assessment-PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,718 കോടി രൂപയാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി 31,000 കോടിരൂപയെങ്കിലും വേണ്ടിവരുമെന്നാണ് പ്രസ്തുത റിപ്പോർട്ട് കണക്കാക്കിയിട്ടുള്ളത്.

**സംസ്ഥാനത്തിന്റെ പ്രളയാനന്തര നിർമ്മിതി**

70 (73) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ പ്രളയാനന്തര നിർമ്മിതിക്ക് ആവശ്യമായ പദ്ധതികളുടെ നിർവ്വഹണത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

5-9-2018-ലെ ജി.ഒ.(പി) 12/2018/P&EA ഉത്തരവുപ്രകാരം പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള പാർട്ട്ണർ കൺസൾട്ടന്റായി KPMG ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. KPMG ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ. അരുൺ എം. കുമാർ പ്രളയാനന്തര പുനർനിർമ്മാണത്തിന് KPMG പാർട്ട്ണർ കൺസൾട്ടന്റായി സൗജന്യമായി പ്രവർത്തിക്കാമെന്ന് വാഗ്ദാനം നൽകിയതുകൊണ്ടാണ് സർക്കാർ അത്തരമൊരു തീരുമാനമെടുത്തത്. ഇതിന്റെ വിശദാംശം ഉൾപ്പെടുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പ്രളയക്കെടുതികൾ**

71 (74) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതികൾ നേരിടുവാനും സംസ്ഥാന പുനർ നിർമ്മാണത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വിവിധ ഏജൻസികളിൽനിന്നും ലഭിച്ച സംഭാവനയുടെ കണക്കുകൾ വിശദമാക്കാമോ;

(സി) പുനർനിർമ്മാണത്തിന് വിവിധ വകുപ്പുകൾ തയ്യാറാക്കിയ പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രളയ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്.

മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാലു ലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.

500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽ നിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനു പുറമെ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകിവരുന്നു. 23-11-2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു.

പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.

കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി.

ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു.

പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.

ശുചീകരണ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത പങ്കാളിത്തമാണ് ബഹുജനങ്ങളിൽനിന്നും സംഘടനകളിൽ നിന്നുമുണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡൊന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡൊന്നിന് 50,000 രൂപയും അനുവദിച്ചു.

പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചു കിലോ അരി നൽകുവാൻ തീരുമാനിച്ചു.

പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 688.48 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

നവകേരള നിർമ്മാണത്തിനായി ശാസ്ത്രീയമായ പഠനങ്ങളുടെയും പ്രവാസികളുൾപ്പെടെ പുതിയ നിർമ്മാണ സാങ്കേതികവിദ്യകളിൽ അറിവും പരിചയവും അനുഭവവും ഉള്ളവരുടെയെല്ലാം അഭിപ്രായങ്ങൾകൂടി പരിഗണിച്ചായിരിക്കും പുനർനിർമ്മാണം നടത്തുക. ഇത്തരത്തിലൊരു സമഗ്ര സമീപനം സ്വീകരിക്കുമ്പോൾത്തന്നെ ആദ്യഘട്ടത്തിൽ ആസ്തികളുടെ പ്രയോഗക്ഷമത ഉറപ്പുവരുത്താൻ ആവശ്യമായ അറ്റകുറ്റപ്പണികളും അതിനായുള്ള നിക്ഷേപവും നടത്തേണ്ടതുണ്ട്. ആസൂത്രണത്തിലും നിർമ്മാണത്തിലും വേഗതയും കാര്യക്ഷമതയും ലക്ഷ്യംവയ്ക്കുന്ന പ്രസ്തുത പദ്ധതി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രളയംപോലുള്ള പ്രകൃതിദുരന്തങ്ങളിൽ തകർന്നുപോകാത്ത പ്രകൃതിക്ക്

അനുയോജ്യമായ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. മന്ത്രിസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാണ്, കേരള പുനർ നിർമ്മാണ പദ്ധതി (RKI) നടപ്പാക്കപ്പെടുക. ബഹു. മുഖ്യമന്ത്രി ചെയർമാനും, ബഹു. പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി നാമനിർദ്ദേശം നൽകുന്ന മന്ത്രിമാർ, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ഭരണ പരിചയസമ്പന്നരായ പ്രമുഖ വ്യക്തികൾ, ഒരു സംരംഭകൻ, വിവിധ വിഷയമേഖലകളിലെ അഭിജ്ഞരായ വ്യക്തികൾ തുടങ്ങിയവരൊക്കെ അടങ്ങുന്ന ഉപദേശക സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ളത്. ചീഫ് സെക്രട്ടറിയാണ് ഉപദേശക സമിതിയുടെ മെമ്പർ സെക്രട്ടറി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഉന്നതതല അധികാര സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് ഉണ്ടാവുക.

(ബി) 27-11-2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2683.18 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## പ്രളയക്കെടുതിയുടെ വിശദവിവരങ്ങൾ

72 (75) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതികളിൽ ദുരിതം അനുഭവിച്ച ജനങ്ങൾക്ക് ഇതിനോടകം എന്തെല്ലാം സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) പതിനായിരം രൂപ വീതം ഉള്ള സഹായം ഇതിനോടകം എത്രപേർക്ക് നൽകിയെന്നുള്ള താലൂക്ക് തിരിച്ചുള്ള പട്ടിക നൽകാമോ; പ്രസ്തുത വിഭാഗത്തിൽ തീരുമാനമെടുക്കാൻ എത്ര അപേക്ഷകൾ അവശേഷിക്കുന്നുവെന്ന് അറിയിക്കുമോ;

(സി) കുട്ടനാട് താലൂക്കിൽ നെൽക്കൃഷി, കരക്കൃഷി, മത്സ്യകൃഷി, താറാവുകൃഷി എന്നിവ നഷ്ടപ്പെട്ടവർക്ക് നൽകിയ സഹായത്തിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഭാഗികമായോ പൂർണ്ണമായോ വീടോ വീട്ടിലെ വസ്തുവകകളോ നഷ്ടപ്പെട്ടവർക്ക് നൽകിയ സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഓരോ താലൂക്കിലും എത്ര വീടുകളാണ് പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സമാനതകളില്ലാത്ത രക്ഷാപ്രവർത്തനാണ് മഹാദുരന്തത്തിന്റെ തീഷ്ണത വലിയൊരളവിൽ കുറച്ചത്. ദുരന്തബാധിതർക്കായി സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചു. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

- മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്ക് നാലു ലക്ഷം രൂപ വീതം അനുവദിച്ചു. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.

- 500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽ നിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനുപുറമേ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകി വരുന്നു. 23-11-2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു.

- ദുരന്തത്തിൽ തകർന്ന വീടുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ന് മേലെ എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്.

- പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് തീരുമാനിച്ചത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമേ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.

- കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി.

- ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു.

- പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.

- പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചു കിലോ അരി നൽകുവാൻ തീരുമാനിച്ചു.

- പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 688.48 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ആയതിന്റെ താലൂക്ക് തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു. ആയതിന്റെ താലൂക്ക് തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

## പ്രളയക്കെടുതിയിൽപ്പെട്ട കേരളത്തിന് വിദേശ രാജ്യങ്ങളിൽനിന്നും സഹായം

73 (76) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽപ്പെട്ട കേരളത്തിന് വിദേശ രാജ്യങ്ങളിൽനിന്നും സഹായമെത്തിക്കാമെന്ന് ഐക്യരാഷ്ട്ര സഭ വാഗ്ദാനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിദേശ രാജ്യങ്ങളിൽനിന്നും സഹായം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ; വിദേശ രാജ്യങ്ങളിൽനിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(സി) ഐക്യരാഷ്ട്ര സഭ നൽകിയ സഹായ വാഗ്ദാനത്തിൽ സർക്കാർ തലത്തിൽ മറുപടി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിന്റെ പുനർനിർമ്മാണത്തിന് വിദേശരാജ്യങ്ങളിൽനിന്ന് വിഭവ ലഭ്യതയും സഹായവും ഐക്യരാഷ്ട്ര സഭ വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ബി) ദേശീയ ദുരന്ത ലഘൂകരണ പദ്ധതിയുടെ Sub- section 9.1, 9.2-ൽ പരാമർശിക്കുന്ന നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാരിന് നേരിട്ട് വിദേശ സർക്കാരുകളുടെയോ ബഹുരാഷ്ട്ര ഏജൻസികളുടെയോ ഐക്യരാഷ്ട്ര സഭയുടെ ഏജൻസികളുടെയോ സഹായം സ്വീകരിക്കുവാൻ സാധിക്കില്ല. കേന്ദ്ര സർക്കാരിന്റെ അനുമതി ഇക്കാര്യത്തിലേയ്ക്ക് ആവശ്യമാണ്.

(സി) പ്രളയാനന്തര പുനർനിർമ്മാണ ആവശ്യകതാ പഠനം (Post Disaster Need Assessment) നടത്തുവാൻ ഐക്യരാഷ്ട്ര സഭയുടെ ഏജൻസിയുടെ സഹായം സർക്കാർ അഭ്യർത്ഥിച്ചിരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ United Nations Development Programme, United Environment Programme എന്നിവ സംസ്ഥാനത്തെ 7 ജില്ലകളിലും സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

74 (77) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസ ഇനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 1-5-2018 മുതൽ നാളിതുവരെ എത്ര രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് മേൽ കാലയളവിൽ ഉദ്യോഗസ്ഥർ നൽകിയ സംഭാവനയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മഹാപ്രളയത്തിനിരകളായ ആളുകൾക്ക് വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ജില്ല, താലൂക്ക് എന്നിവ തിരിച്ച് വിശദമാക്കാമോ;

(ഡി) പ്രളയത്തിനുശേഷം ജനങ്ങളുടെ പുനരധിവാസത്തിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 1-5-2018 മുതൽ 27-11-2018 വരെ 2754.27 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ബി) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവ് ചെയ്യുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(സി) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട വിവിധ ജില്ലകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| ജില്ല | തുക |
| --- | --- |
| തിരുവനന്തപുരം | 1,75,52,200 |
| കൊല്ലം | 4,34,74,600 |
| പത്തനംതിട്ട | 32,76,26,600 |
| ആലപ്പുഴ | 103,13,39,000 |
| കോട്ടയം | 53,80,36,000 |
| ഇടുക്കി | 6,59,06,000 |
| എറണാകുളം | 119,93,77,600 |
| തൃശ്ശൂർ | 84,18,60,800 |
| പാലക്കാട് | 95,16,89,900 |
| മലപ്പുറം | 25,18,50,200 |
| കോഴിക്കോട് | 15,31,93,800 |
| വയനാട് | 50,02,30,500 |
| കണ്ണൂർ | 18,16,600 |
| കാസർഗോഡ് | 80,600 |
| ആകെ | 592.40 കോടി രൂപ |

ജില്ലകളിൽനിന്നും താലൂക്കകൾക്ക് നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചുവരികയാണ്.

(ഡി) പ്രളയദുരിതാശ്വാസത്തിനായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative -RKI) ആരംഭിച്ചിട്ടുണ്ട്. അടിയന്തര പ്രാധാന്യമുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. Rebuild-ലെ പ്രോജക്ടുകളുടെ വിശദമായ DPR-കൾ വിവിധ വകുപ്പുകൾ തയ്യാറാക്കിവരുന്നു.

**സി.എം.ഡി.ആർ.എഫ്.**

75 (78) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.എം.ഡി.ആർ.എഫ്.-ൽനിന്നും ചികിത്സ സഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച തുക എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആയത് സംബന്ധിച്ച വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മണ്ഡലം/വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**സാലറി ചലഞ്ചിലൂടെ സമാഹരിച്ച തുക**

76 (79) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും വിഹിതമായി എത്ര തുക സാലറി ചലഞ്ചിലൂടെ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക പ്രത്യേക അക്കൗണ്ടിലാണോ അതോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിലാണോ നിക്ഷേപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരിൽനിന്ന് 358.28 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. പെൻഷൻകാരിൽനിന്ന് ലഭിച്ച സംഭാവനയുടെ വിവരങ്ങൾ ലഭ്യമല്ല. വിവരങ്ങൾ വിവിധ ട്രഷറികളിൽ ക്രോഡീകരിച്ചു വരുന്നു.

(ബി) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരുടെ സംഭാവന വരവ് ചെയ്യുന്നത് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ച Special TSB 799011400004798 എന്ന അക്കൗണ്ടിലേയ്ക്കാണ്. പെൻഷൻകാരുടെ സംഭാവനകൾ വിവിധ ട്രഷറികളിൽ സ്വീകരിച്ചുവരുന്നു.

**സംസ്ഥാന പുനർനിർമ്മാണ പാക്കേജ്**

77 (80) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ എത്ര കോടി രൂപയുടെ നാശനഷ്ടമാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത് എന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് എത്ര കോടി രൂപയുടെ പാക്കേജാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പ്രളയവുമായി ബന്ധപ്പെട്ട് എത്ര തുകയാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (Post Disaster Need Assessment-PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,718 കോടി രൂപയാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി 31,000 കോടി രൂപയെങ്കിലും വേണ്ടി വരുമെന്നാണ് പ്രസ്തുത റിപ്പോർട്ട് കണക്കാക്കിയിട്ടുള്ളത്.

(സി) 23-11-2018 വരെയുള്ള കണക്കുപ്രകാരം 2733.70 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്.

**ദുരിതാശ്വാസ സഹായങ്ങൾ**

78 (81) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പട്ടാമ്പി മണ്ഡലത്തിൽ എത്രപേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രിയിൽ നിന്നുമുള്ള ചികിത്സയ്ക്ക് ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(സി) കേരളത്തിന് പുറത്തുള്ള ആശുപത്രിയിൽ ചികിത്സ തേടിയവർക്ക് ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനു അർഹതയുണ്ടോ; ഏങ്കിൽ അതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല.

(ബി&സി)

1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.

2. അപേക്ഷയോടൊപ്പം ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ കോപ്പി കൂടാതെ രോഗവിവരം വ്യക്തമായി പ്രതിപാദിക്കുന്ന 6 മാസം കാലാവധിക്കകത്തുള്ള ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റുകൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

3. ക്യാൻസർ, വൃക്ക, ഹൃദയം, കരൾ സംബന്ധമായ രോഗങ്ങൾക്കും മറ്റ് മാരക രോഗങ്ങൾക്കും അപകടത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നു. സാധാരണ രോഗങ്ങളായ പനി, ചുമ, തലവേദന, പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയവയ്ക്ക് ധനസഹായം അനുവദിക്കുന്നതല്ല. പുറത്തുള്ള ആശുപത്രിയിൽ ചികിത്സ തേടുന്നവർക്കും ഇതേ മാനദണ്ഡപ്രകാരം ദുരിതാശ്വാസത്തിന് അർഹതയുണ്ട്.

**പ്രളയാനന്തര നവകേരളം**

79 (82) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നവകേരളത്തെ സൃഷ്ടിക്കുന്നതിനായി നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവനയായി ലഭിച്ച തുക എത്ര;

(ബി) പ്രളയം തകർത്ത കേരളത്തിന്റെ പുനർ നിർമ്മാണവും ജനങ്ങളുടെ പുനരധിവാസവും ലക്ഷ്യമിട്ടുള്ള ക്രൗഡ് ഫണ്ടിംഗ് മുഖേന എന്തൊക്കെ സഹായങ്ങൾ നാളിതുവരെ ലഭ്യമാക്കി; വ്യക്തമാക്കുമോ;

(സി) പ്രളയാനന്തര നവകേരളത്തെ സൃഷ്ടിക്കാനായി എത്ര ശതമാനം ജീവനക്കാർ സാലറി ചലഞ്ചിലൂടെ മുന്നോട്ട് വന്നു; സർക്കാർ/ എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ആയതു പ്രകാരം സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ പിരിച്ചെടുത്ത തുക എത്രയെന്ന് സർക്കാർ/ എയ്ഡഡ് എന്നിങ്ങനെയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 1-5-2018 മുതൽ 27-11-2018 വരെ 2754.27 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ബി) ക്രൗഡ് ഫണ്ടിംഗ് മുഖേന സഹായങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല.

(സി) 2018 സെപ്റ്റംബർ മാസത്തെ ശമ്പളക്കണക്കുകൾ പ്രകാരം പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാർ/എയ്ഡഡ് ജീവനക്കാർ ഉൾപ്പെടെ ഭൂരിപക്ഷം പേരും പങ്കാളികളായി. സർക്കാർ, എയ്ഡഡ് എന്നിങ്ങനെ തരംതിരിച്ചുള്ള വിവരങ്ങൾ സ്പാർക്കിൽ സൂക്ഷിച്ചിട്ടില്ല.

(ഡി) സാലറി ചലഞ്ച് മുഖേന സെപ്റ്റംബർ മാസം 110.26 കോടി രൂപയും ഒക്ടോബർ മാസം (24-11-2018-ലെ കണക്കുകൾ പ്രകാരം) 100.54 കോടി രൂപയും സർക്കാർ/എയ്ഡഡ് ജീവനക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. 2018 സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം 487602 പേർ ശമ്പളം വാങ്ങിയപ്പോൾ 483733 പേർ മാത്രമേ ഇതുവരെ ഒക്ടോബർ മാസത്തെ ശമ്പളം വാങ്ങിയിട്ടുള്ളൂ. പി.എഫ്., എൻ.ആർ. സാലറി അരിയർ മുതലായ ഇനങ്ങളിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച തുകകൾ എന്നിവ തിട്ടപ്പെടുത്താത്തതിനാൽ ഉൾക്കൊള്ളിച്ചിട്ടില്ല.

### ദുരിതാശ്വാസ നിധിയിലെ സംഭാവനയുടെ വിവരങ്ങൾ

80 (83) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തവുമായി ബന്ധപ്പെട്ട് നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ, സർക്കാർ ജീവനക്കാർ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവർ നൽകിയ സംഭാവനയുടെ വിവരങ്ങൾ വിശദമാക്കാമോ;

(ബി) ഈ ദുരിതാശ്വാസ നിധിയിൽ നിന്ന് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രളയക്കെടുതിയിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി; വിശദമാക്കാമോ;

(ഡി) കെ.പി.എം.ജി.-യുമായി സർക്കാർ ഉണ്ടാക്കിയ ധാരണാപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 23-11-2018 വരെ 2733.70 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ക്രോഡീകരിച്ചുവരുന്നു.

(ബി) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഇതുവരെ 592.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം താഴെപ്പറയുന്നു.

| | | |
|---|---|---|
| വീട് പുനർ നിർമ്മാണം | - | 135.10 കോടി രൂപ |
| അടിയന്തര ധനസഹായം | - | 457.23 കോടി രൂപ |
| ചികിത്സാധനസഹായം | - | .07 കോടി രൂപ |

(സി) പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ആകെ 31000 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ഡി) കെ.പി.എം.ജി.-യുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 5-9-2018-ലെ GO(P)No.12/2018/P&EA ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്തിരിക്കുന്നു.

## പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനർനിർമ്മാണവും

81 (84) ശ്രീ. എസ്. ശർമ്മ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനർനിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പുനർനിർമ്മാണത്തിനുള്ള നയപരിപാടികൾക്ക് രൂപം നൽകുന്നതിനും അവയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്;

(സി) പുനർനിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കണ്ടെത്തുന്നതിനും പ്രളയ ദുരന്തത്തിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട ജനങ്ങൾക്ക് ജീവനോപാധികൾ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ;

(ഡി) വികസന പ്രവർത്തനങ്ങളിൽ പ്രവാസി മലയാളികളെ പങ്കാളികളാക്കുന്നതിനായി ലോക കേരളസഭ മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) പ്രളയ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണനയില്ലാതെ തന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10000 രൂപ വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്.

മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാലുലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച് 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.

500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനുപുറമേ ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകിവരുന്നു. 23-11-2018 വരെ 326048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു.

പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക് സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 463 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകിക്കഴിഞ്ഞു. ഇതിനുപുറമേ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.

കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധസംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽനിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി.

ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായ പദ്ധതി, കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9 ശതമാനം പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു.

പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.

ശുചീകരണ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത പങ്കാളിത്തമാണ് ബഹുജനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഉണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡൊന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡൊന്നിന് 50000 രൂപയും അനുവദിച്ചു.

പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചുകിലോ അരി നൽകുവാൻ തീരുമാനിച്ചു.

പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 688.48 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

നവകേരള നിർമ്മാണത്തിനായി ശാസ്ത്രീയമായ പഠനങ്ങളുടെയും പ്രവാസികളുൾപ്പെടെ പുതിയ നിർമ്മാണ സാങ്കേതിക വിദ്യകളിൽ അറിവും പരിചയവും അനുഭവവും ഉള്ളവരുടെയെല്ലാം അഭിപ്രായങ്ങൾകൂടി പരിഗണിച്ചായിരിക്കും പുനർനിർമ്മാണം നടത്തുക. ഇത്തരത്തിലൊരു സമഗ്ര സമീപനം സ്വീകരിക്കുമ്പോൾത്തന്നെ ആദ്യഘട്ടത്തിലെ ആസ്തികളുടെ പ്രയോഗക്ഷമത ഉറപ്പുവരുത്താൻ ആവശ്യമായ അറ്റകുറ്റപ്പണികളും അതിനായുള്ള നിക്ഷേപവും നടത്തേണ്ടതുണ്ട്. ആസൂത്രണത്തിലും നിർമ്മാണത്തിലും വേഗതയും കാര്യക്ഷമതയും ലക്ഷ്യം വയ്ക്കുന്ന പ്രസ്തുത പദ്ധതി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ തകർന്നുപോകാത്ത പ്രകൃതിക്കനുയോജ്യമായ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതി വിഭാവന ചെയ്യുന്നത്. മന്ത്രിസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാണ് കേരള പുനർനിർമ്മാണ പദ്ധതി (RKI) നടപ്പാക്കപ്പെടുക. മുഖ്യമന്ത്രി ചെയർമാനും ബഹു. പ്രതിപക്ഷനേതാവ്, മുഖ്യമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന മന്ത്രിമാർ, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ഭരണ പരിചയസമ്പന്നരായ പ്രമുഖ വ്യക്തികൾ, ഒരു യുവസംരംഭകൻ, വിവിധ വിഷയമേഖലകളിലെ അഭിജ്ഞരായ വ്യക്തികൾ തുടങ്ങിയവരൊക്കെ അടങ്ങുന്ന ഉപദേശക സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ളത്. ചീഫ് സെക്രട്ടറിയാണ് ഉപദേശക സമിതിയുടെ മെമ്പർ സെക്രട്ടറി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പു സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഉന്നതതല അധികാര സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് ഉണ്ടാവുക.

(സി) ജീവനോപാധികൾ തിരിച്ച് പിടിക്കാനായി Resurgent Kerala Loans Scheme (RKLS) എന്ന സഹായ പദ്ധതി രൂപീകരിച്ച് ഒരു ലക്ഷം രൂപ വരെ വായ്പ നൽകാൻ നടപടി സ്വീകരിക്കുകയും കുടുംബശ്രീയെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. വായ്പയുടെ പലിശ (9%) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നൽകാനും തീരുമാനിച്ചു.

ദുരന്ത ബാധിത മേഖലയിലെ MSME സ്ഥാപനങ്ങളുടെ നാശനഷ്ട ആഘാതം ലഘൂകരിക്കുന്നതിന് നിലവിലെ കടം പുനഃക്രമീകരിക്കുകയും പ്രവർത്തനം പുനരാരംഭിക്കുവാൻ പുതിയതായി കടം നൽകുവാനും കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പുനർനിർമ്മാണത്തിനായി പാരിസ്ഥിതിക സംരക്ഷണത്തെ പ്രധാനമായി കണ്ടുകൊണ്ട് വിഭവ ഉപയോഗത്തിൽ മിതത്വം പുലർത്തും. കാര്യക്ഷമതയുള്ള സാങ്കേതിക വിദ്യകളിലേയ്ക്കും നിർവ്വഹണ രീതികളിലേയ്ക്കും മാറുന്നതിനുള്ള അവസരമായി ഈ സാഹചര്യത്തെ പ്രയോജനപ്പെടുത്തുന്ന സമീപനമുണ്ടാകും. ചില നിർമ്മാണ വസ്തുക്കൾക്ക് ആവശ്യമായ പ്രാഥമിക ചെലവ് ഉയർന്നതാകാം. എന്നാൽ തേയ്മാനമില്ലാതെ നിലനിൽക്കുക വഴി ദീർഘകാലാടിസ്ഥാനത്തിൽ അത് കൂടുതൽ ലാഭകരമായിരിക്കും. അതിലൂടെ നിർമ്മാണങ്ങളുടെ ദീർഘകാല നിലനിൽപ്പ് ഉറപ്പുവരുത്താനും കഴിയും. കൂടുതലായി ചെലവഴിക്കപ്പെടുന്ന തുക അതുകൊണ്ടുതന്നെ അധികമായിത്തീരുകയുമില്ല. ആധുനികവും നൂതനവുമായ സാങ്കേതിക വിദ്യകളുടെ ഉപയോഗം ഈ പദ്ധതിയുടെ ഏറ്റവും പ്രധാനമായ സവിശേഷതയായിരിക്കും.

(ഡി) കേരളത്തിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പുനർനിർമ്മാണത്തിനുമായി പ്രവാസി മലയാളികളെ ഏകോപിപ്പിക്കുന്നതിന് ലോക കേരള സഭാംഗങ്ങൾ മഹത്തരമായ പ്രവർത്തനം കാഴ്ച വച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിലെയും ഇതര സംസ്ഥാനങ്ങളിലെയും ലോക കേരള സഭാംഗങ്ങൾ എല്ലാ മലയാളി സംഘടനകളെയും വ്യക്തികളെയും സ്ഥാപനങ്ങളെയും പരമാവധി ഏകോപിപ്പിച്ച് ദുരിതാശ്വാസ തുടർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് തുക സമാഹരിക്കുകയും അവശ്യവസ്തുക്കൾ ശേഖരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ നവകേരള നിർമ്മിതിക്കായി ഫണ്ട് ശേഖരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ലോക കേരള സഭാംഗങ്ങൾ നടത്തിവരുന്നു.

## പ്രളയത്തിൽ തകർന്ന പ്രദേശങ്ങളുടെ പുനഃസൃഷ്ടിക്കായുള്ള പദ്ധതി

82 (85) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം സംസ്ഥാനത്ത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന്റെ പശ്ചാത്തലത്തിൽ പ്രളയത്തിൽ തകർന്ന പ്രദേശങ്ങളുടെ പുനഃസൃഷ്ടിക്കായുള്ള പദ്ധതി സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനോടൊപ്പം പരിസ്ഥിതി സൗഹൃദപരവും കൂടിയാക്കിത്തീർക്കുവാൻ നടത്തുന്ന ആസൂത്രണ പ്രക്രിയയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രളയത്തിൽ തകർന്ന വീടുകൾക്ക് പകരം വീടുകൾ സമയബന്ധിതമായി നിർമ്മിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(സി) ദുരിതാശ്വാസ നിധിയിലേയ്ക്ക് എത്ര തുക ഇതുവരെ ലഭിച്ചെന്ന് അറിയിക്കാമോ; സാലറി ചലഞ്ച് പദ്ധതി അട്ടിമറിക്കാൻ നടത്തിയ നീക്കം പുനർനിർമ്മാണ പ്രക്രിയയെ ബാധിക്കാതിരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ ഏന്തൊക്കെ ആണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) വീട് പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ സമ്മതപത്രം നൽകിയ സ്വന്തമായി ഭൂമിയുള്ള അമ്പത്തിയൊമ്പത് പേർക്ക് ആദ്യഗഡു തുക നൽകിയിട്ടുണ്ട്. ഭാഗികമായി നാശനഷ്ടം നേരിട്ട വീടുകളിൽ 30-59%, 60-74% എന്നീ തോതിലുള്ള കേടുപാടുണ്ടായവയ്ക്ക് അനുവദനീയമായ ധനസഹായം രണ്ട് ഗഡുക്കളായി വിതരണം ചെയ്യുവാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുനരധിവാസത്തിനായി ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് സത്വരനടപടികൾ കൈക്കൊള്ളണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് സർക്കാർ ഭൂമിയോ സന്നദ്ധ സംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമി നടപടിക്രമം പാലിച്ചുകൊണ്ട് സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ദുരന്തനിവാരണ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി *ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നാളിതുവരെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2733.70 കോടി രൂപ ലഭിച്ചിട്ടുണ്ട്. സാലറി ചലഞ്ച് പദ്ധതിയോട് പൊതുവിൽ ജീവനക്കാർ അനുകൂലമായാണ് പ്രതികരിച്ചത്.

**ദുരിതാശ്വാസ നിധി**

83 (86) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2018 ആഗസ്റ്റ് മുതൽ നവംബർ വരെ ലഭിച്ച സംഭാവന തുക എത്രയെന്ന് മാസം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സാലറി ചലഞ്ച് മുഖേന ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്രതീക്ഷിച്ചിരുന്ന തുക എത്രയെന്നും നാളിതുവരെ ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ ജീവനക്കാർ വാഗ്ദാനം നൽകിയ പ്രകാരം ഇനി എത്ര തുകയാണ് സാലറിചലഞ്ച് മുഖേന ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2018 ആഗസ്റ്റ് മുതൽ നവംബർ വരെ ലഭിച്ച സംഭാവനയുടെ വിവരം താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| ആഗസ്റ്റ് | - | 746.89 കോടി രൂപ |
| സെപ്റ്റംബർ | - | 839.35 കോടി രൂപ |
| ഒക്ടോബർ | - | 804.76 കോടി രൂപ |
| നവംബർ (27-11-2018 വരെ) | - | 363.27 കോടി രൂപ. |

(ബി) സർക്കാർ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളച്ചെലവിന് തുല്യമായ 2200 കോടി രൂപ സാലറി ചലഞ്ച് മുഖേന സമാഹരിക്കണമെന്നതായിരുന്നു ലക്ഷ്യം. അതേസമയം, ഒരുമാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്ന സാലറി സലഞ്ച് നിർബന്ധിതമല്ലായെന്നും വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടാകുമെന്നും സർക്കാർ തുടക്കം മുതൽ തന്നെ വ്യക്തമാക്കിയിരുന്നു. പല കാരണങ്ങളാൽ ഒരുമാസത്തെ സാലറി ചലഞ്ചിൽ പങ്കെടുക്കുവാൻ ബുദ്ധിമുട്ടുള്ളവർ വിട്ടുനിന്നിട്ടുണ്ട്. പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 4,88,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(സി) നിലവിലെ സാഹചര്യത്തിൽ സാലറി ചലഞ്ച് മുഖേന 1400-1500 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്. പെൻഷൻകാർ തങ്ങൾക്ക് താൽപ്പര്യമുള്ള തുക സി.എം.ഡി.ആർ.എഫ്.-ൽ അടയ്ക്കുകയാണ് ചെയ്യുന്നത്. ആയത് ക്രോഡീകരിച്ചിട്ടില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

84 (87) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് 2018 ഓഗസ്റ്റ് 1 മുതൽ നവംബർ 1 വരെ ആകെ എത്ര തുക സംഭാവനയായി ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ വിദേശത്ത് നിന്നോ വിദേശ മലയാളികളിൽ നിന്നോ ലഭിച്ച സംഭാവന എത്ര രൂപയാണ്;

(സി) സംസ്ഥാന സർക്കാർ ജീവനക്കാർ, സർക്കാരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരിൽനിന്നും 2018 ഓഗസ്റ്റ് 1 മുതൽ നവംബർ 15 വരെ എത്ര രൂപ സംഭാവനയായി ലഭിച്ചുവെന്നും ഈ തുക ഏത് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തതെന്നും വെളിപ്പെടുത്തുമോ;

(ഡി) സാലറി ചലഞ്ചിൽ ആകെ എത്ര തുക സംഭാവന നൽകാനാണ് ജീവനക്കാർ സമ്മതപത്രം നൽകിയെന്നത് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ആഗസ്റ്റ് 1-ാം തീയതി മുതൽ 2018 നവംബർ 1 വരെ 2391 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സമൂഹത്തിലെ വിവിധ മേഖലയിലുള്ള വ്യക്തികളും സ്ഥാപനങ്ങളും സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം ലഭ്യമാകുന്ന സംഭാവനകളുടെ വിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.

(സി) സർക്കാർ ജീവനക്കാരിൽ നിന്ന് 2018 ആഗസ്റ്റ് 1 മുതൽ നവംബർ 15 വരെ 454.87 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ടി തുക സ്പെഷ്യൽ TSB-4798-ലാണ് വരവ് വച്ചിരിക്കുന്നത്.

(ഡി) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്-നു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018-ന് രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 4,88,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇതടക്കം നിലവിലെ സാഹചര്യത്തിൽ സാലറി ചലഞ്ച് മുഖേന 1400-1500 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ് -ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

85 (88) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് 1-ാം തീയതി മുതൽ 2018 നവംബർ 10-ാം തീയതിവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എത്ര കോടി രൂപ ലഭിച്ചു; വിശദാംശം നൽകാമോ;

(ബി) ഇത്തരത്തിൽ ലഭിച്ച തുകയിൽ ഒരു കോടി രൂപയും അതിൽ കൂടുതൽ തുകയും നൽകിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സിനിമാ മേഖലയിലെ അമ്മ, മാക്ട, ആത്മ തുടങ്ങിയ സംഘടനകൾ എത്ര തുക വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയെന്ന് വിശദമാക്കാമോ;

(ഡി) മലയാള സിനിമയിലെയും മറ്റ് ഇന്ത്യൻ സിനിമകളിലെയും നടീനടന്മാർ പ്രസ്തുത നിധിയിലേയ്ക്ക് പണം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) 1-8-2018 മുതൽ 10-11-2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര കോടി രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കാലയളവിൽ ഇതിൽനിന്നും 5 ലക്ഷം രൂപയോ അതിൽ കൂടുതലോ സർക്കാർ അനുവദിച്ച് നൽകിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 2018 ആഗസ്റ്റ് 1-ാം തീയതി മുതൽ 2018 നവംബർ 10-ാം തീയതിവരെ വിവിധ ബാങ്കുകളിലും ട്രഷറി അക്കൗണ്ടുകളിലുമായി ദുരിതാശ്വാസ നിധിയിലേയ്ക്ക് 2577.69 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി-ഡി) നിലവിൽ ലഭ്യമായ വിവരം അനുസരിച്ച് ചെക്ക്/ഡി.ഡി മുഖേന 211 പേർ ഒരു കോടി രൂപയ്ക്കുമേൽ സംഭാവന നൽകിയിട്ടുണ്ട്. സിനിമ മേഖല, ഫിലിംസ്റ്റാർ എന്നിവയിലെ സംഭാവന വിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.

(ഇ) 1-8-2018 മുതൽ 10-11-2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പ്രളയ ദുരിതാശ്വാസത്തിനുൾപ്പെടെ 627.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(എഫ്) ടി കാലയളവിൽ പാലക്കാട് ചിറ്റൂർ താലൂക്കിൽ 16-8-2018-ന് ഉണ്ടായ ഉരുൾപൊട്ടലിൽ 5 പേർ മരണപ്പെട്ട ഒരു കുടുംബത്തിലെ അപകടത്തിൽനിന്നും രക്ഷപ്പെട്ട ശ്രീമതി അഖിലയ്ക്ക് ചികിത്സാസഹായമായി 23-8-2018-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.)നമ്പർ 313/2018/റവ പ്രകാരം 7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

86 (89) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മണ്ഡലം/വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാ സഹായം**

87 (90) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് നാളിതുവരെ ചികിത്സാ സഹായമായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) ഒരേ കുടുംബത്തിലെ ഒന്നിലധികം പേർക്ക് ചികിത്സാ സഹായം അനുവദിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) ഇതുസംബന്ധിച്ച് അടുത്ത കാലത്ത് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധീയിൽനിന്ന് നാളിതുവരെ (21-11-2018 വരെ) ചികിത്സാ സഹായമായി 506,74,03,732 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 66,37,48,649 |
| കൊല്ലം | 50,85,68,553 |
| പത്തനംതിട്ട | 21,70,73,200 |
| ആലപ്പുഴ | 39,42,56,027 |
| കോട്ടയം | 27,89,78,230 |
| ഇടുക്കി | 17,36,29,000 |
| എറണാകുളം | 55,93,53,451 |
| തൃശ്ശൂർ | 35,99,61,400 |
| പാലക്കാട് | 21,88,95,201 |
| മലപ്പുറം | 30,90,93,493 |
| കോഴിക്കോട് | 26,90,46,952 |
| കണ്ണൂർ | 29,20,71,936 |
| വയനാട് | 7,63,47,400 |
| കാസർഗോഡ് | 74,63,80,240 |
| ആകെ | 506,74,03,732 |

(ബി&സി) ഇല്ല.

## പ്രളയ ദുരിതാശ്വാസവും കേന്ദ്ര നിലപാടും

88 (91) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. വി. ജോയി:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയദുരന്തത്തിൽ താറുമാറായ പശ്ചാത്തല സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും ഉപജീവനോപാധികൾ കണ്ടെത്തുന്നതിനും എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) കേന്ദ്ര സർക്കാർ അടിയന്തര ആശ്വാസമായി 600 കോടി രൂപ മാത്രം അനുവദിച്ച സാഹചര്യത്തിൽ പ്രളയക്കെടുതിയുടെ വ്യാപ്തി കണക്കിലെടുത്ത് കൂടുതൽ തുക അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ലഭിച്ച ധനസഹായ വാഗ്ദാനം സ്വീകരിക്കുന്നതിന് മതിയായ കാരണമില്ലാതെ കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചതിലൂടെ സംസ്ഥാനത്തിന് ലഭിക്കുമായിരുന്ന വലിയ തുക നഷ്ടപ്പെട്ട സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിന് ലഭിക്കാൻ അർഹതയുള്ള സഹായങ്ങൾ നിയമപരമായ രീതികളിലൂടെ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഐക്യരാഷ്ട്രസഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെന്റ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് മുപ്പത്തിയൊന്നായിരം കോടി രൂപ വേണമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ 5616.77 കോടി രൂപയാണ് സംസ്ഥാനം ആവശ്യപ്പെട്ടത്. ഇതിനുപുറമേ അയ്യായിരം കോടി രൂപ പ്രത്യേക ധനസഹായമായി നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ അറുന്നൂറ് കോടി രൂപയാണ് പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായ

കണക്കെടുപ്പിൽ ഐക്യരാഷ്ട്രസഭയുടെ ഏജൻസികൾ തന്നെ 26708 കോടി രൂപയുടെ നഷ്ടവും പുനർനിർമ്മാണത്തിന് മുപ്പത്തൊന്നായിരം കോടി രൂപ വേണ്ടിവരുമെന്നും വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രം അനുവദിച്ച തുകയുടെ പര്യാപ്തത വിലയിരുത്തേണ്ടത് ഈ സാഹചര്യത്തിലാണ്. കൂടുതൽ കേന്ദ്രസഹായം ലഭിക്കുമെന്നാണ് നാട് പ്രതീക്ഷിക്കുന്നത്.

(സി) ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല.

(ഡി) ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡമനുസിച്ച് കേന്ദ്രസംഘം രണ്ടുവട്ടം കേരളം സന്ദർശിച്ച് നാശനഷ്ടം വിലയിരുത്തൽ നടത്തി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന ദുരിതാശ്വാസ കമ്മിഷണർ ഈ വിഷയത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പുമായി നിരന്തരം സമ്പർക്കം പുലർത്തിവരുന്നുണ്ട്.

**പ്രളയവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ സഹായം**

89 (92) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവുമായി ബന്ധപ്പെട്ട് ലഭ്യമായ കേന്ദ്രസർക്കാർ സഹായങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനം ആവശ്യപ്പെട്ട തുക എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട് കേരളത്തിന് 89540 മെട്രിക് ടൺ അരിയും 12000 കിലോ ലിറ്റർ മണ്ണെണ്ണയും അധികമായി കേന്ദ്രം അനുവദിച്ചിരുന്നു. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും അടിയന്തരസഹായമായി 600 കോടി രൂപ ലഭ്യമായിട്ടുണ്ട്. ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് 2 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമവികസന മന്ത്രാലയം അധികമായി 1800 കോടി രൂപയുടെ 50 തൊഴിൽദിനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഹോർട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി സമർപ്പിച്ച 9339.50 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ (NDRF) നിലവിലെ മാനദണ്ഡപ്രകാരം സംസ്ഥാന സർക്കാർ രണ്ട് ഘട്ടങ്ങളിലായി 5616.17 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.

### കുട്ടനാട് മേഖലയിൽ പ്രളയ പ്രതിരോധന നടപടികൾ

90 (93) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മേഖലയിൽ പ്രളയ പ്രതിരോധത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഇതിനായി നിയോഗിച്ച ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ;

(സി) പ്രളയ പ്രതിരോധത്തിന് കുട്ടനാടിലെ തോടുകളുടെ ആഴം കൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) കുട്ടനാട് മേഖലയിലെ പ്രളയ പ്രതിരോധത്തിനായി നടപ്പിലാക്കേണ്ട പദ്ധതികൾ Rebuild Kerala Initiative (RKI)-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ശാസ്ത്രീയ പഠനം നടത്തുവാൻ തീരുമാനിച്ചു.

(ബി) ഏജൻസി ഏതെന്ന് തീരുമാനം എടുത്തിട്ടില്ല.

(സി) കുട്ടനാട്ടിലേയും അപ്പർ കുട്ടനാട്ടിലേയും തോടുകളും കനാലുകളും ശുചീകരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MNREGS)യിൽ ഉൾപ്പെടുത്തി ശുചീകരണ കാര്യം പരിഗണനയിലാണ്.

### ജനസാന്ത്വനം പദ്ധതി

91 (94) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതിയിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ജനസാന്ത്വനം പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനസാന്ത്വനം പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഉത്തരവ് ഇറങ്ങുന്ന മുറയ്ക്ക് ഈ പദ്ധതി ആരംഭിക്കുന്നതാണ്.

## ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭ്യമാക്കാൻ നടപടി

92(95) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാബു ആന്റണി, കോതങ്ങാട്, തിരുമലഭാഗം പി.ഒ, തുറവൂർ, ചേർത്തല എന്നയാളുടെ അപകട മരണത്തെ (14-5-2015) തുടർന്ന് ടിയാന്റെ സഹോദരൻ തങ്കച്ചൻ, കോതങ്ങാട്, തിരുമല ഭാഗം പി.ഒ, ചേർത്തല എന്നയാൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ നാളിതുവരെയായിട്ടും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടി അപേക്ഷയിന്മേൽ ധനസഹായം ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തികമായും മാനസികമായും വളരെയധികം ബുദ്ധിമുട്ടുന്ന ഈ കുടുംബത്തിന് എത്രയും വേഗം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ-സി) സാബു ആന്റണി, കോതങ്ങാട്, തിരുമലഭാഗം പി.ഒ., തുറവൂർ, ചേർത്തല എന്നയാളുടെ അപകടമരണത്തിന് ധനസഹായം ലഭിക്കുന്നതിനായി ടിയാന്റെ സഹോദരൻ തങ്കച്ചൻ, കോതങ്ങാട്, തിരുമലഭാഗം പി.ഒ., തുറവൂർ, ചേർത്തല എന്നയാളുടെ പേരിൽ അപേക്ഷ സമർപ്പിച്ചതായി ഓഫീസ് രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല.

## ദുരന്തനിവാരണ സേന

93 (96) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ച ദുരന്തനിവാരണ സേനയുടെ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ ദുരന്തനിവാരണ സേനയുടെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് പയ്യന്നൂർ നഗരസഭയിൽ കോറോം വില്ലേജിൽ അനുയോജ്യമായ സ്ഥലം അനുവദിക്കുന്നതിനായി ആർ.ആർ.ആർ.എഫ്.കമാണ്ടന്റ് കണ്ണൂർ ജില്ലാ കളക്ടർക്ക് 3-10-2013-ന് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടർ ഭൂമി ലഭ്യമാക്കുവാൻ വേണ്ടിയുള്ള

നടപടികൾ സ്വീകരിക്കുവാൻ തളിപ്പറമ്പ് തഹസിൽദാർക്ക് 9-10-2013-ന് കത്ത് മുഖാന്തിരം നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് തലശ്ശേരി സബ് കളക്ടറുടെ 25-1-2014-ലെ സി1/15499/13 നമ്പർ കത്ത് പ്രകാരം തളിപ്പറമ്പ് താലൂക്ക്, കോറോം അംശം, കാനായ ദേശത്ത് ദുരന്തനിവാരണ സേനയുടെ ഒരു യൂണിറ്റ് തുടങ്ങുന്നതിനുള്ള സ്ഥലം അനുവദിക്കുവാൻ വേണ്ടിയുള്ള ശിപാർശ ബന്ധപ്പെട്ട വിശദവിവരങ്ങൾ സഹിതം ലാൻഡ് ബോർഡ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത കാര്യത്തിൽ റവന്യൂവകുപ്പ് പോലീസ് വകുപ്പിനോട് ആശയവിനിമയം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങൾ അടക്കമുള്ള ദുരന്തങ്ങൾ നേരിടുന്നതിന് സർവ്വസജ്ജമായ ഒരു ദുരന്തനിവാരണ സേന രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടശേഷം യുക്തമായ അനന്തര നടപടികൾ അനുവർത്തിക്കുന്നതാണ്.

## കണ്ണൂർ വിമാനത്താവളം

94 (97) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തന നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; ഏതൊക്കെ വിമാന കമ്പനികളാണ് സർവീസ് നടത്തുവാൻ മുന്നോട്ടുവന്നിരിക്കുന്നത്;

(ബി) കണ്ണൂർ വിമാനത്താവളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതെല്ലാം തസ്തികകളിൽ നിയമനങ്ങൾ നടന്നു എന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ വിമാനത്താവളത്തിലെ ഒഴിവുകളിലേയ്ക്കുള്ള അപേക്ഷകൾ പത്രം വഴി പരസ്യപ്പെടുത്തിയ ശേഷമാണോ ക്ഷണിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) സി.പി.എമ്മിന്റെ പ്രാദേശിക നേതാക്കളും അവരുടെ ബന്ധുക്കളും അനധികൃതമായി കണ്ണൂർ വിമാനത്താവളത്തിൽ ജോലി തരപ്പെടുത്തിയെടുത്തിട്ടുണ്ടെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തന നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. വിമാനത്താവളം 2018 ഡിസംബർ 9-ന് ഉദ്ഘാടനം ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ആദ്യ സർവ്വീസ് നടത്തുന്നത് എയർ ഇന്ത്യയാണ്. സ്പൈസ് ജെറ്റ്, ഇൻഡിഗോ, ഗോ എയർ, എന്നീ

വിമാനക്കമ്പനികളുമായി സർവ്വീസ് നടത്തുന്നതിന് ചർച്ച നടന്നുവരികയാണ്. വിദേശ വിമാനക്കമ്പനികളുടെ വിമാനസർവ്വീസ് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ താഴെപ്പറയുന്ന തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്:

1. സീനിയർ മാനേജർ (ഓപ്പറേഷൻസ്)
2. മാനേജർ (എയർസൈഡ്/ടെർമിനൽ ഓപ്പറേഷൻസ്)
3. അസിസ്റ്റന്റ് മാനേജർ (ഓപ്പറേഷൻസ്)
4. ജൂനിയർ മാനേജർ (ഓപ്പറേഷൻസ്)
5. ചീഫ് സെക്യൂരിറ്റി ഓഫീസർ
6. മാനേജർ (എയർപോർട്ട് സെക്യൂരിറ്റി)
7. അസിസ്റ്റന്റ് മാനേജർ (എയർപോർട്ട് സെക്യൂരിറ്റി)
8. ജൂനിയർ മാനേജർ (എയർപോർട്ട് സെക്യൂരിറ്റി)
9. അസിസ്റ്റന്റ് മാനേജർ (ഫയർ)
10. സൂപ്പർവൈസർ (ഫയർ)
11. ജൂനിയർ എക്സിക്യൂട്ടീവ്
12. ബാഗ്ഗേജ് സ്ക്രീനിംഗ് എക്സിക്യൂട്ടീവ്സ്
13. എക്സിക്യൂട്ടീവ് ഡയറക്ടർ (എഞ്ചിനീയറിംഗ്)
14. അഡ്വൈസർ (ലാൻഡ്)
15. ഫയർ ആൻഡ് റെസ്ക്യൂ ഓപ്പറേറ്റർ.

(സി&ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിലേയ്ക്കുള്ള നിയമനങ്ങൾ സുതാര്യമായിട്ടാണ് നടന്നുവരുന്നത്. റിക്രൂട്ട്മെന്റ് നടപടികൾ പൂർണ്ണമായും കൈകാര്യം ചെയ്യുന്നത് സ്വതന്ത്ര റിക്രൂട്ട്മെന്റ് ഏജൻസിയായ കിറ്റ്കോ മുഖേനയാണ്. നിയമനവുമായി ബന്ധപ്പെട്ട മുഴുവൻ വിജ്ഞാപനവും പ്രധാന പത്രങ്ങളിലും കമ്പനി വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയ്ക്കുശേഷമാണ് റിക്രൂട്ട്മെന്റ് നടപടികൾ നടത്തുന്നത്. ചില തസ്തികകളിൽ കായികക്ഷമതാ പരിശോധനയും സ്കിൽ ടെസ്റ്റും നടത്താറുണ്ട്. അതുകൊണ്ടുതന്നെ അനധികൃതമായി ജോലി തരപ്പെടുത്തുവാൻ കഴിയില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ (എഞ്ചിനീയറിംഗ്) തസ്തികയിൽ എയർപോർട്ട് അതോറിറ്റിയിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കണ്ണൂർ വിമാനത്താവളത്തിൽ മുൻപ് ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥന്റെ സേവനം വിട്ടുനൽകാൻ അഭ്യർത്ഥിച്ചിരുന്നെങ്കിലും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ വിസമ്മതിക്കുകയും ആവശ്യമുള്ളപക്ഷം രാജിവച്ച് കണ്ണൂർ വിമാനത്താവളത്തിൽ ജോലി ചെയ്യാമെന്ന് അറിയുക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കിയാൽ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി പുനർനിയമനം നടത്തുകയുണ്ടായി.

അഡ്വൈസർ ലാൻഡ് എന്ന തസ്തികയിൽ കണ്ണൂർ ജില്ലാ കളക്ടർ ലഭ്യമാക്കിയ കണ്ണൂർ ജില്ലയിൽ ലാൻഡ് അക്വിസിഷൻ നടത്തി അനുഭവസമ്പത്തുള്ള റിട്ട. റവന്യൂ ഉദ്യോഗസ്ഥരുടെ ലിസ്റ്റിൽനിന്നും അഭിമുഖം നടത്തിയാണ് നിയമിച്ചിട്ടുള്ളത്.

## ശബരിമല വിമാനത്താവള നിർമ്മാണം

95 (98) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവള നിർമ്മാണം സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; അവർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിമാനത്താവള നിർമ്മാണം സംബന്ധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനും സമയബന്ധിതമായി വിമാനത്താവള നിർമ്മാണം പൂർത്തീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും സാദ്ധ്യതാ പഠനം നടത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും കെ.എസ്.ഐ.ഡി.സി. താൽപ്പര്യപത്രം പ്രസിദ്ധപ്പെടുത്തുകയും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. പ്രസ്തുത കൺസൾട്ടന്റുമായി കെ.എസ്.ഐ.ഡി.സി. ധാരണാപത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും പ്രാരംഭ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) അടിയന്തരമായി ലഭ്യമാക്കുന്നതിന് കൺസൾട്ടന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**കൊച്ചി മെട്രോ**

96 (99) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത മെട്രോ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(സി) യാത്രക്കാർക്ക് പ്രയോജനകരമാകുന്നതിനും കൊച്ചി മെട്രോയുടെ വരുമാനം വർദ്ധിക്കുന്നതിനും സഹായകമാകുന്ന രീതിയിൽ മെട്രോ സർവ്വീസ് തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചി മെട്രോയുടെ ആലുവ മുതൽ പേട്ട വരെയുള്ള ഒന്നാം ഘട്ട നിർമ്മാണത്തിൽ ഉൾപ്പെട്ട 25.612 KM-ൽ 18 KM ഭാഗം ഇപ്പോൾ പ്രവർത്തനം നടത്തിവരുന്നു. ശേഷിച്ച 7.612 കിലോമീറ്റർ ഭാഗത്ത് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതിൽ മഹാരാജാസ് മുതൽ തൈക്കൂടം വരെയുള്ള ഭാഗം 2019 ജൂണിലും തൈക്കൂടം മുതൽ പേട്ട വരെയുള്ള ഭാഗം 2019 ഡിസംബറിലും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ബി) ഒന്നാംഘട്ടം ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെയുള്ള (ഘട്ടം-IA)-യുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെയുള്ള (ഘട്ടം-IB) ഭാഗത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള (ഘട്ടം-IA) പദ്ധതി 2021 ഡിസംബറിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. എസ്.എൻ. ജംഗ്ഷൻ-തൃപ്പൂണിത്തുറ സ്ട്രെച്ച് (ഘട്ടം-IB) പദ്ധതി റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു.

## കൊച്ചി മെട്രോയുടെ വരുമാനം

97 (100) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ പ്രവർത്തനം ആരംഭിച്ചതുമുതൽ നാളിതുവരെ എന്ത് തുക വരുമാനമായി ലഭിച്ചു; അറിയിക്കുമോ;

(ബി) അതിൽ ടിക്കറ്റ് ഇതര വരുമാനം എത്രയെന്നും ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ച തുക എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊച്ചി മെട്രോയ്ക്ക് നാളിതുവരെയായി 105.76 കോടി രൂപ വരുമാനമായി ലഭിച്ചു.

(ബി) ടിക്കറ്റ് ഇതര വരുമാനം 49.85 കോടി രൂപയും ടിക്കറ്റ് വിൽപ്പനയിലൂടെയുള്ള വരുമാനം 55.91 കോടി രൂപയും ആണ്.

## പറമ്പിക്കുളം-ആളിയാർ കരാർ

98 (101) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളം കിട്ടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ വർഷം കരാർ പ്രകാരം ലഭിക്കേണ്ട വെള്ളം ലഭിച്ചിട്ടുണ്ടോ; ഈ വർഷം ലഭിച്ച വെള്ളത്തിന്റെ അളവ് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഈ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പറമ്പിക്കുളം ആളിയാർ കരാർ അനുസരിച്ച് കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിക്കാറുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു.

ഇതിനുപുറമേ, കേരള വൈദ്യുതി ബോർഡും കേരള ജലസേചന വകുപ്പും കേരള സർക്കാരും പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജലവർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായിട്ടുണ്ട്. ഈ വർഷം കരാർ പ്രകാരം കേരളത്തിന് ലഭിച്ച വെള്ളത്തെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു:

<u>മണക്കടവ് വിയർ</u>

2018-19 ജലവർഷത്തിൽ മണക്കടവ് വിയറിൽ, കേരളം ആവശ്യപ്പെട്ടതനുസരിച്ച് വെള്ളം ലഭിച്ചുവരുന്നുണ്ട്. 2018 നവംബർ 15 വരെ 1852 എം.സി.എഫ്.ടി. വെള്ളം മണക്കടവ് വിയറിൽ ലഭിച്ചിട്ടുണ്ട്.

<u>കേരള ഷോളയാർ</u>

കരാർ പ്രകാരം 2018 സെപ്റ്റംബർ 1-ാം തീയതി കേരള ഷോളയാർ റിസർവോയർ പൂർണ്ണ സംഭരണ നിരപ്പിലെത്തിച്ചിരുന്നു.

കരാർ പ്രകാരം സെപ്റ്റംബർ 2 മുതൽ ജനുവരി 31 വരെയുള്ള കാലയളവിൽ കേരള ഷോളയാർ റിസർവോയർ ലെവൽ 2658 അടിയിൽ കുറയാതെ നിർത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2018 നവംബർ 9 മുതൽ റിസർവോയർ ലെവൽ 2658 അടിക്ക് താഴെയായതിനെ തുടർന്ന് തമിഴ്നാട് ഷോളയാർ റിസർവോയറിന്റെ PH2 വഴി കേരള ഷോളയാർ റിസർവോയറിലേയ്ക്ക് വെള്ളം വിടാനും കരാർ അനുസരിച്ച് റിസർവോയർ ലെവൽ നിലനിർത്താനും തമിഴ്നാട് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2018 നവംബർ 15 വരെ കേരള ഷോളയാർ പവർ ഹൗസിൽ 4023 എം.സി.എഫ്.ടി. വെള്ളം ലഭിച്ചിട്ടുണ്ട്.

നീരാർ

ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനത് നീരൊഴുക്ക് കേരളത്തിന് അവകാശപ്പെട്ടതാണ്.

2018 നവംബർ 15 വരെ നീരാറിൽനിന്നും കേരളത്തിന് 93 എം.സി.എഫ്.ടി വെള്ളം ലഭിച്ചിട്ടുണ്ട്.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽത്തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിലും മന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങളും തമ്മിൽ നടന്നുവെങ്കിലും കരാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരസ്പരം ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർ ചർച്ചകൾ നടത്തി മെച്ചപ്പെട്ട ജലവിഹിതം നേടിയെടുത്ത് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള സാദ്ധ്യതകളാണ് സംസ്ഥാനം ആരായുന്നത്. ഏറ്റവും ഒടുവിൽ 19-1-2018-ന് തിരുവനന്തപുരത്ത് സെക്രട്ടറി തലത്തിൽ ചർച്ച നടന്നിരുന്നു. 2-5-2018-ന് ന്യൂഡൽഹിയിൽ കേന്ദ്ര ജലകമ്മീഷൻ വിളിച്ചുചേർത്ത കേരള-തമിഴ്നാട് സംസ്ഥാനങ്ങളുടെ കോൺഫറൻസിൽ, പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. കേരളത്തോടും തമിഴ്നാടിനോടും കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കാനും ചർച്ചകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര ജല കമ്മീഷനെ അറിയിക്കാനും യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കാൻ കേരളം തീരുമാനിച്ചിട്ടുണ്ട്.

## പത്രജീവനക്കാർക്ക് പെൻഷൻ

99 (102) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-നു മുമ്പ് വിരമിച്ച പത്ര ജീവനക്കാർക്ക് (നോൺ ജേണലിസ്റ്റ്) പെൻഷൻ നൽകുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഉത്തരവായതെന്നും ഉത്തരവിറങ്ങിയിട്ട് ഇതുവരെ പെൻഷൻ നൽകാത്തതിന്റെ കാരണവും വിശദമാക്കുമോ;

(സി) ഇവർക്ക് എന്ന് മുതൽ പെൻഷൻ നൽകി തുടങ്ങുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉത്തരവിറക്കിയിട്ടുണ്ട്.

(ബി &സി) 2-3-2016-ലെ സ.ഉ.(കൈ)നമ്പർ 4/2016/ഐ&പി.ആർ. പ്രകാരം 2000-ന മുമ്പ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം അപേക്ഷകൾ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ 15-5-2018-ൽ ബഹു<u>മാ</u>നപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പെൻഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. പെൻഷൻ കമ്മിറ്റി പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ടി പദ്ധതി പ്രകാരം യോഗ്യമെന്ന് ഉപസമിതി ശിപാർശ ചെയ്ത 334 പേർക്കും മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം 2016 ജനുവരി മുതൽക്കുള്ള പെൻഷൻ കുടിശ്ശിക സഹിതം നൽകണമെന്നും ഇതിലേയ്ക്ക് വേണ്ടിവരുന്ന തുകയുടെ വിശദാംശങ്ങൾ കണക്കാക്കി ധനവകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും തീരുമാനമായിരുന്നു. പെൻഷൻ കമ്മിറ്റി തീരുമാന പ്രകാരം 2000-നുമുമ്പ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിച്ച് ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണ്.

## പ്രവാസി മലയാളികളുടെ പുനരധിവാസം

100 (103) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽനിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ നൽകാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) മടങ്ങിവരുന്ന പ്രവാസി മലയാളികൾക്ക് വേണ്ടി നടപ്പിലാക്കിയ, ബാങ്കുകൾ മുഖേനയുള്ള വായ്പാ പദ്ധതി പ്രകാരം 2016 ഏപ്രിൽ ഒന്നിനുശേഷം എത്ര പേർക്ക് വായ്പ നൽകിയെന്നും ഇതിന്റെ മാർജിൻ മണിയായി സർക്കാർ എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) വിദേശ രാജ്യങ്ങളിൽനിന്നും തിരികെയെത്തുന്നവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ടുവർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 30 ലക്ഷം രൂപ അടങ്കൽ മൂലധനച്ചെലവ് വരുന്ന പദ്ധതിയിൽ വായ്പാത്തുകയുടെ 15 ശതമാനം 'ബാക്ക് എൻഡ് സബ്സിഡിയും ഗഡുക്കൾ കൃത്യമായി തിരികെ അടയ്ക്കുന്നവർക്ക് ആദ്യ 4 വർഷം 3 ശതമാനം പലിശ സബ്സിഡിയും ബാങ്ക് വായ്പയിൽ ക്രമീകരിച്ചു നൽകുന്നതാണ്. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക് എന്നീ ദേശസാൽകൃത ബാങ്കുകൾക്ക് പുറമേ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന അഗ്രിക്കൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക്, സഹകരണ ബാങ്കുകൾ കേരള പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖേനയാണ് ബാങ്ക് വായ്പ ലഭ്യമാക്കുന്നത്.

ഈ പദ്ധതിയിൻകീഴിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സി.എം.ഡി. സഹായിച്ചുവരുന്നു. ഈ പദ്ധതിയിൻകീഴിൽ ആരംഭിക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ആദ്യ ആറു മാസം സി.എം.ഡി. ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതാണ്.

(സി) 2016 ഏപ്രിൽ ഒന്നിനുശേഷം 1187 പേർക്കായി 13.86 കോടി രൂപ മൂലധന സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

## നോർക്ക സംരംഭക വായ്പാ പദ്ധതി

101 (104) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരികെ വന്ന പ്രവാസികൾക്കായുള്ള നോർക്കയുടെ സംരംഭക വായ്പാ പദ്ധതിയിൽ സ്വീകരിച്ച അപേക്ഷയുടെ എണ്ണം എത്രയാണെന്നും അതിൽ വായ്പ ഉപയോഗപ്പെടുത്തി ആരംഭിച്ച സംരംഭങ്ങൾ എത്രയാണെന്നും അറിയിക്കാമോ:

(ബി) പ്രവാസികൾക്കായുള്ള നോർക്ക സംരംഭക വായ്പ പദ്ധതി പ്രകാരം ചെറുകിട പദ്ധതികൾക്ക് അനുവദിക്കപ്പെടുന്ന വായ്പകളിൽ ബാങ്കുകളിൽ ഈട് ആവശ്യപ്പെടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) തിരികെ വന്ന പ്രവാസികൾക്കായുള്ള നോർക്കയുടെ സംരംഭക പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 64610 അപേക്ഷകരിൽ ട്രെയിനിംഗ്/സ്ക്രീനിംഗ് എന്നിവ പൂർത്തിയാക്കി ബാങ്കിൽനിന്നും 2291 പേർക്ക് വായ്പ ലഭ്യമാക്കുകയും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി മുഖാന്തരം വായ്പ അനുവദിക്കുന്നത് പൂർണ്ണമായും ബാങ്കുകളുടെ ചട്ടങ്ങൾക്കും വായ്പാനയങ്ങൾക്കും വിധേയമായാണ്. വായ്പകൾ ഈട് ആവശ്യപ്പെടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശം ഒന്നും നിലവിലില്ല.

## നോർക്ക റൂട്ട്സ്

102 (105) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുകയും ഇതിൽ വിനിയോഗിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ;

(ബി) നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(സി) കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന ഏതെങ്കിലും പദ്ധതികൾ ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക റൂട്ട്സിൽ പുതിയതായി കൊണ്ടുവന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളീയ പ്രവാസികാര്യ വകുപ്പിന്റെ പ്രധാന പദ്ധതി നിർവ്വഹണ ഏജൻസിയായ നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം (2017-18) 51,79,00,000 രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും വിനിയോഗിക്കുന്നതിനായി 34,55,00,000 രൂപ നോർക്ക റൂട്ട്സിന് നൽകിയിട്ടുള്ളതും ആയതിൽനിന്ന് 18,55,55,546 രൂപ 2018 മാർച്ച് മാസത്തിൽ 'റിസംപ്ഷൻ' ചെയ്തിട്ടുള്ളതുമാണ്.

(ബി) നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. മടങ്ങിവരുന്ന കുടിയേറ്റക്കാരുടെ പുനരധിവാസം (NDPREM).
2. പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ഓഫീസുകളും ജില്ലാ സെല്ലുകളും ശക്തിപ്പെടുത്തൽ
3. ജോബ് പോർട്ടലും ഓവർസീസ് റിക്രൂട്ട്മെന്റ് പ്രോജക്ടും
4. 24 മണിക്കൂർ ഹെൽപ്പ് ലൈൻ/കാൾ സെന്റർ
5. പ്രവാസി നിയമസഹായ സെൽ
6. സാന്ത്വന പദ്ധതി
7. പ്രവാസി മലയാളികളുടെ നൈപുണ്യം മെച്ചപ്പെടുത്തലും പുനസംയോജന പരിശീലനവും
8. പ്രവാസികൾക്കായുള്ള ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റര്
9. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റിനും വിസാപരിശോധനയ്ക്കുമുള്ള ബോധവൽക്കരണ പരിപാടി
10. വിമാനത്താവളത്തിലെ അത്യാഹിത ആംബുലൻസ് സേവനം
11. ആഗോള സാംസ്കാരികോത്സവം
12. സ്വപ്ന സാഫല്യം പദ്ധതി
13. പ്രവാസി മലയാളികളെ അടിയന്തര സാഹചര്യത്തിൽ തിരിച്ചു കൊണ്ടുവരാനുള്ള നിധി
14. ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേസും
15. മാർക്കറ്റ് റിസർച്ചിനും സ്കില്ലിംഗിനും പ്രീ-പോസ്റ്റ് റിക്രൂട്ട്മെന്റ് സേവനങ്ങൾക്കുമുള്ള സംരംഭം
16. ലോക കേരള സഭ.

ഇതിൽ ' ആഗോള സാംസ്കാരികോൽസവം ' എന്ന പദ്ധതിക്ക് പ്രളയാനന്തര സാഹചര്യം കണക്കിലെടുത്ത് ഭരണാനുമതി നൽകിയിട്ടില്ല.

(സി) ഉണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കൽ, പ്രമുഖരായ മലയാളികളുടെ ഡാറ്റാബേസ് തയ്യാറാക്കൽ എന്നീ പദ്ധതികൾ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. വിമാനത്താവളത്തിലെ അത്യാഹിത ആംബുലൻസ് സേവനം.
2. ആഗോള സാംസ്കാരികോത്സവം (ഭരണാനുമതി നൽകിയിട്ടില്ല)
3. ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേസും
4. മാർക്കറ്റ് റിസർച്ചിനും സ്കില്ലിംഗിനും പ്രീ-പോസ്റ്റ് റിക്രൂട്ട്മെന്റ് സേവനങ്ങൾക്കുമുള്ള സംരംഭം
5. ലോക കേരളസഭ.

**സ്കൂൾ വാഹനങ്ങളുടെ ക്ഷമത പരിശോധന**

103 (106) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള മോട്ടോർ വാഹന വകുപ്പ്, ആഭ്യന്തരവകുപ്പ് എന്നീ വകുപ്പുകൾ ഒറ്റയ്ക്കോ കൂട്ടായോ രാവിലെയും വൈകുന്നേരങ്ങളിലും സ്കൂൾ കുട്ടികളെയും കയറ്റിക്കൊണ്ട് പോകുന്ന സ്വകാര്യ സ്കൂൾ വാഹനങ്ങൾ എത്ര തവണ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്; വിശദമായ കണക്ക് ജില്ലതിരിച്ച് നല്കമോ;

(ബി) ഇത്തരം പരിശോധനയിൽ എത്ര വാഹനങ്ങൾ/ഡ്രൈവർമാർ ഏതൊക്കെ രീതിയിൽ നിയമം ലംഘിച്ചതായി കണ്ടെത്തി;അതിൽ എത്ര പേർക്കെതിരെ ഏതെല്ലാം രീതിയിലുള്ള ശിക്ഷണനടപടികൾ സ്വീകരിച്ചു; പിഴ ഇനത്തിൽ എത്ര തുക പിരിഞ്ഞ് കിട്ടി;

(സി) സ്കൂൾ കുട്ടികളെയും കയറ്റിക്കൊണ്ട് പോകുന്ന ഇത്തരം വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതും മരണം സംഭവിക്കുന്നതും വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത്, അപകടശേഷം നടപടിക്ക് കാത്ത് നില്ക്കാതെ പീരിയോഡിക്കലായി ഇത്തരം വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ സ്കൂൾ വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ടുള്ള ആഭ്യന്തര വകുപ്പിന്റെയും മോട്ടോർവാഹന വകുപ്പിന്റെയും ജില്ല തിരിച്ചുള്ള വിശദമായ കണക്ക് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(സി) ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളുടെയും പോലീസ് സ്റ്റേഷനുകളുടെയും സേവനം ഉപയോഗപ്പെടുത്തി പീരിയോഡിക്കലായി കർശന വാഹന പരിശോധന നടത്തിവരുന്നു. സ്വകാര്യ വാഹനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്കൂൾ ബസായി ഉപയോഗിക്കുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സ്കൂൾ കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്ന സ്കൂൾ ബസ്സുകൾ, ഓട്ടോറിക്ഷകൾ എന്നിവയ്ക്കെതിരെയും കർശന നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ സ്കൂൾ വാഹനങ്ങളിലും ഡോർ അറ്റന്റന്റ് നിർബന്ധമാണ്. കൂടാതെ സ്കൂൾ വാഹനങ്ങളിൽ പ്രവർത്തനക്ഷമമായ അഗ്നിശമന ഉപകരണങ്ങൾ സ്പീഡ് ഗവേർണർ എന്നിവ നിർബന്ധമാണ്. ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാത്ത വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതടക്കമുള്ള നടപടികൾ ഗതാഗത കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് വെടിവയ്പിനുള്ള മാനദണ്ഡങ്ങൾ**

104 (107) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രമം നടത്തുന്ന ജനക്കൂട്ടത്തിന് മുന്നറിയിപ്പ് നൽകുന്നതിന് പോലീസുകാർ നിറയൊഴിക്കുമ്പോൾ ഉന്നം തെറ്റി ജനങ്ങൾ മരണപ്പെടാതിരിക്കാൻ പോലീസുകാർക്ക് വെടിവയ്പ് പരിശീലനം നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംസ്ഥാനത്തെ എല്ലാ സ്റ്റേഷനുകളിലും ക്യാമ്പുകളിലും നടപ്പാക്കി വരുന്നുണ്ടോ;

(സി) പോലീസ് വെടിവയ്പ്, മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടായിരിക്കുമെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിർബന്ധമാക്കിയിട്ടുണ്ട്. പോലീസ് ട്രെയിനികളുടെ സിലബസിൽ ആയുധ പരിശീലനം പാഠ്യവിഷയമാക്കിയിട്ടുള്ളതും പോലീസിലെ എല്ലാ സേനാംഗങ്ങൾക്കും പരിശീലന കാലയളവിൽ തന്നെ വെടിവയ്പ് പരിശീലനം നൽകിവരുന്നതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പോലീസ് വെടിവയ്പിന് ഇടയാകുന്ന സാഹചര്യമുണ്ടായാൽ ഇക്കാര്യത്തിൽ നിയമപരമായ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

**കസ്റ്റഡി മരണങ്ങൾ സംബന്ധിച്ച ജൂഡീഷ്യൽ അന്വേഷണ കമ്മീഷൻ**

105 (108) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന കസ്റ്റഡി മരണങ്ങളെക്കുറിച്ച് നടത്തിയ ജൂഡീഷ്യൽ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിൽ കസ്റ്റഡിമരണം അവസാനിപ്പിക്കുന്നതിന് എന്തൊക്കെ ശിപാർശകളാണുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയിൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) സംസ്ഥാനത്ത് കസ്റ്റഡിമരണങ്ങൾ ആവർത്തിക്കാതിരിക്കുന്നതിലേയ്ക്കായി കമ്മീഷൻ ശിപാർശകൾ കർശനമായി നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-4-2006 മുതൽ 16-8-2006 വരെ സംസ്ഥാനത്ത് നടന്ന കസ്റ്റഡി മരണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയ ജസ്റ്റിസ് ആർ. രാജേന്ദ്രബാബു അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ജസ്റ്റിസ് ആർ. രാജേന്ദ്രബാബു അന്വേഷണ കമ്മീഷന്റെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) കസ്റ്റഡി മരണങ്ങളിൽ കാര്യക്ഷമമായ അന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. കസ്റ്റഡി മരണങ്ങൾപോലുള്ള സംഭവങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പാടില്ലായെന്നും സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചുംമാത്രം പ്രതികളെ അറസ്റ്റ് ചെയ്യുവാനും രാത്രിയിൽ കസ്റ്റഡിയിൽ എടുക്കുന്ന പ്രതികളെ കൃത്യമായ മെഡിക്കൽ പരിശോധനയ്ക്കുശേഷം മാത്രമേ കസ്റ്റഡിയിൽ സൂക്ഷിക്കുവാൻ പാടുള്ളൂവെന്നും സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് കസ്റ്റഡിയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സൂക്ഷിക്കുന്ന എല്ലാ വ്യക്തകളോടും വളരെ മാന്യമായി മാത്രമേ പെരുമാറാൻ പാടുള്ളൂവെന്ന നിർദ്ദേശവും അവബോധവും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിവരുന്നു.

## ആഭ്യന്തര വകുപ്പിൽ നടപ്പിലാക്കിയ പുതിയ പരിഷ്കാരങ്ങൾ

106 (109) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വകുപ്പിൽ നടപ്പിലാക്കിയ പുതിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പോലീസ് സേനയെ കുറ്റമറ്റതാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിന് കീഴിലെ പോലീസ് വകുപ്പ്, ജയിൽ വകുപ്പ്, ഫയർ & റസ്ക്യൂ സർവ്വീസസ് എന്നിവിടങ്ങളിൽ ഒട്ടനവധി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ഫാസിസ്റ്റ് സംഘടനകളുടെ പ്രവർത്തനം

107 (110) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേ ഇന്ത്യയിൽ ഭരണനേതൃത്വത്തിന്റെ ആശീർവാദത്തോടെ ചില ഫാസിസ്റ്റ് സംഘടനകൾ നിയമം കയ്യിലെടുക്കുന്നതുപോലെ സംസ്ഥാനത്തും പ്രസ്തുത സംഘടനകൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സംഘടിത ശക്തിക്കെതിരെ പ്രതികരിക്കുന്നവർക്കെതിരെ നിലവിൽ രാജ്യത്തെമ്പാടും നടക്കുന്ന ആക്രമണങ്ങളുടെ പാത സ്വീകരിച്ച് സംസ്ഥാനത്തും അടുത്തിടെയായി മതമേലദ്ധ്യക്ഷന്മാരെ വരെ ആക്രമിക്കുന്ന പ്രവണതക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം ആക്രമണകാരികൾക്കെതിരെ സമയോചിതമായി ഇടപെട്ട് ഫലപ്രദമായ നടപടികൾ കൈക്കൊള്ളുമോ;

(ഡി) സമ്മർദങ്ങൾമൂലം ഇത്തരക്കാർക്കെതിരെ നിയമത്തിലെ ലളിതമായ വകുപ്പുകളോ ഇളവുകളോ ഉപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരം സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധചെലുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മതമേലദ്ധ്യക്ഷന്മാരെ ആക്രമിച്ചതായ സംഭവങ്ങൾ ഒന്നംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്രമ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(സി) നിലവിലുള്ള നിയമമനുസരിച്ച് കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഡി&ഇ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോതമംഗലത്ത് മുൻസിഫ് കോടതി**

108 (111) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മുൻസിഫ് കോടതി ഇല്ലാത്ത ഏക താലൂക്കായ കോതമംഗലത്ത് പ്രസ്തുത കോടതി വേണമെന്ന് ആവശ്യപ്പെട്ട് കോതമംഗലം ബാർ അസോസിയേഷൻ നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് C5/36/17/ആഭ്യന്തരം എന്ന ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കോതമംഗലത്ത് മുൻസിഫ് കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പതിനാറിലധികം ആദിവാസിക്കോളനികൾ ഉള്ള ടി താലൂക്കിൽ നിലവിലുള്ള രണ്ട് മജിസ്ട്രേറ്റ് കോടതിയിൽ ഒന്നിൽ മുൻസിഫ് ചാർജ് കൊടുത്ത് മുൻസിഫ് കം മജിസ്ട്രേറ്റ് ആക്കി മാറ്റിയാൽ, അധിക ചെലവില്ലാതെ മുൻസിഫ് കോടതി ആരംഭിക്കുവാൻ കഴിയുമെന്നുള്ള സാദ്ധ്യത പരിശോധിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കോതമംഗലത്ത് മുൻസിഫ് കോടതി ആരംഭിക്കുന്നതുൾപ്പെടെ ധാരാളം പുതിയ കോടതികൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിച്ച് നിരവധി നിവേദനങ്ങളും കത്തുകളും സർക്കാരിൽ ലഭിക്കുകയുണ്ടായി. കോടതികൾ സ്ഥാപിക്കണമെന്ന ആവശ്യം നിലവിലെ കോടതികളിൽ

തീർപ്പാകാതെ കിടക്കുന്ന കേസ്സുകളുടെ എണ്ണം, സ്വഭാവം, സ്ഥലലഭ്യത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചുമാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയൂ എന്നിരിക്കെ ഇപ്രകാരം എല്ലാ വശങ്ങളും പരിശോധിച്ച് വസ്തുതാവിശകലനം നടത്തി ഏറ്റവും ആവശ്യമായ കോടതികൾ സ്ഥാപിക്കുവാനുള്ള നിർദ്ദേശം നൽകുന്നതിന് ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെടുകയും ആയതിൻപ്രകാരം ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള മുൻഗണനാലിസ്റ്റിൽനിന്നും ഒന്നാമതായുള്ള അട്ടപ്പാടി മുൻസിഫ് കോടതി മാത്രമാണ് പുതുതായി സ്ഥാപിച്ചിട്ടുള്ളത്. കോതമംഗലം മുൻസിഫ്-മജിസ്ട്രേറ്റ് കോടതി, കോടതികളുടെ മുൻഗണനാക്രമം മറികടന്ന് സ്ഥാപിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) നിലവിലുള്ള കോതമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-I-നെ മുൻസിഫ്-ജിസ്ട്രേറ്റ് കോടതിയായി പരിവർത്തനം ചെയ്യുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാറുടെ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചിരുന്നു. 25 തസ്തികയോളം ഇതിനായി സൃഷ്ടിക്കേണ്ടതുണ്ട്. പ്രളയാനന്തര സംസ്ഥാനത്തെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകേണ്ടതിനാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ആൾക്കൂട്ട ആക്രമണങ്ങൾ**

109 (112) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെമ്പാടും ഭരണസ്വാധീനത്തിൽ നടക്കുന്ന ആൾക്കൂട്ട ആക്രമണങ്ങൾ അടുത്തിടെയായി അതേ വിഭാഗക്കാരുടെ മേൽനോട്ടത്തിൽ സംസ്ഥാനത്തും അരങ്ങേറുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരക്കാരുടെ ആക്രമണങ്ങൾ സർക്കാർ കണ്ടില്ലെന്ന് നടിക്കുന്നത് നാടിന്റെ സംസ്കാരത്തിന് വരുത്തിവച്ചേയ്ക്കാവുന്ന തകർച്ച മുന്നിൽ കാണുന്നുണ്ടോ;

(സി) എങ്കിൽ അടുത്തിടെയായി സംസ്ഥാനത്ത് വ്യാപകമായി ഇത്തരക്കാർ നിയമം കയ്യിലെടുക്കുന്നതും ആരാധനാലായങ്ങളുടെ നിയന്ത്രണം ഏറ്റെടുത്ത് വരുന്നതും ഇതര വിഭാഗക്കാരെയും ഇതിന് പ്രേരിപ്പിക്കുന്നതും കണക്കിലെടുത്ത് ആവശ്യമായ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആൾക്കൂട്ട ആക്രമണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ആക്രമണങ്ങളുടെ ഗൗരവം ഉൾക്കൊണ്ട് ക്രമസമാധാന ലംഘനത്തിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നാടിന്റെ സമാധാന അന്തരീക്ഷത്തിന് പോറലേൽപ്പിക്കുന്ന ഏത് പ്രവർത്തനങ്ങളെയും സർക്കാർ വളരെ ഗൗരവത്തിൽത്തന്നെ കാണുകയും ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

## ആചാരസംരക്ഷണത്തിന്റെ മറവിൽ കലാപം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ

110 (113) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച് സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ വിധി നടപ്പിലാക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആചാര സംരക്ഷണത്തിന്റെ മറവിൽ സംസ്ഥാനത്ത് കലാപം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കലാപ ശ്രമങ്ങൾ പ്രതിരോധിക്കാനും ക്രമസമാധാനം സംരക്ഷിക്കാനും എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്ഷേത്രദർശനത്തെനെത്തുന്ന തീർത്ഥാടകർക്ക് മതിയായ സുരക്ഷയും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് സർക്കാരും ദേവസ്വം ബോർഡും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ശബരിമലയിലും അനുബന്ധ പ്രദേശങ്ങളായ ഇലവുങ്കൽ, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലും പ്രതിഷേധക്കാരുടെ കലാപശ്രമങ്ങൾ പ്രതിരോധിക്കാനും ക്രമസമാധാനം സംരക്ഷിക്കാനുമായി നിരോധനാജ്ഞ ഉൾപ്പെടെയുള്ള നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തീർത്ഥാടകർക്ക് സുഗമവും സമാധാനപൂർണ്ണവുമായ ദർശനം സാദ്ധ്യമാക്കുന്നുണ്ട്.

**ശബരിമല വിധിയുടെ പേരിലുള്ള കലാപശ്രമം**

111 (114) ശ്രീ. എസ്. ശർമ്മ:

ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ സ്ത്രീ പ്രവേശനത്തിനായി അനുയായികളെക്കൊണ്ട് കേസ്സ് കൊടുപ്പിക്കുകയും അതിന്റെ ഫലമായി ഉണ്ടായ വിധി നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് കലാപത്തിന് ശ്രമിക്കുകയും ചെയ്യുന്ന സംഘപരിവാർ ഗൂഢാലോചകരെ തുറന്ന് കാട്ടാനും ഛിദ്രശക്തികളെ അടിച്ചമർത്താനും നടപടിയെടുത്തിട്ടുണ്ടോ;

(ബി) കലാപത്തിന് ആഹ്വാനം ചെയ്യുന്ന സംഘപരിവാർ സംഘടനകളിൽ ഏതെങ്കിലും പ്രസ്തുത കേസ്സിൽ കക്ഷിചേരുകയോ പുനഃപരിശോധന ഹർജി നൽകുകയോ ചെയ്യാതെ വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാൻ നടത്തുന്ന നീക്കത്തിൽ കൊടിപിടിച്ചും അല്ലാതെയും പങ്കെടുക്കുന്നവരെ യാഥാർത്ഥ്യം ബോദ്ധ്യപ്പെടുത്തി പിന്തിരിപ്പിക്കാനും തന്ത്രിയെ കൂടി കെണിയിൽപെടുത്തി ഗൂഢാലോചനയിൽ പങ്കാളിയാക്കുന്ന കുതന്ത്രം നിഷ്ഫലമാക്കാനും ശ്രദ്ധപതിപ്പിക്കുമോ ;

(സി) അയ്യപ്പ ഭക്തരെ പോലീസ് കൊലപ്പെടുത്തിയെന്ന് വ്യാജാരോപണം ഉന്നയിച്ച് ഹർത്താൽ നടത്തിയവർക്കെതിരെ കലാപാഹ്വാനത്തിന് കേസെടുക്കുവാൻ തയ്യാറാകുമോ ;

(ഡി) കർത്തവ്യ നിർവ്വഹണത്തിലേർപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ മതപരമായി വേർതിരിച്ചും സാമൂഹ്യ മാധ്യമങ്ങളിലൂടെ കള്ളത്തരം പ്രചരിപ്പിച്ചും സാമൂഹിക ഐക്യം തകർക്കാൻ നീക്കം നടത്തിയ രാജ്യദ്രോഹികൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമത്തിനെതിരെ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) അയ്യപ്പഭക്തരെ പോലീസ് കൊലപ്പെടുത്തിയെന്നത് വ്യാജ ആരോപണമായിരുന്നു. സുപ്രീംകോടതി വിധിയുടെ മറവിൽ വർഗ്ഗീയ ധ്രുവീകരണം നടത്തിയവർക്കെതിരെയും കർത്തവ്യനിർവ്വഹണത്തിലേർപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ മതപരമായി വേർതിരിച്ചും സാമൂഹ്യ മാധ്യമങ്ങളിലൂടെ കള്ളത്തരം പ്രചരിപ്പിച്ചും സാമൂഹ്യ ഐക്യം തകർക്കാൻ നീക്കം നടത്തിയവർക്കെതിരെയും സർക്കാർ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ശബരിമല സന്നിധാനത്തെ പ്രതിഷേധങ്ങൾ**

112(115) ശ്രീ. കെ. മുരളീധരൻ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്തിരയാട്ട വിശേഷത്തിന് ശബരിമല സന്നിധാനത്ത് പ്രതിഷേധങ്ങൾ ഉണ്ടാകുകയും ആർ.എസ്.എസ്., ബി.ജെ.പി. നേതാക്കൾ ക്രമസമാധാന പരിപാലനം ഏറ്റെടുക്കേണ്ട സ്ഥിതി വിശേഷം ഉണ്ടാകുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഭക്തരുടെ വാഹനങ്ങൾക്ക് നിലക്കലിൽ നിയന്ത്രണം ഏർപ്പെടുത്തിയും അവർ സന്നിധാനത്ത് തങ്ങുന്നതിന് സമയം നിശ്ചയിച്ചും നിയന്ത്രണം ഏർപ്പെടുത്തിയിരുന്നോ;

(സി) തുലാമാസ പൂജയ്ക്കായി നട തുറന്നപ്പോൾ ഉണ്ടായ സംഘർഷത്തിന്റെ വെളിച്ചത്തിൽ ചിത്തിരയാട്ടവിശേഷത്തിന് പഴുതടച്ച സുരക്ഷ ഒരുക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്;

(ഡി) പ്രത്യേക സുരക്ഷ ഒരുക്കിയിട്ടും 52 വയസ്സുള്ള ഭക്തയെ അതീവ സുരക്ഷാ മേഖലയിൽ പ്രതിഷേധക്കാർ തടയുന്നതിനും അവരെ ആക്രമിക്കുന്നതിന് ക്രിമിനലുകൾ തുനിഞ്ഞതും പോലീസ് സംവിധാനത്തിന്റെ പാളിച്ചയും അവരുടെ തന്ത്രങ്ങളുടെ പരാജയത്തെയുമല്ലേ കാണിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഇ) സംഘപരിവാർ ശക്തികൾ ശബരിമലയും സന്നിധാനവും കയ്യടക്കുകയും അവിടുത്തെ ശാന്തിയും സമാധാനവും ചവിട്ടിമെതിക്കുകയും ചെയ്തത് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശബരിമലയിൽ ക്രമസമാധാന ചുമതല എല്ലാ ഘട്ടത്തിലും പോലീസിന്റെ പൂർണ്ണ നിയന്ത്രണത്തിൽ തന്നെയായിരുന്നു. ശബരിമലയിൽ ചിത്തിരയാട്ട വിശേഷത്തോടനുബന്ധിച്ച് ദർശനത്തിനായി എത്തിയ 52 വയസ്സുണ്ടായിരുന്ന സ്ത്രീയെ യുവതിയെന്നാരോപിച്ച് സന്നിധാനം നടപ്പന്തലിലുണ്ടായിരുന്നവർ പെട്ടെന്ന് സംഘടിച്ച് പ്രതിഷേധിക്കുകയും അവരെ അന്യായമായി തടഞ്ഞ് ദേഹോപദ്രവം ഏർപ്പിക്കുകയും ടിയാളുടെ അനിയത്തിയുടെ മകൻ മൃദുൽ കുമാറിനെ മർദ്ദിച്ച് അവശനാക്കുകയും ചെയ്തു. ഇപ്രകാരം പ്രതിഷേധം അക്രമാസക്തമായപ്പോൾ സന്നിധാനത്ത് കൂടുതൽ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കുന്നതിനായി അവരിൽ ഒരാളോട് തന്റെ അനുയായികൾക്ക് നിർദ്ദേശം നൽകി പ്രതിഷേധക്കാരെ ശാന്തരാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അടിയന്തര സാഹചര്യത്തിൽ ക്ഷേത്രമുറ്റത്തെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും ബലപ്രയോഗവും അതുമൂലം മറ്റ് സാധാരണ ഭക്തർക്ക് ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കുന്നതിനുമായാണ് പോലീസ് ഇത്തരം ഒരു നടപടി സ്വീകരിച്ചത്.

(ബി) ഭക്തർക്ക് സൗകര്യപ്രദമായി പോയിവരാനുള്ള സൗകര്യം ഒരുക്കിയിരുന്നു.

(സി) ശബരിമല സന്നിധാനം സമരഭൂമിയാക്കി യഥാർത്ഥ ഭക്തരെ തടഞ്ഞ് കലാപം സൃഷ്ടിക്കുന്നതിനായി ചിലർ ശ്രമിച്ചിരുന്നു. ആയതിനാൽ ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ മതിയായ പോലീസ് സേനാവിന്യാസം നടത്തി സുരക്ഷ ഏർപ്പെടുത്തിയിരുന്നു.

(ഡി) പോലീസ് സംവിധാനത്തിൽ പാളിച്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലളിതയെന്ന ഭക്തയെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് സന്നിധാനം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 16/18u/s 143, 144, 147, 188, 341, 308, 354 r/w149 IPC ആയി കണ്ടാലറിയാവുന്ന 150-ഓളം പ്രതികൾക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസ്സിൽ ഇതുവരെ ആറ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്.

(ഇ) ശബരിമല, സന്നിധാനം എന്നിവടങ്ങളിൽ ചുമതലപ്പെട്ട അധികാരികളല്ലാതെ മറ്റേതെങ്കിലും സംഘടനകൾ അധിപത്യം കയ്യടക്കിയിട്ടില്ല. ഈ പ്രദേശം എല്ലാ ഘട്ടങ്ങളിലും പോലീസിന്റെ പൂർണ്ണ നിയന്ത്രണത്തിലായിരുന്നു.

## പമ്പയിലും നിലയ്ക്കലും ഉണ്ടായ സംഘർഷം

113 (116) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുലാമാസ പൂജയ്ക്കായി നട തുറന്ന വേളയിൽ ശബരിമലയിൽ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് പമ്പയിലും, നിലയ്ക്കലും ഉണ്ടായ സംഘർഷങ്ങളിൽ വാഹനങ്ങൾ തകർത്തതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്രലക്ഷം രൂപയുടെ നാശനഷ്ടം ഈ അക്രമസംഭവങ്ങളിൽ ഉണ്ടായെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) പല സംഘട്ടനങ്ങളിൽ പല സ്ഥലത്തായി വാഹനങ്ങൾ തകർത്തത് ഒരു സംഭവമെന്ന നിലയിലാണോ പോലീസ് കേസ്സ് രജിസ്ററർ ചെയ്തിട്ടുള്ളത്; എങ്കിൽ അതിനുള്ള കാരണം എന്താണ്;

(ഡി) നിലയ്ക്കലിലും പമ്പയിലും പോലീസുകാർ വാഹനം തല്ലിത്തകർത്തതായി കണ്ടെത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഏതെങ്കിലും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഇ) പോലീസുകാർ നടത്തിയ അക്രമസംഭവങ്ങളെ സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 222 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 31,62,500 (മുപ്പത്തി ഒന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി അഞ്ഞൂറ്) രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(സി) പല കേസ്സുകളിലായാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി&ഇ) നിലയ്ക്കലിലും പമ്പയിലും പോലീസുകാർ വാഹനം തല്ലിത്തകർത്തതായി പറയുന്ന ആരോപണത്തിന്മേൽ അന്വേഷണത്തിന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ ഇതു സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. അന്വേഷണ റിപ്പോർട്ട് കിട്ടിയാലുടൻ കുറ്റക്കാർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ശബരിമലയിലെ നിയന്ത്രണം

114 (117) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഭക്തന്മാർക്ക് ചെലവിടുവാനുള്ള സമയം പരിമിതപ്പെടുത്തുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) ഇത് ഭക്തരുടെ ആരാധനാ സ്വാതന്ത്ര്യത്തിൽ ഇടപെടുന്നതിനുള്ള നടപടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഭക്തന്മാരുടെ വികാരം വ്രണപ്പെടുത്തുന്നതും, അവരെ ബുദ്ധിമുട്ടിക്കുന്നതുമായ ഇത്തരം തീരുമാനങ്ങൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) അപ്രകാരം തീരുമാനമെടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

## ശബരിമലയിലെ സുരക്ഷയ്ക്കായി പ്രത്യേക സംവിധാനം

115 (118) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ സുരക്ഷാ കാര്യങ്ങൾക്കായി പ്രത്യേക സംവിധാനം ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ശബരിമല തീർത്ഥാടകർ യാത്രചെയ്യുന്ന വാഹനങ്ങൾക്ക് അതാത് സ്ഥലത്തെ പോലീസ് സ്റ്റേഷനുകളിൽനിന്നും പാസ്സ് വാങ്ങിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്താണ്;

(സി) സുരക്ഷയുടെ പേരിൽ പോലീസിനെ ഉപയോഗിച്ച് തീർത്ഥാടകരുടെ വരവ് നിയന്ത്രിച്ച് ശബരിമലയെ തകർക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ ഭാഗത്ത് നിന്ന് ഉണ്ടാകുന്നതെന്ന ആക്ഷേപം സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ;

(ഡി) സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിൽ സർക്കാർ ഭാഗത്ത് നിന്ന് കാണിച്ച അമിതാവേശവും അനാവശ്യ തിടുക്കവും പിടിവാശിയും ശബരിമലയെ യുദ്ധക്കളമാക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കിയിട്ടില്ലേ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ശബരിമലയെ സമരഭൂമിയാക്കി വിശ്വാസികളെ തടയുന്ന രീതി ആവർത്തിക്കാതിരിക്കുന്നതിലേയ്ക്ക് ജില്ലാ ഭരണകൂടവും പോലീസും കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. വിശ്വാസികളെ തടഞ്ഞ് കലാപം സൃഷ്ടിക്കാതിരിക്കുന്നതിനായി ഇലവുങ്കൽ, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ പ്രദേശങ്ങളിൽ ക്രിമിനൽ നടപടിക്രമം 144 പ്രകാരം നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുള്ളതാണ്. വിവിധ വകുപ്പുകളുടെ പ്രവർത്തനത്തെ ശബരിമലയിൽ ഏകോപിപ്പിക്കുന്നതിനും ക്രമസമാധാന പ്രശ്നങ്ങളുൾപ്പെടെ കൈകാര്യം ചെയ്യുന്നതിനായി സ്പെഷ്യൽ ഓഫീസറായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരം നൽകി ശ്രീ. വി. ആർ. പ്രേംകുമാർ ഐ.എ.എസ്-നെ സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രക്ഷോഭങ്ങൾ നിയന്ത്രിക്കുന്നതിനായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ പ്രദേശങ്ങളിൽ രണ്ട് വീതം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെ നിയമിച്ചിട്ടുണ്ട്. നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എ.ഡി.ജി.പി. സൗത്ത് സോൺ, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി., തിരുവനന്തപുരം റേഞ്ച് ഐ.ജി.പി. എന്നിവരുടെ മേൽനോട്ടത്തിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിവിധങ്ങളായ ബന്തവസ്സ് പദ്ധതി തയ്യാറാക്കി സുരക്ഷാ ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ശബരിമലയിൽ മനഃപൂർവ്വം കുഴപ്പങ്ങളുണ്ടാക്കാൻ സാദ്ധ്യതയുള്ളവർ എത്തിപ്പെടാതിരിക്കുന്നതിനായി തീർത്ഥാടകർക്ക് പോലീസ് സ്റ്റേഷനിൽനിന്നും വാഹന പാസ്സ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സുരക്ഷയുടെ പേരിൽ തീർത്ഥാടകരുടെ വരവ് പോലീസ് നിയന്ത്രിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്തരുടെ സുഗമമായ ദർശനത്തിനാണ് പോലീസിന്റെ ഭാഗത്തുനിന്നും നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. പ്രസ്തുത നടപടികൾമൂലം യഥാർത്ഥ ഭക്തർക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല.

(ഡി) ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമ വ്യവസ്ഥകൾക്കനുസരിച്ച് മാത്രമാണ് സർക്കാർ പ്രവർത്തിച്ചുവരുന്നത്.

## സംഘപരിവാർ അതിക്രമങ്ങൾ തടയാൻ നടപടി

116 (119) പ്രൊഫ. കെ. യു. അരുണൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതിയുടെ വിധി നടപ്പാക്കുന്നതിന്റെയും പൗരന് ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെയും പേരിൽ, ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരിനെ താഴെയിറക്കുമെന്ന് പരസ്യമായി ഭീഷണി മുഴക്കുന്നത്, ഇന്ത്യൻ ഭരണഘടനയെയും പൗരസ്വാതന്ത്ര്യത്തെയും നിയമവാഴ്ചയെയും അംഗീകരിക്കാത്ത ബി.ജെ.പി.-സംഘപരിവാർ കാഴ്ചപ്പാടിന്റെ ഭാഗമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തങ്ങൾക്കെതിരായ പ്രതിരോധങ്ങളെ ദുർബ്ബലമാക്കാനുള്ള ഗൂഢരാഷ്ട്രീയ അജൻഡയുടെ ഭാഗമായി സംഘപരിവാർ അക്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അക്രമസംഭവങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ശബരിമല യുവതീപ്രവേശന വിഷയത്തിന്റെ പേരിൽ കേരളത്തിൽ വർഗ്ഗീയത വളർത്താനും കലാപം സൃഷ്ടിക്കാനും വിവിധ നവോത്ഥാന മുന്നേറ്റങ്ങളിലൂടെയും കർഷക, തൊഴിലാളി പ്രസ്ഥാനങ്ങളുടെ ഇടപെടലിലൂടെയും നേടിയെടുത്ത ജനാധിപത്യപരമായ മുന്നേറ്റങ്ങളെ തകർക്കാനുമുള്ള ബി.ജെ.പി.-സംഘപരിവാർ നീക്കങ്ങളെ പ്രതിരോധിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിയമവിരുദ്ധ പ്രവർത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

## ശബരിമലയുമായി ബന്ധപ്പെട്ട അക്രമ സംഭവങ്ങൾ

117(120) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതി പ്രവേശവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിക്കെതിരെ സംസ്ഥാനത്ത് നടന്ന അക്രമ സംഭവങ്ങളുടെ ഭാഗമായി ആകെ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടവരിൽ നേരത്തെ ഗുണ്ടാ ആക്റ്റ് പ്രകാരം അറസ്റ്റിലായവരോ സ്ഥിരം കുറ്റവാളികളോ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 4722 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) സ്ഥിരം കുറ്റവാളികളായ നാല് പേർ പ്രസ്തുത അറസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

## ശബരിമലയുമായി ബന്ധപ്പെട്ട് രജസ്റ്റർ ചെയ്ത കേസ്സുകൾ

118(121) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തുലാമാസ പൂജ, ചിത്തിരയാട്ടവിശേഷം തുടങ്ങിയവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, കേസ് എടുക്കപ്പെട്ടവരുടെ എണ്ണം, അറസ്റ്റു ചെയ്തവരുടെ എണ്ണം, റിമാൻഡ് ചെയ്യപ്പെട്ടവർ, റിമാൻഡ് ചെയ്യപ്പെട്ടവർക്കെതിരെ ചുമത്തിയിട്ടുള്ള വകുപ്പുകൾ, ജാമ്യം നൽകിയിട്ടുള്ളവർക്കെതിരെ ചുമത്തിയിട്ടുള്ള കുറ്റം, പിടികൂടാനുള്ളവരുടെ എണ്ണം, പിടികൂടാനുള്ളവരിൽ ഗുരുതര കുറ്റകൃത്യത്തിൽ ഏർപ്പെട്ടവർ, ഇവരെ അറസ്റ്റ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ വ്യക്തമാക്കുമോ;

(ബി) സർക്കാർ, എയിഡഡ്, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ളവർ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവരുടെ പേരുവിവരവും പോലീസ് കേസ് അല്ലാതെ മറ്റെന്തെങ്കിലും നടപടി ഇവർക്കെതിരെ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശബരിമല ക്ഷേത്രം തുലാമാസ പൂജക്കും ചിത്തിരയാട്ട വിശേഷത്തിനുമായി നട തുറന്നപ്പോൾ സന്നിധാനം, പമ്പ, നിലയ്ക്കൽ

എന്നീ പോലീസ്സ്റ്റേഷനതിർത്തികളിലായി അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ 47 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2863 പേരെ ടി കേസ്സുകളിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 213 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഇതിൽ 111 പേരെ റിമാന്റ് ചെയ്തിട്ടുണ്ട്. റിമാന്റ് ചെയ്തവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 307, 308, 143, 147, 148, 149, 188, 333, 353, 283 പ്രകാരമുള്ള വകുപ്പുകളും PDPP Act-ലെ വിവിധ വകുപ്പുകളും ചുമത്തിയിട്ടുണ്ട്. മേൽ പറഞ്ഞ കേസ്സുകളിൽ ജാമ്യം ലഭിച്ചിട്ടുള്ള പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 143, 147, 148, 149, 323, 283 പ്രകാരമുള്ള വകുപ്പുകളും ക്രിമിനൽ നടപടിക്രമത്തിലെ 151-ാം വകുപ്പുമാണ് ചുമത്തിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധത്തിൽ* ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ കേസ്സുകളിൽ എല്ലാംകൂടി 2650 പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ള പ്രതികളിൽ ഗുരുതര കുറ്റകൃത്യത്തിൽ ഏർപ്പെട്ടവരില്ല. അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ള പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശബരിമല തുലാമാസ പൂജ, ചിത്തിരയാട്ടവിശേഷം തുടങ്ങിയവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ പ്രതികളായവരിൽ സർക്കാർ, എയ്ഡഡ്, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ളവരുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ശബരിമലയുമായി ബന്ധപ്പെട്ടുള്ള അക്രമങ്ങൾ

119 (122) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ സംഘപരിവാർ ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്ന അക്രമങ്ങളും നവോത്ഥാന മൂല്യങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ബോധപൂർവ്വമായ സംഘടിത പ്രവർത്തനങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അക്രമ പ്രവർത്തനങ്ങളെ നേരിടുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ശബരിമലയിൽ യഥാർത്ഥ വിശ്വാസികൾക്ക് ദർശനം നടത്തുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരം നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അറസ്റ്റ് ഉൾപ്പെടെയുള്ള ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അക്രമ പ്രവർത്തനങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ശബരിമല മണ്ഡല മകരവിളക്ക് കാലത്തോടനുബന്ധിച്ച് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ ജില്ലാ മജിസ്ട്രേറ്റ് നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) യഥാർത്ഥ തീർത്ഥാടകർക്ക് സുഗമവും സുരക്ഷിതവുമായ ദർശനം ലഭിക്കുന്നതിനായി പോലീസ് ബന്തവസ് സ്കീമിൽ ഉൾപ്പെടുത്തി വിവിധ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ദർശന ദിവസവും സമയവും മുൻകൂട്ടി നിശ്ചയിച്ച് ആ സമയത്ത് എത്തിച്ചേർന്ന് സുഗമമായ ദർശനം ലഭിക്കുന്നതിനുതകുന്ന തരത്തിൽ വെർച്വൽ ക്യൂ (Virtual queue) സംവിധാനവും വെർച്വൽ ക്യൂ സംവിധാനത്തിലൂടെ അല്ലാതെ എത്തുന്ന തീർത്ഥാടകരെ നടപ്പന്തലിൽ വച്ച് സെക്ടറായി തിരിച്ച് ഓരോ സെക്ടറായി ദർശനത്തിനയയ്ക്കുന്ന ക്രമീകരണവും പതിനെട്ടാംപടി കയറുന്നതിന് അയ്യപ്പന്മാരെ, പ്രത്യേകിച്ചും അവശരെയും സ്ത്രീകളെയും കുട്ടികളെയും സഹായിക്കുന്നതിന് പ്രത്യേകം പോലീസുദ്യോഗസ്ഥരെ പതിനെട്ടാംപടിയിൽ നിയോഗിച്ചും ഒരേ സമയം കൂടുതൽ പേർക്ക് ദർശനം ലഭിക്കത്തക്ക വിധത്തിൽ ശ്രീകോവിലിനു മുൻപിൽ വരികളുടെ എണ്ണം വർദ്ധിപ്പിച്ചും സന്നിധാനത്ത് എത്തുന്ന തീർത്ഥാടകർക്ക് സുഗമമായ ദർശനം ഉറപ്പുവരുത്തുന്നുണ്ട്. അയ്യപ്പഭക്തർക്ക് വിതരണം നടത്തുന്നതിന് ആവശ്യമായ വഴിപാട് പ്രസാദങ്ങൾ കാലേക്കൂട്ടി തയ്യാറാക്കി സ്റ്റോക്ക് ചെയ്തിട്ടുള്ളതും മുടക്കംകൂടാതെ പ്രസാദങ്ങൾ വിതരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം വിവിധ പോയിന്റുകളിൽ ചുക്കുവെള്ള വിതരണവും ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ദേവസ്വം ബോർഡിന്റെ ചുമതലയിൽ അന്നദാനവും നടത്തിവരുന്നുണ്ട്. ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ പബ്ലിക് റിലേഷൻസ് ആഫീസും പിൽഗ്രിം ഫെസിലിറ്റേഷൻ ഓഫീസും സന്നിധാനത്ത് പ്രവർത്തിച്ചുവരുന്നു.

## നാമജപഘോഷയാത്ര നടത്തിയതിന്റെ പേരിൽ കേസ്സ്

120 (123) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഒക്ടോബർ മാസം ശബരിമല ദർശനത്തിന് വന്ന അയ്യപ്പഭക്തരുടെ ബൈക്കുകൾ, ത്രീവീലറുകൾ, ഫോർ വീലറുകൾ എന്നിവ പോലീസ് ഉദ്യോഗസ്ഥർ നശിപ്പിച്ചതിനെ സംബന്ധിച്ച് ഹൈക്കോടതി നടത്തിയ പരാമർശത്തിൽ ആഭ്യന്തര വകുപ്പ് എന്ത് നടപടിയെടുത്തു; പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തെങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നാമജപഘോഷയാത്ര നടത്തിയതിന്റെ പേരിൽ അയ്യപ്പഭക്തർക്കെതിരെ പോലീസ് എത്ര കേസ്സുകൾ എടുത്തു എന്നുള്ളതിന്റെ കണക്കുകൾ സ്ത്രീ -പുരുഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വിശദമാക്കുമോ; ഈ വിഷയത്തിൽ എടുത്ത കേസ്സുകളുടെ നിജസ്ഥിതി എന്താണ്; വ്യക്തമാക്കുമോ;

(സി) ശബരിമലയിലും സന്നിധാനത്തും നിലയ്ക്കലും നാമജപം നടത്തിയതിന്റെ പേരിൽ അറസ്റ്റ് ചെയ്തിട്ട് ഇതുവരെ ജാമ്യം ലഭിക്കാത്ത എത്ര പേർ ഉണ്ട്; പ്രസ്തുത കേസ്സുകളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം ഗൗരവമായി കണക്കാക്കി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) ശബരിമല, സന്നിധാനം, നിലയ്ക്കൽ ഉൾപ്പെടെ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ നാമജപഘോഷയാത്ര നടത്തിയതിന്റെ പേരിൽ അയ്യപ്പഭക്തർക്കെതിരെ കേസ്സുകളൊന്നും പോലീസ് രജിസ്റ്റർ ചെയ്തിട്ടില്ല.

## നാമജപ ഘോഷയാത്രയിൽ പങ്കെടുത്തവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസ്സുകൾ

121(124) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനത്തിനെതിരെ സംഘടിപ്പിച്ച നാമജപഘോഷയാത്രകളിൽ പങ്കെടുത്തവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തതിട്ടുള്ളത്; എത്രപേർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) ദേശീയപാതകളിൽ ഗതാഗത തടസ്സമുണ്ടാക്കുന്ന പ്രതിഷേധ പ്രകടനങ്ങളുടെ പേരിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യാറുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ശബരിമല യുവതീപ്രവേശനത്തിനെതിരെ സംഘടിപ്പിച്ച നാമജപ ഘോഷയാത്രയിൽ പങ്കെടുത്തു എന്നതിന്റെ പേരിൽ ആർക്കെതിരെയും കേസെടുത്തിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളും Kerala Public Ways (Restriction of Assembling and Processions) Act 2011-ഉം അനുസരിച്ചാണ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്.

## കേരള പോലീസ് നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ

122 (125) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ കേരള പോലീസ് നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ചട്ടങ്ങൾ രൂപീകരിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ചട്ടങ്ങൾ എന്ന് നിലവിൽ വരുമെന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) 2011-ലെ കേരള പോലീസ് നിയമത്തിന് അനുസൃതമായി ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2011-ൽ നിലവിൽ വന്ന പോലീസ് നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കരട് വിജ്ഞാപനം സർക്കാർ തലത്തിൽ പരിശോധിക്കുകയും കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി ചട്ടങ്ങൾ പുനഃസമർപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## പോലീസ് ഓഫീസർമാരുടെ സ്ഥലംമാറ്റം

123 (126) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എത്ര പോലീസ് ഓഫീസർമാർ സാലറി ചലഞ്ചിൽ പങ്കെടുത്തിട്ടുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) സമ്മതപത്രം നൽകാത്ത ഏതെങ്കിലും ഓഫീസർമാരുടെ പേരിൽ സ്ഥലംമാറ്റം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇക്കാര്യം പുനഃപരിശോധിക്കുവാനും സ്ഥലം മാറ്റിയവർക്ക് പഴയ ലാവണത്തിൽ തന്നെ നിയമനം നൽകുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ സാലറി ചലഞ്ചിൽ പങ്കെടുത്ത പോലീസ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ കാറ്റഗറി തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | District Police Chief | 1 |
| 2 | Commandant | 2 |
| 3 | Dy.S.Ps. | 8 |
| 4 | Deputy Commandant | 1 |
| 5 | Assistant Commandant | 6 |
| 6 | Inspector of Police /RI/API | 29 |
| 7 | Sub Inspectors of Police/RSI/APSI | 111 |
| 8 | Asst. Sub Inspectors/RASI/APASI | 61 |
| 9 | MT SI | 1 |
| 10 | Armour SI | 1 |
| 11 | Sr. Civil Police Officers/Hdr | 216 |
| 12 | Civil Police Officers/PC | 527 |
| 13 | Women Police Constable | 12 |
| 14 | Dvr SCPO/Dvr CPO | 15 |
| 15 | Rt.PC | 375 |
| | TOTAL | 1366 |

(ബി) സ്വീകരിച്ചിട്ടില്ല.

(സി) ബാധകമല്ല.

**ഹൈടെക് ക്രൈം എൻക്വയറി സെല്ലുകളും സൈബർ സെല്ലുകളും**

124 (127) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് കേസ്സുകൾ അന്വേഷിക്കുന്നതിനായി ഹൈടെക് ക്രൈം എൻക്വയറി സെൽ തുടങ്ങിയ ശേഷം എത്ര ഹൈടെക് കേസ്സുകൾ ഈ സെല്ലിന്റെ കീഴിൽ അന്വേഷണം നടത്തി; അറിയിക്കുമോ;

(ബി) ഇവയിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ ജില്ലകളിലും സൈബർ സെല്ലുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ഘടന എന്താണെന്ന് അറിയിക്കുമോ;

(ഡി) സൈബർ സെല്ലുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇവിടെ ജോലി നോക്കുന്നവർക്ക് എന്തൊക്കെ പരിശീലനങ്ങളാണ് നല്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പിങ്ക് പോലീസ്**

125 (128) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിങ്ക് പോലീസിന്റെ ശ്രമഫലത്താൽ മാത്രം എടുത്തിട്ടുള്ള കേസ്സുകളുടെ എണ്ണത്തിൽ വൻവർദ്ധന ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പിങ്ക് പോലീസ് സംവിധാനം എർപ്പെടുത്തിയത് മുതൽ നാളിതുവരെയായി എന്ത് തുക പ്രസ്തുത സംവിധാനത്തിലെ പോലീസുകാരുടെ ശമ്പള ഇനത്തിലും ഇതിലേയ്ക്ക് മാത്രമായ വാഹന ഇന്ധന ഇനത്തിലും ചെലവായെന്ന കണക്ക് ലഭ്യമാക്കുമോ;

(സി) പിങ്ക് പോലീസ് സേനയുടെ വിന്യാസം മറ്റ് ജില്ലകളിലേയ്ക്കും സത്വരം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പിങ്ക് പോലീസിന്റെ ശ്രമഫലത്താൽ മാത്രം എടുത്തിട്ടുള്ള കേസുകളുടെ എണ്ണത്തിൽ വർദ്ധനവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിങ്ക് പോലീസ് നേരിട്ട് കേസ്സ് രജിസ്റ്റർ ചെയ്യുന്നില്ല. പട്രോളിംഗിനിടയിൽ കാണപ്പെടുന്ന കുറ്റകൃത്യങ്ങൾ അതാത് സ്റ്റേഷൻ പരിധിയിൽ റിപ്പോർട്ട് ചെയ്തുവരുന്നു.

(ബി) പിങ്ക് പോലീസിന് മാത്രമായി അംഗസംഖ്യ അനുവദിച്ച് നൽകിയിട്ടില്ല. പോലീസ് ഉദ്യോഗസ്ഥരുടെ ദൈനംദിന ഡ്യൂട്ടിയുടെ ഭാഗമായാണ് പിങ്ക് പോലീസിൽ സേവനം അനുഷ്ഠിക്കുന്നത്. ആയതിനാൽ പ്രത്യേകമായി അവർക്ക് ശമ്പളം അനുവദിച്ച് നൽകുന്നില്ല. വാഹനങ്ങളുടെ ഇന്ധനത്തിനായി 82,25,122.86 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) നിലവിൽ 14 പോലീസ് ജില്ലകളിൽ പിങ്ക് പോലീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. നാഷണൽ എമർജൻസി റസ്പോൺസ് സിസ്റ്റം (NERS) എന്ന കേന്ദ്ര പദ്ധതി നടപ്പിലാക്കി വരുന്നതിനാൽ പിങ്ക് പോലീസ് തൽക്കാലം മറ്റ് ജില്ലകളിലേയ്ക്ക് നടപ്പിലാക്കുന്നില്ല.

**പിങ്ക് പോലീസ് സേന**

126 (129) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിനായി രൂപീകരിച്ച പിങ്ക് പോലീസ് സേന ആരംഭിച്ച നാൾ മുതൽ നാളിതുവരെയായി എത്ര തവണ അതിലെ സേനാംഗങ്ങളെ മാറ്റി നിയോഗിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ബി) ഇത്തരമൊരു പട്രോളിംഗ് വിഭാഗത്തിൽ പൊതുവായ മാനദണ്ഡമുണ്ടാക്കി മറ്റ് വനിതാ പോലീസ് സേനാംഗങ്ങൾക്കും പ്രസ്തുത സേനയിൽ അവസരം ലഭ്യമാക്കാമോ;

(സി) പിങ്ക് പട്രോളിംഗ് വാഹനം ഉപയോഗപ്പെടുത്തി ഒറ്റപ്പെട്ട് സഞ്ചരിക്കുന്ന എത്ര സ്ത്രീകളെ/വിദ്യാർത്ഥികളെ സുരക്ഷിത സ്ഥലങ്ങളിലെത്തിച്ചിട്ടുണ്ട്; വിശദമായ വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഭരണ സൗകര്യത്തിനും ഓരോ പോലീസ് ജില്ലയിലെ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണക്കുറവ് കണക്കിലെടുത്ത് നിശ്ചിത കാലാവധി കൂടുമ്പോഴും അംഗബലം അനുവദിച്ചിട്ടില്ലാത്തതിനാലുള്ള ക്രമീകരണവും വരുത്തി നിയമിച്ചിട്ടുണ്ട്. സ്റ്റേഷനുകൾ ആരംഭിച്ച കാലത്തിനനുസൃതമായി 2 മുതൽ 9 വരെ തവണ മാറ്റി നിയമിച്ചിട്ടുണ്ട്.

(ബി) വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയുടെയും സന്നദ്ധതയുടെയും അടിസ്ഥാനത്തിലാണ് ഇവരെ ഡ്യൂട്ടിക്കായി നിയോഗിച്ചുവരുന്നത്.

(സി) പിങ്ക് പട്രോളിംഗ് വാഹനം ഉപയോഗപ്പെടുത്തി 1232-ഓളം സ്ത്രീകളെ/ വിദ്യാർത്ഥികളെ സുരക്ഷിത സ്ഥലങ്ങളിൽ എത്തിച്ചിട്ടുണ്ട്.

## തെരുവുനായ്ക്കളെ ദത്തെടുത്ത് പരിശീലനം നൽകുന്ന പദ്ധതി

127 (130) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളെ ദത്തെടുത്ത് പരിശീലനം നൽകുന്നതിന് കേരള പോലീസിന് എന്തെങ്കിലും പദ്ധതിയുണ്ടോ; നേരത്തെ ഇത്തരം പദ്ധതി ഉണ്ടായിരുന്നോ; ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് ആരാണ് സമർപ്പിച്ചത് എന്നും എന്നാണ് സമർപ്പിച്ചത് എന്നും വ്യക്തമാക്കുമോ; ഇപ്രകാരം റിപ്പോർട്ട് നൽകുന്നതിന് ഗവൺമെന്റ് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പദ്ധതിക്കായി എന്ത് തുക ചെലവ് വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി

(2014-2016)-യുടെ 9-ാമത് റിപ്പോർട്ടിലെ 23-ാമത് ശിപാർശ 'തെരുവു നായ്ക്കളെ പരിശീലിപ്പിച്ച് പോലീസ് നായകളാക്കുന്ന ഒരു പദ്ധതി 2014 -ൽ ഡൽഹി പോലീസ് നടപ്പിലാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തും അത്തരം ഒരു പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു' എന്നതായിരുന്നു.

ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയിൽനിന്നും 20-6-2018-ലെ കെ.6-20442/2018 എന്ന കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തെരുവുകളിൽ കാണുന്ന ഒട്ടനവധിയായ നായകളിൽനിന്നും മികച്ച നായ്ക്കളെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് ഡോഗ് സ്ക്വാഡിലേയ്ക്ക് എടുക്കുന്നത് പ്രായോഗികമായി വളരെ ബുദ്ധിമുട്ടുള്ളതും ചെലവേറിയതുമാണ്. കൂടാതെ, ഇവയെ പരിശീലനത്തിനായി തെരഞ്ഞെടുക്കുന്ന വേളയിൽ അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് യാതൊരു മാനദണ്ഡവും നിലവിലില്ലാത്തതിനാൽ അവയുടെ തെരഞ്ഞെടുപ്പും വളരെ ദുഷ്കരമാണ്. ആയതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നത് അപ്രായോഗികമാണ് എന്നുള്ള വിവരം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്യുകയും പ്രസ്തുത വിവരം നിയമസഭാ സമിതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

## സംസ്ഥാന പോലീസ് സേനയിലെ ഒഴിവുകൾ

128 (131) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ട്; തസ്തിക തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) സംസ്ഥാന പോലീസ് സേനയിൽ എത്ര വനിതാ പോലീസ് അംഗങ്ങളാണുള്ളത്; ആയത് എത്ര ശതമാനമാണ്;

(ഡി) വനിതാ പോലീസ് അംഗബലം ഉയർത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ആയത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പോലീസ് സേനയിൽ വിവിധ തസ്തികകളിലായി നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം (1-11-2018 വരെ) ചുവടെ ചേർക്കുന്നു:

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| WSI | 4 |
| WASI | 3 |
| SI | 141 |
| ASI | 1345 |
| WSCPO | 81 |
| SCPO | 270 |
| WCPO | 200 |
| CPO | 1147 |
| Total | 3191 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ നാളിതുവരെ 2691 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് സേനയിൽ നിലവിലെ വനിതാ പോലീസ് അംഗങ്ങളുടെ അംഗീകൃത അംഗബലം 4443 (W Dy.SP മുതൽ WPC വരെ) ആണ്.

(ഡി) കേരള പോലീസിൽ വനിതാ പ്രാതിനിധ്യം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 30-1-2017-ലെ സ.ഉ (കൈ)നം.15/2107/ആഭ്യ. പ്രകാരം കേരളത്തിൽ ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

വനിതാ പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ ശിപാർശകൾ പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## ടൈഗർ ഫോഴ്സ് രൂപീകരണം

129 (132) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അംഗീകാരമോ നിർദ്ദേശമോ ഇല്ലാതെ പോലീസ് വകുപ്പിൽ ടൈഗർ ഫോഴ്സ് എന്ന പേരിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സർക്കാരിന്റെ അനുമതിയില്ലാതെ പ്രത്യേക സേനാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ആഭ്യന്തര വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് അനുവാദവും അധികാരവുമുണ്ടെന്ന് അറിയിക്കുമോ;

(സി) ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് മാതൃകാപരമായി കടുത്ത ശിക്ഷ നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്വേഷണാവസ്ഥയിലാണ്.

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ 7-6-2010-ലെ സർക്കുലർ നമ്പർ 29/2010 പ്രകാരം സുപ്രധാന കേസ്സുകളിൽ അന്വേഷണം നടത്തുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ യൂണിറ്റ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത്തരം സാഹചര്യം ശ്രദ്ധയിൽപ്പെട്ട അവസരത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

## പോലീസിലെ വനിതാ പ്രാതിനിധ്യം

130 (133) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ നിലവിലുള്ള വനിത പ്രാതിനിധ്യം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര വനിത പോലീസ് ഓഫീസർമാരാണ് പ്രവർത്തിക്കുന്നതെന്നും ഇവരുടെ പ്രാതിനിധ്യം 15% എന്ന നിലയിൽ വർദ്ധിപ്പിക്കാൻ എപ്പോൾ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) ഏതൊക്കെ സ്റ്റേഷനുകളിലാണ് ഇപ്പോൾ വനിതാ എസ്.ഐ.-മാർക്ക് ചുമതല നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 8.53%.

(ബി) സംസ്ഥാന പോലീസ് സേനയിൽ നിലവിലെ വനിതാ പോലീസ് സേനാംഗങ്ങളുടെ അംഗീകൃത അംഗബലം 4443 (വനിതാ ഡിവൈ.എസ്.പി. മുതൽ വനിതാ പോലീസ് കോൺസ്റ്റബിൾ വരെ) ആണ്. പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം ഘട്ടംഘട്ടമായി ഉയർത്തുന്നതിന്റെ ഭാഗമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വനിതാ പോലീസ് സ്റ്റേഷനുകൾ ഒഴികെ വനിതാ സബ് ഇൻസ്പെക്ടർമാർ ചുമതല വഹിക്കുന്ന പോലീസ് സ്റ്റേഷനുകൾ താഴെപ്പറയുന്നു:

1. തിരുവനന്തപുരം റൂറൽ ജില്ലയിലെ വലിയമല പോലീസ് സ്റ്റേഷൻ.
2. പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് പോലീസ് സ്റ്റേഷൻ
3. കൊച്ചി സിറ്റിയിലെ ഇൻഫോപാർക്ക് പോലീസ് സ്റ്റേഷന്റെ ചുമതല വനിതാ പോലീസ് ഇൻസ്പെക്ടർമാർക്കാണ്.
4. ഇടുക്കി ജില്ലയിലെ കുളമാവ് പോലീസ് സ്റ്റേഷൻ.
5. പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷൻ
6. കോഴിക്കോട് സിറ്റിയിലെ ചെമ്മങ്ങാട് പോലീസ് സ്റ്റേഷൻ.
7. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ പോലീസ് സ്റ്റേഷൻ.

## തൃപ്പൂണ്ണിത്തുറയിലെ പോലീസ് റീജിയണൽ ഫോറൻസിക് ലാബ്

131 (134) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിൽ പോലീസ് റീജിയണൽ ഫോറൻസിക് ലാബ് തുടങ്ങുന്നതിന് 2014-ൽ അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ലാബിന്റെ കെട്ടിടം പണി പൂർത്തിയായിട്ടും ലാബ് പ്രവർത്തനക്ഷമമാക്കാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ;

(സി) കേസ്സുകളുടെ ബാഹുല്യം കാരണം ശാസ്ത്രീയ പരിശോധനാ ഫലം വൈകുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവിടെ അനുവദിച്ച ലാബ് അടിയന്തരമായി പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കൊച്ചിയിൽ റീജിയണൽ ഫോറൻസിക് ലാബ് തുടങ്ങുന്നതിന് 14-10-2014-ലെ സ.ഉ.(കൈ)നമ്പർ 202/2014/ആഭ്യന്തരം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) കൊച്ചിയിലെ റീജിയണൽ ഫോറൻസിക് ലാബോറട്ടറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. പരിശോധനകൾ നടത്തുന്നതിലേയ്ക്കായി പ്രസ്തുത ലാബോറട്ടറിയിലെ പരീക്ഷണശാലകൾ സജ്ജീകരിക്കേണ്ടതായുണ്ട്. അതിനായുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. കൂടാതെ, ചുറ്റുമതിൽ, ഗേറ്റ്, ഗാർഡ് റൂം തുടങ്ങിയ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലാബോറട്ടറി ഹൈടെക് ഫോറൻസിക് സയൻസ് ലാബോറട്ടറിയായി ഉയർത്തുന്നതിനും പോലീസ് ജില്ലകളിലെ മൊബൈൽ ഫോറൻസിക് യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും ഭരണാനുമതി നൽകിക്കൊണ്ടും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും 20-7-2018-ലെ സ.ഉ.(കൈ)നമ്പർ 120/2018/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) ലാബ് പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**എം.പി.-യുടെ ഓഫീസിന് നേരെയുണ്ടായ ആക്രമണം**

132 (135) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മതേതരത്വത്തിന് എതിരെയുള്ള വെല്ലുവിളിക്കെതിരെ പ്രതികരിച്ച ശശി തരൂർ എം.പി.-യുടെ ഓഫീസിൽ ചിലർ അക്രമം അഴിച്ചുവിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അക്രമത്തിൽ എത്രപേർ പങ്കെടുത്തിരുന്നു; അവർ ആരൊക്കെയാണ്; പ്രസ്തുത ഓഫീസിന് പുറമേ എം.പി.യുടെ വീട് അക്രമിക്കലും ദേഹോപദ്രവമേൽപ്പിക്കലും ആക്രമണകാരികളുടെ ലക്ഷ്യത്തിൽപ്പെട്ടിരുന്നു എന്ന വിവരം ലഭിച്ചിട്ടുണ്ടോ;

(സി) ഈ അക്രമത്തിൽ എം.പി.-യുടെ ഓഫീസിൽ എന്ത് തുകയ്ക്കുള്ള നാശനഷ്ടമുണ്ടായി എന്ന് വിശദമാക്കുമോ ;

(ഡി) ഈ അക്രമത്തിൽ പങ്കെടുത്തവരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ; അക്രമം നടത്തി എത്ര ദിവസം കൊണ്ടാണ് ഇവരെ പിടികൂടാനായത്; ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ ചുമത്തിയിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അക്രമികൾക്കെതിരെ കേസ്സെടുത്ത് ലഘുവായ വകുപ്പ് ചുമത്താനോ വൈകിപ്പിക്കാനോ കേന്ദ്രത്തിൽ നിന്ന് ആരുടെയെങ്കിലും സമ്മർദ്ദം ഉണ്ടായോ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഇ) മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും പൊതുപ്രവർത്തകരെയും വ്യത്യസ്ത അഭിപ്രായം പ്രകടിപ്പിക്കുന്നവരെയും കായികമായും മറ്റും നേരിടുന്നത് ഈയിടെയായി വർദ്ധിച്ചു വരുന്നത് അപകടകരമാണെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അക്രമത്തിൽ അനുരാജ്, ചന്ദ്രകിരൺ, രഞ്ജിത്ചന്ദ്രൻ, അഖിൽ എസ്. നായർ, ഹരികൃഷ്ണൻ, വിഷ്ണു, ഗോവിന്ദ്, മനു എന്നീ 8 പേർ പങ്കെടുത്തിരുന്നു. ഓഫീസിനു പുറമേ വീട് ആക്രമിക്കാൻ ലക്ഷ്യമിട്ടതായി വിവരം ലഭിച്ചിട്ടില്ല.

(സി) ഈ അക്രമത്തിൽ എം.പി.-യുടെ ഓഫീസ് ഉപകരണങ്ങൾക്ക് നാശനഷ്ടം ഉണ്ടായിട്ടില്ല.

(ഡി) ഈ അക്രമത്തിൽ ഉൾപ്പെട്ട പ്രതികളെ അക്രമം നടന്ന് 12-ാം ദിവസം അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ഇവർക്കെതിരെ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 919/2018 u/s 143, 147, 149, 451, 294(b), 506(i), 323 IPC വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് ആരുടെയും സമ്മർദ്ദം ഉണ്ടായിട്ടില്ല.

(ഇ) ഉണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## എൻ.എസ്.എസ്. കരയോഗ മന്ദിരങ്ങൾക്കെതിരെയുള്ള ആക്രമണം

133 (136) ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വിഷയത്തിൽ എൻ.എസ്.എസ്. സ്വീകരിച്ച നിലപാടിനെ തുടർന്ന് സംസ്ഥാനത്ത് എൻ.എസ്.എസ്. കരയോഗ മന്ദിരങ്ങൾക്കെതിരെ വ്യാപകമായി ആക്രമണം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമല സംബന്ധിച്ച സുപ്രീംകോടതി വിധി വന്ന ശേഷം സംസ്ഥാനത്തെ ഏതൊക്കെ സ്ഥലങ്ങളിൽ എൻ.എസ്.എസ്. കരയോഗങ്ങൾ / സ്ഥാപനങ്ങൾക്ക് നേരെ ആക്രമണം ഉണ്ടായി എന്നും ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) പാപ്പനംകോട്, മേലാങ്കോട് എൻ.എസ്.എസ് കരയോഗമന്ദിരത്തിന് നേരെയും, ചട്ടമ്പി സ്വാമി പ്രതിമയ്ക്ക് നേരെയും നടന്ന ആക്രമണം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; പ്രതികളെ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് രാഷ്ട്രീയപാർട്ടിയുമായി ബന്ധമുള്ളയാളാണ് പ്രതിയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം അക്രമങ്ങളിൽ പ്രതിയാകുന്നവർക്ക് രാഷ്ട്രീയമായ പരിരക്ഷ നൽകുന്നതാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കുന്നതിനും അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വ്യാപകമായി ആക്രമണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലായി ഏഴ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട നേമം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2273/2018 u/s153(A) and 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ഡി) കണ്ടെത്തിയിട്ടില്ല.

## ഹാദിയ കേസ്

134(137) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാദിയ കേസ്സിൽ കേരള ഹൈക്കോടതി വിധിക്കെതിരെ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് എസ്.ഡി.പി.ഐ.-യുടെ ആഭിമുഖ്യത്തിൽ കേരള ഹൈക്കോടതിയിലേയ്ക്ക് 2017 മേയ് 29-ന് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചിരുന്നോ;

(ബി) പ്രസ്തുത മാർച്ച് അക്രമാസക്തമാകുകയും വസ്തുവകകൾ നശിപ്പിക്കുകയും ചെയ്തിരുന്നോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ പോലീസ് പ്രകടനക്കാർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിരുന്നോ; എത്രപേരെ പ്രതികളാക്കി; അതിൽ എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്യുകയുണ്ടായി; വിശദാംശം നൽകുമോ;

(ഡി) ഈ കേസ്സിന്റെ അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുസ്ലീം ഏകോപന സമിതിയുടെ നേതൃത്വത്തിൽ എസ്.ഡി.പി.ഐ., പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചിരുന്നു.

(ബി) പ്രസ്തുത മാർച്ച് അക്രമാസക്തമായിരുന്നു.

(സി) ഇക്കാര്യത്തിന് സെൻട്രൽ പോലീസ് സ്റ്റേഷൻ ക്രൈം 1564/17 u/s 143, 147, 153 (A), 189, 283, 298, 332, 149 IPC പ്രകാരം കണ്ടാലറിയാവുന്ന 3000-ഓളം പേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി പ്രതികളിൽ 62 പേരെ തിരിച്ചറിഞ്ഞതിൽ 56 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

(ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടില്ല. കേസ്സ് അന്വേഷണാവസ്ഥയിലാണ്.

## സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമത്തിന് നേരെയുണ്ടായ ആക്രമണം

135 (138) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമത്തിലെ വാഹനങ്ങൾ തീയിട്ടു നശിപ്പിച്ച കേസ്സിലെ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ ആക്രമണത്തിൽ ആശ്രമത്തിനുണ്ടായ നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) കേസ് അന്വേഷണം ഏത് ഘട്ടത്തിലാണന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്വാമിക്കെതിരെ ആക്രമണം ഉണ്ടാകാനുള്ള സാദ്ധ്യത മനസ്സിലാക്കുന്നതിനും ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനും ഇന്റലിജൻസ് വിഭാഗത്തിന് വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ;

(ഇ) വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത്തരം അക്രമി സംഘങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് അതീവ ഗൗവരമായി കണ്ട് അമർച്ച ചെയ്യാൻ കർശന നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നാളിതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ബി) ഫയർ ഫോഴ്സിന്റെ റിപ്പോർട്ട് പ്രകാരം ആക്രമണത്തിൽ ആശ്രമത്തിന് 10 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി അനുമാനിക്കുന്നു.

(സി) ദൃക്സാക്ഷികൾ ആരുംതന്നെ ഇല്ലാത്ത കേസ് ആയതിനാൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചും സാഹചര്യ തെളിവുകളെ ആസ്പദമാക്കിയും ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ഡി) വീഴ്ച സംഭവിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഇത്തരത്തിൽ പ്രവർത്തിക്കുന്ന അക്രമിസംഘങ്ങളെ കണ്ടെത്തി അവരുടെമേൽ കർശനമായ നിയമനടപടികൾ സ്വീകരിച്ച്, ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സാളഗ്രാമം ആശ്രമത്തിന് നേരെ നടന്ന ആക്രമണം**

136 (139) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ സാളഗ്രാമം ആശ്രമത്തിന് നേരെ നടന്ന ആക്രമണം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; പ്രസ്തുത സംഭവത്തിൽ എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്;

(ബി) കേസിലെ പ്രതികളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്രപേരെ അറസ്റ്റ് ചെയ്തു; പ്രതികൾ ഏതെങ്കിലും രാഷ്ട്രീയ കക്ഷികളുമായി ബന്ധമുള്ളവരാണോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരത്തെ സാളഗ്രാമം ആശ്രമത്തിന് നേരെ നടന്ന ആക്രമണവുമായി ബന്ധപ്പെട്ട് പൂജപ്പുര പോലീസ് സ്റ്റേഷൻ ക്രൈ നമ്പർ 1876/18 u/s120B, 447, 436, 427, 506(i) & 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് കാര്യക്ഷമമായ അന്വേഷണം നടത്തിവരുന്നു. ഫയർ ഫോഴ്സിന്റെ റിപ്പോർട്ട് പ്രകാരം 10 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി അനുമാനിക്കുന്നു.

(ബി) പ്രസ്തുത കേസ്സിലെ പ്രതികളെ കണ്ടെത്തുന്നതിലേയ്ക്ക് ഡെപ്യൂട്ടി പോലീസ് കമ്മീഷണറുടെ (ക്രമസമാധാനം) നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

**പിങ്ക് പോലീസ് സേന നൽകുന്ന കൗൺസിലിംഗ്**

137 (140) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്ത്രീകളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്നതിനായി രൂപീകരിച്ച പിങ്ക് പോലീസ് സേന ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര വിദ്യാർത്ഥിനികൾക്ക്/സ്ത്രീകൾക്ക് കൗൺസിലിംഗ് ലഭ്യമാക്കിയിട്ടുണ്ട്;

(ബി) ഏതെല്ലാം വിഷയങ്ങളിലാണ് കൗൺസിലിംഗ് ലഭ്യമാക്കിയിട്ടുള്ളത്;

(സി) ആരൊക്കെയാണ് കൗൺസിലിംഗ് നൽകിയിട്ടുള്ളത്; കൗൺസിലിംഗ് വിദഗ്ധരെ ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ടോ എന്ന വിവരം നൽകുമോ;

(ഡി) കൗൺസിലിംഗ് ആവശ്യമുള്ളവരെ എങ്ങനെയാണ് പിങ്ക് പോലീസ് സേന കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിങ്ക് പോലീസ് സേന 680-ഓളം വിദ്യാർത്ഥിനികൾക്ക്/സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്.

(ബി) കുടുംബ പ്രശ്നങ്ങളിലും, മൊബൈൽ ഫോൺ ദുരുപയോഗം, പ്രേമനൈരാശ്യം, ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങൾ, കൗമാര പ്രശ്നങ്ങൾ, പഠനം, ലൈംഗിക പീഡനത്തിന് ഇരയാകുന്ന കുട്ടികൾ, മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികൾ എന്നീ വിഷയങ്ങൾ സംബന്ധിച്ചാണ് കൗൺസലിംഗ് നൽകിയിട്ടുള്ളത്.

(സി) വനിതാ സെൽ കൗൺസിലർമാർ, ജനറൽ ആശുപത്രിയിലെ കൗമാര കൗൺസിലിംഗ് സെന്ററിലെ കൗൺസിലർമാർ, ചൈൽഡ് ലൈൻ കൗൺസിലർമാർ, സാമൂഹ്യ നീതി വകുപ്പ് മുഖാന്തരം നിയോഗിക്കപ്പെട്ട കൗൺസിലർമാർ തുടങ്ങിയ അതാത് ജില്ലകളിലെ വിദഗ്ധരാണ് കൗൺസിലിംഗ് നൽകിയിട്ടുള്ളത്. കൗൺസിലിംഗ് വിദഗ്ധരെ സർക്കാർ നിയോഗിച്ചിട്ടില്ല. കൗൺസിലിംഗ് നടത്തുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകുന്നുണ്ട്.

(ഡി) കൗൺസിലിംഗ് ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോൺ കോളുകളിൽനിന്നും പിങ്ക് കൺട്രോൾ റൂമിൽ ഫോൺ വഴി ലഭിക്കുന്ന മറ്റ് പരാതികളിൽനിന്നും കൗൺസിലിംഗ് ആവശ്യമായി വരുന്നവർക്ക് ആയത് നൽകിവരുന്നു.

## പോക്സോ കേസ്സുകളിൽ കുറ്റപത്രം സമർപ്പിക്കുവാനുള്ള നടപടി

138 (141) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. കെ. അബ്ദു റബ്ബ്:

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്ത പോക്സോ കേസ്സുകളിൽ ഭൂരിപക്ഷത്തിനും കുറ്റപത്രം സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില കേസ്സുകളിൽ അന്വേഷണ ഉദ്യോഗസ്ഥർ പ്രതികളുമായി ചേർന്ന് കേസ് അവസാനിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) വിചാരണ കാത്തു കിടക്കുന്ന കേസ്സുകളിൽ അടിയന്തരമായി കുറ്റപത്രം സമർപ്പിക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ മൂന്നു മാസത്തിനകം നിർബന്ധമായും കുറ്റപത്രം നൽകുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശം നൽകാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) വിചാരണ കാത്തുകിടക്കുന്ന കേസ്സുകളിൽ അടിയന്തരമായി കുറ്റപത്രം സമർപ്പിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. 2012- Protection of Children from Sexual Offence Act പ്രകാരമുള്ള കേസ്സുകൾ ഗൗരവമേറിയതായതിനാൽ തെളിവുകൾ ശേഖരിച്ചു കഴിഞ്ഞാൽ ഉടനടി കോടതി മുമ്പാകെ ചാർജ് ഷീറ്റ് നൽകുകയാണ് ചെയ്യാറുള്ളത്.

## കുട്ടികളെ കാണാതായ കേസ്സുകൾ

139 (142) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 18 വയസ്സിന് താഴെ പ്രായമുള്ള എത്ര കുട്ടികളെ കാണാതായിട്ടുണ്ട്; ഇതിൽ പെൺകുട്ടികളും ആൺകുട്ടികളും എത്ര വീതം എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) അവയിൽ എത്ര കേസ്സുകളിൽ ആളെ കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (25-5-2016 മുതൽ 31-10-2018 വരെ) സംസ്ഥാനത്ത് 18 വയസിന് താഴെ പ്രായമുള്ള 4421 കുട്ടികളെ കാണാതായിട്ടുണ്ട്. ഇതിൽ 2218 പെൺകുട്ടികളും 2203 ആൺകുട്ടികളുമുണ്ട്.

(ബി) ഇതു സംബന്ധിച്ച് 3274 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അവയിൽ 3201 കേസ്സുകളിൽ ആളെ കണ്ടെത്തിയിട്ടുണ്ട്.

## എ.ടി.എം. കവർച്ച

140 (143) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരത്തുടരെ നടക്കുന്ന എ.ടി.എം. കവർച്ചകൾമൂലം ഉളവായിട്ടുള്ള സാഹചര്യം ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) കൊച്ചിയിലും തൃശ്ശൂരിലും എ.ടി.എം. തകർത്ത് 35 ലക്ഷം രൂപ അപഹരിച്ച കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) എ.ടി.എമ്മുകളുടെ സുരക്ഷ ശക്തിപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബാങ്ക് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; അതിനോടുള്ള ബാങ്ക് അധികൃതരുടെ പ്രതികരണം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തുടരെത്തുടരെ എ.ടി.എം. കവർച്ച നടക്കുന്നില്ല. എ.ടി.എം. കവർച്ചകൾ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ട്.

(ബി) കൊച്ചി സിറ്റിയിൽ ഹിൽ പാലസ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള വിളക്കുകാൽ ജംഗ്ഷനിലുള്ള എസ്.ബി.ഐ, എ.ടി.എം.-ൽനിന്നും 25,05,000 രൂപ കവർച്ച ചെയ്ത കാര്യത്തിന് ഹിൽ പാലസ് പോലീസ് സ്റ്റേഷൻ ക്രൈം 1745/18 u/s 461 & 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിൽ പ്രസ്തുത കേസ്സിൽ ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ളതും പ്രതികളിൽ 1- ഉം 3-ഉം പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 2-ാം പ്രതിയെ ഫോർമൽ അറസ്റ്റ് ചെയ്തിട്ടുള്ളതും 4-ഉം, 5-ഉം, 6-ഉം പ്രതികളെ അറസ്റ്റ് ചെയ്യേണ്ടതായുമുണ്ട്. നിലവിൽ ഈ കേസ് സി.ഐ. ഹിൽ പാലസ് അന്വേഷിച്ചുവരുന്നു.

തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ എ.ടി.എം. തകർത്ത് പത്ത് ലക്ഷത്തി അറുപതിനായിരത്തി ഒരുനൂറ് രൂപ അപഹരിച്ചത് സംബന്ധിച്ച് കൊരട്ടി പി.എസ്. ക്രൈം നം.568/18 u/s 457, 461, 380 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസ്സിൽ ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ളതും പ്രതികളിൽ 1-ഉം 3-ഉം പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 2-ാം പ്രതി പപ്പു എന്ന് വിളിക്കുന്ന പാപ്പിയെ ഫോർമൽ അറസ്റ്റ് ചെയ്തിട്ടുള്ളതും മറ്റ് മൂന്ന് പ്രതികൾക്കായി അന്വേഷണം ഊർജ്ജിതമാക്കിയിട്ടുമുള്ളതുമാണ്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനോട് ബാങ്ക് അധികൃതർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ട്.

## കളവ്, ഭവനഭേദനം, പിടിച്ചുപറി തുടങ്ങിയ കേസ്സുകൾ

141 (144) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 നവംബർ 15 വരെ എത്ര കളവ്, ഭവനഭേദനം, പിടിച്ചുപറി തുടങ്ങിയ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര കേസ്സുകൾ തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദാംശം ചുവടെ ചേർക്കുന്നു:

| | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം |
|---|---|
| കളവ് (Ordinary Theft) | 9118 |
| ഭവനഭേദനം HB Day | 1345 |
| HB Night | 4732 |
| പിടിച്ചുപറി (Robbery) | 2166 |

(ബി) വിശദാംശംചുവടെ ചേർക്കുന്നു:

| | തെളിയിക്കപ്പെട്ട കേസുകളുടെ എണ്ണം | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം |
|---|---|---|
| കളവ് (Ordinary Theft) | 5825 | 5815 |
| ഭവനഭേദനം HB Day | 765 | 761 |
| HB Night | 2396 | 2396 |
| പിടിച്ചുപറി (Robbery) | 1523 | 1523 |

**സംഘടിത കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പ്രത്യേക സംഘം**

142 (145) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എ.ടി.എം. കവർച്ചകളും അതുപോലെയുള്ള സംഘടിത കുറ്റകൃത്യങ്ങളും തടയുന്നതിനും ഇത്തരം കേസുകൾ കാര്യക്ഷമമായി അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിനും സാങ്കേതിക പരിജ്ഞാനമുള്ള പ്രത്യേക സംഘം രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

സാങ്കേതിക പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്തി കേരള പോലീസിൽ പ്രത്യേക സംഘം രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ഇതിനകം തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ റീജിയണൽ ഐ.റ്റി. വിംഗുകൾ രൂപീകരിച്ചിട്ടുണ്ട്.

## പൊന്നാനി സബ് ട്രഷറിയിലെ തട്ടിപ്പ്

143 (146) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി സബ് ട്രഷറിയിൽ സ്ഥിര നിക്ഷേപങ്ങളും, ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള തുകയും ജീവനക്കാർ വെട്ടിച്ച കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും എത്ര ലക്ഷം രൂപയുടെ തട്ടിപ്പ് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) എൻ.ജി.ഒ.യൂണിയൻ നേതാവ് ഭാര്യയുടെ അക്കൗണ്ടിലേയ്ക്ക് ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച തുക കൈമാറിയതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര തുകയാണ് ഇപ്രകാരം കൈമാറ്റം ചെയ്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പൊന്നാനി സബ് ട്രഷറിയിലെ മുൻജീവനക്കാരനായിരുന്ന സന്തോഷ് എന്നയാൾ ഓഫീസിനകത്തു കടന്ന് അലമാരയിൽ സൂക്ഷിച്ചിരുന്ന ചില നിക്ഷേപ സർട്ടിഫിക്കറ്റുകൾ മോശവിചാരത്തോടെ മോഷണം ചെയ്തു കൊണ്ടു പോയി എന്ന കാര്യത്തിന് പൊന്നാനി സബ് ട്രഷറി ഓഫീസറുടെ പരാതി പ്രകാരം പൊന്നാനി പോലീസ് സ്റ്റേഷൻ ക്രൈം 529/2018 u/s 461, 381 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ടി കേസ്സിലെ പ്രതിയായ സന്തോഷിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിൽനിന്നും 5 ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ കണ്ടെത്തി ബന്തവസ്സിലെടുത്തിട്ടുള്ളതും ആയതിന് 2,53,300 രൂപയുടെ ക്രമക്കേടും 6 ബ്ലാങ്ക് ചെക്കുകളിൽ സ്വന്തമായി 65,256 രൂപ ഭാര്യയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് ചതിച്ചു എന്ന കാര്യത്തിന് ചങ്ങരംകുളം പി.എസ്. ക്രൈം നമ്പർ 291/2018 u/s 409, 420 r/w 34 IPC പ്രകാരം ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് വിശദമായ വകുപ്പുതല അന്വേഷണം നടന്നു വരികയാണ്.

## കൊള്ളകൾ സംബന്ധിച്ച കേസ്സുകൾ

144(147) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് 2018 നവംബർ 15 വരെ എത്ര കൊള്ളകൾ നടന്നിട്ടുണ്ട്;

(ബി) ഈ കൊള്ളകളിൽ പട്ടാപ്പകൽ നടന്നവ; പൊതുസ്ഥലത്തുവച്ച് നടന്നവ എന്നിവ എത്രയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കൊള്ളകളിൽ ഒരു വീട്ടിൽ നിന്നുതന്നെ ഒന്നിലധികം കൊള്ളകൾ നടന്നിട്ടുണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2294.

(ബി) പകൽസമയത്ത് 1417-ഉം പൊതുസ്ഥലത്ത് 1606-ഉം നടന്നിട്ടുണ്ട്.

(സി) ഒരു വീട്ടിൽ നിന്നുതന്നെ ഒന്നിലധികം കൊള്ളകൾ നടന്നിട്ടില്ല.

## കേസ്സുകളിൽ പിടികൂടാനുള്ള പ്രതികളുടെ എണ്ണം

145(148) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ഇതുവരെ നടന്ന കൊലപാതകങ്ങളിൽ എത്ര കേസ്സുകളിലെ പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിലുള്ള എത്ര കവർച്ചാ കേസ്സുകളിലെ പ്രതികളെയാണ് പിടികൂടാനുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 21 കേസ്സുകളിലെ പ്രതികളെ ഇനിയും പിടികൂടാനുണ്ട്.

(ബി) 735 കവർച്ചാകേസ്സുകളിലെ പ്രതികളെയാണ് പിടികൂടാനുള്ളത്

## കാസർഗോഡ് ജില്ലയിലെ പോലീസ് കേസ്സുകൾ

146(149) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ കൊലപാതകം, കൊലപാതകശ്രമം, കവർച്ച എന്നീ വകുപ്പുകൾ ചുമത്തി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ കേസ്സുകളിൽ എല്ലാ പ്രതികളും പിടിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രതികളെ പിടികൂടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കവർച്ച കേസ്സുകളിൽ അപഹരിക്കപ്പെട്ട വസ്തുക്കൾ എന്തൊക്കെയാണെന്നും ഓരോ കേസ്സിലും കണക്കാക്കിയ നഷ്ടം എത്ര തുകയാണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രതികളെ തിരിച്ചറിയാത്ത കേസ്സുകളും തിരിച്ചറിഞ്ഞിട്ടും അറസ്റ്റ് ചെയ്യാത്ത കേസ്സുകളും ഏതൊക്കയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ – ഇ) വിവരം ശേഖരിച്ചുവരുന്നു.

**കൊലപാതകങ്ങൾ**

147(150) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 നവംബർ 15 വരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കൊലപാതകങ്ങളിൽ എത്ര സ്ത്രീകളും കുട്ടികളും വധിക്കപ്പെട്ടു എന്നറിയിക്കാമോ;

(സി) പ്രസ്തുത കൊലപാതകങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സ്ത്രീകളും പുരുഷന്മാരും കൊല്ലപ്പെട്ടുവെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 771.

(ബി) 209 സ്ത്രീകളും (18 വയസ്സിനുമുകളിൽ പ്രായമുള്ള) 79 കുട്ടികളും (18 വയസ്സിനുതാഴെ പ്രായമുള്ള ആൺകുട്ടികളും പെൺകുട്ടികളും)

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട നാല് സ്ത്രീകളും (പതിനെട്ട് വയസ്സിന് മുകളിൽ പ്രായമുള്ള) മുപ്പത് പുരുഷൻമാരും (പതിനെട്ട് വയസ്സിനുമുകളിൽ പ്രായമുള്ള) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഞ്ച് സ്ത്രീകളും (പതിനെട്ട് വയസ്സിന് മുകളിൽ പ്രായമുള്ള) അഞ്ച് പുരുഷന്മാരും (പതിനെട്ട് വയസ്സിന് മുകളിൽ പ്രായമുള്ള) കൊല്ലപ്പെട്ടിട്ടുണ്ട്.

**അട്ടപ്പാടിയിലെ ആദിവാസി യുവാവിന്റെ കൊലപാതകം**

148(152) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി യുവാവായ മധുവിന്റെ കൊലപാതകത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്ക് ഉണ്ടെന്ന പരാതിയിൽ നടത്തിയ അന്വേഷണവും കണ്ടെത്തലും വിശദമാക്കുമോ;

(ബി) മുക്കാലിയിൽ മധുവിനെ കാട്ടിൽനിന്നും പിടിച്ചശേഷം നാട്ടുകാർ വിചാരണ ചെയ്തത് ഫോറസ്റ്റ് ഓഫീസിലെ ഉദ്യോഗസ്ഥരുടെ അറിവോടെയാണോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ്സിൽ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറെ നിയമിച്ചിരുന്നോ; ആരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറെ ഒഴിവാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി യുവാവായ മധുവിന്റെ കൊലപാതകത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി പരാതിയൊന്നും ലഭിച്ചിട്ടില്ലാത്തതും പോലീസ് അന്വേഷണത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി വെളിവായിട്ടില്ലാത്തതുമാണ്. കൂടാതെ, വനം വകുപ്പുതലത്തിൽ നടത്തിയ അന്വേഷണത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആർക്കുംതന്നെ ടി മരണവുമായി യാതൊരു ബന്ധവും ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) വനംവകുപ്പ് നടത്തിയ അന്വേഷണത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ അറിവോടെയോ അവരുടെ സാന്നിദ്ധ്യത്തിലോ മധുവിനെ ഉപദ്രവിച്ചതായി കണ്ടെത്തിയിട്ടില്ല.

(സി&ഡി) അഡ്വ. പി. ഗോപിനാഥിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചിരുന്നു. എന്നാൽ. അഡ്വ. പി. ഗോപിനാഥ് നിലവിലുള്ള സർക്കുലർ പ്രകാരം നൽകിയ സമ്മതപത്രത്തിലെ വ്യവസ്ഥകൾപ്രകാരം ഈ കേസ്സ് ഏറ്റെടുക്കാൻ സാദ്ധ്യമല്ലെന്ന് നിയമ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചശേഷം അറിയിക്കുകയും അദ്ദേഹം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമനം സ്വീകരിക്കാതിരിക്കുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ അഡ്വ. പി. ഗോപിനാഥിനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്യുകയും മണ്ണാർക്കാട് എസ്.സി./എസ്.റ്റി. പ്രത്യേക കോടതിയിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ കേസ്സ് നടത്തിപ്പ് ഏൽപ്പിക്കുകയും ചെയ്തു. ഈ കേസ്സിൽ ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**തട്ടിപ്പ് കേസ്സുകൾ**

149 (153) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൈക്രോ ഫൈനാൻസ് തട്ടിപ്പ്, ഗ്യാംബ്ലിങ്ങ് വഴിയുള്ള തട്ടിപ്പുകൾ തുടങ്ങിയ വിഷയങ്ങളിൽ കേസ്സുകൾ

എടുത്തിട്ടുണ്ടോ; ഇത്തരം ഏതെല്ലാം കേസ്സുകളിൽ തുടർ നടപടികൾ സാദ്ധ്യമാക്കി; ഈ കേസ്സുകൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) സർക്കാർ അധികാരമേറ്റയുടനെ ഇത്തരം കേസ്സുകളിൽ എടുത്ത താൽപ്പര്യമോ ഉത്സാഹമോ കേസ്സിന്റെ പിന്നീടുള്ള ഘട്ടത്തിൽ കാട്ടുന്നില്ലെന്ന പരാതി സംബന്ധിച്ച വസ്തുത അറിയിക്കുമോ;

(സി) സാധാരണക്കാരായ പൊതുജനത്തെ സാമ്പത്തികമായി കബളിപ്പിക്കുന്ന പ്രവണതയ്ക്ക് അവസാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലയിലെ തിരുവല്ല, റാന്നി, പുളിക്കീഴ്, കീഴ്വായ്പൂർ, ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, പുളിങ്കുന്ന്, കായംകുളം, കോഴിക്കോട് സിറ്റിയിലെ മെഡിക്കൽ കോളേജ്, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്, തിരുവനന്തപുരം ജില്ലയിലെ തമ്പാനൂർ, തൃശ്ശൂർ റൂറൽ ജില്ലയിലെ കൊടകര, പാലക്കാട് ജില്ലയിലെ നാട്ടുകാൽ എന്നീ പോലീസ് സ്റ്റേഷനുകളിൽ മൈക്രോ ഫൈനാൻസ്, ഗാംബ്ലിംഗ് തട്ടിപ്പുമായി ബന്ധപ്പെട്ട് കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട്. ഇതിൽ അന്വേഷണം നടന്നുവരുന്നതും ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം അന്വേഷിച്ചുവരുന്ന കേസ്സുകളും ക്രൈംബ്രാഞ്ചിന് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്ന കേസ്സുകളും ഉൾപ്പെടുന്നു.

(ബി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## ദുരൂഹസാഹചര്യത്തിലുള്ള മരണങ്ങളും തിരോധാനങ്ങളും

150 (154) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് 2018 നവംബർ 15 വരെ സംസ്ഥാനത്ത് ദുരൂഹസാഹചര്യത്തിലുള്ള എത്ര മരണങ്ങളും തിരോധാനങ്ങളും ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര കേസ്സുകൾ ഇതര അന്വേഷണ ഏജൻസികൾക്ക് പോലീസ് റഫർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കേസ്സുകളിൽ സംസ്ഥാന പോലീസ് പുനരന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 11 മരണങ്ങളും 10 തിരോധാനങ്ങളും ഉണ്ടായിട്ടുണ്ട്.

(ബി) 11 ദുരൂഹ സാഹചര്യത്തിലുള്ള മരണങ്ങളിൽ 7 എണ്ണവും തിരോധാനങ്ങളിൽ 4 എണ്ണവും സി.ബി.സി.ഐ.ഡി, ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് തുടങ്ങിയ അന്വേഷണ ഏജൻസികൾക്കും തിരോധാനങ്ങളിലെ 1 കേസ് എൻ.ഐ.എ.-യ്ക്കും അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്.

(സി) പുനരന്വേഷണം നടത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**പ്രവാസിയെ ജയിലിൽ അടച്ച സംഭവം**

151 (155) ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കതിരൂർ സ്വദേശി താജുദ്ദീൻ എന്ന പ്രവാസിക്ക് എതിരെ കേസ് എടുത്ത് 52 ദിവസം ജയിലിൽ അടച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ കേസ്സിൽ താജുദ്ദീൻ നിരപരാധിയാണെന്നും പോലീസിന് വീഴ്ച പറ്റിയെന്നും ഉള്ള റിപ്പോർട്ട് പോലീസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ കേസ്സുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി എം.എൽ.എ. 19-9-2018-ന് ഡി.ജി.പി.-ക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഈ കേസ്സിലെ ക്രൈം ബ്രാഞ്ച് ഐ.ജി.യുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ;

(ഇ) ഈ കേസ്സുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രതിയുടെ വിവരങ്ങൾ കൊണ്ടോട്ടി എം.എൽ.എ., ഡി.ജി.പി.-ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ വസ്തുതകൾ പോലീസിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ കേസ്സിലെ യഥാർത്ഥ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിക്കുലഭിച്ച പരാതിയെത്തുടർന്ന് കേസിന്റെ അന്വേഷണം ജില്ലാ പോലീസ് മേധാവി ഏറ്റെടുത്തിരുന്നു. ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് പോലീസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) കൊണ്ടോട്ടി എം.എൽ.എ.യുടെ പരാതിയിൽ ക്രൈംബ്രാഞ്ച് ഐ.ജി. മുഖേന അന്വേഷണം നടത്തുകയുണ്ടായി. കൂടാതെ സംഭവത്തിൽ വിശദമായ അന്വേഷണം നടത്തി ആരോപണങ്ങൾ ശരിയാണെന്ന് കാണുന്നപക്ഷം കുറ്റാരോപിതനായ എസ്.ഐ.ക്കെതിരെ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും പ്രഥമദൃഷ്ട്യാ ടിയാൻ നിയമലംഘനം നടത്തിയിട്ടുണ്ടെന്ന് കണ്ടാൽ ടിയാനെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കാനും കണ്ണൂർ റേഞ്ച് ഐ.ജി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എസ്.ഐ. ബിജുവിനെ ചക്കരക്കൽ പോലീസ് സ്റ്റേഷനിൽനിന്നും സ്ഥലംമാറ്റിയിട്ടുള്ളതുമാണ്. അന്വേഷണ മേൽനോട്ടത്തിലെ പിഴവുകൾ കണക്കിലെടുത്ത് കണ്ണൂർ ഡിവൈ.എസ്.പി.-ക്കെതിരെ അന്വേഷണത്തിനും ഉത്തരവായിട്ടുണ്ട്.

(ഡി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഇ&എഫ്) ഈ കേസ്സുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രതിയെന്ന് സംശയിക്കപ്പെടുന്ന ആളിന്റെ വിവരങ്ങൾ ബഹുമാനപ്പെട്ട കൊണ്ടോട്ടി എം.എൽ.എ. സമർപ്പിച്ച പരാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

## സനൽ വധക്കേസ്സ്

152 (156) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്. :
ശ്രീ. കെ. എൻ. എ. ഖാദർ. :
ശ്രീ. എം. ഉമ്മർ. :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ സനൽ എന്ന യുവാവിനെ വാഹനത്തിനു മുന്നിലേയ്ക്ക് തള്ളിയിട്ടതിനെ തുടർന്ന് മരണപ്പെട്ട സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പരുക്കേറ്റ യുവാവിനെ ഉടൻ ആശുപത്രിയിൽ എത്തിക്കുന്നതിനുപകരം ആംബുലൻസിൽ പോലീസ് സ്റ്റേഷനിലേയ്ക്കു കൊണ്ടുപോയി എന്നതിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) മരണപ്പെട്ട സനലിന്റെ ഭാര്യയ്ക്ക് തൊഴിലും സാമ്പത്തിക സഹായവും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഈ കേസ്സിലെ പ്രതിയെ രക്ഷപെടാൻ അനുവദിച്ച ശേഷം കടുത്ത സമ്മർദ്ദത്തിലാക്കിയതിനെതുടർന്ന് ആത്മഹത്യ ചെയ്തുവെന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേസിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

(ബി&സി) വീഴ്ചവരുത്തിയ പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ചും അന്വേഷണം നടന്നുവരുന്നു.

(ഡി) തീരുമാനിച്ചിട്ടില്ല.

(ഇ) കല്ലമ്പലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1591/2018 u/s 174 CrPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ കേസ്സുകൾ**

153 (158) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ;

(ബി) മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് പോലീസ് സേനയിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം കേസ്സുകളിൽ ഇതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പോലീസിന്റെ മനുഷ്യാവകാശ ലംഘനപരമായ നടപടികൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായി 347 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് സേനയിലെ 9 ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റം പോലീസിന്റെ ഭാഗത്തുനിന്നും ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം സർക്കുലർ പ്രകാരം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പരാതികൾ സ്വീകരിക്കുന്നതിനും പരിഹാരം കാണുന്നതിനുമായി പബ്ലിക് റിലേഷൻസ് ഓഫീസർക്ക് പുറമേ റിസപ്ഷൻ സംവിധാനം, വനിതാ ഹെൽപ്പ് ഡെസ്ക്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

**നിരപരാധിയെ ജയിലിലടച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി**

154(159) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ പൂഞ്ചോല പാമ്പൻതോട് ആദിവാസി കോളനിയിലെ ചന്ദ്രൻ എന്ന യുവാവിനെ മണ്ണാർകാട് പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് കേസ്സിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ് ചെയ്തതെന്ന് വെളിപ്പെടുത്തുമോ;

(സി) പോലീസ് അദ്ദേഹത്തെ കോടതിയിൽ ഹാജരാക്കിയതും റിമാൻഡ് ചെയ്തതും തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് സ്ഥിരീകരിച്ച ശേഷമാണോ;

(ഡി) ഇല്ലെങ്കിൽ, തെറ്റായ രീതിയിൽ അറസ്റ്റ് ചെയ്ത് നിരപരാധിയായ യുവാവിനെ ജയിലിലടച്ച പോലീസുദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ മണ്ണാർകാട് പോലീസ് സ്റ്റേഷൻ പരിധിയിൽ ശ്രീഉച്ചമഹാകാളി ക്ഷേത്രത്തിൽ മോഷണ ശ്രമം നടത്തി എന്നതിന് പ്രതി രാധാകൃഷ്ണൻ എന്നയാളുടെ പേരിൽ മണ്ണാർകാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 824/2008 u/s511 of 57, 380 IPC കേസിന്റെ അടിസ്ഥാനത്തിലാണ് രാധാകൃഷ്ണൻ എന്നുകരുതി ചന്ദ്രൻ എന്ന യുവാവിനെ ആളുമാറി അറസ്റ്റ് ചെയ്തത്.

(സി) ചന്ദ്രനിൽനിന്നും തിരിച്ചറിയൽ രേഖകൾ ലഭിക്കാത്തതിനാൽ കോടതിയിൽ ഹാജരാക്കുന്നതിന് മുമ്പ് ഇക്കാര്യം സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) രാധാകൃഷ്ണനുപകരം ചന്ദ്രനെ അറസ്റ്റ് ചെയ്ത് റിമാൻഡിൽ പാർപ്പിക്കാനിടയാക്കിയതിന് സി.പി.ഒ. 5299 അബ്ദുൾ സലാം, GASI ശിവരാജൻ എന്നിവരെ ജില്ലാ സായുധസേനയിലേയ്ക്ക് ട്രെയിനിംഗിനായി അയച്ചിട്ടുള്ളതും സ്റ്റേഷൻ SHO-വിന് മെമ്മോ നൽകിയിട്ടുള്ളതുമാണ്. ഇവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി അച്ചടക്കനടപടി സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ക്രിമിനൽ കേസ്സുകളിൽ പ്രതികളായ പോലീസുകാർ

155(160) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ക്രിമിനൽ കേസ്സുകളിൽ പ്രതികളായവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ഡി.ജി.പി.യോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായോ;

(സി) എങ്കിൽ ക്രിമിനൽ കേസ്സുകളിൽ പ്രതികളായ എത്ര പേർ ഏതൊക്കെ തസ്തികകളിലായി ഇപ്പോൾ പോലീസ് സേനയിലുണ്ട് എന്നറിയിക്കുമോ;

(ഡി) ഇവരിൽത്തന്നെ കൊടുംക്രിമിനലുകളായ ഏതാനുംപേരെ ,ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ സമിതി കണ്ടെത്തുകയുണ്ടായോ;

(ഇ) ഇതിൽ ഏതാനുംപേരെ സർവ്വീസിൽനിന്നും പിരിച്ചുവിടാൻ പ്രസ്തുത സമിതി ശിപാർശ ചെയ്യുകയുണ്ടായോ; എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഗതികളിൽ പോലീസിലെ എത്ര വലിയ ഉദ്യോഗസ്ഥനുമെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്നുണ്ട്. അത്തരം ഇടപെടലിന്റെ ഭാഗമായി വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സംസ്ഥാനമനുഷ്യാവകാശ കമ്മീഷന്റെ 12-4-2018-ലെ HRMP No. 379 of 2018/TVPM നമ്പർ ഉത്തരവുപ്രകാരം കേരളാ പോലീസ് ആക്റ്റിലെ 86 സെക്ഷൻ അനുസരിച്ചുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 24-4-2018-ലെ പോലീസ് ആസ്ഥാനത്തെ D6/56574/2018/PHQ നമ്പർ ഉത്തരവുപ്രകാരം സംസ്ഥാന ക്രൈംബ്രാഞ്ച് അഡീഷണൽ പോലീസ് ഡയറകടർ ജനറൽ ചെയർമാനായും ഐ.ജി. പി. ഇന്റലിജൻസ്, ഡി.ഐ.ജി.എപി. ബറ്റാലിയൻ, എസ്.പി. എൻ.ആർ.ഐ. സെൽ എന്നിവർ അംഗങ്ങളായുള്ളൊരു കമ്മിറ്റി രൂപീകരിച്ച് ഇത്തരം കേസ്സുകൾ റിവ്യൂചെയ്യുന്നതിലേയ്ക്കായി ഉത്തരവായിട്ടുള്ളതാണ്.

(സി) ക്രിമിനൽ കേസ്സുകളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള എണ്ണംചുവടെ ചേർക്കുന്നു:

| | |
|---|---|
| DC/Dy.SP/AC | 6 |
| CI/RI/API | 11 |
| SI/RSI/APSI/SI(G) | 61 |
| ASI/RASI/APASI/ASI(G) | 45 |
| SCPO/WSCPO/SCPO(G) | 156 |
| CPO/WCPO | 487 |
| Total | 766 |

(ഡി) ബഹുമാനപ്പെട്ട സംസ്ഥാന മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കമ്മിറ്റി 16-7-2018-ൽ യോഗം ചേർന്ന് കേരളാ പോലീസ് ആക്ട് സെക്ഷൻ 86-ന്റെ പരിധിയിൽ വരുന്ന പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുള്ള 59 കേസ്സുകൾ റിവ്യൂ ചെയ്തിട്ടുള്ളതാണ്.

(ഇ) സമിതി പരിഗണിച്ച കേസ്സുകളിലെ ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട കേസ്സുകളിൽ ബഹുമാനപ്പെട്ട കോടതികൾ നാളിതുവരെ ശിക്ഷിച്ചിട്ടില്ലാത്തതിനാൽ കേരളാ പോലീസ് ആക്ട് വകുപ്പ് 86(3)-ന്റെ പരിധിയിൽപ്പെടുന്നില്ലാത്തതും ആയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ട അധികാരികളോട് ശിപാർശ ചെയ്തിട്ടുള്ളതുമാകുന്നു.

## ക്രിമിനൽ കേസ്സുകളിൽ പ്രതികളായിട്ടുള്ള പോലീസുകാർ

156 (161) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസ്സുകളിൽ നടപടി നേരിടുന്ന പോലീസുദ്യോഗസ്ഥരുടെ എണ്ണത്തിൽ വന്നിട്ടുള്ള വർദ്ധനവ് ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ക്രിമിനൽ കേസ്സുകളിൽ പ്രതികളായിട്ടുള്ള പോലീസുകാർ രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് ക്രമസമാധാന ചുമതലയുള്ള പ്രധാന തസ്തികകളിൽ നിയമിതരാകുന്നത് പോലീസുകാർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ;

(സി) പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസ്സുകളിൽ പ്രതികളായി ശിക്ഷിക്കപ്പെട്ട ശേഷവും സർവ്വീസിൽ തുടരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) ഇക്കാര്യം പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ 24-4-2018 ലെ ഉത്തരവ് പ്രകാരം രൂപീകൃതമായ ഉദ്യോഗതല കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്; അത് നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെടുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ മുഖംനോക്കാതെ നടപടി എടുക്കുന്നതിന്റെ ഭാഗമായി സ്വാഭാവിക വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി & ഇ) സംസ്ഥാന പോലീസ് മേധാവിയുടെ 24-4-2018-ലെ D6 56574/2018/PHQ നമ്പർ പ്രകാരം സംസ്ഥാന ക്രൈംബ്രാഞ്ച് അഡീഷണൽ ഡയറകടർ ജനറൽ ചെയർമാനായും ഐ.ജി.പി. ഇന്റലിജൻസ്, ഡി.ഐ.ജി. എ.പി. ബറ്റാലിയൻ, എസ്.പി.എൻ.ആർ.ഐ. സെൽ എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ച് ഇത്തരം കേസ്സുകൾ റിവ്യൂ ചെയ്യുന്നതിലേയ്ക്ക്

ഉത്തരവായിട്ടുള്ളതാണ്. കേരളാ പോലീസ് ആക്ടിലെ സെക്ഷൻ 86-ന്റെ പരിധിയിൽ വരുന്ന പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുള്ള 59 കേസ്സുകൾ കമ്മിറ്റി റിവ്യൂ ചെയ്തിട്ടുള്ളതാണ്. കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്കുവന്ന ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട കേസ്സുകളിൽ ബഹുമാനപ്പെട്ട കോടതികൾ നാളിതുവരെ ശിക്ഷിച്ചിട്ടില്ലാത്തതിനാൽ കേരളാ പോലീസ് ആക്ട് വകുപ്പ് 86(3)-ന്റെ പരിധിയിൽപ്പെടാത്തതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ട അധികാരകളോട് ശിപാർശ ചെയ്തിട്ടുള്ളതുമാകുന്നു.

**പോലീസുകാർ പ്രതികളാകുന്ന കേസ്സുകളുടെ അന്വേഷണം**

157 (162) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർ പ്രതികളാകുന്ന കേസ്സുകൾ പോലീസുകാർ തന്നെ അന്വേഷിക്കുന്ന രീതി നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത്തരം അന്വേഷണം സത്യസന്ധവും നീതിയുക്തവും നിഷ്പക്ഷവുമാണെന്ന് ഉറപ്പുവരുത്തുന്നതെങ്ങനെയെന്ന് വ്യക്തമാക്കാമോ;

(സി) പോലീസുകാർക്കെതിരെയുള്ള പരാതികളും കേസ്സുകളും അന്വേഷിക്കുന്നതിന് പോലീസിതര ഏജൻസി രൂപീകരിക്കുന്നതിന് നിയമനിർമ്മാണം നടത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പോലീസുദ്യോഗസ്ഥർ പ്രതികളാകുന്ന കേസ്സുകൾ ആയതിന്റെ ഗുരുതര സ്വഭാവം കണക്കിലെടുത്ത് ഉയർന്ന പോലീസ് ഉദ്യോഗസ്ഥരാണ് അന്വേഷിച്ചുവരുന്നത്.

(ബി) ഇത്തരം അന്വേഷണം നീതിയുക്തവും നിഷ്പക്ഷവുമാക്കുന്നതിന് ഉന്നത പോലീസ് ഉദ്യോഗസ്ഥർ മുഖേന നിരീക്ഷിച്ചു വരുന്നതും നിർദ്ദേശങ്ങൾ യഥാസമയം നൽകിയും വരുന്നുണ്ട്.

(സി) പോലീസുകാർക്കെതിരെയുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിനായി പോലീസ് കംപ്ലയിന്റ് അതോറിറ്റി എന്ന സംവിധാനം നിലവിലുണ്ട്. ഈ ആവശ്യത്തിനായി മറ്റ് ഏജൻസികൾ രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**റോഡപകടവും ഗതാഗത നിയമലംഘനവും**

158 (163) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന റോഡപകടങ്ങൾ തടയുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് ആഭ്യന്തരവകുപ്പ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിൽ മദ്യപിച്ച് വാഹനമോടിച്ചുള്ള എത്ര അപകടങ്ങൾ സംസ്ഥാനത്ത് നടന്നു; ഇതിൽ ഓരോ വർഷവും എത്ര പേർ മരണപ്പെട്ടു; ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ നിയമത്തിന് മുന്നിൽ കൊണ്ട് വന്ന് ശിക്ഷ ഉറപ്പാക്കി; എത്ര പേരുടെ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിച്ചു; പിഴയിനത്തിൽ എത്ര തുക ഈടാക്കി; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) മദ്യപിച്ച് ഗതാഗത നിയമലംഘനം നടത്തുന്നവർക്ക് കടുത്ത ജയിൽ ശിക്ഷ ഉറപ്പുവരുത്തുവാനും ആവർത്തിച്ചുള്ള അപകടങ്ങൾക്ക് ലൈസൻസ് റദ്ദാക്കുവാനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ട്രാഫിക് പോലീസിന്റെ സേവനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി കൂടുതൽ പോലീസുകാരെ ട്രാഫിക് വിഭാഗത്തിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ തടയുന്നതിന് താഴെപ്പറയുന്ന നിയന്ത്രണങ്ങൾ പോലീസ് വകുപ്പ് ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിവരുന്നു.

1. വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിന് വാഹന പരിശോധന കൂടാതെ സ്പീഡ് ഡിറ്റക്ഷൻ ക്യാമറ, ഇന്റർസെപ്റ്റർ വാഹനം, റഡാർ പരിശോധന എന്നിവയിലൂടെ വാഹന പരിശോധന നടപ്പിലാക്കിവരുന്നു.

2. അമിത വേഗതമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ സ്പീഡ് ബ്രേക്കറുകൾ വച്ച് നിയന്ത്രിച്ചുവരുന്നു.

3. റോഡ് അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെടുന്ന സ്ഥലങ്ങളെ ബ്ലാക്ക് സ്പോട്ടുകളാക്കി അവിടെ മുഴുവൻ സമയ നിരീക്ഷണം നടത്തിവരുന്നു.

4. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അവരെ ബോധവൽക്കരണ ക്ലാസ്സുകളിൽ നിർബന്ധമായും പങ്കെടുപ്പിച്ചുവരുന്നു.

5. ജനമൈത്രി പോലീസിന്റെയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സേവനം ഉപയോഗപ്പെടുത്തിവരുന്നു.

6. പരിക്കുകളുടെ കാഠിന്യം കുറയ്ക്കുന്നതിലേയ്ക്കായി സുരക്ഷാ മാർഗ്ഗങ്ങളായി ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും ആയത് ലംഘിക്കുന്നവരിൽനിന്ന് പിഴ ഈടാക്കിയും വരുന്നു.

7. ട്രാഫിക് നിയമങ്ങൾ തുടർച്ചയായി ലംഘിക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ആർ.ടി.ഒ.-യ്ക്ക് റിപ്പോർട്ട് നൽകിവരുന്നു.

8. പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് റോഡ് സേഫ്റ്റി ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സ്കൂളുകളിലെ ഡ്രൈവർമാർക്കും ഓട്ടോ, ടാക്സി ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും ട്രാഫിക് സംബന്ധമായ ലഘുലേഖകൾ വിതരണം ചെയ്തും വരുന്നു.

9. ട്രാഫിക് സിഗ്നലുകൾ, അപകട മുന്നറിയിപ്പ് സിഗ്നലുകൾ എന്നിവ സ്ഥാപിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് നടന്ന വാഹന അപകടങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ഒന്നിലധികം തവണ മദ്യപിച്ച് വാഹനം ഓടിച്ച് പിടിക്കപ്പെട്ടാൽ 185 MV Act പ്രകാരം കേസെടുക്കുന്നതിന് പുറമേ നിയമം അനുശാസിക്കുന്ന തരത്തിലുള്ള ശിക്ഷ ലഭിക്കുന്നതിനായി ബന്ധപ്പെട്ട കോടതിയിൽ ഇത്തരക്കാർക്കെതിരെ കുറ്റപത്രം സമർപ്പിക്കാറുണ്ട്. കൂടാതെ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട ആർടി.ഒ.-മാർക്ക് റിപ്പോർട്ട് നൽകാറുണ്ട്.

(ഡി) ട്രാഫിക് പോലീസിന്റെ സേവനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നു. കൂടാതെ 14-7-2018-ലെ സ.ഉ. (കൈ)നമ്പർ 116/2018/ആഭ്യന്തരം പ്രകാരം ട്രാഫിക് പോലീസ് സ്റ്റേഷനുകളെയും ട്രാഫിക് യൂണിറ്റുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി മാറ്റി ട്രാഫിക് കേസ്സുകളുടെ അന്വേഷണം ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളെ ഏൽപ്പിച്ചത് ട്രാഫിക് പോലീസിന്റെ സേവനം കാര്യക്ഷമമാക്കാൻ സഹായകരമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കല്ലമ്പലത്തെ ട്രാഫിക് സിഗ്നൽ

159 (164) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ-കൊല്ലം ദേശീയപാതയിലെ കല്ലമ്പലത്ത് ട്രാഫിക്ക് സിഗ്നൽ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കഴിഞ്ഞ ആറ് മാസ കാലയളവിൽ കല്ലമ്പലം ജംഗ്ഷനിൽ നടന്ന വാഹനാപകടങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ട്രാഫിക്ക് സിഗ്നൽ സ്ഥാപിച്ചാൽ വാഹനാപകടം ഗണ്യമായി കുറയ്ക്കാനാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറ്റിങ്ങൽ-കൊല്ലം ദേശീയപാതയിലെ കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവി റോഡ് സുരക്ഷാ കമ്മീഷണർക്ക് നൽകുകയും ഇതിനാവശ്യമായ 13,84,150 രൂപ പോലീസ് വകുപ്പിന് കൈമാറുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ ആറ് മാസ കാലയളവിൽ കല്ലമ്പലം ജംഗ്ഷനിലും സമീപത്തുമായി 19 അപകടങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ ഒരാൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(സി) സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നത് ഗതാഗതക്കുരുക്കും അപകടങ്ങളും കുറയ്ക്കുന്നതിനും സഹായകരമാകുന്നതാണ്.

## നഗരൂർ പോലീസ് സ്റ്റേഷൻ

160 (165) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദ്യ ഡിജിറ്റൽ പോലീസ് സ്റ്റേഷനായ നഗരൂരിൽ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നഗരൂർ പോലീസ് സ്റ്റേഷനിൽ അനുവദിക്കപ്പെട്ട തസ്തികകളുടേയും ഒഴിവുള്ള തസ്തികകളുടേയും എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | എസ്.ഐ. | 2 | 1 |
| 2 | എ.എസ്.ഐ. | 2 | 2 |
| 3 | എസ്.സി.പി.ഒ. | 6 | 0 |
| 4 | സി.പി.ഒ | 18 | 7 |
| 5 | ഡബ്ല്യൂ.സി.പി.ഒ. | 2 | 1 |
| 6 | ഡ്രൈവർ | 1 | 0 |
| 7 | പാർട്ട് ടൈം സ്വീപ്പർ | 1 | 0 |
| | ആകെ | 32 | 11 |

**ചെങ്ങന്നൂരിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണം**

161 (166) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതിക സംവിധാനത്തോടുകൂടി എല്ലാ പോലീസ് സ്റ്റേഷനുകളും കാലോചിതമായി നവീകരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ സാങ്കേതിക പരിമിതികൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ചെങ്ങന്നൂരിലെ പോലീസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽവന്നിട്ടുണ്ട്. ആധുനിക സാങ്കേതിക സംവിധാനത്തോടെ എല്ലാ പോലീസ് സ്റ്റേഷനുകളും നവീകരിക്കുന്നതിന് " മോഡണൈസേഷൻ ഓഫ് പോലീസ് ഡിപ്പാർട്ടുമെന്റ്" എന്ന പദ്ധതിയിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വെൺമണി പോലീസ് സ്റ്റേഷന്റെ പുനർനിർമ്മാണത്തിനായി 14-11-2018-ലെ സ.ഉ. (സാധാ) നമ്പർ 3328/2018/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## പനമരം, വൈത്തിരി പോലീസ് സ്റ്റേഷനുകൾ

162 (167) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മണ്ണിടിച്ചിലിലും പ്രളയത്തിലും തകർന്ന വൈത്തിരി, പനമരം പോലീസ് സ്റ്റേഷനുകൾ പുതുക്കിപ്പണിയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) എന്നുമുതൽ പുതിയ കെട്ടിടങ്ങളിലേയ്ക്ക് പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മാറാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ പനമരം, വൈത്തിരി എന്നിവിടങ്ങളിൽ പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് 14-11-2018-ലെ സ.ഉ. (സാധാ) നമ്പർ 3328/2018/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ പനമരം, വൈത്തിരി എന്നിവിടങ്ങളിൽ ആദ്യഘട്ടമായി യഥാക്രമം 31.326 ലക്ഷം രൂപയും 21.600 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(ബി) സ്റ്റേഷൻ നിർമ്മാണം 6 മാസത്തിനകം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായാൽ ഉടൻ പ്രസ്തുത സ്റ്റേഷനുകൾ പുതിയ കെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## വേങ്ങര പോലീസ് സ്റ്റേഷൻ

163 (168) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്ന വാടകകെട്ടിടം ഉടമസ്ഥന് ഒഴിഞ്ഞുകൊടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ബഹു. ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽനിന്നും 25 സെന്റ് അനുവദിച്ച് കിട്ടാനായി ആഭ്യന്തര വകുപ്പ് നൽകിയ അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഫയലിൽ എത്രയും പെട്ടെന്ന് നടപടി സ്വീകരിച്ച് നിർദ്ദിഷ്ട സ്ഥലത്ത് കെട്ടിടം പണിയാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രീ. മാളിയേക്കൽ കുഞ്ഞിമുഹമ്മദ് ഹാജി ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ 8 മാസത്തിനകം (24-6-2019) വേങ്ങര പോലീസ് സ്റ്റേഷൻ മാറ്റി സ്ഥാപിച്ച് ടി വസ്തുവിന്റെ കൈവശാവകാശം ടിയാന് നൽകുവാൻ ബഹു. ഹൈക്കോടതി വിധിച്ചിട്ടുണ്ട്.

(ബി&സി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വേങ്ങര വെറ്ററിനറി ആശുപത്രിയുടെ കോമ്പൗണ്ടിൽനിന്നും 25 സെന്റ് ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക് സർവ്വേയർ അളന്ന് തഹസിൽദാർ മുഖാന്തിരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**ബത്തേരി താലൂക്കിൽ പുതിയ പോലീസ് സ്റ്റേഷൻ**

164 (169) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ബത്തേരി താലൂക്കിൽ ചീരാൽ എന്ന സ്ഥലത്ത് പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് ഉദ്ദേശ്യമുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉദ്ദേശ്യമുണ്ട്. 3-3-2016-ലെ സ.ഉ.(കൈ)നമ്പർ 83/2016/ആഭ്യന്തരം പ്രകാരം വയനാട് ജില്ലയിൽ നൂൽപ്പുഴ പോലീസ് സ്റ്റേഷന് അനുമതി നൽകിയിട്ടുണ്ട്.

ടി പോലീസ് സ്റ്റേഷൻ സുൽത്താൻ ബത്തേരി താലൂക്കിൽ, ചീരാൽ വില്ലേജിലെ ബിൽഡിംഗ് നമ്പർ IX/385-ൽ ആരംഭിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**പാവറട്ടി പോലീസ് സ്റ്റേഷൻ**

165 (170) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി പോലീസ് സ്റ്റേഷന് അനുവദിക്കപ്പെട്ട അംഗീകൃത തസ്തികകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്റ്റേഷനിൽ നിലവിലുള്ള അംഗബലം എത്രയാണ്;

(സി) ഈ സ്റ്റേഷനിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ഡി) ക്രമസമാധാന പ്രശ്നങ്ങൾ തടയുന്നതിനും ജനങ്ങൾക്ക് പോലീസിന്റെ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുമായി ഈ സ്റ്റേഷനിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) തൃശ്ശൂർ ജില്ലയിലെ പാവറട്ടി പോലീസ് സ്റ്റേഷന് അനുവദിക്കപ്പെട്ട അംഗീകൃത തസ്തികകൾ, അംഗബലം നിലവിലെ ഒഴിവുകൾ എന്നിവ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | അംഗീകൃത തസ്തികകളുടെ എണ്ണം | നിലവിലുള്ള അംഗസംഖ്യ | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| 1 | എസ്.ഐ | 4 | 3 | 1 |
| 2 | എ.എസ്.ഐ. | 2 | 0 | 2 |
| 3 | എസ്.സി.പി.ഒ. | 7 | 7 | 0 |
| 4 | സി.പി.ഒ. | 24 | 21 | 3 |
| 5 | ഡബ്ല്യൂ.സി.പി.ഒ. | 4 | 2 | 2 |
| | ആകെ | 41 | 33 | 8 |

(ഡി) തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ നിലവിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് കെ.എ.പി. രണ്ടാം ബറ്റാലിയനിൽനിന്നും 54 സി.പി.ഒ.-മാരെ അനുവദിച്ചിട്ടുള്ളതാണ്.

## ആലപ്പാട് ഗ്രാമപഞ്ചായത്ത് പോലീസ് ഔട്ട്പോസ്റ്റ്

166 (171) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബീച്ച്, കായംകുളം ഫിഷിംഗ് ഹാർബർ എന്നിവയുടെ സമീപത്തായി ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ പ്രദേശങ്ങളിൽ ലഹരിമാഫിയകളും സാമൂഹ്യവിരുദ്ധരും തമ്പടിക്കുന്നത് ഒഴിവാക്കുന്നതിന് വേണ്ടി ഷാഡോ പോലീസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വഴി സ്ഥിരം നിരീക്ഷണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ലഹരി മാഫിയകളും സാമൂഹ്യവിരുദ്ധരും തമ്പടിക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി ശക്തമായ പോലീസ് നിരീക്ഷണവും ഡേ & നൈറ്റ് പോലീസ് പട്രോളിംഗും നടത്തിവരുന്നു.

**ആലത്തൂർ കരിനീല കുളങ്ങരപോലീസ് സ്റ്റേഷൻ നിർമ്മാണം**

167 (172) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം മാറ്റി പുതിയ കെട്ടിടം പണിയാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണ് അത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(സി) പോലീസ് സ്റ്റേഷൻ നിർമ്മിതിക്കായി വകയിരുത്തിയ തുക എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) ആലത്തൂർ വില്ലേജിൽ സർവ്വേ നം.350/14-ൽപ്പെട്ട 72 സെന്റ് സ്ഥലത്താണ് പുതിയ കെട്ടിടം പണിയാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) 125.529 ലക്ഷം രൂപ ചെലവ് വരുന്ന നിർമ്മാണത്തിന് ആദ്യഘട്ടമായി 28.872 ലക്ഷം രൂപ 17-11-2018-ൽ സംസ്ഥാന പോലീസ് മേധാവി അനുവദിച്ചിട്ടുണ്ട്.

**വർക്കലയിൽ ഡിവൈ.എസ്.പി. ഓഫീസ്**

168 (173) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല കേന്ദ്രീകരിച്ച് ഒരു പുതിയ ഡി.വൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

**കരീലക്കുളങ്ങര പോലീസ് സ്റ്റേഷന് സ്ഥലം**

169 (174) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കരീലകുളങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പോലീസ് സ്റ്റേഷന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരീലക്കുളങ്ങര പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ അധീനതയിലുള്ള 25 സെന്റ് സ്ഥലം വിട്ടുനൽകുന്നതിന് 27-3-2018-ലെ സ.ഉ.(സാധാ)നമ്പർ 356/2018/വ്യവ പ്രകാരം വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. അനന്തര നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു.

**കണ്ടാണശ്ശേരി പോലീസ് സ്റ്റേഷൻ**

170 (175) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം ഇക്കഴിഞ്ഞ പ്രളയത്തിൽ മുങ്ങി പ്രവർത്തനരഹിതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) കണ്ടാണശ്ശേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിൽ കണ്ടാണശ്ശേരി പോലീസ് സ്റ്റേഷൻ എന്ന പേരിൽ പോലീസ് സ്റ്റേഷൻ നിലവിലില്ല. എന്നാൽ 21-6-2014-ലെ സ.ഉ.(കൈ)നമ്പർ 126/2014 ആഭ്യന്തരം പ്രകാരം അനുവദിച്ച ഗുരുവായൂർ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് കണ്ടാണശ്ശേരി എന്ന സ്ഥലത്തുള്ള വാടക കെട്ടിടത്തിലാണ്.

(ബി) പ്രസ്തുത കെട്ടിടത്തിൽ പ്രളയത്തിൽ വെള്ളം കയറിയിരുന്നെങ്കിലും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

(സി&ഡി) കുന്ദംകുളം താലൂക്കിൽ കണ്ടാണശ്ശേരി പഞ്ചായത്ത്, ആളൂർ വില്ലേജിൽ കുനംമൂച്ചി-മറ്റം പബ്ലിക് റോഡിൽ, കുനംമൂച്ചിയിൽനിന്നും തെക്കുമാറി സർവ്വേ നമ്പർ 240/1-ൽ ഉൾപ്പെട്ട മറ്റം ഗ്രൗണ്ടും ആയതിന് സമീപത്തുള്ള 2 ഏക്കർ 20 സെന്റ് സ്ഥലവും റവന്യൂ പുറമ്പോക്ക് ഭൂമിയാണെന്ന് അറിവായിട്ടുള്ളതും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ സ്കെച്ച് ഉൾപ്പെടെ ആവശ്യമായ രേഖകൾ സഹിതം ടി സ്ഥലം പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കാണിച്ച് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

### മേൽപ്പറമ്പിലെ പുതിയ പോലീസ് സ്റ്റേഷൻ

171 (176) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മേൽപ്പറമ്പിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിന് വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പുതിയ പോലീസ് സ്റ്റേഷന്റെ അതിർത്തി നിർണ്ണയിച്ച് ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഗസറ്റ് നോട്ടിഫിക്കേഷൻ ചെയ്ത് പോലീസ് സ്റ്റേഷൻ എന്ന് യാഥാർഥ്യമാക്കാനാകും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) കാസർഗോഡ് ജില്ലയിലെ മേൽപറമ്പിൽ അനുവദിച്ച പോലീസ് സ്റ്റേഷൻ ടി സ്ഥലത്ത് സൗകര്യപ്രദമായ കെട്ടിടം ലഭ്യമല്ലാത്തതിനാൽ ചെമ്മനാട് പഞ്ചായത്തിലെ ചട്ടഞ്ചാൽ എന്ന സ്ഥലത്ത് ദേശീയപാതയോട് ചേർന്ന് സ്വകാര്യ വ്യക്തിയുടെ R.S.No.257/1 A4-ലെ കെട്ടിടത്തിൽ ആരംഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സുഗന്ധഗിരിയിൽ പോലീസ് ഔട്ട് പോസ്റ്റ്**

172 (177) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സുഗന്ധഗിരിയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യത്തെ തുടർന്ന് ആരംഭിച്ചിരുന്ന പോലീസ് ഔട്ട് പോസ്റ്റ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) അവിടെ സ്ഥിരമായി പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സുഗന്ധഗിരിയിൽ ഇപ്പോൾ പോലീസ് ഔട്ട് പോസ്റ്റ് നിലവിലില്ല.

(ബി) സ്ഥിരമായി പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

**കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ**

173 (178) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനോടനുബന്ധിച്ച് ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ടോ; ട്രാഫിക് കുറ്റങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് കൊല്ലം സിറ്റി പോലീസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിച്ചിട്ടില്ല. ട്രാഫിക് നിയന്ത്രണത്തിനായി ട്രാഫിക് വാർഡൻമാരെയും ഹോം ഗാർഡിനേയും പോയിന്റ് ഡ്യൂട്ടിക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ ട്രാഫിക് കേസ്സുകളുടെ അന്വേഷണച്ചുമതല അതാത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റിക്കൊണ്ടും ട്രാഫിക് യൂണിറ്റുകളെയും ട്രാഫിക് സ്റ്റേഷനുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി പുനർനാമകരണം ചെയ്തുകൊണ്ടും 14-7-2018-ലെ സ.ഉ. (കൈ)നമ്പർ 116/2018/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന പ്രൊപ്പോസൽ തൽക്കാലം പരിഗണനയിലില്ല.

**പ്ലാമൂട്ടുകടയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി**

174 (179) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പ്ലാമൂട്ടുകടയിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 2018-ൽ പ്ലാമൂട്ടുകടയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുമോ;

(സി) പുതിയതായി എത്ര സ്ഥലത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് മേധാവിയോട് പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ച 7 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സ.ഉ.(കൈ)നമ്പർ 2487/17/ആഭ്യന്തരം പ്രകാരവും 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 6 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സ.ഉ.(കൈ)നമ്പർ 216/17/ആഭ്യന്തരം പ്രകാരവും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 17-4-2018-ലെ സ.ഉ.(കൈ)നമ്പർ 68/2018/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ആസ്ഥാനമാക്കി 3 സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും അനുമതി നല്കിയിട്ടുണ്ട്.

## പോലീസ് ക്വാർട്ടേഴ്സുകളുടെ ജീർണ്ണാവസ്ഥ

175 (180) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഡി.വൈ.എസ്.പി. ഓഫീസിന് അനുബന്ധമായി സ്ഥിതി ചെയ്യുന്ന പോലീസ് ക്വാർട്ടേഴ്സുകൾ ജീർണ്ണാവസ്ഥയിലായി അപകട ഭീഷണി ഉയർത്തി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സൈറ്റ് സർവ്വേയും എസ്റ്റിമേറ്റ് സർവ്വേയും നടന്നുവരുന്നു.

## അങ്കമാലി നിയോജകമണ്ഡലത്തിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

176 (181) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ആറ് പോലീസ് ക്വാർട്ടേഴ്സുകൾ പണിയുന്നതിന് ഉത്തരവായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സവാദം ഉന്നയിച്ച് ആരെങ്കിലും വകുപ്പിനെയോ, സർക്കാരിനെയോ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം പരാതികളുടെ പകർപ്പ് ലഭ്യമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ക്വാർട്ടേഴ്സ് നിർമ്മാണം സംബന്ധിച്ച് ജില്ലാ പോലീസ് മേധാവി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ആറ് പോലീസ് ക്വാട്ടേഴ്സുകൾ പണിയുന്നതിന് സംസ്ഥാന പോലീസ് മേധാവി കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് 1,19,68,750 രൂപ 18-6-2018-ൽ അനുവദിച്ചിട്ടുണ്ട്.

(ബി) സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ഡെപ്യൂട്ടി കളക്ടർ മുൻപാകെ നടത്തിയ ഹിയറിംഗിന്റെ തീരുമാനം വരുന്നതിന് മുൻപ് ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിന് അങ്കമാലി മുനിസിപ്പൽ സെക്രട്ടറി നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുള്ളതാണ്.

(സി) ശ്രീ. അരുൺ കുമാർ (മാനേജിംഗ് ഡയറക്ടർ, മിർ ബിൽഡേഴ്സ് & ഡെവലപേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്) ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതി കൊച്ചി റേഞ്ച് ഐ.ജിപി. മുഖാന്തിരം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ചിട്ടുണ്ട്. പരാതിയുടെ പകർപ്പ് ഇതൊടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

(ഡി) ജില്ലാ പോലീസ് മേധാവി സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

## പൊൻമുടി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

177(182) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട പൊൻമുടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊന്മുടി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി നടപ്പ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 14-11-2018-ലെ സ.ഉ. (സാധാ)നമ്പർ 3328/2018/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി നടപ്പ സാമ്പത്തിക വർഷം ആദ്യഘട്ടത്തിൽ 35 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ താമസംവിനാ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുന്ദമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി കെട്ടിടം പുനരുദ്ധാരണം

178 (183) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി കെട്ടിടം പുനരുദ്ധരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സബോർഡിനേറ്റ് ജുഡീഷ്യറി രജിസ്ട്രാർ മുഖേന സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2018-19 ബഡ്ജറ്റിൽ 20% പ്രൊവിഷൻ വെച്ച പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സബോർഡിനേറ്റ് ജുഡീഷ്യറി രജിസ്ട്രാർ മുഖേന ഇത്തരത്തിൽ ഒരു പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടില്ല.

(ബി) ഹൈക്കോടതി രജിസ്ട്രാറിൽനിന്നും വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

## കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

179 (185) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി അസൗകര്യങ്ങൾ നേരിടുന്ന കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷന് സൗകര്യപ്രദമായ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ പുരോഗമിക്കുന്നുണ്ടോ ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപ്പ് സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനത്തിൽ ഉൾപ്പെടുത്തി 14-11-2018-ലെ സ.ഉ. (സാധാ) നമ്പർ 3328/2018/ ആഭ്യന്തരം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിന്റെ ആദ്യഘട്ടമായി 34.500 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## കൊട്ടാരക്കരയിലെ റൂറൽ പോലീസ് ആസ്ഥാന മന്ദിര നിർമ്മാണം

180 (186) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ റൂറൽ പോലീസ് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; നിർമ്മാണ പൂർത്തീകരണത്തിനായി നിലവിൽ നിശ്ചയിച്ച് നൽകിയിട്ടുള്ള സമയക്രമം വ്യക്തമാക്കുമോ;

(സി) നിർമ്മാണത്തിന്റെ മേൽനോട്ട ചുമതല ആരെയാണ് ഏല്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കരയിൽ റൂറൽ പോലീസ് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് 362 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കെട്ടിടത്തിന്റെ അടിത്തറയുടെ നിർമ്മാണം നടന്നുവരുന്നു.

(സി) കെ.പി.എച്ച്.സി.സി.-യും ജില്ലാ പോലീസ് മേധാവി നേരിട്ടുമാണ് നിർമ്മാണത്തിന്റെ ചുമതല വഹിക്കുന്നത്.

## ജി. ബാലകൃഷ്ണപിള്ളയുടെ വീടിന് സംരക്ഷണം

181 (187) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ആയിരിക്കെ 2012 മാർച്ചിൽ രാജിവച്ച ശ്രീ. ജി. ബാലകൃഷ്ണപിള്ളയുടെ വീടിന് സംരക്ഷണം നൽകുന്നതിനായി വെള്ളറട പോലീസ് ടിയാന്റെ വീട്ടിൽ പിക്കറ്റ് ഏർപ്പെടുത്തിയിരുന്നോ; ഉണ്ടെങ്കിൽ എത്ര ദിവസം ആയിരുന്നു എന്നും പിക്കറ്റ് ആരുടെ ചുമതലയിൽ ആയിരുന്നു എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പിക്കറ്റ് ആരംഭിച്ച തീയതി മുതലുള്ള പത്ത് ദിവസം ഏതൊക്കെ ഉയർന്ന ഉദ്യോഗസ്ഥർ പിക്കറ്റ് സന്ദർശിച്ചു എന്നും പ്രസ്തുത പത്ത് ദിവസങ്ങളിൽ ആരെല്ലാമാണ് ഡ്യൂട്ടി നോക്കിയതെന്നും വെളിപ്പെടുത്തുന്ന, പിക്കറ്റിലെ ഡ്യൂട്ടി രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പിക്കറ്റ് ഏർപ്പെടുത്തിയിരുന്നു. 10-3-2012 മുതൽ 1-8-2012 വരെ (145 ദിവസം)-യാണ് പിക്കറ്റ് ഏർപ്പെടുത്തിയിരുന്നത്. ടി കാലയളവിൽ വെള്ളറട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.-യുടെ ചുമതലയിലാണ് പിക്കറ്റ് പോസ്റ്റ് പ്രവർത്തിച്ചിരുന്നത്.

(ബി) ഉന്നത ഉദ്യോഗസ്ഥർ പിക്കറ്റ് പോസ്റ്റ് സന്ദർശിച്ചിട്ടില്ല. തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പിലെ എ.എസ്.ഐ., ശ്രീ. വിജയൻ, എ.ആർ.സി.പി.-ഒമാരായ 4092, 4835, 9381, 3329, 3572, 3354, 5071, 2976, 4459 എന്നീ ഉദ്യോഗസ്ഥരെയാണ് പിക്കറ്റ് ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നത്. പിക്കറ്റ് ഡ്യൂട്ടി രജിസ്റ്ററിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

**കെ. കെ. കാർത്ത്യായനിയുടെ തിരോധാനം**

182 (188) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-18 വർഷത്തിൽ കാണാതായ വയോധികരുടെ വിവരം ലഭ്യമാക്കാമോ;

(ബി) 2018 മേയ് മാസത്തിൽ ചെങ്ങന്നൂർ താലൂക്കിലെ സഹോദരി ഭവനത്തിൽ കാണാതായ കെ. കെ. കാർത്ത്യായനി (83 വയസ്സ്) യുടെ തിരോധാനത്തെക്കുറിച്ചുള്ള അന്വേഷണ പുരോഗതി ലഭ്യമാക്കാമോ;

(സി) പ്രസ്തുത അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2017-18 (1-1-2017 മുതൽ 31-10-2018 വരെ) വർഷത്തിൽ കാണാതായ വയോധികരുടെ വിവരം ചുവടെ കൊടുക്കുന്നു:

| Year | Total No. of Missing Cases | No of Missing Persons | | Traced | |
|---|---|---|---|---|---|
| | | Male | Female | Male | Female |
| 2017-18 (1-1-2017 to 31-10-2018) | 1045 | 799 | 268 | 612 | 238 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ Cr.1349/2018 U/s 57 KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണ ചുമതല ചെങ്ങന്നൂർ ഡിവൈ.എസ്.പി.- യെ ഏൽപ്പിച്ചിട്ടുള്ളതും അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ടീമിനെ രൂപീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന് അന്വേഷണ സംഘത്തിൽ ISHO ചെങ്ങന്നൂർ, ISHO മാവേലിക്കര, ISHO മാന്നാർ, SI ചെങ്ങന്നൂർ, SHO കുറത്തിക്കാട്, SHO നൂറനാട്, SHO വെൺമണി എന്നിവരെ ഉൾപ്പെടുത്തി അന്വേഷണസംഘം വിപുലപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ നടത്തിയ അന്വേഷണത്തിൽ ഉപയോഗപ്രദമായ യാതൊരു വിവരങ്ങളും ലഭ്യമായിട്ടില്ല.

(സി) ക്രൈംബ്രാഞ്ചിന് കൈമാറുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ആശ്രിത നിയമനത്തിനായി മിഥിൻ ചാക്കോ നൽകിയ അപേക്ഷ**

183 (189) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് വകുപ്പിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് ശ്രീ. മിഥിൻ ചാക്കോ നൽകിയ അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഇ 1662287/കെ3/ആഭ്യന്തരം നമ്പർ ഫയലിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ ഇടുക്കി ജില്ലാകളക്ടർ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആശ്രിത നിയമനവുമായി ബന്ധപ്പെട്ടും ശ്രീ എം. ജെ. ചാക്കോയുടെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമായും പോലീസ് ആസ്ഥാനത്തുള്ള 189627/2017, 112386/2017 എന്നീ നമ്പറുകളിലെ ഫയലുകളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; തുടർ നടപടികൾ വ്യക്തമാക്കാമോ; ഇനി എന്തെല്ലാം ആനുകൂല്യങ്ങൾ ആശ്രിതർക്ക് നൽകുവാനുണ്ട് എന്നറിയിക്കാമോ; ഇവ എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പോലീസ് വകുപ്പിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് ശ്രീ. മിഥിൻ ചാക്കോ നൽകിയ അപേക്ഷ 24-7-2017-ന് ആഭ്യന്തര (കെ) വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് 24-5-1999-ലെ സ.ഉ.(പി)നമ്പർ 12/99/ഉഭപവ. അനുസരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 5-8-2017-ന് ഇടുക്കി ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത ഫയലിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഇല്ല. 5-8-2017-ലെ ഇ-1662281/കെ3/2017/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ഇടുക്കി ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയത് 23-8-2017-ൽ ഇടുക്കി ജില്ലാ കളക്ടർ തൊടുപുഴ തഹസിൽദാർക്ക് റിപ്പോർട്ടിനായി എ 8/30037/2017 നമ്പർ പ്രകാരം അയച്ചുകൊടുക്കുകയും തൊടുപുഴ തഹസിൽദാർ തൊടുപുഴ വില്ലേജ് ഓഫീസർക്ക് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ തൊടുപുഴ വില്ലേജ് ഓഫീസർക്ക് അപേക്ഷകനെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ടി അപേക്ഷ തൊടുപുഴ തഹസിൽദാർക്ക് തിരികെ അയച്ചിരുന്നു. ശ്രീ മിഥിൻ ചാക്കോ 23-11-2018-ൽ തഹസിൽദാർ മുമ്പാകെ ഹാജരായി ടിയാൻ കരിങ്കുന്നം വില്ലേജിന്റെ പരിധിയിലാണ് താമസമെന്ന് അറിയിച്ചിട്ടുള്ളതും ടി അപേക്ഷയിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് തൊടുപുഴ തഹസിൽദാർ കരിങ്കുന്നം വില്ലേജ് ഓഫീസർക്ക് 24-11-2018-ന് അപേക്ഷ അയച്ചു നൽകിയിട്ടുമുണ്ട്.

(ഡി) പോലീസ് ആസ്ഥാനത്തുള്ള 189627/2017, 112386/2017 എന്നീ നമ്പറുകളിലെ ഫയലുകൾ ആശ്രിത നിയമനവുമായി ബന്ധപ്പെട്ടതാണ്. ഇടുക്കി ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഫയലിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) ഇടുക്കി ജില്ലാ കളക്ടർക്ക് റിപ്പോർട്ടിനായി അയച്ചുകൊടുത്ത 5-8-2017-ലെ ഇ-1662287/കെ3/2017/ആഭ്യന്തരം നമ്പർ കത്തിന്റെ പകർപ്പ് അപേക്ഷകനും അയച്ചുകൊടുത്തിരുന്നു.

ശ്രീ. പി. ജെ. ചാക്കോയുടെ പെൻഷൻ സംബന്ധമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൊച്ചി സിറ്റി ഓഫീസിൽനിന്നും പൂർത്തീകരിച്ചിട്ടുള്ളതാണ്. എസ്.എൽ.ഐ. ക്ലെയിം ലഭിക്കുവാനായി എല്ലാ രേഖകളും എറണാകുളം ജില്ലാ ഇൻഷ്വറൻസ് ഓഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ജി.ഐ.എസ്.-ന്റെ തുക ലഭിക്കുന്നതിന് ജി.ഐ.എസ്. അക്കൗണ്ട് 12 അക്ക നമ്പരാക്കുന്നതിന് പാസ്സ് ബുക്ക് ഇല്ലാത്തതിനാൽ ഓൺലൈൻ സബസ്ക്രിപ്ഷൻ ചെയ്യുന്നതിന് സാധിച്ചിട്ടില്ലാത്തതും ടി 12 അക്ക നമ്പർ സൈറ്റായ ' വിശ്വാസിൽ'നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

**ഷാജിയുടെ മരണത്തെക്കുറിച്ച് അന്വേഷിക്കാൻ നൽകിയ പരാതി**

184 (190) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി താണവീഥി തണാശ്ശേരി ഹരിദാസൻ മാസ്റ്ററുടെ മകനായ ഷാജിയെ പറപ്പൂർ മുള്ളൂർ കായലിന് സമീപം മരത്തിൽ തൂങ്ങിമരിച്ച നിലയിൽ 2018 ഒക്ടോബർ 25-ന് രാവിലെ കണ്ടെത്തിയ പ്രശ്നത്തിൽ സമഗ്രമായ അന്വേഷണം വേണമെന്നാവശ്യപ്പെട്ട് ഷാജിയുടെ ഭാര്യ ഷീബ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

ഷാജി എന്നയാളെ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിന് 25-10-2018-ന് പേരാമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1019/2018 u/s 174 CrPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടിയാന്റെ ഭാര്യ ഷീബ തൃശ്ശൂർ ജില്ലാ പോലീസ് മേധാവി മുമ്പാകെ നൽകിയ പരാതിയിൽ പറയുന്ന കാര്യങ്ങൾകൂടി ഉൾപ്പെടുത്തി കേസ് അന്വേഷണം നടത്തുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായ പേരാമംഗലം പോലീസ് ഇൻസ്പെക്ടർ എസ്.എച്ച്.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കടൽ ഭിത്തി തകർത്തതിനെതിരെ പരാതി**

185 (192) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽഭിത്തി തകർത്തതുമായി ബന്ധപ്പെട്ട് മൂന്നു മാസത്തിനിടയിൽ കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് പരാതി ലഭിച്ചതെന്നും പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അറസ്റ്റ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പരാതിയിൻമേൽ നടപടികൾ സ്വീകരിക്കുവാൻ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(എഫ്) ഈ കേസിൽ ഏതെല്ലാം വകുപ്പുകളാണ് പ്രതികൾക്കുനേരെ ചുമത്തിയതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) 10-9-2018-ൽ ലഭിച്ച പരാതിയിന്മേൽ വെള്ളയിൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 240/18 u/s 3(1) of PDPP Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 4 പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ) കാലതാമസം നേരിട്ടിട്ടില്ല.

(എഫ്) PDPP Act പ്രകാരമുള്ള 3(1) വകുപ്പ് ചുമത്തിയാണ് ക്രൈം നമ്പർ 240/18 കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

## ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം ഉപയോഗിക്കുന്നതിന് ഈടാക്കുന്ന ഫീസ്

186 (193) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഖജനാവിൽ നിന്ന് വൻ തുക ചെലവഴിച്ച് പണികഴിപ്പിച്ച് മെയിന്റൻസ് ചെയ്ത് നിലനിർത്തിപ്പോരുന്ന തലസ്ഥാന നഗരിയിലുള്ള ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ, പോലീസ് സേനാംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പൊതുജനങ്ങളായവർക്കും സ്റ്റേഡിയം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് വിവിധ ഇനങ്ങൾക്ക് ഈടാക്കുന്ന ഫീസിന്റെ നിരക്ക് പട്ടികതിരിച്ച് ലഭ്യമാക്കുമോ;

(ബി) ജനങ്ങളുടെ പണം ഉപയോഗിച്ച് നിർമ്മിച്ച് പരിപാലിച്ച് പോരുന്ന പ്രസ്തുത സ്റ്റേഡിയം ഉപയോഗിക്കുന്നതിന് പൊതുജനങ്ങൾക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇവിടം ഉപയോഗിക്കുന്നതിന് പോലീസുകാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഫീസിനേക്കാൾ അധികഫീസ് പൊതുജനങ്ങളിൽ നിന്ന് ഈടാക്കുന്നതിന് സർക്കാരിന്റെ അനുമതി ഉണ്ടോ;

(ഡി) എങ്കിൽ നീതിരഹിതമായ ഈ തീരുമാനം പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം കേരളാ പോലീസ് സ്പോർട്സ് ആൻഡ് യൂത്ത് വെൽഫയർ സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. സൊസൈറ്റിയുടെ ഫണ്ട് ഉപയോഗിച്ചാണ് സ്റ്റേഡിയത്തിൽ വിവിധ പ്രവൃത്തികൾ നടത്തുന്നത്. സ്റ്റേഡിയത്തിൽ ലഭ്യമാകുന്ന വിവിധ സൗകര്യങ്ങൾക്ക് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി നിശ്ചയിച്ച് ഈടാക്കുന്ന ഫീസിന്റെ വിവിരംചുവടെ ചേർക്കുന്നു:

| | ഈടാക്കുന്ന ഫീസ് (പ്രതിമാസം) | | |
|---|---|---|---|
| ആവശ്യപ്പെടുന്ന സ്റ്റേഡിയത്തിലെ സൗകര്യം | പോലീസ് ഉദ്യോഗസ്ഥൻ | ഇതര സർക്കാർ ഉദ്യോഗസ്ഥർ | പൊതുജനങ്ങ ൾ |
| സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് | 100 | 200 | 300 |
| ജിംനേഷ്യം | 100 | 200 | 400 |

(ബി) ഇല്ല.

(സി&ഡി) സ്റ്റേഡിയം ഉപയോഗിക്കുന്നതിനുള്ള ഫീസുകൾ നിശ്ചയിക്കുന്നത് കേരളാ പോലീസ് സ്പോർട്സ് ആൻഡ് യൂത്ത് വെൽഫയർ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയാണ്.

## നെയ്യാറ്റിൻകരയിലെ അനധികൃത പാരാമെഡിക്കൽ സ്ഥാപനങ്ങൾ

187 (194) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് അനധികൃതമായി എത്ര പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; അവ ഏതൊക്കെയാണ്;

(ബി) അനധികൃത പാരാമെഡിക്കൽ സ്ഥാപനങ്ങൾ നടത്തിവന്ന എത്രപേരുടെ പേരിൽ നിയമ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഇതിന്റെ പേരിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തരവകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) നെയ്യാറ്റിൻകര താലൂക്കിൽ അനധികൃതമായി എത്ര പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; അവയുടെ പേരുവിവരം വെളിപ്പെടുത്താമോ; ഈ സ്ഥാപനങ്ങളുടെ പേരിൽ 2018 ഡിസംബർ മാസത്തിനുമുൻപ് നിയമ നടപടി സ്വീകരിക്കാൻ കഴിയുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ യാതൊന്നും പ്രവർത്തിക്കുന്നില്ല.

(ബി) 'ഭാരത് പാരാ മെഡിക്കൽസ് ഇൻസ്റ്റിറ്റ്യൂട്ട്' എന്ന സ്ഥാപനം നടത്തിയിരുന്ന എൽ. എസ്. പ്രസാദിനെതിരെ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ ക്രൈം നം. 718/2018 u/s 406, 420 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും ടിയാനെ അറസ്റ്റ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന നഴ്സിംഗ് സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ച് അവയ്ക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനായി ആഭ്യന്തരവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ലഭ്യമായവിവരം അനുസരിച്ച് നിലവിൽ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

**കൊച്ചിയിലെ റീജിയണൽ ഫോറൻസിക് ലാബ്**

188 (196) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിൽ എത്ര കേസ്സുകളാണ് പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്നത് എന്ന് സ്ഥാപനം തിരിച്ചും വർഷം തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കേസ്സുകളുടെ ഫോറൻസിക് റിപ്പോർട്ട് യഥാസമയം ലഭിക്കാത്തതിനാൽ കുറ്റവാളികൾ രക്ഷപ്പെടുന്നതും ഇരയ്ക്ക് നീതി ലഭിക്കാതെ പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) കൊച്ചിയിലെ റീജിയണൽ ലാബിന്റെ പണി എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ ഇതിന്റെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ; നിർമ്മാണ കരാർ പ്രകാരം എന്നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) കൊച്ചിയിൽ പുതിയ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന്റെ തടസ്സം എന്താണെന്ന് വിശദമാക്കാമോ; ഇതിന് പരിഹാരം കാണുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഇ) കേസ്സുകൾ അട്ടിമറിക്കുക എന്ന ഗൂഢലക്ഷ്യത്തോടെ വകുപ്പിലെ ചില ഉന്നതരുടെ ഗൂഢാലോചനയാണ് കൊച്ചിയിലെ ലാബിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള തടസ്സമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാരെ വിന്യസിച്ച് ലാബിന്റെ പ്രവർത്തനം എന്ന് തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്ന കേസ്സുകളുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | 2014 | 2015 | 2016 | 2017 | 2018 | ആകെ |
|---|---|---|---|---|---|---|---|
| 1 | FSL, Tvpm | 169 | 353 | 1065 | 1771 | 2507 | 5865 |
| 2 | RFSL, Thrissur | 0 | 17 | 403 | 618 | 915 | 1953 |
| 3 | RFSL, Kannur | 169 | 317 | 361 | 270 | 433 | 1550 |
| 4 | RFSL, Kochi | 0 | 0 | 0 | 22 | 226 | 248 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 30-11-2016-ലെ കെ.പി.എച്ച്.സി.സി.-യുടെ MoPF/6848/2015 നമ്പർ പ്രവർത്തനാനുമതി പ്രകാരം കൊച്ചിയിൽ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 28-2-2018-ലായിരുന്നു നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നത്. ചുറ്റുമതിൽ, ഗേറ്റ്, ഗാർഡ് റൂം എന്നിവ നിർമ്മിക്കുന്നതിനും ഓഫീസ് സജ്ജീകരിക്കുന്നതിനുമുള്ള നടപടി പൂർത്തീകരിച്ചുവരുന്നു.

(ഡി&ഇ) കൊച്ചിയിൽ പുതിയ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ തടസ്സമൊന്നുമില്ല. പരീക്ഷണശാലകളുടെ സജ്ജീകരണം പൂർത്തിയാകുന്ന മുറയ്ക്ക് ലാബ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ഉന്നത തസ്തികകളിലെ നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ്**

189 (198) <u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല തസ്തികകളിലെ നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കണമെന്നും അത് കർശനമായി പാലിക്കണമെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജരായി കെ.റ്റി. അദീബിനെ നിയമിച്ച വേളയിൽ മേല്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ക്ലിയറൻസ് വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. 16-7-2018-ന് ചേർന്ന 46-ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഈ തസ്തികയിലേയ്ക്ക് ആന്യത്ര സേവനവ്യവസ്ഥയിലുള്ള നിയമനം നടത്തുകയായിരുന്നു.

**വിജിലൻസ് മിന്നൽ പരിശോധന**

190 (199) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യാപകമായി നവംബർ മാസം കോർപ്പറേഷനുകളിലും മുൻസിപ്പൽ ഓഫീസുകളിലും വിജിലൻസ് മിന്നൽ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച റിപ്പോർട്ട് വിജിലൻസ് സർക്കാരിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നവംബർ മാസം വിവിധ കോർപ്പറേഷനുകളിലും മുനിസിപ്പൽ ഓഫീസുകളിലും മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി &സി) മിന്നൽ പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തയ്യാറാക്കി വരുന്നു. ആയത് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടില്ല.

## ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിലെ ഒഴിവുകൾ

191(200) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിലെ ഫയർമാൻ തസ്തികകളിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കഴിഞ്ഞ 6 മാസത്തിനുള്ളിൽ, ഫയർമാൻ തസ്തികയിൽ പുതിയ ഒഴിവുകൾ, എൻ.ജെ.ഡി., പ്രത്യേക സംവരണ വിഭാഗം, പ്രതീക്ഷിത ഒഴിവുകൾ എന്നീ ഇനങ്ങളിൽ 94 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 44 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്. ആയതിന്റെ ജില്ല അടിസ്ഥാനത്തിലെ വിവരംചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| തൃശ്ശൂർ | - 4 | കൊല്ലം | - 3 |
| കോഴിക്കോട് | - 9 | കാസർഗോഡ് | -2 |
| ആലപ്പുഴ | -2 | കണ്ണൂർ | - 5 |
| മലപ്പുറം | -3 | എറണാകുളം | - 3 |
| പാലക്കാട് | -6 | ഇടുക്കി | -1 |
| പത്തനംതിട്ട | - 3 | കോട്ടയം | - 2 |
| വയനാട് | - 1 | | |

## വളാഞ്ചേരി ഫയർ സ്റ്റേഷൻ

192 (201) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) വളാഞ്ചേരി ഫയർ സ്റ്റേഷന്റെ തസ്തികനിർണ്ണയം സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാരിലുള്ള ഫയലിന്റെ അവസ്ഥയെന്തെന്ന് അറിയിക്കുമോ;

(സി) വളാഞ്ചേരി ഫയർ സ്റ്റേഷന് വേണ്ടി വാഹനങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയതിനുശേഷം ഫയർ സ്റ്റേഷൻ തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ വാഹനങ്ങൾ അനുവദിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശ സമർപ്പിക്കുവാൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ്

193 (202) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ പഠനം നടത്തി, സംസ്ഥാനത്ത് മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതായ ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ് ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ചാത്തന്നൂർ അഗ്നിരക്ഷാനിലയം സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലം (കൊല്ലം, താലൂക്കിൽ മീനാട് വില്ലേജിൽ സർവ്വേ 91/14-ൽ ഉൾപ്പെട്ട 20 സെന്റ് സ്ഥലം) ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് വിട്ടു കിട്ടുന്നതിനായി കൊല്ലം ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയതിന് ശേഷമുള്ള നടപടികളിലെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൊല്ലം ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയതു പ്രകാരം ടി സ്ഥലം ഫയർ & റെസ്ക്യൂ സ്റ്റേഷന് കൈമാറുന്നതിന് പോലീസ് വകുപ്പിന് എതിർപ്പുണ്ടെന്ന് തഹസിൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിന്റെ എതിർപ്പ് മാറ്റിക്കിട്ടുന്നതിനായി കൊല്ലം ജില്ലാ ഫയർ ഓഫീസർ, കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് കത്ത് നൽകുകയുണ്ടായി. കൊല്ലം ജില്ലയിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നം.30-ൽ റീ സർവ്വേ നമ്പർ 91/14-ൽ ഉൾപ്പെട്ട ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ 20 സെന്റ് സ്ഥലം പരവൂർ അഗ്നിരക്ഷാ നിലയത്തിനായാണ് പോലീസ് വകുപ്പ് നിർദ്ദേശിച്ചതെന്നും പരവൂർ നിലയത്തിന് സ്വന്തമായി സ്ഥലം ലഭ്യമായ സാഹചര്യത്തിൽ ടി സ്റ്റേഷനുവേണ്ടി കണ്ടെത്തിയ സ്ഥലം ചാത്തന്നൂർ അഗ്നിരക്ഷാ നിലയത്തിനുവേണ്ടി വിട്ടുനൽകുവാൻ നിർവ്വാഹമില്ലായെന്നും കൊല്ലം ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

## വേങ്ങര മണ്ഡലത്തിലെ ഫയർ സ്റ്റേഷൻ

194 (203) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര മണ്ഡലത്തിൽ അനുവദിക്കപ്പെട്ട ഫയർ സ്റ്റേഷൻ ഇതുവരെയും പ്രവർത്തനമാരംഭിക്കാത്തതിനാൽ ഇക്കഴിഞ്ഞ പ്രളയത്തിൽ ഇവിടെ നേരിട്ട ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലവും ആവശ്യമായ തസ്തികകളും അനുവദിച്ചുത്തരവായിട്ടും പ്രസ്തുത സ്റ്റേഷൻ ആരംഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(സി) തൽക്കാലം പ്രവർത്തിക്കാനാവശ്യമായ വാടക കെട്ടിടങ്ങൾ കണ്ടെത്തിയിട്ടും ഫയർ സ്റ്റേഷൻ പ്രവർത്തനം തുടങ്ങാൻ തടസ്സമെന്താണ്; എത്രയും വേഗം ഫയർസ്റ്റേഷൻ പ്രവർത്തനം തുടങ്ങുവാൻ വേണ്ട നടപടികൾ ഉണ്ടാവുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വേങ്ങരയിൽ ഫയർ സ്റ്റേഷൻ ഇല്ലായെങ്കിലും ഇക്കഴിഞ്ഞ പ്രളയത്തിൽ തിരൂർ, മലപ്പുറം നിലയത്തിലെ ജീവനക്കാർ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട് 300-ലേറെ ആളുകളെ രക്ഷപ്പെടുത്തിയിട്ടുണ്ട്.

(ബി) വേങ്ങരയിൽ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് എ.ആർ.നഗർ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റീ സർവ്വേ നമ്പർ 311/1-ലെ പി.എച്ച്.സി. കോമ്പൗണ്ടിൽപ്പെട്ട 25 സെന്റ് സ്ഥലമാണ് അനുവദിച്ച് ഉത്തരവായിട്ടുള്ളത്. പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി തുടർന്നുവരുന്നു.

(സി) ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് വാടക കെട്ടിടം കണ്ടെത്തിയിട്ടില്ല.

## പരവൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

195 (204) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലുള്ള പരവൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പരവൂർ അഗ്നി രക്ഷാനിലയത്തിന്റെ ആവശ്യത്തിനായി നിലവിൽ അനുവദിച്ചിട്ടുള്ള ഉപകരണങ്ങളുടെയും യന്ത്രസംവിധാനങ്ങളുടെയും വാഹനങ്ങളുടെയും പ്രത്യേകം പ്രത്യേകമായ എണ്ണവും മറ്റ് വിശദാംശങ്ങളും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-20-ലെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി, പരവൂർ അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി പ്ലാൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള വാഹനങ്ങൾ

എം.റ്റി.യു. -1

ജീപ്പ് -1

നിലവിലുള്ള ഉപകരണങ്ങൾ

ചെയിൻ സാ -3

അസ്കാലൈറ്റ് - 1

ഹൈഡ്രോളിക് റ്റൂൾ സെറ്റ് - 1

ഫ്ലോട്ട് പമ്പ് -1

**താനൂർ ഫയർ സ്റ്റേഷൻ**

196 (205) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ താനൂരിൽ അനുവദിച്ച ഫയർ സ്റ്റേഷൻ നാളിതുവരെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) വാടകയ്ക്ക് കണ്ടെത്തിയ കെട്ടിടത്തിലും സ്ഥലത്തിലും ഫയർ സ്റ്റേഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) താനൂർ ഫയർ സ്റ്റേഷൻ സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ 2017-ൽ ഉണ്ടായിരുന്ന F2/348/17 എന്ന ഫയലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇതു സംബന്ധിച്ച് ആഭ്യന്തരവകുപ്പിൽ നിലവിലുള്ള F2/436/18-ലെ നമ്പർ ഫയലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) താനൂരിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് താനൂരിൽ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. താനൂരിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് സ്ഥലവും കെട്ടിടവും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഫയർ സ്റ്റേഷന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) താനൂരിൽ വാടക കെട്ടിടത്തിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് പരിയാപുരം വില്ലേജിലെ റീ സർവ്വേ നമ്പർ 216/2-ൽ താനൂർ നഗരസഭ 22/102 നമ്പർ കെട്ടിടത്തോടുകൂടിയ 40 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിട്ടുള്ളതല്ല എന്ന് നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി) എഫ്2/348/2017/ആഭ്യന്തരം നമ്പർ ഫയലിൽ താനൂർ ഫയർ സ്റ്റേഷന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യവും തസ്തികകളും ഇതര അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണെന്ന് വകുപ്പ് മേധാവിയെ അറിയിച്ചിട്ടുണ്ട്.

(ഡി) താനൂർ ഫയർ സ്റ്റേഷന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായശേഷം ഭരണാനുമതി നൽകി, ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മഞ്ചേരി ഫയൽ സ്റ്റേഷൻ**

197 (206) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഫയർ സ്റ്റേഷന് പുതിയ വാഹനം നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് വാഹനം അനുവദിച്ചുവെങ്കിലും വാഹനം കൈമാറ്റം ചെയ്യാൻ കഴിയാത്ത സാഹചര്യം വിശദമാക്കാമോ;

(സി) മഞ്ചേരി ഫയർ സ്റ്റേഷനിലെ അടിയന്തര സാഹചര്യം പരിഗണിച്ച് പുതിയ വാഹനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. ബഹു. മഞ്ചേരി എം.എൽ.എ, കേരള വ്യാപാരി വ്യവസായി അസോസിയേഷൻ മഞ്ചേരി യൂണിറ്റ് പ്രസിഡന്റ് എന്നിവരുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് മഞ്ചേരി ഫയർ സ്റ്റേഷന് വാഹനങ്ങൾ അനുവദിച്ചിട്ടില്ല.

(സി) പുതിയ വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ മഞ്ചേരി നിലയത്തിന് പ്രാധാന്യം നൽകി അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**മഞ്ചേരി ഫയർ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനം**

198 (207) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഫയർ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സർക്കാർ ഭൂമി ലഭ്യമാക്കിയിട്ടും പ്രസ്തുത ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫയർ സ്റ്റേഷന്റെ കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) മഞ്ചേരി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലം വകുപ്പിന് കൈമാറി

ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭരണാനുമതിക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും വിധേയമായി മാത്രമേ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**നാദാപുരം ഫയർ സ്റ്റേഷൻ**

199 (208) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നാദാപുരം ഫയർ സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് സംഭാവനയായി ലഭിച്ച ഭൂമിയുടെ കൈമാറ്റം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നാദാപുരം അഗ്നിരക്ഷാ നിലയത്തിനുവേണ്ടി കണ്ടെത്തിയിട്ടുള്ള വടകര താലൂക്കിലെ നാദാപുരം വില്ലേജിലെ സർവ്വേ നമ്പർ 73/1-ൽപ്പെട്ട 25 സെന്റ് സ്ഥലത്തിന്റെ സ്കെച്ച്, ഗണം എന്നിവ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതായി വടകര തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവ്യക്തത പരിഹരിക്കുന്നതിനായി വടകര തഹസിൽദാർ നാദാപുരം വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അങ്കമാലി മണ്ഡലത്തിലെ ഫയർ സ്റ്റേഷൻ**

200 (209) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ കാലടി കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനായി നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം പരിശോധിച്ച് റിപ്പോർട്ട് തേടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) മലയാറ്റൂർ, കാലടി എന്നീ സ്ഥലങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ, വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) പ്രസ്തുത നിവേദനത്തിന്മേൽ ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടുകയും, കാലടി കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് ഡയറക്ടർ ജനറൽ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചുവരികയുമാണ്.

**ആലത്തൂർ ഫയർ സ്റ്റേഷന് കെട്ടിടം**

201 (210) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷനുവേണ്ടിയുള്ള പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ചിരിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയെക്കുറിച്ച് വിശദമാക്കുമോ ;

(സി) ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്ന് മുതൽ പുതിയ കെട്ടിടത്തിൽ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുഴൽമന്ദം പഞ്ചായത്തിലെ ബ്ലോക്ക് നമ്പർ 17-ൽ റീസർവ്വേ നമ്പർ 672/6-ൽ ഉൾപ്പെട്ടതും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ളതുമായ 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. സ്ഥലം കൈമാറി ലഭിച്ചതിനുശേഷം ഭരണാനുമതി നൽകി കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് വകയിരുത്തി, കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ ശേഷം മാത്രമേ പുതിയ കെട്ടിടത്തിൽ സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങാൻ കഴിയുകയുള്ളൂ.

**പെരിങ്ങോം ഫയർ സ്റ്റേഷൻ**

202 (211) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത കെട്ടിടത്തിന് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) പെരിങ്ങോം ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതുവരെ നീട്ടിവച്ചിരിക്കുകയാണ്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കാട്ടാക്കട ഫയർ സ്റ്റേഷൻ**

203 (212) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ; ഈ വർഷത്തെ പദ്ധതി തുകയിൽ വകയിരുത്തി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുമോ; ആയതിന്റെ തുടർ നടപടികൾ വിശദമാക്കാമോ?

ഉത്തരം

കാട്ടാക്കട അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കിയ പ്ലാൻ വകുപ്പുതലത്തിൽ സാക്ഷ്യപ്പെടുത്തിയത് തുടർ നടപടികൾക്കായി നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം)-ന് കൈമാറിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ടി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ഒറ്റപ്പാലം ഫയർ സ്റ്റേഷൻ**

204 (213) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തത് എന്നാണ്; അതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഇത്രയും കാലതാമസം വന്നതിന്റെ കാരണം വിശദീകരിക്കാമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്ന് പ്രവർത്തനം തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 17-1-2001-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 197/2001/ആഭ്യന്തരം പ്രകാരം തയ്യാറാക്കിയ പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ ഒറ്റപ്പാലം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും അനുയോജ്യമായ സ്ഥലം നാളിതുവരെ കണ്ടെത്താനായില്ല.

(സി) അനുയോജ്യമായ സ്ഥലം കണ്ടെത്തി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഒറ്റപ്പാലം ഫയർ സ്റ്റേഷൻ ആരംഭിക്കാവുന്നതാണ്.

**നിലമ്പൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

205 (214) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി പട്ടികജാതി വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) നിലമ്പൂർ ജവഹർ കോളനിയിൽ കണ്ടെത്തിയ സ്ഥലം വിട്ടു നൽകുന്നതിന് പട്ടികജാതി ക്ഷേമ വകുപ്പ് മലപ്പുറം ജില്ലാ ഓഫീസ് ബോധപൂർവ്വമായ അലംഭാവവും, കാലതാമസവും കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുടർ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) 2016-17 സംസ്ഥാന ബഡ്ജറ്റിൽ നിലമ്പൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഏതു മുഖ്യ ശീർഷകത്തിലാണ് നിലമ്പൂർ ഫയർ സ്റ്റേഷൻ ഉൾപ്പെടുത്തിയിരിക്കുന്നത്; ആയതിനായി എത്ര തുകയാണ് വകയിരുത്തിയിരുന്നത്?

ഉത്തരം

(എ) നിലമ്പൂർ ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള പട്ടികജാതി വികസന വകുപ്പിന്റെ കൈവശമുള്ള സ്ഥലം വകുപ്പിന് കൈമാറുന്നതിന് സമ്മതമാണോ എന്നത് അറിയിക്കുന്നതിനായി നിലമ്പൂർ തഹസിൽദാർ മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായി ഫണ്ടിന്റെ ലഭ്യത, പ്രോജക്ട് റിപ്പോർട്ട്, ഭരണാനുമതി എന്നിവ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം II-ൽ (മരാമത്ത് പണികളുടെ വിശദവിവരം) മുഖ്യശീർഷകം" 4059" -ൽ ക്രമ നം.38-ൽ 100 രൂപ ടോക്കൺ പ്രൊവിഷൻ നിലമ്പൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഉൾപ്പെടുത്തിയിരുന്നു.

**കല്ലമ്പലത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ**

206 (215) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ കല്ലമ്പലം കേന്ദ്രീകരിച്ച് ഫയർ ആൻറ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യ നടത്തിയ പഠന റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കല്ലമ്പലത്ത് അടിയന്തരമായി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുമോ?

ഉത്തരം

(എ&ബി) കല്ലമ്പലം കേന്ദ്രീകരിച്ച് ഒരു ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി നാവായിക്കുളം വില്ലേജിലെ ബ്ലോക്ക് നം.23-ൽ സർവ്വേ നമ്പർ 233/1-ൽ ഉൾപ്പെട്ട 19.34 ആർ സർക്കാർ പുറമ്പോക്ക് ഭൂമി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്.

മുൻഗണനാക്രമം പരിശോധിച്ച് ടി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ചാലിയാറിന്റെ തീരത്ത് ഫയർ സ്റ്റേഷൻ**

207 (216) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിൽ ചാലിയാറിന്റെ തീരത്ത് ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത്, കെട്ടിടം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയർ ആൻഡ് റസ്ക്യൂ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് തൃപ്തി രേഖപ്പെടുത്തിയതിനെത്തുടർന്ന് നൽകിയ റിപ്പോർട്ടിൻമേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനം നടത്തി, മാവൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ**

208 (217) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസൗകര്യങ്ങൾ നിറഞ്ഞ കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ തുക അനുവദിക്കുമോ;

(ബി) ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ പുരോഗമിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഫയർ സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക്, ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് കണ്ടെത്തിയ ചിറക്കടവ് വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ സർവ്വേ നമ്പർ 257-ൽ ഉൾപ്പെട്ട 17.68 ആർ ഭൂമിയുമായി ബന്ധപ്പെട്ട് പാലാ സബ് കോടതിയിൽ AS No.37/18 നമ്പർ കേസ്സ് നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്ലോട്ടിൽ, കേസ്സിൽ ഉൾപ്പെടാത്ത ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിനായി കാഞ്ഞിരപ്പള്ളി തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ബദിയഡുക്കയിൽ ഫയർ സ്റ്റേഷൻ**

209 (218) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബദിയഡുക്കയിൽ ഫയർ സ്റ്റേഷൻ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത് നടപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഫയർ സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കാൻ എല്ലാവർഷവും കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് ഫണ്ട് അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഇപ്രകാരം എത്ര രൂപ കേന്ദ്രത്തിൽ നിന്ന് ലഭിച്ച എന്നും ഇതിൽനിന്നും ബദിയഡുക്ക അടക്കം എത്ര ഫയർ സ്റ്റേഷനുകൾക്ക് എത്ര തുക വീതം നീക്കിവച്ചുവെന്നും വ്യക്തമാക്കാമോ;

(ഇ) ബദിയഡുക്കയിൽ ഏത് സ്ഥലമാണ് ഫയർ സ്റ്റേഷനായി കണ്ടെത്തിയതെന്നും ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(എഫ്) ബദിയഡുക്ക ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് എത്ര തസ്തികകൾ ആവശ്യമാണെന്നും അവ എപ്പോൾ അനുവദിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അന്തിമ തീരുമാനം എടുത്തിട്ടില്ല. ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്ന കാര്യം പരിശോധിച്ച വരികയാണ്.

(സി) ഫയർ സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണത്തിന് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടില്ല.

(ഡി) ബാധകല്ല.

(ഇ) ബേള വില്ലേജിലെ റീ-സർവ്വേ നമ്പർ 348/2pt-യിൽ ഉൾപ്പെട്ട 2 ഏക്കർ റവന്യൂ ഭൂമി വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം വകുപ്പിന് കൈമാറ്റം ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നു.

(എഫ്) ഒരു ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യം വേണ്ട തസ്തികകളുടെ എണ്ണം 40 ആണ്. ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അന്തിമ തീരുമാനമെടുത്ത്, സ്ഥലം കൈമാറി ലഭിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയ ശേഷം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഫുഡ് ഫോർ ഫ്രീഡം

210 (219) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഫുഡ് ഫോർ ഫ്രീഡം" എന്ന ജയിൽ വകുപ്പിന്റെ സംരംഭം ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിവരുന്നു; ഓരോ ജില്ലയിലും എത്ര വീതം പൊതു വിൽപ്പന ഔട്ട്‌ലെറ്റുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഔട്ട്‌ലെറ്റുകളിൽ പ്രവർത്തന സമയം രേഖപ്പെടുത്തിയിട്ടില്ലാത്തത് ഭക്ഷണം വാങ്ങാനെത്തുന്നവരെ പലപ്പോഴും ബുദ്ധിമുട്ടിക്കുന്നുവെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) പൊതുജനങ്ങൾ ഭക്ഷ്യോൽപ്പന്നങ്ങൾ വാങ്ങാനെത്തുന്ന ഇത്തരം ഔട്ട്‌ലെറ്റുകളിൽ കൃത്യമായ പ്രവർത്തന സമയം രേഖപ്പെടുത്താത്തതും പാലിക്കാത്തതും എന്തുകൊണ്ട് എന്നറിയിക്കുമോ;

(ഡി) ജനോപകാരപ്രദമായ ഇത്തരമൊരു ഗവൺമെന്റ് ഭക്ഷ്യവിൽപ്പനശാല നിലനിർത്തുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജയിൽ വകുപ്പിൽ ആരംഭിച്ച ഫുഡ് ഫോർ ഫ്രീഡം എന്ന സംരംഭം താഴെപ്പറയുന്ന 12 ജയിലുകളിൽ 2018 നവംബർ 1 മുതൽ 'ഫ്രീഡം ഫുഡ് ഫാക്ടറി' (Freedom Food Factory) എന്ന പുനർ നാമത്തിൽ പ്രവർത്തിച്ചുവരുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഔട്ട്‌ലെറ്റുകളുടെ എണ്ണം |
|---|---|---|
| 1 | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം | 4 മൊബൈൽ കൗണ്ടർ<br>3 ടേക് എവേ കൗണ്ടർ |
| 2 | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ, തൃശ്ശൂർ | 1 വിൽപ്പന കൗണ്ടർ<br>2 മൊബൈൽ കൗണ്ടർ |
| 3 | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ | 2 വിൽപ്പന കൗണ്ടർ<br>3 മൊബൈൽ കൗണ്ടർ |
| 4 | തുറന്ന ജയിൽ & കറക്ഷണൽ ഹോം, ചീമേനി, കാസർഗോഡ് | 3 മൊബൈൽ കൗണ്ടർ<br>4 വിൽപ്പന കൗണ്ടർ |
| 5 | ജില്ലാ ജയിൽ, കൊല്ലം | 1 വിൽപ്പന കൗണ്ടർ<br>1 മൊബൈൽ കൗണ്ടർ |

| | | |
|---|---|---|
| 6 | ജില്ലാ ജയിൽ, പത്തനംതിട്ട | ശബരിമല തീർത്ഥാടന സമയത്ത് മാത്രം പ്രവർത്തിക്കുന്നു. എന്നാൽ പത്തനംതിട്ട ജില്ലാ ജയിലിന് പുതിയ കെട്ടിട നിർമ്മാണം നടക്കുന്നതിനാൽ ഇപ്പോൾ പ്രസ്തുത യൂണിറ്റ് പ്രവർത്തിക്കുന്നില്ല |
| 7 | ജില്ലാ ജയിൽ, ആലപ്പുഴ | 2 വിൽപ്പന കൗണ്ടർ |
| 8 | ജില്ലാ ജയിൽ, എറണാകുളം | 1 വിൽപ്പന കൗണ്ടർ |
| 9 | ജില്ലാ ജയിൽ, കോഴിക്കോട് | 1 വിൽപ്പന കൗണ്ടർ |
| 10 | വനിതാ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം | 1 വിൽപ്പന കൗണ്ടർ |
| 11 | വനിതാ തുറന്ന ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം | പ്രത്യേക കൗണ്ടർ ഇല്ല. പകരം തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ കൗണ്ടറുകൾ വഴി വിൽപ്പന നടത്തുന്നു |
| 12 | സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം | |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ ജയിലുകൾ, എറണാകുളം, കോഴിക്കോട് ജില്ലാ ജയിലുകൾ, തിരുവനന്തപുരം വനിതാ ജയിൽ എന്നീ സ്ഥാപനങ്ങളുടെ ഔട്ട്ലെറ്റുകളിൽ പ്രവർത്തന സമയം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തന സമയം രേഖപ്പെടുത്തിയിട്ടില്ലാത്ത മറ്റ് ഔട്ട്ലെറ്റുകളിലും കൃത്യമായ സമയക്രമം രേഖപ്പെടുത്തി പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജയിൽ മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ**

211 (220) <u>ശ്രീ. സി. ദിവാകരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജയിലുകളിലുമായി എത്ര തടവുകാരാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജയിലിലും പരമാവധി എത്ര തടവുകാരെ പാർപ്പിക്കാനുള്ള സൗകര്യമുണ്ടെന്നും നിലവിൽ അവിടെ എത്ര തടവുകാരെ പാർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ) 23-11-2018-ലെ കണക്കുപ്രകാരം 7973 തടവുകാർ സംസ്ഥാനത്തെ എല്ലാ ജയിലുകളിലുമായി ഉണ്ട്.

(ബി) തടവുകാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സ്പെഷ്യൽ ജയിലുകൾ

212 (221) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്പെഷ്യൽ ജയിലുകൾ അനുവദിച്ചത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ അനുവദിച്ച സ്പെഷ്യൽ ജയിൽ എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്പെഷ്യൽ ജയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്പെഷ്യൽ ജയിലുകൾ അനുവദിച്ചിട്ടില്ല.

(ബി &സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തടവുകാരുടെ ശിക്ഷാ കാലാവധിയിൽ ഇളവ്

213 (222) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജയിലുകളിൽ കിടക്കുന്ന തടവുകാർക്ക് ഗാന്ധിജയന്തിയോടനുബന്ധിച്ച് ശിക്ഷാകാലാവധിയിൽ ഇളവ് നൽകി അവരെ വിട്ടയ്ക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തടവുകാർക്കാണ് ഇപ്രകാരം ഇളവ് നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച മന്ത്രിസഭാ ശിപാർശ ഗവർണർക്ക് കൈമാറിയിട്ടുണ്ടോ;

(സി) ഏതൊക്കെ കേസ്സുകളിൽ ശിക്ഷ അനുഭവിക്കുന്നവർക്കാണ് ശിക്ഷയിൽ ഇളവ് നൽകുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത്; ഇക്കാര്യത്തിൽ ഗവർണർ എന്തെങ്കിലും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് വിശദീകരണമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 36 തടവുകാർക്ക് ശിക്ഷായിളവ് നൽകുന്നതിനുള്ള മന്ത്രിസഭാ ശിപാർശ ഗവർണർക്ക് കൈമാറിയിട്ടുണ്ട്.

(സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കു വിധേയമായി അയോഗ്യതയില്ലെന്ന് കണ്ടെത്തിയവരെയാണ് ശിക്ഷായിളവിനായി ശിപാർശ ചെയ്തിട്ടുള്ളത്. ശിക്ഷായിളവ് നൽകുന്ന കാര്യത്തിൽ കോടതിയിൽ നിലവിലുള്ള കേസ്സിന്റെ സ്ഥിതി സംബന്ധിച്ചും മറ്റും വിശദീകരണം ആരാഞ്ഞിട്ടുണ്ട്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിൽ തീരുമാനമാകാത്തതിനാലും കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടതിനാലും ഗവർണർക്ക് വിശദീകരണം നൽകിയിട്ടില്ല.

## വാട്ടർ മെട്രോ പദ്ധതി

214 (223) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന വാട്ടർ മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഏതൊക്കെ പ്രദേശങ്ങളിലാണ് വാട്ടർ മെട്രോ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എന്നത്തേക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കും; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതിയുടെ സ്ഥലമെടുപ്പിന് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. കൂടാതെ, ബോട്ടുകൾ, ടെർമിനലുകൾ, ജലത്തിന് മുകളിൽ കിടക്കുന്ന ജെട്ടികൾ മുതലായവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) വരാപ്പുഴ മുതൽ ഇടക്കൊച്ചി വരെയുള്ള 10 ദ്വീപുകളിലായി 45 ബോട്ട് ജെട്ടികളാണ് വാട്ടർ മെട്രോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ആദ്യഭാഗത്തിൽ വൈറ്റില, ഏലൂർ, കാക്കനാട് ബോട്ട് ജെട്ടികൾ ഉൾപ്പെടുത്തി ഡിസംബർ 2019 മുതൽ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി പൂർണ്ണമായും മാർച്ച് 2021-ൽ പൂർത്തീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

**ജലപാതയിലൂടെ ഗതാഗതം**

215 (224) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലപാതയിലൂടെ ഗതാഗതം ആരംഭിക്കുന്നതിനായുള്ള പദ്ധതിയുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന ജലപാതയുടെ (വെസ്റ്റ് കോസ്റ്റ് കനാൽ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി. മീ. ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ആലപ്പുഴ-കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ തമിഴ്നാട്ടിലെ ഇരയിമ്മൻതുറ വരെയുള്ള എ.വി.എം. കനാൽ (NW-13) എന്നിവയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത ഇപ്പോൾത്തന്നെ ഗതാഗത യോഗ്യമാണ്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ അവശേഷിക്കുന്ന കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ

വരെയുമുള്ള ഭാഗം ദേശീയജലപാതാ നിലവാരത്തിലേയ്ക്കുയർ‍ത്തുന്നതിനുള്ള പ്രവൃത്തികൾ ഊർജ്ജിതമായി നടന്നുവരുന്നു. ജലപാതാവികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ചിട്ടുണ്ട്. പാർവതി പുത്തനാറിന്റെ 16.045 കി.മീ ഭാഗത്തെ കനാൽ വികസനം KWIL ന്റെ മേൽനോട്ടത്തിൽ KIIFB ധനസഹായത്തോടെ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ ഭാഗം (ചെ. 411.78 കി.മീ-450.08 കി.മീ) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ആക്കുളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാനപാതയുടെ നവീകരണം (58 കി.മീ.) നടന്നുവരുന്നു. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ-467.69 കി.മീ ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹിക്കും വളപട്ടണത്തിനും ഇതിനിടയിലെ 3 'അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള 'അൺകട്ട്' ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു.

(ബി) മൂന്നുഘട്ടങ്ങളിലായി ദേശീയ ജലപാത നിലവാരത്തിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. 2020-ൽ തീരുന്ന രീതിയിൽ ഒന്നാം ഘട്ടവും 2022-ൽ പൂർത്തിയാകത്തക്കവിധം രണ്ടാം ഘട്ടവും 2025-ൽ അവസാനിക്കുന്നവിധം മൂന്നാംഘട്ടവും നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## അരൂർ മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെ.എസ്.ഐ.എൻ.സി. നിർമ്മിച്ചു നൽകിയ ജംഗാർ

216 (225) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെ.എസ്.ഐ.എൻ.സി. നിർമ്മിച്ചു നൽകിയ ജംഗാർ പെരുമ്പളം പഞ്ചായത്തിന് കൈമാറിയെങ്കിലും നടത്തിക്കൊണ്ടുപോകുവാനുള്ള ബുദ്ധിമുട്ടു കാരണം ടി ജംഗാർ കെ.എസ്.ഐ.എൻ.സി.-യുടെ ഉടമസ്ഥതയിലേയ്ക്ക് കൈമാറുന്ന തീരുമാനം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റെടുക്കൽ നടപടി വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ജംഗാർ അടിയന്തരമായി ഏറ്റെടുത്ത് കെ.എസ്.ഐ.എൻ.സി. നേരിട്ട് നടത്തിവരുന്ന ജംഗാർ സർവ്വീസ് പോലെ ഐശ്വര്യം ജംഗാറും സർവ്വീസ് നടത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പരിശോധിച്ചുവരുന്നു.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനനിലെ ജനറൽ മാനേജർ തസ്തിക

217 (226) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും മന്ത്രിസഭയിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനുള്ള അധികാരം ആർക്കാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയുടെ യോഗ്യത മുൻ സർക്കാരിന്റെ ഭരണകാലത്ത് നിശ്ചയിച്ചത് പ്രകാരം എന്തൊക്കെയായിരുന്നു; ഏത് തലത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ യോഗ്യത നിശ്ചയിച്ചിരുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത തസ്തികയുടെ യോഗ്യതയിൽ മാറ്റംവരുത്തിയത് ഏത് തലത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്;

(ഡി) മന്ത്രിസഭാ യോഗത്തിൽ ഈ തസ്തികയുടെ യോഗ്യത ഭേദഗതി അംഗീകരിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരമുള്ള ഭേദഗതി നിലവിലെ ചട്ടപ്രകാരം ക്രമപ്രകാരമാണോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മന്ത്രിസഭാ യോഗതീരുമാനത്തിന് ചെറിയ ഭേദഗതി ഭേദഗതി വരുത്താൻ കാര്യനിർവ്വഹണചട്ടം പാർട്ട്-I ചട്ടം 20-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും മന്ത്രിസഭാ യോഗതീരുമാനം റദ്ദാക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

(ബി-ഡി) മുൻസർക്കാരിന്റെ ഭരണകാലത്ത് നിശ്ചയിച്ച യോഗ്യത

Graduation with MBA Preferably specialization in Marketing and Finance or CS/CA/ICWAI with 3 years experience ആയിരുന്നു. 2013-ൽ കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്‌മെന്റ് കോർപ്പറേഷനിലെ തസ്തിക സൃഷ്ടിക്കുന്ന വിഷയവും ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടക്കുന്ന കാര്യവും പുറംജോലിക്കരാർ അനുവദിക്കുന്ന കാര്യവും മന്ത്രിസഭയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു. യോഗ്യത നിശ്ചയിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനാവിഷയമായി ഉൾപ്പെടുത്തിയിരുന്നില്ല. ഇക്കാര്യത്തിൽ മന്ത്രിസഭ തീരുമാനിക്കേണ്ട വിഷയമായി ഉൾപ്പെടുത്തിയിരുന്നത് താഴെപ്പറയുന്നു;

(i) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് (ആസ്ഥാന കാര്യാലയം) ആവശ്യമായ ധനകാര്യവകുപ്പും ആസൂത്രണവകുപ്പും അംഗീകരിച്ചിട്ടുള്ള ജനറൽ മാനേജർ (1), കമ്പനി സെക്രട്ടറി (1), എം.ഡി.യുടെ സി.എ. (1), സെക്ഷൻ ഓഫീസർ (1), ക്ലാർക്ക്-കം-കമ്പ്യൂട്ടർ ഓപ്പറേറ്റർ (2), ഡ്രൈവർ-കം-പ്യൂൺ (1) എന്നീ 7 തസ്തികകൾ സൃഷ്ടിക്കുന്നതിനും ഡി.ടി.പി./കമ്പ്യൂട്ടർ ഓപ്പറേറ്റർ, സെക്യൂരിറ്റി/വാച്ച്മാൻ, കാഷ്വൽ സ്വീപ്പർ എന്നിവരുടെ സേവനം പുറംജോലിക്കരാർ നൽകുന്നതിനും അനുമതി നൽകുമോ;

(ii) ധനകാര്യവകുപ്പ് അംഗീകരിച്ചതും ആസൂത്രണവകുപ്പിന്റെ അനുമതി ഇല്ലാത്തതുമായ ചെയർമാന്റെ പി.എ. എന്ന തസ്തിക സൃഷ്ടിക്കാമോ;

(iii) ധനകാര്യവകുപ്പും ആസൂത്രണവകുപ്പും അംഗീകരിച്ചിട്ടില്ലാത്ത ഡെപ്യൂട്ടി മാനേജർ (1), സീനിയർ അസിസ്റ്റന്റ് (3), ഡ്രൈവർ-കം-പ്യൂൺ (2) എന്നീ ആറ് തസ്തികകൾകൂടി അധികമായി സൃഷ്ടിക്കുമോ;

നിലവിലുള്ള യോഗ്യതയോടൊപ്പം അധികയോഗ്യത നിശ്ചയിക്കാനുള്ള 18-8-2016-ലെ സർക്കാർ ഉത്തരവിന് മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ടായിരുന്നു.

### അഴിമതിമുക്ത വികസിത മതേതര കേരളമെന്ന ആശയം

218 (227) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന മൂല്യങ്ങൾക്കുമേൽ പ്രതിലോമ ആശയങ്ങൾ പ്രചരിപ്പിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പുരോഗമന ആശയങ്ങളും മൂല്യങ്ങളും പുനഃസ്ഥാപിക്കുന്നതിനും പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അഴിമതിമുക്ത വികസിത മതേതര കേരളമെന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ജനകീയ ജനാധിപത്യ വിദ്യാഭ്യാസ പരിപാടി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നവോത്ഥാനമൂല്യങ്ങൾ സംബന്ധിച്ച ബോധവൽക്കരണം ലക്ഷ്യമിട്ട് ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാമത് വാർഷികത്തോടനുബന്ധിച്ച് 2018 നവംബർ 9 മുതൽ 13 വരെയുള്ള കാലയളവിൽ തലസ്ഥാനത്തും എല്ലാ ജില്ലകളിലും ന്യൂഡൽഹിയിലും തമസോ മാ ജ്യോതിർഗമയ-ഇരുട്ടിൽനിന്നും വെളിച്ചത്തിലേയ്ക്ക് എന്ന പേരിൽ നവോത്ഥാന ചരിത്രപ്രദർശനം, സെമിനാറുകൾ, ചർച്ചകൾ, പ്രഭാഷണങ്ങൾ, വിവിധ കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് നവോത്ഥാന ചരിത്രം ഉൾപ്പെടുത്തി തമസോ മാ ജ്യോതിർഗമയ എന്ന ലഘുപുസ്തകം അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഈ വിഷയത്തിൽ ഒരു ഡോക്യുമെന്ററിയും തയ്യാറാക്കി പ്രദർശിപ്പിച്ചുവരുന്നു. ഇതിനു പുറമേ സാമൂഹ്യ മാധ്യമങ്ങൾ മുഖേനയും ബോധവൽക്കരണം നടത്തിവരുന്നു. ഇതുസംബന്ധിച്ച പത്രക്കുറിപ്പുകളും വാർത്തകളും വിവിധ പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, എഫ്.എം. ചാനലുകൾ എന്നിവ വഴി പ്രചരിച്ചിട്ടുണ്ട്.

നവോത്ഥാന മൂല്യങ്ങളുടെയും ഭരണഘടനാവകാശങ്ങളുടെയും പ്രാധാന്യം സംബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ ബോധവൽക്കരണം നടത്താനായി 2018 നവംബർ 26 മുതൽ 2019 ജനുവരി 26 വരെ സംസ്ഥാനത്തെ സ്കൂളുകളിൽ പ്രദർശനങ്ങൾ, ക്ലാസ്സ് റൂം അവതരണങ്ങൾ, വിക്ടേഴ്സ് ചാനൽ വഴി മത്സരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി തമസോ മാ ജ്യോതിർഗമയ എന്ന പേരിലുള്ള പ്രത്യേക ക്യാമ്പയിനും സംഘടിപ്പിക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**നിപ വൈറസ്**

219 (228) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബാധിച്ച നിപ്പയുടെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ സ്ഥിതി വിശേഷം ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് ആരോഗ്യ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കേരളത്തിൽ ബാധിച്ച നിപ രോഗത്തിന്റെ ഉറവിടം കൃത്യമായി നിശ്ചയിക്കപ്പെട്ടിട്ടില്ല/കണ്ടെത്തിയിട്ടില്ല. എങ്കിലും പ്രദേശത്തുനിന്നും ശേഖരിച്ച പഴംതീനി വവ്വാലുകളിൽ നിപ വൈറസ് കണ്ടെത്തിയിട്ടുണ്ട്. മുൻപേ ഈ രോഗം സ്ഥിരീകരിച്ച രാജ്യങ്ങളായ ബംഗ്ലാദേശ്, മലേഷ്യ എന്നിവിടങ്ങളിലും വവ്വാലുകളിൽ നിപ വൈറസ് കണ്ടെത്തിയിരുന്നു. അതിനാൽ ലോകാരോഗ്യ സംഘടനയുടെ അനുമാനം അനുസരിച്ച് പഴംതീനി വവ്വാലുകളെ നിപ വൈറസ്സിന്റെ ഉറവിടമായി കരുതുന്നു.

(ബി) ആരോഗ്യവകുപ്പ് അതീവ ജാഗ്രതയോടെ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു. മസ്തിഷ്കജ്വര ലക്ഷണങ്ങളുമായി വരുന്ന മുഴുവൻ രോഗികളുടെയും രക്തം, മൂത്രം, സുഷുമ്നാസ്രവം മുതലായവ നിപ രോഗാണുവിനെ കണ്ടെത്താനുള്ള ടെസ്റ്റുകൾക്ക് വിധേയമാക്കിവരുന്നു. ഇതിനായി പൂനെയിലെ ദേശീയ വൈറോളജി ലാബിന്റെയും മണിപ്പാൽ വൈറോളജി ലാബിന്റെയും സഹായം ലഭ്യമാക്കുന്നുണ്ട്. പഴംതീനി വവ്വാലുകൾ കൂടുതൽ പാർക്കുന്ന പ്രദേശങ്ങളിൽ പ്രത്യേകം നിരീക്ഷണം മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് നടത്തുന്നു. മൃഗസംരക്ഷണ വകുപ്പുമായി സംയോജിച്ചുള്ള ഗവേഷണപ്രവർത്തനങ്ങൾക്ക് ശ്രമം നടത്തിവരുന്നു. പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കായി പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടത്തുകയും വവ്വാലുകൾ ഭക്ഷിച്ച് ബാക്കിയാവുന്ന വിവിധയിനം പഴവർഗ്ഗങ്ങൾ മനുഷ്യർ ഭക്ഷിക്കാതിരിക്കാൻ പ്രത്യേകം പ്രചരണം നടത്തുകയും ചെയ്യുന്നു. ആശുപത്രികളിൽ അണുനവീകരണ പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കുകയും ജീവനക്കാർക്ക് ആവശ്യമായ ഉപകരണങ്ങളും സാധന സാമഗ്രികളും ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം ശക്തമായ പ്രവർത്തനങ്ങൾവഴി ഇനിയൊരു നിപ രോഗബാധയോ അതുമൂലമുള്ള മരണങ്ങളോ പ്രതിരോധിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

**വൃക്ക മാറ്റിവച്ചവർക്ക് സൗജന്യ മരുന്ന്**

220 (229) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക മാറ്റിവച്ചവർക്ക് സൗജന്യ മരുന്നുകൾ നൽകുന്ന രീതി നിലവിൽ എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ ആശുപത്രികൾ മാത്രം മരുന്നുകൾ നൽകിയാൽ മതിയെന്ന നിർദ്ദേശം രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്ന കാര്യം പരിശോധിക്കുമോ;

(സി) മലപ്പുറം ജില്ലയിൽ ഇത്തരം മരുന്ന് വിതരണം താലൂക്ക് ആശുപത്രികൾ വഴിയും മറ്റ് സർക്കാർ അശുപത്രികൾ വഴിയും വിതരണം ചെയ്യണമെന്ന നിവേദനം സർക്കാരിൽ നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) താലൂക്ക് അശുപത്രികൾ വഴി മരുന്ന് വിതരണം നടത്തുവാൻ നിലവിലുള്ള ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്ത രോഗികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ചിസ് പ്ലസ് മുഖേന 1,48,000 രൂപയുടെയും കാരുണ്യ ബനവലന്റ് പദ്ധതിയിലൂടെ ആദ്യ ഗഡുവായി രണ്ട് ലക്ഷം രൂപയുടെയും പിന്നീട് ഒരു ലക്ഷം രൂപയുടെയും മരുന്നുകൾ സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മൂന്ന് ലക്ഷം രൂപയുടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരു ലക്ഷം രൂപയുടെയും സഹായം ലഭിക്കുന്നതാണ്. കൂടാതെ പ്രതിമാസം ആയിരം രൂപ പെൻഷനായും അനുവദിക്കാറുണ്ട്.

(ബി) ജില്ലാ ആശുപത്രികൾ മാത്രം മരുന്നുകൾ നൽകിയാൽ മതിയെന്ന നിർദ്ദേശം ആരോഗ്യവകുപ്പ് നൽകിയിട്ടില്ല.

(സി) നിലവിലുണ്ട്. പരിശോധിച്ചുവരുന്നു.

(ഡി) ബാധകമല്ല.

**ട്രോമാ കെയർ യൂണിറ്റ്**

221 (230) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലാ ആശുപത്രിയിൽ ട്രോമ (trauma) കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

<u>ലെവൽ 1</u>

ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനായി പാലക്കാട് ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും അത്യാഹിത വിഭാഗം നവീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ലെവൽ 2</u>

ട്രോമാ കെയറിനായി 2014-15 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പ് മുഖേന സിവിൽ ഇലക്ട്രിക്കൽ വർക്കിനായി ഡെപ്പോസിറ്റ് പ്രവൃത്തിയായി നൽകി അത്യാഹിത വിഭാഗത്തിനോട് ചേർന്ന് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി ഇലക്ട്രിക്കൽ പ്രവൃത്തികൾക്കും ഉപകരണങ്ങൾക്കുമായി 3.6 ലക്ഷം, 2 ലക്ഷം എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. ആർ.എസ്.ബി.വൈ ഫണ്ടിൽനിന്നും 8 ലക്ഷം രൂപ ഉപകരണങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് പ്രത്യേക ഒബ്സർവേഷൻ റൂം സജ്ജീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിക്കാനുള്ളത്. കൂടാതെ എം.പി. ഫണ്ടിൽനിന്നും ട്രോമാ കെയറിൽ സ്ഥാപിക്കേണ്ട ഉപകരണങ്ങൾക്കായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 13,09,363 രൂപയുടെ മെഡിക്കൽ എക്യൂപ്മെന്റ്സ് സൗജന്യമായി ട്രോമാ കെയറിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

<u>ലെവൽ 3</u>

ട്രോമാ കെയറിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 44,67,743 രൂപയുടെ മെഡിക്കൽ എക്യൂപ്മെന്റ്സ് നൽകിയിട്ടുണ്ട്.

കൂടാതെ 2018-19 സാമ്പത്തിക വർഷത്തിലെ ആരോഗ്യ വകുപ്പിന്റെ "സ്ട്രെംഗ്തനിംഗ് ഓഫ് എമർജൻസി മെഡിക്കൽ കെയർ " എന്ന പദ്ധതി പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ആരോഗ്യ മേഖലയിൽ നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ

222 (231) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യ മേഖലയിൽ നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിൽ എത്ര പുതിയ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രികളെ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും രോഗികൾക്ക് നല്ല ചികിത്സ ലഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി, ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം, ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, സുൽത്താൻബത്തേരി, റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം എന്നീ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചു. മലയിൻകീഴ്, പത്തനാപുരം, കൊണ്ടോട്ടി, പനത്തടി, മംഗൽപാടി, ബേഡഡുക്ക എന്നീ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളെ താലൂക്കാസ്ഥാന ആശുപത്രിയായി ഉയർത്തുകയും ഇവയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18-ൽ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഭരണാനുമതി നൽകുകയും ഇതിൽ 155 കേന്ദ്രങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലേയ്ക്ക് 340 സ്റ്റാഫ് നഴ്സുമാരുടെയും 170 ഡോക്ടർമാരുടെയും 170 ലാബ് ടെക്നീഷ്യൻമാരുടെയും 150 ഫാർമസിസ്റ്റുമാരുടെയും തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡ പ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പു വരുത്തുന്നതിലേയ്ക്കായി ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ ഒന്നാംഘട്ടത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ 143 വിവിധ തസ്തികകൾ സൃഷ്ടിച്ചു

നൽകിയിട്ടുണ്ട്. രോഗികൾക്ക് online appointment എടുത്ത് കൺസൾട്ടേഷൻ നടത്താനുള്ള software തയ്യാറാക്കുകയും ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുകയും ചെയ്തുവരുന്നു. ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കിയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തിയും ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവൽക്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നീ സൗകര്യങ്ങൾ ചെയ്തുവരുന്നു. ആദ്യഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക, വിവിധ വിഭാഗം ആശുപത്രികളിലെ ഡോക്ടറടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനർക്രമീകരിക്കാനും ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ ഡ്രെയിനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായിട്ടുണ്ട്. റഫറൽ സംവിധാനം ശക്തിപ്പെടുത്തി വരുന്നുണ്ട്. രോഗിയുടെ ആരോഗ്യ റെക്കോർഡുകൾ ഇ-ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെടുത്തുന്നതിന്റെ പ്രവർത്തനങ്ങളും നടന്നുവരുന്നു. ലബോറട്ടറി പരിശോധനാ സൗകര്യങ്ങൾ ലഭ്യമാക്കുക, ചികിത്സാ മാർഗ്ഗരേഖ പ്രകാരം ചികിത്സ എന്നീ നടപടികളും ഈ കേന്ദ്രങ്ങളിൽ നടന്നുവരുന്നു. കൂടാതെ ഈ സ്ഥാപനങ്ങളിൽ മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കും കൗൺസിലിംഗും, വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ തുടങ്ങിയവ ലഭ്യമാക്കി വരുന്നു. ആസ്ത്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്, ഡിപ്രഷനും മാനസിക ആരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്' എന്നിവയും സബ് സെന്റർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന നടപടികളും ഫീൽഡ് പ്രദേശങ്ങളിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റിവ്യൂ പ്രോഗ്രാമുകളും കൂടുതലായി നടത്തി വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക

എന്നതും വാർഡുതല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു. 2018-19-ൽ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 503 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും ഇതുകൂടാതെ ഒരു ജില്ലയിൽ രണ്ടു വീതം എന്ന കണക്കിന് 28 താലൂക്ക് ഹോസ്പിറ്റലുകളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മിനിമം സ്റ്റാൻഡേർഡ് കൈവരിച്ചിട്ടില്ലാത്ത മേഖലകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിച്ചുവരികയാണ്.

ആരോഗ്യ മേഖലയിലെ സമഗ്ര വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നത് പ്രധാനമായും സംസ്ഥാന പദ്ധതി വിഹിതം, കേന്ദ്ര സഹായം, കിഫ്ബി ധനസഹായം എന്നിവ മുഖേനയാണ്. ഇതുവഴി രോഗികൾക്ക് മികച്ച ചികിത്സ നൽകുവാനും ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തുവാനും കഴിയുന്നു.

പ്രധാന ആശുപത്രികളിൽ കാത്ത് ലാബും ഡയാലിസിസ് യൂണിറ്റുകളും ആരംഭിക്കുന്നതിന്റെ ഭാഗമായി കിഫ്ബി വഴി 10 കാത്ത് ലാബുകൾക്കും 44 ഡയാലിസിസ് യൂണിറ്റുകൾക്കും അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

- ബ്ലഡ് ബാങ്ക്, ദന്തൽ യൂണിറ്റ്, എമർജൻസി കെയർ, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, മെറ്റേർണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് അനുവദിച്ച തുകയും രോഗീസൗഹൃദ ആശുപത്രി സംവിധാനം വികസിപ്പിക്കുന്നതിന് അനുവദിച്ച തുകയും നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്. എൻ.എച്ച്.എം. മുഖേന ഇവയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- എല്ലാ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ച് തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേയ്ക്ക് സി.ടി സിമുലേറ്റർ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

- മെഡിക്കൽ കോളേജുകളിൽ സ്ട്രോക്ക് സെന്റർ സ്ഥാപിക്കുന്നതിന് വകയിരുത്തിയ തുകയിൽ കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ സ്ട്രോക്ക് സെന്ററുകൾ സ്ഥാപിക്കുന്നതിനായാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അനുവദിച്ച തുകയിൽ 5 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

- മെഡിക്കൽ കോളേജുകളിൽ മോളിക്കുലർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ മോളിക്കുലർ ലാബ് സെറ്റ് ചെയ്യുന്നതിനായി അനുവദിച്ച തുകയിൽനിന്നും നാളിതുവരെ 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

- 2018-19 സാമ്പത്തിക വർഷം റീജിയണൽ ക്യാൻസർ സെന്ററിന്റെ വികസനത്തിനായി 72.60 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും കെട്ടിട നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, വടകര, കോഴിക്കോട് എന്ന സർക്കാർ അംഗീകൃത ഏജൻസിയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണം 2 വർഷത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 'ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ' എന്ന പദ്ധതിയിൽ ഹൈപ്പർ കൺവെർജ്ഡ് ഇൻഫ്രാസ്ട്രക്ചർ (വിർച്വലൈസേഷൻ ഉൾപ്പെടെ), ഡാറ്റാ ബേസ് അപ്ലയൻസ് ഹാർഡ്‌വെയർ എന്നിവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. ആർ.സി.സി.-യിൽ അത്യാധുനിക പീഡിയാട്രിക് ഓങ്കോളജി വിഭാഗം, സ്പെക്ട് സ്കാനർ എന്നിവ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. ആർ.സി.സി.-യെ രോഗീ സൗഹൃദ ആശുപത്രിയായി വികസിപ്പിക്കുന്നതിന് ടാറ്റാ കൺസൾട്ടൻസി സർവ്വീസസിന്റെ ഡിജിറ്റൽ നെർവ് സെന്ററിന്റെ ഭാഗമാക്കി പാലക്കാടും, എറണാകുളത്തും ഉൾപ്പെടെയുള്ള ഉപകേന്ദ്രങ്ങളെ സംയോജിപ്പിച്ച് കൊണ്ടുള്ള ടെലി മെഡിസിൻ സംവിധാനം ആരംഭിച്ചു. രോഗികൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു പത്തുനില കെട്ടിടം നിർമ്മിച്ച് പ്രവർത്തനം സജ്ജമാക്കി. ആർ.സി.സി.-യുടെ 2 ഓപ്പറേഷൻ തീയേറ്ററുകൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനം തുടർന്നുവരുന്നു.

- കൊച്ചി ക്യാൻസർ സെന്ററിൽ ഇൻ-പേഷ്യന്റ് വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ അർബുദ രോഗികളെ വീടുകളിൽ സന്ദർശിച്ച് ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് സംയോജിത ഗൃഹ പരിചരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.
- മലബാർ ക്യാൻസർ സെന്ററിൽ നടപ്പു സാമ്പത്തിക വർഷം 30.80 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ ക്ലിനിക്കൽ ലബോറട്ടറി സർവ്വീസിൽ അഡ്വാൻസ്ഡ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ അസോസിയേറ്റഡ് സംവിധാനം, ടിഷ്യൂ ബാങ്ക്, ബയോ ബാങ്കിംഗ് സംവിധാനം, ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിന്റെ നവീകരണം, സർജിക്കൽ ഓങ്കോളജി വിഭാഗത്തിന്റെ ശക്തിപ്പെടുത്തൽ, നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ചർ അപ്‌ഗ്രേഡിംഗ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിലാണ് പ്രമേഹത്തിനും അനുബന്ധ രോഗങ്ങൾക്കുമുള്ള ചികിത്സാ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. സ്പെഷ്യാലിറ്റി ക്ലിനിക്ക് ഉൾപ്പെടെ മികച്ച ഡോക്ടർമാരുടെ സേവനവും NABH അക്രഡിറ്റേഷൻ ഉള്ള ലാബും സജ്ജീകരിച്ചിട്ടുണ്ട്. ഡയബറ്റിക് ഫൂട്ട് ചികിത്സയും പരിചരണവും, ഇൻപേഷ്യന്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.
- ഐക്കോൺസ് ഷൊർണ്ണൂർ ആശുപത്രിയിൽ ഒ.പി. സൗകര്യങ്ങൾ കാര്യക്ഷമമാക്കി നൂതനമായ ലാബ് ഉപകരണങ്ങൾ ഉപയോഗിച്ച് കുറഞ്ഞചെലവിൽ ജനിതക വൈകല്യങ്ങളുടെ പരിശോധനയ്ക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- ശിശു വികാസ കേന്ദ്രത്തിൽ ഓട്ടിസം സെന്ററും, ജനറ്റിക് ലാബും സജ്ജീകരിച്ചിട്ടുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ ന്യൂറോളജി, നെഫ്രോളജി, കാർഡിയോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും തസ്തിക സൃഷ്ടിക്കുകയും ചെയ്തു. പ്രാഥമികതലം മുതൽ ജനറൽ ആശുപത്രിതലം വരെയുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ഡോക്ടർമാർ ഉൾപ്പെടെ 2142 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത് ഉൾപ്പെടെ ആരോഗ്യ വകുപ്പിൽ മൊത്തം 4139 വിവിധ തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ മൊത്തം 4139 തസ്തികകൾ ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ ന്യൂറോളജി, നെഫ്രോളജി, കാർഡിയോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും തസ്തിക സൃഷ്ടിക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ്, 44 ഡയാലിസിസ് യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആശുപത്രികൾ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വിവിധ മാനദണ്ഡങ്ങൾക്കനുസരിച്ച് കിഫ്ബി, പ്ലാൻ ഫണ്ട് എന്നിവ മുഖേന തുക അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. പ്രാഥമികതലം മുതൽ ജനറൽ ആശുപത്രിതലം വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ഡോക്ടർമാർ ഉൾപ്പെടെ 2142 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആരോഗ്യ മേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനായി പ്രധാനമായും സംസ്ഥാന പദ്ധതി വിഹിതം മുഖേനയാണ് തുക അനുവദിക്കുന്നത്. ഇതിനുപുറമേ കേന്ദ്ര സഹായം, മറ്റുള്ള ധനസഹായങ്ങൾ എന്നിവ വഴിയും ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതുവഴി രോഗികൾക്ക് മികച്ച രീതിയിൽ ചികിത്സ നൽകുവാനും ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തുവാനും കഴിയുന്നു. 2018-19-ൽ പദ്ധതി വിഹിതവും അധിക തുകയും ഉൾപ്പെടെ നാളിതുവരെ 535.7743 കോടി രൂപ ഈ വകുപ്പിനായി അനുവദിച്ചിട്ടുണ്ട്. ഈ വർഷം നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾചുവടെ ചേർക്കുന്നു:

1. മെഡിക്കൽ കോളേജുകളുടെ വികസനം
2. പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത്
3. മെഡിക്കൽ കോളേജുകളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും
4. ഓങ്കോളജി & ടെറിഷ്യറി കെയർ
5. രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ
6. ഡ്രഗ് സ്റ്റോറുകളുടെ സ്ഥാപനവും ആധുനികവൽക്കരണവും
7. 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം
8. സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ്

9. മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാതൃശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ
10. മെഡിക്കൽ കോളേജുകളിലെയും മറ്റ് ആശുപത്രികളിലെയും ഖര മാലിന്യ നിർമ്മാർജ്ജനം.
11. ഇ ഹെൽത്ത് പ്രോഗ്രാം (DME)
12. ഫാക്കൽട്ടി ഇംപ്രൂവ്മെന്റ് പ്രോഗ്രാം
13. ഡിസീസ്ഡ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ
14. എല്ലാ മെഡിക്കൽ കോളേജുകളിലും കോർട്ടേഴ്സ് ടു റസിഡന്റ്സ്
15. സ്റ്റേറ്റ് പീഡ് സെൽ
16. ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി
17. മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ
18. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ നവീകരണം.
19. മെഡിക്കൽ കോളേജുകളിൽ ബയോ മെഡിക്കൽ വിഭാഗം ആരംഭിക്കൽ
20. മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് ആരംഭിക്കലും അനിമൽ ഹൗസിന്റെ നിലവാരം ഉയർത്തലും
21. ഡെന്റൽ കോളേജുകളുടെ വികസനം
22. പാരാമെഡിക്കൽ വിഭാഗം ശക്തിപ്പെടുത്തുന്നത്
23. നഴ്സിംഗ് കോളേജുകളുടെ വികസനം
24. സിമെറ്റ്.

**മസ്തിഷ്കമരണ സ്ഥിരീകരണം**

223 (232) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളും പ്രസ്തുത മാർഗ്ഗരേഖ പാലിക്കുന്നുണ്ടോ എന്നത് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അന്തിമ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടില്ല. മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നതിലേയ്ക്കായി ഡോ.എം.ആർ. രാജഗോപാൽ ചെയർമാനായി 25-4-2018-ലെ സ.ഉ.(സാധാ) 1382/2018/ ആ.കു.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## മസ്തിഷ്കമരണവും ദയാവധവും

224 (233) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്കമരണം രേഖപ്പെടുത്തുന്നത് കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും അവയവദാനത്തിനുള്ള നടപടികൾക്ക് വേഗം കൂട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മസ്തിഷ്കമരണം ഉറപ്പാക്കുന്നതിനുള്ള ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ദയാവധവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇതിനായി ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നിയോഗിച്ച ഡോ. എം. ആർ. രാജഗോപാലൻ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ ശിപാർശകൾ എന്തൊക്കെയാണ്;

(ഡി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മസ്തിഷ്കമരണം മെഡിക്കൽ നീതിശാസ്ത്രമനുസരിച്ച് രേഖപ്പെടുത്തുന്നതിലേയ്ക്കായി ശാസ്ത്രീയമായ ഏതൊക്കെ രീതികൾ അവലംബിക്കണമെന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ WP(C)5552/ 2017 വിധി പ്രകാരം 3-4-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 53/2018 പ്രകാരം വ്യക്തമായ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി&ഡി) ദയാവധം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതുവരെ ഒരു അവലോകന യോഗം നടത്തിയിട്ടില്ല. എന്നാൽ ബഹു. സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 'Living Will' തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ഡോ. എം. ആർ. രാജഗോപാലൻ ചെയർമാനായി 25-4-2018-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1382/2018/ ആ.കു.വ. പ്രകാരം കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയുമാണ്.

**ക്യാൻസർ സെന്റർ**

225 (234) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ സ്ഥാപിക്കുന്നതിന് സൗജന്യമായി ലഭിച്ച ആറര ഏക്കർ സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ മാവൂർ ക്യാൻസർ സെന്ററിനെ കോഴിക്കോട് മെഡിക്കൽ കോളേജിനുകീഴിൽ ഒരു കേന്ദ്രമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

**അവയവമാറ്റ ശസ്ത്രക്രിയ**

226 (235) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയകൾക്ക് നിലവിലുണ്ടായിട്ടുള്ള സ്തംഭനാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണങ്ങൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) ചില സ്വകാര്യ ആശുപത്രികളിൽ അവയമാറ്റ ശസ്ത്രക്രിയക്ക് അമിതമായ തുക ഈടാക്കുന്നുവെന്നും രോഗികളെ അനാവശ്യ വൈദ്യ പരിശോധനയ്ക്ക് വിധേയരാക്കുന്നു എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അവയമാറ്റ ശസ്ത്രക്രിയ നടത്തുന്ന എല്ലാ ആശുപത്രികൾക്കുമായി പ്രോട്ടോകോൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## പ്രളയത്തെ തുടർന്നുള്ള പകർച്ചവ്യാധി നിയന്ത്രണം

227 (236) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം സൃഷ്ടിച്ച അഭൂതപൂർവ്വ സാഹചര്യത്തിൽ പകർച്ച വ്യാധികൾ പടരാതെ, ആരോഗ്യ രംഗത്തെ വെല്ലുവിളികൾ ഫലപ്രദമായി തരണം ചെയ്യാൻ വകുപ്പ് നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) ദുരന്തമുഖത്ത് സംസ്ഥാനം നടത്തിയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ലോകത്തിന് മാതൃകയാണെന്ന് കേന്ദ്ര സർക്കാർ തന്നെ വിലയിരുത്തിയ മികവ് നിലനിർത്താനായി പൊതുജനാരോഗ്യ രംഗത്ത് നടത്തി വരുന്ന പ്രവർത്തനം വിശദമാക്കാമോ;

(സി) പ്രളയംമൂലം തകർന്ന ആശുപത്രികൾ ഉൾപ്പെടെയുള്ള പൊതു ആരോഗ്യസേവന സ്ഥാപനങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പകർച്ചവ്യാധി നിയന്ത്രണത്തിന് അനിവാര്യമായ ത്വരിതഗതിയിലുള്ള രോഗ നിർണ്ണയം സാദ്ധ്യമാക്കുന്നതിനുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) പ്രളയബാധിത പ്രദേശങ്ങളിലെ ജലജന്യരോഗങ്ങളുടെ വ്യാപനം തടയുന്നതിനും മുൻകരുതലിനുമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ ത്വരിതഗതിയിൽ നാഷണൽ ഹെൽത്ത് മിഷനും

ആരോഗ്യവകുപ്പും വഴി നടത്താൻ സാധിച്ചു. പ്രളയക്കെടുതി നേരിടുന്നതിനായി നാഷണൽ ഹെൽത്ത് മിഷനും ആരോഗ്യവകുപ്പും സംയുക്തമായി നേതൃത്വം വഹിക്കുന്ന കൺട്രോൾ റൂം ആരോഗ്യ വകുപ്പ് കാര്യാലയത്തിൽ പ്രവർത്തിച്ചു. പത്ത് ജില്ലകളിലെ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങളും താൽക്കാലിക പുനരധിവാസ ക്യാമ്പുകളിലെ പൊതുജനാരോഗ്യ മെഡിക്കൽ സേവനങ്ങളും അതാതു ജില്ലാ മേധാവികളും നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും നടത്തി. പകർച്ചവ്യാധികൾ പടരാതിരിക്കാൻ ക്ലോറിനേറ്റ് ചെയ്ത് വെള്ളം ശുദ്ധീകരിച്ച ഉപയോഗിക്കേണ്ടതിനെപ്പറ്റിയും ഹ്രസ്വ ചലച്ചിത്രങ്ങളും ലഘുലേഖകളും സൃഷ്ടിച്ച് അച്ചടി-ദൃശ്യ-ശ്രവ്യ-നവ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചു. പ്രളയത്തിൽ പരുക്ക് പറ്റിയവർക്കും പാമ്പുകടി, വൈദ്യുതാഘാതം, വീഴ്ച തുടങ്ങിയവ നേരിടേണ്ടി വന്നവർക്കും നൽകേണ്ടുന്ന പ്രഥമ ശുശ്രൂഷകളെപ്പറ്റി ബോധവൽക്കരണം ചെയ്യുന്നതിനായി ലഘുലേഖകൾ വിതരണം ചെയ്തു. രോഗം ബാധിച്ചവരെയും മുറിവേറ്റവരെയും പരിചരിക്കുന്നവർ പാലിക്കേണ്ട വ്യക്തിശുചിത്വത്തെപ്പറ്റിയും സന്ദേശങ്ങൾ പ്രചരിപ്പിച്ചു.

(ബി) ആർദ്രം മിഷനിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി രോഗീസൗഹൃദമായി മാറിക്കൊണ്ടിരിക്കുന്നത് മൊത്തത്തിൽ പകർച്ചവ്യാധി ചികിത്സയ്ക്കും നിയന്ത്രണത്തിനും വളരെ പ്രയോജനകരമാണ്. ഈ വർഷം പകർച്ചവ്യാധി നിയന്ത്രണത്തിന് ആരോഗ്യവകുപ്പ് നടപ്പിലാക്കിയ 'ആരോഗ്യ ജാഗ്രത' എന്ന വാർഷിക കർമ്മ പദ്ധതിയും വളരെ ഫലപ്രദമായിരുന്നു. അപ്രതീക്ഷിതമായി ഉണ്ടായ 'നിപ' രോഗവും വെള്ളപ്പൊക്ക ദുരന്തവും കാര്യക്ഷമതയോടെ നേരിട്ടതിന്റെ അനുഭവപാഠങ്ങൾ ഭാവിയിലെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകമാകുന്നതാണ്. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ പബ്ലിക് ഹെൽത്ത് കേഡർ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും പുരോഗമിക്കുന്നുണ്ട്. രോഗ നിരീക്ഷണത്തിനും സ്ഥിരീകരണത്തിനും ആധുനിക സജ്ജീകരണങ്ങളോടെ കേരളത്തിന് തനതായ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനും നടപടികൾ പുരോഗമിക്കുന്നു. സ്റ്റേറ്റ് പി.എച്ച്. ലാബിലും ജില്ലാ പബ്ലിക് ഹെൽത്ത് ലാബിലും ജില്ലാ ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജ് മൈക്രോബയോളജി ലാബിലും മണിപ്പാൽ വൈറോളജി ലാബിലും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി പൂനെയിലും ആലപ്പുഴയിലുള്ള അതിന്റെ ശാഖയിലുമായി പകർച്ചവ്യാധി സ്ഥിരീകരണത്തിന് ആവശ്യമായ സംവിധാനം നിലവിലുണ്ട്.

(സി) മഹാപ്രളയത്തിൽ ആരോഗ്യമേഖലയിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള ആശുപത്രികൾ ഉൾപ്പെടെയുള്ള ആരോഗ്യ സംവിധാനങ്ങളുടെ പുനർനിർമ്മാണം, നവീകരണം എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആകെ 226 സ്ഥാപനങ്ങളുടെ പുനർനിർമ്മാണവും നവീകരണവുമാണ് ആവശ്യമായിട്ടുള്ളത്. ഇവയ്ക്ക് ഏകദേശം 125.71 കോടിയോളം രൂപയുടെ ചെലവ് കണക്കാക്കിയിട്ടുണ്ട്. പൂർണ്ണമായി നാശനഷ്ടം സംഭവിച്ച പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം മുതലായ സ്ഥാപനങ്ങൾക്ക് സ്പോൺസർമാരുടെ സഹായത്തോടെ പുനർനിർമ്മാണം ആരംഭിക്കുന്നതിനായുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ, അന്താരാഷ്ട്ര നിലവാരത്തിൽ സ്വയംഭരണാധികാരമുള്ള ഗവേഷണ വികസന സ്ഥാപനമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV) എന്ന സ്ഥാപനം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനം രൂപീകരിക്കുന്നതിനുള്ള പ്രാരംഭഘട്ട നടപടിയായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ 3425-60-200-55-36 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായുള്ള ശിപാർശകൾ പരിശോധിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനായി സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സാങ്കേതിക സമിതിയുടെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ പ്രീ-ഫാബ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS)-യ്ക്ക് നൽകി ഉത്തരവായിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2019 ആദ്യമാസങ്ങളിൽ സംരംഭം ഉദ്ഘാടനം ചെയ്യുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ പദ്ധതി നടത്തിപ്പ് അവലോകനം ചെയ്തുവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കൽ എന്ന സ്ഥലത്ത് കേരള സംസ്ഥാന വ്യാവസായിക വികസന കോർപ്പറേഷന്റെ (KSIDC) കീഴിലുള്ള "ലൈഫ് സയൻസ് പാർക്ക്"ലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം

228 (237) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അനുവദിച്ചു കിട്ടിയതും ആലപ്പുഴയിൽ നിർമ്മാണം ആരംഭിച്ചതുമായ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണത്തിനായി എത്ര തുകയാണ് കേന്ദ്ര സർക്കാർ അനുവദിക്കുന്നതെന്നും അതിൽ എത്ര തുക നാളിതുവരെ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) പ്രസ്തുത ലാബിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച മുഴുവൻ തുകയും ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം 80% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ 20.11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 19.3 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(സി) 7 മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആരോഗ്യ മേഖലയിൽ ലഭിച്ച പുരസ്കാരങ്ങൾ

229 (238) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ അസമിൽ നടന്ന അഞ്ചാമത് നാഷണൽ സമ്മിറ്റിൽ കേരളത്തിന് ആരോഗ്യമേഖലയിൽ ലഭിച്ച പുരസ്കാരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പുരസ്കാരങ്ങൾ ഏത് വർഷം/വർഷങ്ങൾക്കുള്ള പ്രവർത്തന മികവിനെ ആസ്പദമാക്കിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) 2016 ജൂൺ മാസത്തിനുശേഷം ആരോഗ്യമേഖലയിലെ പ്രവർത്തന മികവുകളെ അടിസ്ഥാനപ്പെടുത്തി ഏതെല്ലാം പുരസ്കാരങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-ൽ അസമിലെ കാസിരംഗയിൽ നടന്ന 5-ാമത് ദേശീയ അവലോകന ഉച്ചകോടിയിൽ കേരളത്തിന് 2018-ലെ നിപ പ്രതിരോധ പ്രവർത്തനത്തിന് കേന്ദ്ര മന്ത്രാലയത്തിന്റെ പ്രത്യേക അഭിനന്ദനം ലഭിക്കുകയുണ്ടായി. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ഹൃദ്യം, ശലഭം, ഇന്ത്യ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ് (IHMI) എന്നിവയെ മികച്ച പദ്ധതികളായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതുകൂടാതെ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്ക് കൈവരിച്ചതിനും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് ഏറ്റവും കൂടുതൽ കുറയ്ക്കാൻ കഴിഞ്ഞതിനും ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്ക് കൈവരിച്ചതിനും പുരസ്കാരങ്ങൾ ലഭിച്ചു.

(ബി) മാതൃ ശിശുമരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള പുരസ്കാരം 2015 മുതലുള്ള വർഷങ്ങളിലെ പ്രവർത്തനമികവ് അടിസ്ഥാനമാക്കിയാണ് ലഭിച്ചിട്ടുള്ളത്. ഹൃദ്യം, ശലഭം എന്നീ ജന്മവൈകല്യ സൗജന്യ ചികിത്സാ പദ്ധതിയും ജീവിതശൈലീ രോഗ നിർണ്ണയ പദ്ധതിയുടെ ഭാഗമായിട്ടുള്ള IHMI-യും 2017-18 വർഷത്തിൽ നടപ്പിലാക്കിയതിന്റെ മികവിലാണ് അംഗീകാരത്തിന് അർഹമായത്.

(സി) 2018 ഒക്ടോബർ 23-ന് ചെന്നൈയിൽ വച്ച് ആദ്യമായി സംഘടിപ്പിച്ച ദക്ഷിണമേഖല നാഷണൽ ഓറൽ ഹെൽത്ത് പ്രോഗ്രാമിന്റെ വർക്ക്ഷോപ്പിൽ കേരളത്തിന് പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഡൽഹിയിൽ വച്ച് 29-6-2018-ൽ നടന്ന പ്രധാനമന്ത്രി സുരക്ഷാ അഭിയാൻ അവാർഡുദാന ചടങ്ങിൽ മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള അവാർഡ് ലഭിച്ചു. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിൽ സംസ്ഥാനത്ത് ഏറ്റവും നല്ല സേവനം രോഗികൾക്ക് നൽകിയതിനാൽ സ്കോച്ച് അവാർഡ് ഓഫ് മെറിറ്റിന് അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, മൈതാനപ്പള്ളി അർഹമായി. കൂടാതെ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്കും ഏറ്റവും മികച്ച സേവനത്തിനുള്ള സ്കോച്ച് അവാർഡ് ലഭിക്കുകയുണ്ടായി. ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഹൃദ്യം പദ്ധതിക്ക് രണ്ട് പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇത് 2018 മാർച്ച് മാസത്തിൽ ലഭിച്ച സ്കോച്ച് ഭാരത് ഗോൾഡ് അവാർഡ്, എക്സ്പ്രസ്സ് ഹെൽത്ത് കെയർ അവാർഡ് എന്നിവയാണ്.

**ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടികൾ**

230 (239) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ലെ ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിച്ച് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിക്കും തഴവ പ്രാഥമികാരോഗ്യ കേന്ദ്രത്തിനും ആംബുലൻസ് വാങ്ങുന്നതിന് നിർദ്ദേശിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത ആംബുലൻസ് ഏത്ഏജൻസി മുഖേനയാണ് വാങ്ങേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. തഴവ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ആംബുലൻസ് വാങ്ങുന്നതിന് വേണ്ടിയുള്ള ഇൻവോയിസ് ലഭ്യമാക്കിയിട്ടുണ്ട്.

(സി) Gem Portal മുഖേനയാണ് ആംബുലൻസ് വാങ്ങുന്നത്. തഴവ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫോഴ്സ് മോട്ടോഴ്സിൽ നിന്ന് ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മംഗലപുരത്തെ അർബുദ നിയന്ത്രണ പഠന കേന്ദ്രം**

231 (240) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആർ.സി.സി.- യുടെ കീഴിൽ മംഗലപുരത്ത് പ്രവർത്തിക്കുന്ന അർബുദ നിയന്ത്രണ പഠന കേന്ദ്രം അടച്ചുപൂട്ടുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ബി) പതിനേഴ് പഞ്ചായത്തുകളിലെ ആയിരക്കണക്കിന് ജനങ്ങളുടെ ഏക ആശ്രയമായി പ്രവർത്തിച്ചിരുന്ന അർബുദ നിയന്ത്രണ പഠന കേന്ദ്രം നിലനിർത്തുന്നതിന് ഇടപെടലുകൾ നടത്തുമോ ?

ഉത്തരം

(എ & ബി) മംഗലപുരത്ത് പ്രവർത്തിക്കുന്ന ഗർഭാശയഗളം-സ്തനാർബുദ നിർണ്ണയ കേന്ദ്രം ലോകാരോഗ്യ സംഘടനയുടെ കീഴിലുള്ള ഇൻർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ ക്യാൻസറിന്റെ (IARC) സഹായത്തോടെ നടത്തുന്ന ഒരു റിസർച്ച് പ്രോജക്ട് ആണ്. ഇത് തുടർന്ന് നടത്തുന്നതിനുള്ള സാമ്പത്തിക സഹായം ഇനി ലഭിക്കാൻ സാദ്ധ്യതയില്ല. ഈ പദ്ധതി തുടർന്നുകൊണ്ടുപോകണമെങ്കിൽ ഏകദേശം അമ്പതുലക്ഷത്തോളം രൂപ ഒരു വർഷത്തേയ്ക്ക് ചെലവ് വരുന്നതാണ്.

## പ്രളയത്തിന് ശേഷമുണ്ടായ എലിപ്പനി

232 (241) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം മലിനജലസമ്പർക്കത്തിലൂടെ എലിപ്പനി പിടിപെട്ട് എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്;

(ബി) എലിപ്പനി കൂടുതൽ പടർന്നുപിടിയ്ക്കാതെ നിയന്ത്രണ വിധേയമാക്കുന്നതിനും വിദഗ്ധചികിത്സ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളും മുന്നൊരുക്കങ്ങളും ആണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിനുശേഷം 2018 നവംബർ വരെയുള്ള കണക്കുപ്രകാരം എലിപ്പനി സ്ഥിരീകരിച്ച് 56 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ വർഷവും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിനും നിയന്ത്രണത്തിനുമായി സംസ്ഥാന/ജില്ലാ തലങ്ങളിൽ വാർഷിക കർമ്മ പദ്ധതിയിൽ എലിപ്പനി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. ശരിയായ രീതിയിലുള്ള മാലിന്യ നിർമ്മാർജ്ജനം, ശുചീകരണം, ക്ലോറിനേഷൻ, ബോധവൽക്കരണം, പ്രതിരോധ ചികിത്സ, വ്യക്തി സുരക്ഷ തുടങ്ങിയവയാണ് ഇതര വകുപ്പുകളുടെ സഹകരണത്തോടെ എലിപ്പനി പ്രതിരോധത്തിനായി നടപ്പിലാക്കി വരുന്നത്.

- പ്രളയാനന്തരം എലിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ എലിപ്പനി ചികിത്സയ്ക്കുള്ള മാർഗ്ഗരേഖ ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റ് വഴിയും പരിശീലന പരിപാടികൾ വഴിയും നേരിട്ടും സർക്കാർ/സ്വകാര്യ ഡോക്ടർമാർക്ക് ലഭ്യമാക്കി.

- സംയോജിത രോഗനിരീക്ഷണ പരിപാടി (ഐ.ടി.എസ്.പി.) വഴി എലിപ്പനി സംശയിക്കുന്നവരെ ദിവസേന കണ്ടെത്തി രോഗ സ്ഥിരീകരണം നടത്തുവാനും ചികിത്സാ മാർഗ്ഗരേഖകൾക്കനുസൃതമായി ചികിത്സിച്ച ഭേദമാക്കുവാനും സർക്കാർ ആശുപത്രികളിൽ സജ്ജീകരണം ഏർപ്പെടുത്തി
- ഡോക്ടർമാർക്കും ഫീൽഡ് വിഭാഗം ജീവനക്കാർക്കും എലിപ്പനി ചികിത്സ, പ്രതിരോധം, നിയന്ത്രണം ഇവ സംബന്ധിച്ച് പരിശീലനം നൽകി.
- എലിപ്പനിബാധയുണ്ടാകാൻ കൂടുതൽ സാദ്ധ്യതയുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ പ്രാഥമിക തലത്തിൽ കണ്ടുപിടിച്ച് അവർക്കാവശ്യമായ ബോധവൽക്കരണവും പ്രതിരോധ ചികിത്സയും ലഭ്യമാക്കി. കൂടാതെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ ഉള്ളവർക്കും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കും മലിനജലവുമായി സമ്പർക്കം ഉണ്ടായതിനാൽ എലിപ്പനി വരാനുള്ള സാദ്ധ്യത ഉള്ളതിനാലും അത്തരക്കാരിൽ എലിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ എല്ലാ ജില്ലകൾക്കും ജാഗ്രതാ നിർദ്ദേശം നൽകുകയും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുകയും ഡോക്സിസൈക്ലിൻ ഗുളികകൾ വിതരണം ചെയ്യുകയും ചെയ്തു.
- എലിപ്പനി ബോധവൽക്കരണത്തിന് ആവശ്യമായ ലഘുലേഖകൾ, പോസ്റ്ററുകൾ, വീഡിയോകൾ, കൈപ്പുസ്തകങ്ങൾ, ചികിത്സാ മാർഗ്ഗരേഖകൾ എന്നിവ തയ്യാറാക്കി വിതരണം നടത്തി. കെ.എസ്.ആർ.റ്റി.സി. ബസ്സുകളിലൂടെയും എലിപ്പനി സംബന്ധിച്ച മുന്നറിയിപ്പ് പരസ്യം നൽകി.
- പരിസര ശുചീകരണം, ക്ലോറിനേഷൻ, വ്യക്തിഗത സുരക്ഷാ ഉപാധികളുടെ വിതരണം, ഡോക്സി പ്രതിരോധ ചികിത്സ തുടങ്ങിയവ വമ്പിച്ച ബോധവൽക്കരണത്തോടെ നടപ്പിലാക്കിയതോടൊപ്പം രോഗ നിരീക്ഷണവും ചികിത്സയും കൂടുതൽ കാര്യക്ഷമമാക്കി.

ഇതിനായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ മെഡിക്കൽ ആഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറക്കുകയും ടോൾ ഫ്രീ നമ്പറും ടെലിഫോൺ നമ്പറും ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി

പ്രസിദ്ധപ്പെടുത്തി ദുരിതബാധിതർക്ക് അധികൃതരെ ബന്ധപ്പെടുന്നതിനുള്ള അവസരം ഒരുക്കുകയും പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ ദിവസേന രണ്ട് തവണ അവലോകന യോഗം നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു എന്ന് ഉറപ്പാക്കുകയും ചെയ്തു.

മേൽ പ്രവർത്തനങ്ങൾക്കായി 10 ജില്ലകളിലെ 244 പഞ്ചായത്തുകളിലും താൽക്കാലിക പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുകയും 6 മെഡിക്കൽ കോളേജുകളിൽനിന്നും 244 ബിരുദാനന്തര ബിരുദ മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനം ഉറപ്പാക്കുകയും താൽക്കാലികാടിസ്ഥാനത്തിൽ നഴ്സുമാരെയും 1200 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെയും നിയമിക്കുകയും ഇവർക്ക് പരിശീലനം നൽകുകയും ചെയ്തു.

എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുകയും എല്ലാ ക്യാമ്പുകളിലും എലിപ്പനി പ്രതിരോധത്തിനുള്ള ഡോക്സിസൈക്ലിൻ ഗുളികകൾ, ജലസ്രോതസ്സുകളുടെ സൂപ്പർ ക്ലോറിനേഷൻ ഉറപ്പാക്കുന്നതിനാവശ്യമായ കിറ്റുകൾ എന്നിവ ലഭ്യമാക്കിയും എലിപ്പനി നിയന്ത്രണവിധേയമാക്കി.

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

233 (242) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം ആരോഗ്യവകുപ്പ് എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയവ ഏതെല്ലാമാണെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം സി.എച്ച്.സി. ഉൾപ്പെടെ 503 ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആന്റിബയോട്ടിക് മരുന്നുകളുടെ ദുരുപയോഗം

234 (244) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്റിബയോട്ടിക് മരുന്നുകളുടെ ദുരുപയോഗം തടയുന്നതിന് ആന്റിമൈക്രോബിയൽ റസിസ്റ്റന്റ് പോളിസി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) മൃഗപരിപാലനം, പൗൾട്രി ഫോമുകൾ എന്നിവിടങ്ങളിൽ അമിതമായി ആന്റിബയോട്ടിക്കുകൾ ദുരുപയോഗം ചെയ്യുന്നത് മനുഷ്യരിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം ദുരുപയോഗം കണ്ടെത്തി അവ തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഇത്തരം ദുരുപയോഗങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആന്റിബയോട്ടിക് മരുന്നുകളുടെ അമിതമായ ഉപയോഗവും ദുരുപയോഗവും കാരണമുണ്ടാകുന്ന അത്യാപത്തുകൾ നേരിടുന്നതിനും ആരോഗ്യ പ്രവർത്തകരെയും ജനങ്ങളെയും സജ്ജമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് കേരള ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. (KARSAP-Kerala Antimicrobial Resistance Strategic Action Plan). ലോകാരോഗ്യസംഘടനയുടെ സഹകരണത്തോടെ ആരോഗ്യം, മൃഗസംരക്ഷണം, ഫിഷറീസ്, കൃഷി, പരിസ്ഥിതി എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് One health Programme-ന്റെ കീഴിൽ വരുന്ന ഈ കർമ്മ പദ്ധതിയിൽ പ്രധാനമായും ആറ് (6) ഘടകങ്ങളാണുള്ളത്.

1. ആന്റിബയോട്ടിക്കുകളുടെ അനിയന്ത്രിതമായ ഉപയോഗത്തെപ്പറ്റിയും പൊതുവായ ശുചിത്വത്തെപ്പറ്റിയും പൊതുജനങ്ങൾക്കിടയിലെ അവബോധ പ്രവർത്തനങ്ങൾ.

2. സംസ്ഥാനത്ത് AMR (Anti Microbial Resistance)-ന്റെ തോത് കണക്കാക്കാനുള്ള നിരീക്ഷണ സംവിധാനങ്ങൾ (Surveillance Mechanisms) ഏകോപിപ്പിക്കുന്നതിന് നോഡൽ കേന്ദ്രമായി പ്രവർത്തിക്കുന്നത് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വകുപ്പാണ്.

3. ആശുപത്രികളിലെ അണുബാധാ നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ.

4. ആശുപത്രികളിലെ ആന്റിബയോട്ടിക്കുകളുടെ ഉത്തരവാദിത്വത്തോടെയുള്ള ഉപയോഗത്തിനുവേണ്ടി ആന്റിബയോട്ടിക് സ്റ്റിവാർഡ്ഷിപ്പ് (Antibiotic Stewardship) കമ്മിറ്റികളുടെ രൂപീകരണം

5. ആന്റിബയോട്ടിക്കുകൾ പ്രതിരോധിക്കുന്ന ബാക്ടീരിയകൾ ഉയർത്തുന്ന വെല്ലുവിളികൾ, അണുബാധ നിയന്ത്രണം, രോഗനിർണ്ണയം തുടങ്ങിയ മേഖലകളിലെ ഗവേഷണം.

6. AMR മേഖലയിലെ വൈദഗ്ദ്ധ്യമുള്ള എൻ.ജി.ഒ.-കളുമായുള്ള സർക്കാർ സ്വകാര്യ പങ്കാളിത്തം.

ഇതിനോടനുബന്ധിച്ച് എല്ലാ സ്ഥാപനങ്ങളിലും ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രധാന സ്ഥാപനങ്ങളിലെല്ലാം Infection Control Committee-കൾ പ്രവർത്തിക്കുന്നുണ്ട്. Hospital based infection control, Safe hand washing, Proper disposal of waste, Antibiotics resistance, Rational use of Antibiotics എന്നിവയെപ്പറ്റി Infection control committee മുഖേന IEC activities-ഉം ട്രെയിനിംഗും നടക്കുന്നുണ്ട്. എറണാകുളം ജനറൽ ആശുപത്രിയും തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയുമാണ് AMR Surveillance-ന്റെ Regional & Nodel centres. ഇതുകൂടാതെ Rational Antibiotics therapy and infection prevention control സംബന്ധിച്ച് എല്ലാ വിഭാഗം ജീവനക്കാർക്കും ട്രെയിനിംഗ് നൽകുന്നുണ്ട്. Antimicrobial resistance surveillance-ന്റെ ഭാഗമായി Public health importance ഉള്ള ആറ് Pathogens-ന്റെ monthly surveillance data തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് (Nodal Centre) എല്ലാ മാസവും നൽകുന്നുണ്ട്. ഇപ്രകാരം എറണാകുളം ജനറൽ ആശുപത്രിയിൽ കൃത്യമായ Antibiotic Policy ഉണ്ടാക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടുണ്ട്.

(സി) മൃഗസംരക്ഷണ വകുപ്പിന് കീഴിലെ ലബോറട്ടറികളിൽ ആന്റിബയോട്ടിക്കുകളുടെ അമിതമായ അളവ് കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയുന്നതിന് നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. മനുഷ്യരിൽ ഉപയോഗിക്കേണ്ട അത്യന്താപേക്ഷിതമായ (critically important) ആന്റിബയോട്ടിക്കുകളുടെ ഉപയോഗം മൃഗപരിപാലനത്തിനും പൗൾട്രി ഫാമുകളിലും നിയന്ത്രിക്കുന്നതിനായി സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ സഹായത്തോടെ കർശന നിയമങ്ങൾ നടപ്പിലാക്കുവാനുള്ള പദ്ധതികൾ രൂപവൽക്കരിച്ചിട്ടുണ്ട്.

2. ആന്റിബയോട്ടിക്കുകളുടെ ഉപയോഗം നിരീക്ഷിക്കുന്നതിനായി കന്നുകാലിത്തീറ്റകളിൽ അവയുടെ ലേബൽ രജിസ്ട്രേഷൻ, മരുന്നുകളുടെ കുറിപ്പ്, അവയുടെ കയറ്റുമതി എന്നിവയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

3. കാലിത്തീറ്റകളിലും മറ്റും പ്രകൃതിദത്തമായ മരുന്നുകളും മൃഗങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പും നൽകി ആന്റിബയോട്ടിക്കുകളുടെ ഉപയോഗം പരമാവധി കുറയ്ക്കുവാനായി നടപടികൾ സ്വീകരിച്ചുവരികയാണ്.

4. കയറ്റുമതി ചെയ്യുന്ന മത്സ്യങ്ങളിലെ ആന്റിബയോട്ടിക്കിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് ഫിഷറീസ് വകുപ്പിൽ നിയമം നിലവിൽ വന്നുകഴിഞ്ഞു.

(ഡി) Antimicrobial Resistance ചെറുക്കാനായി "ONE HEALTH" സമീപനത്തിനാണ് സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നത്. ഇതിന്റെ പ്രാധാന്യമെന്തെന്നാൽ, പൊതുജനാരോഗ്യം (Public Health) നമ്മുടെ പരിസ്ഥിതിയുടെ ആരോഗ്യവുമായും (Environmental Health) മൃഗങ്ങളുടെ ആരോഗ്യവുമായും (Animal Health) ഇഴചേർന്നു കിടക്കുന്നു എന്നതിലാണ്. അനിയന്ത്രിതമായി മൃഗങ്ങളിലും കൃഷിയിടങ്ങളിലും ഉപയോഗിക്കുന്ന ആന്റിബയോട്ടിക്കുകൾ ആന്റി മൈക്രോബിയൽ റസിസ്റ്റൻസിന് വളരെ പ്രധാനമായ കാരണമാണ്. അതുകൊണ്ട് "KAWAAR" (Kerala War Against Antimicrobial Resistance)-ന്റെ ഭാഗമായി വിവിധ മേഖലകളിലെ വിദഗ്ധരെ ഏകോപിപ്പിച്ചുകൊണ്ട് ഇന്റർ സെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. ഇതിൽ ആരോഗ്യവിദഗ്ധരെയും ഡ്രഗ്സ് കൺട്രോളർ, മൃഗസംരക്ഷണ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പ്രതിനിധികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## കുഷ്ഠരോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

235 (245) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഷ്ഠരോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതായി ആരോഗ്യവകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കുഷ്ഠരോഗം പൂർണ്ണമായും നിയന്ത്രണ വിധേയമായതായി മുൻപ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ രോഗികളുടെ എണ്ണത്തിൽ ഇപ്പോഴുണ്ടായ വർദ്ധനവ് ഏത് സാഹചര്യത്തിലാണെന്ന് ഗൗരവമായി പരിഗണിക്കുകയും, തദനുസൃതമായ നിയന്ത്രണ നടപടികൾ കൈക്കൊള്ളുകയും ചെയ്യുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 കൊല്ലമായി കുഷ്ഠരോഗത്തിന്റെ ആന്വൽ ന്യൂ കേസ് ഡിറ്റക്ഷൻ റേറ്റും (വർഷത്തിൽ എത്രപേർക്ക് പുതുതായി കുഷ്ഠരോഗം സ്ഥിരീകരിച്ചു എന്നത്) പ്രചരണനിരക്കും (എല്ലാ വർഷവും മാർച്ച് 31-നുള്ള കണക്കനുസരിച്ച് 10000 ജനസംഖ്യയിൽ എത്ര പേർ കുഷ്ഠരോഗത്തിനുള്ള ചികിത്സ എടുക്കുന്നു എന്നതിന്റെ നിരക്ക്) പ്രകടമായ വ്യത്യാസമില്ലാതെ തുടരുന്നു. പക്ഷേ, 2016 ഒക്ടോബർ 2 മുതൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് നടന്ന വിവിധ പ്രവർത്തനങ്ങൾ, അതായത് വിപുലമായ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനവും സ്കൂൾ അങ്കണവാടി സർവ്വേയും, ജയിൽ സർവ്വേയും, നഗര ചേരികളിലും തീരപ്രദേശത്തും ഗിരിവർഗ്ഗ മേഖലകളിലും താമസിക്കുന്നവരെയും ഒപ്പം പ്രീ-മെട്രിക് ഹോസ്റ്റൽ, അനാഥാലയങ്ങൾ, ജയിൽ എന്നിവിടങ്ങളിൽ താമസിക്കുന്നവരെയും ഇതര സംസ്ഥാന തൊഴിലാളികളെയും രോഗപരിശോധനയ്ക്ക് വിധേയമാക്കിയതും വൈദ്യ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ചതും വഴി കുഷ്ഠരോഗം ബാധിച്ച കുട്ടികളുടെ ശതമാനവും മറ്റ് അംഗവൈകല്യത്തോടുകൂടിയ കുഷ്ഠരോഗ ബാധിതരുടെ ശതമാനവും വർദ്ധിച്ചതായി കണ്ടെത്തുകയുണ്ടായി. കൂടാതെ രോഗം സ്ഥിരീകരിച്ചവരിൽ കൂടുതലും പകർച്ചശേഷി കൂടിയ മൾട്ടി ബാസിലറി വിഭാഗത്തിൽപ്പെട്ടവരാണ് എന്നതും പ്രാധാന്യം അർഹിക്കുന്നു.

(ബി) 2005 ഡിസംബർ മാസത്തിൽ ഭാരതത്തിൽനിന്നും കുഷ്ഠരോഗം നിവാരണം ചെയ്തതായി പ്രഖ്യാപിച്ചിട്ടുണ്ട്. 10000 ജനസംഖ്യയിൽ ഒന്നിന് താഴെ മാത്രം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴാണ് നിവാരണം സാദ്ധ്യമാകുന്നത്.

കുഷ്ഠരോഗത്തെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങളിൽ കൂടുതലായി ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വിവിധതരം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിപുലമായ സർവ്വേ പ്രവർത്തനങ്ങളുടെ ഫലമായി സമൂഹത്തിൽ ഇതുവരെ കണ്ടുപിടിക്കാതിരുന്ന കേസ്സുകൾകൂടി കണ്ടെത്താൻ കഴിഞ്ഞു എന്നതിനാലാണ് കുഷ്ഠരോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതായി കാണുന്നത്. കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുക എന്ന ലക്ഷ്യത്തോടെ ലെപ്രസി കേസ്സ് ഡിറ്റക്ഷൻ ക്യാമ്പയിൻ 2018 ഡിസംബർ 5 മുതൽ 18 വരെ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമൂഹത്തിൽ ഒളിഞ്ഞുകിടക്കുന്ന കുഷ്ഠരോഗികളെ കണ്ടുപിടിക്കുന്നതിനുള്ള ഈ ക്യാമ്പയിൻ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങി 8 ജില്ലകളിലാണ് നടപ്പിലാക്കുന്നത്. പരിശീലനം ലഭിച്ച ഒരു പുരുഷ വോളന്റിയറും ഒരു വനിത വോളന്റിയറും ഉൾപ്പെടുന്ന ടീം ക്യാമ്പയിൻ കാലയളവിൽ (14 ദിവസം) ജില്ലയിലെ മുഴുവൻ വീടുകളിലും സന്ദർശനം നടത്തി കുഷ്ഠരോഗത്തിനു സമാനമായ ലക്ഷണമുള്ള ആളുകളെ കണ്ടുപിടിക്കുകയും അവർക്ക് രോഗനിർണ്ണയത്തിനായി ആശുപത്രിയിൽ പോകുന്നതിനുള്ള ഉപദേശം നൽകുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള 5 ടീമുകളുടെ സൂപ്പർവിഷൻ ചുമതല ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനായിരിക്കും. ചിട്ടയായ ഭവന സന്ദർശനത്തിലൂടെയും ഗൃഹപരിശോധനയിലൂടെയും കണ്ടെത്തിയ രോഗികൾക്ക് തുടർ ചികിത്സയും സൂപ്പർവൈസർമാർ ഉറപ്പുവരുത്തുന്നു. ഭവന സന്ദർശനവേളയിൽ കാണാൻ കഴിയാത്തവരെ അനുയോജ്യമായ സമയത്തിൽ കണ്ട് പരിശോധന നടത്തുന്നു എന്നത് ഈ ക്യാമ്പയിന്റെ മറ്റൊരു സവിശേഷതയാണ്. കൂടാതെ ജില്ലയിലെ മുഴുവൻ ആരോഗ്യ സേവന വിഭാഗവും ഈ കാലയളവിൽ ക്യാമ്പയിനായി ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്നത് ഈ പദ്ധതിയുടെ വിജയം സുനിശ്ചിതമാക്കുന്നു. ഇതോടൊപ്പം തന്നെ ശേഷിക്കുന്ന 6 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, വയനാട്) ഫോക്കസ്ഡ് ലെപ്രസി ക്യാമ്പയിൻ (എഫ്.എൽ.സി) നടത്തുകയാണ്. വൈകല്യത്തോടുകൂടിയ കുഷ്ഠരോഗം റിപ്പോർട്ട് ചെയ്യപ്പെട്ട ബ്ലോക്കുകളിൽ മാത്രം നടത്തുന്ന ക്യാമ്പയിനാണ് എഫ്.എൽ.സി. ഈ ക്യാമ്പയിനിൽ രോഗം സ്ഥിരീകരിച്ച വ്യക്തിയുടെ താമസസ്ഥലത്തിനു ചുറ്റുമുള്ള 300 വീടുകൾ ആരോഗ്യ പ്രവർത്തകർ/ആശാ പ്രവർത്തകർ നേരിട്ട് സന്ദർശനം നടത്തി മറ്റാർക്കും രോഗമില്ലെന്ന് ഉറപ്പുവരുത്തുന്നു. ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പ്രളയത്തിനുശേഷം പടർന്നുപിടിച്ച പകർച്ച വ്യാധികൾ

236 (246) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്ത് എലിപ്പനി, ഡെങ്കിപ്പനി, മലേറിയ, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, ജാപ്പനീസ് എൻസഫലൈറ്റിസ് തുടങ്ങിയ രോഗങ്ങൾ വ്യാപകമായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇത്തരം രോഗങ്ങൾ പടരുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എലിപ്പനി മരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്തത് ഏതെല്ലാം ജില്ലകളിലാണ്;

(ഡി) ഈ രോഗങ്ങൾ പൂർണ്ണമായും തുടച്ചുനീക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) എലിപ്പനി, ഡെങ്കിപ്പനി, മലേറിയ, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, ജാപ്പാനീസ് എൻസഫലൈറ്റിസ് തുടങ്ങിയ രോഗങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും എലിപ്പനി ഒഴികെയുള്ള രോഗങ്ങൾ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവായിരുന്നു. എലിപ്പനി മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലായി റിപ്പോർട്ട് ചെയ്തിരുന്നു.

(ബി) പ്രളയാനന്തരം രോഗങ്ങൾ പടരുന്നത് തടയുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം 18-8-2018-ന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിക്കുകയും നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൺട്രോൾ റൂം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പകർച്ചവ്യാധി നിയന്ത്രണം, വൈദ്യസഹായം എത്തിക്കൽ, മരുന്നും ഉപകരണങ്ങളും എത്തിക്കൽ തുടങ്ങിയവയ്ക്ക് പ്രത്യേക ടീമിന് രൂപം നൽകി. 24 മണിക്കൂറും ദുരിതബാധിതർക്ക് അധികൃതരുമായി ബന്ധപ്പെടുന്നതിനായി കൺട്രോൾ റൂമിന്റെ ടോൾ ഫ്രീ നമ്പറും ടെലിഫോൺ നമ്പറും എല്ലാ ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങളിലേയ്ക്ക് എത്തിച്ചു.

കൂടാതെ 10 ജില്ലകളിലെ 244 പഞ്ചായത്തുകളിലും താൽക്കാലിക പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ സജ്ജമാക്കി. സംസ്ഥാനത്തെ 6 മെഡിക്കൽ കോളേജുകളിൽ നിന്നായി 244 ബിരുദാനന്തര ബിരുദ മെഡിക്കൽ വിദ്യാർത്ഥികൾ, താൽക്കാലിക നഴ്സുമാർ, ഫീൽഡ് ജീവനക്കാർ എന്നിവരെ നിയമിക്കുകയും ഇവർക്ക് പ്രാഥമികാരോഗ്യ പരിചരണം ഐ.ഡി.എസ്.പി. റിപ്പോർട്ടിംഗ് എന്നിവയിൽ പരിശീലനം നൽകുകയും ചെയ്തു. ഓരോ പ്രദേശങ്ങളിലേയും പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ആഫീസർമാർ അതാത് പ്രദേശങ്ങളിലെ പകർച്ചവ്യാധി നിയന്ത്രണവും നിരീക്ഷണവും ഉറപ്പുവരുത്തി. ഓരോ താൽക്കാലിക പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 1,30,000 രൂപയുടെ മരുന്നുകളും അത്യാവശ്യ ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ലഭ്യമാക്കി 244 താൽക്കാലിക പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലായി 72754 ഒ.പി.കൾ പ്രവർത്തിച്ചു.

പകർച്ചവ്യാധി നിയന്ത്രണത്തിനായി ഒരു പ്രവർത്തന പ്ലാൻ തയ്യാറാക്കുകയും ദുരിതം ബാധിച്ചതിന്റെ തോത് കണക്കാക്കി പ്രദേശങ്ങളെ തരംതിരിച്ച് പകർച്ചവ്യാധി തടയുന്നതിന് അധിക ഫണ്ട്, പരിശീലനം നേടിയ ജീവനക്കാർ, വാഹനം എന്നിവ ലഭ്യമാക്കി. ഓരോ ജില്ലയിലെയും ജലജന്യ/വായുജന്യ/കൊതുകുജന്യ രോഗങ്ങൾ തുടങ്ങിയവ നിരീക്ഷിച്ച് രോഗബാധിതരുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കി ആയത് സ്റ്റേറ്റ് സെല്ലിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ ദിവസേന രണ്ട് തവണ അവലോകനയോഗം നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. എല്ലാ ക്യാമ്പുകളിലും എലിപ്പനി പ്രതിരോധത്തിനുള്ള ഡോക്സിസൈക്ലിൻ ഗുളികകൾ, ജലസ്രോതസ്സുകളുടെ സൂപ്പർ ക്ലോറിനേഷൻ എന്നിവ ഉറപ്പാക്കി മെഡിസിൻ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു.

പ്രളയാനന്തരം കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളത് എലിപ്പനിയാണ്. എലിപ്പനി പ്രതിരോധിക്കുന്നതിനായി സംയോജിത രോഗനിരീക്ഷണ പരിപാടി വഴി എലിപ്പനി സംശയിക്കുന്നവരെ ദിവസേന കണ്ടെത്തി രോഗ സ്ഥിരീകരണം നടത്തി ചികിത്സാ മാർഗ്ഗരേഖകൾക്കനുസൃതമായി ചികിത്സ ലഭ്യമാക്കുവാൻ സർക്കാർ ആശുപത്രികളെ സജ്ജമാക്കി. ഇതിനായി ചികിത്സാ മാർഗ്ഗരേഖ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. സർക്കാർ/സ്വകാര്യ ഡോക്ടർമാർക്കും ഫീൽഡ് വിഭാഗം ജീവനക്കാർക്കും ഇത് സംബന്ധിച്ച പരിശീലനം നൽകി.

മണ്ണുത്തിയിലെ വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് കോളേജിന്റെ സഹായത്തോടെ ' മാറ്റ് ടെസ്റ്റ് നടത്തി എലിപ്പനി പരത്തുന്ന ജന്തുക്കളെ കൃത്യമായി കണ്ടെത്തുന്നതിനും രോഗബാധയുണ്ടാവാൻ കൂടുതൽ സാദ്ധ്യതയുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരെയും കണ്ടെത്തി അവർക്ക് ആവശ്യമായ ബോധവൽക്കരണവും പ്രതിരോധ ചികിത്സയും നൽകി.

(സി) തിരുവനന്തപുരം (9), കോഴിക്കോട് (8), പാലക്കാട് (4), പത്തനംതിട്ട (6), കൊല്ലം (5), തൃശ്ശൂർ (5) എന്നീ ജില്ലകളിലാണ് എലിപ്പനിമരണം സ്ഥിരീകരിച്ചിട്ടുള്ളത്.

(ഡി) സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി രണ്ടായിരത്തി ഇരുപതോടുകൂടി മലമ്പനി, കരിമ്പനി, മന്ത്, കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾ നിവാരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മറ്റ് രോഗങ്ങൾ നിയന്ത്രിച്ച് അവയുടെ വ്യാപ്തി കുറയ്ക്കുവാനായി വാർഡുതല ശുചിത്വ സമിതി, ആരോഗ്യ സേന എന്നിവയുടെ പങ്കാളിത്തത്തോടെ ഇതര വകുപ്പുകളുമായി സഹകരിച്ച് ആരോഗ്യ ജാഗ്രതാ പരിപാടി 2018 മുതൽ ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു.

## പ്രളയാനന്തരമുള്ള പനിബാധ

237 (247) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ പനിബാധയെത്തുടർന്ന് എത്രപേർ മരണപ്പെട്ടു; എത്രപേർ ആശുപത്രികളിൽ ചികിത്സ തേടി; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകൾക്ക് വൈറസ് പ്രതിരോധശേഷി നഷ്ടപ്പെടുന്നു എന്ന് പുതിയ പഠനറിപ്പോർട്ടുകളിൽ കണ്ടെത്തുകയുണ്ടായോ;

(സി) കൊതുകുകളുടെ ജനിതക ഘടനയിലുണ്ടായ ഈ മാറ്റം ഡെങ്കിപ്പനി ഉയരാൻ കാരണമാകുന്നു എന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ടോ;

(ഡി) മുട്ടകളിലൂടെ കൊതുകുകളുടെ പുതിയ തലമുറയിലേയ്ക്ക് വൈറസ് പകരുന്നത് പനി നിയന്ത്രണ വിധേയസ്ഥലങ്ങളിൽ വീണ്ടും രോഗം പടരാൻ ഇടയാക്കുമോ;

(ഇ) കൂടാതെ രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഇത് വെല്ലുവിളിയാകുമോ; വിശദാംശങ്ങൾ നല്കുമോ?

<u>ഉത്തരം</u>

(എ) ആഗസ്റ്റ് 15 മുതൽ നവംബർ 22 വരെ സംസ്ഥാനത്ത് 8,61,956 പേർ പനിക്ക് ചികിത്സ തേടുകയും 27 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ചികിത്സ തേടിയവർ | മരണപ്പെട്ടവർ |
|---|---|---|
| തിരുവനന്തപുരം | 79,591 | 8 |
| കൊല്ലം | 52,705 | 7 |
| പത്തനംതിട്ട | 23,905 | - |
| ആലപ്പുഴ | 45,903 | - |
| കോട്ടയം | 27,445 | 1 |
| ഇടുക്കി | 21,297 | 2 |
| എറണാകുളം | 53,677 | 2 |
| തൃശ്ശൂർ | 74,459 | 1 |
| പാലക്കാട് | 84,108 | - |
| മലപ്പുറം | 1,38,676 | 2 |
| കോഴിക്കോട് | 84,755 | 1 |
| വയനാട് | 53,506 | 2 |
| കണ്ണൂർ | 72,433 | - |
| കാസർഗോഡ് | 49,496 | 1 |
| ആകെ | 8,61,956 | 27 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി&ഇ) മുട്ടകളിലൂടെ കൊതുകുകളുടെ പുതിയ തലമുറയിലേയ്ക്ക് വൈറസ് പകരുന്നത് പനി നിയന്ത്രണ വിധേയസ്ഥലങ്ങളിൽ വീണ്ടും രോഗം പടരാൻ സാദ്ധ്യത ഉണ്ടാകുന്നുണ്ട്. എന്നാൽ ഓരോ സ്ഥലത്തും ഉണങ്ങിയ ഉറവിടങ്ങൾ ഉൾപ്പെടെ ഈഡിസ് കൊതുകിന്റെ ഉറവിടങ്ങൾ ഇല്ലായ്മ ചെയ്യുന്നതും, ഡ്രൈഡേ ആചരണം പോലുള്ള പ്രവർത്തനങ്ങളിലൂടെയും ഡെങ്കിപ്പനി വ്യാപനം നിയന്ത്രിക്കുവാൻ സാധിക്കുന്നതാണ്.

ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, കൊതുക് ഉറവിട നശീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ കാര്യക്ഷമമാക്കുന്നതുവഴി ഡെങ്കിപ്പനി നിയന്ത്രണ വിധേയമാക്കാൻ ഒരു പരിധിവരെ സാധിക്കുന്നതാണ്. കൊതുകിന്റെ ഉണങ്ങിയ ഉറവിടങ്ങൾ നശിപ്പിക്കുന്നതോടൊപ്പം പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതും തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളും ഒരു പരിധി വരെ ഡെങ്കിപ്പനി നിയന്ത്രണ വിധേയമാക്കാൻ ഉതകുന്നതാണ്.

## സുകൃതം പദ്ധതി

238 (248) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുകൃതം പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം 2015-16,2016-17,2017-18, 2018 ഒക്ടോബർ വരെ കാലയളവിൽ അനുവദിച്ച തുക, വിനിയോഗിച്ച തുക എന്നിവയുടെ വിശദാംശം അറിയിക്കാമോ;

(സി) 18 വയസ്സിനു മുകളിലുള്ളവർക്ക് ക്യാൻസർ ചികിത്സയ്ക്കായി ഏതെങ്കിലും പദ്ധതി നിലവിൽ ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ക്യാൻസർ രോഗികൾക്കായി സർക്കാർ നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2014 നവംബർ 1-നാണ് സുകൃതം പദ്ധതി ആരംഭിച്ചത്. റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രി തുടങ്ങിയ എട്ട് സ്ഥാപനങ്ങളുടെ കീഴിലുമാണ് ഈ സ്കീം മുഖേന ചികിത്സ നടപ്പിലാക്കിയിരിക്കുന്നത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അർബുദ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സാ ആനുകൂല്യമാണ് നൽകിവരുന്നത്.

(ബി) സുകൃതം പദ്ധതിപ്രകാരം 2015-16, 2016-17, 2017-18, 2018 ഒക്ടോബർ വരെ അനുവദിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾചുവടെ ചേർക്കുന്നു:

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 0 | 0 |
| 2015-16 | 2,00,00,000 | 59,27,639 |
| 2016-17 | 0 | 2,26,64,259 |
| 2017-18 | 1,25,87,116 | 1,07,05,758 |
| 2018 ഒക്ടോബർ വരെ | 0 | 38,17,451 |
| ആകെ | 3,25,87,116 | 4,31,15,107 |

2. മെഡിക്കൽ കോളേജ്, ആലപ്പുഴ

| വർഷം | സർക്കാർ അനുവദിച്ച തുക(രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 2,00,00,000 | 56,000 |
| 2015-16 | 0 | 64,84,924 |
| 2016-17 | 0 | 1,27,63,410 |
| 2017-18 | 85,98,359 | 86,90,780 |
| 2018 ഒക്ടോബർ വരെ | 0 | 6,54,786 |
| ആകെ | 2,85,98,359 | 2,86,49,900 |

3. മെഡിക്കൽ കോളേജ്, കോട്ടയം

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 2,00,00,000 | 8,38,524 |
| 2015-16 | 0 | 1,44,09,981 |
| 2016-17 | 0 | 2,55,02,445 |
| 2017-18 | 1,78,44,513 | 2,47,73,298 |
| 2018 ഒക്ടോബർ വരെ | 0 | 1,00,55,460 |
| ആകെ | 3,78,44,513 | 7,55,79,708 |

4. മെഡിക്കൽ കോളേജ്, തൃശ്ശൂർ

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 2,00,00,000 | 1,37,300 |
| 2015-16 | 0 | 2,19,50,563 |
| 2016-17 | 0 | 8,71,965 |
| 2017-18 | 86,12,146 | 6,34,418 |
| 2018 ഒക്ടോബർ വരെ | 0 | 29,64,860 |
| ആകെ | 2,86,12,146 | 2,65,59,106 |

5. മെഡിക്കൽ കോളേജ്, കോഴിക്കോട്

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 0 | 0 |
| 2015-16 | 3,00,00,000 | 38,91,053 |
| 2016-17 | 0 | 93,68,985 |
| 2017-18 | 45,98,309 | 1,75,54,527 |
| 2018 ഒക്ടോബർ വരെ | 0 | 37,83,744 |
| ആകെ | 3,45,98,309 | 3,45,98,309 |

റീജീയണൽ ക്യാൻസർ സെന്റർ

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 12,00,00,000 | 2,21,27,356 |
| 2015-16 | Nil | 10,80,01,734 |
| 2016-17 | Nil | 16,64,57,975 |
| 2017-18 | 13,14,14,042 | 17,98,76,819 |
| 2018 ഒക്ടോബർ വരെ | Nil | 1,44,24,005 |
| ആകെ | 25,14,14,042 | 49,08,87,889 |
| അനുവദിച്ച് നൽകുവാനുള്ള തുക - 23,94,73,847 | | |

മലബാർ ക്യാൻസർ സെന്റർ

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 5,00,00,000 | 1,04,85,271 |
| 2015-16 | Nil | 3,46,25,479 |
| 2016-17 | Nil | 5,50,05,952 |
| 2017-18 | 4,41,40,238 | 3,56,92,600 |
| 2018 ഒക്ടോബർ വരെ | Nil | 1,92,27,459 |
| ആകെ | 9,41,40,238 | 15,50,36,761 |

ജനറൽ ആശുപത്രി, എറണാകുളം

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 2,00,00,000 | 92,903 |
| 2015-16 | Nil | 1,59,84,158 |
| 2016-17 | Nil | 46,06,366 |
| 2017-18 | 89,29,156 | 6,49,791 |
| 31-10-2018 വരെ | Nil | 32,47,228 |
| ആകെ | 2,89,29,156 | 2,45,80,446 |

(സി) ഉണ്ട്. വിശദാംശങ്ങൾചുവടെ ചേർക്കുന്നു:

1. സമഗ്ര ആരോഗ്യ ഇൻഷ്വറൻസിന്റെ ചിസ് പ്ലസ് പദ്ധതി പ്രകാരം 70,000 രൂപ വരെ വർഷത്തിൽ ചികിത്സാസഹായം ലഭ്യമാക്കുന്നു.

2. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം റേഷൻ കാർഡിൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്യാൻസർ രോഗികൾക്ക് 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം ലഭിക്കുന്നു.

3. സുകൃതം പദ്ധതി പ്രകാരം ബി.പി.എൽ. കാർഡുടമകളായ ക്യാൻസർ രോഗികൾക്ക് മൂന്നു ലക്ഷം രൂപവരെയുള്ള ചികിത്സ സൗജന്യമായി നൽകുന്നു.

4. ആർ.എസ്.ബി.വൈ. പദ്ധതി.

5. പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാരാണെന്നും തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നവർക്ക് ക്യാൻസർ ചികിത്സാ സൗജന്യമായി നൽകിവരുന്നു.

6. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ:- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഈ പദ്ധതി പ്രകാരം 50,000 രൂപ വരെ ചികിത്സാ സഹായം നൽകി വരുന്നു.
7. പെൻഷൻ:- ക്യാൻസർ രോഗികൾക്ക് 1000 രൂപ പ്രതിമാസ പെൻഷൻ നൽകിവരുന്നു.
8. സ്നേഹസാന്ത്വനം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ക്യാൻസർ ചികിത്സ സൗജന്യമായി നൽകിവരുന്നു. ഇതിനായി ജില്ലാ മെഡിക്കൽ ഓഫീസറുടെ പക്കൽനിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
9. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം
10. പട്ടികജാതി വികസന വകുപ്പിൽനിന്നും പട്ടികജാതിയിൽപ്പെട്ട ക്യാൻസർ രോഗികൾക്കുള്ള ധനസഹായം
11. പോണ്ടിച്ചേരി മെഡിക്കൽ റിലീഫ് സൊസൈറ്റി സഹായം
12. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി

(ഡി) മേൽ പരാമർശിച്ചിരിക്കുന്ന എല്ലാ പദ്ധതികളിലൂടെയും ക്യാൻസർ രോഗികൾക്കുള്ള സേവനങ്ങൾ നൽകുന്നുണ്ട്.

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ക്യാൻസർ രോഗവിദഗ്ദ്ധരുടെയും ക്യാൻസർ രോഗ ചികിത്സാ കേന്ദ്രങ്ങളുടെയും ദൗർലഭ്യമുള്ളതിനാൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ. എല്ലാ ജില്ലയിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സ നൽകുന്നതിനായി ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ വിദഗ്ദ്ധ പരിശീലനം നൽകി കീമോതെറാപ്പി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുകയാണ് ഈ കേന്ദ്രങ്ങളുടെ ലക്ഷ്യം. നാളിതുവരെ 49000-ത്തിൽപ്പരം കീമോതെറാപ്പിയും അനുബന്ധ സേവനങ്ങളും സംസ്ഥാനത്തെ 20 ആശുപത്രികളിലായി പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ നൽകുവാൻ സാധിച്ചിട്ടുണ്ട്. സ്വന്തം ജില്ലയിൽ ചികിത്സ നൽകുവാൻ സാധിക്കുന്നതിലൂടെ രോഗികളുടെ സാമ്പത്തികവും മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുവാൻ ഒരു പരിധിവരെ സാദ്ധ്യമായിട്ടുണ്ട്. മൂർദ്ധന്യാവസ്ഥയിലെത്തിയ ക്യാൻസർ രോഗികൾക്ക് സാന്ത്വന പരിചരണവും കിടത്തി ചികിത്സയും വേദനരഹിത ചികിത്സാ മാർഗ്ഗങ്ങളും പാലിയേറ്റീവ് കീമോതെറാപ്പിയും നൽകുന്നതിനായി അഭയം എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നോൺ പ്ലാൻ ഫണ്ടിലൂടെ പ്രതിമാസം ആയിരം രൂപയുടെ ചികിത്സാസഹായവും സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ പദ്ധതിയിലൂടെയും ചികിത്സാസഹായം നൽകിവരുന്നു.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

239 (249) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്;

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം എന്ന് മുതൽ ജീവനക്കാർക്ക് ലഭിച്ചു തുടങ്ങും?

### ഉത്തരം

(എ& ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താൽപ്പര്യപ്പത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals)യും തയ്യാറാക്കിവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. പദ്ധതിക്കുവേണ്ടിയുള്ള ടെണ്ടർ നടപടികൾക്കു മുന്നോടിയായി സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവരുടെ ആശ്രിതരുടെയും വിവരശേഖരണം പുരോഗമിച്ചുവരുന്നു.

## ആരോഗ്യ സുരക്ഷാ പദ്ധതി

240 (250) ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. വി. അബ്ദുറഹിമാൻ:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ആരോഗ്യപരിചരണവും ആരോഗ്യ സുരക്ഷയും മിതമായ ചെലവിൽ ഉറപ്പാക്കുന്നതിനായി പൊതുമേഖലയിൽ നടത്തി വരുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) ആർദ്രം മിഷന്റെ ഭാഗമായി പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും ക്യാൻസർ ഉൾപ്പെടെയുള്ള രോഗ പരിശോധന ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനം അറിയിക്കാമോ;

(ഡി) കുട്ടികളുടെയും വനിതകളുടെയും ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ടുള്ള സമ്പുഷ്ട കേരളം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയിലൂടെ എല്ലാവർക്കും പ്രാഥമികാരോഗ്യതലം മുതൽ തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം സൗജന്യമായും മിതമായ നിരക്കിലും നൽകുന്നതിനു വേണ്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഒന്നാം ഘട്ടം തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും അധിക തസ്തിക സൃഷ്ടിച്ചുകൊണ്ടും ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുകയും വഴി ടി സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 155 എണ്ണം പ്രവർത്തനസജ്ജമായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. രണ്ടാം ഘട്ടത്തിൽ 503 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ ജില്ലയിലും രണ്ടു വീതം താലൂക്കാശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തസ്തിക

സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിൽ ന്യൂറോളജി, നെഫ്രോളജി, കാർഡിയോളജി, യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

കിഫ്ബി മുഖേന തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ കാത്ത് ലാബും ഡയാലിസിസ് യൂണിറ്റുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവർത്തികളിലൂടെ പൊതുമേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നവർക്ക് സൗജന്യമായും മിതമായ നിരക്കിലും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭിക്കുന്നതാണ്.

കൂടാതെ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കും ഗർഭിണികൾക്കും രോഗപ്രതിരോധ കുത്തിവെയ്പുകൾ നടത്തിവരുന്നു. സർക്കാർ ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവ വഴി സൗജന്യമായാണ് വാക്സിനേഷൻ നടത്തുന്നത്.

ജെ.എസ്.എസ്.കെ. പദ്ധതി പ്രകാരം ഗർഭിണികൾക്ക് പരിചരണവും ചികിത്സയും രോഗനിർണ്ണയ പരിശോധനകളും സൗജന്യമായി സർക്കാർ ആശുപത്രികൾ വഴി നൽകിവരുന്നു.

ജെ.എസ്.എസ്.കെ., ആർ.എസ്.ബി.കെ., ആരോഗ്യ കിരണം എന്നീ പദ്ധതികൾ പ്രകാരം 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകുന്നു.

ദേശീയ വിരനിവാരണ ദിനത്തിൽ (National deworming Day) ഒരു വയസ്സു മുതൽ 19 വയസ്സുവരെയുള്ള കുട്ടികൾക്ക് വിരനിർമ്മാർജ്ജനം ചെയ്യുന്നതിനായി ആൽബന്റസോൾ ഗുളിക നൽകുന്നു.

(ബി) ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 155 എണ്ണം പ്രവർത്തനസജ്ജമായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇവിടങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 503 ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിച്ചുവരുന്നു. അടിസ്ഥാന

സൗകര്യ വികസനത്തിനായി 203 സ്ഥാപനങ്ങൾക്കായി 28.55 കോടി രൂപ അനുവദിച്ച് തുടർനടപടികൾക്കായി എൻ.എച്ച്.എം.-ന് കൈമാറിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 7 കോടി രൂപയുടെ ഭരണാനുമതി നൽകി കെ.എം.എസ്.സി.എൽ. വഴി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം തെരഞ്ഞെടുത്ത മറ്റ് കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. ഫണ്ട് വഴി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെയും ജില്ലാ ക്യാൻസർ കേന്ദ്രങ്ങളിലൂടെയും നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയ ഗളാർബുദം തുടങ്ങിയ ക്യാൻസറുകൾ കണ്ടെത്തുന്നതിന് സ്ക്രീനിംഗ് പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനുള്ള പരിശീലനം നൽകുന്നതിനും VIAVILI KIT-കൾ വാങ്ങുന്നതിനും papsmear പരിശോധന നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ഡി) രാജ്യത്തെ 0-6 വയസ്സ് വരെയുള്ള കുട്ടികളുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷകമൂല്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതിയാണ് പോഷൺ അഭിയാൻ (നാഷണൽ ന്യൂട്രീഷൻ മിഷൻ). സംസ്ഥാനത്ത് സമ്പുഷ്ടകേരളം (കേരള സ്റ്റേറ്റ് ന്യൂട്രീഷ്യൻ മിഷൻ) എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ ടി പദ്ധതി മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾച്ചുവടെ ചേർക്കുന്നു:

1. Stunting (0-6 വയസ്) - 6% കുറയ്ക്കുക
2. തൂക്കക്കുറവ് (0-6 വയസ്) - 6% കുറയ്ക്കുക
3. വിളർച്ച (6-59 വയസ്) - 9% കുറയ്ക്കുക
4. വിളർച്ച സ്ത്രീകളിലും കൗമാര പ്രായക്കാരായ പെൺകുട്ടികളിലും 15-49 വയസ്സ് - 9% കുറയ്ക്കുക
5. ജനനഭാരക്കുറവ് (0-6 വയസ്) - 6% കുറയ്ക്കുക.

കൂടാതെ സമ്പൂർണ്ണ മുലയൂട്ടലിന്റെ നിരക്ക് വർദ്ധിപ്പിക്കുക. Obesity കുറയ്ക്കുക എന്നിവ കൂടി സമ്പുഷ്ട കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഓട്ടിസം ബാധിതർക്കായുള്ള പദ്ധതികൾ

241 (252) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിതരുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഓട്ടിസം ബാധിതരുടെ സമഗ്ര പുരോഗതിക്കായി നടപ്പിലാക്കിയിട്ടുള്ള സ്പെക്ട്രം പദ്ധതിയുടെ വിശദാംശം നൽകുമോ ;

(സി) ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള സേവനം മെച്ചപ്പെടുത്താനും തെറാപ്പി സെന്ററുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഓട്ടിസം ബാധിച്ച കുട്ടികളുടെ അഭിരുചി വർദ്ധിപ്പിക്കുന്നതിന് രക്ഷിതാക്കളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഓട്ടിസം ക്ലബ്ബ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ഇ) ഓട്ടിസം ബാധിതരായവരെ തൊഴിൽ സജ്ജരാക്കുന്നതിന് പുതിയ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനും പുനരധിവാസത്തിനുമായി താഴെ പറയുന്ന പദ്ധതികൾ നടത്തിവരുന്നു. ഇതിൽ ഓട്ടിസം ബാധിതരെയും പരിഗണിക്കുന്നു.

1. 12 വയസ്സിന് താഴെ പ്രായമുള്ള ഗുരുതര ഭിന്നശേഷിയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി മാനദണ്ഡങ്ങൾക്ക് വിധേയമായി 20,000 രൂപ സ്ഥിര നിക്ഷേപമായി നൽകിവരുന്നു. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളതും പ്രതിവർഷം 1,00,000 രൂപയിൽ താഴെ വരുമാനമുള്ളതുമായ കുടുംബങ്ങളിലെ കുട്ടികൾക്കുമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

2. മാനസിക വൈകല്യമുള്ള 14 വയസ്സുമുതൽ പ്രായമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് സ്വയംതൊഴിൽ വായ്പ നാമമാത്ര പലിശ നിരക്കിൽ നൽകുന്നു.

<u>നിബന്ധനകൾ</u>

1. കേരളത്തിൽ സ്ഥിരതാമസക്കാരനും 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുമായിരിക്കണം.

2. 40%-മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.

ഓട്ടിസം ബാധിതരുടെ ഉന്നമനത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ "സ്പെക്ട്രം" എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

കൂടാതെ ഓട്ടിസം ബാധിതരായ മുതിർന്നവർക്കായി Assisted Living Home ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018-19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ദ്ധ പരിശീലനം, വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഓട്ടിസം കുട്ടികളുടെ ആശയ വിനിമയ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കലും, ലഭ്യമാക്കലും ഓട്ടിസം കുട്ടികളുടെ നൈപുണ്യ വികസനം തുടങ്ങിയവയാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

(സി) ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള സേവനം മെച്ചപ്പെടുത്താനും തെറാപ്പി സെന്ററുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉൾപ്പെടെയുള്ള വിവിധ സമഗ്ര പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള സ്പെക്ട്രം പദ്ധതിക്ക് 2018-19-ൽ 3,99,64,100 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഓട്ടിസം ബാധിച്ച കുട്ടികളുടെ അഭിരുചി വർദ്ധിപ്പിക്കുന്നതിന് രക്ഷിതാക്കളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള നൈപുണ്യ വികസന പരിപാടി സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി പൈലറ്റായി നടപ്പാക്കുന്നതാണ്. ഈ പരിപാടി ഓട്ടിസം കുട്ടികളുടെ രക്ഷിതാക്കളുടെ സംഘടനകളുമായി സഹകരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. 10-നും 24-നും വയസ്സിന് ഇടയിലുള്ള കുട്ടികൾക്കാണ് നൈപുണ്യവികസന പരിപാടി നടപ്പാക്കുന്നത്. കമ്പ്യൂട്ടർ അധിഷ്ഠിത തൊഴിൽ പരിശീലനം, ജ്വല്ലറി നിർമ്മാണം, കരകൗശല വസ്തുക്കൾ, ബ്ലോക്ക് പ്രിന്റിംഗ്, സ്ക്രീൻ പ്രിന്റിംഗ്, എൽ.ഇ.ഡി. ബൾബ് നിർമ്മാണം തുടങ്ങിയവയിലാണ് ആദ്യഘട്ടമായി പരിശീലനം നൽകുന്നത്.

(ഇ) ഓട്ടിസം ബാധിതരായവരെ തൊഴിൽ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇവർക്കുള്ള നൈപുണ്യ വികസന പരിപാടി സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത്.

## സമ്പുഷ്ട കേരളം പദ്ധതി

242 (253) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളിലെയും കുട്ടികളിലെയും പോഷണക്കുറവ് പരിഹരിക്കുന്നതിനായി സമ്പുഷ്ട കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പാക്കിയതിന് കേന്ദ്രസർക്കാരിന്റെ ബഹുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ന്യൂനപോഷണം തടയുന്നതിന് കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്ന സംയോജിത ശിശു വികസന പദ്ധതികൾ (ICDS), പ്രധാനമന്ത്രി മാതൃവന്ദന യോജന (PMMVY), കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതി (SAG), ജനനി സുരക്ഷ യോജന (JSY), ദേശീയ ആരോഗ്യ മിഷൻ (NHM), ശുചിത്വ മിഷൻ, കുടിവെള്ളം, പൊതുവിതരണ സംവിധാനം (PDS) തുടങ്ങിയ പദ്ധതികൾ. പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷനിലെ വാർഡ് തലത്തിലുള്ള Village Health Sanitation & Nutrition Committee-കൾ വഴി ചുവടെ ചേർക്കുന്ന വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്.

1. വനിത ശിശു വികസന വകുപ്പ്

2. തദ്ദേശ സ്വയംഭരണ വകുപ്പ്

3. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ്

4. പൊതുവിദ്യാഭ്യാസ വകുപ്പ്

5. പട്ടികജാതി വകുപ്പ്

6. പട്ടികവർഗ്ഗ വകുപ്പ്

7. ആയുഷ് വകുപ്പ്

8. ജലവിഭവ വകുപ്പ്

9. കൃഷി വകുപ്പ്

10. മൃഗ സംരക്ഷണ വകുപ്പ്

11. കുടുംബശ്രീ

12. ആരോഗ്യ വകുപ്പ്

13. പഞ്ചായത്ത് വകുപ്പ്

14. നഗരകാര്യ വകുപ്പ്

15. ഡെയറി ഡെവലപ്മെന്റ് വകുപ്പ്

16. ശുചിത്വ മിഷൻ

17. ജലനിധി.

(സി) നാഷണൽ ന്യൂട്രീഷൻ മിഷൻ അഥവാ സമ്പുഷ്ട കേരളം അങ്കണവാടികൾ വഴി നടപ്പാക്കാനാണ് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലുള്ളത്. ഐ.സി.ഡി.എസ്.-ന്റെ ഗുണഭോക്താക്കളായ 6 വയസ്സിനുതാഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരാണ് ടി പദ്ധതിയുടെയും ഗുണഭോക്താക്കൾ

(ഡി) ഉണ്ട്. നാഷണൽ ന്യൂട്രീഷൻ മിഷന്റെ ഭാഗമായി 2018 സെപ്റ്റംബർ മാസം രാജ്യത്തുടനീളം 'പോഷൺ മാഹ്' സംഘടിപ്പിച്ചതിൽ മികച്ച അങ്കണവാടി പ്രവർത്തകരെയും ഉദ്യോഗസ്ഥരെയും ആദരിക്കുന്ന പുരസ്കാര ചടങ്ങിൽ മികച്ച State Convergence Action Plan തയ്യാറാക്കിയതിനുള്ള പുരസ്കാരത്തിന് കേരളം അർഹമായി. 2018 ഒക്ടോബർ 10-ാം തീയതി ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ വച്ച് ടി പുരസ്കാരം ഏറ്റുവാങ്ങി.

## ആയുഷ്മാൻ ഭാരത്

243 (254) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരതിൽ സംസ്ഥാന സർക്കാർ പങ്കാളിയാകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിലുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മുഴുവൻ ആയുഷ്മാൻ ഭാരതിന്റെ ഗുണഫലം ലഭിക്കുവാൻ സാദ്ധ്യതയുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിനായി എന്ത് ബദൽ നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) കാരുണ്യ ഉൾപ്പെടെ നിലവിലുള്ള പദ്ധതികൾ ആയുഷ്മാൻ ഭാരതിൽ ലയിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ.; ഉണ്ടെങ്കിൽ കേന്ദ്ര പ്രതികരണം എന്താണ്; വിശദമാക്കാമോ;

(ഇ) ഈ പദ്ധതിയിൽ ചേരുന്നത് സംസ്ഥാന താല്പര്യങ്ങൾക്ക് അനുയോജ്യമല്ല എന്ന അഭിപ്രായം ഉണ്ടായിരുന്നോ; എങ്കിൽ ഇത് മാറ്റാനുള്ള പ്രത്യേക സാഹചര്യമെന്താണ്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നിലവിലെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ (RSBY/CHIS) ഗുണഭോക്താക്കൾ എല്ലാവർക്കും പുതിയ പദ്ധതി ആയ ആയുഷ്മാൻ ഭാരതിന്റെ ആനുകൂല്യം ലഭ്യമാകുന്നതാണ്.

(ഡി) ഇത് തീരുമാനിക്കേണ്ടത് കേരള സർക്കാരാണ്. ആയത് ലയിപ്പിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഇ) കേന്ദ്ര സർക്കാർ തയ്യാറാക്കിയ MoU-യിൽ സംസ്ഥാനങ്ങൾക്ക് മതിയായ സ്വാതന്ത്ര്യം നൽകിയിരുന്നില്ല. എന്നാൽ ഈ വ്യവസ്ഥകൾ മാറ്റാൻ കേന്ദ്ര സർക്കാർ തയ്യാറായതിനെ തുടർന്നാണ് പദ്ധതിയിൽ ചേരാൻ കേരള സർക്കാർ തീരുമാനിച്ചത്.

## മൃതസഞ്ജീവിനി പദ്ധതി

244 (255) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃതസഞ്ജീവനി പദ്ധതിയിൽ, എത്രപേർ വൃക്ക, കരൾ, ഹൃദയം, ശ്വാസകോശം എന്നിവ മാറ്റിവയ്ക്കാൻ അപേക്ഷ നൽകിയിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് അവയവങ്ങൾക്കായി കാത്തിരുന്ന എത്ര രോഗികൾ കഴിഞ്ഞ രണ്ട് വർഷത്തിനിടെ മരിച്ചു;

(സി) മരണാനന്തര അവയവദാനം നടത്തുന്നതിലെ സങ്കീർണ്ണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സങ്കീർണ്ണതകൾ പരമാവധി കുറച്ച് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ) മൃതസഞ്ജീവിനി പദ്ധതിയിൽ വൃക്ക മാറ്റിവയ്ക്കുന്നതിന് 1756 പേരും ഹൃദയം മാറ്റിവയ്ക്കുന്നതിന് 36 പേരും കരൾ മാറ്റിവയ്ക്കുന്നതിന് 375 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്വാസകോശം മാറ്റിവയ്ക്കുന്നതിന് ആരും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) സംസ്ഥാനത്ത് അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്തിരുന്ന രോഗികളിൽ 180-ഓളം പേർ വിവിധ കാരണങ്ങളാൽ കഴിഞ്ഞ രണ്ടു വർഷത്തിനിടെ മരണപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. 1994-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THOA) അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നിരുന്നാലും മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 'മൃതസഞ്ജീവിനി'വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശിൽപ്പശാലകളും സംഘടിപ്പിച്ചുവരുന്നുണ്ട്. അവയവദാനത്തിന് താൽപ്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരികയും ചെയ്യുന്നു. കൂടാതെ പ്രശസ്ത സിനിമാതാരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

**ആർദ്രം പദ്ധതി**

245 (256) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; എത്ര പുതിയ തസ്തികകൾ ഇതിനായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) രണ്ടാം ഘട്ടത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(സി) ആർദ്രം പദ്ധതിയിൽ ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയതെന്നും അവിടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നും എത്ര തസ്തികകൾ പ്രസ്തുത ആശുപതികളിൽ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 170 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഭരണാനുമതി നൽകുകയും ഇതിൽ 155 കേന്ദ്രങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലേയ്ക്ക് 340 സ്റ്റാഫ് നഴ്സുമാരുടെയും 170 ഡോക്ടർമാരുടെയും 170 ലാബ് ടെക്നീഷ്യന്മാരുടെയും 150 ഫാർമസിസ്റ്റുകളുടെയും തസ്തികകൾ സൃഷ്ടിച്ച നൽകിയിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. അതിൻപ്രകാരം ജില്ല/ താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ ഒന്നാം ഘട്ടത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. രോഗികൾക്ക് online appointment എടുത്ത് കൺസൾട്ടേഷൻ നടത്താനുള്ള software തയ്യാറായിക്കഴിഞ്ഞു.

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ/താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക
- ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവൽക്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പു വരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക.
- വിവിധ വിഭാഗം ആശുപത്രികളിലെ ഡോക്ടറടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനർക്രമീകരിക്കാനും ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.
- മെഡിക്കൽ കോളേജിൽ online appointment നൽകി നിശ്ചിത സമയത്ത് രോഗികളെ പരിശോധിക്കുക.
- തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ ഡ്രൈയിനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായിട്ടുണ്ട്. റഫറൽ സംവിധാനവും ശക്തിപ്പെടുത്തുന്നതാണ്. രോഗിയുടെ ആരോഗ്യ റെക്കോർഡുകൾ ഇ-ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെടുത്തുന്നതിന്റെ പ്രവർത്തനങ്ങളും നടന്നുവരുന്നു. ലബോറട്ടറി പരിശോധനാ സൗകര്യങ്ങൾ ലഭ്യമാക്കുക, ചികിത്സാ മാർഗ്ഗരേഖ പ്രകാരം ചികിത്സ എന്നീ നടപടികളും ഈ കേന്ദ്രങ്ങളിൽ നടന്നുവരുന്നു. കൂടാതെ ഈ സ്ഥാപനങ്ങളിൽ മൂന്നു ഡോക്ടർമാരുടെ സേവനം, നഴ്സസ്

പ്രീ-ചെക്കും കൗൺസലിംഗും വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ തുടങ്ങിവ ലഭ്യമാക്കി വരുന്നു. ആസ്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ്' ക്ലിനിക്, ഡിപ്രഷനും മാനസിക ആരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്' ക്ലിനിക് എന്നിവയും, സബ് സെന്റർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന നടപടികളും ഫീൽഡ് പ്രദേശങ്ങളിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റിവ്യു പ്രോഗ്രാമുകളും കൂടുതലായി നടത്തിവരുന്നു.

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നതും വാർഡുതല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയാണ് ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്.

(ബി) 2018-19 സാമ്പത്തിക വർഷം 503 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 203 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 28.55 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഫണ്ട് എൻ.എച്ച്.എം.-ന് ഇതിനോടകം കൈമാറിയിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും രണ്ട് താലൂക്കാസ്ഥാന ആശുപത്രികൾ വീതം 28 ആശുപത്രികളെ മിനിമം സൗകര്യങ്ങൾ ഏർപ്പെടുത്തി വികസിപ്പിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഏറനാട് മണ്ഡലത്തിൽ ഒന്നും ഘട്ടത്തിൽ കുഴിമണ്ണ പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി രണ്ട് സ്റ്റാഫ് നഴ്സ്, ഒരു അസിസ്റ്റന്റ് സർജൻ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വൈകുന്നേരം വരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം ചാലിയാർ, കാവനൂർ, ഓടക്കയം പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഗ്യാപ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്.

**ആർദ്രം മിഷൻ**

246 (257) ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) മിഷന്റെ പ്രധാന ഘടകമായ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും അതുവഴി പ്രാദേശിക ആരോഗ്യ പരിപാലന സംവിധാനം മെച്ചപ്പെടുത്താനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത് ;

(സി) പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പഠനങ്ങൾ നടത്താനും സമഗ്ര ആരോഗ്യ ഭൂപടം തയ്യാറാക്കാനും സ്വകാര്യ, സർക്കാർ മെഡിക്കൽ കോളേജുകൾ കുടുംബാരോഗ്യ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി സഹകരിക്കാൻ ധാരണയായിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ഡി) കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴിയുള്ള വിവിധ പഠനങ്ങൾക്കായുള്ള ഫീൽഡ് വർക്കിൽ വിദ്യാർത്ഥി പങ്കാളിത്തം ഉറപ്പാക്കാൻ ആലോചനയുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമഗ്ര പ്രാഥമികാരോഗ്യ പരിചരണം ലക്ഷ്യമിട്ട് ഒരു കുടുംബത്തിലെ എല്ലാവർക്കും രോഗ പ്രതിരോധവും പ്രാഥമിക ചികിത്സയും പാലിയേറ്റീവ് റീഹാബിലിറ്റേറ്റീവ് പരിചരണവും അടങ്ങുന്ന പ്രവർത്തനങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പാക്കി വരുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗീസൗഹൃദമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടും (മെച്ചപ്പെട്ട രജിസ്ട്രേഷൻ സൗകര്യം, നല്ല ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്ലെറ്റ് സൗകര്യങ്ങൾ തുടങ്ങിയവ) സ്വകാര്യത ഉറപ്പു വരുത്തുന്ന പരിശോധനാ മുറികളും മാർഗ്ഗരേഖ

അടിസ്ഥാനമാക്കിയുള്ള ചികിത്സകളുമാണ് നടപ്പിലാക്കിവരുന്നത്. ലാബ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ചും ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കിയും അധികമായി ഡോക്ടർമാരെയും നഴ്സുമാരെയും ഫാർമസിസ്റ്റിനെയും നിയമിച്ചും ചികിത്സാ സമയം ദീർഘിപ്പിക്കുകയും വിപുലപ്പെടുത്തുകയും ചെയ്തുവരുന്നു. ആസ്ത്മയ്ക്കും ശ്വാസംമുട്ടിനുമുള്ള ശ്വാസ് ക്ലിനിക്, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക് തുടങ്ങിയവ ഇതിന്റെ ഭാഗമായി ഏർപ്പെടുത്തുകയും കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ച് വരികയുമാണ്. പ്രമേഹം രക്തസമ്മർദ്ദം തുടങ്ങിയവയുടെ സ്ക്രീനിംഗിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നുമുണ്ട്. ആരോഗ്യ ഉപകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങളും ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

(സി&ഡി) 4-9-2018-ലെ സ.ഉ. (സാധാ)നമ്പർ 2713/2018/ആ.ക.വ. അനുസരിച്ച് ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളുമായുള്ള പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി* ചേർക്കുന്നു.)

കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ പങ്കാളിത്തത്തോടെ മെഡിക്കൽ കോളേജുകൾക്ക് വിവിധ പഠനങ്ങൾ നടത്താവുന്നതാണ്. അതോടൊപ്പം വിദ്യാർത്ഥികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി ഫീൽഡുവർക്ക് നടത്താനും പദ്ധതിയിൽ നിർദ്ദേശമുണ്ട്.

**ആർദ്രം മിഷൻ പദ്ധതി**

247(258) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പദ്ധതിയുടെ ഭാഗമായി റാന്നി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പി.എച്ച്.സി.-കളാണ് കുടുംബരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടത്; ഇവിടെ വൈകുന്നേരം 6 മണിവരെ ഡോക്ടർ ഉൾപ്പെടെയുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; മറ്റെന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി സി.എച്ച്.സി.-കൾക്ക് എന്തു സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; റാന്നി നിയോജക മണ്ഡലത്തിൽ ഏതെങ്കിലും സി.എച്ച്.സി.-യെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തുക; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും ചികിത്സാ മാനദണ്ഡങ്ങളുടെയും ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ചികിത്സകൾ ശാസ്ത്രീയമായി ക്രമീകരിക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തിക സൃഷ്ടിച്ചുകൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, ജില്ല/താലൂക്കതല ആശുപത്രികളിൽ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും അധിക ജീവനക്കാരെ നിയമിച്ചും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക, ഒ.പി. വിഭാഗം നവീകരിക്കുകയും സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കുകയും ചെയ്യുക, വിവിധ മാനദണ്ഡങ്ങളിലൂടെയും അക്രെഡിറ്റേഷൻ സംവിധാനങ്ങളിലൂടെയും ചികിത്സകർക്കും ആരോഗ്യ പ്രവർത്തകർക്കും തൊഴിൽ സംബന്ധമായ അപായ സാദ്ധ്യതകളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുക, ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഒരുക്കുക മുതലായവയാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

(ബി) റാന്നി നിയോജകമണ്ഡലത്തിലെ വടശ്ശേരിക്കര, കോട്ടാങ്ങൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടത്. വൈകുന്നേരം 6 മണിവരെ ഡോക്ടർമാർ ഉൾപ്പെടെയുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് സൗകര്യങ്ങളുടെ വിശദവിവരംചുവടെ ചേർക്കുന്നു:

- ജനസൗഹൃദ പശ്ചാത്തല സൗകര്യങ്ങൾ
- വിദഗ്ധരായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും സേവനം
- മാനദണ്ഡങ്ങൾക്കനുസൃതമായ മെച്ചപ്പെട്ട ചികിത്സ
- ഗുണമേന്മയുള്ള ഉപകരണങ്ങൾ

- റഫറൽ സംവിധാനം
- ആരോഗ്യ ജാഗ്രതാ പരിപാടിയിലൂടെ പകർച്ചവ്യാധി പ്രതിരോധം
- ശ്വാസകോശ രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് പ്രതിരോധവും മാർഗ്ഗനിർദ്ദേശവും
- ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക്
- ലബോറട്ടറി സംവിധാനം
- രോഗികൾ ഡോക്ടറെ കാണുന്നതിനു മുമ്പ് നഴ്സുമാരുടെ പ്രീ-ചെക്കപ്പ്.

(സി) റാന്നി നിയോജകമണ്ഡലത്തിൽനിന്നും 2018-19 കാലയളവിൽ വെച്ചൂചിറ, എഴുമറ്റൂർ എന്നീ സി.എച്ച്.സി.-കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സി.എച്ച്.സി.-കളിൽ നിലവിൽ ലഭ്യമാക്കുന്ന സേവനങ്ങൾക്കു പുറമേ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങൾകൂടി ലഭ്യമാക്കുന്നതാണ്.

### മഹാരാജാസ് ഗവ. താലൂക്ക് ആശുപത്രി

248 (259) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സമഗ്രവികസനത്തിനായി 2017-18, 2018-19 ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിച്ചിരുന്ന പശ്ചിമ കൊച്ചിയിലെ തീരദേശ ആശുപത്രിയായ മഹാരാജാസ് ഗവ. താലൂക്ക് ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി നിരവധി തവണ നിർദ്ദേശങ്ങൾ നൽകിയിട്ടും സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) തീരദേശ മേഖലയായ പശ്ചിമ കൊച്ചിയിൽ മികവുള്ള ആശുപത്രിയുടെ അഭാവം കൊണ്ട് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് മാസ്റ്റർ പ്ലാനിന് കിഫ്ബിയുടെ അംഗീകാരം നൽകുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മഹാരാജാസ് ഗവ. താലൂക്ക് ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ 25-10-2018-ന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സമർപ്പിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കി സമർപ്പിച്ച മഹാരാജാസ് ഗവ. താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ഒല്ലൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

249 (260) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ മണ്ഡലത്തിലെ സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ പുത്തൂർ പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഡോക്ടർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരുടെ ഓരോ തസ്തികയും സ്റ്റാഫ് നഴ്സിന്റെ രണ്ട് തസ്തികയും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ശ്വാസ്, ആശ്വാസ് ക്ലിനിക് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പി.എച്ച്.സി. വാണിയമ്പാറ, നടത്തറ, പട്ടിക്കാട് എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. പി.എച്ച്.സി. നടത്തറയിൽ പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിൽ എൻ.എച്ച്.എം. വഴി ഗ്യാപ് അനാലിസിസ് നടത്തിയിട്ടുണ്ട്. വാണിയംപാറ പി.എച്ച്.സി.-യിലും പട്ടിക്കാട് പി.എച്ച്.സി.-യിലും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്നും 14 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. നടത്തറ പി.എച്ച്.സി.-ക്ക് എൻ.എച്ച്.എം. വഴി 15 ½ ലക്ഷം (പതിനഞ്ചര ലക്ഷം) രൂപ ലഭ്യമാക്കി ഇതുപ്രകാരമുള്ള പ്രവർത്തനങ്ങൾ എൻ.എച്ച്.എം. വഴി നടപ്പിലാക്കിവരുന്നു. അതോടൊപ്പം ഇവിടങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

## വർക്കല നിയോജകമണ്ഡലത്തിലെ ആർദ്രം പദ്ധതി

250 (261) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല മണ്ഡലത്തിലെ ആശുപത്രികളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിൽനിന്ന് ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ വർക്കല താലൂക്ക് ആശുപത്രി, ചെമ്മരുതി പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവയെ തെരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തോണിപ്പാറ, മടവൂർ, വെട്ടൂർ എന്നീ പ്രാഥമികരോഗ്യ കേന്ദ്രങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) വർക്കല താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതിയിൽ 10 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. ജൂനിയർ കൺസൾട്ടന്റ് (മെഡിക്കൽ) -1

2. കൺസൾട്ടന്റ് (ഗൈനക്) -1

3. ലാബ് ടെക്നീഷ്യൻ -2

4. ഒപ്റ്റോമെടിസ്റ്റ് -1

5. ഡെന്റൽ മെക്കാനിക് -1

6. സ്റ്റാഫ് നഴ്സ് ഗേഡ് -2 -3

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർക്കല മണ്ഡലത്തിൽനിന്ന് ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത ചെമ്മരുതി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി

251 (262) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) താലൂക്ക് ആശുപത്രി എന്ന നിലയിൽ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര പരിഗണന നൽകുമോ എന്നും ആയതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതെന്തെല്ലാമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ബഹു. എം.എൽ.എ.-യുടെ നിവേദനത്തിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

## മാവേലിക്കര മണ്ഡലത്തിലെ ആയുർവേദ ആശുപത്രികൾ

252 (263) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ ആയുർവേദ ആശുപത്രികളെ ആധുനിക നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) മാവേലിക്കര ആയുർവേദാശുപത്രിയിൽ നിലവിലുണ്ടായിരുന്ന വിഷചികിത്സയുമായി ബന്ധപ്പെട്ട ഡോക്ടർ തസ്തിക മറ്റൊരു ജില്ലയിലെ ആയുർവേദാശുപത്രിയിലേയ്ക്ക് മാറ്റിയത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയിലെ വിഷ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ തസ്തിക നെടുമങ്ങാട് സർക്കാർ ആയുർവേദ ആശുപത്രിയിലേയ്ക്ക് മർമ്മ സ്പെഷ്യലിസ്റ്റ് തസ്തികയാക്കി 26-2-2011-ലെ സ.ഉ. (സാധാ) നമ്പർ 739/2011/ആകുവ പ്രകാരം റീഡെസിഗ്നേറ്റ് ചെയ്ത് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തിക പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## കോഴിക്കോട് മെഡിക്കൽ കോളേജ് ഡയാലിസിസ് സംവിധാനം

253(264) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടുന്ന മുഴുവൻ വൃക്ക രോഗികൾക്കും ഡയാലിസിസ് ചെയ്യുന്നതിനാവശ്യമായ സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇല്ലെങ്കിൽ ആശുപത്രിയിൽ നിലവിൽ ചികിത്സ തേടുന്ന മുഴുവൻ വൃക്ക രോഗികൾക്കും ഡയാലിസിസ് ചെയ്യുന്നതിനായി എത്ര ഡയാലിസിസ് മെഷീനുകൾ അധികമായി സ്ഥാപിക്കേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്ന എല്ലാ വൃക്ക രോഗികൾക്കും ആവശ്യമുള്ള ഡയാലിസിസ് നെഫ്രോളജി ഡിപ്പാർട്ടുമെന്റ് നൽകുന്നുണ്ട്. ആഴ്ചയിൽ ഏകദേശം 10-15 രോഗികൾക്ക് ആജീവനാന്തമുള്ള ഡയാലിസിസ് പ്രാരംഭമായി ചെയ്യുന്നുണ്ട്. ഇവർക്ക് മുഴുവനും Peritoneal ഡയാലിസിസ് ചെയ്യുന്നതിന് മെഡിക്കൽ കോളേജിന് സാധിക്കുന്നുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ധനസഹായത്താൽ ഒരേ സമയം 10 രോഗികൾക്ക് ഡയാലിസിസ് ചികിത്സ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു.

(സി) കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കീഴിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 22 മെഷീനുകളോടുകൂടിയ ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം സർക്കാർ ആയുർവേദ ആശുപത്രി**

254 (265) <u>ശ്രീ. പി. ഉണ്ണി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം സർക്കാർ ആയുർവേദ ആശുപത്രി 30 കിടക്കകളോട് കൂടിയ ആയുർവേദാസ്പത്രിയാക്കി ഉയർത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം സർക്കാർ ആയുർവേദ ആശുപത്രികളെ 30 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തി എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഒറ്റപ്പാലം സർക്കാർ ആയുർവേദ ആശുപത്രി 30 കിടക്കകളോടുകൂടിയ ആശുപത്രിയാക്കി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10-10-2018-ലെ സ.ഉ.(കൈ) നം. 31/2018/ആയുഷ് ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ എടക്കര സർക്കാർ ആയുർവേദ ഡിസ്പെൻസറി 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുകയുണ്ടായി.

## കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ്

255 (266) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിന് വേണ്ടി അനുവദിച്ച രണ്ട് കോടി രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിന് അനുവദിച്ച 2 കോടി രൂപയിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തികൾ | തുക (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | എൻ.എം.സി.എച്ച്. ബ്ലോക്കിലെ എ, ബി, സി-യിലും റേഡിയോളജി വകുപ്പിലും രോഗികളുടെ കാത്തിരിപ്പ സ്ഥലം, വാർഡുകളിൽ രോഗികൾക്ക് ടോയ്‌ലെറ്റ്, എൻ.എം.സി.എച്ച്. വാർഡുകളിൽ രോഗികൾക്ക് ഡൈനിംഗ് യാർഡ് എന്നിവയുടെ നവീകരണം | 1,06,00,000 |
| 2 | ഐ.എം.സി.എച്ച്.-ലെ രോഗികൾക്ക് വസ്ത്രം ഉണക്കാനിടാനുള്ള സൗകര്യം ഒരുക്കുന്നതിന് | 10,00,000 |
| 3 | ഐ.എം.സി.എച്ച്.-ൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടിയുള്ള കാത്തിരിപ്പു സ്ഥലത്ത് ഇന്റർലോക്ക് ടൈലിംഗ് | 15,00,000 |
| 4 | എസ്.ഡി.എസ്.എം. ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗികൾക്ക് കാത്തിരിപ്പ് സ്ഥലത്തിന്റെ നിർമ്മാണം | 30,00,000 |
| 5 | ഐ.എം.സി.എച്ച്.-ലെ ഡൈനിംഗ് ഹാളിന്റെ നവീകരണം | 8,00,000 |
| 6 | രക്തബാങ്കിൽ രക്തദാതാക്കൾക്കായുള്ള കാത്തിരിപ്പ് സ്ഥലത്തിന്റെ നിർമ്മാണം | 5,00,000 |
| 7 | രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടിയുള്ള ക്യാമ്പസിലെ ഹോസ്പിറ്റലിന് ചുറ്റുമുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 |

| (1) | (2) | (3) |
|---|---|---|
| 8 | ക്യാമ്പസിൽ രോഗികൾക്കായി അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ | 5,00,000 |
| 9 | ഐ.സി.ഡി.-യിൽ രോഗികൾക്കായുള്ള ടോയ്‌ലറ്റിന്റെ നവീകരണം | 5,00,000 |
| | ആകെ | 1,94,00,000 |

കൂടാതെ ഗൈനക്കോളജി വിഭാഗത്തിലേയ്ക്ക് ഡിജിറ്റൽ സൈനേജ് (Digital Signage) വാങ്ങുന്നതിനായി 72,988 രൂപയും കാത്തിരിപ്പ് കേന്ദ്രത്തിലേയ്ക്ക് TV വാങ്ങുന്നതിന് 97,900 രൂപയും, സന്ദർശകർക്കുള്ള ഇരിപ്പിടം (Perforated sheet visitors chair (60 എണ്ണം)) വാങ്ങുന്നതിനായി 4,26,069 രൂപയും ചെലവഴിച്ചു. ആകെ 1,99,96,957 രൂപ രോഗീ സൗഹൃദമാക്കുന്നതിലേയ്ക്കായി വിനിയോഗിച്ചു.

## സർക്കാർ മെഡിക്കൽ കോളേജ്

256 (267) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ മാരക രോഗം ബാധിച്ച് ചികിത്സയ്ക്ക് വരുന്ന രോഗികൾക്ക് സി.റ്റി. സ്കാനിംഗിനും ഡയാലിസിസിനും ഓപ്പറേഷനും തീയതി നിശ്ചയിച്ച് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരമായി സർക്കാർ ഇതര സ്ഥാപനങ്ങളുമായുള്ള സംയുക്ത സംവിധാനങ്ങളിലൂടെ മെഡിക്കൽ കോളേജുകളിലെ സേവനം യാതൊരു കാലതാമസവുമില്ലാതെ ജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) അത്യാസന്ന നിലയിൽ അത്യാഹിത വിഭാഗത്തിൽ നിന്നോ വാർഡുകളിൽ നിന്നോ വരുന്ന രോഗികൾക്ക് തീയതി നിശ്ചയിച്ച് നൽകാതെ സി.ടി. സ്കാനിംഗും ഡയാലിസിസും ഓപ്പറേഷനും ഉടൻതന്നെ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) നിലവിൽ ആശുപത്രി വികസന സമിതിയുടെ കീഴിലും ഹിന്ദ് ലാബ് പോലുള്ള സ്ഥാപനങ്ങളുമായി ചേർന്നും കാലതാമസം ഉണ്ടാകാത്ത വിധത്തിൽ

രോഗികൾക്ക് സി.റ്റി. സ്കാനിംഗും മറ്റും നടത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ സി.റ്റി. സ്കാനിംഗ്, എം.ആർ.ഐ. സ്കാൻ എന്നിവ 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിൽ കൂടുതൽ ജീവനക്കാരെ ആശുപത്രി വികസന സമിതിയുടെ കീഴിൽ നിയോഗിക്കുകയും ആയത് കാര്യക്ഷമമായ രീതിയിൽ നടന്നുവരികയും ചെയ്യുന്നു. ആർ.എസ്.ബി.വൈ. രോഗികൾക്ക് എംപാനൽ ചെയ്തിട്ടുള്ള സ്കാനിംഗ് സെന്ററുകളിൽ സൗകര്യങ്ങൾ ലഭ്യമാണ്.

## മരുന്നിന്റെയും സർജിക്കൽ ഉപകരണങ്ങളുടെയും ക്ഷാമം

257 (268) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ സർജിക്കൽ ഉപകരണങ്ങളുടേയും മരുന്നുകളുടെയും സ്റ്റോക്ക് 2018 സെപ്റ്റംബർ മാസത്തോടുകൂടി തീരുവാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) മരുന്നിന്റെയും സർജിക്കൽ ഉപകരണങ്ങളുടേയും ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ;

(സി) മരുന്നിന്റെയും സർജിക്കൽ ഉപകരണങ്ങളുടേയും ക്ഷാമം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അശ്രദ്ധമായും ധൃതിപിടിച്ചും ഇൻഡന്റ് തയ്യാറാക്കിയതാണ് സ്റ്റോക്ക് തീരുവാൻ ഇടയാക്കിയതെന്ന് ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്.

(ബി) കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ജില്ലയിലെ ദന്തൽ കോളേജ് ഉൾപ്പെടെയുള്ള മറ്റ് സർക്കാർ ആശുപത്രികളിലും ഉണ്ടായിരുന്ന മരുന്നുകളിൽ ആവശ്യമായത് കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

(സി) സംഭവത്തെക്കുറിച്ച് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ അഡീഷണൽ സൂപ്രണ്ട്, ആർ.എം.ഒ. എന്നിവരടങ്ങിയ കമ്മിറ്റി അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ആശുപത്രികളിലെ മോണിറ്ററിംഗ് സംവിധാനം

258(269) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികൾക്ക് ആവശ്യമായ മരുന്നുകളും പരിശോധനകളുമാണോ ഡോക്ടർമാരും ആശുപത്രികളും നിർദ്ദേശിക്കുന്നത് എന്ന കാര്യം മോണിറ്റർ ചെയ്യുന്നതിന് നിലവിൽ സംവിധാനങ്ങൾ ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ബി) രോഗികൾക്ക് നിർദ്ദേശിക്കുന്ന മരുന്നുകൾ പുതിയ രോഗങ്ങൾ സൃഷ്ടിക്കുന്നവയാണോ എന്ന കാര്യം പരിശോധിക്കാനായി മെഡിക്കൽ ഓഡിറ്റിംഗ് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഡോക്ടർമാർ നൽകുന്ന ചീട്ടുകളിലോ പ്രിസ്ക്രിപ്ഷൻ നോട്ടുകളിലോ ഡയഗ്നോസിസ് റിപ്പോർട്ട് ഉണ്ടാകണം എന്ന നിർദ്ദേശം പാലിക്കാത്ത പ്രവണത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ അംഗീകരിച്ച Essential Drug list-ൽ ഉൾപ്പെട്ട മരുന്നുകളാണ് ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്യുന്നത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ച പ്രകാരം പ്രിസ്ക്രിപ്ഷൻ കുറിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിന് ജില്ലാതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച 21-11-2017-ലെ സർക്കുലർ നമ്പർ എം.എസ്.എ. 2-27671/2017/ആ.വ.ഡ. അനുബന്ധമായി* ചേർക്കുന്നു.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ച പ്രകാരം പ്രിസ്ക്രിപ്ഷൻ കുറിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിന് ജില്ലാതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചെറൂപ്പ സി. എച്ച്.സി.

259 (270) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറൂപ്പ സി.എച്ച്.സി. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ആരോഗ്യ കുടുംബക്ഷേ വകുപ്പിന്റെ എം3/61/2018 നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറൂപ്പയിൽ സ്ഥിതി ചെയ്യുന്ന എം.സി.എച്ച്. യൂണിറ്റ് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഗ്രാമീണ കേന്ദ്രമാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം മെഡിക്കൽ കോളേജിന്റെ അംഗീകാരത്തിന് ഗ്രാമീണ കേന്ദ്രം നിർബന്ധമാണ്. പ്രസ്തുത കേന്ദ്രം സി.എച്ച്.സി. അല്ല. ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിനെ സാമൂഹ്യാരോഗ്യകേന്ദ്രമാക്കി മാറ്റുന്നത് മെഡിക്കൽ കോളേജിന്റെ അംഗീകാരത്തെ ബാധിക്കുമെന്നതിനാൽ ഇത് പ്രായോഗികമല്ല.

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ എം3/61/2018 ആ.കു.വ നമ്പർ ഫയലിലെ വിഷയം ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 488/ബി2/2018/ആ.കു.വ നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നതും ചെറൂപ്പയിൽ സ്ഥിതി ചെയ്യുന്ന എം.സി.എച്ച്. ഗ്രാമീണ കേന്ദ്രത്തിലെ ഡയാലിസിസ് യൂണിറ്റിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച പ്രൊപ്പോസലിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ ഇല്ലാതിരുന്നതിനാൽ ശിപാർശ ലഭ്യമാക്കുന്നതിന് ഈ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

## അടിമാലി താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

260 (271) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിമാലി താലൂക്ക് ആശുപത്രി വികസനത്തിന് നിലവിലെ സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ പുതിയ വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക അനുവദിക്കുവാൻ ഉദ്ദേശിക്കുന്നോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 823.87 ലക്ഷം രൂപ അടിമാലി താലൂക്ക് ആശുപത്രി വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.

(ബി)

| | | |
|---|---|---|
| 1 | ഡയാലിസിസ് യൂണിറ്റ് | 360 ലക്ഷം |
| 2 | ഐ.സി. യൂണിറ്റ് | 376.57 ലക്ഷം |
| 3 | ഐ.സി.യു. ആംബുലൻസ് | 28.85 ലക്ഷം |
| 4 | ബ്ലഡ് ബാങ്ക് | 58.45 ലക്ഷം |

(സി) 2018-19 സാമ്പത്തിക വർഷത്തിലെ മേജർ കൺസ്ട്രക്ഷൻസ് അണ്ടർ ഡി.എച്ച്.എസ്. എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കാഷ്വാലിറ്റി, ജനറൽ വാർഡ് എന്നിവ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 31.50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ നടപ്പിലാക്കിവരുന്ന ആർദ്രം മിഷന്റെ ഭാഗമായി അടിമാലി താലൂക്കാശുപത്രിയിൽ സ്റ്റാഫ് നഴ്സിന്റെ 4-ഉം ലാബ് ടെക്നീഷ്യന്റെ 2-ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്താൻ തെരഞ്ഞെടുത്ത താലൂക്കാസ്ഥാന ആശുപത്രികളുടെ പട്ടികയിൽ അടിമാലി താലൂക്കാസ്ഥാന ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ പുരോഗമിച്ചുവരികയാണ്.

**പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ**

261 (272) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തി എന്ന് വിശദീകരിക്കുമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തി എന്ന് വ്യക്തമാക്കുമോ;

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സി.എച്ച്.സി. ആക്കി ഉയർത്തിയവയിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ പദവി ഉയർത്തുക എന്നതല്ല മറിച്ച് ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി തെരഞ്ഞെടുത്ത് അവിടെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവും ആവശ്യമായ തസ്തികയും ഒരുക്കി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക എന്നതാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ആയതിനാൽ പി.എച്ച്.സി.-കളെയൊന്നും സി.എച്ച്.സി.കളായി ഉയർത്തിയിട്ടില്ല.

**കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ**

262 (273) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18-ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും 2018-19-ൽ 503 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) 'ആർദ്രം' പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ ഡ്രെയിനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൽട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയ്ലെറ്റ് സൗകര്യങ്ങൾ എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായിട്ടുണ്ട്. റഫറൽ സംവിധാനവും ശക്തിപ്പെടുത്തുന്നതാണ്. രോഗിയുടെ ആരോഗ്യ റെക്കാർഡുകൾ ഇ-ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെടുത്തുന്നതിന്റെ പ്രവർത്തനങ്ങളും നടന്നുവരുന്നു. ലബോറട്ടറി പരിശോധനാ സൗകര്യങ്ങൾ ലഭ്യമാക്കുക, ചികിത്സാ മാർഗ്ഗരേഖ പ്രകാരം ചികിത്സ എന്നീ നടപടികളും ഈ കേന്ദ്രങ്ങളിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടന്നുവരുന്നു. കൂടാതെ ഈ സ്ഥാപനങ്ങളിൽ മൂന്നു ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കപ്പും കൗൺസിലിംഗും വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ തുടങ്ങിയവ ലഭ്യമാക്കിവരുന്നു. ആസ്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ്' ക്ലിനിക്, ഡിപ്രഷനും മാനസിക ആരോഗ്യ പരിചരണത്തിനുമുള്ള 'ആശ്വാസ്' ക്ലിനിക് എന്നിവയും സബ് സെന്റർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന നടപടികളും ഫീൽഡുപ്രദേശങ്ങളിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റിവ്യൂ പ്രോഗ്രാമുകളും കൂടുതലായി നടത്തിവരുന്നു.

## പാലക്കാട് ജില്ലയിലെ മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ

263 (274) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം സർക്കാർ ആയുർവേദ ആശുപത്രികളിലാണ് മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ സർക്കാർ ആയുർവേദ ആശുപത്രിയിലും എത്ര കാലമായി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ ജില്ലാ ആയുർവേദ ആശുപത്രിയിൽ മെഡിക്കൽ ഓഫീസർ (മർമ്മ) തസ്തികയിൽ ഒരു ഒഴിവും ഒറ്റപ്പാലം ഗവ. ആയുർവേദ ആശുപത്രിയിൽ മെഡിക്കൽ ഓഫീസർ (വിഷ) തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്.

(ബി) മെഡിക്കൽ ഓഫീസർ (മർമ്മ) തസ്തികയിലെ ഒഴിവ് വന്ന തീയതി 10-9-2018. മെഡിക്കൽ ഓഫീസർ (വിഷ) തസ്തികയിലെ ഒഴിവ് വന്ന തീയതി 10-4-2017.

(സി) മെഡിക്കൽ ഓഫീസർ (വിഷ) തസ്തികയിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ഓഫീസർ (മർമ്മ) തസ്തികയിലെ ഒഴിവിലേയ്ക്ക് ബൈ പ്ലേസ്മെന്റ് മുഖേനയുള്ള നിയമനത്തിന് ജനറൽ വിഭാഗത്തിൽ നിന്നുള്ള ജീവനക്കാർ ഇല്ലാത്തപക്ഷം ടി ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## ഡയാലിസിസ് യൂണിറ്റ്

264 (275) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിന് ആശുപത്രി അധികൃതരും ജില്ലാ ഭരണകൂടവും കണ്ടെത്തിയ സ്ഥലത്ത് നിർമ്മാണ പ്രവർത്തനത്തിനായി കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റി ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും കരാറുകാരെ ലഭിച്ചിരുന്നില്ല. തുടർ ദർഘാസിൽ കരാറുകാരെ കണ്ടെത്തി മരാമത്ത് പ്രവൃത്തി പുരാഗമിച്ചു വരികയാണ്. ടി കേന്ദ്രത്തിന്റെ പ്രവൃത്തി പൂർത്തിയാക്കി ഡയാലിസിസ് കേന്ദ്രം 2019 ഫെബ്രുവരി മാസത്തിൽ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രി

265 (276) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ എത്ര ഗൈനക്കോളജിസ്റ്റ് തസ്തികകൾ നിലവിലുണ്ട്; നിലവിൽ എത്ര ഗൈനക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാകുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ഗൈനക്കോളജിസ്റ്റിന്റെ അഭാവം നിമിത്തം രോഗികൾ മറ്റാശുപത്രികളെ ആശ്രയിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യമുണ്ടായിട്ടും മതിയായ ഗൈനക്കോളജിസ്റ്റുകൾ ഇല്ലാത്തതിനാൽ സംസ്ഥാനത്തെ ആരോഗ്യനയത്തിന് ആനുപാതികമായ ചികിത്സ ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റുമാരുടെ രണ്ട് തസ്തികകളാണ് നിലവിലുള്ളത്. ആയതിൽ രണ്ട് തസ്തികകളിലും നിലവിൽ ഗൈനക്കോളജിസ്റ്റുമാരുടെ സേവനം ലഭ്യമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആരോഗ്യ വകുപ്പിലെ ഒഴിവുള്ള ഗൈനക്കോളജി വിഭാഗത്തിലെ തസ്തികകൾ കൗൺസലിംഗ് മുഖേനയും സ്ഥാനക്കയറ്റം മുഖേനയും നികത്തുന്നതിനുള്ള സത്വര നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

**കുടുംബാരോഗ്യകേന്ദ്രം**

266 (277) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊഴിയൂർ, കാരോട്, കുളത്തൂർ, ചെങ്കൽ എന്നീ സ്ഥലങ്ങളിൽ പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഓരോന്നിനും എത്ര ലക്ഷം രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പുതിയ ജീവനക്കാരെ നിയമിക്കുന്നതിനു നടപടി സ്വീകരിച്ചോ എന്ന് വ്യക്തമാക്കാമോ;

(സി) പുതിയതായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അനുവദിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ 2019 മാർച്ചിനു മുൻപ് പ്രവർത്തനസജ്ജമാക്കാൻ കഴിയുമോ എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 2018-19 കാലയളവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തിരുവനന്തപുരം ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പൊഴിയൂർ, കാരോട്, കുളത്തൂർ, ചെങ്കൽ എന്നീ ആരോഗ്യ സ്ഥാപനങ്ങളിൽ എൻ.എച്ച്.എം. വഴിയും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയും ഫണ്ട് ലഭ്യമായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

പൊഴിയൂർ: എൻ.എച്ച്.എം. വഴി 13.5 ലക്ഷത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

കുളത്തൂർ: 22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എടുത്തതിൽ 15.5 ലക്ഷം രൂപ എൻ.എച്ച്.എം. വഴി ലഭ്യമായിട്ടുണ്ട്. ബാക്കി തുക പഞ്ചായത്ത് വഴി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

കാരോട്: 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ചെങ്കൽ:എൻ.എച്ച്.എം. വഴി 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) തെരഞ്ഞെടുത്ത ആരോഗ്യ കേന്ദ്രങ്ങൾ എത്രയും വേഗം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രി

267 (278) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിലെ ക്യാൻസർ ഡിറ്റക്ഷൻ സെന്ററിന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ; അറിയിക്കുമോ;

(ബി) ഈ കാര്യത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) താലൂക്ക് ആശുപത്രി ജനറൽ ആശുപത്രി ആയി മാറ്റിയതുകൊണ്ടും ക്യാൻസർ രോഗം വ്യാപകം ആകുന്നതുകൊണ്ടും ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ ഈ പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ ചങ്ങനാശ്ശേരി താലൂക്കാശുപത്രി ജനറൽ ആശുപത്രിയായാണ് പ്രവർത്തിക്കുന്നത്. ഇവിടെ ക്യാൻസർ ഡിറ്റക്ഷൻ സെന്റർ എന്ന പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നില്ല.

മെഡിസിൻ, ശസ്ത്രക്രിയ, ദന്തൽ, ഇ.എൻ.ടി., നേത്രം, ശിശുരോഗം, സ്ത്രീരോഗം എന്നീ വിഭാഗങ്ങളിൽ രോഗികളുടെ ക്യാൻസർ സ്ക്രീനിംഗ് നടത്തി സ്ക്രീനിംഗിലൂടെ സംശയിക്കുന്ന രോഗികളെ വിദഗ്ദ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കും ക്യാൻസർ സെന്ററുകളിലേയ്ക്കും അയയ്ക്കുന്നുണ്ട്.

(സി) നിലവിലെ ഭൗതിക സാഹചര്യം ഉപയോഗിച്ച് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കൂടാതെ ബോധവൽക്കരണ പരിപാടികളും ക്യാമ്പുകളും നടത്തിവരുന്നു.

## കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി

268 (279) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവിടെ പ്രതിദിനം ശരാശരി എത്ര ഒ.പി. നടക്കുന്നുവെന്ന് വിശദമാക്കാമോ; സ്പെഷ്യാലിറ്റി ഒ.പി. അനുവദിച്ചിട്ടുണ്ടോ;

(സി) സ്പെഷ്യാലിറ്റി ഡോക്ടർമാർ ജനറൽ ഒ. പി. നോക്കുന്ന സാഹചര്യമുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഇവിടെ ആവശ്യത്തിന് അനുബന്ധ ജീവനക്കാരുണ്ടോ; എത്ര ജീവനക്കാരുടെ കുറവുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ അശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ ഡോക്ടർമാരെയും അനുബന്ധജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പ്രതിദിനം ശരാശരി 2200 ഒ.പി. നടക്കുന്നു.

മെഡിസിൻ, സർജറി, ഗൈനക്കോളജി, ഇ.എൻ.റ്റി., നേത്ര വിഭാഗം, മാനസിക വിഭാഗം, കുട്ടികളുടെ വിഭാഗം, അസ്ഥിരോഗ വിഭാഗം എന്നീ വിഭാഗങ്ങളിൽ സ്പെഷ്യാലിറ്റി ഒ.പി.കൾ രോഗികൾക്കായി പ്രവർത്തിച്ചുവരുന്നു.

(സി - ഇ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ രോഗികളുടെ തിരക്ക് കൂടി വരുന്ന ദിവസങ്ങളിൽ സ്പെഷ്യാലിസ്റ്റ് ഡോക്ടർമാരുടെ സേവനം കൂടി ഒ.പി.-യിൽ ലഭ്യമാക്കി രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത സാഹചര്യം നിലനിർത്തിവരുന്നു. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആശുപത്രികളെ തെരഞ്ഞെടുത്ത് അവിടെ മെച്ചപ്പെട്ട സൗകര്യവും ആവശ്യമായ തസ്തികയും ഒരുക്കുക എന്നതാണ് സർക്കാർ ആർദ്രം പദ്ധതിയിലൂടെ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ മിനിമം സ്റ്റാൻഡേർഡ് കൈവരിച്ചിട്ടില്ലാത്ത മേഖലകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. നിലവിൽ ആശുപത്രി വികസന സമിതി, ആർ.ബി.എസ്.കെ. എന്നിവ വഴി ജീവനക്കാരെ ഉൾപ്പെടുത്തി നല്ല രീതിയിൽ രോഗികൾക്ക് മെച്ചപ്പെട്ട സേവനം കൊടുത്തുവരുന്നു. ഈ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാർ പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

269 (280) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്കാണ് ദേശീയ ആരോഗ്യ മിഷൻ ഈ വർഷം കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; കെട്ടിട നിർമ്മാണത്തിന് ഫണ്ട് നൽകുന്നതിലെ മാനദണ്ഡം വ്യക്തമാക്കാമോ;

(സി) ദേശീയ ആരോഗ്യ മിഷൻ സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുന്നത് എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഈ സാമ്പത്തിക വർഷം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ നിർമ്മാണത്തിന് ദേശീയ ആരോഗ്യ ദൗത്യത്തിന് (എൻ.എച്ച്.എം.) കീഴിൽ ഫണ്ട് വകയിരുത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ ആരോഗ്യ സംവിധാനത്തിന് ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ അധിക സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനാണ് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നത്. ഇതിനായി കെട്ടിട നിർമ്മാണമോ വിപുലീകരണമോ ആവശ്യമെങ്കിൽ ഈ വിവരം ജില്ലകളിൽനിന്നും ശേഖരിക്കുകയും കേന്ദ്ര സർക്കാരിന് നൽകുന്ന പ്ലാനിന്റെ ഭാഗമായി സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത പ്ലാനിൽ കേന്ദ്രം അംഗീകരിക്കുന്ന പ്രവൃത്തികൾക്കാണ് അനുമതി നൽകുന്നത്.

(സി) രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് കേന്ദ്രങ്ങൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, കാത്തിരിപ്പ് മുറികൾ, രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റ് കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള

വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ ഫ്രീ ചെക്കപ്പും കൗൺസലിംഗ് സംവിധാനവും, ഫാർമസി, ഇമ്മ്യൂണൈസേഷൻ മുറി, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ ലഭ്യമാക്കിവരുന്നു. കൂടാതെ ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിന് വിവിധ വിഭാഗങ്ങളിലേയ്ക്കുള്ള ദിശാസൂചകങ്ങൾ, സ്പീക്കർ സിസ്റ്റം, മേന്മയേറിയ കിടത്തി ചികിത്സക്കാവശ്യമായ സൗകര്യങ്ങൾ എന്നിവയാണ് ദേശീയ ആരോഗ്യ ദൗത്യം ഒരുക്കുന്നത്.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

270 (281) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കാൻ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രഖ്യാപിച്ചതിൽ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട് എന്നും എത്രയെണ്ണം ബാക്കിയുണ്ടെന്നും അറിയിക്കാമോ?

### ഉത്തരം

(എ) 2017-18-ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും 2018-19-ൽ 503 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ആലത്തൂർ മണ്ഡലത്തിൽ 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നാല് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ആലത്തൂർ മണ്ഡലത്തിൽ പ്രഖ്യാപിച്ചതിൽ രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രഖ്യാപിച്ച രണ്ട് എണ്ണം പ്രവർത്തന സജ്ജമാക്കാനുള്ള നടപടി പുരോഗമിക്കുന്നു.

## മങ്കട മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

271 (282) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ ഭാഗമായി ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് മങ്കട സി.എച്ച്.സി.-യിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ആർദ്രം പദ്ധതിയിലൂടെ മങ്കട നിയോജകമണ്ഡലത്തിലെ എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്; ആയതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചിട്ടുണ്ട്;

(സി) മങ്കട നിയോജകമണ്ഡലത്തിലെ ആരോഗ്യ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ബ്ലോക്കുതല സി.എച്ച്.സി.-കളെ നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും മങ്കട സി.എച്ച്.സി.-യിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന ഒരു ഡോക്ടറെ നിയമിച്ച് ഈവനിംഗ് ഒ.പി. ആരംഭിച്ചിട്ടുണ്ട്.

(ബി) മങ്കട നിയോജകമണ്ഡലത്തിലെ പാങ്ങ് പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജക മണ്ഡലത്തിലെ പാങ്ങ് പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തിൽ അങ്ങാടിപ്പുറം, ചെമ്മലശ്ശേരി, കുട്ടിലങ്ങാടി, പുഴക്കാട്ടിരി, മൂർക്കനാട് എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

## പശ്ചിമ കൊച്ചിയിലെ ടി. ബി. ആശുപത്രി

272 (283) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ജില്ല ടി.ബി. ആശുപത്രിയുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ ഐ.പി. വിഭാഗം, അടുക്കള എന്നിവ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ച് മാറ്റുന്നതിനായി നൽകിയ അനുമതിയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവിടെ എൽ.സി.ഡി. പാർക്ക് സ്ഥാപിക്കണമെന്ന നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പശ്ചിമ കൊച്ചിയിലെ കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ജില്ലാ ടി.ബി. ആശുപത്രിക്കായി പുതിയ കെട്ടിടം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിലെ ഐ.പി. വിഭാഗം, അടുക്കള എന്നിവ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചുമാറ്റുന്ന നടപടികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി

273 (286) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറൂപ്പയിൽ മെഡിക്കൽ കോളേജിന്റെ എക്സ്റ്റൻഷൻ സെന്റർ പ്രവർത്തിക്കുന്നു എന്ന കാരണത്താൽ മാവൂർ ഗ്രാമപഞ്ചായത്തിൽ ഇതുവരെയും പി.എച്ച്.സി. അനുവദിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എച്ച്.സി.-യുടെ അഭാവം മാവൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യപരിപാലന കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിൽ പ്രയാസം സൃഷ്ടിക്കുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) 37529/FW1/2014/H&FWD ഫയലിൻ മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) മാവൂർ ഗ്രാമപഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ടി. എ. റഹീം എം.എൽ.എ. 6-8-2014-ൽ നൽകിയ കത്ത് 37529/FW1/2014/H&FWD നമ്പർ ഫയലിൽ പരിശോധിക്കുകയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുമുണ്ടായി. റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് ഈ വിഷയം FW1/602/2017/H&FWD എന്ന ഫയലിൽ പരിശോധിക്കുകയും പുതിയ PHC തുടങ്ങുന്നതിനു തസ്തിക സൃഷ്ടിക്കേണ്ടതിനാലും നിലവിൽ ആർദ്രം പദ്ധതി പ്രകാരമുള്ള തസ്തികകൾ മാത്രമാണ് ആരോഗ്യവകുപ്പിൽ സൃഷ്ടിക്കുന്നത് എന്നതിനാലും മാവൂർ പഞ്ചായത്തിൽ പി.എച്ച്.സി ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ 6-1-2018-ലെ കത്തുപ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.)

**വാമനപുരം സി.എച്ച്.സി.**

274 (287) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിൽ പദവി ഉയർത്തുക എന്നതല്ല മറിച്ച് ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആശുപത്രികളെ തെരഞ്ഞെടുത്ത് അവിടെ മെച്ചപ്പെട്ട സൗകര്യവും ആവശ്യമായ തസ്തികയും ഒരുക്കുക എന്നതാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി വാമനപുരം സി.എച്ച്.സി.-യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഈ തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേവികുളം സി.എച്ച്.സി.യിലെ പ്രസവ വാർഡ്

275 (288) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ സി.എച്ച്.സി.യിൽ നിർമ്മാണം പൂർത്തിയായ പ്രസവ വാർഡ് തുറന്ന് പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വാർഡ് തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രസവ വാർഡ് കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിൽ വൈദ്യുതി ലഭ്യമായിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത കെട്ടിടത്തിൽ ഭൗതിക സൗകര്യങ്ങൾ പൂർത്തീകരിച്ച് ആരോഗ്യ വകുപ്പിന് കൈമാറ്റം ചെയ്തുനൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിച്ച് പ്രവർത്തന സജ്ജമാക്കുവാൻ കഴിയുന്നതാണ്.

## പാറശ്ശാല ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

276 (289) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിനുമായി സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; പ്രസ്തുത പ്രവർത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

### ഉത്തരം

പാറശ്ശാല സർക്കാർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

## തലശ്ശേരി ജനറൽ ഹോസ്പിറ്റലിലെ തിയേറ്റർ കോംപ്ലക്സ് നിർമ്മാണം

277 (290) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി എം.എൽ.എ.-യുടെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തലശ്ശേരി ജനറൽ ഹോസ്പിറ്റലിൽ നിർമ്മിക്കുന്ന തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 14-12-2017-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 3529/2017/ആ.കു.വ. പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിൽ പൊതുമരാമത്തു വകുപ്പിന്റെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## സി.എച്ച്.സി.-യിലെ സ്റ്റാഫ് പാറ്റേൺ

278 (291) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി സി.എച്ച്.സി.-യിൽ സി.എച്ച്.സി. പാറ്റേണിലുള്ള തസ്തികകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സി.എച്ച്.സി.-യിൽ സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏതു വകുപ്പിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ അരൂക്കുറ്റി സി.എച്ച്.സി.-യിൽ അനുവദിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ എന്നേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ സ്ഥാപനങ്ങളിലെ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാവിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ ഈ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആർദ്രം മിഷന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ ബ്ലോക്ക് സി.എച്ച്.സി.യാണ് അരുകുറ്റി സി.എച്ച്.സി. ബ്ലോക്ക്. സി.എച്ച്.സി.-കളെ നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 28 കിടക്കകൾ അനുവദിച്ചിട്ടുള്ള ടി പി.എച്ച്.സി.-യിൽ 4 ഡോക്ടർമാർ, ഒരു ദന്തൽ സർജൻ എന്നിവർ അടക്കം 35 ജീവനക്കാരുടെ തസ്തികകൾ നിലവിലുണ്ട്. പാലിയേറ്റീവ്, എൻ.സി.ഡി.കെയർ പ്രോഗ്രാമിന്റെ ഭാഗമായ സി.എച്ച്.സി.കളിൽ എൻ.എച്ച്.എം. വഴി സ്റ്റാഫിനെ നിയമിച്ച് അധിക സേവനങ്ങൾ നൽകിയും വരുന്നുണ്ട്.

(ബി&സി) പ്രസ്തുത പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

(ഡി) നിലവിൽ ആർദ്രം പദ്ധതിയിലുൾപ്പെട്ട സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. അതിനാൽ അരുകുറ്റി സി.എച്ച്.സി. ടി പദ്ധതിയിൽ ഉൾപ്പെടുന്ന മുറയ്ക്ക് ഇവിടത്തെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ആലത്തൂർ താലൂക്ക് ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾ**

279 (292) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വിശദീകരണം നൽകുമോ?

ഉത്തരം

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ചുവടെ ചേർത്തിരിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്:

- ആശുപത്രിയിൽ ജനറേറ്റർ സംവിധാനം
- സ്ത്രീകളുടെയും കുട്ടികളുടെയും പുതിയ കെട്ടിടം
- സ്ത്രീകളുടേയും പുരുഷൻമാരുടേയും വാർഡ്
- ഡിജിറ്റൽ എക്സ്റേ മെഷീൻ
- കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി
- കുട്ടികളുടെ വാർഡ്
- സ്ത്രീകളുടെയും കുട്ടികളുടെയും വാർഡിൽ ഉപകരണങ്ങൾ വാങ്ങൽ
- ഓഫീസ് നവീകരണം
- ഓട്ടോമാറ്റിക് അനലൈസർ ലാബ്.

കൂടാതെ കിഫ്ബി പദ്ധതി പ്രകാരം സംസ്ഥാനത്തെ 44 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നു. സിവിൽ വർക്കുകൾ പൂർണ്ണമാക്കി ഉപകരണങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ പുരോഗമിച്ചുവരുന്നു.

## തടവുകാരായ രോഗികളുടെ ചികിത്സ

280 (293) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുകാരായ രോഗികളെ എറണാകുളം ജില്ലയിലെ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം വിശദമാക്കാമോ;

(ബി) ഇതിനായി എറണാകുളം ജനറൽ ആശുപത്രിയിൽ രണ്ടു സെല്ലുകളും കളമശ്ശേരി മെഡിക്കൽ കോളേജിൽ ഒരു സെല്ലും തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) നിലവിൽ ആശുപത്രിയിൽ എത്തുന്ന തടവുകാരായ രോഗികളെ അതാതു വാർഡുകളിൽ പോലീസ് സുരക്ഷയോടെ അഡ്മിറ്റ് ചെയ്ത് ചികിത്സ ലഭ്യമാക്കിവരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ സ്ഥല പരിമിതികാരണം പുതിയ സെല്ലുകൾ നിർമ്മിക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ട്. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നില്ല.

**വല്ലാപ്പുഴ പഞ്ചായത്തിലെ മാനസിക വൈകല്യം നേരിടുന്ന കുട്ടികൾ**

281 (294) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ വല്ലപ്പുഴ പഞ്ചായത്തിൽ പാലക്കാട് ജില്ലയിൽ തന്നെ ഏറ്റവും അധികം മാനസിക വൈകല്യമുള്ള കുട്ടികൾ ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണം സംബന്ധിച്ച് എന്തെങ്കിലും പഠനം ഇതുവരെ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് വകുപ്പിന് വിശദമായ സർവ്വേ നടത്താൻ സാധിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഠനം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് പഠനം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നപക്ഷം ആയതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**നീലേശ്വരം, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകൾ**

282 (295) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരം, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രികളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച ഡയാലിസിസ് യൂണിറ്റുകൾ എപ്പോൾ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നീലേശ്വരം താലൂക്കാശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാനുള്ള സ്ഥലം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർമ്മിതിക്കായി കൈമാറി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൃക്കരിപ്പൂർ ഡയാലിസിസ് കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ടി ഡയാലിസിസ് കേന്ദ്രം 2019 ഫെബ്രുവരി മാസത്തോടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ജില്ലാ ആശുപത്രിയുടെ വികസനം**

283 (296) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'എല്ലാ ജില്ലാ ആശുപത്രികളിലും കാർഡിയോളജി വിഭാഗം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി വിഭാഗം ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നിലമ്പൂർ ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി പദ്ധതി സമർപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചാൽ അക്കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 22-4-2017-ലെ സ.ഉ.(കൈ)നമ്പർ 58/2017/ആ.ക.വ. പ്രകാരം 17 ജില്ലാ/ജനറൽ ആശുപത്രികളെ ജില്ലാതല ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്. അപ്രകാരം ഒരു ജില്ലയിൽ ഒരു ജനറൽ ആശുപത്രി/ജില്ലാ ആശുപത്രിയിൽ ഈ സേവനം ലഭ്യമാക്കുന്നതാണ്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന സ്ഥാപനങ്ങളിൽ കാത്ത് ലാബ് തുടങ്ങുവാൻ തീരുമാനം ഉണ്ടായിട്ടുണ്ട്. കെ.എം.എസ്.സി.എൽ.-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി തീരുമാനിച്ച്, കെ.എം.എസ്.സി.എൽ. മുഖേനയാണ് നടപടികൾ എടുത്ത് വരുന്നത്.

1. ജനറൽ ആശുപത്രി, പത്തനംതിട്ട
2. ജില്ലാ ആശുപത്രി, കൊല്ലം
3. ജനറൽ ആശുപത്രി, മഞ്ചേരി
4. ജനറൽ ആശുപത്രി, തൃശ്ശൂർ
5. ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി
6. ജനറൽ ആശുപത്രി, ആലപ്പുഴ
7. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
8. ജില്ലാ ആശുപത്രി, കണ്ണൂർ.

ഇതുകൂടാതെ ജനറൽ ആശുപത്രി കോഴിക്കോട്, ജനറൽ ആശുപത്രി മാനന്തവാടി എന്നീ ആശുപത്രികളിലും കാത്ത് ലാബ് തുടങ്ങുവാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇവ പ്രാരംഭ ഘട്ടത്തിലാണ്. ഇടുക്കി ജില്ലയിൽ അടിമാലി താലൂക്ക് ആശുപത്രിയിൽ കാർഡിയോളജി ഐ.സി.യു. തുടങ്ങുവാനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്. ഇതിൽ ജനറൽ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി മഞ്ചേരി എന്നീ സ്ഥാപനങ്ങളിൽ മൂന്ന് മാസത്തിനുള്ളിൽ കാത്ത് ലാബ് പ്രവർത്തനസജ്ജമാകും. എറണാകുളം, പാലക്കാട് ജില്ലകളിൽ കാർഡിയോളജി വിഭാഗവും, കാത്ത് ലാബും പ്രവർത്തന സജ്ജമാണ്.

ജില്ലാ ആശുപത്രി പാലക്കാടിനും ജില്ലാ ആശുപത്രി എറണാകുളത്തിനും 2 വീതം കാർഡിയോളജി തസ്തികകളും ജില്ലാ ആശുപത്രി പാലക്കാട്, ജനറൽ ആശുപത്രി, തിരുവനന്തപുരം എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 2 വീതം അസിസ്റ്റന്റ് സർജൻ തസ്തികകളും സൃഷ്ടിക്കുകയുണ്ടായി. കൂടാതെ ജില്ലാ ആശുപത്രി എറണാകുളം, ജനറൽ ആശുപത്രി പാലക്കാട്, ജനറൽ ആശുപത്രി തിരുവനന്തപുരം എന്നിവയ്ക്കുവേണ്ടി കാത്ത് ലാബ് ടെക്നീഷ്യന്റെ 2 വീതം തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആർദ്രം മിഷന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട കാർഡിയോളജി വിഭാഗവും കാത്ത് ലാബ് സൗകര്യങ്ങളും ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ ജില്ലാതല ആശുപത്രികളിലാണ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. 22-4-2017-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) 58/2017/ആ.കു.വ. അനുസരിച്ച് മലപ്പുറം ജില്ലയിൽ നിന്ന് ജില്ലാ ആശുപത്രി, തിരൂർ ആണ് ജില്ലാതല ആശുപത്രിയായി ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. താലൂക്കുതല ആശുപത്രികളിൽ കാർഡിയോളജി വിഭാഗവും കാത്ത് ലാബും തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## ഓലത്താന്നി പ്രൈമറി ഹെൽത്ത് സെന്റർ

284 (297) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരപ്രദേശത്തെ ഓലത്താന്നി പ്രൈമറി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് എം.എൽ.എ നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഓലത്താന്നി ഹെൽത്ത് സെന്ററിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ട്; ഇവിടെ ദിനംപ്രതി ശരാശരി എത്ര രോഗികളാണ് എത്തുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓലത്താന്നി പ്രൈമറി ഹെൽത്ത് സെന്ററിനെ (പി.എച്ച്.സി. പെരുമ്പഴുതൂർ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത ഘട്ടത്തിൽ ഓലത്താന്നി പ്രൈമറി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നത് സർക്കാർ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഓലത്താന്നി ഹെൽത്ത് സെന്ററിൽ നിലവിൽ 10 ജീവനക്കാരുണ്ട്. വിശദവിവരംചുവടെ ചേർക്കുന്നു: ടി കേന്ദ്രത്തിൽ പ്രതിദിനം ശരാശരി നാൽപ്പത് രോഗികൾ വരാറുണ്ട്.

1. മെഡിക്കൽ ആഫീസർ ഇൻ ചാർജ്
2. സീനിയർ ക്ലാർക്ക്
3. ഫാർമസിസ്റ്റ്
4. സ്റ്റാഫ് നഴ്സ്
5. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
6. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്
7. നഴ്സിംഗ് അസിസ്റ്റന്റ്
8. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് -II
9. ഓഫീസ് അറ്റൻഡന്റ്
10. പി.റ്റി.എസ്.

## ഒറ്റപ്പാലം താലൂക്ക് ആശുപത്രിയുടെ വികസനം

285 (298) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) നിലവിൽ പദവി ഉയർത്തുക എന്നതല്ല മറിച്ച് ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആശുപത്രികളെ തെരഞ്ഞെടുത്ത് അവിടെ മെച്ചപ്പെട്ട സൗകര്യവും ആവശ്യമായ തസ്തികയും ഒരുക്കുകയെന്നതാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളുടെ പട്ടികയിൽ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

286 (299) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുതുതായി എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പി.എച്ച്.സി.-കളിൽ ആവശ്യത്തിനുള്ള തസ്തികകൾ സൃഷ്ടിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) പുതുതായി പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ എപ്പോൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽനിന്നും 37 പി.എച്ച്.സി.-കളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുള്ളത്. അവയുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) 2017-18 സാമ്പത്തിക വർഷം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അസിസ്റ്റന്റ് സർജൻ-ഒന്ന്, സ്റ്റാഫ് നഴ്സ്- രണ്ട്, ലാബ് ടെക്നീഷ്യൻ-ഒന്ന് എന്നീ തസ്തികകളും അതിൽ 150 കേന്ദ്രങ്ങളിൽ ഓരോ ഫാർമസിസ്റ്റ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 2018-19 വർഷം കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയ സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

(സി) അടിസ്ഥാന സൗകര്യ വികസനത്തിന് എൻ.എച്ച്.എം. എഞ്ചിനീയറിംഗ് വിഭാഗം വഴി ഗ്യാപ് അനാലിസിസ് നടത്തി ഗവൺമെന്റ് അംഗീകൃത ഏജൻസികൾ വഴി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികളും തുടർ പ്രവർത്തനങ്ങളും നടന്നുവരുന്നു.

## മുണ്ടക്കയം കമ്മ്യൂണിറ്റി സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി

287 (300) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം കമ്മ്യൂണിറ്റി സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന നടപടി ഏതുഘട്ടംവരെയായെന്ന് വിശദമാക്കാമോ;

(ബി) കാഞ്ഞിരപ്പള്ളി താലൂക്കിലെ ഏറ്റവുമധികം രോഗികൾ ഒ.പി /ഐ.പി. ആയുള്ള മുണ്ടക്കയം ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) അഞ്ചുനില കെട്ടിടവും എ.സി. ഓപ്പറേഷൻ തീയേറ്ററും ലിഫ്റ്റും സൗകര്യമുള്ള ആശുപത്രിയാണ് മുണ്ടക്കയം ആശുപത്രി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് ആശുപത്രി സ്റ്റാഫിന്റെയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി നിലവിലുള്ളതിനാലും 16-6-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 113/2018/ആ.കു.വ. പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയിട്ടുള്ളതിനാലും മുണ്ടക്കയം സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) 2011-ൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയും ഒന്നാംഘട്ട നിർമ്മാണം 2014-ൽ പൂർത്തീകരിക്കുകയും 4 കോടി 95 ലക്ഷം രൂപയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ 2016-ൽ ആരംഭിക്കുകയും തുടർന്നുവരുകയും ചെയ്യുന്നു. രണ്ടാംഘട്ട നിർമ്മാണം രണ്ട് നിലകളുള്ള വാർഡുകൾക്കാണ്. ഇതിലേയ്ക്ക് ആവശ്യമായ ലിഫ്റ്റ്, ജനറേറ്റർ റൂം എന്നിവയുടെ ജോലികൾ പുരോഗമിക്കുന്നു. കാഷ്വാലിറ്റി ഒ.പി., മൈനർ ഓപ്പറേഷൻ തിയേറ്റർ എന്നിവയുൾപ്പെടെ അഞ്ച് നിലകളുള്ളതാണ് ആദ്യഘട്ടത്തിലെ കെട്ടിടം.

(ഡി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മുണ്ടക്കയം സി.എച്ച്.സി.-യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇവിടെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റു ആശുപത്രി സ്റ്റാഫിന്റെയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ബാലുശ്ശേരി താലൂക്കാശുപത്രിയിലെ അടിസ്ഥാനസൗകര്യ വികസനം**

288 (301) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ആവശ്യത്തിനുള്ള പോസ്റ്റ് ക്രിയേഷൻ ഇനിയും നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിന്റെ മലയോര മേഖലകളിലെ ആദിവാസി വിഭാഗങ്ങളുൾപ്പെടെ ചികിത്സതേടുന്ന പ്രസ്തുത ആശുപത്രിയിൽ അടിയന്തരമായി കാഷ്വാലിറ്റി സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) ആർദ്രം പദ്ധതി പ്രകാരം എത്ര തസ്തികകൾ ആണ് ഇപ്പോൾ പുതുതായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ബാലുശ്ശേരി താലൂക്കാശുപത്രിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും അതിന്റെ ഒന്നാം ഘട്ടമെന്നനിലയിൽ ഒരു ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രീഷ്യൻ), ഒരു ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ), 3 സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) ബാലുശ്ശേരി താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും അതിന്റെ ഒന്നാം ഘട്ടമെന്നനിലയിൽ ഒരു ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രീഷ്യൻ), ഒരു ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ), 3 സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റ്

289 (302) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ട്രോമാ കെയർ യൂണിറ്റിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ട്രോമാ കെയർ സംവിധാനം എന്ന് മുതൽ പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിന്റെ "എമർജൻസി മെഡിക്കൽ കെയർ" പദ്ധതിക്ക് 19-10-2016-ലെ ജി.ഒ.(ആർ.റ്റി.) 2809/2016/H&FWD പ്രകാരം അനുവദിച്ച നൽകിയ 88,15,091 രൂപയിൽനിന്നും 67,21,942 രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ.-ന് കൈമാറിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിന്റെ "എമർജൻസി മെഡിക്കൽ കെയർ" പദ്ധതിക്ക് 6-1-2018-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 40/2018/ H&FWD പ്രകാരം കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ സി.ടി. സ്കാനർ വാങ്ങുന്നതിന് 1,93,86,762 (ഒരു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ടി തുക ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ.-ന് ഇതിനോടകം കൈമാറിയിട്ടുണ്ട്.

14-8-2009-ലെ സ.ഉ.(ആർ.റ്റി)1184/PWD പ്രകാരം 1.13 കോടി രൂപ അനുവദിച്ച് ട്രോമാ കെയർ യൂണിറ്റിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണം എൻ.ആർ.എച്ച്.എം. 1.01 കോടി രൂപയുടെ ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ഓപ്പറേഷൻ തീയേറ്ററിലേയ്ക്ക് കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കി യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ അത്യാഹിത വിഭാഗം ട്രോമാ കെയർ യൂണിറ്റിലാണ് പ്രവർത്തിക്കുന്നത്.

## എഴുമറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

290 (303) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നി നിയോജകമണ്ഡലത്തിലെ എഴുമറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടനിർമ്മാണത്തിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## മലയിൻകീഴ് താലൂക്കാശുപത്രി

291 (304) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയിൻകീഴ് താലൂക്കാശുപത്രിയിൽ കാത്ത് ലാബും ഐ.സി.യു.-വും ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ; ആയതിനുള്ള തുടർ നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ആരോഗ്യ വകുപ്പിൽ ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന രീതിയിലാണ് ഇപ്പോൾ നടപടികൾ പുരോഗമിക്കുന്നത്. നിലവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാത്ത് ലാബിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതിനാൽ മലയിൻകീഴ് താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബും ഐ.സി.യു.യൂണിറ്റും ആരംഭിക്കുന്ന വിഷയം പരിഗണനയിലില്ല.

**കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ**

292 (305) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് പൊളിച്ചു മാറ്റാൻ നിർദ്ദേശം നൽകിയതും ഉപയോഗയോഗ്യമല്ലാത്തതുമായ 5 കെട്ടിടങ്ങളിൽ ഒന്നിലാണ് ഒ.പി.-യും ലാബും പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കന്യാകുളങ്ങര സി.എച്ച്.സി.-യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക അനുവദിച്ചു എന്നത് വിശദമാക്കുമോ;

(ഡി) നാഷണൽ ഹെൽത്ത് മിഷന്റെയോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.എച്ച്.എം. വഴി 2016-17-ൽ 48,500 രൂപയും 2017-18-ൽ 8,10,000 രൂപയും 2018-19-ൽ 3,40,170 രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ ആശുപത്രിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്റ്റാഫ് ക്വാർട്ടേഴ്സ് മെയിന്റനൻസിനായി 11,70,000 രൂപ അനുവദിച്ചിട്ടുണ്ട്.

പാലിയേറ്റീവ് കെയർ (സെക്കൻഡറി) വാർഡ് ക്രമീകരിക്കുകയും, പ്ലാൻ ഫണ്ടിൽ നിന്ന് 30,000 രൂപ വിനിയോഗിച്ച് രോഗികൾക്ക് കൂടുതൽ സൗകര്യപ്രദമാംവിധം ആറ് അധിക കിടക്കകൾ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം.-ന്റെ നേതൃത്വത്തിൽ മാസത്തിൽ രണ്ട് ദിവസം MIU (Mobile Intervention Unit) തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഫിസിയോതെറാപ്പി ഒ.പി. എന്നിവ ഈ സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് നാളിതുവരെ യാതൊരു പ്രൊപ്പോസലും സർക്കാരിൽ ലഭിച്ചിട്ടില്ല.

## കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ

293 (306) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയുടെ ധനസഹായം ലഭിക്കുമോ; വിശദീകരിക്കുമോ; ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദീകരിക്കുമോ;

(സി) വികസന പ്രവർത്തനങ്ങൾ പൂർണ്ണമാകുമ്പോൾ രോഗികൾക്ക് എന്തെല്ലാം അധികസൗകര്യങ്ങൾ ലഭിക്കുമെന്ന് വിശദീകരിക്കുമോ;

(ഡി) ഇവിടെ ട്രോമാകെയർ, ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനത്തിന് കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ സിവിൽ വിംഗിനെക്കൊണ്ട് തയ്യാറാക്കിയ 90 കോടി രൂപയുടെ വിശദമായ മാസ്റ്റർ പ്ലാനിന് 28-9-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 2989/2018/എച്ച്&എഫ്.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 28-9-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 2989/2018/ എച്ച്&എഫ്.ഡബ്ല്യൂ.ഡി. പ്രകാരം കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമായിട്ടുണ്ട്. ഇപ്പോൾ മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്.

(സി) നിലവിൽ കെട്ടിടങ്ങളുടെ അപര്യാപ്തതമൂലം വീർപ്പുമുട്ടുന്ന താലൂക്ക് ആശുപത്രിയിൽ ഐ.സി.യു, മെഡിക്കൽ വാർഡ്, വിശാലമായ ലബോറട്ടറി സൗകര്യം, രക്ത ബാങ്ക്, കേന്ദ്രീകൃത ഓക്സിജൻ പ്ലാന്റ്, സ്കാനിംഗ് സംവിധാനം എന്നിവ ഉൾക്കൊള്ളുന്ന മൂന്ന് നിലകളോടുകൂടിയ വാർഡ് ടവറിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇപ്പോഴത്തെ ആസ്ബസ്റ്റോസ് നിർമ്മിതമായ സുനാമി വാർഡ് നീക്കം ചെയ്ത് അവിടെ 8 നിലകളുള്ള ഒ.പി./ഐ.പി. കെട്ടിടം നിർമ്മിക്കുവാനുള്ള ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്.

(ഡി) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ബേസിക് ട്രോമാ കെയർ യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ ബ്ലഡ് സ്റ്റോറേജ് യൂണിറ്റും പ്രവർത്തനക്ഷമമാണ്.

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രി

294 (307) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ സർക്കാർ ആശുപത്രി ജില്ല ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ആകെ എത്ര ജീവനക്കാരുടെ അധിക തസ്തിക അനുവദിച്ച് നൽകുന്നതിനാണ് ആശുപത്രി സൂപ്രണ്ട് സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുള്ളത്; ശിപാർശ ചെയ്തത് പ്രകാരമുള്ള തസ്തികകൾ നാളിതുവരെ അനുവദിച്ച് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ അനുവദിച്ച് നൽകാത്തത് ആശുപത്രിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ആവശ്യമായ തസ്തികകൾ അടിയന്തരമായി അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുത്ത താലൂക്കാസ്ഥാന ആശുപത്രികളുടെ പട്ടികയിൽ ജില്ലാ ആശുപത്രി പെരിന്തൽമണ്ണയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ വിവിധ വിഭാഗത്തിലായി 49 ജീവനക്കാരുടെ

അധിക തസ്തിക സൃഷ്ടിക്കുവാനാണ് ആരോഗ്യവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നത്. എന്നാൽ അത്യാവശ്യം വേണ്ട തസ്തികകൾ മാത്രം ഉൾപ്പെടുത്തി പുതുതായി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്

295(308) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുന്ന ട്രോമാകെയർ യൂണിറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) എത്ര ലക്ഷം രൂപയാണ് ട്രോമാകെയർ യൂണിറ്റിന് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) ട്രോമാകെയർ യൂണിറ്റിനായി ആശുപത്രിക്ക് നൽകുന്ന മെഡിക്കൽ ഉപകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ ആശുപത്രികളിലാണ് പുതിയതായി ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുമ്പോൾ എത്ര ജീവനക്കാരാണ് അധികം വേണ്ടതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) 2018-19 സാമ്പത്തിക വർഷത്തിലെ ആരോഗ്യ വകുപ്പിന്റെ 'സ്ട്രംഗ്ത്തനിംഗ് ഓഫ് എമർജൻസി മെഡിക്കൽ കെയർ' എന്ന പദ്ധതി പ്രകാരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് സിവിൽ വർക്കിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 1,25,86,820 രൂപയുടെ ഭരണാനുമതി 25-11-2018-ലെ 3487/2018/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ നെടുമങ്ങാട് ജില്ലാ ആശുപത്രിക്കും പ്രസ്തുത പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് 37,46,400 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ഉപകരണങ്ങളുടെ ലിസ്റ്റ് അടങ്ങിയ 25-11-2018-ലെ 3487/2018/ ആ.കു.വ.നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഇ) സ്റ്റാഫ് നഴ്സ് -15, നഴ്സിംഗ് അസിസ്റ്റന്റ് -9, തിയേറ്റർ ടെക്നീഷ്യൻ -5, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I -12, റേഡിയോഗ്രാഫർ -4, ലാബ് ടെക്നീഷ്യൻ -2.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെടുങ്ങോട്ടൂർ സർക്കാർ ആയുർവേദ സിസ്പെൻസറി

296 (309) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോട്ടൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയെ അൻപത് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനായി സമർപ്പിച്ച പ്രപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

നെടുങ്ങോട്ടൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയെ അൻപത് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ലെ നിയമനങ്ങൾ

297 (310) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; അവ ഏതെല്ലാം വിഭാഗത്തിലാണ് എന്നുള്ളതിന്റെ വിശദമായ വിവരം നൽകുമോ;

(ബി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മികച്ച യോഗ്യതയുള്ളവരെയും പരിചയസമ്പന്നരെയും ഉൾപ്പെടുത്തുവാൻ ടെക്നിക്കൽ സ്റ്റാഫ് നിയമനം കൂടുതൽ സുതാര്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്-ൽ 73 ദിവസവേതന/കരാർ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കാറ്റഗറി | എണ്ണം |
|---|---|---|
| 1 | ലാബ് ടെക്നീഷ്യൻ | 10 |
| 2 | കാത്ത് ലാബ് ടെക്നീഷ്യൻ | 1 |
| 3 | സ്റ്റാഫ് നഴ്സ് | 12 |
| 4 | ഡ്രൈവർ | 1 |
| 5 | ഇലക്ട്രീഷ്യൻ | 1 |
| 6 | ഓവർസീയർ | 3 |
| 7 | തെറാപ്പിസ്റ്റ് | 1 |
| 8 | ആയൂർവേദ നഴ്സ് | 1 |
| 9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| 10 | ക്ലീനർ | 35 |
| 11 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| 12 | ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ് | 1 |
| 13 | മൈക്രോ ബയോളജിസ്റ്റ് | 1 |
| 14 | ടി.എം.ടി. ടെക്നീഷ്യൻ | 1 |
| 15 | ക്ലാർക്ക് | 1 |
| 16 | സൂപ്പർവൈസർ | 1 |
| | ആകെ | 73 |

(ബി) ഉണ്ട്.

(സി) ആവശ്യമായ പഠനം നടത്തി സുഗമമായ പ്രവർത്തനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വൈപ്പിൻ മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

298 (311) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 8 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം, ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എന്നിവ സംബന്ധിച്ച വിശദ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രവേശന തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് തസ്തികകളിൽ സ്ഥാനക്കയറ്റം വഴി ഒഴിവുകൾ നികത്തി വരുന്നു.

## മാവേലിക്കര ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

299 (312) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ജില്ലാ ആശുപത്രി നിലവാരത്തിനനുസൃതമായി സ്റ്റാഫ് ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ ആശുപത്രി നിലവാരത്തിനനുസൃതമായ സ്റ്റാഫ് പാറ്റേൺ അനുവദിച്ച് നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ ആർദ്രം പദ്ധതി പ്രകാരം ഓരോ ജില്ലയിലെയും ഓരോ ആശുപത്രിയെയാണ് ജില്ലാതല ആശുപത്രിയായി സമഗ്രവികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ജില്ലാതല ആശുപത്രിയുടെ സമഗ്ര വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത് ജനറൽ ആശുപത്രി, ആലപ്പുഴ ആണ്. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിൽ മാവേലിക്കര ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടില്ല.

## കൊല്ലം ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II നിയമനം

300 (313) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ കൊല്ലം ജില്ലയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടില്ലെങ്കിൽ ആയതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന നില വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തികയിൽ കൊല്ലം ജില്ലയിൽ നിലവിൽ ഒഴിവുകളില്ല. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തിക ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ്. പ്രസ്തുത തസ്തികയിൽ നേരിട്ടുള്ള നിയമനമില്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട വിഷയം ഉദിക്കുന്നില്ല.

## ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് - II തസ്തിക

301 (314) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ നിലവിലെ ഒഴിവുകളും പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളും എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ദന്തൽ ഹൈജീനിസ്റ്റുകളുടെ ഒഴിവുകൾ അതിവേഗം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ ദന്തൽ ഹൈജിനിസ്റ്റ് ഗ്രേഡ് - II തസ്തികയിൽ 11 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 9 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള 6 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) നിയമന നിർദ്ദേശം പി.എസ്.സി.-യിൽനിന്നും ലഭിച്ചാലുടൻതന്നെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്റ്റാഫ് നഴ്സ് ഗ്രേഡ്- II നിയമനം

302 (315) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിശദാംശംചുവടെ ചേർക്കുന്നു:

തിരുവനന്തപുരം: 11 ഒഴിവുകൾ വന്നിട്ടുണ്ട്. ടി ഒഴിവുകളിൽ ശൂന്യവേതനാവധി കഴിഞ്ഞു തിരികെ വന്നവർക്ക് നിയമനം നൽകിയിട്ടുണ്ട്. ആയതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

കൊല്ലം: 48 ഒഴിവുകൾ വന്നിട്ടുണ്ട്. ടി ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പത്തനംതിട്ട: 32 ഒഴിവുകൾ വന്നിട്ടുണ്ട്. ആറ് എണ്ണം എസ്.സി/എസ്.ടി റിക്രൂട്ട്മെന്റിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി ഒഴിവുകൾ കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ആലപ്പുഴ: 7 ഒഴിവുകൾ വന്നിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോട്ടയം: ഒഴിവുകളില്ല.

ഇടുക്കി: ഒഴിവുകളില്ല.

എറണാകുളം: 18 ഒഴിവുകൾ വന്നിട്ടുണ്ട്. 17 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തൃശ്ശൂർ : ഒഴിവുകളില്ല.

പാലക്കാട് : പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ഒഴിവുകൾ ഉണ്ടായിട്ടില്ല. പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതിന് മുന്നേ 94 ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മലപ്പുറം : 9 ഒഴിവുകൾ വന്നിട്ടുണ്ട്. ടി ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 നിശ്ചിത അനുപാതത്തിലും കൂടുതലാണ്. 14-6-2017-ലെ സ.ഉ. (സാധാ)നം.1662/17/ആ.കു.വ. പ്രകാരം ഗ്രേഡ് - I, ഗ്രേഡ് - 2 1:1 റേഷ്യോ നിലനിർത്തേണ്ടതിനാൽ ടി ഒഴിവ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

കോഴിക്കോട് : 6 ഒഴിവുകൾ വന്നിട്ടുണ്ട്. ടി ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II നിശ്ചിത അനുപാതത്തിലും കൂടുതലാണ്. 14-6-2017-ലെ സ.ഉ. (സാധാ)നമ്പർ 1662/17/ആ.കു.വ. പ്രകാരം ഗ്രേഡ്-1, ഗ്രേഡ്-2 1:1 റേഷ്യോ നിലനിർത്തേണ്ടതിനാൽ ടി ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

വയനാട് :15 ഒഴിവുകൾ വന്നിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കണ്ണൂർ : ഒഴിവുകൾ ഉണ്ടായിട്ടില്ല.

കാസർഗോഡ് : 38 ഒഴിവുകൾ വന്നിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നിയമനങ്ങൾ നടന്നിട്ടില്ല.

പത്തനംതിട്ട : പുതിയ റാങ്ക് ലിസ്റ്റ് വരുന്നതിനുമുമ്പ് റിപ്പോർട്ട് ചെയ്ത ഒഴിവുകളടക്കം 9 പേരുടെ നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. ആയതിലേയ്ക്ക് ഉടൻ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആലപ്പുഴ : പുതിയ റാങ്ക് ലിസ്റ്റ് വന്നതിനുമുമ്പ് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ലഭിച്ച നിയമന ശിപാർശയടക്കം 23 പേർക്ക് നിലവിൽ നിയമനം നൽകിയിട്ടുണ്ട്.

കോട്ടയം: പുതിയ റാങ്ക് ലിസ്റ്റ് വരുന്നതിനുമുന്നേ റിപ്പോർട്ട് ചെയ്ത ഒഴിവുകളടക്കം 20 പേരുടെ നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. ആയതിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്.

ഇടുക്കി : മുമ്പ് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ലഭിച്ച നിയമന ശിപാർശയടക്കം 19 പേർക്ക് നിലവിൽ നിയമനം നൽകിയിട്ടുണ്ട്.

തൃശ്ശൂർ : പുതിയ റാങ്ക് ലിസ്റ്റ് വരുന്നതിനുമുമ്പ് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽനിന്നും ലഭ്യമായ നിയമന ശിപാർശയിന്മേൽ 28 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

പാലക്കാട് : പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതിന് മുമ്പ് 94 ഒഴിവ് റിപ്പോർട്ട് ചെയ്തിരുന്നു. ആയത് പ്രകാരം 94 പേർക്ക് നിലവിൽ നിയമനം നൽകിയിട്ടുണ്ട്.

കോഴിക്കോട് : പുതിയ റാങ്ക് ലിസ്റ്റ് വരുന്നതിനുമുന്നേ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽനിന്നും ലഭ്യമായ നിയമന ശിപാർശകളിന്മേൽ ഇപ്പോൾ 25 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

വയനാട് :15 ഒഴിവുകൾ വന്നിട്ടുണ്ട്. 15 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(സി) ഒഴിവുകൾ നിലവിൽ വരുന്നമുറയ്ക്ക് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈറോളജി സെന്റർ

303 (316) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയിട്ടുള്ള ഒരു വൈറോളജി സെന്റർ കേരളത്തിലില്ലാത്ത സാഹചര്യത്തിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഈ സ്ഥാപനം എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ശാസ്ത്ര-സാങ്കേതിക വകുപ്പിന് കീഴിലുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിൽ സ്വയംഭരണാധികാരമുള്ള ഗവേഷണ

വികസന സ്ഥാപനമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.) എന്ന സ്ഥാപനം ആരംഭിക്കുന്നതിന് 5-3-2018-ലെ സ.ഉ.(കൈ) നമ്പർ 01/2018/ശാസാവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനം രൂപീകരിക്കുന്നതിനുള്ള പ്രാരംഭഘട്ട നടപടിയായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ 3425-60-200-55-36 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായുള്ള ശിപാർശകൾ പരിശോധിക്കുന്നതിനും അനുമതി ലഭിക്കുന്നതിനുമായി 18-6-2018-ലെ സ.ഉ.(കൈ) നമ്പർ 03/2018/ശാസാവ പ്രകാരം സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സാങ്കേതിക സമിതിയുടെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി ഐ.എ.വി.യുടെ പ്രീ-ഫാബ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS)ക്ക് നൽകി 12-9-2018-ലെ സ.ഉ.(കൈ) നമ്പർ 04/2018/ശാസാവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഐ.എ.വി.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കൽ എന്ന സ്ഥലത്ത് കേരള സംസ്ഥാന വ്യാവസായിക വികസന കോർപ്പറേഷന്റെ കീഴിലുള്ള ലൈഫ് സയൻസ് പാർക്കിലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

**ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ/ലൈസൻസ്**

304 (317) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള രജിസ്ട്രേഷനും ലൈസൻസിനും ഓൺലൈനായി അപേക്ഷ നൽകുമ്പോൾ സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ എന്തൊക്കെയാണ് വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അപേക്ഷയിലെ അപാകതമൂലമോ മറ്റ് കാരണങ്ങളാലോ അപേക്ഷകൾ നിരസിക്കപ്പെടുമ്പോൾ പ്രസ്തുത ആവശ്യത്തിനായി അപേക്ഷകൻ ഒടുക്കിയ ഫീസ് തുക മടക്കി നൽകാറുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിരസിക്കപ്പെടുന്ന അപേക്ഷകളുടെ ഫീസ് തുക മടക്കി നൽകേണ്ടതില്ലെന്ന് നിയമമുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമമെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത രജിസ്ട്രേഷനും ലൈസൻസിനും തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ട്രേഡ് ലൈസൻസ് നിർബന്ധമാണോ;

(എഫ്) പ്രസ്തുത ട്രേഡ് ലൈസൻസ് ഇല്ലാതെ വീട്ടിൽ വച്ച് പാചകം നടത്തി ഉപജീവനം നടത്തുന്നവർക്ക് ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ/ലൈസൻസ് ലഭിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷന്/ലൈസൻസിന് അപേക്ഷിക്കുന്നവർ ഓൺലൈനായി താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്:

I രജിസ്ട്രേഷൻ

1. അപേക്ഷകന്റെ ഫോട്ടോ;
2. ഫോട്ടോ പതിപ്പിച്ച മേൽവിലാസത്തോടുകൂടിയ തിരിച്ചറിയൽ കാർഡ്;
3. ഭക്ഷ്യസുരക്ഷാ ഗുണനിലവാര ലൈസൻസിംഗ് രജിസ്ട്രേഷൻ റെഗുലേഷൻ അനക്സ് -1 ൽ പറയുന്ന ഡിക്ലറേഷൻ;
4. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ഡി.&ഒ ട്രേഡ് ലൈസൻസ് ലഭ്യമാണെങ്കിൽ അത് (നിർബന്ധമല്ല);
5. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.

II ലൈസൻസ്

ഭക്ഷ്യസുരക്ഷാ ലൈസൻസിന് അപേക്ഷിക്കുന്നവർ ഓൺലൈനായി ഭക്ഷ്യസുരക്ഷാ ഗുണനിലവാര ലൈസൻസിംഗ് രജിസ്ട്രേഷൻ റെഗുലേഷൻ അനക്ഷർ 2-ൽ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ് (പകർപ്പ് അനുബന്ധമായി* ചേർക്കുന്നു). തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ഡി.&ഒ ട്രേഡ് ലൈസൻസും അപേക്ഷകന്റെ ഫോട്ടോ പതിപ്പിച്ച മേൽവിലാസമുള്ള തിരിച്ചറിയൽ കാർഡും നിർബന്ധമാണ്. എന്തുതരം വ്യാപാരം/ഉൽപ്പാദനം നടത്തുന്നു, സ്ഥാപനത്തിന്റെ ഘടന എന്നിവ അനുസരിച്ച് അനുബന്ധത്തിൽ പറയുന്ന വിവിധ രേഖകൾ സമർപ്പിക്കേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അപേക്ഷകൾ നിരസിക്കുമ്പോൾ അപേക്ഷാ ഫീസ് മടക്കി നൽകാറില്ല. വ്യക്തമായ കാരണങ്ങളാൽ അപേക്ഷ നിരസിക്കാമെന്ന് നിഷ്കർഷിക്കുന്ന ലൈസൻസിംഗ് രജിസ്ട്രേഷൻ റെഗുലേഷൻ 2.1.4(2)/2.1.4(5) പ്രകാരം അപേക്ഷ നിരസിക്കുമ്പോൾ ഫീസ് മടക്കി നൽകുവാൻ വ്യവസ്ഥയില്ല. ആയതിനാൽ, അപേക്ഷാഫീസ് മടക്കി നൽകുന്ന വിഷയം പരിഗണനയിലില്ല.

(സി) ഓൺലൈൻ ഫുഡ് ലൈസൻസിംഗ് രജിസ്ട്രേഷൻ സിസ്റ്റം പ്രകാരമുള്ള ഡാറ്റ പ്രകാരം 2017-18 സാമ്പത്തിക വർഷം ലൈസൻസ് നിരസിച്ച വകയിൽ 1,78,000 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) നിരസിക്കപ്പെടുന്ന അപേക്ഷകളുടെ ഫീസ് മടക്കി നൽകുവാൻ നിയമം അനുവദിക്കുന്നില്ല.

(ഇ) രജിസ്ട്രേഷൻ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ട്രേഡ് ലൈസൻസ് നിർബന്ധമല്ല. എന്നാൽ, ലൈസൻസ് നൽകുന്നതിന് ട്രേഡ് ലൈസൻസ് നിർബന്ധമാണ്.

(എഫ്) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ട്രേഡ് ലൈസൻസ് ഇല്ലാതെ വീട്ടിൽ വച്ച് പാചകം നടത്തി ഉപജീവനം നടത്തുന്ന ചെറുകിട വ്യാപാരികൾക്ക് ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നൽകാറുണ്ട്. എന്നാൽ, ഇത്തരം വ്യാപാരങ്ങളുടെ വാർഷിക വിറ്റുവരവ് 12 ലക്ഷത്തിന് മുകളിലാകുമ്പോൾ ആയത് ഭക്ഷ്യസുരക്ഷാ ലൈസൻസിന്റെ പരിധിയിൽ വരുന്നതിനാൽ ട്രേഡ് ലൈസൻസ് നിർബന്ധമാണ്.

### കുപ്പിവെള്ളത്തിലെ ബാക്ടീരിയ

305(318) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന കുപ്പിവെള്ളത്തിൽ മാരകമായ അളവിൽ ബാക്ടീരിയകൾ ഉള്ളതായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം കമ്പനികളുടെ കുപ്പിവെള്ളത്തിലാണ് ഇപ്രകാരം ബാക്ടീരിയകൾ കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത കമ്പനികൾക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിച്ചു;

(സി) ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന കുപ്പിവെള്ള കമ്പനികളുടെ പേരുവിവരം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിൽക്കുന്ന വിവിധ ബ്രാൻഡുകളിൽപ്പെട്ട കുപ്പിവെള്ളം പരിശോധിച്ചതിൽ 5 എണ്ണത്തിൽ ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

(ബി) ബാക്ടീരിയ കണ്ടെത്തിയ ബ്രാൻഡുകൾ

1. ബ്ലൂ ഐറിസ് പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, ബ്ലൂ ഇൻഡസ്ട്രീസ്, മുടപ്പുഴ പി. ഒ., പെരുമ്പാവൂർ
2. ഇവോ, സ്കൈവാലി ഇന്റർനാഷണൽ, കോലത്തറ പി. ഒ., ചെറുവണ്ണൂർ, കോഴിക്കോട്
3. വാൻഡഫിൻ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, സലോമിന അക്വ, ചെങ്ങറ, ഇരുവെട്ടി, മലപ്പുറം
4. ഹിമാലയം കോൾഡ് വാട്ടർ, വി.റ്റി. കോംപ്ലക്സ്, ചെറുമുക്ക്, തിരൂരങ്ങാടി, മലപ്പുറം
5. അക്വാ ക്യൂബ്, രമ്യാനാഥ് അക്വാ ബോട്ടിലിംഗ്, പട തെക്ക് പി.ഒ., കരുനാഗപ്പള്ളി.

പ്രസ്തുത കമ്പനികൾക്കെതിരെ ക്രിമിനൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 29-5-2018-ലെ ഇ 1-4578/2018/ സി.എഫ്.എസ് നമ്പർ ഉത്തരവ് പ്രകാരം ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത ബ്രാൻഡുകൾ മാർക്കറ്റിൽനിന്നും പിൻവലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലാ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകി നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന ബ്രാൻഡുകളുടെ ബാച്ചുകൾ വിപണിയിൽനിന്നും പിൻവലിക്കുന്നതിന് ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്ക് നിർദ്ദേശം നൽകുകയും പ്രസ്തുത വിവരം പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അതാത് ജില്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ സ്വീകരിക്കുന്നുമുണ്ട്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ച് പൊതു ജനങ്ങളെ നിരന്തരം കബളിപ്പിക്കുകയും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ നിരന്തരം ലംഘിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ നിരോധിക്കുന്ന അവസരങ്ങളിൽ ടി വിവരം പത്രങ്ങൾ വഴിയും ഔദ്യോഗിക വെബ്സൈറ്റിലൂടെയും പ്രസിദ്ധീകരിക്കാറുമുണ്ട്.

## രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകൾ

306 (319) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകളിൽ പലതും വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്നതാണെന്നും, പാചകത്തിന് ഉപയോഗിക്കുന്ന എണ്ണ മായംചേർത്തതും ഗുണനിലവാരമില്ലാത്തതും ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പാചകം ഉൾപ്പെടെയുള്ള ജോലികൾ ചെയ്യുന്നത് ഇതര സംസ്ഥാന തൊഴിലാളികൾ ആണോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് നിയമാനുസൃതമായ മെഡിക്കൽ പരിശോധനാ സർട്ടിഫിക്കറ്റുകൾ ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ് ഇതുസംബന്ധിച്ച് പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടുമാസം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകളിൽ ചിലത് വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്നതാണെന്നും പാചകത്തിന് ഉപയോഗിക്കുന്ന എണ്ണ പരിശോധിച്ചതിൽ ചിലത് ഗുണനിലവാരമില്ലാത്തതാണെന്നും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ തട്ടുകടകളിൽ മായം ചേർത്ത എണ്ണ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടില്ല.

(ബി) ചില തട്ടുകടകളിൽ ഇതര സംസ്ഥാന തൊഴിലാളികൾ പാചകം ഉൾപ്പെടെയുള്ള ജോലികൾ ചെയ്തുവരുന്നുണ്ട്.

(സി) ഭക്ഷ്യ സുരക്ഷാ നിയമം 2006 അനുസരിച്ച് എല്ലാ ഭക്ഷ്യ സംരംഭകർക്കും തൊഴിലാളികൾക്കും ഹെൽത്ത് കാർഡ് നിർബന്ധമാണ്. തൊഴിലാളികൾക്ക് Medical fitness certificate ഉണ്ടെന്ന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ പരിശോധനയിൽ ഉറപ്പുവരുത്തുന്നുണ്ട്. ഇത് ലംഘിക്കുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമാനുസൃതമായ നടപടികൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സ്വീകരിക്കുന്നുണ്ട്. കൂടാതെ തട്ടുകടകളുമായി ബന്ധപ്പെട്ട ഭക്ഷ്യസംരംഭകർക്ക് മൊബൈൽ വിജിലൻസ് സ്ക്വാഡിന്റെ സഹകരണത്തോടുകൂടിയും 'ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി'യുടെ ഭാഗമായും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

(ഡി) സംസ്ഥാനത്തൊട്ടാകെ കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ 167 തട്ടുകടകളിൽ രാത്രികാല പരിശോധന നടത്തിയിട്ടുണ്ട്. ചട്ട വ്യതിയാനങ്ങൾക്ക് 37 തിരുത്തൽ നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ 21,000 രൂപ പിഴയിനത്തിൽ അടപ്പിച്ചിട്ടുണ്ട്.

## മൃതസഞ്ജീവനി പദ്ധതി

307 (320) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനം ചെയ്യുന്നവരുടെ എണ്ണം കഴിഞ്ഞ രണ്ടുവർഷങ്ങളായി കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) മൃതസഞ്ജീവനി പദ്ധതിയിലൂടെ വൃക്ക, ഹൃദയം, ശ്വാസകോശം, കരൾ എന്നിവ മാറ്റിവയ്ക്കുന്നതിനായി രജിസ്റ്റർ ചെയ്ത രോഗികൾ എത്രപേരുണ്ട്;

(സി) സമൂഹമാധ്യമങ്ങൾ വഴിയുള്ള ദുഷ്പ്രചരണം മൃതസഞ്ജീവനി പദ്ധതിയെ പിന്നോട്ടടിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) സ്വകാര്യ ആശുപത്രികളിലായാലും മുതിർന്ന സർക്കാർ ഡോക്ടർ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രമേ മസ്തിഷ്ക മരണം സ്ഥിരീകരിക്കാവൂ എന്ന നിർദ്ദേശം ഈ പദ്ധതിയെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ;

(ഇ) അവയവദാനം സംബന്ധിച്ച് പ്രത്യേക പ്രചരണം സമൂഹമധ്യത്തിൽ നടത്തുന്നതിനും ഈ പദ്ധതി വിജയകരമാക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) കണ്ടെത്തിയിട്ടില്ല.

(ബി) മൃതസഞ്ജീവനി പദ്ധതിയിലൂടെ വൃക്ക മാറ്റിവയ്ക്കുന്നതിന് 1756 പേരും ഹൃദയം മാറ്റിവയ്ക്കുന്നതിന് 36 പേരും കരൾ മാറ്റിവയ്ക്കുന്നതിന് 375 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്വാസകോശം മാറ്റിവയ്ക്കുന്നതിന് ആരും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ദുഷ്പ്രചരണം പദ്ധതിയെ പിന്നോട്ടടിപ്പിച്ചുവെന്ന് കണ്ടെത്തിയിട്ടില്ല.

(ഡി) ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അവയവദാനം സംബന്ധിച്ച് പ്രത്യേക പ്രചരണം സമൂഹമധ്യത്തിൽ നടത്തുന്നതിനും ഈ പദ്ധതി വിജയകരമാക്കുന്നതിനും ക്രിയാത്മകമായ

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രശസ്ത സിനിമാ താരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'മൃതസഞ്ജീവനി' വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശിൽപ്പശാലകളും സംഘടിപ്പിച്ചുവരുന്നുണ്ട്. അവയവദാനത്തിന് താൽപ്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരികയും ചെയ്തുവരുന്നു. ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാര തൽപ്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ടു വരുന്നവർക്കും സ്വാപ്പ് ഡൊണേഷനും വേണ്ടി ഒരു പുതിയ രജിസ്ട്രി കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവ ദാനത്തിലെ വാണിജ്യ താൽപ്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്കുമായി 15-2-2018-ലെ സ.ഉ.(കൈ)നമ്പർ 26/2018/ആ.കു.വ. നമ്പർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി

308 (321) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് ആയുഷ് ഡയറക്ടർ നൽകിയ പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) 50,000-ലധികം ജനസംഖ്യയുള്ള നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി ആരംഭിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോസയൻസസ് (ഐക്കോൺസ്)

309 (322) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്കോൺസ്-ന്റെ ആസ്ഥാനം എവിടെയാണ്; ഭരണചുമതല ആർക്കാണ്; എന്തെല്ലാം ചുമതലകളാണ് ഇദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐക്കോൺസ്-ന്റെ അടിസ്ഥാന സൗകര്യവികസനത്തിന് പദ്ധതിയിനത്തിൽ എത്ര രൂപ അനുവദിച്ചു; എത്ര രൂപ തിരുവനന്തപുരം കേന്ദ്രത്തിൽ വിനിയോഗിച്ചു; ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം കേന്ദ്രത്തിൽ ഏതൊക്കെ തെറാപ്പികൾ ലഭ്യമാണ് ; ഒരോ വിഭാഗത്തിലും എത്ര ജീവനക്കാരുണ്ട്; തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; ഓരോ വിഭാഗത്തിൽനിന്നും പ്രതിമാസം ശരാശരി എത്ര വരുമാനം ലഭിക്കുന്നുണ്ട്;

(ഡി) തിരുവനന്തപുരം കേന്ദ്രത്തിൽ 2016, 2017, 2018 ഒക്ടോബർ 31 വരെ വർഷത്തിൽ എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ട്; ചെലവ് എത്ര രൂപയാണ്?

### ഉത്തരം

(എ) ഐക്കോൺസ് എന്ന സ്ഥാപനം സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ഡിസോർഡേഴ്സ് (എസ്.ആർ.സി.സി.ഡി.)-ന്റെ കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്താണ് എസ്.ആർ.സി.സി.ഡി. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഐക്കോൺസിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്.

ഐക്കോൺസിന്റെ ഭരണച്ചുമതല ഡയറക്ടറാണ് വഹിക്കുന്നത്. ബഹു. ആരോഗ്യ വകുപ്പുമന്ത്രി ചെയർമാനായ ഗവേണിംഗ് ബോഡിയും അതിനുകീഴിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനുമായ എക്സിക്യൂട്ടീവ് കമ്മിറ്റിയും എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുക, സ്ഥാപനങ്ങളുടെ ദൈനംദിന ഭരണനിർവ്വഹണവും രോഗീപരിചരണത്തിന്റെ മേൽനോട്ടവും വിവിധ കോഴ്സുകളുടെ ആസൂത്രണവും ഗവേഷണ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശവും ചുമതലയും വഹിക്കുകയെന്നതാണ് ഡയറക്ടറിൽ നിക്ഷിപ്തമായ ചുമതലകൾ.

(ബി)

| വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | തിരികെ പിടിച്ച തുക (ലക്ഷത്തിൽ) | ബാക്കി തുക (ലക്ഷത്തിൽ) | തിരുവനന്തപുരത്ത് ചെലവഴിച്ചത് (രൂപയിൽ) |
|---|---|---|---|---|---|
| 2016-17 | 650 | 650 | 124 | 526 | 2,97,918 |
| 2017-18 | 700 | 270 | 200 | 70 | - |
| 2018-19 | 800 | 410 | - | 410 | 66,00,000 ചെലവഴിക്കാൻ മാറ്റിവച്ചിട്ടുണ്ട്. |

(സി)

| തിരുവനന്തപുരം കേന്ദ്രത്തിലുള്ള തെറാപ്പി സർവ്വീസുകൾ | നിലവിലുള്ള ജീവനക്കാർ | ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ | പ്രതിമാസ ശരാശരി വരുമാനം |
|---|---|---|---|
| സ്പീച്ച് തെറാപ്പി | 4 | 1 | 76,450 |
| ബിഹേവിയറൽ തെറാപ്പി | 5 | 1 | 1,04,225 |
| ഫിസിയോ തെറാപ്പി | 1 | - | 24,945 |
| ലിംഗ്വിസ്റ്റിക്സ് | 2 | - | 22,450 |
| സ്പെഷ്യൽ എഡ്യൂക്കേഷൻ | 3 | 1 | 33,940 |

(ഡി)

| വർഷം | വരവ് | ചെലവ് |
|---|---|---|
| 2016-17 | 40,14,505 | 1,69,21,574 |
| 2017-18 | 35,25,416 | 1,50,28,403 |
| 2018-19 | 17,80,719 | 1,05,91,368 |

**കോതമംഗലം മണ്ഡലത്തിൽ ഫാമിലി വെൽഫയർ സബ് സെന്റർ**

310 (323) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി പഞ്ചായത്തിൽ ഫാമിലി വെൽഫയർ സബ് സെന്റർ തുടങ്ങുന്നതിന് വേണ്ട പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) 50,000-ൽ അധികം ജനസംഖ്യയുള്ള ടി പഞ്ചായത്തിൽ ഫാമിലി സബ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നിർദ്ദേശം സർക്കാരിൽ ലഭിച്ചിട്ടില്ല.

## സർക്കാർ സ്കൂളുകളിൽ കരാർ അടിസ്ഥാനത്തിലുള്ള കൗൺസലർമാർക്ക് പ്രസവാവധി

311 (324) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന കൗൺസലർമാർക്ക് നിയമാനുസൃതം അർഹമായ പ്രസവാവധി ഉൾപ്പെടെയുള്ള അവധി ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഓർഗനൈസേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് &കൗൺസിലേഴ്സ് എന്ന സംഘടന നൽകിയ നിവേദനത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) പ്രസ്തുത നിവേദനം എന്നാണ് ലഭിച്ചതെന്നും ആയതിന്മേൽ നടപടി സ്വീകരിച്ചത് എന്നാണെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ 6 മാസത്തിലധികം യാതൊരുവിധ നടപടിയും സ്വീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ;

(ഡി) ഇത്തരത്തിൽ ഗുരുതരമായ കാലതാമസം വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൗൺസലർമാർക്ക് ശമ്പളത്തോടെയുള്ള പ്രസവാവധി നൽകുന്ന വിഷയം ബന്ധപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിലും കൂടുതൽ സ്കൂളുകളിലേയ്ക്ക് കൗൺസലർമാരെ നിയമിക്കുന്ന വിഷയം പ്രത്യേകം ഫയലുകളിൽ പരിശോധിച്ചിരുന്ന സാഹചര്യത്തിലും 16-5-2018-ൽ ലഭിച്ച ഓർഗനൈസേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് ആൻഡ് കൗൺസലേഴ്സിന്റെ നിവേദനത്തിന്മേൽ പ്രത്യേകമായി നടപടികൾ സ്വീകരിച്ചിരുന്നില്ല. എന്നാൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ കൗൺസലർമാരെ

G.O.(P)28/16/Fin-ന്റെ പരിഗണനയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും ഫീൽഡ് വിസിറ്റിന് ന്യായമായ യാത്രാബത്ത നൽകണമെന്ന ആവശ്യവുംകൂടി നിവേദനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയതിനാൽ, നിവേദനത്തിന്മേൽ 26-11-2018-ലെ കത്ത് പ്രകാരം വനിതാ ശിശു വികസന ഡയറക്ടറുടെ റിപ്പോർട്ട് തേടിയിട്ടുണ്ട്. ഇക്കാര്യത്തിൽ ബോധപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല.

## ആയുർവേദ കോളേജ്

312 (325) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവേദ കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; കെട്ടിട നിർമ്മാണം എന്ന് പൂർത്തിയാകും;

(ബി) പരിയാരം ആയുർവേദ കോളേജിൽ പുതിയ തസ്തികകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

### ഉത്തരം

(എ) കണ്ണൂർ സർക്കാർ ആയുർവേദ കോളേജിനോടനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മിച്ചുവരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ താഴത്തെ നിലയുടെ സിവിൽ, ഇലക്ട്രിക്കൽ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ 1, 2, 3 നിലകളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. സിവിൽ വർക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇലക്ട്രിക്കൽ പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച് 2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടം കോളേജിന് കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ ആവശ്യമായ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള ശിപാർശ പരിശോധിച്ചുവരുന്നു. കണ്ണൂർ സർക്കാർ ആയുർവേദ കോളേജിനോടനുബന്ധിച്ച് നിർമ്മാണം പൂർത്തിയായി വരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സംബന്ധിച്ച് ആവശ്യപ്പെട്ട അധികവിവരങ്ങൾ 19-11-2018-ലെ കത്തുപ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## മങ്കട നിയോജകമണ്ഡലത്തിൽ പുതുതായി ഹോമിയോ ആശുപത്രി

313(326) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പുതുതായി ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ശിപാർശ നൽകിയ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ശിപാർശകളിൻമേൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന വാർഷിക പദ്ധതി 2018-19 പ്രകാരം ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ മങ്കട നിയോജകമണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിന്റെ പേരും ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആയുഷ് വകുപ്പിന് ശിപാർശ നൽകിയ പ്രവൃത്തികളിൽ 3 എണ്ണം ഒഴികെ ബാക്കിയെല്ലാ പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്.

(സി) 2018-19 വർഷത്തിൽ ആയുഷ് വകുപ്പിൽനിന്നും ഭരണാനുമതി നൽകിയ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് കൃത്യമായ നിരീക്ഷണവും വിവിധ തലങ്ങളിലുള്ള പദ്ധതി അവലോകന യോഗങ്ങളും കൃത്യമായ ഇടവേളകളിൽ നടന്നുവരുന്നു.

## സിദ്ധ ഡിസ്പെൻസറികൾ

314 (327) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സിദ്ധ ഡിസ്പൻസറികൾ തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) എല്ലാ ജില്ലാ ആശുപത്രികളിലും സിദ്ധ യൂണിറ്റ് തുടങ്ങുമെന്ന് ബഹു. മന്ത്രി ഉറപ്പ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ

അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ; സിദ്ധ ഡോക്ടർമാരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ;

(സി) താലൂക്ക് അടിസ്ഥാനത്തിൽ സിദ്ധ ഡിസ്പൻസറികൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിദ്ധ യൂണിറ്റ് ഇല്ലാത്ത ജില്ലാ ആയുർവേദ ആശുപത്രികളിൽ സിദ്ധ യൂണിറ്റും ഡോക്ടർമാരുടെ തസ്തികയും സൃഷ്ടിക്കുന്നതിനായുള്ള ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. സ്ഥാപനത്തിൽനിന്നും അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടം എന്നിവ ലഭ്യമാക്കുന്നതിനുള്ള കമ്മിറ്റി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ഡിസ്പെൻസറികൾ തുടങ്ങുന്നത് പരിശോധിക്കുന്നതാണ്.

## സിദ്ധ യൂണിറ്റുകൾ

315(328) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ പഞ്ചായത്ത് പരിധിയിലും ഓരോ സിദ്ധ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

സിദ്ധ ഡിസ്പെൻസറി അനുവദിക്കുന്നതിന് ആവശ്യമായ സ്ഥലവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുമെന്നുള്ള പഞ്ചായത്ത് തീരുമാനം സഹിതം പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ചെറുവട്ടൂർ ആയുർവേദ ആശുപത്രിയുടെ അപ്ഗ്രഡേഷൻ

316(329) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയുന്ന ചെറുവട്ടൂർ ആയൂർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതും സെക്രട്ടേറിയറ്റിലെ ആയുഷ് വകുപ്പിലുള്ളതുമായ 2313134/AyushA1/234/18 നമ്പർ ഫയലിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രി 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടുണ്ടോ;

(ഡി) കോതമംഗലം താലൂക്കിലെ നൂറുകണക്കിന് രോഗികൾ നിത്യേന എത്തുന്ന പ്രസ്തുത ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭാരതീയ ചികിത്സാ ഡയറക്ടറിൽനിന്നും കൂടുതൽ വിവരങ്ങൾ തേടിയിട്ടുണ്ട്.

(ബി - ഡി) പ്രസ്തുത ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിൽ ലഭിച്ച പ്രൊപ്പോസലിൻമേലുള്ള അധിക വിവരങ്ങൾ ഭാരതീയ ചികിത്സാ ഡയറക്ടറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**സിദ്ധ യൂണിറ്റ് ആരംഭിക്കാൻ നടപടി**

317(330) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും സിദ്ധ യൂണിറ്റ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ 13 ജില്ലാ ആശുപത്രികളിൽ സിദ്ധ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സിദ്ധ ചികിത്സാ മേഖലയുടെ വ്യാപനത്തിനും പ്രചരണത്തിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സിദ്ധ യൂണിറ്റ് ഇല്ലാത്ത ജില്ലാ ആയുർവേദ ആശുപത്രികളിൽ സിദ്ധ യൂണിറ്റ് ഉൾപ്പെടെ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ സിദ്ധ ഡിസ്പെൻസറികൾ ഇല്ലാത്ത എട്ട് ജില്ലകളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജില്ലാ ആയുർവേദ ആശുപത്രികളോടനുബന്ധിച്ച് എട്ട് സിദ്ധ യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ടി യൂണിറ്റുകളുടെ പ്രവർത്തനത്തിനായി താൽക്കാലിക അടിസ്ഥാനത്തിൽ ഓരോ മെഡിക്കൽ ഓഫീസറെയും ഓരോ അറ്റൻഡറെയും നിയമിച്ചിട്ടുണ്ട്.

(സി) ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ ഇരുപത് കിടക്കകളുള്ള വള്ളക്കടവ് സർക്കാർ സിദ്ധ ആശുപത്രിയിലും നെയ്യാറ്റിൻകര സർക്കാർ ആയുർവേദ ആശുപത്രിയിലും ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആയുർവേദ ആശുപത്രിയിലും അറ്റാച്ച്ഡ് സിദ്ധ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ഓരോ സിദ്ധ ഡിസ്പെൻസറി വീതം മൊത്തം ഒൻപത് സിദ്ധ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി തുക വിനിയോഗിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എട്ട് ജില്ലകളിൽ ജില്ലാ ആയുർവേദ ആശുപത്രികളോടനുബന്ധിച്ച് എട്ട് സിദ്ധ യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

## മിശ്രവിവാഹ ധനസഹായം ലഭ്യമാക്കാൻ നടപടി

318(331) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹ ധനസഹായം ലഭിക്കുന്നതിന് വേണ്ടി ശ്രീ. മനോജ്. വി.കെ. സമർപ്പിച്ച അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇ-ഫയൽ നമ്പർ-732830 c1/32/2018-ൽ കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലയെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;.

(സി) മിശ്രവിവാഹ ധനസഹായം ലഭിക്കുവാൻ ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ; എത്രയും വേഗം അർഹമായ ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ശ്രീ. മനോജ് വി. കെ. സമർപ്പിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മിശ്രവിവാഹ ധനസഹായം ലഭിക്കുന്നതിന് കളക്ടറുടെ റിപ്പോർട്ട് ആവശ്യമില്ലാത്തതിനാൽ ആയത് ആവശ്യപ്പെട്ടിട്ടില്ല.

(സി) ശ്രീ. മനോജ് വി. കെ. പ്രസ്തുത ധനസഹായത്തിനുള്ള കാലപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം മാപ്പാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

319(332) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇവരിൽ അനർഹരെ കണ്ടെത്താൻ പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ആരാണ് പരിശോധന നടത്തിയതെന്നും പരിശോധനാ ഫലം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ജീവിച്ചിരിപ്പില്ലാത്തവരുടെ പെൻഷൻ ആരെങ്കിലും കൈപ്പറ്റി വരുന്നുണ്ടോയെന്നും എങ്കിൽ അത്തരക്കാർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ; 1200 ചതുരശ്ര അടിയിൽ അധികം വലിപ്പമുള്ള വീടുള്ളവരെയും സ്വന്തമായി കാറുള്ളവരെയും മക്കളുടെ പേരിൽ കാറുള്ളവരെയും സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക്ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 463765 |
| കൊല്ലം | 383624 |
| പത്തനംതിട്ട | 167328 |
| ആലപ്പുഴ | 317240 |
| കോട്ടയം | 248681 |
| ഇടുക്കി | 142401 |
| എറണാകുളം | 389240 |
| തൃശ്ശൂർ | 436952 |
| പാലക്കാട് | 403737 |
| മലപ്പുറം | 456594 |
| കോഴിക്കോട് | 388267 |
| വയനാട് | 106754 |
| കണ്ണൂർ | 358497 |
| കാസർഗോഡ് | 165499 |
| ആകെ | 4428579 |

(ബി) ഉണ്ട്. നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ കണ്ടെത്തുന്നതിനായി വാഹന രജിസ്ട്രേഷൻ വിവരങ്ങളും മരണ രജിസ്ട്രേഷൻ വിവരങ്ങളും പരിശോധന നടത്തിയിരുന്നു.

(സി) ധനകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വാഹന രജിസ്ട്രേഷൻ ഡാറ്റാബേസ്, മരണ രജിസ്ട്രേഷൻ ഡാറ്റാബേസ്, സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാബേസ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 66637 പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ അയയ്ക്കുന്നത് താൽക്കാലികമായി തടഞ്ഞിരുന്നു. 42892 പേർക്ക് വാഹനങ്ങൾ ഉള്ളതായും 23745 പേർ മരണപ്പെട്ടതായും ആണ് പരിശോധനയിൽ കണ്ടെത്തിയിരുന്നത്. എന്നാൽ ടി വിവരങ്ങളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ വിവരങ്ങൾ അതത് പ്രാദേശിക സർക്കാരുകൾക്ക് കൈമാറി അന്വേഷണം നടത്തി തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷൻ തടയപ്പെട്ടവർക്ക് പെൻഷൻ അയച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിലവിൽ സാമൂഹ്യസുരക്ഷാ പെൻഷനുള്ള പൊതു മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം.
2. 2 ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായോ കുടുംബത്തിനോ ഉള്ളവരായിരിക്കരുത് (പട്ടികവർഗ്ഗക്കാരൊഴികെ).
3. ആദായനികതിദായകരായിരിക്കരുത്.
4. സർവ്വീസ് പെൻഷണറായിരിക്കരുത്.
5. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും പെൻഷൻ വാങ്ങുന്നവരായിരിക്കരുത്.
6. 1200 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണമുള്ള വീടുകളിൽ താമസിക്കുന്നവരായിരിക്കരുത്.
7. 1000 സിസിയിൽ കൂടുതൽ എൻജിൻ ശേഷിയുള്ള നാല് ചക്ര വാഹനം (ടാക്സിയല്ലാത്തവ) സ്വന്തമായി ഉള്ളവരായിരിക്കരുത്.
8. 4 ചക്രത്തിൽ കൂടുതൽ ചക്രങ്ങളുള്ള വാഹനങ്ങൾ (ലോറി/ബസ്/ട്രക്ക്) സ്വന്തമായി ഉള്ളവരായിരിക്കരുത്.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ ഓരോ പെൻഷൻ സ്കീമിലും ചുവടെ പറയുന്ന അർഹതാ മാനദണ്ഡങ്ങൾകൂടി പാലിക്കേണ്ടതുണ്ട്:

1. വാർദ്ധ്യകാല പെൻഷൻ - 60 വയസ്സ് കഴിഞ്ഞവർ
2. വികലാംഗ പെൻഷൻ - 40 ശതമാനമോ അതിലധികമോ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ
3. വിധവാ പെൻഷൻ - വിധവ/വിവാഹമോചിത ആയിരിക്കണം
4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ - അപേക്ഷക 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായിരിക്കണം.
5. കർഷക തൊഴിലാളി പെൻഷൻ - 60 വയസ് കഴിഞ്ഞ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ വ്യക്തിയായിരിക്കണം.

(ഇ) ജീവിച്ചിരിപ്പില്ലാത്തവരുടെ പെൻഷൻ തിരിച്ചടയ്ക്കുന്നതിന് ബന്ധപ്പെട്ട വ്യക്തികൾക്ക് അറിയിപ്പ് നൽകുന്നതിന് അതാത് പ്രാദേശിക സർക്കാരുകൾക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി പെൻഷന് അപേക്ഷിക്കുന്നവരിൽ 1200 ചതുരശ്ര അടിയിൽ അധികം വലിപ്പമുള്ള വീടുകളിൽ താമസിക്കുന്നവരെയും 1000 സിസിയിൽ കൂടുതൽ എൻജിൻ ശേഷിയുള്ള നാല് ചക്ര വാഹനം (ടാക്സിയല്ലാത്തവ) സ്വന്തമായി ഉള്ളവരെയും സാമൂഹസുരക്ഷാ പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. മക്കളുടെ പേരിൽ കാറുള്ളവരെ ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല.

### വയോമധുരം പദ്ധതി

320(333) ശ്രീ. പി. ഉണ്ണി :

ശ്രീ. എൻ. വിജയൻ പിള്ള :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നൂതന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രായമായവർക്ക് ആവശ്യമായ സംരക്ഷണം നൽകാതെ അവരെ തെരുവിൽ ഉപേക്ഷിക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അവർക്ക് വീട്ടിൽ ശ്രദ്ധയും പരിഗണനയും ലഭിക്കുന്നതിനായി നിയമങ്ങൾ കർശനമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി വയോമധുരം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വയോജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്;

(ഇ) പരിചരിക്കാൻ ആരുമില്ലാതെ കഴിയുന്ന വയോജനങ്ങൾക്കായി സാന്ത്വന പരിചരണ സംവിധാനവും പകൽവീടുകളും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമായുള്ള ആക്ട്, 2007-ലെ ഏഴാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രകാരം മുതിർന്ന പൗരനെ സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ടവർ അവരെ പൂർണ്ണമായും ഉപേക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ പെരുമാറുന്നത് മൂന്ന് മാസം വരെയുള്ള തടവോ അയ്യായിരം രൂപ പിഴയോ രണ്ടും കൂടിയോ ലഭിക്കുന്ന കുറ്റമാണ്. വയോജനങ്ങളുടെ പരാതികൾ നേരിൽ കേൾക്കുന്നതിനും പരിഹാര ഉത്തരവുകൾ 2007-ലെ നിയമപ്രകാരം പുറപ്പെടുവിക്കുന്നതിനും ആയതിന്മേൽ വയോജനങ്ങൾക്ക് നിയമപരമായ അവകാശ സംരക്ഷണം ഉറപ്പാക്കുന്നതിനും ടി ആക്ട് പ്രകാരം മെയിന്റനൻസ് ട്രിബ്യൂണലുകളായി ആർ.ഡി.ഒ.-മാരെ നിർണ്ണയിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതും അപ്രകാരം വയോജനങ്ങളുടെ പരാതികളിൽ നിയമപരമായി തീർപ്പുകൽപ്പിക്കുകയും ചെയ്യുന്നു. ഈ ആക്ട് ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് ആർ.ഡി.ഒ.-മാരെ സഹായിക്കാൻ എല്ലാ ആർ.ഡി.ഒ. ഓഫീസുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുമുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിനായി ഗ്ലൂക്കോമീറ്ററുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിയായ വയോമധുരം പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 14 ജില്ലകളിലായി 14,000 പേർക്ക് ഗ്ലൂക്കോമീറ്ററുകൾ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) വയോജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധമായി* ചേർക്കുന്നു.

(ഇ) ഉണ്ട് പരിചരിക്കാൻ ആരുമില്ലാതെ കഴിയുന്ന വയോജനങ്ങൾക്കായി സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ 16 ഗവ. വൃദ്ധസദനങ്ങൾ സാന്ത്വന പരിചരണ സംവിധാനങ്ങളുമായി പ്രവർത്തിച്ചുവരുന്നു. വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷണവും മരുന്നും താമസ സൗകര്യവും സൗജന്യമായി നൽകി വരുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ പണികഴിപ്പിക്കുന്ന വയോജനങ്ങൾക്കായുള്ള പകൽ വീടുകളിൽ 82 പകൽ വീടുകൾക്ക് മെച്ചപ്പെട്ട സേവന സൗകര്യങ്ങൾ ലഭ്യമാക്കി സ്വയംപ്രഭ ഹോമുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്പെക്ട്രം പദ്ധതി

321(334) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓട്ടിസം ബാധിതരുടെ സമഗ്രവികസനത്തിനായി സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന സ്പെക്ട്രം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന 2018-19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ദ്ധ പരിശീലനം, വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഓട്ടിസം കുട്ടികളുടെ ആശയവിനിമയക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കലും ലഭ്യമാക്കലും ഓട്ടിസം കുട്ടികളുടെ നൈപുണ്യ വികസനം തുടങ്ങിയവയാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

## അങ്കണവാടികളുടെ നവീകരണം

322(335) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികൾ നവീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ അങ്കണവാടികളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) അങ്കണവാടികളുടെ നവീകരണത്തിന് വനിതാ ശിശു വികസന വകുപ്പ് കേന്ദ്ര സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപങ്ങളുടെയും സഹകരണത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 1480 അങ്കണവാടികൾക്ക് 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നവീകരണത്തിനായുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 125 അങ്കണവാടികൾക്കുകൂടി നവീകരണത്തിനായി തുക അനുവദിച്ചു. കൂടാതെ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ (60:40) 2 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 400 അങ്കണവാടികൾക്ക് 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പല തദ്ദേശഭരണ സ്ഥാപനങ്ങളും അവരുടെ തനത് ഫണ്ട് ഉപയോഗിച്ചും അങ്കണവാടികൾ നവീകരിച്ചുവരുന്നു.

(ബി) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ നെടുമങ്ങാട്, വാമനപുരം, വാമനപുരം അഡീഷണൽ എന്നീ 3 ICDS പ്രോജക്ടുകൾ പ്രവർത്തിക്കുന്നു. ഈ പ്രോജക്ടുകളിലെ ശോചനീയാവസ്ഥയിലുള്ള അങ്കണവാടികളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചുവടെ വിവരിക്കുന്ന പ്രകാരം നവീകരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ഐ.സി.ഡി.എസ്. നെടുമങ്ങാടിന് കീഴിലുള്ള അങ്കണവാടികൾ പെയിന്റടിച്ചും ചുവരിൽ ചിത്രങ്ങൾ വരച്ചും മനോഹരമാക്കിയിട്ടുണ്ട്. ഒരു അങ്കണവാടി 3G ആക്കി ഉയർത്തിയിട്ടുണ്ട്. ഒരു അങ്കണവാടിക്ക് ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

2. ഐ.സി.ഡി.എസ്. വാമനപുരത്തിന് കീഴിൽ വാമനപുരം പഞ്ചായത്തിലെ 6 അങ്കണവാടികൾ 2018-19 വർഷത്തിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നവീകരിച്ചു. കൂടാതെ 11 അങ്കണവാടികൾ 2018-19 സാമ്പത്തിക വർഷത്തിലെ നവീകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പുല്ലമ്പാറ പഞ്ചായത്തിലെ 5 അങ്കണവാടികളിൽ LSGD ഫണ്ട് ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

3. വാമനപുരം അഡീഷണൽ ഐ.സി.ഡി.എസ്.-ൽ 2016-17 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് നന്ദിയോട് ഗ്രാമപഞ്ചായത്തിലെ 6 അങ്കണവാടികൾക്ക് അറ്റകുറ്റപ്പണികൾ നടത്തി. 2017-18 സാമ്പത്തിക വർഷത്തിൽ 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ

11 അങ്കണവാടികൾക്ക് തുക വകയിരുത്തുകയും നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ഇതേ സാമ്പത്തിക വർഷം തന്നെ കല്ലറ ഗ്രാമപഞ്ചായത്തിലെ 2 അങ്കണവാടികൾക്ക് അറ്റകുറ്റപ്പണി നടത്തി. കൂടാതെ നന്ദിയോട് ഗ്രാമപഞ്ചായത്തിലെ 4 അങ്കണ വാടികൾക്കും കല്ലറ ഗ്രാമപഞ്ചായത്തിലെ 12 അങ്കണവാടികൾക്കും പാങ്ങോട് ഗ്രാമപഞ്ചായത്തിലെ 15 അങ്കണവാടികൾക്കും 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ കെട്ടിട നവീകരണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

## സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ

323(336) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ എത്രയുണ്ട് ;

(ബി) അപ്രകാരം സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

### ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 30 അങ്കണവാടികളുണ്ട്.

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ നെടുമങ്ങാട്, വാമനപുരം, വാമനപുരം അഡീഷണൽ എന്നീ 3 ICDS പ്രോജക്ടുകൾ പ്രവർത്തിക്കുന്നു.

1. ICDS നെടുമങ്ങാടിന് കീഴിൽ സ്വന്തമായി കെട്ടിടമില്ലാത്ത 10 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിലുള്ള 9 അങ്കണവാടികളിൽ 6 എണ്ണം 2018-19 സാമ്പത്തിക വർഷത്തിലെ പഞ്ചായത്ത് ഫണ്ടിലും 3 എണ്ണം 2017-18 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിലും ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒരെണ്ണത്തിന് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമായിട്ടില്ല.

2. ICDS വാമനപുരത്തിന് കീഴിൽ സ്വന്തമായി കെട്ടിടമില്ലാത്ത 4 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 2 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണ പദ്ധതിയിൽ ഇവയെ ഉൾപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ബാക്കിയുള്ള 2 അങ്കണവാടികൾക്ക് ഭൂമി ലഭ്യമായിട്ടില്ല.

3. വാമനപുരം അഡീഷണൽ ICDS-ന് കീഴിൽ സ്വന്തമായി കെട്ടിടമില്ലാത്ത 16 അങ്കണവാടികൾ പ്രവർത്തിക്കുന്നു. കല്ലറ ഗ്രാമപഞ്ചായത്തിലെ 8 അങ്കണവാടികളെയും പാങ്ങോട് ഗ്രാമപഞ്ചായത്തിലെ 4 അങ്കണവാടികളെയും ചേർത്ത് 12 എണ്ണത്തിനെ 2017-18 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 അങ്കണവാടികൾക്ക് സ്വന്തമായി ഭൂമി ലഭിച്ചിട്ടില്ല.

## വേങ്ങര നിയോജകമണ്ഡലത്തിൽ ഓട്ടിസം സെന്റർ

324 (337) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്ന ഓട്ടിസം സെന്ററിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) ഇപ്പോൾ ബി.ആർ.സി.-യോടനുബന്ധിച്ച് നടന്നുവരുന്ന ചെറിയ സെന്റർ പുതിയ സ്ഥാപനം പ്രവർത്തനക്ഷമമാകുന്നതോടുകൂടി അതിലേയ്ക്ക് കൂട്ടിച്ചേർക്കാനാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; അതിലേയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) പുതിയ ഓട്ടിസം സെന്ററിലേയ്ക്കാവശ്യമായ ജീവനക്കാരെ നിയമിക്കാനും ഉപകരണങ്ങളും മറ്റ് ഭൗതിക സംവിധാനങ്ങളും ഒരുക്കുന്നതിനും വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) വേങ്ങര നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന ഓട്ടിസം സെന്റർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

(ബി & സി) ചോദ്യം എ-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ഭിന്നശേഷി സൗഹൃദ സംസ്ഥാനം

325 (338) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സമഗ്ര പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ ജീവിതാവശ്യങ്ങൾക്ക് പിന്തുണ നൽകുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

(സി) ഇത് സംബന്ധിച്ച് പഠന റിപ്പോർട്ടുകളോ പ്രൊപ്പോസലുകളോ സർക്കാറിന് ലഭിച്ചിട്ടുണ്ടോ; കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി "ബാരിയർ ഫ്രീ കേരള" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. കണ്ണൂർ ജില്ല ബാരിയർ ഫ്രീയാക്കിക്കൊണ്ടുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 'ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ' പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ 28 സർക്കാർ കെട്ടിടങ്ങൾ ബാരിയർ ഫ്രീയാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന ലക്ഷ്യത്തോടെ 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്നു. കൂടാതെ ഓട്ടിസം ഉള്ള കുട്ടികൾക്കായി 'സ്പെക്ട്രം' എന്ന പേരിലുള്ള ഒരു സമഗ്ര പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

(ബി & സി) ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ ജീവിതാവശ്യങ്ങൾക്ക് പിന്തുണ നൽകുന്നതിന് പ്രത്യേകമായി സമഗ്ര പദ്ധതികൾ ഇപ്പോൾ ആവിഷ്കരിച്ചിട്ടില്ല.

## വികലാംഗക്ഷേമ കോർപ്പറേഷന്റെ ജില്ലാ ഓഫീസുകൾ

326(339) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് ജില്ലാ ഓഫീസുകൾ

അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; നിലവിൽ ഏതൊക്കെ ജില്ലകളിലാണ് കോർപ്പറേഷന്റെ ജില്ലാ ഓഫീസുകൾ ഇല്ലാത്തത്;

(ബി) ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും അതോടൊപ്പം തന്നെ ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഏറ്റവും കൂടുതൽ ഉള്ളതുമായ മലപ്പുറം ജില്ലയിൽ വികലാംഗക്ഷേമ കോർപ്പറേഷന്റെ ജില്ലാ ഓഫീസ് ഇല്ലാത്തതിനാൽ സേവനങ്ങൾ ലഭിക്കുന്നതിന് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന അവസ്ഥ കണക്കിലെടുത്ത് മലപ്പുറം ജില്ലയിൽ സംസ്ഥാനവികലാംഗ ക്ഷേമ കോർപ്പറേഷന്റെ ഒരു ജില്ലാ ഓഫീസ് പ്രവർത്തനമാരംഭിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) നിലവിൽ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് ജില്ലാ ഓഫീസുകൾ ഒന്നും തന്നെയില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

### ഭിന്നശേഷിക്കാരായ കുട്ടികളുടെ പുനരധിവാസം

327(340) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനും പുനരധിവാസത്തിനുമായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ ;

(ബി) ഓരോ നിയോജകമണ്ഡലങ്ങളിലുമുള്ള ഭിന്നശേഷിക്കാരുടെ എണ്ണം കണക്കിലെടുത്ത് ആവശ്യമായ മണ്ഡലങ്ങളിൽ അത്തരക്കാർക്കുള്ള ആശുപത്രിയും പാർക്കും പുനരധിവാസകേന്ദ്രവും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനും പുനരധിവസിപ്പി ക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് മുഖേന ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ഭിന്നശേഷി കുട്ടികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവ വാങ്ങുന്നതിനായി 'വിദ്യാജ്യോതി' പദ്ധതി ആരംഭിച്ചു.

2. ഭിന്നശേഷി കുട്ടികളുൾപ്പെടെയുള്ളവർക്ക് അടിയന്തര ഘട്ടത്തിൽ സഹായം നൽകുന്നതിനായി പരിരക്ഷ പദ്ധതി, സഹായ ഉപകരണ വിതരണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

3. കലാകായിക, സാഹിത്യ, പഠന മേഖലകളിൽ മികവു തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മികച്ച പഠന സാദ്ധ്യതകൾ ഉറപ്പു വരുത്തുന്നതിന് സ്റ്റീഫൻ ഹോക്കിംഗ് സെന്റർ ഫോർ എക്സലൻസ് (SHCE) എന്ന പദ്ധതി, NISH/NIPMR ആസ്ഥാനമാക്കി പ്രവർത്തനമാരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

4. ഭിന്നശേഷി കുട്ടികൾക്ക് തൊഴിൽ/കമ്പ്യൂട്ടർ പരിശീലനം നൽകുന്ന NGO-കൾക്ക് ധനസഹായം നൽകിവരുന്നു.

5. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് corrective surgery നടത്തുന്നതിനും അംഗപരിമിതരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനും മറ്റ് ക്ഷേമ പരിപാടികൾ സംഘടിപ്പിക്കു ന്നതിനുമായി വി.കെ.എം. ട്രസ്റ്റ് മുഖേന mobility mission എന്ന പദ്ധതി നടപ്പാക്കുന്നു.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനും പുനരധിവാസത്തിനുമായി താഴെ പറയുന്ന പദ്ധതികൾ നടത്തി വരുന്നു:

1. ശബ്ദാനുസരണ സോഫ്റ്റ്‌വെയറുള്ള ലാപ്ടോപ്പ് സൗജന്യമായി നൽകി വരുന്നു. 12 വയസ്സിന് താഴെ പ്രായമുള്ള ഗുരുതര ഭിന്നശേഷിയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി മാനദണ്ഡങ്ങൾക്ക് വിധേയമായി 20,000 രൂപ സ്ഥിര നിക്ഷേപമായും നൽകിവരുന്നു. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളതും പ്രതിവർഷം 1,00,000 രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

2. കാഴ്ച പരിമിതിയുള്ള കുട്ടികൾക്ക് ശബ്ദാനുസരണ സോഫ്റ്റ്‌വെയറുള്ള ലാപ്ടോപ്പ് നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നു.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ ഓട്ടിസം ബാധിതരായ കുട്ടികൾക്ക് മാത്രമായി സ്പെക്ട്രം എന്ന പേരിൽ ഒരു സമഗ്ര പദ്ധതികൂടി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. വിശദാംശം അനുബന്ധമായി *ചേർത്തിരിക്കുന്നു.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ അനുയാത്രയുടെ ഭാഗമായി മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ഭിന്നശേഷിക്കാർക്ക് പ്രത്യേക വിദ്യാഭ്യാസം

328(341) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാങ്ങപ്പാറയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ചഡിനെ വിദ്യാഭ്യാസ വകുപ്പിൽനിന്നും സാമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കാൻ ആലോചിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയോ യോഗമിനിട്ട്സുകൾ തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(ബി) ഭിന്നശേഷിക്കാരുടെ പ്രത്യേക വിദ്യാഭ്യാസത്തിനായി അക്കാദമിക ഗവേഷണ സൗകര്യങ്ങൾ ഒരുക്കാൻ പുതിയ സ്ഥാപനം തുടങ്ങുമെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാങ്ങപ്പാറയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം വിദ്യാഭ്യാസ വകുപ്പിൽനിന്നും സാമൂഹ്യനീതി വകുപ്പിലേയ്ക്ക് മാറ്റി സ്പെഷ്യൽ എഡ്യൂക്കേഷൻ മേഖലയിലെ പരിശീലന കേന്ദ്രമാക്കി മാറ്റുന്നതാണ് എന്നും ഇത് ഒരു മിഷനായോ ഡയറക്ടറേറ്റ് ഓഫ് ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ് ആയോ മാറ്റാവുന്നതാണ് എന്നും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം ശാക്തീകരിക്കുന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ ചേമ്പറിൽ 9-8-2018-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് (യോഗ മിനിട്ട്സ് അനുബന്ധമായി* ചേർക്കുന്നു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല. 9-8-2018-ലെ യോഗതീരുമാന പ്രകാരം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (SIMC)-യെ apex സ്ഥാപനമാക്കുന്നതിനും പഠന വൈകല്യം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി 28-9-2018-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ സ്പെഷ്യൽ എഡ്യൂക്കേഷൻ പാഠ്യപദ്ധതി തയ്യാറാക്കൽ, ഗവേഷണം, പരിശീലനം തുടങ്ങിയവയ്ക്കുള്ള apex സ്ഥാപനമാക്കി SIMC-യെ മാറ്റുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡോ. എം. കെ. ജയരാജിനെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.

**അംഗപരിമിതർക്കായുള്ള പദ്ധതികൾ**

329(342) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്കായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അപേക്ഷ സമർപ്പിക്കേണ്ട രീതിയും ആയതിലേയ്ക്കായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അംഗപരിമിതർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു. ഭിന്നശേഷിക്കാർക്കുള്ള എല്ലാ പദ്ധതികളുടെയും ഇംപ്ലിമെന്റേഷൻ ഓഫീസർ ജില്ലാ സാമൂഹ്യനീതി ഓഫീസറാണ്. അതിനാൽ ടി പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാ ഫോമുകൾ ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖേനയും വകുപ്പിന്റെ വെബ്സൈറ്റായ www.sjd.kerala.gov.in -ലും ലഭ്യമാണ്.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ www.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോറം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എടുത്ത് പൂരിപ്പിച്ച് അതിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം കോർപ്പറേഷനിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. ആയതിലേയ്ക്കായി 40% ഭിന്നശേഷിത്വം, വരുമാന പരിധി 1 ലക്ഷമോ അതിൽ താഴെയോ എന്നതുമാണ് എല്ലാ പദ്ധതിയിലേയ്ക്കും അപേക്ഷ സമർപ്പിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള പൊതുവായ മാനദണ്ഡങ്ങൾ. ഓരോ പദ്ധതിക്കുമുള്ള പ്രത്യേക മാനദണ്ഡങ്ങൾ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടലുകൾ നടത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി അനുയാത്ര എന്ന പേരിൽ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം അംഗപരിമിതരായ വ്യക്തികൾക്ക് പ്രത്യേക അപേക്ഷ കൂടാതെ തന്നെ സേവനങ്ങൾ ലഭ്യമാക്കാവുന്നതാണ്. (അനുയാത്രയുടെ പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.) അനുയാത്രയുടെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കാൻ പ്രത്യേക അപേക്ഷ ആവശ്യമില്ല.

കൂടാതെ കേരള സാമൂഹ്യസുരക്ഷാ മിഷന്റെ 'ആശ്വാസകിരണം' പദ്ധതി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നവർക്കും കിടപ്പ് രോഗികളായ അംഗപരിമിതരെ പരിചരിക്കുന്നവർക്കും പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കേണ്ട രീതിയുംചുവടെ ചേർക്കുന്നു:

ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം ഉള്ളവർ, മാനസികരോഗികൾ എന്നിവർക്ക് പുറമേ പ്രായാധിക്യംകൊണ്ടും, ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലാകുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെയും പരിചാരകർക്കും 100% അന്ധരായവരെ പരിചരിക്കുന്നവർക്കും ആശ്വാസകിരണം പദ്ധതി പ്രകാരം പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. രോഗിയുടെ കുടുംബ വാർഷിക വരുമാനം പഞ്ചായത്ത് പ്രദേശങ്ങളിൽ ഉള്ളവർക്ക് 20,000 രൂപയിലും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെട്ടവർക്ക് 22,375 രൂപയിലും അധികരിക്കാൻ പാടില്ല.

ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം എന്നിവ ബാധിച്ചവരെ വരുമാന പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആശ്വാസകിരണം പദ്ധതിയുടെ അപേക്ഷാ ഫോറം എല്ലാ ഐ.സി.ഡി.എസ്. ഓഫീസുകളിലും ലഭ്യമാണ്. കൂടാതെ കേരള സാമൂഹ്യസുരക്ഷാ മിഷന്റെ വെബ്സൈറ്റിലും ലഭ്യമാണ്. സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ എന്നിവരുടെ ശിപാർശ സഹിതമാണ് അപേക്ഷകൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടത്.

## ലേഡീസ് ഹോസ്റ്റലുകൾ

330(343) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ലേഡിസ് ഹോസ്റ്റലുകൾ നടത്തിവരുന്നത് ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ലേഡീസ് ഹോസ്റ്റലുകൾ പലസ്ഥലങ്ങളിലും നിർത്തലാക്കുവാനായി നടപടികൾ സ്വീകരിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട പട്ടണങ്ങളിലും ടി കോർപ്പറേഷന്റെ കീഴിൽ കൂടുതൽ വനിതാ ഹോസ്റ്റലുകൾ സ്ഥാപിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ എട്ട് വനിതാ ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. അവയുടെ വിവരംചുവടെ ചേർക്കുന്നു:

തിരുവനന്തപുരം - 2, എറണാകുളം - 1, മലപ്പുറം - 2, വയനാട് - 1, കണ്ണൂർ - 1, കോഴിക്കോട് - 1.

(ബി) വനിതാ വികസന കോർപ്പറേഷൻ ഹോസ്റ്റലുകൾ ഒന്നും തന്നെ സ്ഥിരമായി നിർത്തലാക്കിയിട്ടില്ല. എറണാകുളം ജില്ലയിലെ വനിതാ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കാക്കനാട് ഹോസ്റ്റൽ പുതുക്കിപ്പണിത് മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്.

(സി) സർക്കാർ, അർദ്ധ സർക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള കെട്ടിടങ്ങളോ സ്ഥലമോ ലഭിക്കുന്നപക്ഷം കേരളത്തിലെ എല്ലാ ജില്ലകളിലും വനിതാ വികസന കോർപ്പറേഷൻ മുഖേന വനിതാ ഹോസ്റ്റലുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സ്കൂൾ കൗൺസലർമാരുടെ വേതനം

331(344) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഖി ദുരന്ത ബാധിത മേഖലകളിൽ പ്രത്യേക ഭവന സന്ദർശനം നടത്തിയ സ്കൂൾ കൗൺസലർമാർക്ക് പ്രസ്തുത ദിവസങ്ങളിലെ വേതനം റവന്യൂ വകുപ്പിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽനിന്നും അനുവദിക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ടി വേതനം എത്രയും വേഗം വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് ടി തുക വിതരണം ചെയ്യുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി - ഡി) സംസ്ഥാന ദുരന്തപ്രതികരണനിധി മാനദണ്ഡപ്രകാരം സ്കൂൾ കൗൺസലർമാർക്ക് വേതനം നൽകാൻ സാധിക്കുകയില്ല എന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

കൗൺസലർമാർ സേവനം അനുഷ്ഠിച്ചിരുന്ന ഐ.സി.ഡി.എസ്.-കളിൽനിന്നും പ്രസ്തുത വേതനം നൽകുന്നതിന് വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## വിധവകൾക്കും വയോജനങ്ങൾക്കുമായുള്ള ക്ഷേമ പദ്ധതികൾ

332(346) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിധവകളും വയോജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ കഴിയുന്ന വിധത്തിലുള്ള എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട് ;

(ബി) വിധവകളെയും വയോജനങ്ങളെയും വഞ്ചിച്ച് സ്വത്തുക്കൾ തട്ടിയെടുക്കുകയും ഇവരെ പിന്നീട് ഉപേക്ഷിക്കുകയും ചെയ്യുന്ന അവസ്ഥ തടയുന്നതിനും അപ്രകാരം തട്ടിയെടുത്ത സ്വത്തുക്കൾ വീണ്ടെടുത്ത് നൽകുന്നതിനും സൗജന്യ നിയമ സഹായം ഉൾപ്പെടെയുള്ള ആവശ്യമായ നടപടികൾ സാമൂഹ്യ നീതി വകുപ്പ് സ്വീകരിക്കുമോ;

(സി) സർക്കാർ ആനുകൂല്യങ്ങളുടെ പട്ടികയിൽ വിധവകൾക്ക് ആവശ്യമായ മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വയോജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരുടെ ക്ഷേമത്തിനുമായി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന സായംപ്രഭാ ഹോം പദ്ധതി, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ചുകൊടുക്കുന്ന മന്ദഹാസം പദ്ധതി, സംസ്ഥാനത്തെ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയൂർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന വയോഅമൃതം പദ്ധതി, വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന മ്യൂസിക് തെറാപ്പി, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരൻമാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി, വയോജനങ്ങൾക്ക് അലോപ്പതി ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന വയോമിത്രം പദ്ധതി എന്നിവ വയോജനങ്ങൾക്കായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളാണ്. കൂടാതെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച കേന്ദ്ര നിയമം സംസ്ഥാന ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മെയിന്റനൻസ് ട്രിബ്യൂണലുകളിൽ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 21 ടെക്നിക്കൽ അസിസ്റ്റന്റുമാരെ സാമൂഹ്യനീതി വകുപ്പ് നിയമിച്ചിട്ടുണ്ട്. മാത്രമല്ല മെയിന്റനൻസ് ട്രിബ്യൂണലുകളിൽ വിചാരണയ്ക്കായി വന്നെത്തുന്ന വയോജനങ്ങൾക്ക് ഇരിപ്പിട സൗകര്യം, ചായ, ലഘു ഭക്ഷണം, വെള്ളം എന്നിവ നൽകുന്നതിന് സാമൂഹ്യനീതി വകുപ്പ് പദ്ധതി ആവിഷ്കരിക്കുകയും ഈ ആവശ്യത്തിലേയ്ക്കായി ഓരോ ട്രിബ്യൂണലിനും 80,000 രൂപ വീതം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വിധവകളുടെ ക്ഷേമത്തിനായി സഹായഹസ്തം, മംഗല്യ പദ്ധതി (വിധവാ പുനർവിവാഹ ധനസഹായ പദ്ധതി), വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി, അഭയ കിരണം, വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിധവകൾക്കു വേണ്ടിയുള്ള നിയമ സഹായം, രജിസ്ട്രേഷൻ, പരാതി പരിഹാരത്തിനുള്ള ഹെൽപ്പ് ഡെസ്ക് തുടങ്ങിയ സേവനങ്ങൾക്കായി ജില്ലാതല വിധവാ സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്വത്തുക്കൾ കൈവശപ്പെടുത്തിയശേഷം രക്ഷിതാക്കളെ സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തുന്ന ബന്ധുക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാനത്ത് സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർമാർ അദ്ധ്യക്ഷനായുള്ള മെയിന്റനൻസ് ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച 2007-ലെ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ട്രിബ്യൂണലുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നത്. മുതിർന്ന പൗരന്മാരുടെ പരാതികളുടെ അടിസ്ഥാനത്തിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണ, വിചാരണ നടപടികൾ പൂർത്തിയാക്കി അർഹരായ മുതിർന്ന പൗരന്മാർക്ക് മക്കളിൽ നിന്ന് സംരക്ഷണവും സംരക്ഷണച്ചെലവും ടി ആക്ട് പ്രകാരം മെയിന്റനൻസ് ട്രിബ്യൂണൽ മുഖാന്തരം ഉറപ്പാക്കുന്നു. പ്രതിമാസം പരമാവധി 10,000 രൂപ വരെ സംരക്ഷണച്ചെലവായി എതിർകക്ഷികളിൽനിന്നും ഈടാക്കാൻ നിയമം അനുവദിക്കുന്നു. 14 ജില്ലകളിലും പ്രവർത്തിക്കുന്ന വിമൺ പ്രൊട്ടക്ഷൻ ഓഫീസുകൾ വഴിയും 92 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ വഴിയും സൗജന്യ നിയമ സഹായത്തിനുള്ള സൗകര്യം നൽകിവരുന്നു. കൂടാതെ സംസ്ഥാന, ജില്ലാ ലീഗൽ സർവ്വീസ് സൊസൈറ്റികൾ മുഖാന്തരം ആവശ്യമായ സഹായം ലഭ്യമാക്കുന്നുമുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് നിയമനങ്ങളിൽ ഉയർന്ന പ്രായപരിധി 50 വയസ്സ് കഴിയരുതെന്ന വ്യവസ്ഥകളിന്മേൽ വിധവകൾക്ക് പ്രായപരിധി 5 വർഷത്തെ ഇളവ് നൽകി 29-5-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 10/2018/P&ARD (SRO No. 340/2018) പ്രകാരം ഉത്തരവായിട്ടുണ്ട്.

## മാനസികാരോഗ്യ പരിരക്ഷാ നിയമം

333(347) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ മാനസികാരോഗ്യ പരിരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും ഏറ്റെടുക്കുവാൻ ആരുമില്ലാതെ സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിലും വിവിധ ജയിലുകളിലും കഴിയുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവരെ പുനരധിവസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിലേയ്ക്കായി സർക്കാർ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മാനസികാരോഗ്യ പരിരക്ഷാ നിയമം (മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി കരട് കേരള സംസ്ഥാന മെന്റൽ ഹെൽത്ത് റൂൾസ്-2018 നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയിലാണ്. അതോടൊപ്പം സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി രൂപീകരിക്കുന്നതിനായി മെന്റൽ ഹെൽത്ത് ആക്ട് 2017-ലെ സെക്ഷൻ 46-ൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും ഏറ്റെടുക്കുവാൻ ആരുമില്ലാത്തവരും വിചാരണത്തടവുകാരുമായ മാനസികാരോഗ്യ കേന്ദ്രങ്ങളിലും വിവിധ ജയിലുകളിലുമായി കഴിയുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യം, ആഭ്യന്തരം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 6-8-2018-ലെ യോഗ തീരുമാന പ്രകാരം സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിൽനിന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(സി) ഇല്ല.

**സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണത്തിനായുള്ള പദ്ധതികൾ**

334(348) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസന വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സ്ത്രീശാക്തീകരണത്തിനായി നിയമബോധം വളർത്തുന്നതിനുള്ള പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിർഭയപദ്ധതി ശാസ്ത്രീയമാക്കുന്നതിനും ഷെൽട്ടർ ഹോമുകളിൽ താമസിക്കുന്നവരുടെ വിവരം ശേഖരിച്ച് അവരുടെ വ്യക്തിത്വവികസനം ഉറപ്പാക്കുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലൈംഗിക പീഡനം, ലൈംഗികാതിക്രമം, ലൈംഗിക വൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. നിർഭയ പോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയ സെൽ മുഖേന വനിത ശിശു വികസന വകുപ്പ് ലക്ഷ്യമിടുന്നത്.

1. <u>വിമൺ ആൻഡ് ചിൽഡ്രൻ ഹോം</u>

വനിത ശിശു വികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ പതിമൂന്ന് ഹോമുകൾ തിരുവനന്തപുരം - 3, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോന്ന് വീതവും സന്നദ്ധസംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഹോം ഇല്ലാത്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റി എന്ന സന്നദ്ധ സംഘടനയുടെ മേൽനോട്ടത്തിൽ ഹോം ആരംഭിക്കാനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു. വിമൺ ആൻഡ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഹോമുകളിലൂടെ നൽകിവരുന്നു.

2. <u>വൺ സ്റ്റോപ്പ് സെന്റർ (OSC)</u>

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനമാണ് "സഖി" വൺ സ്റ്റോപ്പ് സെന്റർ. കേന്ദ്രസർക്കാരിന്റെ 100% ധനസഹായത്തോടെ വനിതാ ശിശു വികസന വകുപ്പിലെ സ്റ്റേറ്റ് നിർഭയ സെൽ നോഡൽ ഏജൻസിയായി

ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ടാക്സ് ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നു. 2018-19 സാമ്പത്തിക വർഷം ബാക്കി 9 ജില്ലകളിൽ കൂടി OSC അനുവദിച്ചിട്ടുണ്ട്. അവ ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി, കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവരുടെ സഹകരണത്തോടെ വിമൺ ആൻഡ് ചിൽഡ്രൻ ഹോമുകളിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വൺസ്റ്റോപ്പ് സെന്റർ മുഖേനയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

(സി) താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്:

1. SOS മോഡൽ ഷെൽട്ടർ ഹോം

12 വയസ്സിനു താഴെയുള്ള ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16-11-2018-ൽ SOS മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം SOS ഹോമിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷ ഉറപ്പാക്കും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ കുട്ടികൾക്കായി കോഴിക്കോട് ഹോം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

2. തേജോമയ ഹോം ഫോർ അക്കാദമിക്കലി ബ്രൈറ്റ് ചിൽഡ്രൻ ആഫ്റ്റർ കെയർ ഹോം

നിലവിൽ വിമൺ ആൻഡ് ചിൽഡ്രൻ ഹോമിൽ താമസിക്കുന്ന പഠനത്തിൽ സമർത്ഥരായ കുട്ടികൾക്ക് പ്രത്യേക പരിഗണന ആവശ്യമായതിനാൽ ഈ കുട്ടികൾക്കുവേണ്ടി എറണാകുളം ജില്ലയിൽ ഹോം ആരംഭിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

3. തേജോമയ ഹോം ആഫ്റ്റർ കെയർ ഹോം

നിലവിൽ വിമൺ ആൻഡ് ചിൽഡ്രൻ ഹോമിൽ താമസിച്ചുവരുന്നവരിൽ ജോലി ലഭിച്ചവർക്കും ജോലി ലഭിക്കാൻ സാദ്ധ്യതയുള്ളവർക്കും വേണ്ടിയുള്ള ഹോം ഉടൻ ആരംഭിക്കുന്നതാണ്.

4. ഇന്റഗ്രേറ്റഡ് കെയർ സെന്റർ (ICC)

വിമൺ ആൻഡ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം.ടി.പി. കഴിഞ്ഞവർക്കും പ്രത്യേക പരിഗണനയും സുരക്ഷയും നൽകുന്നതിന് ഹോം ആരംഭിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

5. ഹോം ഫോർ മെന്റൽ ഹെൽത്ത്

വിമൺ ആൻഡ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്കും കടുത്ത മാനസിക ആഘാതം ഉള്ളവർക്കും പ്രത്യേക പരിചരണം ആവശ്യമുള്ളവർക്കുവേണ്ടിയുള്ള ഹോം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിർഭയ പദ്ധതി കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി ഷെൽട്ടർ ഹോം താമസക്കാരുടെ മാനസികവും വികസനപരവുമായ വിവരം ശേഖരിച്ച് പഠനം നടത്തി അവരുടെ വ്യക്തിഗതവികസനം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതി തയ്യാറാക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി സൈക്കോളജി ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഇ-പോസ് മെഷീൻ**

335 (349) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ചില റേഷൻ കടകളിൽ നെറ്റ്‌വർക്ക് ലഭിക്കാത്തതും മെഷീനുകൾ കേടുവരുന്നതും കാരണം സാധാരണക്കാരായ റേഷൻ ഉപഭോക്താക്കൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇ-പോസ് മെഷീൻ കണക്ടിവിറ്റി പ്രശ്നംമൂലം ചില സമയങ്ങളിൽ പ്രവർത്തിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ട ഉടൻ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ റേഷൻ വിതരണം മുടങ്ങിയിട്ടില്ല.

(സി) നേരത്തെ ഉപയോഗിച്ചുകൊണ്ടിരുന്ന കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ക്ലൗഡ് സെർവറുകൾ മാറ്റി 2018 നവംബർ മാസം മുതൽ വകുപ്പ് സ്വന്തമായി വാങ്ങിയ സെർവറുകളിലേയ്ക്ക് ഡാറ്റയും ആപ്ലിക്കേഷനുകളും മാറ്റിയിട്ടുണ്ട്. കണക്ടിവിറ്റി പ്രശ്നം ഒഴിവാക്കുന്നതിന് ഓരോ ഇ-പോസ് മെഷീനിലും രണ്ട് സിം ഉപയോഗിക്കുന്നുണ്ട്. ഏതെങ്കിലും റേഷൻ കടയിൽ മെഷീൻ പ്രവർത്തനക്ഷമമല്ലെങ്കിൽ മറ്റേതെങ്കിലും റേഷൻ കടയിൽനിന്നും റേഷൻ വാങ്ങാവുന്ന വിധത്തിൽ "പോർട്ടബിലിറ്റി സംവിധാനം" നടപ്പിൽ വരുത്തിയിട്ടുണ്ട്. ഓരോ മാസത്തെയും റേഷൻ വിതരണം ആവശ്യമെങ്കിൽ ഒന്നോ രണ്ടോ ദിവസം തൊട്ട് പത്തു ദിവസം വരെ നീട്ടിയിട്ടുണ്ട്.

## മാവേലി സ്റ്റോറുകൾ

336 (350) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ എത്ര മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിൽ പുതുതായി മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായി നിവേദനം ലഭിച്ചിരുന്നോ ; ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വൈപ്പിൻ മണ്ഡലത്തിൽ 9 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ലഭിച്ചിട്ടില്ല.

## പ്രളയാനന്തരം കേന്ദ്ര സർക്കാർ അനുവദിച്ച ഭക്ഷ്യധാന്യം

337(351) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തെ തുടർന്ന് കേന്ദ്ര സർക്കാർ എത്ര ടൺ ഭക്ഷ്യധാന്യം ഏത് നിരക്കിൽ അനുവദിച്ചു; വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അനുവദിച്ച മുഴുവൻ ഭക്ഷ്യധാന്യവും ഏറ്റെടുത്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എത്ര ടൺ ഏറ്റെടുത്തെന്നും ബാക്കി ഏറ്റെടുക്കാതിരുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭക്ഷ്യധാന്യം പൂർണ്ണമായും പ്രളയബാധിതർക്കായി വിതരണം ചെയ്തോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തെ തുടർന്ന് 89540 മെ.ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. അരിയുടെ താങ്ങുവില നിരക്കിലാണ് (എം.എസ്.പി. ഡിറൈവ്ഡ് പ്രൈസ്) ടി ധാന്യം അനുവദിച്ചിട്ടുള്ളത്. വിവിധ എഫ്.സി.ഐ. ഡിപ്പോകളിലെ സ്റ്റോക്കിന്റെ ലഭ്യതയനുസരിച്ച് വിവിധ നിരക്കിലാണ് പ്രസ്തുത ഭക്ഷ്യധാന്യം ലഭ്യമായിട്ടുള്ളത്. നിരക്കുകളുടെ വിവരങ്ങൾചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്റ്റോക്കിന്റെ കാലയളവ്/സ്റ്റോക്കിന്റെ ഇനം | നിരക്ക്/ ക്വിന്റലിന് |
|---|---|---|
| 1 | കെ.എം.എസ്. 2016-17 പുഴുക്കലരി ഗ്രേഡ്-A | 2220.59 |
| 2 | കെ.എം.എസ്. 2017-18 പുഴുക്കലരി ഗ്രേഡ്-A | 2338.24 |
| 3 | കെ.എം.എസ്. 2017-18 പുഴുക്കലരി കോമൺ | 2279.41 |
| 4 | കെ.എം.എസ്. 2016-17 പച്ചരി ഗ്രേഡ്-A | 2253.73 |
| 5 | കെ.എം.എസ്. 2017-18 പച്ചരി ഗ്രേഡ്-A | 2373.13 |
| 6 | കെ.എം.എസ്. 2017-18 പച്ചരി കോമൺ | 2313.43 |
| 7 | കെ.എം.എസ്. 2016-17 പച്ചരി കോമൺ | 2194.03 |

(ബി) അനുവദിച്ച മുഴുവൻ ഭക്ഷ്യധാന്യവും ഏറ്റെടുത്തിട്ടുണ്ട്.

(സി) പ്രസ്തുത ഭക്ഷ്യധാന്യം പ്രളയത്തോടനുബന്ധിച്ച തന്നെ പ്രളയബാധിതർക്ക് ഒരു കാർഡിന് 5 കി.ഗ്രാം വീതം സൗജന്യ നിരക്കിൽ നൽകിയിരുന്നു. തുടർന്നുള്ള മാസങ്ങളിൽ (സെപ്റ്റംബർ മുതൽ ഡിസംബർ വരെ) വിതരണത്തിന് കുറവുള്ള മുൻഗണനേതര വിഭാഗത്തിന് കാർഡിന് പ്രതിമാസം 5 കി.ഗ്രാം അരി വീതം നൽകിവരുന്നു.

## എ.പി.എൽ., ബി.പി.എൽ. കാർഡുടമകൾ

338(352) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര എ.പി.എൽ., ബി.പി.എൽ. കാർഡുടമകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) അനധികൃതമായി ബി. പി. എൽ. കാർഡ് കൈവശം വെച്ചിരുന്നവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാർഡുകളിൽ എത്ര എണ്ണം അസാധുവാക്കി; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)

1. ഗുണഭോക്താക്കളെ കണ്ടെത്തി.
2. അംഗീകൃത ഏജൻസി (സപ്ലൈകോ) മുഖേന സ്റ്റോക്ക് എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടന്നുവരുന്നു.
3. ഇ-പോസ് സംവിധാനം ഏർപ്പെടുത്തി.
4. പരാതി പരിഹാര സംവിധാനത്തിന് ജില്ലാതലത്തിൽ ജില്ലാ പരാതി പരിഹാര ഓഫീസർമാരായി എ.ഡി.എം.-മാരെ നിയമിച്ചു.
5. സംസ്ഥാന ഭക്ഷ്യ കമ്മീഷനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ നിയമിച്ചു.
6. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.
7. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ വകുപ്പ് 40 പ്രകാരം കേരള സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 പ്രസിദ്ധീകരിച്ചു.
8. പൊതുവിതരണം സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.
9. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിനെക്കുറിച്ചുള്ള തുടർച്ചയായ അവലോകനം നടത്തുന്നതിന് കേരള സർവകലാശാലയുമായി ധാരണയായി.

10. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-ൽ നിന്ന് വിട്ടെടുത്ത് ഉപഭോക്താക്കളിൽ എത്തിക്കുന്നത് വരെയുള്ള കാര്യങ്ങൾ ട്രാൻസ്പാരൻസി പോർട്ടലിലൂടെ സുതാര്യമാക്കി.

11. മുൻഗണനാ പട്ടിക നിരന്തരമായ പരിഷ്കാരത്തിന് വിധേയമാണ് എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കി, അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി നടന്നുകൊണ്ടിരിക്കുന്നു.

(ബി) മുൻഗണനാ കാർഡുകൾ - 3513558

മുൻഗണനേതര കാർഡുകൾ - 4597544

| ജില്ല | മുൻഗണനാ കാർഡുകളുടെ എണ്ണം | മുൻഗണനേതര കാർഡുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 413458 | 475972 |
| കൊല്ലം | 317969 | 382107 |
| പത്തനംതിട്ട | 124772 | 200270 |
| ആലപ്പുഴ | 246425 | 312285 |
| കോട്ടയം | 191537 | 297297 |
| ഇടുക്കി | 153761 | 126283 |
| എറണാകുളം | 278486 | 522758 |
| തൃശ്ശൂർ | 321081 | 463941 |
| പാലക്കാട് | 342812 | 340631 |
| മലപ്പുറം | 395307 | 443342 |
| കോഴിക്കോട് | 308620 | 401563 |
| വയനാട് | 101132 | 97077 |
| കണ്ണൂർ | 195726 | 376108 |
| കാസർഗോഡ് | 122472 | 157910 |

(സി) ഉണ്ട്. 23-11-2018 വരെ ആകെ 273890 റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. മുഴുവൻ റേഷൻ കാർഡുകളും മുൻഗണനാ വിഭാഗത്തിൽനിന്നും ഒഴിവാക്കി.

അസാധുവായ മുൻഗണനാ കാർഡുകളുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ പറയുന്ന പ്രകാരമാണ്:

| | |
|---|---|
| തിരുവനന്തപുരം | 31042 |
| കൊല്ലം | 26083 |
| പത്തനംതിട്ട | 11240 |
| ആലപ്പുഴ | 16070 |
| കോട്ടയം | 14263 |
| ഇടുക്കി | 5137 |
| എറണാകുളം | 18239 |
| തൃശ്ശൂർ | 31183 |
| പാലക്കാട് | 28713 |
| മലപ്പുറം | 33546 |
| കോഴിക്കോട് | 28011 |
| വയനാട് | 5123 |
| കണ്ണൂർ | 15224 |
| കാസർഗോഡ് | 10016 |
| ആകെ | 273890 |

**റേഷൻ കാർഡ് ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ**

339(353) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ്, പേര് മാറ്റൽ, കൂട്ടിച്ചേർക്കൽ, എ.പി.എൽ.-കാർഡിൽനിന്നും ബി.പി.എൽ. കാർഡിലേയ്ക്കുള്ള മാറ്റം, താമസസ്ഥലം മാറിയതുമൂലം ഉള്ള മാറ്റം ഇവയ്ക്ക് അപേക്ഷ സ്വീകരിച്ച് അവയുടെ വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ, നടപടിക്രമങ്ങൾ, ഒരാളുടെ പേര് ഒരു കാർഡിൽനിന്നും കുറവ് ചെയ്ത് വേറെ കാർഡിൽ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ വിശദമാക്കുമോ?

ഉത്തരം

(എ & ബി) താമസം, വരുമാനം ഇവ തെളിയിക്കുന്നതിനുള്ള രേഖകൾ, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ നൽകിയാൽ ഉദ്യോഗസ്ഥർ പരിശോധിച്ച് അപേക്ഷകളിലെ ആവശ്യാനുസരണം റേഷൻ കാർഡ് വിതരണം സംബന്ധിച്ച നടപടി സ്വീകരിക്കുന്നതാണ്. കുറവ് ചെയ്യുന്നതിനും കൂട്ടിച്ചേർക്കുന്നതിനും ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിലോ ഓൺലൈനായോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിലുള്ള കാർഡുകളുടെ വിതരണം നടന്നുകൊണ്ടിരിക്കുന്നു.

## ബി.പി.എൽ. മുൻഗണനാ കാർഡ്

340(354) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ബി.പി.എൽ. മുൻഗണനാ കാർഡുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ക്ലേശ ഘടകങ്ങൾ പരിശോധിച്ച് ലഭ്യമാകുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുണ്ടെങ്കിൽ തോട്ടം തൊഴിലാളികൾക്ക് 15 മാർക്ക് വെയിറ്റേജ് നൽകി മുൻഗണനാ കാർഡിന് പരിഗണിക്കുന്നതാണ്.

## ലൈഫ് പദ്ധതി അപേക്ഷകർക്ക് പുതിയ റേഷൻ കാർഡ്

341(355) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം പുതിയ വീട് ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ള വാടക വീട്ടിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നതിനാൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അപേക്ഷകർക്ക് റേഷൻ കാർഡ് ലഭിക്കുന്നതിന് മുൻഗണന നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23-5-2018-ലെ ഡിബി.1/374/18/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം റേഷൻ കാർഡ് ഇല്ല എന്നതിന്റെ പേരിൽ അർഹതയുള്ള ഒരു കുടുംബത്തെയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കരുത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വാടക വീട്ടിൽ താമസിക്കുന്നവർക്കും റേഷൻ കാർഡ് നൽകുന്നതിന് നിലവിൽ തടസ്സമില്ല. വാടക വീടുകളിൽ താമസിക്കുന്ന ധാരാളം കാർഡുടമകൾ നിലവിലുണ്ട്.

**പുതിയ റേഷൻ കാർഡിലെ അപാകതകൾ**

342(357) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വിതരണം ചെയ്ത റേഷൻ കാർഡിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് കോതമംഗലം താലൂക്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ലഭിച്ച അപേക്ഷകളിൽ എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) ബി.പി.എൽ. കാർഡിന് അർഹതയുള്ളവരെ ഒഴിവാക്കിയത് സംബന്ധിച്ച് നിലവിൽ കോതമംഗലം താലൂക്കിൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര പേർക്ക് ബി.പി.എൽ. കാർഡ് നൽകിയെന്നും വ്യക്തമാക്കാമോ;

(ഡി) പരാതി പരിഹരിച്ച് അർഹരായ മുഴുവൻ പേർക്കും ബി.പി.എൽ. കാർഡ് എന്നത്തേയ്ക്ക് നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 10700 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 3906 അപേക്ഷകൾ തീർപ്പാക്കി.

(സി) അപേക്ഷ നൽകിയ 1788 പേരുടെ സപ്ലിമെന്ററി ലിസ്റ്റിൽനിന്നും 604 പേരെ മുൻഗണനാ കാർഡിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ഡി) ഒഴിവുവരുന്ന മുറയ്ക്ക് ലിസ്റ്റിലുള്ളവരെ പരിഗണിക്കുന്നതാണ്.

## മുൻഗണനാ പട്ടികയിലെ അനർഹർ

343(358) ശ്രീ. പി. കെ. ശശി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിലെ മുൻഗണനാ ലിസ്റ്റിൽനിന്നും അനർഹരായവരെ ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അനർഹരെ ഒഴിവാക്കിയപ്പോൾ പുതുതായി എത്രപേർക്ക് മുൻഗണനാ റേഷൻകാർഡിന് അർഹതയുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇപ്രകാരം മുൻഗണനാ വിഭാഗത്തിലേയ്ക്ക് വന്നവർക്ക് പുതിയ കാർഡുകൾ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) മുൻഗണനാ പട്ടിക സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ - ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി 1,54,80,030 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 7.50 ലക്ഷം പരാതികൾ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സ്വീകരിച്ച് റേഷൻ കടകൾ വഴി അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ആയതിൽനിന്നും താലൂക്കുതല റാങ്കിംഗ് നടത്തി നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ആദ്യ ഘട്ടത്തിൽ 13,658 എ.എ.വൈ. കാർഡുകാരെയും 1,93,132 മുൻഗണനാ കാർഡുകാരെയും (ആകെ 2,06,790 കാർഡുകൾ) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ഏകദേശം 13 ലക്ഷം അർഹരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ തദ്ദേശ

സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളുടെ ഡാറ്റയുമായി റേഷൻ കാർഡ് സിസ്റ്റം (ആർ.സി.എം.എസ്.) ഡാറ്റ മാപ്പിംഗ് നടത്തിയത് പ്രകാരം ഫീൽഡുതല പരിശോധനയിൽ ഇതുവരെ 65,902 കുടുംബങ്ങൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരോ താലൂക്കിലും കണ്ടെത്തിയ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം ഒഴിച്ചിട്ട ശേഷം ശേഷിക്കുന്നവയിൽ അദാലത്തുകൾ നടത്തി തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽനിന്നും അർഹരെ ഉൾപ്പെടുത്തിവരുന്നു. ഇതുവരെ 48,269 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുക വഴി 1,98,722 പേരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. ഓരോ ദിവസവും അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നു വരുന്നു.

പുതിയ റേഷൻ കാർഡുകൾ താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നു തന്നെ അച്ചടിച്ച് നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

**റേഷൻ കാർഡ് ലഭിക്കുന്നതിന് കാലതാമസം**

344(359) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട ആവശ്യത്തിനുൾപ്പെടെ റേഷൻ കാർഡിന് അപേക്ഷിച്ചവർക്ക് റേഷൻ കാർഡ് ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കാർഡിന് അപേക്ഷിക്കുന്നവർക്ക് സമയബന്ധിതമായി റേഷൻ കാർഡ് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട ആവശ്യത്തിനുൾപ്പെടെ റേഷൻ കാർഡിന് അപേക്ഷിക്കുന്നവർക്ക് സമയബന്ധിതമായി റേഷൻ കാർഡ് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് നിർബന്ധമാക്കരുത് എന്ന നിർദ്ദേശവും ബന്ധപ്പെട്ട വകുപ്പുകൾ നൽകിയിട്ടുണ്ട്.

**റേഷൻ കാർഡിനുള്ള അപേക്ഷകൾ**

345(360) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് ലഭിക്കുന്നതിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര പേർക്ക് കാർഡ് വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡ് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിൽ പലപ്പോഴും തകരാറ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡ് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 21-11-2018 വരെ 15,55,107 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 4,60,874 അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല. ഇ-പോസ് മെഷീൻ കണക്റ്റിവിറ്റി സംവിധാനത്തിൽ സെർവർ സംബന്ധിച്ച ചില തകരാറുകൾ ഉണ്ടായത് പരിഹരിച്ചിട്ടുണ്ട്.

(സി) റേഷൻ കാർഡുകളുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും 25-6-2018 മുതൽ സ്വീകരിച്ചു തുടങ്ങിയിരുന്നു. 21-11-2018 വരെ 15,55,107 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 4,60,874 അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് ഡാറ്റ എൻട്രി നടത്താൻ സി-ഡിറ്റിൽ നിന്നുള്ള ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ കൂടാതെ അക്ഷയ വഴിയും ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. നിലവിൽ 88% ഡാറ്റ എൻട്രി പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ, റേഷൻ കാർഡ് പ്രിന്റ് എടുക്കുന്നതിനുവേണ്ടി ഏകദേശം 150 പ്രിന്ററും 80 ലാമിനേഷൻ മെഷീനും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്.

**റേഷൻ കാർഡുകൾ**

346 (361) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ആകെ റേഷൻ കാർഡുകളുടെ എണ്ണം എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) മുൻഗണനാ വിഭാഗം കാർഡ്, അന്ത്യോദയാ കാർഡ്, സ്റ്റേറ്റ് സബ്സിഡി (എൻ.പി.എസ്.) കാർഡ്, നോർമൽ എൻ.പി.എൻ.എസ് കാർഡ് എന്നിവ എത്ര വീതമാണെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കാട്ടാക്കട മണ്ഡലത്തിലെ ആകെ റേഷൻ കാർഡുകളുടെ എണ്ണം 50702 ആണ്. പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾചുവടെ ചേർക്കുന്നു:

| | |
|---|---|
| കാട്ടാക്കട | 10493 |
| മാറനല്ലൂർ | 10455 |
| വിളപ്പിൽ | 10572 |
| മലയിൻകീഴ് | 10153 |
| വിളവൂർക്കൽ | 8753 |
| പള്ളിച്ചൽ | 276 |

(ബി)

| പഞ്ചായത്ത് | എ.എ.വൈ. | മുൻഗണന | പൊതുവിഭാഗം സബ്സിഡി | പൊതുവിഭാഗം നോൺ സബ്സിഡി |
|---|---|---|---|---|
| കാട്ടാക്കട | 638 | 3783 | 3426 | 2646 |
| മാറനല്ലൂർ | 607 | 4281 | 3049 | 2518 |
| വിളപ്പിൽ | 601 | 3643 | 3684 | 2644 |
| മലയിൻകീഴ് | 543 | 3334 | 3162 | 3114 |
| വിളവൂർക്കൽ | 478 | 2617 | 2727 | 2931 |
| പള്ളിച്ചൽ | 10 | 64 | 106 | 96 |
| ആകെ | 2877 | 17722 | 16154 | 13949 |

## എ.പി.എൽ. - ബി.പി.എൽ. ലിസ്റ്റിലെ അപാകത

347(362) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് സപ്ലൈ ഓഫീസിനുകീഴിൽ വരുന്ന എ.പി.എൽ. - ബി.പി.എൽ. ലിസ്റ്റിൽ വ്യാപകമായി അപാകത ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടും ഇതു പരിഹരിക്കാൻ കഴിയാതെവരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) കുറ്റമറ്റരീതിയിൽ ഇവ പരിഹരിക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് സപ്ലൈ ഓഫീസിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ലഭ്യമായ അപേക്ഷകളിന്മേൽ അദാലത്തുകൾ നടത്തി പരിശോധനയിലൂടെ അർഹരാണെന്ന് ഇതുവരെ കണ്ടെത്തിയ 2760 പേരെ പ്രസ്തുത പട്ടികയിൽ ഉണ്ടായ ഒഴിവുകളുടെയും ലഭ്യമായ മാർക്കിന്റെയും അടിസ്ഥാനത്തിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരമുള്ള മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമായതിനാൽ അനർഹരെ ഒഴിവാക്കി, അർഹതയുള്ളവരെ ഉൾപ്പെടുത്തുന്ന പ്രക്രിയ തുടർന്നുകൊണ്ടിരിക്കും.

## റേഷൻ ആനുകൂല്യങ്ങൾ

348 (363) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരക രോഗം ബാധിച്ച വ്യക്തികളുള്ള കുടുംബങ്ങളെ റേഷൻ കാർഡിൽ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നുണ്ടോ;

(ബി) എങ്കിൽ, അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; അതിനായി അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നവർ ഒഴിച്ച് കുടുംബത്തിൽ ആർക്കെങ്കിലും മാരക രോഗങ്ങൾ ഉണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി) ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ നൽകിയാൽ ഉദ്യോഗസ്ഥർ പരിശോധിച്ച് സൂചകങ്ങൾക്ക് മാർക്ക് നൽകി സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി ഒഴിവുവരുന്നമുറയ്ക്ക് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്. ഇതുസംബന്ധിച്ച് 18-9-2018-ലെ സ.ഉ.(സാധാ)നമ്പർ 320/2017/ഭ.പൊ.വി.വ. പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**മുൻഗണനാ വിഭാഗം റേഷൻ കാർഡ് ലഭിച്ച അനർഹർ**

349 (364) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻഗണനാ വിഭാഗം റേഷൻ കാർഡ് ലഭിച്ചവരിൽ പലരും അനർഹരാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) 1000 ചതുരശ്ര അടിയുള്ള വീട്, നാലുചക്രവാഹനം, ഒരു ഏക്കറിലധികം ഭൂമി, വിദേശത്ത് ജോലി തുടങ്ങിയവയുള്ളവരിൽ എത്ര പേരുടെ മുൻഗണനാ കാർഡ് പ്രസ്തുത വിഭാഗത്തിൽനിന്നും പരിവർത്തനം ചെയ്യുകയുണ്ടായി;

(സി) സംസ്ഥാന സർക്കാർ ജീവനക്കാരിൽ മുൻഗണനാ കാർഡ് അനർഹമായി കൈപ്പറ്റിയിരുന്നവരിൽ എത്ര പേർ ഇതിനകം പ്രസ്തുത വിഭാഗത്തിൽനിന്നും സ്വമേധയാ മാറുകയുണ്ടായി;

(ഡി) അനർഹമായി മുൻഗണനാ വിഭാഗം റേഷൻ കാർഡ് കൈവശം വച്ച് റേഷനാനുകൂല്യങ്ങൾ കൈപ്പറ്റിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി 1,54,80,030 ആണ്. ആയതുപ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 7.50 ലക്ഷം പരാതികൾ റേഷൻ കടകൾവഴി അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ആയതിൽനിന്നും താലൂക്കുതല റാങ്കിംഗ് നടത്തി നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ആദ്യഘട്ടത്തിൽ 13,658 എ.എ.വൈ. കാർഡുകാരെയും 1,93,132 മുൻഗണനാ കാർഡുകാരെയും

(ആകെ 2,06,790 കാർഡുകൾ) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ഏകദേശം 13 ലക്ഷം അർഹരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ തദ്ദേശ സ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി റേഷൻ കാർഡ് സിസ്റ്റം (ആർ.സി.എം.എസ്.) ഡാറ്റ മാപ്പിംഗ് നടത്തിയത് പ്രകാരം ഫീൽഡുതല പരിശോധനയിൽ ഇതുവരെ 65,902 കുടുംബങ്ങൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരോ താലൂക്കിലും കണ്ടെത്തിയ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം ഒഴിച്ചിട്ടശേഷം ശേഷിക്കുന്നവയിൽ അദാലത്തുകൾ നടത്തി തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽനിന്നും അർഹരെ ഉൾപ്പെടുത്തിവരുന്നു. ഇതുവരെ 48,269 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുകവഴി 1,98,722 പേരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. ഓരോ ദിവസവും അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ എന്നിവർ ഒഴികെ നാളിതുവരെ 1,76,223 മുൻഗണനാ കാർഡുകൾ പരിവർത്തനം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ജീവനക്കാരും പെൻഷൻകാരും ഉൾപ്പെടെ 97,667 മുൻഗണനാ കാർഡുകൾ മാറിയിട്ടുണ്ട്.

(ഡി) അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ നോൺ സബ്സിഡി നിരക്കിലുള്ള തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## റേഷൻ കാർഡുകളുടെ എണ്ണം

350 (365) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ലക്ഷം റേഷൻകാർഡ് ഉടമകളും എത്ര റേഷൻ കടകളുമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ എണ്ണമെത്ര;

(സി) കാർഡുകൾ കുറവുള്ള റേഷൻ കടകളിലെ കാർഡുകൾ തൊട്ടടുത്ത റേഷൻ കടയിൽ ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്ത് നിലവിലുള്ള റേഷൻകടകളിൽ ആയിരത്തിലധികം റേഷൻ കടകൾ പൂട്ടുന്ന സാഹചര്യം ഉണ്ടാകുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് ആകെയുള്ള 14,342 റേഷൻ കടകളിലായി 81,11,102 റേഷൻ കാർഡുടമകളുണ്ട്. എല്ലാ റേഷൻ കടകളും പ്രവർത്തിക്കുന്നുണ്ട്.

(സി & ഡി) നിലവിൽ അങ്ങനെയൊരു നീക്കം ഇല്ല.

**ഇ-പോസ് മെഷീനുകൾവഴി റേഷൻ വിതരണം**

351 (366) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിന് എത്ര റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചത് വഴി റേഷൻ വിതരണം കൂടുതൽ കാര്യക്ഷമമായിട്ടുണ്ടോ;

(സി) ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിന് മുൻപും ശേഷവുമുള്ള റേഷൻ വിതരണത്തിന്റെ കണക്കുകൾ താരതമ്യപഠനം നടത്തി ഇ-പോസ് മെഷീനുകളുടെ സഹായത്തോടെയുള്ള റേഷൻ വിതരണത്തിന്റെ കാര്യക്ഷമത മനസ്സിലാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മുൻപുണ്ടായിരുന്നതിനേക്കാൾ കൃത്യതയും സുതാര്യതയും ഇ-പോസ് വഴിയുള്ള റേഷൻ വിതരണത്തിനുണ്ട്.

(സി) കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം തുടർച്ചയായ അവലോകന നടപടികളിലൂടെ ഇ-പോസ് മെഷീനുകളുടെ സഹായത്തോടെയുള്ള റേഷൻ വിതരണത്തിന്റെ കാര്യക്ഷമത കണക്കാക്കിവരുന്നു.

## റേഷൻ കാർഡ് പതിക്കൽ

352 (367) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻഗണന ലിസ്റ്റിൽ ഉള്ള കാർഡുകൾ ദീർഘകാലം പതിക്കാതെ നിന്നാൽ അവരെ മുൻഗണന ലിസ്റ്റിൽനിന്നും ഒഴിവാക്കി പകരം അർഹതപ്പെട്ടവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

റേഷൻ കടയിൽ ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിച്ചതിനുശേഷം മൂന്നുമാസത്തിൽ കൂടുതൽ തുടർച്ചയായി റേഷൻ വാങ്ങാത്ത എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗം കാർഡുടമകളുടെ വിവരങ്ങൾ ലഭ്യമാക്കി മതിയായ കാരണമില്ലാതെ റേഷൻ ധാന്യം നഷ്ടപ്പെടുത്തിയവർക്ക് നോട്ടീസ് നൽകിയശേഷം ഒഴിവാക്കി അർഹതപ്പെട്ടവരെ ആ സ്ഥാനത്തേയ്ക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലുള്ള റേഷൻ കടകൾ

353 (368) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ആഫീസിന്റെ പരിധിയിൽ നിലവിൽ എത്ര റേഷൻ കടകളുണ്ടെന്നും, എത്ര റേഷൻ കാർഡുകളുണ്ടെന്നും, അവയിൽ എ.എ.വൈ. കാർഡുകൾ, മുൻഗണനാവിഭാഗത്തിലുള്ള കാർഡുകൾ, സ്റ്റേറ്റ് സബ്സിഡി വിഭാഗത്തിലുള്ള കാർഡുകൾ എന്നിവ എത്രവീതമാണെന്നും അറിയിക്കാമോ;

(ബി) ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കിയ ശേഷം പ്രസ്തുത സപ്ലൈ ആഫീസിൽ പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനായി നാളിതുവരെ ഓൺലൈനായും അല്ലാതെയും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കി, ഇ-പോസ് മെഷീൻ വഴി റേഷൻ വിതരണം ആരംഭിച്ച ശേഷം കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ വിവിധ ക്രമക്കേടുകൾ കണ്ടെത്തി വിവിധ എ.ആർ.ഡി.കളിൽ നിന്ന് നാളിതുവരെ എത്ര രൂപ പിഴയായി ഈടാക്കി എന്നും, എത്ര ലൈസൻസികളെ സസ്പെൻഡ് ചെയ്തു എന്നും, ആയതിൽ എത്ര ലൈസൻസികളുടെ സസ്പെൻഷൻ പിൻവലിച്ചു എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

| | |
|---|---|
| റേഷൻ കടകൾ | 422 |
| ആകെ റേഷൻ കാർഡുകൾ | 253218 |
| എ.എ.വൈ. | 17483 |
| മുൻഗണന | 96713 |
| സ്റ്റേറ്റ് സബ്സിഡി | 81286 |

(ബി)

| | |
|---|---|
| ഓൺലൈനായി ലഭിച്ച അപേക്ഷകൾ | 3184 |
| നേരിട്ട് ലഭിച്ചിട്ടുള്ള അപേക്ഷകൾ | 7052 |

(സി)

| | |
|---|---|
| സസ്പെൻഡ് ചെയ്ത ആകെ ലൈസൻസികളുടെ എണ്ണം | 16 |
| സസ്പെൻഷൻ പിൻവലിച്ച ആകെ ലൈസൻസികളുടെ എണ്ണം | 5 |
| ആകെ ഈടാക്കിയ പിഴത്തുക | 96,615 രൂപ |

## പുതിയ മാവേലി സ്റ്റോറുകൾ

354 (369) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ പുതിയവ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദേവികുളം താലൂക്കിൽ കാന്തല്ലൂർ, വട്ടവട എന്നീ പഞ്ചായത്തുകളിൽ അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ട പ്രകാരം പഞ്ചായത്ത് നിർദ്ദേശിച്ച കെട്ടിടങ്ങൾ പരിശോധിച്ചുവരുന്നു. എന്നാൽ പള്ളിവാസൽ, ഇടമലക്കുടി, ദേവികുളം എന്നീ പഞ്ചായത്തുകൾ മാവേലി സ്റ്റോറിനനുയോജ്യമായ കെട്ടിട സൗകര്യം ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

## റേഷൻ കട മാറ്റം

355 (370) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പൂർത്തീകരിക്കാനുള്ളവയുടെ വിശദാംശം നൽകുമോ;

(ബി) കാർഡ് ഉടമകൾക്ക് ഇഷ്ടമുള്ള റേഷൻകട തിരഞ്ഞെടുക്കാനുള്ള പോർട്ട് സംവിധാനത്തിലൂടെ നാളിതുവരെ എത്ര പേർ കട മാറിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇന്റർനെറ്റ് സംവിധാനത്തിലും, ഇ-പോസ് മെഷീനുകളിലും തകരാറുകൾ സംഭവിക്കുമ്പോൾ റേഷൻ വിതരണത്തിനായി എന്തെല്ലാം ബദൽ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു.

(ബി) 2018 ഒക്ടോബർ മാസത്തിൽ പോർട്ടബിലിറ്റി സംവിധാനം മുഖേന റേഷൻ വാങ്ങിയവരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 140366 |
| 2. | കൊല്ലം | 85710 |
| 3. | പത്തനംതിട്ട | 34848 |
| 4. | ആലപ്പുഴ | 53936 |
| 5. | കോട്ടയം | 46871 |
| 6. | ഇടുക്കി | 28346 |
| 7. | എറണാകുളം | 76442 |
| 8. | തൃശ്ശൂർ | 72581 |
| 9. | പാലക്കാട് | 42528 |
| 10. | മലപ്പുറം | 56208 |
| 11. | കോഴിക്കോട് | 77563 |
| 12. | വയനാട് | 21471 |
| 13. | കണ്ണൂർ | 51713 |
| 14. | കാസർഗോഡ് | 28501 |
| | ആകെ | 817084 |

(സി) സംസ്ഥാന ഐ.ടി. മിഷന്റെ ക്ലൗഡ് സെർവറുകളുടെ സേവനം പ്രയോജനപ്പെടുത്തി വന്നിരുന്ന സമയത്ത് കണക്റ്റിവിറ്റി തകരാറുകൾ സംഭവിക്കുകയും ആയത് കണ്ടെത്തി അപ്പപ്പോൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 2018 നവംബർ മാസം മുതൽ സ്വന്തമായി വാങ്ങിയ കൂടുതൽ പ്രവർത്തനശേഷിയുള്ള സെർവറുകളിലേയ്ക്ക് ഡാറ്റയും ആപ്ലിക്കേഷനുകളും മാറ്റിയിട്ടുണ്ട്. കൂടാതെ ഓരോ ഇ-പോസ് മെഷീനിലും രണ്ട് സിം ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. മേൽ സംവിധാനങ്ങൾ തകരാറായാൽ ഫോണിൽ വരുന്ന OTP വഴി റേഷൻ വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള റേഷനിംഗ് ഓർഡർ പരിഷ്കരണം

356 (371) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുസരിച്ച് അതിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) റേഷൻ ലൈസൻസ് അനുവദിക്കുന്നതിന് പ്രായപരിധി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കുടുംബശ്രീ, വനിതാ സ്വയംസഹായ സംഘങ്ങളെ റേഷൻ വിതരണ ചുമതല ഏല്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ - സി) ഉണ്ട്. 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നത് സംബന്ധിച്ച ശിപാർശ നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ല. എങ്കിലും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന് അനുസൃതമായി മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## റേഷൻ വ്യാപാരം കുറ്റമറ്റതാക്കാൻ നടപടി

357 (372) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണ രംഗത്ത് ഇ-പോസ് സംവിധാനം നിലവിൽ വന്നിട്ടും പ്രസ്തുത മേഖലയിൽ ഇപ്പോഴും അഴിമതി തുടരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ രംഗത്തെ അഴിമതി തടയുന്നതിന് രൂപീകരിച്ച സംസ്ഥാനതല സ്ക്വാഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇ-പോസ് മെഷീനിൽ കൂടെക്കൂടെ ഉണ്ടാകുന്ന തകരാറുകൾ റേഷൻ വിതരണത്തെ സാരമായി ബാധിക്കുന്നുണ്ടോ; ഇതുകാരണം നവംബർ മാസത്തിൽ റേഷൻ കടകളുടെ പ്രവർത്തനം രണ്ട് ദിവസം പൂർണ്ണമായും നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സബ്സിഡി ഇല്ലാത്ത/നോൺ മാവേലി സാധനങ്ങൾ റേഷൻ കട വഴി വിൽക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിനോടുള്ള പൊതുജനങ്ങളുടെ പ്രതികരണം എന്താണ്;

(ഇ) റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പാക്കുന്ന പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ;

(എഫ്) 2018 മേയ് 15-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗ തീരുമാന പ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണ്?

<u>ഉത്തരം</u>

(എ) സെർവർ തകരാർ, നെറ്റ്‌വർക്ക് തകരാർ മുതലായ കാരണങ്ങളാൽ ചിലപ്പോഴൊക്കെ റേഷൻ വിതരണത്തിന് തടസ്സം നേരിടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ബയോമെട്രിക് ആതന്റിക്കേഷൻ ഇല്ലാതെ റേഷൻ വിതരണം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബയോമെട്രിക് രീതിയിൽ അല്ലാതെ മാനുവലായി കൂടുതൽ ട്രാൻസാക്ഷനുകൾ നടത്തിയ റേഷൻ കടകളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയ 8 റേഷൻ കടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ന്യായമായ കാരണങ്ങളാലല്ലാതെ മാനുവൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്കെതിരെ കർശനനടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) റേഷൻ വിതരണ അഴിമതി തടയുന്നതിന് രൂപീകരിച്ച സംസ്ഥാനതല സ്ക്വാഡുകളുടെ പ്രവർത്തനം തൃപ്തികരമാണ്.

(സി) റേഷൻ വിതരണത്തെ സാരമായി ബാധിക്കുന്ന വിധത്തിൽ ഇ-പോസ് തകരാറുകൾ ഉണ്ടായിട്ടില്ല. ചില സമയങ്ങളിൽ ഉണ്ടായ തകരാറുകൾ എത്രയും

വേഗം പരിഹരിക്കപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് ഡാറ്റ സെന്ററിൽ സ്ഥാപിച്ച പുതിയ സെർവറുകളിലേയ്ക്ക് ഡാറ്റ ട്രാൻസ്ഫർ ചെയ്ത സമയത്ത് നവംബർ മാസത്തിൽ രണ്ട് ദിവസം പൂർണ്ണമായും റേഷൻ വിതരണം നിർത്തിവയ്ക്കേണ്ടി വന്നിരുന്നു. ഒക്ടോബറിലെ വിതരണം പൂർത്തിയായശേഷം നവംബർ മാസത്തെ വിതരണം ആരംഭിക്കുന്നതിന് മുമ്പായിട്ടാണ് നിർത്തിവച്ചത്.

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിൽക്കുന്ന സബ്സിഡി ഇല്ലാത്ത/നോൺ മാവേലി സാധനങ്ങൾ റേഷൻ കട വഴി വിൽക്കുന്ന പദ്ധതി 18-5-2018-ൽ കണ്ണൂരിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്തി സംസ്ഥാനവ്യാപകമായി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ആലോചിച്ചുവരുന്നു.

(ഇ) റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പാക്കുന്ന പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്.

(എഫ്) 2018 മേയ് 15-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗ തീരുമാനപ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യവിഹിതം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിരുന്നു. എന്നാൽ ഭക്ഷ്യ വിഹിതം നാളിതുവരെ വർദ്ധിപ്പിച്ച് നൽകിയിട്ടില്ല.

**റേഷൻ സംവിധാനം കുറ്റമറ്റതാക്കാനുള്ള നടപടി**

358 (373) ഡോ. എം. കെ. മുനീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് മെഷീനുകൾ കേടാകുന്നതിനാലും സെർവർ തകരാറുമൂലവും റേഷൻ മുടങ്ങുന്നത് പതിവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ റേഷൻ വിതരണം നിയന്ത്രിക്കുന്നതിനായി പ്രത്യേക സെർവർ പ്രവർത്തിക്കുന്നുണ്ടോ; ഈ സെർവറിന്റെ സേവനം ഏതെല്ലാം മേഖലകളിലാണ് ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ശേഷി കൂടിയ സെർവർ സ്ഥാപിച്ചും നിലവിലുള്ള ഇ-പോസ് മെഷീനുകളുടെ തകരാറുകൾ പരിഹരിച്ചും റേഷൻ സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) സംസ്ഥാന ഐ.ടി. മിഷന്റെ ക്ലൗഡ് സെർവറുകളുടെ സേവനം പ്രയോജനപ്പെടുത്തി വന്നിരുന്ന സമയത്ത് കണക്ടിവിറ്റി തകരാറുകൾ സംഭവിക്കുകയും ആയത് കണ്ടെത്തി അപ്പപ്പോൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 2018 നവംബർ മാസം മുതൽ വകുപ്പ് സ്വന്തമായി വാങ്ങിയ കൂടുതൽ പ്രവർത്തനശേഷിയുള്ള സെർവറുകളിലേയ്ക്ക് ഡാറ്റയും ആപ്ലിക്കേഷനുകളും മാറ്റിയിട്ടുണ്ട്. കൂടാതെ ഓരോ ഇ-പോസ് മെഷീനിലും രണ്ടു സിം ഉപയോഗിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. റേഷൻ കാർഡ് സിസ്റ്റം, ഇ-പോസ് പ്രവർത്തിക്കുന്നതിന് ആവശ്യമായ ആപ്ലിക്കേഷൻ, സപ്ലൈ ചെയിൻ സിസ്റ്റം, വകുപ്പിന്റെ പോർട്ടൽ, പരാതി പരിഹാര സംവിധാനം തുടങ്ങിയ മേഖലകളിലാണ് സെർവർ ഉപയോഗപ്പെടുത്തുന്നത്.

നിലവിൽ ഇ-പോസ്, കണക്ടിവിറ്റി, സെർവർ എന്നിവ സംബന്ധിച്ച ഒരു പ്രശ്നം ഇല്ല. റേഷൻ വിതരണം വളരെ സുഗമമായാണ് നടക്കുന്നത്.

**റേഷൻ ഭക്ഷ്യസാധനങ്ങളുടെ വിലവർദ്ധനവ്**

359 (374) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നുമാസം തുടർച്ചയായി റേഷൻ ഭക്ഷ്യസാധനങ്ങൾ വാങ്ങാത്തവരുടെ റേഷൻ തടയുന്നതിന് നിർദ്ദേശമുണ്ടോ;

(ബി) രോഗികൾക്കും യാത്രചെയ്യുവാൻ ബുദ്ധിമുട്ടുള്ളവർക്കും റേഷൻ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(സി) റേഷൻ വ്യാപാരികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് പണം കണ്ടെത്തുന്നതിനായി റേഷൻ ഭക്ഷ്യസാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) 2017 നവംബറിൽ വ്യാപാരികളുടെ വേതനവർദ്ധനവ് നടപ്പിലാക്കുന്നതിന് അന്ത്യോദയ അന്നയോജന വിഭാഗങ്ങൾ ഒഴികെയുള്ള കാർഡുടമകൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധിപ്പിച്ചിരുന്നോ; എങ്കിൽ ഇതിലൂടെ ലഭിച്ച വരുമാനം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. റേഷൻ കടയിൽ ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിച്ചതിനു ശേഷം മൂന്നു മാസത്തിൽ കൂടുതൽ തുടർച്ചയായി റേഷൻ വാങ്ങാത്ത എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗം കാർഡുടമകളുടെ വിവരങ്ങൾ ലഭ്യമാക്കി, മതിയായ കാരണമില്ലാതെ റേഷൻ ധാന്യം നഷ്ടപ്പെടുത്തിയവർക്ക് നോട്ടീസ് നൽകിയശേഷം ഒഴിവാക്കി അർഹതപ്പെട്ടവരെ ആ സ്ഥാനത്തേയ്ക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) രോഗികൾക്കും യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ളവർക്കും റേഷൻ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശമുണ്ട്. ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ ആലോചിച്ചുവരുന്നു.

(സി & ഡി) വ്യാപാരികൾക്ക് കമ്മീഷൻ പാക്കേജ് നടപ്പാക്കുന്ന ഇനത്തിൽ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിനായി അന്ത്യോദയ അന്നയോജന വിഭാഗം ഒഴികെയുള്ളവർക്കുള്ള ഭക്ഷ്യധാന്യങ്ങൾക്ക് കിലോഗ്രാമിന് 1 രൂപ നിരക്കിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചതുമുതൽ കൈകാര്യ ചെലവ് ഈടാക്കിവരുന്നു. ഈ ഇനത്തിൽ പ്രതിമാസം ഏകദേശം 9.76 കോടി രൂപ അധികമായി ലഭിക്കുന്നുണ്ട്.

**അവശ്യസാധനങ്ങളുടെ വിലവർദ്ധന**

360 (375) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ സാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അതിനായി 2018-19 വർഷത്തിൽ എത്ര തുക നീക്കിവച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യഭക്ഷ്യവസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ എന്നിവയും പൊതുവിപണിയിലേതിനെക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവച്ചന്തകൾ സംഘടിപ്പിച്ച് അവശ്യ സാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിച്ചിട്ടുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷം വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 100 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടും വിൽപ്പനശാലകൾ ഇല്ലാത്ത സ്ഥലങ്ങളിൽ കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചും നിലവിലുള്ളവയെ ആധുനീകരിച്ചും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ പദ്ധതിയുണ്ട്.

**ഗോഡൗണുകൾ**

361 (376) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് സ്വന്തമായി എത്ര ഗോഡൗണുകൾ ഉണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) കോർപ്പറേഷൻ എത്ര ഗോഡൗണുകൾ വാടകയ്ക്കെടുത്തിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ ; വാടകയിനത്തിൽ ഒരു വർഷം എത്രരൂപ ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര ഗോഡൗണുകൾ ഉപയോഗിക്കാതെ കിടക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഡി) അങ്കമാലി ഫുഡ് കോർപ്പറേഷനിലെ ഗോഡൗണിൽ 8000 മെട്രിക് ടൺ ധാന്യങ്ങൾ സൂക്ഷിക്കാൻ അവസരം ഉണ്ടായിട്ടും അരിയും ഗോതമ്പും ഗോഡൗണിന്റെ പുറത്ത് ടാർപോളിൻ ഇട്ട് മൂടി സൂക്ഷിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ;

(ഇ) ഇപ്രകാരം ധാന്യങ്ങൾ സൂക്ഷിക്കുമ്പോൾ അവ കേടാകുകയും അതുമൂലം ലക്ഷങ്ങളുടെ സാമ്പത്തികനഷ്ടം ഉണ്ടാകുകയും ചെയ്യാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കൊട്ടാരക്കര, കൊല്ലം, മൂന്നാർ, പീരുമേട്, കൊച്ചി, മാനന്തവാടി എന്നിവിടങ്ങളിലായി 7 ഗോഡൗണുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് സ്വന്തമായുണ്ട്.

(ബി) 368 ഗോഡൗണുകൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഈ ഇനത്തിൽ 25.65 കോടി രൂപ പ്രതിവർഷം ചെലവഴിക്കുന്നുണ്ട്. വാടകയ്ക്കെടുത്ത ഗോഡൗണിന്റെ വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) എല്ലാ ഗോഡൗണുകളും ഉപയോഗിക്കുന്നുണ്ട്.

(ഡി) പുതുതായി നിയമിതരായ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി 150 മെട്രിക് ടൺ വീതം വരുന്ന ഗോതമ്പിന്റെ രണ്ട് അട്ടി മാത്രമാണ് CAP (Cover and Plinth) ധാന്യ സംഭരണ രീതി അനുസരിച്ച് സൂക്ഷിച്ചത്. അട്ടി വയ്ക്കുന്നത് സംബന്ധിച്ചുള്ള പരിശീലനം പരീക്ഷണാടിസ്ഥാനത്തിൽ പരിമിതമായ അളവിലുള്ള സ്റ്റോക്കിന് മാത്രമായിരുന്നു. ഭക്ഷ്യധാന്യങ്ങൾ വാഗണിലെത്തിയാലുടൻ ഗോഡൗണിലെ ഒഴിവുള്ള സ്ഥലത്ത് സംഭരിക്കുന്നതാണ്.

(ഇ) പ്രതികൂല സാഹചര്യങ്ങളുണ്ടായാൽ സ്റ്റോക്ക് ഉടൻതന്നെ ഗോഡൗണിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്.

## പ്രളയബാധിത മേഖലയിൽ ഭക്ഷ്യവകുപ്പിന്റെ സേവനങ്ങൾ

362 (377) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് ഭക്ഷ്യവകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നല്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രളയബാധിത മേഖലയിലെ ദുർബ്ബല വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സൗജന്യ ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തിരുന്നോ; വിശദമാക്കുമോ;

(സി) പ്രളയത്തെത്തുടർന്ന് കേന്ദ്ര സർക്കാരിൽ നിന്ന് സൗജന്യമായി ഭക്ഷ്യധാന്യം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയബാധിതമായി പ്രഖ്യാപിച്ച 11 ജില്ലകളിലെ റേഷൻ കാർഡ് ഉടമകൾക്ക് 5 കിലോഗ്രാം അരി വീതം സൗജന്യമായി ആഗസ്റ്റ് മാസത്തെ റേഷൻ വിതരണത്തോടൊപ്പം നൽകിയിരുന്നു. ഇതിനു പുറമേ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ച അധിക വിഹിതം അരി കൈകാര്യച്ചെലവ് മാത്രം ഈടാക്കി സംസ്ഥാനത്തെ മുഴുവൻ മുൻഗണനേതര കാർഡുകൾക്കും പ്രതിമാസം 5 കിലോഗ്രാം വീതം 2018 സെപ്റ്റംബർ മുതൽ ഡിസംബർ വരെ വിതരണം നടത്തുന്നു. കേന്ദ്ര സർക്കാർ ലഭ്യമാക്കിയ സബ്സിഡിയില്ലാത്ത 12000 കിലോ ലിറ്റർ മണ്ണെണ്ണ, കൈകാര്യച്ചെലവ് സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് കേന്ദ്രം നൽകുന്ന നിരക്കിൽ ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രളയബാധിത സ്ഥലങ്ങളിൽ എയർ ഡ്രോപ്പ് ചെയ്യുന്നതിനും പ്രളയബാധിതരായ കുടുംബങ്ങളെ പാർപ്പിച്ച ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനും ഭക്ഷ്യ വസ്തുക്കൾ, മറ്റു അവശ്യസാധനങ്ങൾ എന്നിവ സപ്ലൈകോ നൽകിയിരുന്നു. ക്യാമ്പുകളിൽനിന്നും മടങ്ങിയ കുടുംബങ്ങൾക്ക് നൽകിയ ബാക് ടു ഹോം കിറ്റുകളിലേയ്ക്ക് ആവശ്യമായ സാധനങ്ങളും സപ്ലൈകോ ഡിപ്പോകളിൽനിന്നും വിൽപ്പനശാലകളിൽനിന്നും നൽകുകയുണ്ടായി. നിലവിൽ, പ്രളയബാധിതരിലെ ദുർബ്ബല വിഭാഗങ്ങൾക്കായി മൂന്ന് മാസക്കാലം 500 രൂപ വില വരുന്ന അവശ്യ വസ്തുക്കൾ ഉൾക്കൊള്ളിച്ച ഉപജീവന കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയും സപ്ലൈകോ നടത്തിവരുന്നു. പ്രളയ ദുരിതാശ്വാസമായി സംസ്ഥാനത്തെ എല്ലാ തോട്ടം തൊഴിലാളികൾക്കും 15 കിലോഗ്രാം അരി സൗജന്യമായി അനുവദിച്ചിരുന്നു.

(ബി) പ്രളയ ബാധിത മേഖലയിലെ ദുർബ്ബല വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും മൂന്ന് മാസക്കാലം അവശ്യ സാധനങ്ങൾ ഉൾക്കൊള്ളിച്ച ഉപജീവന കിറ്റ് വിതരണം ചെയ്യുന്ന പ്രക്രിയ പുരോഗമിക്കുന്നു. 2018 ഒക്ടോബർ അവസാന വാരമാണ് കിറ്റ് വിതരണം ആരംഭിച്ചത്. നാളിതുവരെ 2,56,684 ഉപജീവന കിറ്റുകൾ സപ്ലൈകോ വിതരണം ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ 89540 മെട്രിക് ടൺ ഭക്ഷ്യധാന്യം എം.എസ്.പി. ഡിറൈവ്ഡ് നിരക്കിൽ അനുവദിച്ചിട്ടുണ്ട്. ആയതിനുള്ള തുക സംസ്ഥാനത്തിന്റെ എൻ.ഡി.ആർ.എഫ്. വിഹിതത്തിൽനിന്ന് ഈടാക്കുമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

## ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ ഒഴിവുകൾ

363 (378) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിൽ ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് നിലവിൽ പ്രസിഡന്റുമാർ ഇല്ലാത്തത്; ഇവിടങ്ങളിൽ പ്രസിഡന്റിന്റെ ചുമതല ആരാണ് നിർവ്വഹിച്ച് വരുന്നത്;

(ബി) ഏതെല്ലാം ജില്ലാ ഫോറങ്ങളിൽ അംഗങ്ങളുടെ ഒഴിവുകളുണ്ട്; അവ ഏതൊക്കെ; ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ജില്ലാ ഫോറം പ്രസിഡന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) നിലവിൽ ആലപ്പുഴ, കോട്ടയം, വയനാട്, കാസർഗോഡ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ പ്രസിഡന്റുമാർ ഇല്ല. പ്രസ്തുത ഫോറങ്ങളിൽ യഥാക്രമം കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ എന്നീ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർക്ക് താൽക്കാലികമായി അധിക ചുമതല നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, കണ്ണൂർ, എറണാകുളം ജില്ലാ ഫോറങ്ങളിൽ രണ്ട് അംഗങ്ങളുടെയും കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലാ ഫോറങ്ങളിൽ വനിതാ അംഗങ്ങളുടെയും ഒഴിവുകളുണ്ട്. കൊല്ലം, പത്തനംതിട്ട, ഇടുക്കി ഫോറങ്ങളിലെ വനിതാ അംഗങ്ങളെ നിയമിക്കുന്നതിനുള്ള അഭിമുഖം നടത്തി. ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നാല് ജില്ലാ ഫോറങ്ങളിലെയും പ്രസിഡന്റ് നിയമനത്തിനുള്ള അപേക്ഷകരുടെ പാനൽ ലഭ്യമായിട്ടുണ്ട്. അതിൻപ്രകാരം ആലപ്പുഴ ഫോറത്തിലേയ്ക്ക് നിയമനം നടത്തുന്നതിനുവേണ്ടിയുള്ള അഭിമുഖം നടത്തി. മറ്റു ജില്ലകളിലെ അഭിമുഖം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ താൽക്കാലിക ചുമതല**

364 (379) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാരുടെയും അംഗങ്ങളുടെയും വിരമിക്കൽ കാരണം പ്രവർത്തന രഹിതമായ ഫോറങ്ങളിലേയ്ക്ക് മറ്റ് ജില്ലകളിലെ പ്രസിഡന്റുമാർക്കും അംഗങ്ങൾക്കും താൽക്കാലിക ചുമതല നൽകിയിട്ടുണ്ടോ; ഏതൊക്കെ ജില്ലകളിൽ ആർക്കൊക്കെയാണ് താൽക്കാലിക ചുമതല നൽകിയിട്ടുള്ളത് വിശദമാക്കാമോ;

(ബി) സർക്കാർ ഉത്തരവ് പ്രകാരമാണോ കമ്മീഷൻ പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരമാണോ ഈ അധിക ചുമതലകൾ നൽകിയിട്ടുള്ളത്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ വിഷയം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുണ്ടോ; കേസ്സുകൾ തീർപ്പായെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) താത്കാലിക ചുമതലകൾ ജില്ലക്ക് പുറത്ത് നൽകുന്നതിന് ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ ഏതു വകുപ്പിലാണ് സൂചിപ്പിച്ചിരിക്കുന്നത്; ഇപ്പോൾ നൽകിയിരിക്കുന്ന അധിക ചുമതല ഏത് വകുപ്പ് പ്രകാരമാണ് നൽകിയിരിക്കുന്നത്; രണ്ട് ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ അധിക ചുമതലകൾ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ ആക്റ്റിലും റൂളിലും ഇല്ലാതിരുന്നാൽ ഒരു ഹൈക്കോടതി ഉത്തരവിൻപ്രകാരം നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; ഈ അധിക ചുമതലകൾ വഹിക്കുന്നവർ യാത്രാബത്തക്ക് വേണ്ടി നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ, കോട്ടയം, വയനാട്, കാസർഗോഡ് ജില്ലാ ഉപഭോക്തൃ ഫോറങ്ങളിലാണ് നിലവിൽ പ്രസിഡന്റുമാർ ഇല്ലാത്തത്. ഇവിടങ്ങളിൽ യഥാക്രമം കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ എന്നീ ഉപഭോക്തൃ ഫോറങ്ങളിലെ

പ്രസിഡന്റുമാർക്ക് താൽക്കാലികമായി അധിക ചുമതല നൽകിയിട്ടുണ്ട്. കൊല്ലം ഉപഭോക്തൃ ഫോറത്തിലെ അംഗത്തിന് തിരുവനന്തപുരം ഫോറം മെമ്പറുടെയും പത്തനംതിട്ട ഫോറം മെമ്പർക്ക് ആലപ്പുഴ ഫോറം മെമ്പറുടെയും അധിക ചുമതല നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ ഉത്തരവുപ്രകാരം അടിയന്തര സാഹചര്യം പരിഗണിച്ച് അധികച്ചുമതല നൽകിയത് സർക്കാർ സാധൂകരിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഹൈക്കോടതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) ഒരു പ്രസിഡന്റും രണ്ട് അംഗങ്ങളുമടങ്ങിയതാണ് ജില്ലാ ഉപഭോക്തൃ ഫോറം. 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ 22 D വകുപ്പുപ്രകാരം ഒരു ജില്ലാ ഫോറത്തിൽ പ്രസിഡന്റിന്റെ ഒഴിവുണ്ടായാൽ, അതേ ഫോറത്തിലെ സീനിയർ മോസ്റ്റ് മെമ്പർക്ക് ചാർജ് നൽകണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ചില ഫോറങ്ങളിൽ രണ്ട് അംഗങ്ങളുടെയും തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാലും ചില ഫോറങ്ങളിലെ രണ്ട് അംഗങ്ങൾക്കെതിരെയും അന്വേഷണം നടത്തുന്നതിന് ഹൈക്കോടതി രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിനാലും പ്രസിഡന്റിന്റെ ചാർജ് നൽകുവാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ജില്ലാ ഫോറങ്ങളുടെ സുഗമമായ പ്രവർത്തനം നടക്കുന്നതിനുവേണ്ടിയാണ് തൊട്ടടുത്ത ജില്ലാ ഉപഭോക്തൃ ഫോറത്തിലെ പ്രസിഡന്റിന് അധികച്ചുമതല നൽകിയത്.

(ഇ) ഹൈക്കോടതി ഉത്തരവ് പ്രകാരമല്ല അധികച്ചുമതല നൽകിയത്. യാത്രാബത്തയ്ക്കുവേണ്ടി നൽകിയ അപേക്ഷയിൽ നിലവിലെ നിയമങ്ങൾക്കനുസൃതമായി ഉചിതമായ തീരുമാനമെടുക്കാൻ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, സെക്രട്ടറി & രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

365 (380) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അംഗങ്ങളുടേയും ജില്ലാ ഫോറങ്ങളിലെ പ്രസിഡന്റ് ഉൾപ്പെടെയുള്ള അംഗങ്ങളുടെയും നിയമന രീതിയെക്കുറിച്ചും അവരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ചുമുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സുപ്രീംകോടതി വിധിയുടെ (സിവിൽ അപ്പീൽ നമ്പർ 2740/2007, WP(C) 164/2002 dated 27-4-2018) അടിസ്ഥാനത്തിൽ സർക്കാർ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിധി എത്ര കാലയളവിനുള്ളിൽ നടപ്പിലാക്കണമെന്നാണ് ഉത്തരവിൽ പറഞ്ഞിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വിധി നടപ്പിലാക്കാത്തതുമായി ബന്ധപ്പെട്ട് കോടതി അലക്ഷ്യ നടപടികളിലോ ഹർജികളിന്മേലോ സുപ്രീംകോടതിയിൽനിന്നും സർക്കാരിന് നോട്ടീസ് ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇപ്പോൾ നിലവിലുള്ളതും അപേക്ഷ ക്ഷണിച്ച കഴിഞ്ഞതുമായ ഒഴിവുകളിൽ സുപ്രീംകോടതി വിധിയ്ക്ക് അനുസൃതമായാണോ അതോ മുൻകാലങ്ങളിലേതുപോലെയാണോ നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് 14-11-2018-ന് വകുപ്പുമന്ത്രിയും സെക്രട്ടറിയും ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റും ജില്ലാ പ്രസിഡന്റുമാരും പങ്കെടുത്ത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മോഡൽ റൂളിനെ ആധാരമാക്കി സംസ്ഥാനത്ത് മോഡൽ റൂളിന്റെ കരട് തയ്യാറാക്കുന്നതിനായി പൊതു വിതരണ ഡയറക്ടർ ചെയർമാനും സിവിൽ സപ്ലൈസ് കമ്മീഷണറുടെ ഓഫീസിലെ ലാ ഓഫീസർ കൺവീനറുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മോഡൽ റൂൾസ് തയ്യാറാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായവും ആരാഞ്ഞിട്ടുണ്ട്. ടി കമ്മിറ്റി തയ്യാറാക്കുന്ന കരട് റൂളിന്റെയും അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ആയിരിക്കും തുടർ നടപടികൾ.

(ബി) മൂന്ന് മാസത്തിനുള്ളിൽ നടപ്പിലാക്കണമെന്നാണ് ഉത്തരവിൽ പറഞ്ഞിരിക്കുന്നത്.

(സി) ഇല്ല.

(ഡി) മുൻകാലങ്ങളിലേതുപോലെ നിയമനം നടത്തുന്നതാണ്.

(ഇ) മിനിട്സിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെയും ഫോറങ്ങളിലെയും അംഗങ്ങളുടെ വിരമിക്കൽ

366 (381) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേയും ജില്ല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേയും സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് അനുവദിച്ച് ഉത്തരവായ വിരമിക്കൽ ആനുകൂല്യം ഇപ്പോൾ എത്ര പേർ കൈപ്പറ്റുന്നുണ്ട്;

(ബി) വിരമിക്കൽ ആനുകൂല്യത്തിനായുള്ള അപേക്ഷകൾ നാളിതുവരെ എത്ര എണ്ണം ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേരുടേത് പരിഗണനയിലാണ്; അവരുടെ പേരുവിവരവും അവർ ഏത് ജില്ലാ ഫോറങ്ങളിൽ നിന്നാണ് വിരമിച്ചതെന്നും വ്യക്തമാക്കുമോ;

(സി) വിരമിക്കൽ ആനുകൂല്യത്തിനായി അപേക്ഷ നൽകിയിട്ടും അപേക്ഷകർക്ക് ആയത് നൽകുവാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിരമിക്കൽ ആനുകൂല്യം വിതരണം ചെയ്തു തുടങ്ങിയിട്ടില്ല.

(ബി) 25 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയെല്ലാം പരിഗണനയിലാണ്. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) വിതരണത്തിനാവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല.

## ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം

367(382) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ ഫോറങ്ങളിൽ അംഗങ്ങളെ നിയമിക്കാത്തതിനാൽ അവയുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തരമായി അംഗങ്ങളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലായത് കാരണം പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ- സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജില്ലാ ഉപഭോക്തൃ ഫോറങ്ങളിലെ പ്രസിഡന്റ്/അംഗങ്ങൾ വിരമിച്ചതുമൂലമുള്ള പല ഒഴിവുകളിലും മറ്റ് ജില്ലാ ഉപഭോക്തൃ ഫോറങ്ങളിലെ പ്രസിഡന്റുമാർക്കും മെമ്പർമാർക്കും അധികച്ചുമതല നൽകിയിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷകരുടെ പാനൽ ജില്ലാ കളക്ടർമാരിൽനിന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചാത്തന്നൂരിൽ മാവേലി സ്റ്റോർ**

368 (383) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിലെ പുത്തൻകുളം എന്ന സ്ഥലത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ പുരോഗതി അറിയിക്കാമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവശ്യപ്പെട്ട എല്ലാ രേഖകളും സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അവശേഷിക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി പ്രസ്തുത മാവേലി സ്റ്റോർ ഉടൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ പുത്തൻകുളത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. പൂതക്കുളം ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോറാണ് പുത്തൻകുളത്ത് ആരംഭിക്കേണ്ടത്. മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കാലയളവിലേയ്ക്കുള്ള വാടകരഹിത കെട്ടിടം ബന്ധപ്പെട്ട പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ഔട്ട്ലെറ്റിൽ പ്രതിമാസം 42,545 രൂപയുടെ നഷ്ടമാണ് കാണുന്നത്. ആയതിനാൽ നഷ്ടസാദ്ധ്യത ഒഴിവാക്കാൻ നോൺ മാവേലി, ശബരി സാധനങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾകൂടി വ്യക്തമാക്കിക്കൊണ്ടുള്ള പ്രൊപ്പോസൽ പരിഗണിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) വാടക രഹിത കെട്ടിടം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്നമുറയ്ക്ക് സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ഒഴിവുകൾ**

369 (384) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലും മെമ്പർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; എന്ന് മുതലാണ് പ്രസ്തുത ഒഴിവുകൾ നിലവിൽ വന്നത്; ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ;

(ബി) 2019 മാർച്ച് 31-ന് മുൻപ് ഒഴിവുവരുന്നത് ഏതൊക്കെ ജില്ലാ ഫോറങ്ങളിലാണെന്നും, പ്രസ്തുത കാലയളവിൽ സംസ്ഥാന ഉപഭോക്തൃ കമ്മീഷനിലും ഒഴിവുവരുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചത് എന്നാണ്; അപേക്ഷ നൽകേണ്ട അവസാന തീയതി എന്നായിരുന്നു;

(ഡി) ഓരോ ജില്ലയിലേയ്ക്കുമുള്ള ഒഴിവുകളിൽ എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസിഡന്റുമാരും മെമ്പർമാരും ഇല്ലാതെ പ്രവർത്തനരഹിതമായ ജില്ലാ ഫോറങ്ങൾ ഏതൊക്കെ ആണ്; ഇത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ഒരു അംഗത്തിന്റെയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ 16 മെമ്പർമാരുടെയും ഒഴിവുകൾ നിലവിലുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2019 മാർച്ച് 31-നമുമ്പ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും പത്തനംതിട്ട ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലും പ്രസിഡന്റുമാരുടേയും കൊല്ലം, വയനാട് ഫോറങ്ങളിൽ ജനറൽ മെമ്പർമാരുടെയും പാലക്കാട് ഫോറത്തിൽ വനിതാ അംഗത്തിന്റെയും കോട്ടയം, മലപ്പുറം ഫോറങ്ങളിൽ ജനറൽ, വനിതാ അംഗങ്ങളുടെയും ഒഴിവുകളുണ്ടാകും.

(സി) വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) ജില്ലാ കളക്ടർമാർ മുഖേനയാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. എല്ലാ ജില്ലാ കളക്ടർമാരിൽനിന്നും അപേക്ഷകരുടെ പാനൽ ലഭ്യമായിട്ടില്ല.

(ഇ) പ്രസിഡന്റും രണ്ട് അംഗങ്ങളും ഇല്ലാത്ത ഫോറങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിനായി സമീപ ജില്ലാ ഫോറങ്ങളിലെ പ്രസിഡന്റിനും/അംഗങ്ങൾക്കും താൽക്കാലിക ചുമതല നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. കേസ് കോടതിയുടെ പരിഗണനയിലാണ്. കേസ്സിൽ കോടതി വിധി പുറപ്പെടുവിച്ചിട്ടില്ല.

## ലീഗൽ മെട്രോളജി വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകൾ

370 (385) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പ് 2016 ജനുവരി മുതൽ നടത്തിയ പരിശോധനയുടെ വിശദമായ വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്; പിഴ ഈടാക്കിയ കേസ്സുകൾ ഏതെല്ലാം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആശുപത്രികളിലും ക്ലിനിക്കുകളിലും ഭാരം അളക്കുന്ന (Weighing Machine) മെഷീനുകൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കുമോ; പരിശോധനയിൽ കൃത്യമായ അളവ് രേഖപ്പെടുത്തിയിട്ടില്ലാത്ത എത്ര മെഷീനുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതിൽ സ്വീകരിച്ച നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ശരിയായ വെയിംഗ് മെഷീൻ ഉപയോഗിക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; ഇവർക്ക് ചുമത്തിയ പിഴ എത്രയെന്നും പിഴ അടയ്ക്കാത്തവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഏതെല്ലാം ബേക്കറികൾ, സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നുള്ള പാക്കറ്റ് സാധനങ്ങളിലെ അളവിൽ കുറവ് കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; എത്ര രൂപ പിഴ അടയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്; എത്ര സ്ഥാപനങ്ങൾ പിഴ ഒടുക്കിയിട്ടുണ്ട്;വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് ഏതെല്ലാം പെട്രോൾ/ഡീസൽ പമ്പുകളിൽ ലീഗൽ മെട്രോളജി വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്; പരിശോധനയിൽ കളവ് കണ്ടെത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിവരങ്ങൾ ലഭ്യമാക്കാമോ;

(എഫ്) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് ലീഗൽ മെട്രോളജി വകുപ്പിന്റെ ഒരു ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലീഗൽ മെട്രോളജി വകുപ്പ് 2016 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ ആകെ 66780 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് 18,23,20,900 രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു. പിഴ ഈടാക്കിയ കേസ്സുകൾ ഏതെല്ലാമെന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ആശുപത്രികളിലെ വെയിംഗ് മെഷീനുകൾ സ്റ്റാൻഡേർഡ് ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യത ഉറപ്പാക്കുന്നു. 2011 ലീഗൽ മെട്രോളജി ജനറൽ റൂൾസ് പ്രകാരമാണ് പരിശോധന നടത്തുന്നത്. പരിശോധനയിൽ 32 എണ്ണം ഉപകരണങ്ങളിൽ വ്യത്യാസം കണ്ടിട്ടുണ്ട്. രാജി ഫീസ് ഈടാക്കി നടപടി സ്വീകരിച്ചുവരുന്നു.

(സി) 41 ആശുപത്രികളുണ്ട്. അവയുടെ വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) സംസ്ഥാനത്ത് ബേക്കറികൾ, സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നുള്ള പായ്ക്കറ്റ് സാധനങ്ങളിലെ അളവിൽ കുറവ് സംബന്ധിച്ച് 36 കേസ്സ് രജിസ്റ്റർ ചെയ്ത് 5,23,000 രൂപ പിഴ ഈടാക്കി. എല്ലാ സ്ഥാപനങ്ങളും പിഴ/രാജി ഫീസ് അടച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ഐ.ഒ.സി., ബി.പി.സി., എച്ച്.പി.സി., റിലയൻസ്, എസ്സാർ എന്നീ കമ്പനികളുടെ പെട്രോൾ പമ്പുകളിൽ കൃത്യമായ പരിശോധന നടത്തുന്നുണ്ട്. പരിശോധനയിൽ പെട്രോൾ വില കുറവുണ്ടായപ്പോൾ അതനുസരിച്ച് ഡിസ്പെൻസറിൽ അളവ് ക്രമപ്പെടുത്താതെ ഇന്ധനം കുറച്ച് വിൽപ്പന നടത്തിയതിന് ഒരു സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയും 10,000 രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തു. മറ്റ് 151 പെട്രോൾ പമ്പുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിന് 6,87,000 രൂപ പിഴ/രാജിഫീസ് ഈടാക്കി. ഇവയിൽ കളവ് കണ്ടെത്തിയ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾചുവടെ ചേർക്കുന്നു:

1. രാജു എന്റർപ്രൈസസ്, ഐ.ഒ.സി. ഡീലർ, കുണ്ടന്നൂർ, എറണാകുളം
2. ഹാഷിം എന്റർപ്രൈസസ്, ബി.പി.സി.എൽ., കളമശ്ശേരി, എറണാകുളം
3. സെന്റ് ജോർജ് ഫ്യൂവൽസ്, ബി.പി.സി.എൽ., കാലടി
4. സിവിൽ സപ്ലൈസ് പമ്പ്, ഐ.ഒ.സി. ഡീലർ, രവിപുരം, എറണാകുളം
5. ബി.പി.സി.എൽ., വൈറ്റില ഹബ്, എറണാകുളം
6. ബ്രോഡ്‌വേ ആട്ടോ സർവ്വീസ്, എച്ച്.പി.സി. ഡീലർ, ചാലക്കുടി
7. M/s. ഇ.എച്ച്. ഫ്യൂവൽസ്, ഐ.ഒ.സി. ഡീലർ, അമ്പലപ്പുഴ
8. ഭഗവതി ഫ്യൂവൽസ്, എച്ച്.പി.സി., പാലക്കാട്
9. M/s. അമ്പലപ്പാറ ഫ്യൂവൽസ്, ബി.പി.സി.എൽ., പാലക്കാട്
10. തിരുവോണം ഫ്യൂവൽസ്, ഐ.ഒ.സി., കുന്നത്തുമല, പാലക്കാട്
11. ട്രെൻഡ്സ് ഫ്യൂവൽസ്, മിയപ്പടവ്
12. മീനങ്ങാടി പെട്രോളിയം, മീനങ്ങാടി, വയനാട്
13. മൂസ ഫ്യൂവൽസ്, മീനങ്ങാടി, വയനാട്
14. ഏലിയാമ്മ മാത്യു ഏജൻസീസ്, കൊട്ടാരക്കര

(എഫ്) പരിഗണനയിലില്ല.

## വിഴിഞ്ഞം തുറമുഖം

371 (386) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി ഉദ്ഘാടനവേളയിൽ പ്രഖ്യാപിച്ച തീയതിക്ക് തന്നെ തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിന് നിലവിലത്തെ സാഹചര്യത്തിൽ സാധിക്കുമോ;

(ബി) തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ ലഭ്യമാക്കിയിട്ടുണ്ടോ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(സി) പ്രസ്തുത പുലിമുട്ട് നിർമ്മിക്കുന്നതിന് തുറമുഖ കമ്പനി ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഓഖി ദുരന്തവും പ്രളയദുരന്തവും ഈ പദ്ധതിയെ എപ്രകാരമാണ് ബാധിച്ചത് ;

(ഇ) നിയമതടസ്സങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും അടിയന്തരമായി പരിഹരിച്ച് പുലിമുട്ട് നിർമ്മാണത്തിലുണ്ടായിട്ടുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. രണ്ടാഴ്ച കൂടുമ്പോൾ Independent Engineer-ഉം മാസംതോറും പ്രിൻസിപ്പൽ സെക്രട്ടറിതലത്തിലും അവലോകന യോഗങ്ങൾ നടത്തി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ഇതുകൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (Project Implementation Committee), എംപവേർഡ് കമ്മിറ്റിയും (EC) പദ്ധതി നിർവ്വഹണം യഥാസമയം അവലോകനം ചെയ്യുന്നുണ്ട്.

തുറമുഖ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനവേളയിൽ അദാനി ഗ്രൂപ്പ് ചെയർമാൻ ശ്രീ. ഗൗതം അദാനി തുറമുഖ പദ്ധതി 1000 ദിവസംകൊണ്ട് (2018 സെപ്റ്റംബർ 1-ന്) പൂർത്തീകരിക്കും എന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ഈ ലക്ഷ്യം കൈവരിക്കാൻ അദാനി കമ്പനിക്ക് സാധിച്ചില്ല. അദാനി തുറമുഖ കമ്പനിയുമായി ഒപ്പിട്ട കരാർ പ്രകാരം നിർമ്മാണം ആരംഭിച്ച് 1460 ദിവസങ്ങൾകൊണ്ടാണ് പദ്ധതി പൂർത്തീകരിക്കേണ്ടത്. ഇതുപ്രകാരം 2019 ഡിസംബർ 3-ാം തീയതി നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) കരാർപ്രകാരം പദ്ധതിക്ക് ആവശ്യമായിട്ടുള്ള പാറ കണ്ടെത്തേണ്ടത് അദാനി തുറമുഖ കമ്പനിയുടെ ചുമതലയാണ്. എന്നാൽ നിലവിലുള്ള സ്വകാര്യ ക്വാറികളിൽനിന്നും പദ്ധതിക്ക് ആവശ്യമായ പാറ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി അദാനി കമ്പനി അറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ സ്വന്തമായി ക്വാറികൾ സ്ഥാപിച്ച് പാറ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അദാനി കമ്പനി സ്വീകരിച്ചുവരികയാണ്. ഇതിനായി സർക്കാർ പുറമ്പോക്ക് ഭൂമി കണ്ടെത്തുന്നതിനും NOC, പാരിസ്ഥിതികാനുമതി എന്നിവ ലഭ്യമാക്കുന്നതിനും

ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അദാനി കമ്പനിക്ക് പാറ നൽകാമെന്ന് കരാറിലേർപ്പെട്ട സ്വകാര്യ കമ്പനികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. പാരിസ്ഥിതികാനുമതി ലഭിച്ചാൽ ഏതാനും ക്വാറികളിൽനിന്നും ഉടൻതന്നെ പാറ ലഭ്യമാകുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) ഈ പ്രോജക്ടിന്റെ EPC Contractor ആയ HOWE Engineering Projects Private Ltd-നെയാണ് പുലിമുട്ട് നിർമ്മാണത്തിന് അദാനി തുറമുഖ കമ്പനി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) കേരള തീരത്ത് ആഘാതമേൽപ്പിച്ച ഓഖി ചുഴലിക്കാറ്റ് വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതിയെ ബാധിച്ചുവെന്നും ചുഴലിക്കാറ്റിൽ നാശനഷ്ടങ്ങൾ സംഭവിച്ചുവെന്നും അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്. പൈലിംഗ് വർക്കുകൾ ഓഖിമൂലം തടസ്സപ്പെടുകയും പദ്ധതി പ്രദേശത്ത് പ്രവർത്തനത്തിലിരുന്ന ഒരു ഡ്രെഡ്ജറിനും വിഴിഞ്ഞം മത്സ്യബന്ധന ഹാർബറിൽ നങ്കൂരമിട്ടിരുന്ന മറ്റൊരു ഡ്രെഡ്ജറിനും കാറ്റിലും ശക്തമായ തിരമാലയിലും കേട് സംഭവിക്കുകയുമുണ്ടായി. രണ്ട് ആഴ്ചകൾക്കുശേഷം ഡ്രെഡ്ജിംഗ് & റിക്ലമേഷൻ ഒഴികെയുള്ള മറ്റ് പണികളെല്ലാം പുനരാരംഭിക്കുകയുണ്ടായി. ഡ്രെഡ്ജറുകൾ റിപ്പയർ ചെയ്ത് തിരികെ എത്തിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് 16 മാസംകൂടി നീട്ടിനൽകണമെന്ന് അദാനി കമ്പനി ആവശ്യപ്പെടുകയുണ്ടായി. ഈ വാദം അംഗീകരിക്കാനാവില്ലെന്ന് Independent Engineer റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമയം നീട്ടിക്കൊടുക്കാനാവില്ലെന്ന് അറിയിച്ചിട്ടുണ്ട്.

(ഇ) പാറ ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം**

372 (387) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ;

(ബി) ഒന്നാംഘട്ട പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന പ്രവൃത്തികൾ പൂർത്തിയാക്കാതെ താമസം വരുത്തിയതിന് സർക്കാർ നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക നഷ്ടപരിഹാരമായി ലഭിച്ചു; വിശദമാക്കുമോ;

(സി) ഒന്നാംഘട്ട പദ്ധതിയിൽ ഇനി ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കുവാൻ ഉള്ളത്; വിശദമാക്കുമോ;

(ഡി) തദ്ദേശീയർക്ക് ജോലി നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ടം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുവാൻ അദാനി തുറമുഖ കമ്പനിക്കുണ്ടായ കാലതാമസംമൂലം പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. പുലിമുട്ട് നിർമ്മാണം നിശ്ചയിച്ച രീതിയിൽ പുരോഗമിക്കാത്തതിനാൽ മറ്റ് ഘടകങ്ങളായ ബെർത്ത് നിർമ്മാണം, ഡ്രെഡ്ജിംഗ് & റിക്ലമേഷൻ, യാർഡ് നിർമ്മാണം തുടങ്ങിയ അനുബന്ധ പ്രവൃത്തികൾക്കും കാലതാമസം നേരിട്ടിട്ടുണ്ട്.

(ബി) പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനായി കൺസെഷൻ കരാറിൽ ഒന്നാം ഘട്ടത്തെ നാലു നാഴികക്കല്ലുകളായി (Mile Stone) വിഭജിച്ചിട്ടുണ്ട്. ഇതിൽ രണ്ടാം നാഴികക്കല്ലനുസരിച്ച് 600 ദിവസം കൊണ്ട് (2018 ജൂലൈ 26) അദാനി കമ്പനി കണ്ടെത്തിയ മുഖ്യ വായ്പാ ദാതാവായ ധനകാര്യ സ്ഥാപനം അംഗീകരിച്ചിട്ടുള്ള പദ്ധതി തുകയുടെ 25% അദാനി കമ്പനി ചെലവഴിക്കേണ്ടതും ആയതിന്റെ പകുതിയെങ്കിലും തുറമുഖത്തിന്റെ നിർമ്മിതികളിൽ ആയിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുമുണ്ട്. സീനിയർ ലെൻഡർ (Senior Lender) അംഗീകരിച്ചിട്ടുള്ള പദ്ധതിച്ചെലവ് 4168 കോടി രൂപയാണ്. ഇപ്രകാരം കണക്കാക്കുമ്പോൾ കുറഞ്ഞത് 1042 കോടി രൂപ അദാനി ചെലവഴിക്കേണ്ടതും ഇതിൽ 521 കോടി രൂപ നിർമ്മിതികളിലും ആയിരിക്കണമെന്നുണ്ട്. എന്നാൽ രണ്ടാം നാഴികക്കല്ല് തീയതിയിൽ നടത്തിയ നിക്ഷേപം ചെലവഴിക്കേണ്ട 25%-ൽ കുറവായതിനാൽ 18.96 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് അദാനി തുറമുഖ കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കുവേണ്ട ഉപകരണങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിനായി ബാങ്കിൽനിന്ന് എടുത്തിട്ടുള്ള പിൻവലിക്കാനാവാത്ത (irrevocable) Letter of Credit ചെലവായി പരിഗണിക്കണമെന്നും റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയ ചെലവുകൂടി ഉൾപ്പെടുത്തണമെന്ന അദാനി കമ്പനിയുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിഴിഞ്ഞം തുറമുഖ കമ്പനി പരിശോധിച്ചുവരികയുമാണ്.

(സി) 2535 മീറ്റർ നീളത്തിൽ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം, 33 ഹെക്ടർ ഡ്രെഡ്ജിംഗ് & റിക്ലമേഷൻ വർക്കുകൾ, ബെർത്ത് നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള പൈലിംഗ്, കോൺക്രീറ്റ് പ്രീകാസ്റ്റ് യൂണിറ്റുകൾ എന്നിവയുടെ പണികൾ, കണ്ടെയ്നർ യാർഡ്, അനുബന്ധ കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം, തുറമുഖ പ്രവൃത്തിക്കാവശ്യമായ ക്രെയിനുകൾ ഉൾപ്പെടെയുള്ള യന്ത്രോപകരണങ്ങൾ സ്ഥാപിക്കൽ, ദേശീയ പാത 66-നെ തുറമുഖവുമായി ബന്ധിക്കുന്ന നാലുവരിപ്പാതയുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.

(ഡി) തുറമുഖത്തിന്റെ നിർമ്മാണഘട്ടത്തിൽ പ്രദേശനിവാസികളെ അദാനി കമ്പനി നിർമ്മാണ ജോലികൾക്കായി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നതോടെ തദ്ദേശവാസികൾക്ക് തുറമുഖാനുബന്ധ തൊഴിലുകളിൽ മുൻഗണന നൽകുന്നതിനായി വിവിധ തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ അദാനി കമ്പനി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി പൂർത്തീകരിക്കുമ്പോൾ നേരിട്ടുള്ളതും അല്ലാതെയുമായ അനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കണക്കാക്കുന്നത്.

## നോൺ മേജർ തുറമുഖങ്ങളുടെ വികസനം

373 (388) ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. എം. മുകേഷ്:

ശ്രീ. എ. എം. ആരിഫ്:

ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനപ്പെരുപ്പംമൂലമുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ കണക്കിലെടുത്തും ചെലവു കുറവു പരിഗണിച്ചും സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ വഴിയുള്ള ചരക്കു കടത്ത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയും അതിനു നൽകിവരുന്ന ഇളവുകളും എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ ലക്ഷ്യത്തോടെ സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങൾ വികസിപ്പിക്കാനായി നടത്തിവരുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(സി) കൊളംബോയിൽ നിന്ന് കൊല്ലത്തേയ്ക്ക് കാർഗോ സർവ്വീസ് തുടങ്ങാൻ സർക്കാർ തലത്തിൽ നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണ്;

(ഡി) ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടി ഇറക്കുമതി കൊല്ലം തുറമുഖം വഴിയാക്കുന്നതിനുള്ള തടസ്സം എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ റോഡ്/റെയിൽ സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ വേണ്ടിയാണ് ബദൽ സംവിധാനം എന്ന നിലയ്ക്ക് തീരദേശ കപ്പൽ ഗതാഗത പദ്ധതി തുറമുഖ വകുപ്പ് നടപ്പിലാക്കിവരുന്നത്. നിലവിൽ റോഡ്/റെയിൽ മാർഗ്ഗമുള്ള ചരക്കുകളെയും യാത്രക്കാരെയും താരതമ്യേന ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ തീരദേശ കപ്പൽ ഗതാഗത മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി കിലോമീറ്ററിന് ടണ്ണിന് ഒരു രൂപ എന്ന നിരക്കിൽ അനുവദിച്ചിരുന്ന ഇൻസെന്റീവ് ടണ്ണിന് മൂന്ന് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്ലിംഗ് ചാർജ്ജുകൾ ഏകീകരിക്കുകയും 50% ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ നിലവിൽ കണ്ടെയ്നർ ചരക്ക് നീക്കത്തിനായി സജ്ജീകരിച്ചിട്ടുണ്ട്.

(ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം വർദ്ധിപ്പിക്കുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ കട്ടർ സക്ഷൻ ഡ്രെഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വിടി.എം.എസ്. മുതലായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേയ്ക്ക് അടുപ്പിക്കുന്നതിനായി എം.ടി. കേരളം, എം.ടി. മലബാർ തുടങ്ങിയ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ക്ലിയറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലും കസ്റ്റംസ് ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ imigration/Plant Quarantine Clearance-ന് ആവശ്യമായ സ്ഥിരം സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ട അനുമതി കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൊളംബോ-കൊല്ലം ചരക്ക ഗതാഗതം ആരംഭിക്കുന്നതിന്റെ ഭാഗമായി 25-10-2018-ന് കൊല്ലം ഗസ്റ്റ്ഹൗസിൽ യോഗം ചേർന്നിരുന്നു. Express Seeders എന്ന ഗ്രൂപ്പ് കാർഗോ കൊണ്ടുവരുന്നതിന് താൽപ്പര്യം പ്രകടിപ്പിക്കുകയും അതിനായി എമിഗ്രേഷൻ സൗകര്യം അടിയന്തരമായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ കൊല്ലം തുറമുഖത്ത് തോട്ടണ്ടി ഉൾപ്പെടെയുള്ള ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാർഗോ ഓണേഴ്സും വ്യാപാരികളും നിലവിലുള്ള രീതിയിൽനിന്ന് മാറി ചെറുകിട തുറമുഖങ്ങളിലൂടെ ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യവും നിലവിലുണ്ട്.

### ചരിത്ര സ്മാരകം ഏറ്റെടുക്കൽ

374 (389) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര സ്മാരകമായ മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളിയും സ്ഥലവും ഏറ്റെടുക്കുന്നതിനായി പുരാവസ്തു വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഇതിനായി സാംസ്കാരിക വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ ;

(സി) അനുവദിച്ച തുക എത്രയെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള എറണാകുളം ജില്ലയിലെ മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളിയും അനുബന്ധ സ്ഥലവും വില നൽകി ഏറ്റെടുക്കുന്നതിനായി 20-6-2018-ലെ സ.ഉ. (സാധാ) നമ്പർ 401/2018/സാം.കാ.വ. നമ്പർ പ്രകാരം 91.45 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്മാരകവുമായി ബന്ധപ്പെട്ട ബാദ്ധ്യതകൾ തീർത്ത് ടി സ്ഥലം കൈമാറുന്നതിനായി തുക എറണാകുളം ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതുമാണ്. ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 20-6-2018-ലെ സ.ഉ. (സാധാ) നം.401/2018/സാം.കാ.വ. നമ്പർ ഉത്തരവുപ്രകാരം 91.45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുരാവസ്തു വകുപ്പിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ

375 (390) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ഉൾപ്പെടുന്ന മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ക്ഷേത്രത്തിന്റെ സംരക്ഷണത്തിനായി പുരാവസ്തു വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ കുണ്ടമൺകടവ് പാലം ചരിത്ര സ്മാരകമായി സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ നടപടികൾ എന്തായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ അരുവിക്കര ക്ഷേത്രത്തിന്റെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ വിനിയോഗിച്ച് നാശോൻമുഖമായിരുന്ന ശ്രീകോവിലുകളുടെ സംരക്ഷണം, ബലപ്പെടുത്തൽ, ക്ഷേത്രത്തിനു ചുറ്റും കല്ലുകൾ പാകൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കുണ്ടമൺകടവ് പാലം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ട്. ഇതിനായി വകുപ്പിലെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയിൽ ടി സ്മാരകം സംരക്ഷണ യോഗ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി റവന്യൂ വിശദാംശങ്ങൾ ജില്ലാ കളക്ടറിൽനിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആറ്റിങ്ങൽ കൊട്ടാരം

376 (391) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരിത്ര പ്രസിദ്ധമായ ആറ്റിങ്ങൽ കൊട്ടാരം സംരക്ഷിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

ആറ്റിങ്ങൽ കൊട്ടാരം പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുമോയെന്ന വിഷയം പുരാവസ്തു വകുപ്പിലെ സൂപ്രണ്ടിംഗ് ആർക്കിയോളജിസ്റ്റ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സ്മാരകം സംരക്ഷിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ട്. ടി കൊട്ടാരം പുരാവസ്തു സംരക്ഷണ നിയമപ്രകാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി റവന്യൂ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ടിപ്പുവിന്റെ കോട്ട

377 (392) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഫറോക്കിലുള്ള ടിപ്പുവിന്റെ കോട്ടയുടെ അവശേഷിക്കുന്ന ഭാഗം ചരിത്ര സ്മാരകമായി സംരക്ഷിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ബി) ഈ സ്മാരകം സ്ഥിതിചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സ്വകാര്യ വ്യക്തികളിലാണോ; എങ്കിൽ ഇത് ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കോഴിക്കോട് ജില്ലയിലെ ഫറോക്കിലുള്ള ടിപ്പുവിന്റെ കോട്ടയും അനുബന്ധ സ്ഥലവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) 31351/2009, WP(C) 1989/2010 നമ്പറായി രണ്ട് കേസ്സുകൾ നിലവിലുണ്ട്. കോട്ടയും അനുബന്ധ സ്ഥലങ്ങളും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലാണ്. കേസ്സുകൾ നിലവിലുള്ള സാഹചര്യത്തിൽ ടി സ്മാരകത്തിന്റെ സംരക്ഷണ നവീകരണ പ്രവൃത്തികൾ നടത്തുവാൻ വകുപ്പിന് സാധിച്ചിട്ടില്ല.

## നിലമ്പൂർ ഡി.എഫ്.ഒ. ബംഗ്ലാവിന്റെ സംരക്ഷണം

378(393) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള നിലമ്പൂർ ഡി.എഫ്.ഒ. ബംഗ്ലാവ് പുരാവസ്തു സംരക്ഷണ വകുപ്പ് ഏറ്റെടുക്കുമോ;

(ബി) ജീർണ്ണാവസ്ഥയിലായ പ്രസ്തുത കെട്ടിടം നവീകരിച്ച് സഞ്ചാരികൾക്ക് സന്ദർശനം അനുവദിക്കുമോ;

(സി) ഇത് ചരിത്ര സ്മാരകമായി നിലനിർത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ & ബി) നിലമ്പൂർ ഡി.എഫ്.ഒ. ബംഗ്ലാവ് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്തതിനാൽ നിലവിൽ വകുപ്പിന് സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുവാനാകില്ല. ഇത് സംരക്ഷിത സ്മാരകമാക്കണമെന്ന നിർദ്ദേശം ലഭിച്ചാൽ അക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) ടി സ്മാരകത്തിന്റെ ചരിത്രപരവും പുരാവസ്തുപരവുമായ പ്രാധാന്യം പരിശോധിച്ച് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിന്റെ പരിധിയിൽ വരുന്നപക്ഷം ബന്ധപ്പെട്ട ജില്ലാ കളക്ടറിൽനിന്നും റവന്യൂ വിശദാംശങ്ങൾ വാങ്ങി വനം വകുപ്പിന്റെ അനുമതികൂടി തേടി ടി സ്മാരകത്തെ പുരാവസ്തു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്. ടി പ്രാഥമിക വിജ്ഞാപനത്തിനെതിരെ രണ്ട് മാസത്തിനുള്ളിൽ ആക്ഷേപങ്ങൾ ലഭിക്കുന്നപക്ഷം ആയത് പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ടി സ്മാരകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാകുന്നതാണ്. സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പിന് ചെയ്യുവാൻ സാധിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി ജലവിഭവ വകുപ്പുമന്ത്രിയായി 27-11-2018-ന് ചുമതലയേറ്റതിനാൽ അദ്ദേഹത്തിന്റെ നക്ഷത്രചിഹ്നമിട്ട 13-ാം നമ്പർ ചോദ്യവും നക്ഷത്രചിഹ്നമിടാത്ത 184, 251, 284, 285, 356 എന്നീ നമ്പർ ചോദ്യങ്ങളും ഒഴിവാക്കിയിരിക്കുന്നു.

(നക്ഷത്രചിഹ്നമിടാത്ത 18, 42, 50, 151, 157, 191, 195, 197, 243, 345 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(9.57-ന് നിർത്തിവച്ച സഭ രാവിലെ 11.00 മണിക്ക് പുനരാരംഭിച്ചു.)

9.30 AM]

## II അറിയിപ്പ്

### സഭാനടപടികളോടുള്ള സഹകരണം

മി.സ്പീക്കർ: ചോദ്യോത്തരവേളയിൽ നിരന്തരം നിർഭാഗ്യകരമായ നിലയിൽ പെരുമാറുന്നത് ചില അംഗങ്ങൾ ശീലമാക്കിയിരിക്കുകയാണ്. കേരളം നേരിട്ട പ്രളയവുമായി ബന്ധപ്പെട്ട് സുപ്രധാനമായ ചോദ്യങ്ങളാണ് സഭയുടെ മുമ്പാകെ വന്നിരിക്കുന്നത്. അവയ്ക്ക് ഒരുമിച്ച് മറുപടി നൽകുന്നതിന് നാല് ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ട് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ രേഖാമൂലം ചെയറിനോട് ആവശ്യപ്പെട്ടിരുന്നു. അത് പരിഗണിച്ചുകൊണ്ടാണ് നാല് ചോദ്യങ്ങളും ക്ലബ്ബ് ചെയ്യാനുള്ള നിലപാട് ചെയർ സ്വീകരിച്ചത്. എന്നാൽ ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ട് രേഖാമൂലം എഴുതി നൽകിയ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ചോദ്യോത്തരവേള ആരംഭിച്ചയുടൻതന്നെ അസാധാരണമായ നിലയിൽ പ്രതികരിച്ചുവെന്നത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. എന്തിനാണ് തങ്ങളുടെ പ്രതിഷേധമെന്നും ഉന്നയിക്കാൻ പോകുന്നത് എന്താണെന്നും മനസ്സിലാക്കാതെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുപോലും സംസാരിക്കാൻ അവസരം ലഭിക്കാത്ത വിധത്തിലാണ് അംഗങ്ങൾ പെരുമാറിയത്. ചില അംഗങ്ങൾ നിരന്തരമായി ചെയറിന്റെ പ്രവൃത്തിയെയും കാഴ്ചയെയും തടസ്സപ്പെടുത്തുന്നത് ഈ സഭയിൽ ഒരു ശീലമാക്കിയിരിക്കുകയാണ്. അത് ശരിയല്ലെന്ന് പലതവണ പറഞ്ഞിട്ടും അതിനോട് പ്രതികരിക്കുന്നരീതി അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഒരു കാരണവശാലും അത് അനുവദിക്കാനാവില്ലെന്ന് വീണ്ടും സഭയെ ഓർമ്മിപ്പിക്കുകയാണ്. പ്രതിപക്ഷാംഗങ്ങളുടെയും പ്രതിപക്ഷ നേതാവിന്റെയും ജനാധിപത്യപരമായ എല്ലാ അവകാശങ്ങൾക്കും പ്രകടനങ്ങൾക്കും ഒരു തടസ്സവും ചെയറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല. പക്ഷേ, അസാധാരണമായ നിലയിൽ തങ്ങൾക്ക് താൽപ്പര്യമുള്ളപ്പോൾമാത്രം സഭാനടപടികളോട് സഹകരിക്കുന്ന രീതി സ്വീകരിക്കുന്നത് മേലിൽ ഒരു കാരണവശാലും അനുവദിക്കാൻ കഴിയുകയില്ലെന്ന് ശക്തമായി ചെയർ മുന്നറിയിപ്പ് നൽകുകയാണ്. താൽപ്പര്യമുള്ള സന്ദർഭങ്ങളിലും താല്പര്യമുള്ള വിഷയങ്ങൾ വരുന്ന സമയത്തും സഭാനടപടികളുമായി സഹകരിച്ചുപോകുന്ന രീതി ഒരു കാരണവശാലും മേലിലുണ്ടാകരുത്. അത് അനുവദിക്കാതിരിക്കുന്നത് ജനാധിപത്യധ്വംസനമായി ഭാവിയിൽ വിലയിരുത്തുകയും ചെയ്യരുതെന്ന് ചെയർ വളരെ ശക്തമായ നിലയിൽ ആവശ്യപ്പെടുകയാണ്. നിരന്തരമായ ഈ രീതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നതല്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കഴിഞ്ഞ രണ്ടര വർഷക്കാലമായി അങ്ങ് ചെയറിലും ഞങ്ങൾ ഇവിടെയുമുണ്ട്. ഇന്ന് വളരെ അസാധാരണമായ ഒരു സംഭവമാണുണ്ടായത്. ശ്രീ. കെ. എം. ഷാജി തിരിച്ചുവന്ന സന്ദർഭത്തിൽ അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് ഞങ്ങളെല്ലാവരും കയ്യടിച്ചു. ..... (ബഹളം)....

<u>മി. സ്പീക്കർ</u>: ഇതാണ് നിങ്ങളുടെ പ്രശ്നം. ബഹു.പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ബഹളം വയ്ക്കുകയാണ്. പ്ലീസ്.....പ്ലീസ്.....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അതുകഴിഞ്ഞ് ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധ പിടിച്ചുപറ്റാനാണ് ഞാൻ ശ്രമിച്ചത്. എനിക്ക് പറയാനുള്ള കാര്യം പറയാനായി ഞാൻ എഴുന്നേറ്റുനിന്ന് കയ്യുയർത്തി. എനിക്ക് പറയാനുണ്ടായിരുന്നത്, Hon'ble Speaker may suspend the question hour and give us an opportunity to raise the very important issue എന്നതായിരുന്നു. റൂൾ 50 അനുസരിച്ച് ഞങ്ങൾക്ക് സഭയിൽ സംസാരിക്കാനുള്ള അവസരം നൽകണമെന്ന് പറയാൻ ഞാൻ എഴുന്നേറ്റപ്പോൾത്തന്നെ അങ്ങ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്ഷണിച്ചു. രണ്ടാമത്തെ കാര്യം, ബഹുമാനപ്പെട്ട സ്പീക്കറോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് ഞാൻ പറയുകയാണ്, ചോദ്യോത്തരവേള ഒരു മണിക്കൂറാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാൽപ്പത്തിയഞ്ച് മിനിട്ട് മറുപടി പറഞ്ഞു.

<u>മി. സ്പീക്കർ</u>: ഇക്കാര്യം അങ്ങ് നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്. ..... (ബഹളം)....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സാധാരണഗതിയിൽ മറ്റ് മന്ത്രിമാരുടെ മറുപടി നീണ്ടുപോയാൽ അത് മേശപ്പുറത്തുവയ്ക്കാൻ അങ്ങ് പറയും. ഇന്നിവിടെ മേശപ്പുറത്തുവയ്ക്കാൻ അങ്ങ് പറഞ്ഞില്ല. അതാണ് പ്രതിപക്ഷാംഗങ്ങൾക്ക് പ്രകോപനമുണ്ടായത്. അല്ലാതെ ചെയറിനോടുള്ള അനാദരവല്ല. അങ്ങ് അങ്ങനെ കരുതേണ്ട കാര്യമില്ല. ചെയറിനോട് ഞങ്ങൾക്ക് ബഹുമാനം മാത്രമേയുള്ളൂ. പക്ഷേ, മറ്റ് മന്ത്രിമാർക്ക് നൽകിയ അവകാശം ഇന്നിവിടെ ചെയർ പാലിക്കപ്പെട്ടിട്ടില്ല എന്നുള്ളതിനാലാണ് പ്രതിപക്ഷത്തിന് കൂടുതൽ പ്രകോപനമുണ്ടായതെന്നുള്ള കാര്യം അങ്ങ് ഓർക്കണം. അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടാണ് ഞാനിത് പറയുന്നത്.

<u>മി. സ്പീക്കർ</u>: ചോദ്യോത്തര വേളയിൽ എന്താണ് സംഭവിച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യാനാവശ്യപ്പെട്ട അംഗങ്ങളുടെ പേര് പറയുകയും ആ ചോദ്യങ്ങളെല്ലാം ക്ലബ്ബ് ചെയ്തതായി സഭയെ അറിയിക്കുകയും അവയ്ക്കുള്ള ഉത്തരം ബഹു. മുഖ്യമന്ത്രിക്ക് നൽകാവുന്നതാണെന്ന് പറയുകയും

ചെയ്തശേഷം അദ്ദേഹം എഴുന്നേറ്റ് മിനിട്ടുകൾക്കുശേഷമാണ് പ്രതിഷേധ പ്രകടനം ആരംഭിച്ചത്. ആ പ്രതിഷേധ പ്രകടനത്തിന്റെ ഭാഗമായി അവർ താഴെയിറങ്ങി വന്നതിനുശേഷമാണ് അങ്ങ് എഴുന്നേറ്റുനിന്ന് ആവശ്യപ്പെട്ടത്. അതാണ് സംഭവിച്ചതെന്ന് നമുക്കറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാനുള്ള അവകാശം നിഷേധിക്കുന്നത് ചെയറിന്റെ ഭാഗത്തുനിന്നല്ല, അങ്ങ് സംസാരിക്കുന്നതിനുമുമ്പ് അങ്ങയുടെ പുറകിലിരിക്കുന്ന അംഗങ്ങളുടെ നിലപാടിന്റെ ഭാഗമായിട്ടാണെന്ന് മനസ്സിലാക്കണം.

## III അടിയന്തരപ്രമേയം

ശബരിമലയിലെ അനാവശ്യ നിയന്ത്രണങ്ങൾ

മി. സ്പീക്കർ: അനാവശ്യ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിച്ചതുമൂലം ശബരിമലയിലുണ്ടായിട്ടുള്ള സമരകോലാഹലങ്ങളും ഭീകരാന്തരീക്ഷവും അതിക്രമങ്ങളും കാരണം തീർത്ഥാടകർ ശബരിമലയിൽ പോകാൻ ഭയപ്പെടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, സി. എഫ്. തോമസ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ,........

മി. സ്പീക്കർ: എന്താണ് അങ്ങേയ്ക്ക് ഉന്നയിക്കാനുള്ളത്. .....(ബഹളം)....

## IV ക്രമപ്രശ്നം

അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി

ശ്രീ. എസ്. ശർമ്മ: സർ, ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ നൽകിയിരിക്കുന്ന അടിയന്തരപ്രമേയത്തിന് അനുവാദം നൽകാൻ പാടില്ലെന്ന ക്രമപ്രശ്നം ഞാൻ ഉന്നയിക്കുകയാണ്. .....(ബഹളം).... ബഹുമാനപ്പെട്ട ചെയറിന് ഞാനിത് നേരത്തെ എഴുതി നൽകിയിട്ടുണ്ട്. അതുകൊണ്ട് അത് ഉന്നയിക്കാനുള്ള അവകാശമില്ലേ? കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 52(7) പ്രകാരം ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു കോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല. ലോക്സഭാ നടപടിക്രമവും കീഴ്വഴക്കവുമനുസരിച്ച് സുപ്രീംകോടതി വിധി ചർച്ച ചെയ്യുന്നതിനുള്ള ആവശ്യം അടിയന്തരപ്രമേയത്തിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല (ലോക്സഭാ നടപടിക്രമം,

തീയതി 25-7-1985). ശ്രദ്ധ ക്ഷണിക്കൽ, ചോദ്യങ്ങൾ, അടിയന്തര ചോദ്യങ്ങൾ, അര മണിക്കൂർ ചർച്ച തുടങ്ങിയവയിൽ ഉൾപ്പെട്ടിട്ടുള്ള വിഷയങ്ങൾക്ക് അടിയന്തരപ്രമേയം അനുവദിക്കുന്നതല്ല. 8-7-1960, 26-9-1969, 19-7-1987 എന്നീ ദിവസങ്ങളിലുണ്ടായിട്ടുള്ള നിയമസഭാ നടപടികളിലെ മൂന്ന് റൂളിംഗുകൾ ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഇന്ന് സഭയിൽ ഉത്തരം നൽകാനായി നോട്ടീസ് നൽകിയ മുപ്പത് ചോദ്യങ്ങളുള്ളതിൽ എട്ട് ചോദ്യങ്ങളും ശബരിമലയുമായി ബന്ധപ്പെട്ടുള്ളതാണ്. അതുകൊണ്ട് അടിയന്തരപ്രമേയം അനുവദിക്കാൻ പാടുള്ളതല്ല. ഭരണഘടനാ വ്യവസ്ഥയുടെ വ്യാഖ്യാനം ആവശ്യമായി വരുന്നപക്ഷം അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കാവുന്നതാണ്. ലോക്സഭാ ചർച്ചയുടെ പശ്ചാത്തലത്തിൽ റൂളിംഗ് നൽകിയിട്ടുള്ളത് 14-11-1952-ലാണ്. ഭരണഘടനാ ബഞ്ച് ശബരിമലയെ സംബന്ധിച്ച് വിധി പ്രസ്താവിച്ചിരിക്കുന്ന സാഹചര്യത്തിൽ അടിയന്തരപ്രമേയം അനുവദിക്കാൻ പാടുള്ളതല്ല. 1898-ലെ ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് 144-ാം വകുപ്പ് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കാവുന്നതാണ്. നിരോധനാജ്ഞ പിൻവലിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്ന പ്രശ്നം സംബന്ധിച്ച് അവതരണാനുമതി പോലും കൊടുക്കരുതെന്ന ലോക്സഭയിലുണ്ടായിട്ടുള്ള റൂളിംഗാണ് ഞാനിവിടെ ചൂണ്ടിക്കാണിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി 27-11-2018-ലെ ഉത്തരവിൽ സർക്കാരിന്റെ നടപടികളെ അംഗീകരിക്കുന്നതായും നിരോധനാജ്ഞയിൽ ഇടപെടുന്നില്ലെന്നും പറയുകയും മണ്ഡലകാലം നിരീക്ഷിക്കാൻ മുൻ ഹൈക്കോടതി ജഡ്ജിമാരടങ്ങിയ മൂന്നംഗ സമിതിയെ നിയമിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ അനുവാദം നൽകാൻ പാടില്ല. .....(ബഹളം).... ഈ വിഷയത്തെ സംബന്ധിച്ച് ലോക്സഭയിൽ നടത്തിയിട്ടുള്ള റൂളിംഗും കേരള നിയമസഭയിൽ നടത്തിയിട്ടുള്ള റൂളിംഗും സബ്ജ്യൂഡീസ് ആകുമെന്ന ചട്ടം 52(7) അനുസരിച്ച് ഇന്ത്യയിലെവിടെയെങ്കിലും വിചാരണ കോടതിയിലുള്ള വിഷയം പ്രമേയമായി കൊണ്ടുവരാൻ പാടില്ല. വരുന്ന ജനുവരി മാസം 22-ാം തീയതി സുപ്രീംകോടതി വിചാരണ കേൾക്കാൻ പോകുകയാണ്. ജനുവരി 22-ന് ഓപ്പൺ കോർട്ടിൽ വാദങ്ങൾ കേൾക്കാൻ സുപ്രീംകോടതി പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇവിടെ ചർച്ച ചെയ്യപ്പെടുന്നത് സബ്ജ്യൂഡീസ് ആയിരിക്കും. അതുകൊണ്ട് ഇതിന് അനുവാദം കൊടുക്കാൻ പാടില്ലെന്ന കാര്യം ഞാൻ അറിയിക്കുകയാണ്. .....(ബഹളം)....

മി. സ്പീക്കർ: ഇക്കാര്യത്തിൽ ചെയറിന്റെ നിലപാട് സഭയെ അറിയിക്കുകയാണ്. ....(ബഹളം)... ശ്രീ. എസ്. ശർമ്മ വ്യത്യസ്തമായൊരു അഭിപ്രായം ഉന്നയിച്ചതിന് മറുപടി പറയണ്ടേ? (....ബഹളം...) ഒന്നും പറയാൻ പാടില്ലേ; അത് അംഗീകരിക്കണോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ അഭിപ്രായം പറയുന്നതിനുമുമ്പ് ഒരു പ്രധാന കാര്യം എനിക്ക് പറയാനുണ്ട്. സാധാരണഗതിയിൽ റൂൾ 50 അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ഒരിക്കലും പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാറില്ല. പ്രത്യേകിച്ച്, ശൂന്യവേളയിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് അസാധാരണ നടപടിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംസാരിക്കാനായി ചെയർ ക്ഷണിച്ചതിനുശേഷം ഇത് അനുവദിച്ചത് ശരിയല്ല. മാത്രമല്ല അതിന്റെ പേരിൽ ശ്രീ. എസ്. ശർമ്മ ഒരു പ്രസ്താവന നടത്തിയതും ശരിയായ നടപടിയല്ലെന്ന് ഞാൻ ചൂണ്ടിക്കാട്ടുന്നു.

## V റൂളിംഗ്

മി. സ്പീക്കർ: സഭ നടന്നുകൊണ്ടിരിക്കുന്ന സമയത്ത് അംഗങ്ങൾക്ക് ഏത് സന്ദർഭത്തിലും ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്. സാങ്കേതികമായ ചില കാര്യങ്ങൾ ശ്രീ. എസ്. ശർമ്മ ഇവിടെ ഉന്നയിക്കുകയുണ്ടായി. സാങ്കേതികമായ കാര്യങ്ങൾമാത്രം പരിഗണിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നത് പലപ്പോഴും പ്രായോഗികമല്ലെന്നുള്ളത് അറിയാവുന്നതാണ്. അങ്ങനെയാണ് കീഴ്‌വഴക്കങ്ങളുണ്ടാകുന്നത്. നമ്മുടെ രാജ്യത്തിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള വിഷയമെന്ന നിലയിൽ ആ വിഷയം സഭയിൽ വരുന്നത് ഉചിതമല്ലെന്ന നിലപാട് സ്വീകരിക്കാൻ നിർവ്വാഹമില്ല. സഭയ്ക്ക് വികാരങ്ങളുടെ പ്രതിഫലനം (expression of feel) എന്ന ദൗത്യംകൂടിയുണ്ടെന്നുള്ളത് നാം മനസ്സിലാക്കണം. ശബരിമല വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇന്നലെ ഏതാനും ചില കാര്യങ്ങളിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു നിയമപ്രശ്നം ഹൈക്കോടതിയുടെ മുന്നിൽ നിലവിലില്ലെന്നാണ് ചെയർ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെ സംബന്ധിച്ച കാര്യങ്ങൾ പ്രത്യക്ഷമായോ അടിയന്തരപ്രമേയമായോ നോട്ടീസിൽ ഉന്നയിച്ചിട്ടില്ല. ശ്രദ്ധക്ഷണിക്കൽ, ചോദ്യങ്ങൾ, സബ്മിഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അടിയന്തരപ്രമേയമായി അനുവദിച്ച നിരവധി സന്ദർഭങ്ങൾ ഈ സഭയിലും കഴിഞ്ഞ സഭകളിലും ഉണ്ടായിട്ടുണ്ട്. അതൊരു തടസ്സമായി കരുതാനാകില്ല. ഭരണഘടനാ വ്യാഖ്യാനവുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്ന പതിവ് ഈ സഭയിലുണ്ടായിട്ടില്ല. അതുകൊണ്ട് ശ്രീ. എസ്. ശർമ്മയുടെ വാദം പ്രസക്തമല്ല. ശബരിമലയിൽ അടുത്തകാലത്തുണ്ടായ പൊതുവായ കാര്യങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യമാണ് പ്രമേയത്തിൽ ഉന്നയിച്ചിരിക്കുന്നത്. അതിൽ ക്രമരഹിതമായി എന്തെങ്കിലുമുള്ളതായി ചെയറിന് തോന്നിയിട്ടില്ല. സഭയുടെ കീഴ്‌വഴക്കത്തിന്റെ ലംഘനവും ഇക്കാര്യത്തിലുള്ളതായി കാണുന്നില്ല.

## അടിയന്തരപ്രമേയം (തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് പുറപ്പെടുവിച്ച വിധി നടപ്പിലാക്കുക എന്നത് ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. അതാണ് സംസ്ഥാന സർക്കാർ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പക്ഷേ, ആ വിധി അംഗീകരിക്കുകയില്ലെന്ന നിലപാട് സ്വീകരിച്ച് പ്രക്ഷോഭവുമായി മുന്നോട്ട് പോകുകയാണ് യു.ഡി.എഫ്.-ഉം സംഘപരിവാറും. ഇതിന് ഭക്തരുടെ പേരാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇത് രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ടുള്ള നിലപാടാണ്. ഈ നിലപാടിന്റെ ഭാഗമായിട്ടാണ് ശബരിമലയിൽ പ്രക്ഷോഭത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചത്. ഭക്തജനങ്ങൾക്ക് ശബരിമല സന്ദർശിക്കുന്നതിന് സാധാരണ നിലയിൽ തടസ്സങ്ങളുണ്ടാകാൻ പാടില്ല. പക്ഷേ, ഭക്തർക്ക് ശബരിമല സന്ദർശനത്തിന് തടസ്സം സൃഷ്ടിക്കുന്ന സ്ഥിതിവിശേഷവും ഇവിടെയുണ്ടായി. ഇത്തരത്തിൽ ബോധപൂർവ്വം കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന ഒരു സംഘം ശബരിമലയിലെത്തുകയാണ്. ഇവരെ മാറ്റിനിർത്തുക എന്നത് ശബരിമലയുടെ ശാന്തിക്കും സമാധാനത്തിനും ഒഴിച്ചുകൂടാനാകാത്തതാണ്. കുഴപ്പമുണ്ടാക്കുന്നവരെ മാറ്റിനിർത്തി ഭക്തജനങ്ങൾക്ക് സുരക്ഷയൊരുക്കുകയെന്നത് സാധാരണ ഭക്തരെല്ലാം ആഗ്രഹിക്കുന്ന കാര്യമാണ്. സാധാരണ ഭക്തർക്കാവശ്യമായ സുരക്ഷയൊരുക്കുന്ന നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ ശബരിമലയിലെ പ്രശ്നങ്ങൾക്ക് കാരണമായിട്ടുള്ളത് ഈ രീതിയിൽ രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ട് ഇടപെടുന്ന സ്ഥിതിവിശേഷമാണ്. കോടതിവിധി വന്നതിനു ശേഷമുണ്ടായ സംഭവവികാസങ്ങൾ പരിശോധിച്ചാൽ ഇക്കാര്യമെല്ലാം വ്യക്തമാകും. സുപ്രീംകോടതി വിധി പുറപ്പെടുവിച്ച് കഴിഞ്ഞപ്പോൾ ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ സംഘടനകളും പ്രമുഖ വ്യക്തികളുമെല്ലാം അതിനെ പിന്തുണയ്ക്കുന്ന നിലപാടാണ് സ്വീകരിച്ചത്. നമുക്കെല്ലാം അറിയാവുന്നതുപോലെ 12 വർഷം സുപ്രീംകോടതിയിൽ ഈ കേസ് നടന്നിട്ടുണ്ടായിരുന്നു. കേസ് നടക്കുന്ന ഘട്ടത്തിലും വിധി വന്നയുടനെയും ഇന്ത്യൻ നാഷണൽ കോൺഗ്രസും ബി.ജെ.പി.-യും ഈ സഭയിലെ പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവരും പ്രകടിപ്പിച്ച അഭിപ്രായം പൊതുസമൂഹം കണ്ടിട്ടുള്ളതാണ്. കേസ് നടക്കുന്ന ഘട്ടത്തിൽ സ്ത്രീകൾക്കനുകൂലമായ ആരാധനാ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ പുരുഷന് തുല്യമായ അവകാശം സ്ത്രീക്കുമുണ്ടെന്ന നിലപാടാണ് കോൺഗ്രസും ബി.ജെ.പി.-യും സ്വീകരിച്ചിരുന്നത്. കോടതിവിധി വന്നതിനുശേഷം രണ്ടുകൂട്ടരും ആ വിധിയെ അനുകൂലിച്ച് സംസാരിക്കുന്ന നിലയാണുണ്ടായത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അതേ നിലപാടെടുത്ത് ഒന്നുകൂടി കടത്തിപ്പറഞ്ഞു, യു.ഡി.എഫ്. സർക്കാർ സമർപ്പിച്ച അഫിഡവിറ്റ് അപ്രസക്തമായി എന്ന് ബഹു.പ്രതിപക്ഷനേതാവ് പറയുകയും ചെയ്തു. ദേശീയ

തലത്തിലും സംസ്ഥാനതലത്തിലും രാഷ്ട്രീയ പാർട്ടികൾ വിധിയെ പരസ്യമായി അനുകൂലിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ആ സാഹചര്യത്തിൽ വിധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കുക എന്നത് സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യതയാണ്. ഇക്കാര്യത്തിൽ ഭരണഘടനാ ബെഞ്ചാണ് വിധി പുറപ്പെടുവിച്ചത്. സംസ്ഥാന സർക്കാർ ആ കേസ്സിൽ എതിർകക്ഷിയുമാണ്. വിധി നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്. മാത്രമല്ല സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ അവസാന ഭാഗത്ത്, 'വിധി എന്തായാലും അത് സർക്കാർ നടപ്പിലാക്കുമെന്ന് ' പറയുന്നുണ്ട്. അപ്പോൾ വിധി നടപ്പിലാക്കൽ സർക്കാരിന്റെ ഉത്തരവാദിത്വമായി മാറുകയാണ്. വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വരാനിടയുള്ള പ്രശ്നങ്ങൾ സ്വാഭാവികമായി ചർച്ച ചെയ്യണമായിരുന്നു. ഇപ്രാവശ്യം ശബരിമലയെക്കുറിച്ച് ആലോചിക്കുന്ന സമയത്ത് പ്രളയാനന്തരമുള്ള സ്ഥിതിവിശേഷമായിരുന്നുവെന്നത് നാം ഓർക്കണം. പ്രളയത്തെത്തുടർന്ന് വലിയ നാശനഷ്ടമാണ് അവിടെ സംഭവിച്ചത്. ശബരിമലയിൽ എത്തിപ്പെടാൻ വലിയ പ്രയാസമായിരുന്നു. പമ്പയിൽനിന്ന് പോകുന്ന റോഡുകളും പാലങ്ങളുമെല്ലാം പൂർണ്ണമായി തകർന്നുപോയ അവസ്ഥയായിരുന്നു. വലിയ നാശനഷ്ടമാണ് അവിടെയുണ്ടായത്.

പ്രളയാനന്തര പുനർനിർമ്മാണത്തെക്കുറിച്ചുള്ള കാര്യങ്ങൾ സർക്കാർ ആലോചിക്കുമ്പോൾ ശബരിമലയുടെ പുനർനിർമ്മാണത്തിനാണ് ആദ്യം മുൻതൂക്കം നൽകിയത്. കാരണം, അവിടെയുള്ള എല്ലാ സൗകര്യങ്ങളും നശിച്ചുപോയി. ഉത്സവ സമയത്ത് ലക്ഷക്കണക്കിന് ഭക്തരാണ് ദർശനം നടത്താൻ വരുന്നതെന്നുള്ളതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ അവർക്ക് സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കോടതിവിധി വന്നപ്പോൾ, ആ വിധിയുടെ ഭാഗമായി ഉണ്ടാകാനിടയുള്ള പ്രശ്നങ്ങളെന്തെല്ലാമാണെന്ന് സർക്കാർ മനസ്സിലാക്കി. ആരാധനയുടെ കാര്യത്തിൽ പുരുഷനും സ്ത്രീക്കും തുല്യമായ അവകാശം ഉണ്ടോയെന്നാണ് സുപ്രീംകോടതി പരിശോധിച്ചത്. ഭരണഘടനയുടെ മൗലികാവകാശങ്ങൾ ഉറപ്പുനൽകുന്ന കാര്യം ശബരിമലയുടെ കാര്യത്തിൽ പ്രാവർത്തികമാകുന്നില്ലെന്ന് സുപ്രീംകോടതി കണ്ടെത്തി. അതിന്റെ ഭാഗമായാണ് സുപ്രീംകോടതി നിലവിലുള്ള രീതി റദ്ദ് ചെയ്തത്. ആരാധനാ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ പുരുഷന് തുല്യമായ അവകാശം സ്ത്രീക്കുമുണ്ടെന്നുള്ള നിലപാടാണ് സുപ്രീംകോടതിയെടുത്തത്. ഇതിന്റെ ഭാഗമായി 10 വയസ്സിനും 50 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾക്ക് ശബരിമലയിൽ പോകാനുള്ള അനുമതിയാണ് ലഭിക്കുന്നത്. സർക്കാരിനെ സംബന്ധിച്ചിടത്തോളം കോടതിവിധി നടപ്പാക്കുക മാത്രമേ മാർഗ്ഗമുള്ളൂ. 1991-ലെ ഹൈക്കോടതി വിധിയുടെ ഭാഗമായാണ് ശബരിമലയിൽ 10 വയസ്സിനും 50 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾ പോകാൻ പാടില്ലെന്ന നിലപാടെടുത്തത്. ഹൈക്കോടതി അത്തരമൊരു വിധി പുറപ്പെടുവിച്ചപ്പോൾ ഇവിടെ അധികാരത്തിലുണ്ടായിരുന്ന ഗവൺമെന്റുകളൊന്നും ആ വിധി ലംഘിച്ചുകൊണ്ട്

10-നും 50-നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകളെ ശബരിമലയിൽ പോകാൻ അനുവദിക്കുന്ന സ്ഥിതിയുണ്ടായിട്ടില്ല. കേരളത്തിൽ യു.ഡി.എഫും എൽ.ഡി.എഫും മാറിമാറി അധികാരത്തിൽ വന്നിട്ടുണ്ട്. 1991-നുശേഷം 1996, 2006, ഇപ്പോഴുള്ള ഗവൺമെന്റിന്റെ രണ്ട് വർഷത്തിലധികമുള്ള കാലഘട്ടം ഇവയിലൊന്നും ഹൈക്കോടതി വിധിയിൽ നിന്നും വ്യത്യസ്തമായൊരു നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമായിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റും അതേ നിലപാടുതന്നെയാണ് സ്വീകരിച്ചത്. സുപ്രീംകോടതി എല്ലാ വാദങ്ങളും കേട്ടതിനുശേഷം ഇത്തരമൊരു നിലപാടെടുത്തതിനാൽ അത് നടപ്പാക്കാൻ മാത്രമേ സർക്കാരിന് സാധിക്കുകയുള്ളൂ. എന്നാൽ നാട്ടിലുള്ള എല്ലാ സ്ത്രീകളും ശബരിമലയ്ക്ക് പോകണമെന്ന് സുപ്രീംകോടതി പറഞ്ഞിട്ടില്ല. പകരം ആരാധനാ സ്വാതന്ത്ര്യം പുരുഷന് തുല്യമായി സ്ത്രീക്കുമുണ്ടെന്നാണ് പറഞ്ഞത്. അതുകൊണ്ട് ശബരിമലയിൽ പോകാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് അതിനുള്ള അവകാശമുണ്ട്. ഇതിന്റെ ഭാഗമായി ആദ്യ ആലോചനായോഗം നടക്കുമ്പോൾ ഞങ്ങൾ കരുതിയത് ധാരാളം സ്ത്രീകൾ ഇവിടെ വരാൻ പോകുന്നുവെന്നല്ല, ഈ വിധി വന്നതിന്റെ ഭാഗമായി കുറച്ചുപേർ വന്നുവെന്ന് വരാം എന്നാണ്. കാരണം, ഇത് കുറേക്കാലമായി നിലനിൽക്കുന്ന ഒരു സമ്പ്രദായമാണ്. അങ്ങനെ കുറച്ചുപേർ വരുമ്പോൾ ആ സ്ത്രീകൾക്ക് ആവശ്യമായ സൗകര്യങ്ങളും സംരക്ഷണവും ഒരുക്കണ്ടേ? ശബരിമലയുടെ പ്രത്യേകത, വലിയ ആൾക്കൂട്ടമെന്ന നിലയ്ക്ക് അയ്യപ്പനെ ദർശിക്കാൻ പോകുന്ന അവസ്ഥയാണ്. അവിടത്തെ സ്ഥിതിവച്ച് പ്രത്യേക ക്യൂ ഒന്നും പ്രായോഗികമല്ല. ഇതെല്ലാം സർക്കാർ ആലോചിച്ചതാണ്. സ്ത്രീകൾ ആരെങ്കിലും വരികയാണെങ്കിൽ അവർക്കാവശ്യമായ ശൗചാലയങ്ങൾ, കുളിക്കാനുള്ള സൗകര്യം, സുരക്ഷ എന്നിവ ഒരുക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തെക്കുറിച്ച് ദേവസ്വം ബോർഡ് ഉൾപ്പെടെ ആലോചിക്കുന്ന ഘട്ടത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഇത്തരമൊരു ആലോചനയുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഏതെങ്കിലും തരത്തിലുള്ള അനാവശ്യ ധൃതിയൊന്നും കാണിച്ചിട്ടില്ല. സുപ്രീംകോടതി വിധി പുറപ്പെടുവിച്ച സാഹചര്യത്തിൽ ആ വിധി നടപ്പാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമായതിനാൽ അതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി ശൗചാലയങ്ങളും കുളിക്കാനുള്ള സൗകര്യങ്ങളും സുരക്ഷയ്ക്കുള്ള ക്രമീകരണവുമെല്ലാം ഒരുക്കേണ്ടതാണെന്ന് ദേവസ്വം ബോർഡുമായി ചർച്ച ചെയ്യുകയും അതിനാവശ്യമായ നടപടികൾ ദേവസ്വം ബോർഡ് അവിടെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാര്യവുമായി ബന്ധപ്പെട്ടാണ് ശബരിമല തന്ത്രിയെയും പന്തളം കൊട്ടാരത്തിന്റെ പ്രതിനിധികളെയും വിളിച്ച് ചർച്ച ചെയ്യാൻ ഒരു ഘട്ടത്തിൽ സർക്കാർ തയ്യാറായത്. ആ ഘട്ടത്തിൽ എന്തോ കാരണവശാൽ അവർ വരാൻ തയ്യാറായില്ല. അതേസമയം അതുവരെ ഈ വിധിയെ പരസ്യമായി പിന്തുണച്ച യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഈ വിധി നടപ്പാക്കാനാകില്ലെന്ന രീതിയിൽ പരസ്യമായി എതിർക്കുന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. ടി സാഹചര്യത്തിലാണ് അവിടെ സംഘർഷം രൂപപ്പെടുന്നത്.

ശബരിമല സംഘർഷമേഖലയായി മാറിയതെങ്ങനെയെന്നത് നാം ഗൗരവമായി കാണേണ്ടതാണ്. എല്ലാ മലയാള മാസവും ശബരിമല നട തുറക്കാറുണ്ട്, ഭക്തർ അവിടെ പോകാറുമുണ്ട്. തുലാമാസത്തിൽ ശബരിമല നട തുറന്നപ്പോൾ പ്രതിഷേധക്കാർ പന്തൽ കെട്ടി പ്രതിഷേധിക്കാൻ തയ്യാറായി. അവിടെ പ്രതിഷേധമുണ്ടായപ്പോൾ സർക്കാർ പ്രത്യേകമായി ഒരു നടപടിയും സ്വീകരിച്ചില്ലെന്ന് മാത്രമല്ല അത് തടയാനുള്ള നീക്കവും ആരും ചെയ്തില്ല. കാരണം അത് ജനാധിപത്യപരമായ അവരുടെ അവകാശമാണ്. പ്രതിഷേധിക്കുന്നവർ പ്രതിഷേധിക്കട്ടെ എന്ന നിലപാട് മാത്രമേ സർക്കാർ സ്വീകരിച്ചിട്ടുള്ളൂ. യഥാർത്ഥത്തിൽ അവിടെ ഒരു ചെറിയ വിഭാഗം ആളുകൾ ഭക്തരാണെന്ന നാട്യത്തിൽ കുഴപ്പമുണ്ടാക്കാൻ വന്നതാണ്. അവർ ഭക്തർ വരുന്ന വാഹനങ്ങൾ തടയുകയും പരിശോധിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടായി. അതോടൊപ്പം ആക്രമണത്തിലേയ്ക്കും നീങ്ങി. ദേശീയ ശ്രദ്ധയാകർഷിച്ച ഒരു പ്രശ്നമെന്ന നിലയിൽ ഒട്ടേറെ മാധ്യമപ്രവർത്തകരും അവിടെ എത്തി. അതിൽ വനിതാ മാധ്യമ പ്രവർത്തകരടക്കമുള്ളവരെ ആക്രമിക്കുന്ന സ്ഥിതിയുണ്ടായി. ഇത് ദേശീയതലത്തിൽ മാത്രമല്ല, അന്താരാഷ്ട്രതലത്തിൽത്തന്നെ നമുക്ക് അവമതിപ്പ് വരുത്തിവയ്ക്കുകയും ചെയ്തു. ഒരു സർക്കാർ എങ്ങനെയാണ് ഇത്തരം നടപടികളെ വെറുതെ നോക്കിയിരിക്കുക; ഇതെല്ലാം നടന്നോട്ടെയെന്നുള്ള ഒരു നിലപാട് സർക്കാരിന് സ്വീകരിക്കാൻ സാധിക്കുമോ? സ്വാഭാവികമായും ഈ അക്രമസംഭവങ്ങളെ തടയാൻ സർക്കാർ നിർബന്ധിതമാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ മാത്രമാണ് ആ ഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ളത്. അവിടെ ക്രമസമാധാനം പാലിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയ പോലീസിനെതിരെ വിവിധ കേസ്സുകൾ ഉയർന്നുവരുന്നതിനിടയായി. ആ കേസ്സുകൾ കൈകാര്യം ചെയ്തപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അവിടെ നടന്ന കാര്യങ്ങളുടെ ഗൗരവാവസ്ഥ ഹൈക്കോടതിക്ക് ബോദ്ധ്യമായതിനുശേഷമാണ് അത്തരം നിലപാടുകൾ സ്വീകരിച്ചത്. 'ഞങ്ങൾക്ക് സുപ്രീംകോടതി വിധി ബാധകമല്ല, ഞങ്ങൾ നിയമം കയ്യിലെടുക്കും' എന്ന് പ്രഖ്യാപിച്ചാൽ സർക്കാരിന് അത് നോക്കി നിൽക്കാനാകുമോ? നമ്മുടെ രാജ്യത്ത് അയോദ്ധ്യാ ക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് ഈയടുത്ത നാളുകളിലുണ്ടായ സംഭവമുണ്ടല്ലോ? ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സുപ്രീംകോടതിയുടെ അനുമതിയോടെയല്ല ബാബരി മസ്ജിദ് പൊളിച്ചത്, അവിടെ ക്ഷേത്രം പണിയാൻ സുപ്രീംകോടതിയുടെ അനുമതി വേണ്ട എന്ന് പരസ്യമായി പറയുന്ന സംഘപരിവാർ നേതാക്കൾ; അത്തരമൊരു നിലയല്ലേ നമ്മുടെ രാജ്യത്തുണ്ടാകുന്നത്? ഇവിടെ അതിന് തുല്യമായൊരു അവസ്ഥയാണ്. 'ഞങ്ങൾക്ക് സുപ്രീംകോടതി വിധി ബാധകമല്ല, ഞങ്ങൾ നിയമം കയ്യിലെടുക്കും' അങ്ങനെയൊരു സമീപനം അംഗീകരിച്ച്

കൊടുക്കാൻ സർക്കാരിനാകുമോ? സർക്കാരിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാനുള്ള ബാദ്ധ്യതയുണ്ട്. അതനുസരിച്ചുള്ള നടപടികൾ മാത്രമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ക്രമസമാധാനനില തകർക്കാൻ ശ്രമിക്കുമ്പോൾ അത് ഉറപ്പുവരുത്താനുള്ള നടപടി സർക്കാർ സ്വീകരിക്കേണ്ടതായിട്ടുണ്ട്. നിരോധനാജ്ഞ അടക്കമുള്ള നടപടികൾ അതിന്റെ ഭാഗമാണ്. ഇക്കാര്യത്തിൽ നിരോധനാജ്ഞയടക്കമുള്ള നടപടി സ്വീകരിക്കാമെന്നും നവമാധ്യമങ്ങളിലെ പ്രചരണങ്ങൾ നിയന്ത്രിക്കാമെന്നും സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം വന്നുവെന്നതാണ് നമ്മൾ കാണേണ്ടത്. അനിയന്ത്രിതമായ തരത്തിൽ കാര്യങ്ങൾ പോകുമെന്ന് കാണുമ്പോൾ അവിടെ നടപ്പാക്കുന്ന ഒന്നാണല്ലോ നിരോധനാജ്ഞ. ഇപ്പോൾ അയോദ്ധ്യയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ച നടപടി നമ്മൾ കണ്ടില്ലേ; ഏത് സ്ഥലത്തും ഇത്തരത്തിലുള്ള കാര്യങ്ങൾ ഉണ്ടാകുമല്ലോ?

ചിത്തിരയാട്ടവിശേഷത്തിനുവേണ്ടി നവംബർ 5-നാണ് ശബരിമല നട തുറന്നത്. നട തുറക്കുന്ന സമയം മുതൽ തീർത്ഥാടകർ ശബരിമലയിലേയ്ക്ക് പോകുകയാണ് ചെയ്യുന്നത്. തീർത്ഥാടനത്തിന് പോകുന്നുവെന്ന വ്യാജേന ചില അക്രമികൾ അവിടെയെത്തി സമാധാനാന്തരീക്ഷം തകർക്കാനാണ് ശ്രമിച്ചത്; ഭക്തരെ തടയാനുള്ള നടപടികളാണ് അവർ സ്വീകരിച്ചത്. ഒരു അമ്മൂമ്മ പേരക്കുട്ടിയെ ചോറൂണിനുവേണ്ടി കൊണ്ടുവന്നു. 50 വയസ്സ് കഴിഞ്ഞ ആ സ്ത്രീയെയും കൂടെയുള്ളവരെയും ഭീകരമായി മർദ്ദിച്ചത് നമ്മുടെയെല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടതല്ലേ? ഇത് ശബരിമല സന്നിധാനത്തിൽ വച്ചാണല്ലോ നടന്നത്. എവിടെവരെ അക്രമികൾ എത്തിയെന്നും ഏതറ്റംവരെയും അക്രമം നടത്താൻ അവർ സന്നദ്ധരായെന്നുമാണ് ഇത് കാണിക്കുന്നത്. പ്രക്ഷോഭത്തിന്റെ പേരിൽ വന്ന ചിലർ പരസ്യമായി ആചാരം ലംഘിക്കുന്ന കാഴ്ചയും നമുക്ക് കാണാൻ സാധിച്ചല്ലോ? ഇവർക്ക് മുൻകൂട്ടി തയ്യാറാക്കിയ ഒരു പ്രവർത്തന പദ്ധതിയുണ്ടായിരുന്നുവെന്നാണ് ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്. സുപ്രീംകോടതി വിധി നടപ്പിലാക്കുന്നത് തടയുക, ഭക്തജനങ്ങൾക്ക് സമാധാനപരമായി ശബരിമലയിലേയ്ക്ക് പോയിവരാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുക, ഇതിനുവേണ്ടി സംഘർഷങ്ങളുണ്ടാക്കുക എന്നിവയാണ് സുപ്രീം കോടതി വിധി നടപ്പാക്കരുതെന്ന് ആഗ്രഹിച്ചവർ മുൻകൂട്ടി തയ്യാറാക്കിയ പദ്ധതികൾ. ഇതുമായി ബന്ധപ്പെട്ട് നിരവധി വീഡിയോ ദൃശ്യങ്ങളുണ്ട്. ആ വീഡിയോ ദൃശ്യങ്ങൾ ഇക്കാര്യങ്ങൾ കൃത്യമായി വ്യക്തമാക്കുകയാണ് ചെയ്യുന്നത്. ഒരു വെളിപ്പെടുത്തൽ കേട്ട് നമ്മളെല്ലാവരും ആശ്ചര്യപ്പെട്ടുപോയില്ലേ? സന്നിധാനത്ത് ചില കാര്യങ്ങൾ നടന്നാൽ കുറേ ദിവസത്തേയ്ക്ക് ശബരിമല നട

അടച്ചിടും. അതിനുവേണ്ടി രക്തമൊഴുക്കാനും മൂത്രമൊഴിക്കാനും പരിപാടിയുണ്ടായിരുന്നുവെന്ന് ഇതിന്റെതന്നെ പ്രധാനികളിലൊരാൾ പരസ്യമായി പറയുന്ന നില ഉണ്ടായില്ലേ? എത്രമാത്രം അധഃപതിച്ച രീതിയിൽ കാര്യങ്ങൾ ആലോചിച്ചുവെന്നതല്ലേ ഇത് വ്യക്തമാക്കുന്നത്. മറ്റാരും പറഞ്ഞതല്ലല്ലോ; ഇതിന്റെ നേതൃനിരയിൽ ഉണ്ടായിരുന്ന ആൾതന്നെ പറഞ്ഞതാണല്ലോ? ഇവിടെ ചോര വീഴാതെ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുകയെന്നത് സർക്കാരിന്റെ ഒഴിച്ചുകൂടാനാവാത്ത കടമയാണ്. ആ ബാദ്ധ്യതയാണ് സർക്കാർ അവിടെ നിർവ്വഹിച്ചിട്ടുള്ളത്. അക്രമികൾക്ക് അവരുടെ ഇഷ്ടംപോലെ അഴിഞ്ഞാടാൻ അവസരം നൽകാൻ സാധിക്കുമോ? അക്രമം നടത്താൻവേണ്ടി വന്നവരാണെന്ന് കണ്ടെത്തിയാൽ ആ അക്രമികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. ആ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ സ്വീകരിച്ച ഈ നടപടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയടക്കം അംഗീകരിച്ചിട്ടുമുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അക്രമങ്ങൾ അരങ്ങേറുന്ന സ്ഥിതിയുണ്ടായല്ലോ? ചില സാമൂഹ്യസംഘടനകളുടെ ഓഫീസുകൾ ആക്രമിക്കുകയും ജനങ്ങൾക്കിടയിൽ കലാപങ്ങളുണ്ടാക്കാനുള്ള ഗൂഢമായ ഉദ്ദേശ്യവും ചില കേന്ദ്രങ്ങളിൽ നിന്നും ഈ ഘട്ടത്തിൽ ഉണ്ടായല്ലോ? ഇതെല്ലാം നാം ഗൗരവമായി കാണേണ്ട കാര്യമാണ്. ഇതിനെത്തുടർന്നാണ് മണ്ഡല മകരവിളക്ക് ഘട്ടം വരുന്നത്. ഓരോ ദിവസവും ലക്ഷക്കണക്കിനാളുകളാണ് മണ്ഡല മകരവിളക്കുകാലത്ത് ശബരിമലയിൽ എത്തിച്ചേരുന്നത്. ഈ സാഹചര്യത്തിൽ സമാധാനപരമായ തീർത്ഥാടനം ഉറപ്പുവരുത്താൻ എന്തൊക്കെ ചെയ്യാനാകുമെന്ന് ചർച്ച ചെയ്യാനാണ് സർവ്വകക്ഷി യോഗം വിളിച്ചത്. സുപ്രീംകോടതി വിധി നടപ്പിലാക്കുകയെന്നതുമാത്രമേ സർക്കാരിന് വഴിയുള്ളൂവെന്ന് ആ യോഗത്തിന് മുന്നിൽ വിശദീകരിച്ചു. അതിന്റെയടിസ്ഥാനത്തിൽ ശബരിമല തീർത്ഥാടനത്തെ മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താനുള്ള ശ്രമമാണ് സർക്കാർ നടത്തിയത്. ഇക്കാര്യങ്ങൾ തന്ത്രി കുടുംബത്തിന്റെയും പന്തളം കൊട്ടാരം പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയും അവരെ കാര്യങ്ങൾ ധരിപ്പിക്കുകയും ചെയ്യുകയുണ്ടായി. ഇതിനെല്ലാം ശബരിമലയിലെ മണ്ഡല മകരവിളക്ക് തീർത്ഥാടനം സുഗമമായി നടത്താനാകണമെന്ന ഒറ്റ ഉദ്ദേശ്യം മാത്രമേയുണ്ടായിരുന്നുള്ളൂ. അതിനാണ് സർക്കാർ നടപടി സ്വീകരിച്ചത്. മണ്ഡല മകരവിളക്ക് ഘട്ടത്തിൽ ഭക്തർക്ക് സന്നിധാനത്ത് എത്തുന്നതിനും സമാധാനപരമായി ചടങ്ങുകളിൽ പങ്കെടുക്കുന്നതിനും സൗകര്യങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. ആ ഉത്തരവാദിത്വം നിറവേറ്റാനാണ് സർക്കാർ

ശ്രമിച്ചിട്ടുള്ളത്. ചിത്തിരയാട്ടവിശേഷത്തിന്റെ ഘട്ടത്തിലുണ്ടായ ഒരു അനുഭവം നമുക്കുണ്ട്. ഒരു കാരണവശാലും മണ്ഡല മകരവിളക്കുകാലത്ത് അത്തരം നടപടി ഉണ്ടാകാൻ പാടില്ല. ആചാര ലംഘനം നടത്താനോ ഭക്തരെ തടയാനോ പാടില്ലെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അതനുസരിച്ചുള്ള ക്രമീകരണങ്ങളൊരുക്കാനാണ് പോലീസും മറ്റു സർക്കാർ സംവിധാനങ്ങളും അവിടെ പരിശ്രമിച്ചിട്ടുള്ളത്. ചിത്തിരയാട്ടവിശേഷത്തിന്റെ ഘട്ടത്തിലുള്ള അക്രമ പദ്ധതികൾ വീണ്ടും മണ്ഡല-മകരവിളക്ക് കാലത്ത് അവിടെ ആവർത്തിക്കാനുള്ള ശ്രമങ്ങളാണ് ചിലരുടെ ഭാഗത്തുനിന്നും ഉണ്ടായതെന്നത് നാം ഗൗരവമായി കാണേണ്ടത്. ഇതിന്റെ ഭാഗമായി സംഘർഷമുണ്ടാക്കുന്നതിന് പലരും ശ്രമിക്കുകയുണ്ടായി. ഈ സീസണിൽ നിരവധി തവണ അവിടെ എത്തിച്ചേർന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് നേതൃത്വം നൽകിയ സംഘപരിവാർ നേതാവ് മറ്റു ചിലരോടൊപ്പം രാത്രി അവിടെ കടന്നുവന്നു. ആദ്യ ദിവസംതന്നെ നടപ്പന്തൽ സമര കേന്ദ്രമാക്കി കുഴപ്പങ്ങൾ സൃഷ്ടിക്കാനുള്ള ആസൂത്രിത നീക്കമായിരുന്നു ഇക്കൂട്ടരുടെ ഭാഗത്തുനിന്നും ഉണ്ടായത്. ശബരിമലയുടെ ഹൃദയസ്ഥാനം നടപ്പന്തലാണ്. ആ നടപ്പന്തൽ കൈപ്പിടിയിലൊതുക്കുക, തങ്ങളുടെ നിയന്ത്രണത്തിൽ ശബരിമലയെ കൊണ്ടുവരിക ഇതായിരുന്നു ഈ വിഭാഗം ആഗ്രഹിച്ചത്. അത് നടപ്പാക്കാനാണ് അവർ ശ്രമിച്ചതും. സ്വാഭാവികമായും ആ ആസൂത്രണത്തെ ഫലപ്രദമായി തടയേണ്ടതുണ്ട്; അത് പോലീസിന്റെ ചുമതലയാണ്. ആ ചുമതല നിറവേറ്റുന്ന നിലപാട് പോലീസ് അവിടെ സ്വീകരിച്ചിട്ടുണ്ട്. അതേസമയം ഭക്തർക്ക് ഉത്സവകാലത്ത് സൗകര്യപ്രദമായി അവിടെ എത്തിച്ചേരാനാകണം. അക്രമികൾക്ക് തമ്പടിക്കാനുള്ള സ്ഥലമാക്കി സന്നിധാനത്തെ മാറ്റാൻ കഴിയില്ല. അത്തരം പരിശ്രമങ്ങളെ തടയണം. ഒരു ഭാഗത്ത് ഭക്തർക്ക് എല്ലാ സൗകര്യവുമുണ്ട്; ഭക്തർക്ക് അസൗകര്യമുണ്ടാക്കുന്ന അക്രമികളെ തടയുക; ഇത് രണ്ടുംചേർന്ന നടപടിയാണ് പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഇവിടെ ആവർത്തിച്ച് വ്യക്തമാക്കാനുള്ള കാര്യം, ഇത് വിശ്വാസികൾക്കെതിരെയുള്ളതല്ല, വിശ്വാസികളെ സംരക്ഷിക്കാൻ വിശ്വാസികളുടെ കൂടെനിന്നുകൊണ്ടുള്ള നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഇവിടെ വിശ്വാസത്തിന്റെ പേരിൽ ഗൂഢമായ രാഷ്ട്രീയ പദ്ധതികളും മതപരമായ ഭിന്നതകളും സൃഷ്ടിക്കാൻ പദ്ധതിയിടുന്നവരുണ്ട്. ഭക്തർക്ക് അവിടെ പോകാം. പക്ഷേ, കുഴപ്പങ്ങൾ സൃഷ്ടിക്കാനുദ്ദേശിക്കുന്നവരെ ശബരിമലയിൽനിന്ന് മാറ്റിനിർത്തുന്നതിനുള്ള ഇടപെടലുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംഘർഷം സൃഷ്ടിക്കുന്നവരെ ശക്തമായ നടപടികളിലൂടെ മാറ്റിനിർത്താൻ ശ്രമിച്ചപ്പോൾ എന്തായിരുന്നു അതിന്റെ ഫലം? നമ്മുടെ കൺമുന്നിൽ അതിന്റെ ഫലമുണ്ട്. ചിത്തിരയാട്ടവിശേഷ സമയത്ത് അല്ലെങ്കിൽ

തുലാമാസ പൂജയുടെ ഘട്ടത്തിലുണ്ടായതുപോലെയുള്ള സംഘർഷങ്ങൾ ഈ ഘട്ടത്തിൽ അവിടെയുണ്ടായില്ല. അത് ഈ അക്രമികളെ നിയന്ത്രിക്കാനും തടയാനും കഴിഞ്ഞതുകൊണ്ടാണ്. മണ്ഡല മകരവിളക്കിന് നട തുറന്നതിനുശേഷം ഒരു മാധ്യമപ്രവർത്തകനും ആക്രമണത്തെ നേരിടേണ്ടിവന്നിട്ടില്ല; ഒരു ഭക്തയും ആക്രമിക്കപ്പെട്ടിട്ടില്ല. ശക്തമായ ഇടപെടൽ പോലീസിന്റെ ഭാഗത്തുനിന്നു മുണ്ടായതിന്റെ ഭാഗമായാണ് ഈയൊരു സാഹചര്യം അവിടെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്. സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ വിധിയനുസരിച്ച് ഭക്തർക്ക് സൗകര്യമൊരുക്കുക, അക്രമങ്ങൾ സൃഷ്ടിക്കുന്നവരെ നിയന്ത്രിക്കുക ഇതുമാത്രമേ സർക്കാർ സ്വീകരിച്ചിട്ടുള്ളൂ. പോലീസിന്റെ ഈയൊരു ഇടപെടൽ വലിയ സ്വീകാര്യതയാണ് പൊതുവിലുണ്ടാക്കിയിട്ടുള്ളത്. ശബരിമലയിലെത്തുന്ന ആയിരക്കണക്കിന് ഭക്തരുണ്ട്. ആ ഭക്തരുടെയെല്ലാം പ്രതികരണം ദൃശ്യമാധ്യമങ്ങളിലൂടെ വരുന്നുണ്ട്. അവർക്ക് നല്ലതുപോലെ ദർശനം നടത്തുന്നതിനുള്ള സൗകര്യമൊരുക്കിയതിലുള്ള പരസ്യമായ സന്തോഷപ്രകടനം അവിടെയുണ്ടായിട്ടുണ്ട്. ശബരിമലയിൽ അക്രമങ്ങൾ തടയുന്നതിന് പോലീസ് സ്വീകരിച്ച നടപടിയെക്കുറിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞിട്ടുള്ളതെന്താണ്? അക്രമങ്ങൾ തടയുന്നതിന് പോലീസിന് നടപടികൾ സ്വീകരിക്കാമെന്ന് പറഞ്ഞത് ഹൈക്കോടതി അംഗീകരിച്ചിരിക്കുകയാണ്. ശബരിമലയിലെത്തുന്ന ഭക്തരെ തടയുന്നതിനും അവിടെ കുഴപ്പങ്ങളുണ്ടാക്കുന്നതിനും ശ്രമിക്കുന്നതിനെതിരെ നിരോധനാജ്ഞ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാമെന്ന കാര്യം നേരത്തെതന്നെ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും അതുതന്നെ വ്യക്തമാക്കിയിരിക്കുകയാണ്. ....(ബഹളം)... അഡ്ജസ്റ്റ്മെന്റ് എന്നുപറയുന്നത് ഇതല്ല, അഡ്ജസ്റ്റ്മെന്റ് മുൻകാലത്തുണ്ടായതാണ്. ബാബറി മസ്ജിദ് തകർക്കുമ്പോൾ ഒരാൾ പ്രധാന മന്ത്രിയായി അവിടെ ഇരുന്നിരുന്നില്ലേ? അതാണ് അഡ്ജസ്റ്റ്മെന്റ്. ആ അഡ്ജസ്റ്റ്മെന്റൊന്നും ഈ സർക്കാരിനുണ്ടാവില്ലെന്ന് എല്ലാവർക്കും അറിയാമല്ലോ. ഇവിടെ എന്തോ പറയുന്നത് കേട്ടുകൊണ്ട് ഞാൻ പറഞ്ഞതാണ്, ഇതിന്റെ ഭാഗമല്ല.

മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ശബരിമല നട തുറക്കുമ്പോഴുണ്ടാകുന്ന ക്രമസമാധാന പ്രശ്നം മുന്നിൽ കണ്ടുകൊണ്ട് ജില്ലാ പോലീസ് മേധാവിയുടെ 14-11-2018-ലെ G1/10001/2018/N നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്രമസംഭവങ്ങളുണ്ടാകുമെന്നുള്ള പൂർണ്ണ ബോദ്ധ്യത്താൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ 15-11-2018-ലെ ഉത്തരവ് നമ്പർ DCP TA/8522/2018 B3 Cr.PC 144 വകുപ്പുപ്രകാരം ഇലവുങ്കൽ മുതൽ സന്നിധാനം

വരെയുള്ള എല്ലാ പ്രദേശങ്ങളിലും 15-11-2018 അർദ്ധരാത്രി മുതൽ 22-11-2018 അർദ്ധരാത്രി വരെ നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുള്ളതാണ്. തുടർന്ന് നാല് ദിവസത്തേയ്ക്കുകൂടി നിയമാനുസൃതം നിരോധനാജ്ഞ നീട്ടിക്കൊണ്ട് ഉത്തരവിറക്കി. ഇതിൽ കാണേണ്ടത് ബന്ധപ്പെട്ട അധികാരികളുടെ മുൻറിപ്പോർട്ടിന്മേൽ ജില്ലാ പോലീസ് മേധാവിയുടെ 26-11-2018-ലെ G1/10001/2018/N നമ്പർ റിപ്പോർട്ടിന്റെയും ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിന്റെ 26-11-2018-ലെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അക്രമസംഭവങ്ങളുണ്ടാകുമെന്നുള്ള പൂർണ്ണബോദ്ധ്യത്താൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ 26-11-2018-ലെ ഉത്തരവ് നമ്പർ DCPTA/8522/2018-B3 Cr.PC 144 വകുപ്പുപ്രകാരം ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള എല്ലാ പ്രദേശങ്ങളിലും നിലവിലുള്ള നിരോധനാജ്ഞ 30-11-2018 അർദ്ധരാത്രി വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. ഇതെല്ലാം മന്ത്രിസഭയുടെ അംഗീകാരത്തോടെയുള്ള നിയമ നടപടിയാണ്. ആ പ്രദേശത്തെ സ്ഥിതിഗതികൾ പരിശോധിച്ച് വിലയിരുത്തി കാര്യങ്ങൾ തീരുമാനിക്കാൻ അധികാരമുള്ളവരുടെ നിയമനടപടിയാണ് അവിടെ സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ എടുത്തുമാറ്റണമെന്ന താൽപ്പര്യം ആർക്കാണുള്ളത്? അവിടെയെത്തുന്ന ഭക്തർ ആഗ്രഹിക്കുന്നത് സമാധാനപരമായ ദർശനമാണ്. അതിന് ആരാണ് തടസ്സം സൃഷ്ടിച്ചത്? സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ വിധിയെപ്പോലും അംഗീകരിക്കാത്ത രാഷ്ട്രീയ പാർട്ടികൾ ഭക്തരുടെ പേരിലുണ്ടാക്കിയ സംഘർഷം മാത്രമാണ് ശബരിമലയിലെ വിശ്വാസികൾക്ക് തടസ്സമായി തീർന്നിട്ടുള്ളത്. ഇപ്പോൾ നിയന്ത്രണങ്ങൾ എടുത്തുമാറ്റണമെന്ന് ആവശ്യപ്പെടുന്ന യു.ഡി.എഫ്., ഫലത്തിൽ ശബരിമലയിൽ കലാപമുണ്ടാക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. യഥാർത്ഥത്തിൽ സമരകോലാഹലങ്ങളും ഭീകരാന്തരീക്ഷവും ശബരിമലയിൽ സൃഷ്ടിക്കുന്നത് പ്രക്ഷോഭരംഗത്ത് നിലയുറപ്പിച്ചിട്ടുള്ള രാഷ്ട്രീയ പാർട്ടികളും അവരെ പിന്തുണയ്ക്കുന്നവരുമാണ്. ഇപ്പോൾ സമാധാനപരമായി ശബരിമലയിൽ ഭക്തർക്ക് പോകാനുള്ള സാഹചര്യമാണ് നിലനിൽക്കുന്നത്. സംഘർഷങ്ങൾ സൃഷ്ടിച്ചും ശബരിമലയിൽ കാണിക്കപോലും നൽകരുതെന്നും പ്രചരണം നടത്തുന്നവരാണ് ശബരിമലയെ തകർക്കാൻ രംഗത്തിറങ്ങിയിട്ടുള്ളതെന്ന് കാണണം. അവിടെ ആളുകൾ പോകാൻ പാടില്ല, കാണിക്കയിടാൻ പാടില്ല, എന്നൊക്കെ പ്രചരിപ്പിക്കുന്ന നിലപാട് ചിലർ സ്വീകരിക്കുന്നുണ്ട്. ഇതിനെയെല്ലാം അതിജീവിച്ച് ഭക്തർക്ക് ആത്മവിശ്വാസത്തോടെ വരാനുള്ള സാഹചര്യം സൃഷ്ടിക്കാനാണ് നമുക്ക് കഴിഞ്ഞിട്ടുള്ളത്. അതിനാണ് പോലീസ് ഇടപെടൽ വഴിവച്ചിട്ടുള്ളത്. നട തുറന്ന നവംബർ 16-ന് 15492 തീർത്ഥാടകരാണ് ശബരിമല സന്ദർശിച്ചത്.

പത്ത് ദിവസം കഴിഞ്ഞ് 26-ാം തീയതിയായപ്പോൾ 31608 തീർത്ഥാടകർ ദർശനത്തിന് എത്തിയിട്ടുണ്ട്. ശക്തമായ നിയന്ത്രണം അവിടെയുള്ളതുകൊണ്ട് ആളുകൾ വരാതിരിക്കുകയല്ല; നല്ലതുപോലെ ആളുകൾ വരുന്നുവെന്നുള്ളതാണ് ഇത് കാണിക്കുന്നത്. എന്നാൽ ശബരിമലയിൽ വരാതിരിക്കണം; അവിടെ പോകാൻ പാടില്ല എന്ന പ്രചരണം ഒരുഭാഗത്ത് ശക്തമായി നടക്കുന്നുണ്ട്. അതിനെ അതിജീവിച്ചാണ് ഭക്തർ ഇവിടെ എത്തിയിട്ടുള്ളത്. ഭക്തർക്ക് ദർശനത്തിനുള്ള സൗകര്യം സൃഷ്ടിക്കുന്നതിനാണ് ഇത്തരം നിയന്ത്രണങ്ങൾ. അത് യഥാർത്ഥത്തിൽ അവരെ സഹായിക്കാനുള്ളതാണ്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള ആക്രമണഭീഷണി നിലനിൽക്കുന്ന ഘട്ടംവരെ നിയന്ത്രണം പിൻവലിക്കേണ്ട സാഹചര്യമില്ല. അവിടത്തെ സാഹചര്യം പരിശോധിച്ച് പോലീസും പോലീസിന്റെ റിപ്പോർട്ട് പരിഗണിച്ച് ജില്ലാ ഭരണകൂടവുമാണ് ഇത്തരം നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ഇന്നത്തെ സാഹചര്യത്തിൽ ഭക്തർക്ക് ദർശനം നടത്തുന്നതിന് ഒരു കൂട്ടർ ബോധപൂർവ്വം സംഘർഷമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ ഇത് അനിവാര്യമായിട്ടുള്ള ഒന്നാണ്. അതുകൊണ്ടുതന്നെ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ വർഷത്തെ ശബരിമല സീസണോടനുബന്ധിച്ച് ഭക്തജനങ്ങൾക്ക് സുഖദർശനം നടത്താൻ കഴിയാത്ത സാഹചര്യവും അവിടെ പോലീസ് രാജ് ഏർപ്പെടുത്തി ഭക്തജനങ്ങളെ ചെറുക്കുന്ന സമീപനവുംകൊണ്ട് ശബരിമല ക്ഷേത്രത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകുന്ന പശ്ചാത്തലം ചൂണ്ടിക്കാണിച്ചാണ് ഇന്ന് ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ശബരിമലയിൽ ഇപ്പോൾ നടക്കുന്ന കാര്യങ്ങളെയെല്ലാം അഭിനന്ദിച്ചുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. എന്നാൽ ഇന്നലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ശബരിമലയുടെ ഇപ്പോഴത്തെ സ്ഥിതിയിൽ കടുത്ത വിയോജിപ്പാണ് പ്രകടിപ്പിച്ചത്. എന്തിനുവേണ്ടിയാണ് മൂന്നംഗ സമിതിയെ അവിടെ നിയോഗിച്ചത്? അവിടെ ഒന്നും നടക്കുന്നില്ല, തിരിഞ്ഞുനോക്കാൻ ആളില്ല. ദേവസ്വം ബോർഡ് പ്രസിഡന്റോ മെമ്പറോ കമ്മീഷനോ ചീഫ് എഞ്ചിനീയറോ ഇല്ല. അതുകൊണ്ട് രണ്ട് ഹൈക്കോടതി ജഡ്ജിമാരും അവിടെ നേരത്തെ ചുമതലയുണ്ടായിരുന്ന ഡി.ജി.പി. ശ്രീ. എ. ഹേമചന്ദ്രനും അടങ്ങുന്ന മൂന്നംഗ സമിതിയെ ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ചിരിക്കുകയാണ്. എന്തിനുവേണ്ടിയാണ് മൂന്നംഗ സമിതിയെ നിയോഗിച്ചത്? അവിടത്തെ പ്രവർത്തനങ്ങളെല്ലാം സുഗമമായി നടക്കുന്നതുകൊണ്ടാണോ? ..... (ബഹളം).......

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്......

ശ്രീ. വി. എസ്. ശിവകുമാർ: സർ, കോടതി പറഞ്ഞതെന്താണ്? നാമജപം ആകാം! ശരണം വിളിച്ചുകൊണ്ടല്ലേ ഭക്തർ അവിടെ പോകുന്നത്. നാമജപം നടത്തുന്നവരെ മുഴുവൻ അറസ്റ്റ് ചെയ്യുകയാണ്. നാമജപം ആകാമെന്ന് കോടതി പറയേണ്ട സ്ഥിതിവിശേഷംവന്നു. സ്ത്രീകൾക്കും കുട്ടികൾക്കും പ്രായമായവർക്കും വിരിവയ്ക്കാം. പക്ഷേ, എന്താണ് അവിടെ സംഭവിക്കുന്നത്? തറയിൽ വെള്ളമൊഴിച്ച് അവിടെനിന്നും എല്ലാവരെയും അടിച്ചോടിക്കുകയാണ്. ഭക്തരോട് പോലീസ് ഇടപെടുന്ന രീതിയിൽ മാറ്റമുണ്ടാകണം. അവിടെ എല്ലാം ഭംഗിയായി നടക്കുന്നുവെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇങ്ങനെ പറയുമായിരുന്നോ? ..... (ബഹളം)....... അവർ ബഹളം നിർത്തിയതിനുശേഷം ഞാൻ സംസാരിക്കാം.

മി. സ്പീക്കർ: പ്ലീസ്.......അങ്ങ് സംസാരിക്കൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുക്കാൽ മണിക്കൂറോളം സംസാരിച്ചപ്പോൾ ഇവിടെ ആരും ബഹളം വച്ചില്ലല്ലോ? അവിടെ പോലീസ് നിഷ്പക്ഷമായ തീരുമാനമാണ് എടുക്കുന്നതെന്ന് പറഞ്ഞു. ഒരു പോലീസ് ഉദ്യോഗസ്ഥൻ ഹൈക്കോടതി ജഡ്ജിയെ അവിടെ തടയുകയും അതിനുശേഷം അദ്ദേഹത്തോട് മാപ്പുചോദിക്കുകയും ചെയ്തു. ഹൈക്കോടതി പിന്നീട് പറഞ്ഞതെന്താണ്? ഭക്തർക്ക് ഭക്ഷണം, വെള്ളം, ശുചിമുറി എന്നീ സൗകര്യങ്ങൾ ലഭ്യമാക്കണമെന്നാണ്. പക്ഷേ, ഇതൊന്നും അവിടെയില്ല. ശബരിമലയിൽ ഭക്തർക്ക് താമസിക്കാനുള്ള ഇടങ്ങൾ മുഴുവൻ പൂട്ടിയിട്ടിരിക്കുകയാണ്. അതിലുള്ള അതൃപ്തി കോടതിക്കുണ്ടെന്ന് പറഞ്ഞു കൊണ്ടാണ് ഇക്കാര്യങ്ങൾ മുഴുവൻ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ശബരിമലയുടെ ചരിത്രത്തിൽ ആദ്യമായി ഒരു മൂന്നംഗ നിരീക്ഷണ സമിതിയെ നിയമിച്ചത്. ഇത് ഈ ഗവൺമെന്റിന്റെ കഴിവുകേടല്ലേ? കഴിഞ്ഞ അഞ്ച് വർഷക്കാലം ഇന്ത്യയുടെ പല പ്രദേശങ്ങളിൽനിന്നും കേരളത്തിന്റെ ജനസംഖ്യയുടെ ഇരട്ടി ആളുകളാണ് ശബരിമലയിൽ വന്നുപോയിരുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എന്തെങ്കിലും പ്രശ്നം അവിടെയുണ്ടായിരുന്നോ? ..... (ബഹളം).......

മി. സ്പീക്കർ: നിങ്ങൾ പദാനുപദം മറുപടി പറയുന്നതെന്തിനാണ്?

ശ്രീ. കെ. മുരളീധരൻ: സർ, മുക്കാൽ മണിക്കൂർ ബഹുമാന്യനായ മുഖ്യമന്ത്രി സംസാരിച്ചു. അതിന് ഇവിടെ ആരും ഒന്നും പറഞ്ഞില്ലല്ലോ? ഇവിടെ ആർക്കും എന്തും പറയാമെന്നാണോ?

മി. സ്പീക്കർ: അങ്ങ് ഇരിക്കൂ... .....(ബഹളം)....... ശ്രീ. എം. നൗഷാദ്, ഇവിടെ പദാനപദം മറുപടി പറയേണ്ട...പ്ലീസ്.... അങ്ങ് സംസാരിക്കൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അഞ്ച് വർഷക്കാലം ഏറ്റവും സുഖകരമായി ആളുകൾക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാക്കാത്ത രീതിയിലുള്ള ശബരിമല തീർത്ഥാടനം നടപ്പാക്കാൻ നമുക്ക് കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തി. 1999-ൽ ഹിൽടോപ് ദുരന്തവും 2011-ൽ പുൽമേട് ദുരന്തവുമുണ്ടായി. അതിനൊക്കെ ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ കമ്മിറ്റി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ മുഴുവൻ നടപ്പിലാക്കി. അന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ഇവിടെ ഇരിക്കുന്നുണ്ട്. 530 കോടി രൂപയാണ് ശബരിമലയുടെ വികസനത്തിനുവേണ്ടി അന്നത്തെ ഗവൺമെന്റ് ചെലവഴിച്ചത്. ഹൈ പവർ കമ്മിറ്റിയിൽ ചെയർമാനെ നിയമിച്ച് ഗവൺമെന്റ് 150 കോടി രൂപ അങ്ങോട്ട് കൊടുത്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് രണ്ടര വർഷമായി. ശബരിമലയ്ക്കുവേണ്ടി തുക പ്രഖ്യാപിച്ചതല്ലാതെ അവിടെ എന്തെങ്കിലും ചെയ്തോ?

12.00 Noon

ശബരിമല ഒരു മതേതര ആസ്ഥാനമാണ്; അതൊരു മതേതര സംഗമ സ്ഥാനമാണ്. അവിടെ എല്ലാ മതവിഭാഗത്തിൽപ്പെട്ട വിശ്വാസികളും വന്നുപോകുന്നു. അവിടെയുള്ള വാവർ പള്ളിയിൽ വിശ്വാസികൾക്ക് തേങ്ങ ഉടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ, അർത്തുങ്കൽ പള്ളിയിൽ കാണിക്കയിട്ടാണ് ഭക്തർ വരുന്നത്. ഗുരുസ്വാമിയുടെ നേതൃത്വത്തിൽ ശരണം വിളിച്ച് കൂട്ടമായിവരുന്ന അയ്യപ്പന്മാർ വാവർ സ്വാമിയുടെ മുന്നിൽ വിരിവച്ച് കിടന്നതിനുശേഷമാണ് പതിനെട്ടാംപടി കയറി സന്നിധാനത്ത് അയ്യപ്പനെ തൊഴുന്നത്. ഇപ്പോൾ അതുവല്ലതും നടക്കുന്നുണ്ടോ? ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി നടപ്പിലാക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. പക്ഷേ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഈ വിധി എങ്ങനെയാണ് വന്നത്? ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സംസ്ഥാന ഗവൺമെന്റിനോട് ഇതുസംബന്ധിച്ച് അഫിഡവിറ്റ് സമർപ്പിക്കാൻ പറഞ്ഞു. അതിനെത്തുടർന്ന് ഞങ്ങൾ കോടതിയിൽ അഫിഡവിറ്റ് സമർപ്പിച്ചു. എന്താണ് ആ അഫിഡവിറ്റ്? ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിച്ചുകൊണ്ട് വിശ്വാസികളുടെ വികാരങ്ങൾ സംരക്ഷിക്കണം എന്ന തീരുമാനമെടുത്താണ് അന്ന് അഫിഡവിറ്റ് സമർപ്പിച്ചത്.

വിശ്വാസികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ നിങ്ങൾ കയ്യടിച്ചല്ലോ? വിശ്വാസികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കു വേണ്ടി അന്ന് ദേവസ്വം ബോർഡ് പ്രസിഡന്റായിരുന്ന ശ്രീ. പ്രയാർ ഗോപാലകൃഷ്ണനെക്കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് അഫിഡവിറ്റ് സമർപ്പിച്ചു. ആലോചിക്കേണ്ടവരുമായെല്ലാം ആലോചിച്ചിട്ടാണ് സംസ്ഥാന ഗവൺമെന്റും ദേവസ്വം ബോർഡും ഒരുപോലെ അഫിഡവിറ്റ് കോടതിയിൽ സമർപ്പിച്ചത്. തന്ത്രിയുമായും സംഘടനകളുമായും പന്തളം കൊട്ടാരവുമായും എൻ.എസ്.എസ്. അടക്കമുള്ള പല സാമൂഹ്യ സംഘടനകളുമായും ആലോചിച്ചു. നൂറ്റാണ്ടുകളായി പിൻതുടർന്നുവരുന്ന നമ്മുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്നവരുമായി മുഴുവൻ ചർച്ച നടത്തിയശേഷമാണ് യു.ഡി.എഫ്. ഗവണ്മെന്റ് ആ അഫിഡവിറ്റ് നൽകിയത്. വിശ്വാസികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നുള്ളതായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാട്. 2016 ഫെബ്രുവരിയിൽ ഞങ്ങൾ അഫിഡവിറ്റ് സമർപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അനുമതിയോടുകൂടി ഈ അഫിഡവിറ്റ് യുവതികളെ പ്രവേശിപ്പിക്കാം എന്ന രീതിയിൽ മാറ്റിക്കൊടുത്തു. ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസികളുടെ താൽപ്പര്യങ്ങളും സംരക്ഷിക്കേണ്ട എന്ന് പറഞ്ഞുകൊണ്ടല്ലേ നിങ്ങൾ അഫിഡവിറ്റ് കൊടുത്തത്? അതിനുശേഷം സംസ്ഥാന ഗവൺമെന്റ് കാണിച്ച കള്ളക്കളി, പാവപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. എ. പത്മകുമാറിനെക്കൊണ്ട് മറ്റൊരു അഫിഡവിറ്റ് കൊടുപ്പിച്ചു. ആരാണ് ഈ കേസ് ഫയൽ ചെയ്തത്? Young Lawyers Forum ആണ് കേസ് ഫയൽ ചെയ്തത്. യുവതികളെ പ്രവേശിപ്പിക്കണമെന്നതാണ് അവരുടെ ആവശ്യം. ബി.ജെ.പി.-ക്കാരെന്നാണ് പറയുന്നത്; ശബരിമലയെക്കുറിച്ച് അറിയാത്ത ആളുകൾ അവിടെ അഫിഡവിറ്റ് ഫയൽ ചെയ്തു. Young Lawyers Forum ആവശ്യപ്പെത് യുവതികളെ പ്രവേശിപ്പിക്കണമെന്നാണ്. Young Lawyers Forum *Vs.* State of Kerala എന്നതാണ് കേസ്. വാദിയും പ്രതിയും പറയുന്നത് എന്താണ്? യുവതികളെ പ്രവേശിപ്പിക്കണം. ബഹുമാനപ്പെട്ട സുപ്രീംകോടതി എന്ത് ചെയ്യും? അതാണ് ഞങ്ങൾ പറയുന്നത്, ഈ വിധി ബഹുമാന്യനായ മുഖ്യമന്ത്രി സുപ്രീംകോടതിയുടെ മുന്നിൽനിന്നും ചോദിച്ചുവാങ്ങിയതാണെന്ന്. അതിൽ ആർക്കെങ്കിലും സംശയമുണ്ടോ? ചോദിച്ചുവാങ്ങിയ വിധിയല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫിൽ പോയിരുന്ന സമയത്ത് ഇവിടെയുണ്ടായിരുന്ന ഭക്തരുടെ വികാരത്തെ മാനിക്കണ്ടേ? ലക്ഷക്കണക്കിന് ഭക്തജനങ്ങൾ തെരുവിലിറങ്ങി, ഒരു ജനാധിപത്യ ഭരണകൂടത്തിന്റെ ഭരണാധികാരി, ഒരു മതേതര ഭരണകൂടത്തിന്റെ ഭരണാധികാരി

ഇത് കാണണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫിൽ നിന്നും തിരിച്ചുവന്നതിനു ശേഷം ഇക്കാര്യം പുനരാലോചിച്ച് റിവ്യൂ ഹർജി നൽകേണ്ടതാണ്. പക്ഷേ, ഗൾഫിൽ നിന്നും തിരിച്ചുവന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് ചെയ്തത്? എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെ ആക്ടിവിസ്റ്റിനെ ശബരിമലയിലേയ്ക്ക് കൊണ്ടുവരുന്നതിന്, ഡി.ജി.പി.-യും ഐ.ജി.-യും അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രധാനമന്ത്രി വരുന്നതുപോലെ ഒരു ആക്ടിവിസ്റ്റിനെ ശബരിമലയിലേയ്ക്ക് കൊണ്ടുപോയി. ഇതല്ലേ കേരളത്തിൽ നടന്നത്; നമ്മുടെ ശബരിമലയെ അപമാനിക്കുന്ന സുപ്രീംകോടതി വിധിയിൽ ഉൾപ്പെടുത്താത്ത കാര്യങ്ങളല്ലേ അവിടെ നടക്കുന്നത്; ശബരിമലയിൽ ഒരു ആക്ടിവിസ്റ്റിനെ കൊണ്ടുവരാൻ സുപ്രീംകോടതി പറഞ്ഞോ? ബി.ജെ.പി.ക്കാരനെ പതിനെട്ടാംപടിയുടെ മുകളിൽ കയറ്റിനിർത്തി പോലീസിന്റെ മൈക്ക് വാങ്ങി പ്രസംഗിക്കാൻ അനുമതി നൽകിയത് ആരാണ്? അവിടെ മറ്റൊരാൾ വന്നു. അദ്ദേഹം ഇരുമുടിക്കെട്ടിനെ താഴെയിട്ടു. അത്തരത്തിലുള്ള ആചാരലംഘനങ്ങൾ അവിടെ നടക്കുകയാണ്. ....(ബഹളം).... അത് ആരോ ആകട്ടെ, ശ്രീ. കെ. സുരേന്ദ്രനും നിങ്ങളും തമ്മിലുള്ള അഡ്ജസ്റ്റ്മെന്റാണിത്.

ഗവൺമെന്റ് ഈ റിവ്യൂ ഹർജി ഫയൽ ചെയ്യാനുള്ള നിലപാടെടുത്തത് എന്തുകൊണ്ടാണ്? ഞങ്ങൾ ഒരു അഫിഡവിറ്റ് കൊടുത്തു. അതിനെതിരെ പറയാൻ കഴിയില്ലെന്ന് ഞങ്ങൾ സമ്മതിച്ചു. ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിച്ചു നിർത്തേണ്ടത് ആരാണ്; ദേവസ്വം ബോർഡാണ് അത് ചെയ്യേണ്ടത്. ദേവസ്വം ബോർഡ് എവിടെ പോയി; ദേവസ്വം ബോർഡിനെ ക്ലച്ചുവിലങ്ങിട്ട്, നിയന്ത്രണത്തിൽ നിർത്തി ദേവസ്വം ബോർഡ് പ്രസിഡന്റിനെ വീട്ടിലിരുത്തിയശേഷം അദ്ദേഹം എന്താണ് പറഞ്ഞത്; 'ഞങ്ങൾ റിവ്യൂ കൊടുക്കും' എന്ന് ആദ്യം പറഞ്ഞു. മൂന്നുദിവസം കഴിഞ്ഞ് 'റിവ്യൂ ഹർജി കൊടുക്കുന്നില്ല' എന്നുപറഞ്ഞു. ഇപ്പോൾ സാവകാശ ഹർജി കൊടുത്തിരിക്കുകയാണ്. 'സാവകാശം വരട്ടെ' എന്ന് അദ്ദേഹം തന്നെ പറയുകയാണ്. എന്തിനുവേണ്ടിയാണ് പറയുന്നത്; ഈ തീർത്ഥാടനകാലം ഭംഗിയായി നടത്താൻ, അവിടെയുണ്ടാകുന്ന തടസ്സങ്ങളെക്കുറിച്ച് ആലോചന നടത്തി സുപ്രീം കോടതിയിൽ നിന്ന് ഒരു വിധി ലഭ്യമാകുന്നതിലേയ്ക്ക് സാവകാശ ഹർജി കൊടുത്തപ്പോൾ 'സാവകാശം വരട്ടെ' എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിരട്ടലിന്റെ പേരിൽ അദ്ദേഹം പറഞ്ഞിരിക്കുകയാണ്. ഈ വിധി ചോദിച്ചുവാങ്ങിയതാണ്. സംസ്ഥാന സർക്കാരിന്റെ അഫിഡവിറ്റിൽ ഒരു കാര്യംകൂടി പറയുന്നുണ്ട്. 'ആചാര്യന്മാരുടെ ഒരു സമിതിയെ നിയമിച്ച് അഭിപ്രായങ്ങൾ കേട്ടതിനുശേഷം ഈ വിധി

നടപ്പിലാക്കുന്നതിനുള്ള സാഹചര്യമുണ്ടാകണം' എന്നുപറഞ്ഞു. ഞാൻ ചോദിക്കട്ടെ; അങ്ങനെയുള്ള സാഹചര്യമുണ്ടാകണമെങ്കിൽ, എന്തുകൊണ്ട് അക്കാര്യം പറഞ്ഞുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഒരു റിവ്യൂ ഹർജി കൊടുത്തില്ല; എങ്കിൽ ഈ പ്രശ്നം ഉണ്ടാകുമായിരുന്നോ; പ്രശ്നം ഉണ്ടാകുമായിരുന്നില്ല. അത്തരത്തിൽ കേരളത്തിലെ ഏറ്റവും വലിയ, പരിപാവനമായ ഒരു ക്ഷേത്രത്തെ തകർക്കാൻ മുൻകയ്യെടുത്ത് മുന്നോട്ടുപോകുന്നത് ഈ ഗവൺമെന്റാണ്. ശബരിമലയെ കലാപ ഭൂമിയാക്കി, അവരുടെ രാഷ്ട്രീയമായ നിലപാടുകൾ, അവിശ്വാസികളുടെ നിലപാടുകൾ വിശ്വാസികളുടെമേൽ അടിച്ചേൽപ്പിക്കുന്നതിലേയ്ക്കുവേണ്ടി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഗൂഢാലോചന നടത്തി മുന്നോട്ടുപോകുകയാണ്. ആർ.എസ്.എസ്.-കാർ എന്താണ് ചെയ്യുന്നത്? അവർക്കിത് രാഷ്ട്രീയ നിലപാടാണ്, 'ഇതൊരു സുവർണ്ണാവസരമാണ്' എന്നാണ് അവർ പറയുന്നത്. സുവർണ്ണാവസരമാണെന്ന് പറഞ്ഞുകൊണ്ട് ഭക്തിയുടെ കാപട്യം നിറഞ്ഞ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇവിടെ ആർ.എസ്.എസ്. വരുന്നതിനുമുമ്പ്, സി.പി.ഐ.(എം) വരുന്നതിനുമുമ്പ് കോൺഗ്രസ്സുണ്ടായിരുന്നു. വിശ്വാസികളുടെ താൽപ്പര്യങ്ങൾ ആ കാലഘട്ടങ്ങളിൽ സംരക്ഷിച്ചത് കോൺഗ്രസ്സാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നവോത്ഥാനത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ; മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക്, സി.പി.ഐ.(എം)-ന് നവോത്ഥാനവുമായി എന്താണ് ബന്ധം?വൈക്കം സത്യാഗ്രഹമായിരുന്നാലും ഗുരുവായൂർ സത്യാഗ്രഹമായിരുന്നാലും എല്ലാത്തിനും, മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ, നേതൃത്വം നൽകിയത് അന്നത്തെ ദേശീയ പ്രസ്ഥാനമായിരുന്ന കോൺഗ്രസ് പാർട്ടിയായിരുന്നു. സംശയമുണ്ടോ? നവോത്ഥാനത്തെക്കുറിച്ച് പ്രസംഗിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ഒരു കാര്യംകൂടി ചോദിക്കട്ടെ. നവോത്ഥാന നായകന്മാരായ ചട്ടമ്പിസ്വാമിയുടെയും ശ്രീനാരായണ ഗുരുദേവന്റെയും പ്രതിമകൾ അടിച്ചുതകർത്തപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരിഞ്ഞുനോക്കിയില്ല. മന്ത്രിമാർ തിരിഞ്ഞുനോക്കിയില്ല.

മി. സ്പീക്കർ: വിഷയത്തിൽ നിന്നും മാറിപ്പോകുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ പറഞ്ഞുവന്നത്, കുണ്ടമൺകടവിൽ ഒരു സ്വാമിയുടെ ഇൻഷ്വറൻസുള്ള രണ്ട് കാറുകൾ അടിച്ചുതകർത്തപ്പോൾ രാപ്പകലാമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറ്റ് മന്ത്രിമാരെയുംകൊണ്ട് അവിടെ പോയി. ചട്ടമ്പിസ്വാമിയുടെ മണ്ഡപത്തിലും ശ്രീനാരായണ ഗുരുദേവന്റെ മണ്ഡപത്തിലും പോയില്ല. കോൺഗ്രസ് പാർട്ടിയുടെ നിർദ്ദേശപ്രകാരം ശ്രീ. അടൂർ പ്രകാശിനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമൊപ്പം ശബരിമലയിൽ ഞാൻ

പോയിരുന്നു. അവിടെ ഭക്തജനങ്ങളെ എങ്ങനെ വരുത്താതിരിക്കാമെന്നും നെയ്യഭിഷേകം എങ്ങനെ തടയാമെന്നുമാണ് ഗവൺമെന്റ് ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. ഞങ്ങൾ പോയത് നിലയ്ക്കലിലാണ്. നിലയ്ക്കൽ പോയപ്പോൾ അവിടെ കണ്ടത് എന്താണ്? ഇത് ഞങ്ങൾ നേരിട്ട് കണ്ടതാണ്. ...(ബഹളം)... ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയില്ലല്ലോ; മറ്റ് മന്ത്രിമാർ പോയില്ലല്ലോ; ഞങ്ങൾ നിലയ്ക്കലിൽ പോയപ്പോൾ ഒരു കെ.എസ്.ആർ.ടി.സി. ബസ്സിനകത്ത് രാവിലെ 7.30-ന് കയറിയ, കർണ്ണാടകത്തിൽനിന്നും വന്ന 10-50-ഓളം ഭക്തർ ഇരിക്കുന്നുണ്ട്. 'ഞങ്ങളെ പോലീസ് വിടുന്നില്ല' എന്നുപറഞ്ഞ് അവർ കരയുകയാണ്. ഞങ്ങൾ പറഞ്ഞതിനുശേഷം അവരെ അവിടെനിന്നും ശബരിമലയിലേയ്ക്ക് വിട്ടു. 'ഞങ്ങൾക്ക് ഇരിക്കാൻ സ്ഥലമില്ല, കുടിക്കാൻ വെള്ളമില്ല, കഴിക്കാൻ ഭക്ഷണമില്ല' എന്ന് കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ വന്ന് കരഞ്ഞ് പറയുകയാണ്. ഞങ്ങൾ അവിടെ നിന്നും നേരെ പമ്പയിലേയ്ക്ക് പോയി. പമ്പയിൽ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ആരെങ്കിലും പോയി നോക്കൂ. ഈ പ്രളയത്തിൽ ശബരിമല മണൽക്കൂമ്പാരമായി മാറിയിരിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ഇപ്പോൾ 90 ദിവസം കഴിഞ്ഞില്ലേ; ശബരിമലയിൽ അടിയന്തര സാഹചര്യത്തിൽ ഗവൺമെന്റിന് കാര്യങ്ങൾ ചെയ്യണമെങ്കിൽ 15 ദിവസം മതി. അവിടെ ടോയ്‌ലറ്റില്ല, കുടിവെള്ളമില്ല. പത്തുപതിനായിരം പേർക്ക് മഴ നനയാതിരിക്കാൻ രാമമൂർത്തി എന്നുപറയുന്നതായ ഒരു മണ്ഡപമുണ്ട്. മൂന്ന് മാസമായില്ലേ; ഒരു ഓലപ്പുര കെട്ടാത്തതെന്താണ്? അവിടത്തെ ടോയ്‌ലറ്റ് നിറഞ്ഞ് പമ്പ മുഴുവൻ മലീമസമായിരിക്കുന്നു. ഇവിടെ എന്തു ചെയ്തുവെന്നാണ് പറയുന്നത്; ശബരിമലയിൽ പോയപ്പോൾ പോലീസ് എങ്ങനെയാണ് അവിടെ പെരുമാറുന്നതെന്ന് ഞങ്ങൾക്ക് ബോദ്ധ്യമായി. എല്ലായിടത്തും ബാരിക്കേഡുകളാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് വാവർ സ്വാമിയുടെ മുമ്പിൽ മാർബിളിട്ട് വിരിവയ്ക്കുന്നതിനുവേണ്ടി സ്ഥലം അനുവദിച്ചിരുന്നു. മതേതരത്വത്തിന്റെ പ്രതീകമായ ശബരിമലയിൽ വാവർ സ്വാമിയെ കാണാൻ സമ്മതിക്കുന്നില്ല. അവിടെ ബാരിക്കേഡ് കെട്ടിയിരിക്കുകയാണ്. ആളുകളെ കാണിക്ക ഇടാൻ അനുവദിക്കുന്നില്ല. ....(ബഹളം)... നിങ്ങൾ പോയി നോക്കണം. ...(ബഹളം)... ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ പേരിൽ ആചാരലംഘനങ്ങളുടെ ഘോഷയാത്രയാണ് ശബരിമലയിൽ നടക്കുന്നത്. ശബരിമലയിൽ പോകുന്നത് എന്തിനാണ്; ഇരുമുടിക്കെട്ടിൽ എന്താണ്? ഇരുമുടിക്കെട്ടിൽ നെയ്ത്തേങ്ങയാണുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്, ....കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കൺക്ലൂഡ് ചെയ്യുകയാണ്. 41 ദിവസം വ്രതമെടുത്ത് നെയ് നിറച്ച് തലക്കെട്ടായി ചുമന്ന് ശരണം വിളിച്ചുകൊണ്ട് ശബരിമലയിൽ ഉച്ചയ്ക്കുശേഷം പോയാൽ നെയ്യഭിഷേകമില്ല. ശബരിമലയിൽ പോകുന്നത് നെയ്യഭിഷേകം നടത്താനാണ്. അവിടെ പോലീസ് പറഞ്ഞത് എന്താണ്? ഞാനും ശ്രീ. അടൂർ പ്രകാശും പോലീസ് ഉദ്യോഗസ്ഥരോട് സംസാരിച്ചപ്പോൾ, പമ്പയിൽ പോയിട്ട് രാവിലെ വരാനാണ് അവർ പറയുന്നത്. 3 മണി മുതൽ ഉച്ചയ്ക്ക് 12 മണിവരെ മാത്രമേ നെയ്യഭിഷേകമുള്ളൂ. 'ശബരിമല കയറ്റം കഠിനമെന്റയ്യപ്പാ' എന്നാണ് എല്ലാവരും പറയുന്നത്. അങ്ങനെ വളരെ കഷ്ടപ്പെട്ട് പോകുന്ന ശബരിമലയിൽ നെയ്യഭിഷേകം ചെയ്യേണ്ടതല്ലേ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യം? അവർ പോകുന്നത് അതിനുവേണ്ടിയല്ലേ? അതിന് അനുവദിക്കാതെ തിരിച്ചുവിടുകയാണ്; അടിച്ചോടിച്ചുവിടുകയാണ്. ഓടിച്ചുവിട്ടാൽ ആരെങ്കിലും നെയ്യഭിഷേകം നടത്താൻ വരുമോ; നെയ്യഭിഷേകം നടത്താൻ കഴിയാതെ വളരെ ഹൃദയവേദനയോടുകൂടി അയ്യപ്പന്മാർ തിരിച്ചുപോകുന്നത് ഞങ്ങൾ കണ്ടു. എന്തൊക്കെയാണ് ശബരിമലയിൽ സംഭവിക്കുന്നത്? ഒരു കാര്യംകൂടി ഞാൻ പറയട്ടെ, അമ്പലങ്ങളെ തകർക്കുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുമ്പോട്ട് പോകുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. അങ്ങ് പുതിയ പുതിയ കാര്യങ്ങളിലേയ്ക്ക് പോകുകയാണ്. ....(ബഹളം)....

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇതുമായി ബന്ധപ്പെട്ട കാര്യമാണ്. ഞാൻ ചോദിക്കട്ടെ, വരുമാനമില്ല എന്ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ഇവിടെ പറഞ്ഞല്ലോ; കാണിക്ക ഇല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ; എന്തുകൊണ്ടാണ്? അവിടെ ഇപ്പോൾ സുഖദർശനമെന്ന് പറയുന്നു. അവിടെ ആരുമില്ല. അവിടെ പോയാൽ അയ്യപ്പനെ കാണാൻ സുഖദർശനമാണ്. ഒരു കുഴപ്പവുമില്ല. ശബരിമല ക്ഷേത്രം തകർന്നാൽ വിശ്വാസത്തെ തകർക്കാൻ കഴിയുമെന്ന് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നു. ശബരിമലയുടെ വരുമാനം ഉപയോഗിച്ചാണ് 7000 ജീവനക്കാർക്ക് ദേവസ്വം ബോർഡ് ശമ്പളം നൽകുന്നത്. അതുകൊണ്ടാണ് 1453 ക്ഷേത്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്. ഇത് തകർന്നാൽ കേരളത്തിലെ ക്ഷേത്രങ്ങൾ മുഴുവൻ പൂട്ടും. അതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യമെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അത്തരത്തിൽ വിശ്വാസികളുടെ വികാരങ്ങളെ അടിച്ചമർത്തിക്കൊണ്ട്, തകർത്തുകൊണ്ട് മുന്നോട്ടുപോകാനുള്ള ശ്രമം നടക്കുന്നുവെങ്കിൽ യു.ഡി.എഫ്.-ഉം കോൺഗ്രസും എന്ത് വിലകൊടുത്തും അക്കാര്യത്തിൽ മുൻപന്തിയിൽ അവരോടൊപ്പമുണ്ടാകുമെന്ന് ഞങ്ങൾ തെളിയിക്കും. ഞങ്ങളുടെ രാഷ്ട്രീയമായ നിലപാടുകൾ അക്കാര്യത്തിൽ ശരിയാണെന്ന് തെളിഞ്ഞിരിക്കുകയാണ്.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ...

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ നീട്ടുന്നില്ല. ബി.ജെ.പി. പ്രസിഡന്റ് ശ്രീ. പി. എസ്. ശ്രീധരൻപിള്ള പറഞ്ഞതെന്താണ്? 'ഇതൊരു സുവർണ്ണാവസരമാണ്, കയറി അടിച്ചോള്ള' എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറയുന്നത്? ബി.ജെ.പി.-ക്കാരൻ ചെയ്യുന്ന എല്ലാ കാര്യങ്ങളെയും അങ്ങ് ഹൈലൈറ്റ് ചെയ്യുകയാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉദ്ദേശ്യമെന്താണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉദ്ദേശ്യമെന്താണ്? ബി.ജെ.പി.-യെ വളർത്തുക, കോൺഗ്രസിനെ തളർത്തുക. ഒരു കാലഘട്ടത്തിലും അത് സംഭവിക്കില്ല. വിശ്വാസികളുടെ പേര് പറഞ്ഞുകൊണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അല്ലെങ്കിൽ സി.പി.ഐ.(എം)-ന്റെ പാർട്ടി കോൺഗ്രസിന്റെ തീരുമാനം അടിച്ചേൽപ്പിക്കാൻ ശബരിമലയെ വേദിയാക്കുകയാണെങ്കിൽ കേരളത്തിലെ ഭക്തർ മുഴുവൻ അതിനെതിരായി ശക്തമായി പ്രതികരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വിശ്വാസികളുടെ താൽപ്പര്യങ്ങളെ, വിശ്വാസത്തെ തകർക്കുന്നതിനുള്ള ശ്രമങ്ങളുമായി സംസ്ഥാന ഗവൺമെന്റും കപടരാഷ്ട്രീയവും കപടഭക്തിയുമായി ബി.ജെ.പി.-യും മുന്നോട്ടുപോകുമ്പോൾ ഗവൺമെന്റ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ പിന്തുണയ്ക്കുന്നു. കോൺഗ്രസിനെ തകർക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഈ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനിപ്പിക്കണം.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പശ്ചിമ ബംഗാളിലും ത്രിപുരയിലും ഇതുപോലെയുള്ള കാര്യങ്ങൾ പറഞ്ഞപ്പോൾ മനസ്സിലായില്ല. ഇങ്ങനെ പോയാൽ ശ്രീ. പിണറായി വിജയൻ, അങ്ങ് കേരളത്തിലെ സി.പി.ഐ.(എം)-ന്റെ അവസാനത്തെ മുഖ്യമന്ത്രിയായിരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ വിഷയങ്ങൾ വളരെ വിശദമായി ചർച്ച ചെയ്യേണ്ടതാണ്. മുഖ്യമന്ത്രി 45 മിനിട്ട് സംസാരിച്ചു. എനിക്ക് 10 മിനിട്ട് മാത്രമേ കിട്ടിയിട്ടുള്ളൂ..

മി. സ്പീക്കർ: 10 മിനിട്ടല്ല. അങ്ങ് 19 മിനിട്ട് സംസാരിച്ചു. ഇനി പറ്റില്ല, മൈക്ക് ഓഫ് ചെയ്യും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അതുകൊണ്ട് വളരെ വിശദമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്യണം. 144 പിൻവലിക്കണം. 144 പിൻവലിക്കാതെ എങ്ങനെ ഭക്തജനങ്ങൾ പോകും? ഞാൻ ഒരു കാര്യം പറയട്ടെ.

മി. സ്പീക്കർ: ഇനി പറയാൻ പറ്റില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഗുരുസ്വാമിമാരുടെ നേതൃത്വത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നൂറുകണക്കിന് ഭക്തജനങ്ങൾ ഒന്നിച്ചുവരികയാണ്. അവരെ തടഞ്ഞാൽ....(മൈക്ക് ഓഫ്).....(ബഹളം)....

(പ്രതിപക്ഷാംഗങ്ങൾ ഡയസിന് മുന്നിലേയ്ക്ക് വന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: അതൊന്നും നടക്കില്ല. 20 മിനിട്ടായി. പറ്റില്ല .....(ബഹളം).... അവിടെ പോയി ഇരിക്ക്. നടക്കില്ല. ..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ. ഇനി പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും ഇവിടെ സംസാരിക്കാനുണ്ട്. ....എല്ലാവർക്കും സമയമുണ്ട്. .....ഇരിക്കൂ.

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ.........(ബഹളം)....

മി. സ്പീക്കർ: ഒരു മിനിട്ട് നൽകുന്ന കീഴ്വഴക്കമുണ്ടല്ലോ; മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ വരുമ്പോൾ ഒരു മിനിട്ടൊക്കെ സംസാരിക്കാറില്ലേ, നിങ്ങളെന്താണിങ്ങനെ? അടിയന്തരപ്രമേയത്തിന്റെ സന്ദർഭങ്ങളിൽ സ്വന്തം മണ്ഡലത്തിലെ വിഷയം വരുമ്പോൾ എല്ലാ അംഗങ്ങളും ഒരു മിനിട്ടൊക്കെ സംസാരിക്കാറില്ലേ; അങ്ങ് ഒരു മിനിട്ട് സംസാരിച്ചോളൂ.... (ബഹളം)...

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ ഇത് അനുവദിക്കുകയില്ലെങ്കിൽ മേലിൽ വേറെ ആർക്കും അടിയന്തരപ്രമേയാവതരണത്തിനിടയിൽ സമയം നൽകരുതെന്ന ഒറ്റ അഭ്യർത്ഥനയേ എനിക്കുള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെയുണ്ട്...... ഒരു നേതാവിനെ അനുസരിക്കണം. എല്ലാവരും കൂടി നേതാവാകരുത്.

ശ്രീ. രാജു എബ്രഹാം: സർ, ഇത് സഭയുടെ കീഴ്വഴക്കമാണ്. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള...

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന്റെ സന്ദർഭങ്ങളിൽ ഇതിനുമുമ്പും സ്വന്തം മണ്ഡലത്തിലെ കാര്യം വരുമ്പോൾ ഒരു മിനിട്ട് സമയം കൊടുത്തിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം: സർ, ഇവർക്കും എല്ലാ അവകാശങ്ങളും കിട്ടിയിട്ടില്ലേ?

മി. സ്പീക്കർ: സ്വന്തം മണ്ഡലത്തിലെ കാര്യം വരുമ്പോൾ അനുവദിക്കാറുണ്ട്; ഒരു മിനിട്ട്, അങ്ങ് വേഗം പറഞ്ഞവസാനിപ്പിക്കൂ.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, രണ്ടേ രണ്ട് പോയിന്റ് മാത്രമേ ഞാൻ ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നുള്ളു. എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ശബരിമലയെ ഒരു സമരകേന്ദ്രമാക്കാൻ പാടില്ല. അതിൽനിന്നും ദയവുചെയ്ത് കോൺഗ്രസും ബി.ജെ.പി.-യും പിന്മാറണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം, ബാബ്റി മസ്ജിദിന്റെ പേരിൽ ഡിസംബർ 6 ഇന്ത്യയൊട്ടാകെ കരിദിനമാണ്. പക്ഷേ, ഒരു തവണപോലും പത്തനംതിട്ട ജില്ലയിൽ ഈ കരിദിനം ആചരിച്ചിട്ടില്ല. നട തുറക്കുന്ന ദിവസം മുതൽ മകരവിളക്ക് കഴിഞ്ഞ് നട അടയ്ക്കുന്ന ദിവസം വരെ പത്തനംതിട്ട ജില്ലയിൽ ഒരു സാഹചര്യത്തിലും ഒരു രാഷ്ട്രീയ പാർട്ടിയും ഹർത്താലോ ബന്ദോ റോഡ് ഉപരോധമോ നടത്തിയിട്ടില്ല. അതിന് വിരുദ്ധമായിട്ടാണ് ഇവിടെയിപ്പോൾ ഈ സംഭവം നടക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ പമ്പയിൽ ഒന്നുമില്ല; പമ്പ പരിപൂർണ്ണമായി ഇല്ലാതായി എന്നുമാത്രമല്ല പമ്പയിൽ ഒരു നിർമ്മാണവും നടത്തുവാൻ പാടില്ലെന്ന് കേരള ഹൈക്കോടതി കൃത്യമായിത്തന്നെ പറഞ്ഞിട്ടുമുണ്ട്.

<u>മി.സ്പീക്കർ</u>: പ്ലീസ്.. കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, അതുപോലെതന്നെ, കേന്ദ്ര ഗവൺമെന്റിന്റെ എംപവേർഡ് കമ്മിറ്റിയും പമ്പയിൽ ഒരു നിർമ്മാണ പ്രവർത്തനവും നടത്താൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. ഇതാണ് സാഹചര്യം. ഇവിടെ ബി.ജെ.പി.യും കോൺഗ്രസും വ്യാജവാർത്തകൾ സൃഷ്ടിച്ചുകൊണ്ടാണ് ഈ തട്ടിപ്പ് മുഴുവൻ നടത്തുന്നത്. എന്താണ് പോലീസ് അവിടെ ചെയ്യുന്നത്? തീർത്ഥാടകരെ രണ്ടു കൈകളും നീട്ടിയാണ് പോലീസ് അവിടെ സഹായിക്കുന്നത്. കേരള പോലീസിന്റെ ഒരു പുതിയ മുഖമാണ് പമ്പയിൽ കാണാൻ കഴിയുന്നത്. അതിനെ അഭിനന്ദിക്കുകയാണ് വേണ്ടത്. അതാണ് പമ്പയിലുണ്ടാകുന്നത്..... (ബഹളം)..... ബി.ജെ.പി.യും കോൺഗ്രസ്സും സമരം നിർത്തിയാൽ അവിടത്തെ നിയന്ത്രണങ്ങളിൽ സ്വാഭാവികമായും അയവുവരും. ഒരു സംശയവും വേണ്ട. .... (ബഹളം)...

<u>മി. സ്പീക്കർ</u>: പ്ലീസ്...ഇരിക്കൂ..

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ബി.ജെ.പി.-യും കോൺഗ്രസും സമരം നിർത്തിയാൽ നമുക്ക് എല്ലാം മാറ്റാം, തയ്യാറാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്? .... (ബഹളം)....

മി. സ്പീക്കർ: പ്ലീസ്.... ഇരിക്കൂ. ഇതാദ്യത്തെ കാര്യമൊന്നുമല്ല, സ്വന്തം മണ്ഡലത്തിലെ കാര്യം വരുമ്പോൾ ഇതിനുമുമ്പും ധാരാളം സന്ദർഭങ്ങളിൽ അംഗങ്ങൾക്കനുവാദം നൽകിയിട്ടുണ്ട്. ഇരുപക്ഷത്തുള്ളവർക്കും അനുവദിച്ചിട്ടുണ്ട്. ആർക്കും നിയന്ത്രിക്കാൻ കഴിയാത്ത ഒരു കൂട്ടമായി നിങ്ങൾ മാറുന്നത് ശരിയല്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ വി. എസ്. ശിവകുമാർ ഒട്ടേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽത്തന്നെ എന്താണ് അദ്ദേഹം ഉദ്ദേശിച്ചത് എന്നുള്ളത് വ്യക്തമായിട്ടുണ്ട്. അവസാനം അദ്ദേഹം പറഞ്ഞത് നേരത്തെയുള്ളതിൽനിന്നും വ്യത്യസ്തമായ ഒരു നിലയാണ്. നേരത്തെ ഈ പ്രക്ഷോഭത്തിൽ കൊടിയെടുക്കാതെ ചേരാമെന്നായിരുന്നു പറഞ്ഞത്. ഇപ്പോൾ അദ്ദേഹം അവസാനിപ്പിക്കുമ്പോൾ പറഞ്ഞത് ഞങ്ങൾ പ്രക്ഷോഭത്തിന്റെ മുന്നിലുണ്ടാകുമെന്നാണ്. അപ്പോൾ മറ്റുള്ളവരെ പിന്നിലാക്കാൻ ഞങ്ങളുണ്ടാകു മെന്നാണ് പറഞ്ഞത്. ഏതായാലും രണ്ടു കൂട്ടരും ഒന്നിച്ചുതന്നെയാണ് പോകുന്നതെന്നർത്ഥം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടൽ ശബരിമലയുടെ കാര്യത്തിൽ നേരത്തേമുതലുണ്ട്. 1992 ഡിസംബർ 5-ന് അന്നത്തെ ആലപ്പുഴ ജില്ലാ ജഡ്ജിയെ സ്പെഷ്യൽ കമ്മീഷണറായി ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. പിന്നീട് ഹൈക്കോടതി റിട്ടയേർഡ് ജസ്റ്റിസ് എസ്. സിരിജഗൻ അടക്കമുള്ള ഒരു ഹൈ പവർ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. അങ്ങനെ ശബരിമലയുടെ സുഗമമായ നടത്തിപ്പിന്റെ കാര്യത്തിൽ ഹൈക്കോടതിക്ക് യുക്തമെന്ന് തോന്നിയ ഇടപെടലുകൾ നേരത്തെ ഉണ്ടായിട്ടുണ്ട്. ഇവിടെ സംഘപരിവാർ രാജ്യവ്യാപകമായി പ്രചരിപ്പിക്കുന്ന നുണകളുടെ ഒരു പ്രചാരകനായി കോൺഗ്രസ് നേതാവായ ശ്രീ. വി. എസ്. ശിവകുമാർ വന്നതിൽ എനിക്ക് ഖേദമുണ്ട്. അവിടെ നാമജപം തടയുന്നു; ആരാണ് നാമജപം തടഞ്ഞിട്ടുള്ളത്? അവിടെ നാമജപത്തിന് യാതൊരു തടസ്സവുമില്ല. അക്രമികളെ അറസ്റ്റ് ചെയ്യാൻ നോക്കുമ്പോൾ അവിടെയിരുന്ന് നാമം ജപിച്ചാൽ അവർ അക്രമികളല്ലാതാകില്ല. നാമം ജപിക്കുന്നതുകൊണ്ട് അക്രമികളെ അറസ്റ്റ് ചെയ്യാതിരിക്കാൻ സാധിക്കില്ല. കേരളത്തിൽ ഏതെല്ലാം സ്ഥലത്ത് നാമജപ ഘോഷയാത്ര നടന്നു, എത്ര നാമജപങ്ങൾ നടന്നു, എവിടെയെല്ലാം കുത്തിയിരുന്ന് നാമജപം നടത്തി, അവർക്കെല്ലാം എന്തെങ്കിലും പ്രയാസമുണ്ടായോ; ഒരു പ്രയാസവുമുണ്ടായിട്ടില്ല. അപ്പോൾ സംഘപരിവാർ നടത്തുന്ന നുണപ്രചരണം, ഒരു ഭക്തനെ പോലീസ് ബൂട്സിട്ട കാലുകൊണ്ട് നെഞ്ചത്ത് ചവിട്ടുകയാണെന്നാണ്. പച്ചക്കള്ള സൃഷ്ടിയായിരുന്നില്ലേ അത്? ഇല്ലാത്ത വാർത്ത പ്രചരിപ്പിക്കുകയല്ലേ ചെയ്തത്? രാജ്യവ്യാപകമായാണല്ലോ പ്രചരിപ്പിച്ചത്. അപ്പോൾ അത്തരത്തിലുള്ള നുണപ്രചരണങ്ങൾക്ക് ആക്കം കൂട്ടത്തക്കരീതിയിൽ ഒരു പ്രചരണം വന്നത് നിർഭാഗ്യകരമായിപ്പോയി. ശബരിമലയിൽ വിരി വയ്ക്കാൻ ഇപ്പോൾ എല്ലാ

സൗകര്യവുമുണ്ട്. അവിടെ താമസിക്കേണ്ട ഭക്തർക്ക് അതിനുള്ള സൗകര്യം പോലീസ് തന്നെയാണ് ഒരുക്കിക്കൊടുക്കുന്നത്. 'ഇതാ ഇവിടെ വച്ചോളൂ, ഇവിടെ വിരിച്ചോളൂ' എന്നൊക്കെ പറഞ്ഞ് അവിടെ എല്ലാ സൗകര്യങ്ങളും ചെയ്യുകയാണ്. ഇതൊക്കെ അവിടെ നടക്കുകയാണ്. ഇതില്ല എന്ന് പ്രചരിപ്പിക്കേണ്ടത് സംഘ്പരിവാറിന്റെ ഒരാവശ്യമാണ്. അതിന്റെ കൂടെ നിർഭാഗ്യവശാൽ കോൺഗ്രസും ചേരുന്നുവെന്നു പറയുമ്പോൾ എന്തൊരു അബദ്ധമാണെന്ന് നോക്കണം. അവിടെ ചെന്നപ്പോൾ ശൗചാലയവും വെള്ളവുമില്ലെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. ശബരിമലയിൽ വെള്ളത്തിന് യാതൊരു ക്ഷാമവുമില്ല. അവിടെ ആവശ്യത്തിന് വെള്ളം എത്തിച്ചിട്ടുണ്ട്. അതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ ഫലപ്രദമായി വെള്ളം കൊടുക്കുന്നുണ്ട്. ഒരു പ്രശ്നവും അവിടെയില്ല. അതുപോലെതന്നെ നാം കാണേണ്ടത്, ശബരിമലയിൽ 2017-ലുണ്ടായിരുന്നതിൽനിന്നും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താനല്ല നമ്മൾ ശ്രമിച്ചതെന്നാണ്. ആ വസ്തുത നമ്മൾ കാണാതിരിക്കരുത്. 2017 വരെയുണ്ടായിരുന്ന സൗകര്യങ്ങൾ പലതും തകർന്നുപോയി. ചെറിയ തകർച്ചയല്ല പ്രളയദുരിതത്തിന്റെ ഭാഗമായുണ്ടായത്. എല്ലാം ഇല്ലാതായി പോകുന്ന അവസ്ഥയാണുണ്ടായത്. അത് പുനർനിർമ്മിക്കൽ പ്രധാനമാണ്. പുനർനിർമ്മാണത്തിന് മുൻതൂക്കം നൽകിയതുകൊണ്ട് പമ്പയിൽ ഒന്നും കണ്ടില്ലെന്ന് ബഹുമാന്യനായ വി. എസ്. ശിവകുമാർ പറഞ്ഞില്ലേ; 25 കോടി രൂപ ചെലവഴിച്ചാണ് അവിടെ കാര്യങ്ങൾ ഇപ്പോഴുള്ള അവസ്ഥയിലെത്തിച്ചത്. ഇതൊക്കെ കണക്കുള്ള കാര്യമല്ലേ; വെറുതെ കോടിയുടെ കണക്ക് പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ? ...(ബഹളം)..... അതിലേയ്ക്ക് ഞാൻ വരുന്നുണ്ട്. തിരക്ക് കൂട്ടേണ്ട. പ്രളയദുരന്തത്തിനുശേഷമാണ് ഇത് ചെയ്യുന്നത്. പ്രളയദുരന്തത്തിനുശേഷം 25 കോടി രൂപ ചെലവഴിച്ച് ഈ കാര്യങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിരിക്കുന്നു. കുറവെന്താണ്? 2017-ലുണ്ടായിരുന്ന കാര്യങ്ങളെല്ലാം അതുപോലുണ്ടായിരുന്നിടത്താണ് 25 കോടി രൂപ ചെലവഴിച്ചതെങ്കിൽ അതിനേക്കാളും വലിയ സൗകര്യങ്ങൾ നമുക്ക് ഏർപ്പെടുത്താമായിരുന്നു. പക്ഷേ, പ്രളയംകൊണ്ട് അതിന് കഴിഞ്ഞിട്ടില്ല. പ്രളയം എല്ലാം തകർത്തുകളഞ്ഞു. കുറെ കാര്യങ്ങൾ പുനർനിർമ്മിക്കുകയാണ് വേണ്ടത്. ഇനിയും കൂടുതൽ കാര്യങ്ങൾ അവിടെ ചെയ്യണമെന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടപ്പാക്കേണ്ട കാര്യങ്ങൾ നടപ്പാക്കുക എന്നതുതന്നെയാണ് ഉദ്ദേശിക്കുന്നത്. അതുതന്നെയാണ് ദേവസ്വം ബോർഡും ഉദ്ദേശിക്കുന്നത്. ഇവിടെ പണം ചെലവഴിച്ചതിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നതുകൊണ്ട് പറയുകയാണ്, 2013-14-ൽ 47.37 കോടി രൂപയാണ് ചെലവഴിച്ചത്. എല്ലാം കേട്ടതിനുശേഷം വേണം മറുപടി പറയാൻ, പിന്നീട് ഞാൻ അങ്ങനെ പറഞ്ഞുപോയല്ലോയെന്ന് ഖേദിക്കേണ്ടല്ലോ.

2014-15-ൽ 48.63 കോടി രൂപയും 2015-16-ൽ 116.25 കോടി രൂപയും 2016-17-ൽ 131.41 കോടി രൂപയും 2017-18-ൽ 202 കോടി രൂപയുമാണ് ചെലവഴിച്ചത്. ഓരോ കാലത്തും ശബരിമലയെ ശാക്തീകരിക്കുന്നതിനുവേണ്ടി സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുകയാണ്. ഈ കണക്ക് നോക്കിയാൽ എൽ.ഡി.എഫ്. സർക്കാരാണ് ക്രമാനുഗതമായ വർദ്ധനവ് വരുത്തിയിട്ടുള്ളതെന്ന് കാണാം. 2016-17-ൽ 131.41 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ 2017-18 ആയപ്പോഴേയ്ക്കും അത് 202 കോടി രൂപയായിരിക്കുന്നു. ഇതാണ് അവസ്ഥ. ഇതിനുപുറമേയാണ് 25 കോടി രൂപ ഇപ്പോൾ ചെലവഴിച്ചത്. അത് ഈ കണക്കിൽ വരുന്നതല്ല. ഇത് നമ്മൾ കാണാതിരിക്കരുതെന്ന് അർത്ഥം. 'കഴിഞ്ഞ രണ്ട് വർഷം എന്തെങ്കിലും ചെലവഴിച്ചോ' എന്ന് ശ്രീ. വി. എസ്. ശിവകുമാർ ചോദിച്ചതിനാണ് ഈ കണക്ക് ഞാൻ പറഞ്ഞത്. 'സുപ്രീംകോടതി വിധി ചോദിച്ച് വാങ്ങിയതാണ്' എന്നാണ് ഇവിടെ സുപ്രീംകോടതി വിധിയെക്കുറിച്ച് പറയുന്നത്. സുപ്രീംകോടതിയിലേയ്ക്ക് കേസ് പോകുന്നത് 2006-ലാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്, സംഘ്പരിവാറിന്റെ ഭാഗമായുള്ള ചില ആളുകളാണ് ആ ഹർജി കൊടുത്തത്. അത് ശരിയാണ്. സംഘ്പരിവാറിന് ആദ്യം ആ നിലപാടായിരുന്നു. ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും ആ നിലപാടായിരുന്നു. പലരും സ്ത്രീകൾക്ക് ഈ അവകാശം വേണമെന്ന് വാദിച്ച കൂട്ടത്തിലാണ്. 2006-ൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാരിനോട് സത്യവാങ്മൂലം സമർപ്പിക്കാൻ പറഞ്ഞു. 2007-ലാണ് എൽ.ഡി.എഫ്. സർക്കാർ സത്യവാങ്മൂലം സമർപ്പിക്കുന്നത്. ആ സത്യവാങ്മൂലത്തിൽ, ഇക്കാര്യത്തിൽ സർക്കാരിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത് എൽ.ഡി.എഫ്.-ന്റെ സമീപനമായിരുന്നു. ആരാധനയുടെ കാര്യത്തിൽ പുരുഷനോടൊപ്പം തുല്യ അവകാശം സ്ത്രീക്കും വേണമെന്നതാണ് സർക്കാരിന്റെ അഭിപ്രായമെന്ന് പറഞ്ഞു. എന്നാൽ അതോടൊപ്പം മറ്റൊരു കാര്യം ആ സത്യവാങ്മൂലത്തിൽ പറഞ്ഞു. 'ഇതൊരു വിശ്വാസത്തിന്റെ പ്രശ്നമാണ്. ശബരിമലയിലെ ഈ പ്രശ്നത്തിൽ ഹിന്ദു ധർമ്മശാസ്ത്രത്തിൽ അഗാധമായ പാണ്ഡിത്യമുള്ള പണ്ഡിതന്മാരടങ്ങുന്ന ഒരു കമ്മീഷനിൽനിന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി അഭിപ്രായം തേടണം'. ഇത് എൽ.ഡി.എഫ്. സർക്കാർ നൽകിയ സത്യവാങ്മൂലത്തിലുള്ളതാണ്. ഇതോടൊപ്പം ഒരു കാര്യവും വ്യക്തമാക്കി, 'ഞങ്ങൾ ഈ കാര്യത്തിൽ ഒരു നിയമനിർമ്മാണവും നടത്താൻ ഉദ്ദേശിക്കുന്നില്ല' എന്ന്. അവസാനഭാഗം ഞാൻ നേരത്തെ പറഞ്ഞു. എന്താണോ കോടതി വിധിക്കുന്നത് അത് ഞങ്ങൾ നടപ്പാക്കും. എന്നുപറഞ്ഞാൽ ഹൈക്കോടതി വിധി അംഗീകരിച്ചാണ് സുപ്രീംകോടതി വിധിക്കുന്നതെങ്കിൽ അത് നടപ്പാക്കും. അല്ലാതെ സ്ത്രീകൾക്ക് പ്രവേശനം അനുവദിക്കണമെന്നാണ് വിധിക്കുന്നതെങ്കിൽ അത് നടപ്പാക്കും. ഞങ്ങളുടെ സമീപനം ഇപ്പോഴും സുപ്രീംകോടതിയുടെ വിധി

നടപ്പാക്കുകയെന്നതാണ്. '10-നും 50-നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകളെ പ്രവേശിപ്പിക്കേണ്ട' എന്ന വിധിയാണ് സുപ്രീംകോടതി നാളെ പ്രഖ്യാപിക്കുന്നതെങ്കിൽ അത് നടപ്പാക്കും. ഞങ്ങളുടെ അഭിപ്രായം അവിടെ നിൽക്കും. സ്ത്രീകൾക്ക് പുരുഷനോടൊപ്പം തുല്യ അവകാശമുള്ളതാണെന്ന ഞങ്ങളുടെ അഭിപ്രായം നിലനിർത്തും. പക്ഷേ, സർക്കാരെന്ന നിലയ്ക്ക്, ബഹുമാനപ്പെട്ട സുപ്രീംകോടതി എന്താണോ പറയുന്നത് അത് നടപ്പാക്കും. ഇതാണ് ഞങ്ങളുടെ സമീപനം. ഇത് ഞങ്ങൾ ചോദിച്ച് വാങ്ങിയ വിധിയല്ല. ഇത് സ്വകാര്യമായി നടന്ന ഏർപ്പാട് പോലെയാണെന്നാണ് ഇവിടെ അദ്ദേഹം പറഞ്ഞത്. ഇതിനകത്ത് സുപ്രീംകോടതിയിലെ അതിപ്രശസ്തരായ, വെറും സീനിയറല്ല, മഹാ സീനിയർമാരായ ഒട്ടേറെ അഡ്വക്കേറ്റുമാർ നിരന്ന് വാദിക്കുകയാണ്. അതിൽ നൂറോളം ആളുകൾ ഇപ്പോൾ വിധിച്ച കാര്യത്തിനെതിരെയാണ് വാദിക്കുന്നത്. മറ്റ് രണ്ടോ മൂന്നോ ആളുകൾ വേറിട്ട വാദം നടത്തിയിട്ടുണ്ടാകും. സകല വാദങ്ങളും കേട്ടതിനുശേഷമാണ് സുപ്രീംകോടതി ഈ നിലപാടിലേയ്ക്ക് പോയിട്ടുള്ളത്. അത് മറക്കരുത്. മാത്രമല്ല, കേസ് നടക്കുമ്പോൾ കോൺഗ്രസ് കക്ഷി ചേർന്നില്ലെങ്കിലും പരസ്യമായ നിലപാട് സ്വീകരിച്ചിരുന്നു. ഇക്കാര്യത്തിൽ സ്ത്രീകൾക്ക് പുരുഷനോടൊപ്പം തുല്യ അവകാശമുണ്ടെന്നതായിരുന്നു കോൺഗ്രസ് സ്വീകരിച്ച നിലപാട്. അദ്ദേഹം പറഞ്ഞ അഫിഡവിറ്റിന്റെ കാര്യം പ്രത്യേകമായി ഓർക്കേണ്ടതാണ്. യു.ഡി.എഫ്. ഗവൺമെന്റ് അഫിഡവിറ്റ് കൊടുത്ത സമയം ഓർക്കേണ്ടതാണ്. 2007-ൽ കൊടുത്ത അഫിഡവിറ്റ് സുപ്രീംകോടതിയുടെ മുന്നിൽ എപ്പോഴാണ് മാറുന്നത്? 2011-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. ആ ഗവൺമെന്റ് അധികാരത്തിൽ 5 വർഷം പൂർത്തിയാക്കുന്നു. 2016 ആയപ്പോൾ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുന്നു. ഫെബ്രുവരി മാസം തെരഞ്ഞെടുപ്പിന്റെ എല്ലാ ആലോചനകളും തുടങ്ങിയിരിക്കുന്നു. ആ ഫെബ്രുവരിയിലാണ് പുതിയ അഫിഡവിറ്റ് കൊടുക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഇത് പൊതുയോഗങ്ങളിൽ പറയുന്ന കാര്യമാണ്. അങ്ങയുടെ കയ്യിൽ ഫയലും റെക്കോർഡും എല്ലാമുണ്ടല്ലോ. ബഹുമാനപ്പെട്ട സുപ്രീംകോടതി അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിനോട് അഭിപ്രായം ചോദിച്ചത് ആ സമയത്താണ്. കാരണം, സുപ്രീംകോടതിയിൽ പന്ത്രണ്ട് വർഷം കഴിഞ്ഞ കേസാണെന്ന് അങ്ങ് പറഞ്ഞ സമയത്താണ് അവിടെ ഈ കേസ് വന്നത്. കേസ് വന്നപ്പോൾ, സംസ്ഥാന ഗവൺമെന്റിനോട് അഭിപ്രായം ചോദിച്ചപ്പോൾ അച്യുതാനന്ദൻ ഗവൺമെന്റ് കൊടുത്ത ആ അഫിഡവിറ്റ് പിൻവലിക്കാൻ കോടതിയോട് അനുവാദം ചോദിക്കാനും പുതിയ അഫിഡവിറ്റ് കൊടുക്കാനും തീരുമാനമെടുത്തു. കോടതി ചോദിക്കുമ്പോഴല്ലേ കൊടുക്കാൻ കഴിയൂ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ പറഞ്ഞതുതന്നെയാണ് അദ്ദേഹവും പറഞ്ഞത്. ഞാൻ പറഞ്ഞത്, അഫിഡവിറ്റ് പിൻവലിച്ചുകൊണ്ട് പകരം അഫിഡവിറ്റ് കൊടുക്കുന്നത് 2016 ഫെബ്രുവരിയിലാണ്. അന്ന് കേരളത്തിൽ നിലനിന്നിരുന്ന ചില പ്രത്യേക പ്രശ്നങ്ങളുണ്ട്. ആ പ്രശ്നവുംകൂടി നിങ്ങളെ ഭരിച്ചിട്ടുണ്ടാകും. അതോടൊപ്പം ഇങ്ങനെയൊരു അഫിഡവിറ്റ് കൊടുക്കലാണ് തെരഞ്ഞെടുപ്പിൽ നല്ലതെന്ന് നിങ്ങൾ മുൻകൂട്ടിക്കണ്ടുകൊണ്ടാണ് ഞങ്ങളുടെ അഫിഡവിറ്റ് മാറ്റിക്കൊടുത്തത്. അപ്പോൾ അഫിഡവിറ്റ് മാറ്റിയത് ഞങ്ങളല്ല, ഞങ്ങൾ കൊടുത്ത അഫിഡവിറ്റ് നിങ്ങൾ മാറ്റി. ആ മാറ്റിയ അഫിഡവിറ്റ് അവിടെ നിൽക്കുമ്പോഴാണ് 2016-ൽ പൊതുതെരഞ്ഞെടുപ്പ് നടന്നത്. ആ തെരഞ്ഞെടുപ്പിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു. നിങ്ങൾ കൊടുത്ത അഫിഡവിറ്റ് സ്വാഭാവികമായും ഞങ്ങൾക്ക് സ്വീകാര്യമല്ലായിരുന്നു. ഞങ്ങൾ പഴയ അഫിഡവിറ്റ് പുനഃസ്ഥാപിക്കുകയാണുണ്ടായത്. ശബരിമലയിലേയ്ക്ക് സ്ത്രീകളെ കൊണ്ടുപോകുന്ന കാര്യത്തെപ്പറ്റി ശ്രീ. വി. എസ്. ശിവകുമാർ പറഞ്ഞത് ഞങ്ങൾ ആരെയോ സ്വകാര്യമായി തട്ടിക്കൂട്ടി ഒരാളെ മറച്ച് എങ്ങനെയോകൊണ്ടുപോയി എന്നാണ്. ഞങ്ങൾക്കതിന്റെ ആവശ്യമില്ല. അൽപ്പം ആളൊക്കെയുള്ള മുന്നണി തന്നെയാണല്ലോ ഇടതുപക്ഷ ജനാധിപത്യമുന്നണി. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അത്തരം ഒരു പരിപാടിയില്ല. നിങ്ങൾ അവിടെ പോകണമെന്ന് പറഞ്ഞ് അമ്പലത്തിലേയ്ക്ക് കുറേ സ്ത്രീകളെ അയയ്ക്കാനുള്ള പരിപാടിയല്ല അത്. ഞങ്ങളുടെ മുന്നണിയ്ക്കകത്തുള്ള മുന്നണിയോടൊപ്പം നിൽക്കുന്ന ബഹുജനങ്ങളിൽ മഹാഭൂരിഭാഗവും വിശ്വാസികളല്ലേ; നിങ്ങളുടെ കൂട്ടത്തിലുള്ളവരിലും മഹാഭൂരിഭാഗവും വിശ്വാസികളല്ലേ; നമ്മുടെ സമൂഹത്തിലും മഹാഭൂരിഭാഗവും വിശ്വാസികളല്ലേ; ഇതൊരു വസ്തുതയല്ലേ? സ്ത്രീകൾക്ക് തുല്യവകാശമാണ് എന്നുവച്ച് കുറച്ച് സ്ത്രീകളെ അങ്ങോട്ട് കയറ്റി അയയ്ക്കാൻ തീരുമാനിക്കുന്ന ഏർപ്പാടൊന്നും ഞങ്ങൾക്കില്ല. ശബരിമലയിൽ പോകാൻ തയ്യാറാകുന്നവർ ആരാണോ അവർക്കാവശ്യമായ സംരക്ഷണം ഒരുക്കുകയും അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മാത്രമേ ഞങ്ങൾ ചെയ്തിട്ടുള്ളൂ. അവിടെ ഒരു സംഘർഷം നടക്കുന്ന ഘട്ടത്തിൽ ആളുകൾ അക്രമം നടത്തുകയാണ്. ആ സന്ദർഭത്തിൽ ഈ പറയുന്ന ആൾ മൈക്ക് ഉപയോഗിച്ച് സംസാരിച്ചുവെന്ന് പറയുന്നത് ശരിയാണ്. ആ സംഘർഷസ്ഥിതിയുടെ ഘട്ടം നോക്കിക്കൊണ്ടു നിൽക്കേണ്ടതാണ്. ........(ബഹളം....)...... ആരുടെ പേരാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്? തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങൾ സ്വതന്ത്രമായി തീരുമാനമെടുക്കുന്നവരാണ്. അവർക്ക് അതിനുള്ള എല്ലാ അധികാരങ്ങളും അവകാശങ്ങളുമുണ്ട്. ഒരു പ്രശ്നവും അതിനകത്തില്ല. അതിന്റെ ഭാഗമായിത്തന്നെയാണ് അവർ ഇപ്പോൾ സാവകാശ

ഹർജി കൊടുത്തിട്ടുള്ളത്. ശബരിമല നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആരാധനാലയമാണ്. ആ ആരാധനാലയത്തെ നല്ല രീതിയിൽ ശക്തിപ്പെടുത്താൻ തന്നെയാണ് സർക്കാർ നടപടി സ്വീകരിക്കുന്നത്. സവർണ്ണ ചാതുർവർണ്യ വ്യവസ്ഥ അംഗീകരിച്ചവർക്ക് അംഗീകരിക്കാൻ കഴിയാത്ത ഒന്നാണ് ശബരിമല. ശബരിമല എന്നത് ജാതിഭേദവും മതദ്വേഷവും ഇല്ലാതെ എല്ലാവർക്കും പോകാൻ കഴിയുന്ന ഒരു സ്ഥലമാണ്. എല്ലാ ജാതിക്കാർക്കും മതവിശ്വാസികൾക്കും അവിടെ പോകാം. സാധാരണയുള്ള ആരാധനാലയങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തമാണിത്. അതുകൊണ്ടുതന്നെ ഒരു പ്രത്യേകത അതിനുണ്ട്. ആ പ്രത്യേകത ഉള്ളതുകൊണ്ടുതന്നെ അതിനെ നല്ല രീതിയിൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇതുതന്നെയാണ് സർക്കാരിന്റെ നിലപാട്. അത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടിതന്നെയാണ് സർക്കാർ സ്വീകരിക്കുന്നത്. ശബരിമലയെ കൂടുതൽ ശക്തിപ്പെടുത്തും; വിശ്വാസികളോടൊപ്പം സർക്കാരുണ്ടാകും; ഒരു സംശയവും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. അമ്പലങ്ങൾ തകർത്തുകളയാം എന്നൊരു ഭാഗം പറയുകയുണ്ടായി. അവിശ്വാസികൾ നമ്മുടെ സമൂഹത്തിൽ മുൻകാലങ്ങളിലുമുണ്ട്. അവർ അമ്പലങ്ങൾ തകർക്കാൻ നേരത്തെ ആഗ്രഹിച്ചിരുന്നുവെന്ന് പറയാൻ കഴിയില്ല. അത് നവോത്ഥാനകാലഘട്ടത്തെ ഒരു പ്രത്യേകതയുടെ ഭാഗമായിട്ടായിരുന്നു. നിങ്ങൾ ഇപ്പോൾ അത് അംഗീകരിക്കുമോയെന്ന് അറിയില്ല. സി. കേശവൻ പണ്ടൊരു പ്രസംഗം നടത്തിയല്ലോ. ഒരു അമ്പലം കത്തിയാൽ അത്രയും അന്ധവിശ്വാസം തകർന്നുവെന്ന് അദ്ദേഹം പറഞ്ഞു, എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞത്, അത് നവോത്ഥാന കാലത്തിന്റെ ശക്തിയാണ്. കാലത്തിന്റെ പ്രതീകമായിട്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. ഇന്നാണെങ്കിൽ ഇവിടെ ഇരിക്കുന്ന നേതാക്കളിൽ ആർക്കെങ്കിലും അങ്ങനെ പറയാൻ കഴിയുമോ? അത് ഒരു കാലത്തിന്റെ പ്രത്യേകതയായിരുന്നു. അത്രമാത്രം തീക്ഷ്ണമായ നവോത്ഥാന ചിന്ത ശക്തിപ്പെട്ടൊരു ഘട്ടമായിരുന്നു അത്. അതിന്റെ ഭാഗമായി ഉയർന്നുവന്ന ഒരു വികാരമാണ് സി. കേശവന്റ നാവിലൂടെ പുറത്തുവന്നത്. അങ്ങനെയൊരു കാലം നമ്മുടെ നാട്ടിലുണ്ടായിരുന്നു. എന്നുവച്ച് ആരാധനാലയങ്ങൾ തകർക്കാനൊന്നും ഇവിടെ ആരും പുറപ്പെട്ടിട്ടുമില്ല, അംഗീകരിച്ചിട്ടുമില്ല. അത്തരം നീക്കങ്ങൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ആ സമയത്ത് അതിനെയെല്ലാം എതിർക്കുന്ന സമീപനമാണല്ലോ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്. ശബരിമലയിലെ വരവ് തടയാൻ ഒരു നീക്കം നടത്തിയല്ലോ. അങ്ങനെ ശബരിമലയിലെ വരവ് തടഞ്ഞ് പൂജാരികൾക്കും മറ്റ് ആരാധനാലയങ്ങളിലെ ജീവനക്കാർക്കുമെല്ലാം പട്ടിണി സമ്മാനിക്കാമെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അത് സമ്മതിക്കില്ല.

അങ്ങനെയൊരു ഘട്ടം വരുന്നുണ്ടെങ്കിൽ ആവശ്യമായ പിന്തുണ ആ സന്ദർഭത്തിൽ സർക്കാർ നൽകാൻ തയ്യാറാണ്. ഇത് പരസ്യമായി പറഞ്ഞതാണ്. നിയമസഭയിലും ഞാൻ അത് ആവർത്തിക്കുകയാണ്. ഇതൊന്നും നടക്കുന്ന കാര്യമല്ല. മുമ്പൊരിക്കൽ ഗുരുവായൂരിൽ ഇതേ സംഘ്പരിവാർ ഒരു സമരം നടത്തി. ആ സമരത്തിൽ പറഞ്ഞത്, ഇങ്ങോട്ടാരും വരാനും ദർശനം നടത്താനും കാണിക്കയിടാനും പാടില്ലെന്നും ഞങ്ങൾ ഒരു കാണിക്കപ്പെട്ടി വയ്ക്കാം ഇവിടെ ഇട്ടോളൂ എന്നുമാണ്. കുറച്ചു ദിവസമേ ആ സമരം നിലനിന്നുള്ളൂ. പിന്നീട് അത് പൊളിഞ്ഞുപോയി. ഇതേ ഗതി തന്നെയാണ് ഇതിനുമുണ്ടാകാൻ പോകുന്നത്. അത് മറക്കേണ്ട. ഇതൊന്നും പൊതുസമൂഹം അംഗീകരിക്കുന്ന കാര്യമല്ല. ആ കാലത്തെ നമ്മുടെ രാജ്യത്തിന്റെ ചരിത്രമെടുത്താൽ നവോത്ഥാനത്തിനും ദേശീയ പ്രസ്ഥാനത്തിനും വലിയ പങ്കുണ്ട്. നവോത്ഥാനം നല്ല രീതിയിൽ നമ്മുടെ സമൂഹത്തിൽ ഉയർന്നുവന്നു. അന്നത്തെ ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കൾ പലരും നല്ല രീതിയിൽ നവോത്ഥാന പ്രവർത്തനത്തിൽ പങ്ക് വഹിച്ചിട്ടുണ്ട്. കോൺഗ്രസിന് അതേ നില സ്വീകരിക്കാൻ കഴിയുന്നുണ്ടോയെന്നുള്ള ഒരു ആത്മപരിശോധന നിങ്ങൾ നടത്തണം.

<u>ശ്രീ. സി. കെ. നാണു:</u> സർ, ഇത് ഇന്ദിരാ കോൺഗ്രസാണ്. കോൺഗ്രസിന്റെ കാലം കഴിഞ്ഞു. അവർ അത് സമ്മതിക്കണം. അവർ കോൺഗ്രസ് (ഐ) ആണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അന്നത്തെ കോൺഗ്രസിന്റെ നിരയിൽ ശക്തമായി ആദ്യം മുതൽ തന്നെ ഇടതുപക്ഷവുമുണ്ടായിരുന്നു. ഇടതുപക്ഷത്തിന്റെ ഭാഗമായിട്ടാണ് കോൺഗ്രസ്, കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയുമൊക്കെയായി മാറുന്നത്. ഗുരുവായൂർ സത്യാഗ്രഹത്തിന് നേതൃത്വം നൽകിയ കെ. കേളപ്പൻ യഥാർത്ഥത്തിൽ വലിയ വിശ്വാസിയായിരുന്നുവെന്നു പറയാൻ കഴിയില്ല. കെ. കേളപ്പനും, പി. കൃഷ്ണപിള്ളയും, എ. കെ. ഗോപാലനും, സുബ്രമണ്യത്തിരുമുമ്പുമൊക്കെയാണല്ലോ ആ സമരത്തിന് നേതൃത്വം കൊടുത്തവർ. അവർ പ്രാർത്ഥിക്കുന്നു, അവിടെ പോകുന്നു, ആരാധന നടത്തുന്നു എന്നുള്ളതല്ല, അവിടെ ആരാധന നടത്താൻ എല്ലാവർക്കും അവകാശം വേണം. അതിനായിരുന്നു സമരം നടത്തിയിരുന്നത്. വഴി നടക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി മറ്റുള്ളവരെയും കൂട്ടി പോയത് അവർക്കും സ്വാതന്ത്ര്യം കിട്ടണമെന്നുള്ള നിലയിലാണ്.

സ്വാമി സന്ദീപാനന്ദഗിരിയെ കൊലപ്പെടുത്താൻ ശ്രമിച്ചത് വളരെ ഖേദകരമായിപ്പോയി. നിങ്ങൾക്കെന്തിനാണ് അദ്ദേഹത്തോട് ഇത്ര വിരോധം.

ഞാൻ വിചാരിച്ചത് ശ്രീ. വി. എസ്. ശിവകുമാറിന്റെ എന്തോ ഒരു പ്രശ്നം മാത്രമാണെന്നാണ്. നിങ്ങളിൽ മറ്റു ചിലരും ഒച്ചയുണ്ടാക്കുമ്പോൾ മറ്റുള്ളവർക്കും അതൊരു പ്രശ്നമാണെന്നാണ് തോന്നുന്നത്. സ്വാമി സന്ദീപാനന്ദഗിരിയോട് സംഘ്പരിവാറിന് വിരോധമുണ്ട്. ആ വിരോധം നമുക്ക് മനസ്സിലാകും. കാരണം, സംഘ്പരിവാർ പറയുന്ന കാര്യങ്ങൾ അദ്ദേഹം പൊളിച്ചടുക്കിക്കൊടുക്കുന്നുണ്ട്. അതിന്റെ ഭാഗമായി അദ്ദേഹം കൃത്യമായ വിശദീകരണങ്ങളിലൂടെയാണ് കാര്യങ്ങൾ ശരിയായി അവതരിപ്പിക്കുന്നത്. അതിനോട് കോൺഗ്രസ് പാർട്ടിക്കും ശ്രീ. വി. എസ്. ശിവകുമാറിനും എന്തിനാണ് അസഹിഷ്ണുത? ഇത് ശരിയായ നടപടിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, സ്വാമിജിയുടെ ആശ്രമം ഞാനും അങ്ങും സന്ദർശിച്ചിട്ടുള്ളതാണ്. പക്ഷേ, അങ്ങയുടെ മൂക്കിന് താഴെയുള്ള ആ സ്ഥലത്ത് നടന്ന സംഭവത്തിനുശേഷം ഇത്രയും ദിവസമായിട്ടും പ്രതിയെ പിടിക്കാൻ കഴിയാത്തതെന്താണെന്ന് വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രതിയുടെ എല്ലാ കാര്യങ്ങളും പരിശോധിച്ച് പ്രതിയാരാണെന്ന് കണ്ട് അവരെ പിടിക്കുന്നതുവരെയുള്ള നടപടി പോലീസ് സ്വീകരിച്ചുവരികയാണ്. പിടിക്കാൻ കഴിയാത്ത പല പ്രതികളെയും നമ്മുടെ പോലീസ് പിടിച്ചിട്ടുണ്ട്, കേസ് തെളിയിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. ആ കേസ് അന്വേഷണത്തിന്റെ പാതയിലാണ്, അന്വേഷണം പൂർത്തിയാകുമ്പോൾ പ്രതികളെ പിടികൂടുന്നതാണ്. അതിനെ ആ നിലയിൽ എടുത്താൽ മതി. പോലീസ് പോലീസിന്റേതായ രീതിയിലാണല്ലോ അന്വേഷിക്കുക. ഇപ്പോൾ ആ അന്വേഷണം നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി പ്രതികളെ കണ്ടെത്തും. സി. സി. ടി. വി.-യിൽ കണ്ടില്ലെന്നുള്ളതുകൊണ്ട് അവിടെ തീകത്തിയില്ലെന്ന് പറയാൻ കഴിയുകയില്ലല്ലോ; കത്തിക്കൽ ഉണ്ടായിട്ടുണ്ടല്ലോ. സാധാരണ നിലയിൽ അത് എന്താണെന്നുള്ളത് പോലീസ് പരിശോധിക്കട്ടെ.

പമ്പയിൽ മണൽ കുമ്പാരമാണെന്ന് പറഞ്ഞല്ലോ; കോരിയെടുത്ത മണൽ അവിടെ ഇട്ട് അതിന് നല്ല രീതിയിൽ സംരക്ഷണം ഏർപ്പെടുത്തിയിരിക്കുകയാണ്. ആ മണലാണ് നിങ്ങൾ കണ്ടത്. നദിയിലാകെ മണൽ നിറഞ്ഞ് കിടക്കുകയായിരുന്നു. അത് കോരിയെടുത്ത് കരയ്ക്കിട്ട് അതിനെ മറച്ച് സൂക്ഷിച്ചിരിക്കുകയാണ്, അതാണ് ഇപ്പോഴുണ്ടായ സംഭവം. വാവർ സ്വാമിയെ കാണാൻ കഴിയുന്നില്ലെന്ന പരാതി ഇതുവരെയും ആരും ഉന്നയിച്ചിട്ടില്ല, ആ പരാതിയും ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ ഉന്നയിച്ചിരിക്കുകയാണ്. അങ്ങേയറ്റം തെറ്റായ കാര്യങ്ങളാണ് അവതരിപ്പിക്കുന്നത്. അവിടെ

നെയ്യഭിഷേകം നടത്തുന്നതിന് ഒരു പ്രശ്നവുമില്ല. അതിനുള്ള എല്ലാ സൗകര്യങ്ങളും ദേവസ്വം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. നേരത്തെയുണ്ടായിട്ടുള്ള സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് ചില ക്രമീകരണങ്ങൾ അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ കാര്യങ്ങളിലെല്ലാം യുക്തമായ നടപടി അവർ സ്വീകരിക്കുന്നുണ്ട്. വിശ്വാസികളുടെ വിശ്വാസത്തെ തകർക്കുന്ന സമീപനം ഈ സർക്കാരിനില്ല, വിശ്വാസികളുടെ വിശ്വാസം അനുസരിച്ച് ജീവിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും വിശ്വാസമില്ലാത്തവർക്ക് അതനുസരിച്ച് ജീവിക്കുന്നതിനുള്ള എല്ലാ സംരക്ഷണവും സർക്കാർ ഏർപ്പെടുത്തും. ഇതാണ് നമ്മുടെ രാജ്യത്തിന്റെ മതനിരപേക്ഷതയുടെ പ്രത്യേകത. ഇവിടെ എന്റെ വിശ്വാസം മാത്രമേ നിങ്ങൾക്കും പാടുള്ളൂ എന്നുവച്ച് ആ വിശ്വാസം അടിച്ചേൽപ്പിക്കാനുള്ള ശ്രമം ചിലയിടങ്ങളിൽ നടന്നിട്ടുണ്ട്. അതിന്റെ ഭാഗമായി പ്രശ്നങ്ങളുണ്ടായിട്ടുമുണ്ട്. ധാരാളം വിശ്വാസികൾ അവരുടെ വിശ്വാസം വച്ചുപുലർത്തുന്നുവെന്നതിന്റെ പേരിൽ ആക്രമിക്കപ്പെട്ടിട്ടുണ്ട്. അവരെയെല്ലാം ആക്രമിച്ചത് അവിശ്വാസികളല്ല, ഇത് നാം വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്. തന്റെ വിശ്വാസത്തിന്മേൽ ഒരു കൂട്ടം വിശ്വാസികൾ ആക്രമിക്കപ്പെട്ടത് അവിശ്വാസികളിൽ നിന്നല്ല. അത് മറ്റൊരു കൂട്ടം വിശ്വാസികളിൽ നിന്നാണ്. അവർ ധരിക്കുന്നത് തങ്ങളുടെ വിശ്വാസം മാത്രമേ പാടുള്ളൂവെന്നും മറ്റുള്ളവരുടെ വിശ്വാസം പാടില്ലെന്നുമാണ്. അത്തരം അക്രമമാണ് ഇവിടെ നടന്നിട്ടുള്ളത്, അതിനെയാണ് വർഗ്ഗീയതയെന്ന് പറയുന്നത്. ആ വർഗ്ഗീയതയെയാണ് നാം എതിർക്കേണ്ടത്. ആ വഴിക്കാണ് നിങ്ങളും വരേണ്ടത്. അതിനെ സംബന്ധിച്ചാണ് നേരത്തെ നമ്മൾ പറഞ്ഞുവന്നത്. കേരളത്തെ സംബന്ധിച്ച് കോൺഗ്രസ് പാർട്ടിയെ ഏതെല്ലാം രീതിയിൽ തളർത്താൻ കഴിയുമോ ആ രീതിയിലെല്ലാം തളർത്തുകയെന്നത് ഞങ്ങൾ നേരത്തെ ആഗ്രഹിച്ചിരുന്ന കാര്യംതന്നെയാണ്. പക്ഷേ, ആ കോൺഗ്രസിനെ തളർത്തി ബി.ജെ.പി.യെ വളർത്തുകയെന്നത് ഞങ്ങൾ ആഗ്രഹിക്കുന്ന കാര്യമല്ല. നിങ്ങളാണ് അത് ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ സ്വയം കൃതാർത്ഥമായ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഒന്നിൽനിന്നും കാര്യങ്ങൾ പഠിക്കുന്നില്ലെന്നാണ് കാണേണ്ടത്. രാജ്യത്ത് ആകമാനമുണ്ടായ വിഷയങ്ങളുണ്ട്, അതിൽ ഒന്നിൽനിന്നും നിങ്ങൾ പാഠം പഠിക്കുന്നില്ല. അടുത്തകാലത്ത് നിങ്ങളുടെ പാർട്ടിയിൽനിന്നും വിവാദമുണ്ടാക്കിയ ശ്രീ. സി. പി. ജോഷി എന്ന നേതാവ് അയോദ്ധ്യയെപ്പറ്റി പറഞ്ഞത്, ബാബറി മസ്ജിദ് തുറന്നു കൊടുത്തത് രാജീവ് ഗാന്ധിയായിരുന്നുവെന്നും ഇനി ഞങ്ങൾ അധികാരത്തിൽവന്നതിനുശേഷം മാത്രമേ രാമക്ഷേത്രം നിർമ്മിക്കാൻ കഴിയുകയുള്ളൂ എന്നുമാണ്. ആ ടൈപ്പ് കുറെ ആൾക്കാർ നിങ്ങളോടൊപ്പമുണ്ട്.

അവരെല്ലാം മറ്റൊരു നിലപാടാണ് സ്വീകരിക്കുന്നത്. അതിൽനിന്നും ഒരു പാഠവും ഉൾക്കൊള്ളാൻ നിങ്ങൾക്ക് കഴിയുന്നില്ല. എങ്ങനെ നിങ്ങൾ ശോഷിച്ചുപോയി; എങ്ങനെ നിങ്ങളുണ്ടായിരുന്നിടത്തുനിന്ന് നിങ്ങൾ ഇല്ലാതായിപ്പോയി? ആ കാര്യങ്ങളെപ്പറ്റിയല്ല നിങ്ങൾ ചിന്തിക്കുന്നത്. അതിനെക്കുറിച്ച് നിങ്ങൾ പഠിക്കുന്നതിനോ പാഠം ഉൾക്കൊള്ളുന്നതിനോ തയ്യാറാകുന്നില്ല. നിങ്ങൾ അപ്പോഴും ഈ പറയുന്നവരോടൊപ്പം നിൽക്കാനാണ് ശ്രമിക്കുന്നത്. ഇവിടെ ആർ.എസ്.എസ്.ഉം സംഘപരിവാറും നടത്തുന്ന പ്രക്ഷോഭത്തിനോടൊപ്പം കൊടിയില്ലാതെ ചേർന്നോ എന്നാണോ നിങ്ങൾ പറയേണ്ടത്? അതല്ലേ നിങ്ങൾ സ്വീകരിച്ച നിലപാട്? യഥാർത്ഥത്തിൽ നിങ്ങൾ നേരത്തെ സ്വീകരിച്ച നിലപാടിനോടൊപ്പം ഉറച്ചുനിൽക്കുകയല്ലേ വേണ്ടത്? നിങ്ങൾ സ്വീകരിച്ച നിലപാടിനെപ്പറ്റി നിങ്ങൾ തന്നെയാണ് ആലോചിക്കേണ്ടത്. ഇത് ഗുണകരമാണോ തങ്ങളുടെ ഭാവിക്ക് നല്ലതാണോയെന്ന് കോൺഗ്രസ് പാർട്ടിതന്നെ ചിന്തിക്കേണ്ട കാര്യമാണ്. ഇങ്ങനെയൊരു അധ:പതനം നിങ്ങൾക്ക് വരുന്നുണ്ടെങ്കിൽ സ്വാഭാവികമായും ഞങ്ങൾക്ക് അതിൽ ഖേദമുണ്ട്. അതാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. ഇവിടെ പാർട്ടി കോൺഗ്രസിനെപ്പറ്റി ശ്രീ. പി. എസ്. ശ്രീധരൻപിള്ള പറഞ്ഞ കാര്യം സൂചിപ്പിച്ചിരുന്നു. പാർട്ടി കോൺഗ്രസെന്ന് മാത്രമേ പറഞ്ഞുള്ളൂ, മറ്റ് കാര്യങ്ങളൊന്നും പറഞ്ഞില്ല. എന്തിനാണ് നിങ്ങളിങ്ങനെ അനാവശ്യമായി അവരുടെ വാദങ്ങൾ ഏറ്റെടുത്ത് ഉന്നയിക്കുന്നത്. ഇനി എന്തെങ്കിലും പാർട്ടി കോൺഗ്രസിനെക്കുറിച്ച് പറയാനുണ്ടെങ്കിൽ അത് പറഞ്ഞാൽ ഞാൻ പറയാമായിരുന്നു. പക്ഷേ, അത് പറഞ്ഞതുമില്ല, പാർട്ടി കോൺഗ്രസെന്ന് മാത്രമേ പറഞ്ഞുള്ളൂ. അവരുമായി ഒന്നിച്ച് നിൽക്കാനുള്ള പ്രവണത നിങ്ങൾക്ക് ദോഷമുണ്ടാക്കുകയേയുള്ളൂ എന്നത് നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. നിങ്ങൾക്ക് നിങ്ങളുടേതായ സ്വത്വമുണ്ട്, പാരമ്പര്യമുണ്ട്, ആ നിലയിൽത്തന്നെ നിങ്ങൾ മുന്നോട്ട് പോകണം. എന്തിനാണ് നിങ്ങൾ സംഘപരിവാറിനോടൊപ്പം നിൽക്കാൻ പോകുന്നത്? ശബരിമലയുടെ കാര്യത്തിൽ ആവർത്തിച്ച് വ്യക്തമാക്കുകയാണ്, ശബരിമലയെ കൂടുതൽ ശക്തിപ്പെടുത്തും ഒരു സംശയവും വേണ്ട. ഭക്തരോടൊപ്പം സർക്കാരുമുണ്ടാകും. വിശ്വാസികൾക്ക് എല്ലാ സൗകര്യവും ഒരുക്കും ഒരു പ്രയാസവും അവിടെയുണ്ടാകില്ല. ആകെ പ്രയാസം അക്രമികൾക്ക് മാത്രമായിരിക്കും. അക്രമികളെ ഏതെങ്കിലും തരത്തിൽ പ്രോത്സാഹിപ്പിക്കാമെന്ന് ആരെങ്കിലും ധരിച്ചാൽ അത് ഒരു കാരണവശാലും അനുവദിക്കുന്ന പ്രശ്നമില്ല. ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവും ഇല്ലെന്നുതന്നെയാണ് വ്യക്തമാക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മണിക്കൂറും ഇരുപത് മിനിട്ടും ഈ കാര്യത്തെപ്പറ്റി സംസാരിച്ചു. അതുകൊണ്ട് എന്നെ അങ്ങ് തടസ്സപ്പെടുത്തരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം പ്രസംഗിച്ചപ്പോഴും രണ്ടാമത് പ്രസംഗിച്ചപ്പോഴും വസ്തുതകളെ മുഴുവൻ മറച്ചുവച്ചുകൊണ്ടാണ് സംസാരിച്ചത്. ഇടിച്ച മഞ്ഞുകട്ട എത്രത്തോളം വലുതാണെന്ന് 'ടൈറ്റാനിക്' മുങ്ങിത്താഴുമ്പോഴാണ് ആ കപ്പലിലെ കപ്പിത്താനായ എഡ്വേർഡ് സ്മിത്തിന് മനസ്സിലായത്. നൂറടി ഉയരവും നാനൂറടി നീളവുമുള്ള മഞ്ഞുകട്ടയിലാണ് അറ്റ്ലാന്റിക് സമുദ്രത്തിൽ വച്ച് ടൈറ്റാനിക് എന്ന കപ്പൽ ഇടിച്ചത്. ഒരിക്കലും മുങ്ങില്ലെന്ന് പ്രഖ്യാപിച്ച് കടലിൽ ഇറക്കിയ ടൈറ്റാനിക് എന്ന കപ്പലാണ് കന്നിയാത്രയിൽ പന്തീരായിരത്തി അഞ്ഞൂറടി താഴ്ചയിലേയ്ക്ക് മുങ്ങിപ്പോയത്. ഭക്തരുടെ വികാരത്തിന്റെ അളവ് അറിയാതെ അവരുടെ ഹൃദയവേദന മനസ്സിലാക്കാതെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശബരിമലയിലെ കാര്യങ്ങളിൽ ഇടപെടുന്നതും പ്രസംഗിക്കുന്നതും. അദ്ദേഹം ഇവിടെ പറഞ്ഞ കാര്യങ്ങൾ ഓരോന്നോരോന്നായി പരിശോധിക്കാം. അദ്ദേഹം പറഞ്ഞത് ഈ വിധി വന്നപ്പോൾ ഞാൻ നൽകിയ പ്രതികരണത്തെപ്പറ്റിയാണ്. എന്റെ പ്രതികരണം 28-9-2018-ലെ പത്രങ്ങളിൽ വന്നിട്ടുള്ളതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശബരിമലയിലെ സ്ത്രീ പ്രവേശനം സംബന്ധിച്ച്, പരമോന്നത നീതിപീഠത്തിന്റെ വിധി സംബന്ധിച്ച് എന്ത് പറയുന്നുവെന്ന് പത്രക്കാർ എന്നോട് ചോദിച്ചു. സ്വാഭാവികമായും പരമോന്നത നീതിപീഠത്തിന്റെ വിധി അംഗീകരിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണെന്ന് ഞാൻ പറഞ്ഞു. അതിന്റെകൂടെ ഒരു കാര്യംകൂടി പറഞ്ഞു. ശബരിമലയിൽ സ്ത്രീ പ്രവേശനം ഒരിക്കലും വിലക്കിയിട്ടില്ല. ചില ആചാരങ്ങളുടെ പേരിലുള്ള നിയന്ത്രണങ്ങളാണ് ഉണ്ടായിരുന്നത്. നമ്മുടെ രാജ്യത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് എല്ലാ ദേവാലയങ്ങളും പ്രവർത്തിക്കേണ്ടത് ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും അടിസ്ഥാനത്തിലാണെന്നുള്ള കാര്യംകൂടി ഗൗരവത്തോടെ കാണണം. വിധിപ്പകർപ്പ് പൂർണ്ണമായി ലഭിച്ചശേഷം അത് പഠിച്ച് കൂടുതൽ കാര്യങ്ങൾ

വ്യക്തമാക്കാമെന്ന് ഞാൻ പറഞ്ഞു. ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവേശനം വേണ്ടെന്ന നിലപാടായിരുന്നു യു.ഡി.എഫ്. സർക്കാർ കൈക്കൊണ്ടിരുന്നത്. എന്നാൽ ഞാനതിനെ തള്ളിപ്പറഞ്ഞെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇപ്പോഴത്തെ ഇടതുമുന്നണി സർക്കാരിന്റെ കീഴിലുള്ള ദേവസ്വം ബോർഡിന്റെ നിലപാടും ഇതുതന്നെയായിരുന്നു. എന്നാൽ അതേ ഇടതുമുന്നണി സർക്കാരിന്റെ നിലപാട് നേരെ വിരുദ്ധമാണ്. പൊതുജനത്തെ കബളിപ്പിക്കുന്നതിനുള്ള ഭരണമുന്നണിയുടെ ഇരട്ട നിലപാടാണ് കേസ്സിൽ പ്രശ്നമായതെന്നാണ് ഞാൻ പറഞ്ഞത്. ഇന്നത്തെ കാലത്ത് ഇത് മറച്ചുവയ്ക്കാൻ സാധിക്കില്ലല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ, വടിയുടെ ആളുകളോട് ചോദിച്ചാൽ അവർ പ്രദർശിപ്പിക്കുന്ന കാര്യമാണത്. പരിശോധിച്ചാൽ അറിയാവുന്ന കാര്യമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നശേഷം വസ്തുതാവിരുദ്ധമായി ഞാൻ സംസാരിച്ചിട്ടില്ല. ഞാൻ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ കോൺഗ്രസ് പാർട്ടിക്കും യു.ഡി.എഫ്.നും ഇക്കാര്യത്തിൽ 2016 മുതൽ ഒരേ നിലപാട് തന്നെയാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെയല്ല. 12 വർഷങ്ങൾ നീണ്ടുനിന്ന കോടതി വിചാരണവേളയിൽ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിനോട്, നിങ്ങളുടെ നിലപാടെന്താണെന്ന് സുപ്രീംകോടതി ചോദിച്ചു, ആ കേസ് വന്നത് 2016-ലാണ് എന്നേയുള്ളൂ. 2016-ൽ ആ കേസ് വന്നപ്പോൾ യു.ഡി.എഫ്. ആലോചിച്ചെടുത്ത തീരുമാനമാണത്. 1991-ൽ കേരള ഹൈക്കോടതിയിൽ Mahendran vs State of Kerala എന്ന കേസിൽ ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണൻ അടക്കമുള്ള ജഡ്ജിമാരുടെ വിധി വന്നിരുന്നു. ആ വിധിയുടെ അടിസ്ഥാനത്തിലാണ് 2016-ൽ കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് അഫിഡവിറ്റ് കൊടുത്തത്. ഞങ്ങൾ കൊടുത്ത അഫിഡവിറ്റിന് ഒരു പൊളിറ്റിക്കൽ തീരുമാനവും ജൂഡീഷ്യൽ സപ്പോർട്ടുമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അനുവാദത്തോടുകൂടി ഉമ്മൻ ചാണ്ടി ഗവൺമെന്റ് അതവിടെ കൊടുത്തത്. അല്ലാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ, തെരഞ്ഞെടുപ്പ് വരുന്നത് കണ്ടുകൊണ്ട് ഒരു വിഭാഗം ആളുകളുടെ പിന്തുണ ലഭിക്കാൻവേണ്ടി സ്വീകരിച്ച നിലപാടായിരുന്നില്ല.

ഞങ്ങൾ 2016-ൽ നൽകിയ അഫിഡവിറ്റ് മാറ്റിക്കൊടുത്തത് നിങ്ങളാണ്. ഗവൺമെന്റിന് അതിനുള്ള അധികാരമുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഹിന്ദുമത ശാസ്ത്രത്തിൽ വിശ്വാസമുള്ളവരുടെ ഒരു കമ്മിറ്റിയെവച്ചുവേണം ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതുസംബന്ധിച്ച് മുന്നോട്ട് പോകേണ്ടതെന്നും അല്ലെങ്കിൽ

തീരുമാനമെടുക്കേണ്ടതെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, എന്റെ കയ്യിലുള്ളത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു പരാമർശമാണ്. " On being further asked to what is the specific stand of the State" . ഭരണഘടനാ ബെഞ്ച് കേരളത്തിലെ ഗവൺമെന്റിനോട് അഡ്വക്കേറ്റ്സ് മുഖേന ഇക്കാര്യത്തിൽ നിങ്ങളുടെ നിലപാട് എന്താണെന്ന് ചോദിക്കുകയാണ്. ശ്രീ. ജയ്ദീപ് ഗുപ്തയാണ് കേരള ഗവൺമെന്റിനുവേണ്ടി ഹാജരായത്. Mr. Gupta unequivocally stated that the State is of the view that women of no age should be debarred to enter into the temple and worship of the deity. അവിടെ ഹിന്ദുമത ശാസ്ത്രത്തിൽ വിശ്വാസമുള്ളവരുടെ അഭിപ്രായം അറിഞ്ഞ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട ജയ്ദീപ് ഗുപ്ത പറഞ്ഞില്ല. ഞങ്ങൾ യുവതീപ്രവേശനത്തിന് അനുകൂലമാണെന്നാണ് ഫൈനലായി ചോദിച്ചപ്പോൾ, കേരള ഗവൺമെന്റിനുവേണ്ടി ഹാജരായ ശ്രീ. ജയ്ദീപ് ഗുപ്ത പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പരാമർശിച്ച കാര്യങ്ങൾ വാസ്തവ വിരുദ്ധമാണെന്ന് ഞാൻ പറയാനുള്ള കാര്യമിതാണ്. അതുകൊണ്ടാണ് ഇത് ചോദിച്ചുവാങ്ങിയ വിധിയാണെന്ന് ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ പറഞ്ഞത്. നിങ്ങൾ ഇങ്ങനെ ഒരു അഫിഡവിറ്റ് കൊടുക്കാതിരുന്നെങ്കിൽ, ഇതുസംബന്ധിച്ച് കോടതി ഫൈനലായി ചോദിച്ചപ്പോൾ നിങ്ങളുടെ അഭിപ്രായം ഹിന്ദുമത വിശ്വാസികളായിട്ടുള്ള പണ്ഡിതരോട് ആലോചിക്കണമെന്ന് പറഞ്ഞിരുന്നെങ്കിൽ ഈ കോടതിവിധി ഉണ്ടാകുമായിരുന്നില്ല. ഇവിടെ പെറ്റീഷണറും ഗവൺമെന്റും ഒരേ നിലപാട് സ്വീകരിച്ചുകൊണ്ടാണ് സുപ്രീംകോടതിയുടെ വിധി ഇങ്ങനെയുണ്ടായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങയുടെ ഗവൺമെന്റ് ചോദിച്ചുവാങ്ങിയ വിധി തന്നെയാണ് ഇതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഇത്തവണ അങ്ങ് പമ്പയിൽ പോയോ? അങ്ങ് ഇക്കാര്യങ്ങളൊക്കെ ഇവിടെ വിശദീകരിച്ചല്ലോ. അങ്ങ് പമ്പയിൽ പോയി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി അവിടത്തെ സ്ഥിതിഗതികൾ നേരിട്ട് കണ്ടിട്ടുണ്ടോ? Third party പറഞ്ഞതനുസരിച്ചുള്ള കാര്യങ്ങളാണ് അങ്ങ് പറഞ്ഞത്. ശാന്തിയുടെയും സമാധാനത്തിന്റെയും മതേതരത്വത്തിന്റെയും പുണ്യഭൂമിയായ ശബരിമലയെ കലാപഭൂമിയാക്കി മാറ്റുകയും അവിടെ ഭയത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തതിന്റെ ഉത്തരവാദികൾ സംസ്ഥാന സർക്കാരും ആർ.എസ്.എസ്.ഉം ബി.ജെ.പി.യുമാണ്. ഇക്കാര്യത്തിൽ കോൺഗ്രസിന്റെയും യു.ഡി.എഫ്.ന്റെയും നിലപാട് ആദ്യംമുതൽതന്നെ വളരെ കൃത്യമാണ്. 2016-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൊടുത്ത അഫിഡവിറ്റിന് അനുസരിച്ചുതന്നെയാണ് സുപ്രീംകോടതി

വിധി വന്നപ്പോൾ ഞങ്ങൾ പ്രതികരിച്ചതും നിലപാടെടുത്തതും. പക്ഷേ ഞങ്ങൾ അവിടെ സമരത്തിന് പോയില്ല. ഒരു ആരാധനാലയത്തിൽ പോയി സമരം ചെയ്യുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ലാത്തതുകൊണ്ടാണ് ആ നിലപാട് സ്വീകരിക്കാതിരുന്നത്. ഞങ്ങൾ ഇക്കാര്യത്തിൽ നിയമത്തിന്റെ മാർഗ്ഗത്തിലൂടെയാണ് മുന്നോട്ട് പോയത്. ഒരു സുപ്രീംകോടതി വിധിയുണ്ടായാൽ പിറ്റേ ദിവസം രാവിലെ അത് നടപ്പാക്കാമെന്ന് എവിടെയാണ്, ആരാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞത്. സുപ്രീംകോടതിയുടെ വിധിപ്പകർപ്പ് കേരള ഗവൺമെന്റിന് ലഭിക്കുന്നതിനുമുൻപ് ഇവിടെ യുവതീപ്രവേശനവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ ഈ ഗവൺമെന്റ് ആരംഭിച്ചു. അന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. കെ. പത്മകുമാർ പറഞ്ഞത്, എന്റെ വീട്ടിൽനിന്ന് ഒരു യുവതിയും ശബരിമലയിൽ പോകില്ല എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടതിനുശേഷമാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. ഈ വിധിക്കെതിരെ റിവ്യൂ ഹർജി നൽകുമെന്നും അദ്ദേഹം പറഞ്ഞു. ഒരു സുപ്രീംകോടതി വിധിയുണ്ടായാൽ റിവ്യൂ ഹർജി കൊടുക്കാം; ക്യൂറേറ്റീവ് ഹർജി കൊടുക്കാം; രാഷ്ട്രപതിയുടെ റഫറൻസിന് കൊടുക്കാം. ധാരാളം ലീഗൽ ഓപ്ഷൻസ് നമ്മുടെ മുൻപിലുണ്ട്. കോൺഗ്രസ് സ്വീകരിച്ച സമീപനം, മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണനെക്കൊണ്ട് റിവ്യൂ ഹർജി കൊടുക്കുക എന്നതായിരുന്നു. 99 റിവ്യൂ ഹർജികൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പിൽ വന്നു. അതിൽ ആർ.എസ്.എസ്.-ന്റെയോ ബി.ജെ.പി.-യുടെയോ സംഘ്പരിവാർ ശക്തികളുടെയോ റിവ്യൂ ഹർജി ഇല്ലായിരുന്നു. അവർക്ക് ആത്മാർത്ഥതയില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവായിരുന്നു അവർ ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കാത്തത്. ഭക്തരുടെ താൽപ്പര്യവും 2016-ൽ സ്വീകരിച്ച നിലപാടിനോടുള്ള ആത്മാർത്ഥതയുംകൊണ്ട് കോൺഗ്രസ് പാർട്ടി യു.ഡി.എഫ്.-ലെ ഘടകകക്ഷികളുമായി ആലോചിച്ചാണ് റിവ്യൂ ഹർജി കൊടുക്കാൻ തീരുമാനിച്ചത്.

1.00 P.M.

കേരളത്തിലെ സർക്കാർ മനസ്സിലാക്കേണ്ട കാര്യം, ഭരണഘടനാ ബെഞ്ചിന്റെ വിധി അത്യപൂർവ്വമായി മാത്രമേ ഓപ്പൺ കോർട്ടിൽ കേൾക്കാറുള്ളൂ. ഞാൻ നിരവധി തവണ സുപ്രീംകോടതിയിൽ പോയി കേസ് വാദിക്കുന്നത് കേട്ടിട്ടുണ്ട്. സാധാരണഗതിയിൽ റിവ്യൂ ഹർജി കേൾക്കുന്നത് ചേമ്പറിലാണ്. സാധാരണയുള്ള കേസ്സുകൾ തീർത്തശേഷം ചായ കുടിക്കാൻ ജഡ്ജിമാർ ഇരുന്നുകൊണ്ട് രജിസ്ട്രാർ കൊണ്ടുവരുന്ന പേപ്പറിൽ ഡിസ്മിസ്ഡ് അല്ലെങ്കിൽ ഒ.കെ. എന്നൊക്കെ എഴുതിവിടുകയാണ് ചെയ്യുന്നത്. ഈ ഹർജികൾ സംബന്ധിച്ച്

ജനവരി 22-ാം തീയതി ഓപ്പൺ കോർട്ടിൽ കേൾക്കാം എന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. അനിതരസാധാരണമായ അത്തരമൊരു നിലപാട് സുപ്രീംകോടതി എടുത്തതുപോലും ഗവൺമെന്റിന് മനസ്സിലായില്ല. അതിന്റെ അർത്ഥം, there is a legal question. സുപ്രീംകോടതിയിലെ നാല് ജഡ്ജിമാർ ഒരു വിധി പറയുന്നു; ഒരു ജഡ്ജി വേറൊന്ന് പറയുന്നു. ജസ്റ്റിസ് ഇന്ദു മൽഹോത്രയുടെ ഏറ്റവും സുപ്രധാനമായ വിധി 2016-ലെ യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്ത അഫിഡവിറ്റിന്റെ ഭാഗമാണ്. ഞങ്ങൾ അഫിഡവിറ്റിൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ജസ്റ്റിസ് ഇന്ദു മൽഹോത്രയുടെ വിധിയിലും പ്രതിഫലിക്കുന്നത്. ഞാൻ ആ വിധിയുടെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി ഓപ്പൺ കോർട്ടിൽ ഈ കേസ് കേൾക്കാമെന്ന് തീരുമാനിച്ചിരിക്കുന്നു. അങ്ങനെ തീരുമാനിച്ച സാഹചര്യത്തിൽ സാമാന്യമായി ഭക്തജനങ്ങളോട് താൽപര്യമുള്ള അല്ലെങ്കിൽ നമ്മളെടുത്ത നിലപാടുകളോട് ആത്മാർത്ഥതയുള്ളവർക്ക് അതൊരു ആശ്വാസം തന്നെയാണ്. ആ വിധി വരാനിരിക്കുന്നതേയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്, എന്തുകൊണ്ടാണ് ഇക്കാര്യത്തിൽ സാവകാശം എടുക്കാതിരുന്നത്? ഞാൻ അഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് നിയമിച്ച ശ്രീ. ടി. പി. സെൻകുമാറിന്റെ കേസ് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി.യായി തിരികെ പ്രവേശിപ്പിക്കണമെന്ന് സുപ്രീംകോടതി അന്തിമമായി വിധിച്ച സാഹചര്യത്തിൽ, ആ വിധി നടപ്പാക്കാതെ അതിന്റെ കോപ്പി മേശയ്ക്കകത്തുവച്ച് പൂട്ടി. അവസാനം ആഭ്യന്തരവകുപ്പ് സെക്രട്ടറിയെ ശാസിക്കുമെന്നും ആഭ്യന്തരവകുപ്പ് സെക്രട്ടറിക്ക് പിഴയൊടുക്കേണ്ടിവരുമെന്നും പറഞ്ഞ സാഹചര്യത്തിലാണ് അത് നടപ്പാക്കേണ്ടിവന്നത്. രണ്ടാമത്തെ കാര്യം, പാതയോരങ്ങളിലെ ബാറുകളുടെ ദൂരപരിധി സംബന്ധിച്ച് സുപ്രീംകോടതി പറഞ്ഞത്, എല്ലാം മാറ്റണമെന്നും അവിടെനിന്ന് ഒഴിവാക്കണമെന്നുമാണ്. ആ വിധിപ്പകർപ്പ് കിട്ടിയപ്പോൾ ഈ ഗവൺമെന്റ് എന്തുചെയ്തു? ഗവൺമെന്റ് ആ വിധിപ്പകർപ്പ് റവന്യൂ, എക്സൈസ് എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തു. അവിടെനിന്ന് അത് നിയമ വകുപ്പുസെക്രട്ടറിക്ക് കൊടുത്തശേഷം അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിനായി വിട്ടു. അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ലഭിച്ചശേഷം തിരിച്ച് അതേ വഴിയിലൂടെ വന്ന് ക്യാബിനറ്റിൽ വച്ചു. സുപ്രീംകോടതിയുടെ ഈ വിധി നടപ്പാക്കാൻ നാല് മാസമാണ് ഗവൺമെന്റ് എടുത്തത്. ഇതുപോലെ നിരവധി സുപ്രീംകോടതി വിധികൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടപ്പാക്കാതെ കിടപ്പുണ്ട് എന്നുള്ളത് ലാ ജേർണലുകൾ ചൂണ്ടിക്കാണിക്കുന്ന കാര്യമാണ്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല.

ഇങ്ങനെയൊരു വിധിയുണ്ടായശേഷം സർവ്വകക്ഷി യോഗം ചേർന്ന് അഭിപ്രായങ്ങൾ ആരായുമെന്നാണ് കേരളത്തിലെ മുഖ്യമന്ത്രിയിൽനിന്ന് ഞങ്ങൾ പ്രതീക്ഷിച്ചത്. ആദ്യം ചെയ്യേണ്ടത് അവസാനമാണ് ഈ സർക്കാർ ചെയ്തത്. ആദ്യം ഈ നടപടി സ്വീകരിച്ചിരുന്നെങ്കിൽ ഇപ്പോൾ ശബരിമലയിലുണ്ടായ പ്രശ്നങ്ങൾ ഈ രീതിയിലാകുമായിരുന്നില്ല. അവിടെ ശാന്തിയും സമാധാനവും പുലർത്താൻ സർക്കാരിന് കഴിയുമായിരുന്നുവെന്നാണ് എന്റെ വിശ്വാസം. അപ്പോൾ ഇതിൽ ഒരു ഗൂഢോദ്ദേശ്യം സർക്കാരിനുണ്ടായിരുന്നു. ആർ.എസ്.എസ്., ബി.ജെ.പി., സി.പി.ഐ.(എം) എന്നീ പാർട്ടികൾക്കും സർക്കാരിനും ഗൂഢോദ്ദേശ്യമുണ്ട്. ഈ ഗൂഢോദ്ദേശ്യങ്ങൾ തമ്മിൽ ഒരുമിച്ച് ചേരുമ്പോഴാണ് ശബരിമലയിലെ പ്രതിസന്ധിയും പ്രശ്നങ്ങളും കൂടുതൽ രൂപപ്പെട്ടതെന്നുള്ള കാര്യം നമ്മൾ മറന്നുപോകരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ഒരു പാർട്ടി നേതാവ് മാത്രല്ല കേരളത്തിന്റെ മുഖ്യമന്ത്രികൂടിയാണ്. ഇത്രയും നിർണ്ണായകമായ ഒരു വിധി വരുമ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി കുറെക്കൂടി statesmanship കാണിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. മൂന്നരക്കോടി ജനങ്ങളുടെ മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ. അദ്ദേഹത്തിന് സ്വന്തം അഭിപ്രായമുണ്ടാകാം. അത് അദ്ദേഹമിവിടെ പറഞ്ഞു. ഞങ്ങളുടെ പാർട്ടിക്ക് അഭിപ്രായമുണ്ട്. ആ അഭിപ്രായത്തേക്കാളുപരി കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും താൽപ്പര്യങ്ങൾകൂടി പരിരക്ഷിക്കാനുള്ള magnanimity അങ്ങയിൽനിന്നും കേരളം പ്രതീക്ഷിച്ചു. I am sorry Mr. Chief Minister, you have completely failed on that. അങ്ങ് പൂർണ്ണമായും അവിടെ പരാജയപ്പെടുകയാണുണ്ടായത്. തെരഞ്ഞെടുപ്പിൽ വോട്ടുപിടിക്കാനായി ഞങ്ങൾ എന്തിനാണ് ശബരിമലയെ ഉപയോഗിക്കുന്നത്? ഞങ്ങൾക്ക് വേറെയെന്തെല്ലാം കാര്യങ്ങളുണ്ട്. ഇവിടെ തെരഞ്ഞെടുപ്പിൽ വോട്ടുപിടിക്കാനായി ബി.ജെ.പി.-യും സി.പി.ഐ.(എം).-ഉം നടത്തുന്ന ഒരു രാഷ്ട്രീയക്കളിക്കും ഞങ്ങളാരും കൂട്ടുനിൽക്കുന്നില്ല. ഞങ്ങൾക്ക് അതിന്റെ ആവശ്യവുമില്ല. ബി.ജെ.പി.-യെ ശക്തിപ്പെടുത്തി ഞങ്ങളെ ദുർബലപ്പെടുത്തി മാറ്റാമെന്നുള്ള ചിന്തയാണ് നിങ്ങൾക്കുള്ളതെങ്കിൽ അത് കേരളത്തിൽ നടക്കാൻ പോകുന്നില്ലെന്ന് അസന്നിഗ്ദ്ധമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആ ഒരു നിലപാട് സ്വീകരിക്കാൻ കഴിയുമോയെന്ന് നിങ്ങൾതന്നെ ആലോചിച്ചുനോക്കൂ. ഞാനത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വിട്ടുകൊടുക്കുകയാണ്. അദ്ദേഹമിവിടെ ധാരാളം കാര്യങ്ങൾ പറഞ്ഞല്ലോ. ഞങ്ങൾ പാഠം പഠിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ആദ്യം ത്രിപുരയിൽനിന്നും പശ്ചിമ ബംഗാളിൽനിന്നും പാഠം പഠിക്കുകയാണ് വേണ്ടത്. ഞങ്ങൾ തിരികെ വരും.

മദ്ധ്യപ്രദേശിലും ഛത്തീസ്ഗഡിലും തെലുങ്കാനയിലും മിസോറാമിലും കോൺഗ്രസ് തിരികെ വരുമെന്നുള്ള സൂചനകളാണ് കണ്ടുകൊണ്ടിരിക്കുന്നത്. ദേശീയ രാഷ്ട്രീയത്തിൽ മതേതര ജനാധിപത്യ ശക്തികളെ യോജിപ്പിച്ചുകൊണ്ട് ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കുമെതിരായ, ശക്തമായ മതേതര മതിൽ കേരളത്തിലെയും ഇന്ത്യയിലെയും കോൺഗ്രസ് നിർമ്മിക്കും. നിങ്ങളുടെ ഈ അഭ്യാസമൊന്നും കേരളത്തിലും ഇന്ത്യയിലും നടക്കാൻ പോകുന്നില്ല. ദേശീയ തലത്തിൽ ഉയർന്നുവരുന്ന മതേതരത്വ മുന്നണിയെ എതിർത്തുനിൽക്കുന്നത് കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മലയാളികളായ ആറ് പോളിറ്റ് ബ്യൂറോ മെമ്പർമാരുമാണെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞത് എത്ര ശരിയാണ്. അതുകൊണ്ട് അങ്ങനെയുള്ള രാഷ്ട്രീയ ലക്ഷ്യങ്ങൾ ഏതായാലും ശബരിമലയുടെ കാര്യത്തിൽ സ്വീകരിക്കുന്നത് ഒരു മുഖ്യമന്ത്രിക്ക് എത്രമാത്രം ചേർന്നതാണെന്ന് അങ്ങുതന്നെ ആലോചിക്കണമെന്നാണ് എന്റെ അഭിപ്രായം. അന്ധമായ കോൺഗ്രസ് വിരോധം ഉപേക്ഷിക്കേണ്ട കാലം കഴിഞ്ഞു. നിങ്ങൾ ഞങ്ങളെ ദുർബ്ബലപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ, ഞങ്ങൾ ഇല്ലാതായോ; നിങ്ങളെ ദുർബ്ബലപ്പെടുത്താൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു, നാളെയും ശ്രമിക്കുമെന്ന് അങ്ങ് പറഞ്ഞല്ലോ. അത് ഞങ്ങൾക്ക് മനസ്സിലാകും. അതൊരു പൊളിറ്റിക്കൽ ഫൈറ്റാണ്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നവരാണ്. നിങ്ങൾ എത്രയോ നാളുകളായി ഞങ്ങളെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നു. പക്ഷേ, ഞങ്ങൾ ഇല്ലാതായിട്ടുണ്ടോ? അങ്ങനെ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെ മറ്റൊരു രാഷ്ട്രീയ പ്രസ്ഥാനം വിചാരിച്ചാൽ ഇല്ലാതാക്കാമെന്ന് കരുതുന്നൊരാളല്ല ഞാൻ. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ഇന്ന് സി.പി.ഐ.(എം)-ന്റെ പാർട്ടി സെക്രട്ടറിയല്ല. അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അങ്ങയുടെ ചുറ്റുമിരിക്കുന്ന ആളുകൾ പറയുന്നതല്ല അങ്ങ് കേൾക്കേണ്ടത്. കേരളത്തിലെ ജനങ്ങളുടെ അഭിപ്രായങ്ങളാണ് അങ്ങ് കേൾക്കേണ്ടത്. Maurice Flanagan-ന്റെ പ്രസിദ്ധമായൊരു വാചകമുണ്ട്. "There is no better way to manage than by walking around. Autocracy doesn't work." ചുറ്റും സംഭവിക്കുന്നതെന്താണെന്ന് അറിയാനുള്ള വഴി ജനങ്ങളുടെ ഇടയിൽ നടക്കുക എന്നതാണ്. ഏകാധിപത്യം ഒരിക്കലും വിലപ്പോവില്ല. പമ്പയിലും നിലയ്ക്കലിലും ഭക്തർക്കിടയിൽ സന്ദർശനം നടത്തിയ ശേഷമാണ് ഞാനും ശ്രീ. വി. എസ്. ശിവകുമാറുമൊക്കെ ഇവിടെ സംസാരിക്കുന്നത്. അല്ലാതെ ദന്തഗോപുരത്തിലിരുന്നുകൊണ്ടല്ല ഞങ്ങൾ സംസാരിക്കുന്നത്. മറ്റുള്ളവർ പറയുന്ന അഭിപ്രായങ്ങൾ കേട്ടുകൊണ്ടല്ല, നേർക്കാഴ്ചകൾ കണ്ടിട്ടാണ് ഞങ്ങൾ സംസാരിക്കുന്നത്. പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല, നേർക്കാഴ്ചകളാണ് ഞങ്ങൾ അവിടെ കണ്ടത്. പാർട്ടി

കേഡർ സംവിധാനമുപയോഗിച്ച് ആൾക്കൂട്ടത്തിന്റെ വികാരം മനസ്സിലാക്കിയല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിക്കേണ്ടത്; കേരളത്തിലെ സാധാരണ ജനങ്ങളുടെ വികാരം മനസ്സിലാക്കിക്കൊണ്ടായിരിക്കണം. പൊതുയോഗങ്ങളിൽ ധാരാളം ആളുകൾ വരും. ആൾക്കൂട്ടത്തിന്റെ വലിപ്പത്തിന്റെ അടിസ്ഥാനത്തിലല്ല തീരുമാനമെടുക്കേണ്ടത്. ഇവിടെ സി.പി.ഐ(എം)-ന് മാത്രമല്ല, ബി.ജെ.പി.-ക്കുമൊരു അജണ്ടയുണ്ട്. ബി.ജെ.പി.-ക്കും രാഷ്ട്രീയ ലക്ഷ്യമുണ്ട്. ഓരോ ദിവസവും ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് രാവിലെ ഒരഭിപ്രായവും വൈകുന്നേരം മറ്റൊരഭിപ്രായവുമാണ് പറയുന്നത്. ഇന്ന് കേരള രാഷ്ട്രീയത്തിലെ ഏറ്റവും വലിയ ഹാസ്യ കഥാപാത്രം ശ്രീ. പി.എസ്. ശ്രീധരൻ പിള്ളയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അദ്ദേഹം ഒരു സത്യം പറഞ്ഞു, ശബരിമല അവർക്കു കിട്ടിയ സുവർണ്ണാവസരമാണെന്ന്. Golden opportunity എന്നാണ് ശ്രീ. പി.എസ്. ശ്രീധരൻ പിള്ള പറഞ്ഞത്. അവരുടെ ഇന്റേർണൽ യോഗത്തിലാണെങ്കിലും അദ്ദേഹം യാഥാർത്ഥ്യം തുറന്നുപറഞ്ഞു. ശ്രീ. പി.എസ്.ശ്രീധരൻ പിള്ള ആ സുവർണ്ണാവസരം മുതലാക്കാൻ ശ്രമിക്കുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നവോത്ഥാന പ്രസംഗം നടത്തി രാഷ്ട്രീയം കളിക്കുന്നു. ഈ വ്യത്യാസം മാത്രമേ ഇവിടെ കാണാൻ കഴിയുന്നുള്ളൂ.

ശ്രീ. ഇ. പി. ജയരാജൻ: സർ, ശ്രീ. പി.എസ്. ശ്രീധരൻ പിള്ള ഇതുമാത്രമല്ല പറഞ്ഞത്, കേരളത്തിൽ ബി.ജെ.പി.യും ഇടതുപക്ഷവും സി.പി.ഐ.(എം)-ഉം മാത്രമേയുള്ളൂ, കോൺഗ്രസ് വാഷ് ഔട്ട് ചെയ്യിരിക്കുന്നുവെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അക്കാര്യം എന്നെ ഓർമ്മിപ്പിച്ചതിന് ഞാൻ നന്ദി പറയുന്നു. അപ്പോൾ നിങ്ങളുടെ ലക്ഷ്യമെന്താണെന്ന് ശ്രീ. ഇ. പി. ജയരാജന്റെ വാക്കുകളിലൂടെ പുറത്തുവന്നിരിക്കുകയാണ്. കോൺഗ്രസ് ഉണ്ടാകരുത്. സി.പി.ഐ.(എം)-ഉം ബി.ജെ.പി.യും മാത്രമേ ഉണ്ടാകാവൂയെന്ന് ശ്രീ. പി. എസ്. ശ്രീധരൻ പിള്ള പറഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ: സർ, നിങ്ങൾ അതിനെക്കുറിച്ച് പ്രതികരിച്ചില്ലല്ലോ. ശ്രീ. പി. എസ്. ശ്രീധരൻ പിള്ള വ്യക്തമായി പറഞ്ഞു കോൺഗ്രസ് ഇല്ല, അവർ ഞങ്ങളോടൊപ്പം വന്നുകഴിഞ്ഞു, ശ്രീ. രാമൻ നായർ വന്നുകഴിഞ്ഞു, ഇനിയും വരാൻ കാവൽ നിൽക്കുന്നുവെന്ന്. നിങ്ങൾ പ്രതികരിച്ചില്ലല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഓരോ പാർട്ടിയിൽനിന്നും ഓരോരുത്തർ അവിടെയും ഇവിടെയുമൊക്കെ പോകും. എസ്.എഫ്.ഐ.യുടെ പത്തനംതിട്ട ജില്ലാ പ്രസിഡന്റ് പോയി എന്നത് ബി.ജെ.പി.ക്കാർ എത്ര വലുതായിട്ടാണ് ചൂണ്ടിക്കാണിക്കുന്നത്. അതൊക്കെ ബി.ജെ.പി.യുടെ തന്ത്രമാണ്, ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയോട് എനിക്ക് ഒരു കാര്യം ചോദിക്കാനുള്ളത്, ഈ കേസ് സുപ്രീം കോടതിയിൽ വന്നപ്പോൾ അവിടെ ദേവസ്വം ബോർഡ് സ്വീകരിച്ച നിലപാട് എന്തായിരുന്നു? 2016-ൽ യു.ഡി.എഫ്. സ്വീകരിച്ചതിന് അനുകൂലമായ നിലപാടാണ് ദേവസ്വം ബോർഡ് സ്വീകരിച്ചത്. ആ വിധി വന്ന സാഹചര്യത്തിൽ ദേവസ്വം ബോർഡ് പുനഃപരിശോധനാ ഹർജി കൊടുക്കാനായി മുന്നോട്ടുവന്നപ്പോൾ എന്തിനാണ് അതിൽനിന്ന് ദേവസ്വം ബോർഡ് പ്രസിഡന്റിനെ വിലക്കിയത്. അന്നത്തെ ഡിമാന്റ് ഒന്നേ ഉണ്ടായിരുന്നുള്ളൂ, ദേവസ്വം ബോർഡ് പുനഃപരിശോധനാ ഹർജി കൊടുക്കണം. അന്ന് ആ പുനഃപരിശോധനാ ഹർജി നിങ്ങൾ കൊടുപ്പിച്ചിരുന്നുവെങ്കിൽ ബി.ജെ.പി.-ക്ക് ഇത്രയും വലിയ ഒരു സമരത്തിനുള്ള, കോലാഹലത്തിനുള്ള അവസരം ഉണ്ടാകുമായിരുന്നോ? നിങ്ങൾ സർവ്വകക്ഷിയോഗം വിളിച്ചു. സർവ്വകക്ഷി യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചതിനുശേഷം ഞാൻ സംസാരിച്ചു. രണ്ടു കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ഒന്ന്, സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് ഈ കേസ് കേൾക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ജനുവരി 22 വരെ യുവതീപ്രവേശനം മാറ്റിവയ്ക്കണം. രണ്ടാമതായി പറഞ്ഞത്, സാവകാശ ഹർജി കൊടുക്കണം. രണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വച്ച് നിഷേധിച്ചു, അദ്ദേഹം നിരാകരിച്ചു. സർവ്വകക്ഷി യോഗത്തിൽ വച്ച് ഞാൻ പറഞ്ഞശേഷം യു.ഡി.എഫ്.-ന്റെ നേതാക്കൾ എല്ലാപേരും അതുതന്നെയാണ് പറഞ്ഞത്. ഞങ്ങൾ ആലോചിച്ചുപോയതാണ്. അത് രണ്ടും നിരാകരിച്ചശേഷം, ഉച്ചയ്ക്കുശേഷം 3 മണിക്ക് തന്ത്രിയെയും പന്തളം രാജാവിന്റെ പ്രതിനിധിയെയും വിളിച്ചുവരുത്തി സംസാരിച്ചപ്പോൾ അങ്ങ് എങ്ങനെയാണ് ഇത് സമ്മതിച്ചത്. ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും സർവ്വകക്ഷിയോഗത്തിൽ പറയാതെ, രാജാധികാരത്തിന്റെയും അല്ലെങ്കിൽ തന്ത്രിമാരുടെയുമൊക്കെ കാലം കഴിഞ്ഞു എന്നുപറയുന്ന അങ്ങ് എങ്ങനെയാണ് അവരുടെ അഭിപ്രായമനുസരിച്ച് സാവകാശ ഹർജി കൊടുത്തത്; സാവകാശ ഹർജി കൊടുക്കാൻ ദേവസ്വം ബോർഡിനെ അനുവദിച്ചില്ലേ? അപ്പോൾ ഈ കാര്യത്തിൽ നിങ്ങളുടെ നിലപാട് ഇരട്ടത്താപ്പല്ലേ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിൽ ഒരു ഇരട്ടത്താപ്പും ഇല്ല. സർക്കാരിനോട് സാവകാശ ഹർജി കൊടുക്കണമെന്നാണ് നിങ്ങൾ ആവശ്യപ്പെട്ടത്. സർക്കാർ അത്തരമൊരു കാര്യത്തിനില്ലെന്ന് അവിടെ വ്യക്തമാക്കി എന്നുള്ളത് ശരിയാണ്. ദേവസ്വം ബോർഡ് സ്വന്തമായി സ്വീകരിക്കുന്ന നിലപാടാണ്. നിങ്ങൾ പറയുന്നതുപോലെ ഞങ്ങൾ നിർദ്ദേശിച്ച് ദേവസ്വം ബോർഡ് നിലപാട് എടുക്കുകയല്ല ചെയ്തത്. ദേവസ്വം ബോർഡ് സാവകാശ ഹർജി കൊടുക്കുന്നതിന് തയ്യാറായിട്ടുണ്ട്. തന്ത്രിയും രാജകുടുംബ

പ്രതിനിധിയുമൊക്കെ വന്നപ്പോൾ ദേവസ്വം ബോർഡിന് സാവകാശ ഹർജി കൊടുത്തുകൂടേയെന്ന് അവർ എന്നോട് ചോദിച്ചിരുന്നു. അത് ഞങ്ങൾ തീരുമാനിക്കേണ്ടതല്ല, അവർ തീരുമാനിക്കേണ്ട കാര്യമാണ്, ഞങ്ങൾ ആ കാര്യത്തിൽ ഒന്നും പറയുകയില്ല എന്ന് പറയുകയും ചെയ്തു. അതാണുണ്ടായത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വ്യത്യസ്തമായ ഒരു കള്ളക്കളി അവിടെയാണ് നടന്നത്. രാഷ്ട്രീയ പാർട്ടികളുടെ ആൾ പാർട്ടി മീറ്റിംഗ് അങ്ങ് വിളിച്ചപ്പോൾ ഞങ്ങൾ അവിടെ വന്ന് ഞങ്ങളുടെ അഭിപ്രായം പറഞ്ഞു. ഞങ്ങൾ കൊടുക്കുന്നില്ല, ദേവസ്വം ബോർഡ് വേണമെങ്കിൽ കൊടുത്തോട്ടെയെന്ന് അങ്ങേയ്ക്ക് അവിടെ വച്ച് പറയാമായിരുന്നു. ദേവസ്വം ബോർഡ് പുനഃപരിശോധനാ ഹർജി കൊടുക്കാൻ തീരുമാനിച്ചപ്പോൾ അങ്ങല്ലേ വിലക്കിയത്? ഒരു ഹർജിയുമായി അങ്ങോട്ടുപോയാൽ തിരിച്ച് നല്ല അടികിട്ടുമെന്ന തരത്തിലുള്ള ഒരു വാചകം അങ്ങ് പത്തനംതിട്ടയിൽ വച്ച് പറഞ്ഞു. അപ്പോൾ അവർ കൊടുത്തില്ല, ഇപ്പോൾ നിങ്ങൾ എങ്ങനെയാണ് സാവകാശ ഹർജി കൊടുത്തത്? ഈ കേസിൽ ആദ്യംമുതലേ ഞങ്ങൾ പറഞ്ഞത് ദേവസ്വം ബോർഡ് റിവ്യൂ ഹർജി കൊടുക്കണമെന്നാണ്. ദേവസ്വം ബോർഡിനെ അങ്ങ് വിലക്കി. സർക്കാരിന് ഒരു നിലപാടുണ്ട്, ശരിയാണ്. പക്ഷേ, അങ്ങ് എന്തിനാണ് ദേവസ്വം ബോർഡിനെ വിലക്കിയത്; അതുകഴിഞ്ഞ് ഞങ്ങളെ നിരാകരിച്ചിട്ട് എന്തിനാണ് ദേവസ്വം ബോർഡിന് ഹർജികൊടുക്കാൻ അങ്ങ് അനുവാദം നൽകിയത്? ദേവസ്വം ബോർഡ് കൊടുത്തതാണ്, ഇതൊന്നും ഞങ്ങൾക്കറിയില്ല എന്ന് അങ്ങ് പറഞ്ഞാൽ അരിയാഹാരം കഴിക്കുന്നവരാരും കേരളത്തിൽ വിശ്വസിക്കാൻ പോകുന്നില്ല. ശ്രീ. എ. കെ. ബാലൻ കേരളത്തിലെ നിയമ വകുപ്പുമന്ത്രിയാണ്. ഈ വിധി വന്ന സാഹചര്യത്തിൽ നിയമ വകുപ്പുമന്ത്രി പറയുന്ന അഭിപ്രായം നിയമത്തിന്റെ വ്യാഖ്യാനത്തിന്റേതാണെന്നും നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ചുമാണെന്നും ഞങ്ങൾ മനസ്സിലാക്കുന്നു. സുപ്രീം കോടതിയിൽ നിന്ന് ഓപ്പൺ കോർട്ടിൽ ഇത് കേൾക്കാൻ തീരുമാനിച്ച സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞത് എന്താണ്? 1991-ലെ വിധിയാണ് ഇനി നിലനിൽക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. അതുകൊണ്ട് അദ്ദേഹത്തെ നമ്മുടെ യോഗത്തിനും വിളിച്ചില്ല, ഇപ്പോൾ ഈ സഭയിലും കാണുന്നില്ല. സാവകാശ ഹർജി കൊടുക്കാനുള്ള ദേവസ്വം ബോർഡിന്റെ തീരുമാനം നേരത്തെ എടുത്തിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നില്ലേ? നിങ്ങൾ റിവ്യൂ ഹർജി ദേവസ്വം ബോർഡിനെക്കൊണ്ട് കൊടുപ്പിച്ചിരുന്നുവെങ്കിൽ നേരത്തെ ഇത് ഒഴിവാക്കാമായിരുന്നില്ലേ? നിങ്ങൾക്ക്

ചെയ്യാൻ കഴിയുമായിരുന്ന, സംഘർഷങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്ന ധാരാളം അവസരങ്ങൾ ലഭിച്ചിട്ടും അത് ഉപയോഗിക്കാതെ, നിങ്ങൾ മുന്നോട്ടുപോയതിന്റെ ലക്ഷ്യം ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ഭക്തജനങ്ങളെ കബളിപ്പിച്ച് ബി.ജെ.പി.യെ വളർത്താനുള്ള തന്ത്രമാണ് നിങ്ങൾ സ്വീകരിച്ചതെന്ന് ഞങ്ങൾ പറഞ്ഞാൽ അത് ജനങ്ങൾക്ക് വിശ്വാസമുണ്ടാകുകയില്ലേ?

നവോത്ഥാനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോഴും സംസാരിച്ചു, നല്ല കാര്യമാണ്. പഴയ ചരിത്രം വായിക്കുന്നത് നല്ല കാര്യമാണ്. 1923-ൽ ആന്ധ്രാപ്രദേശിലെ കാക്കിനട എ.ഐ.സി.സി. സമ്മേളനത്തിൽ വച്ചാണ് മീശ കിളിർക്കാത്ത 28 വയസ് പ്രായമുള്ള ടി. കെ. മാധവൻ എന്ന ചെറുപ്പക്കാരനെ ഗാന്ധിജി വിളിച്ച് അയിത്തോച്ചാടന പ്രമേയം അവതരിപ്പിക്കാൻ പറഞ്ഞത്. അയിത്തോച്ചാടന പ്രമേയം അവിടെ വച്ച് അംഗീകരിക്കുകയാണ് ചെയ്തത്. കേരളത്തിന്റെ പ്രതിനിധിയായ ടി. കെ. മാധവനാണ് ആ പ്രമേയം അവതരിപ്പിച്ചത്. അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടാണ് 1924-ൽ വൈക്കം സത്യാഗ്രഹം ഉണ്ടാകുന്നത്, ഗുരുവായൂർ സത്യാഗ്രഹം പിന്നീട് ഉണ്ടാകുന്നു. ഈ രണ്ട് സത്യാഗ്രഹത്തിനും നേതൃത്വം കൊടുത്തത് കോൺഗ്രസാണ്. ഇനി കേളപ്പൻ കോൺഗ്രസാണോ എന്ന് മുഖ്യമന്ത്രിക്ക് സംശയമുണ്ടെങ്കിൽ.... I am very sorry, എനിക്ക് അദ്ദേഹത്തോട് വാദിക്കാൻ താൽപ്പര്യമില്ല. കെ.പി.സി.സി. പ്രസിഡന്റായിരുന്ന കെ. കേളപ്പൻ പിന്നീട് രാഷ്ട്രീയം മാറിക്കാണും. കോൺഗ്രസായിരുന്ന എ.കെ.ജി. മാറിയില്ലേ, ഇ.എം.എസ്. മാറിയില്ലേ, അന്ന് കേരള ഗാന്ധിയായ കെ. കേളപ്പൻ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായിരുന്നു. പൊന്നാനിയായിരുന്നു അദ്ദേഹത്തിന്റെ കേന്ദ്രം, അവിടെ കെ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യാഗ്രഹം, അതോടൊപ്പംതന്നെ വൈക്കം സത്യാഗ്രഹം ഇവയൊക്കെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിലാണ് നടന്നത്. അന്ന് കമ്യൂണിസ്റ്റ് പാർട്ടി ഉണ്ടായിട്ടില്ല. 1939-ലുണ്ടായ കമ്യൂണിസ്റ്റ് പാർട്ടി, കേരളത്തിലെ കോൺഗ്രസിനെ നവോത്ഥാനം പഠിപ്പിക്കാൻ വളർന്നിട്ടില്ലെന്നുതന്നെ ഞാൻ പറയും. ഞങ്ങളാരും പഴഞ്ചൻമാരല്ല, ഞങ്ങൾ കാലത്തിനുമുൻപേ നടക്കുന്നവരാണെന്നുള്ള കാര്യം കേരളത്തിലെ ജനങ്ങൾക്കറിയാം. ഇവിടെ നവോത്ഥാനത്തിന്റെ പേര് പറഞ്ഞുകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കുന്നത്, അതാണ് ഏറ്റവും പ്രധാനപ്പെട്ട വസ്തുത. സർദാർ വല്ലഭായ് പട്ടേലിന്റെ പ്രതിമ വച്ച് ബി.ജെ.പി. ഊറ്റംകൊള്ളുന്നതുപോലെയാണ് ശ്രീ. പിണറായി വിജയൻ നവോത്ഥാനത്തിന്റെ പേരിൽ ഊറ്റംകൊള്ളുന്നത്.

കടലും കടലാടിയും തമ്മിലുള്ള ബന്ധമല്ലേ സർദാർ വല്ലഭായ് പട്ടേലും ബി.ജെ.പി.-യും തമ്മിലുള്ളത്? നരന് നരൻ അശുദ്ധമായിരുന്ന ഒരു കാലത്തെ അനാചാരങ്ങൾക്കെതിരെ പോരാടിയ സത്യാഗ്രഹ സമരങ്ങളായിരുന്നു ഇവയെല്ലാം. ശബരിമലയിൽ അങ്ങനെയുണ്ടോ, ശബരിമലയിൽ അനാചാരമുണ്ടോ; തൊട്ടുകൂടായ്മയുണ്ടോ; തീണ്ടിക്കൂടായ്മയുണ്ടോ; അവിടെ ഏതെങ്കിലും മതങ്ങളെ മാറ്റി നിർത്തുന്നുണ്ടോ? സർവ്വ മതങ്ങൾക്കും എത്തിച്ചേരാൻ കഴിയുന്ന പ്രദേശമല്ലേ അവിടം? ശ്രീനാരായണ ഗുരുദേവൻ പറഞ്ഞതുപോലെ എല്ലാവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമല്ലേ ഇത്? ഇവിടെ കലാപമുണ്ടാക്കാൻ അവസരം കൊടുത്തത് നിങ്ങൾ, കലാപമുണ്ടാക്കിയത് ബി.ജെ.പി. രണ്ടുമൂന്ന് അവസരങ്ങൾ ലഭിച്ചിട്ടും ആ അവസരങ്ങളെ നിങ്ങൾക്ക് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയാതെ പോയതുകൊണ്ടാണ് ബി.ജെ.പി. ഫലപ്രദമായി വിനിയോഗിച്ചത്. ദേവസ്വം ബോർഡിനെ വെറുതെ വിട്ടിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നോ; പുനഃപരിശോധനാ ഹർജി അവർ കൊടുത്തിരുന്നുവെങ്കിൽ പ്രശ്നമുണ്ടാകുമായിരുന്നോ; സാവകാശ ഹർജി കൊടുക്കാൻ അവരെ വിട്ടിരുന്നുവെങ്കിൽ ഈ പ്രശ്നമുണ്ടാകുമായിരുന്നോ? നിങ്ങൾക്ക് ചിന്തിച്ച് പ്രവർത്തിക്കാൻ കഴിയാതെ പോയതുകൊണ്ടാണ് ബി.ജെ.പി.-ക്ക് ഇവിടെ അവസരമുണ്ടായതും ബി.ജെ.പി.-യും ആർ.എസ്.എസും സംഘപരിവാറും കലാപത്തിന് തീകൊളുത്തിയതെന്നുള്ളതുമാണ് യാഥാർത്ഥ്യം. ഈ ആചാരങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതാണോ? ഞാൻ അതിലേയ്ക്ക് പോകുന്നില്ല. 1991 മുതലാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, അല്ലല്ലോ. എന്റെ കൈയിൽ ട്രാവൻകൂർ ആൻഡ് കൊച്ചിൻ സ്റ്റേറ്റ് സർവ്വേ (Memoir of the Survey of the Travancore and Cochin States-By Lieutenants Ward and Conner) റെക്കോർഡ് ഉണ്ട്. അത് പരിശോധിച്ചാൽ കാനന ക്ഷേത്രത്തിൽ ഇതുണ്ടായിരുന്നുവെന്ന കാര്യം വ്യക്തമാണ്, നിരവധി തവണ ഇത് വ്യക്തമാക്കിയിട്ടുള്ളതുമാണ്. Ward and Conner എന്നീ രണ്ട് ബ്രിട്ടീഷ് ഉദ്യോഗസ്ഥർ നടത്തിയ Geographical and Statistical survey എന്ന മേൽ സൂചിപ്പിച്ച പുസ്തകത്തിലെ പേജ് 199-ൽ ശബരിമലയിൽ വൃദ്ധരായ സ്ത്രീകളും കുട്ടികളും പോകാറുണ്ടെങ്കിലും അവിടെ യുവതികളെ പ്രവേശിപ്പിക്കുന്നില്ല എന്ന കാര്യം പറയുന്നുണ്ട്. 1950-ലെ സംസ്ഥാന സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനത്തിലും 55 വയസ്സിൽ താഴെയുള്ള സ്ത്രീകൾ ശബരിമലയിൽ പ്രവേശിക്കാൻ പാടില്ലെന്ന് കാണിക്കുന്നുണ്ട്. അതിന്റെ പ്രത്യേകത എന്താണെന്ന് എല്ലാവർക്കും അറിയാം. അയ്യപ്പൻ നൈഷ്ഠിക ബ്രഹ്മചാരിയായതുകൊണ്ടാണ് അങ്ങനെ പറയുന്നത്. ഇന്ത്യയിലെ മറ്റൊരു അയ്യപ്പക്ഷേത്രത്തിലും ഇങ്ങനെ

യുവതികളായ സ്ത്രീകൾക്ക് വിലക്കില്ല, അതൊരു വിശ്വാസമാണ്. ജസ്റ്റിസ് ഇന്ദു മൽഹോത്രയുടെ വിധിയിൽ പറയുന്നതുപോലെ വിശ്വാസങ്ങളെയും മതാചാരങ്ങളെയും ഒരു കാരണവശാലും കോടതികൾ ചോദ്യം ചെയ്യപ്പെടേണ്ടതല്ല. ഒന്നര ആഴ്ചമുമ്പ് ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോടതിയുടെ ഒരു സുപ്രധാനമായ വിധിയുണ്ടായി. ഒരു മഠവുമായി ബന്ധപ്പെട്ട വിധിയായിരുന്നു അത്. മതപരമായ കാര്യങ്ങളിൽ കോടതി ഇടപെടേണ്ടതില്ല എന്നാണ് ആ വിധിയിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്. അക്കാര്യം തന്നെയാണ് ജസ്റ്റിസ് ഇന്ദു മൽഹോത്രയുടെ വിധിയിലും പറയുന്നത്. വിശ്വാസം എന്നതിനെ ആർക്കാണ് തെളിയിക്കാൻ കഴിയുക? എനിക്കൊരു വിശ്വാസമുണ്ട്, ശ്രീ. വി. ശശിക്കൊരു വിശ്വാസമുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ഇന്ദു മൽഹോത്രയുടേത് വിധിയല്ല; വിധി ഒന്നേയുള്ളൂ, അത് സുപ്രീം കോടതിയുടേതാണ്. അവരുടേത് ഡിസന്റിംഗാണ്. ആ തിരുത്തലാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ അത് അംഗീകരിക്കുന്നു. അവർ മാത്രമാണ് വ്യത്യസ്തമായി പറഞ്ഞത്. ഞാൻ അവരുടെ അഭിപ്രായം പറഞ്ഞുവെന്നു മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ പറഞ്ഞത് നൂറുശതമാനം ശരിയാണ്. ജസ്റ്റിസ് ഇന്ദു മൽഹോത്രയുടേത് ഒരു ന്യൂനപക്ഷ വിധിയാണ്. ആ ന്യൂനപക്ഷ വിധിക്ക് സാംഗത്യമില്ല. ഭരണഘടനാ ബെഞ്ചിന്റെ ന്യൂനപക്ഷ വിധിയായതിനാൽ അതിനെ നിയമമായി കണക്കാക്കാൻ കഴിയില്ല. പക്ഷേ അവരും ഭരണഘടന തന്നെയാണ് ഉദ്ധരിച്ചിട്ടുള്ളത്. ഇക്കാര്യം വരാൻ പോകുന്ന റിവ്യൂ ഹർജിയിൽ ആളുകൾ ചോദ്യം ചെയ്യാൻ പോകുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കോടതികളോടുള്ള ബഹുമാനം കണ്ടപ്പോൾ എനിക്ക് അത്ഭുതം തോന്നുകയാണ്. ബൂർഷ്വാ കോടതികൾ തുലയട്ടെ എന്ന് മുദ്യാവാക്യം വിളിച്ചിട്ടുള്ളവർക്ക് ഇപ്പോൾ കോടതി വിധിയോട് എന്തൊരു ആഭിമുഖ്യമാണ്! ജഡ്ജിമാരെ ശുംഭൻ എന്നു വിളിച്ചവർക്ക് ഇപ്പോൾ എന്തൊരു താൽപ്പര്യമാണുള്ളത്! സുപ്രീംകോടതിയുടെ വരാൻ പോകുന്ന എല്ലാ വിധികളിലും നിങ്ങളുടെ അഭിപ്രായം ഇതുതന്നെയായിരിക്കട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. മതപരമായ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഭരണ ഘടനയുടെ അനുച്ഛേദം 14 മാത്രം ഉപയോഗിച്ച് വിശകലനം ചെയ്യുന്നത് തെറ്റാണെന്ന് ജസ്റ്റിസ് ഇന്ദു മൽഹോത്ര ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഓരോ മതത്തിനും ഓരോ വിധത്തിലുള്ള ആചാരങ്ങളുണ്ട്. ഇതെല്ലാം കോടതി പരിശോധിക്കാൻ പോയാൽ നമ്മൾ എവിടെ ചെന്ന് നിൽക്കും? ഭരണഘടനാ ഭേദഗതി മാത്രമാണ്

ഈ കാര്യത്തിനുള്ള ശാശ്വതമായ പരിഹാരം എന്നാണ് ഞാൻ അങ്ങയിലൂടെ, ഈ സഭയിലൂടെ കേരള ജനതയെ ഓർമ്മിപ്പിക്കുന്നത്. ആർട്ടിക്കിൾ 25, 26, ആർട്ടിക്കിൾ 14, 15 എന്നിവ ഒരേ ത്രാസിൽ തൂക്കുന്നത് ശരിയല്ല. ആർട്ടിക്കിൾ 14-ലും 15-ലും പറയുന്നത് Equality before Law-യും, ആർട്ടിക്കിൾ 25-ലും 26-ലും പറയുന്നത് ഏത് മതത്തിൽ വിശ്വസിക്കാനും മതപരമായ ആചാരങ്ങൾ അനുഷ്ഠിക്കാനുമുള്ള സ്വാതന്ത്ര്യവുമാണ്. ഇതിനെ രണ്ടിനെയും ഒരുപോലെ കാണാൻ കഴിയില്ല. ഭരണഘടനാ ബെഞ്ചിന്റെ ഇപ്പോഴത്തെ വിധി മറികടക്കണമെങ്കിൽ നമുക്ക് ഒരേയൊരു മാർഗ്ഗമേയുള്ളൂ, അത് ഭരണഘടനാ ഭേദഗതി മാത്രമാണ്. ആർട്ടിക്കിൾ 26(ബി) അനുസരിച്ച് ശബരിമല ഡിവോട്ടീസിനെ ഒരു പ്രത്യേക മതവിഭാഗമായി (Religious denomination) കാണണം. അതുചെയ്യാതെ ബി.ജെ.പി.-ക്കാർ ഇവിടെ റോഡിലിറങ്ങി ആളുകളെ ഉപയോഗിച്ച് അക്രമങ്ങൾ നടത്തുന്നതിനോട് കോൺഗ്രസിനോ, യു.ഡി.എഫ്-നോ യോജിപ്പില്ല. ശ്രീ. പി. എസ്. ശ്രീധരൻ പിള്ളയും ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ഭരണഘടനാ ഭേദഗതിക്കുവേണ്ടി ആവശ്യപ്പെടുകയാണ് ചെയ്യേണ്ടത്. ശ്രീ. ഒ. രാജഗോപാൽ ഇവിടെയുണ്ടല്ലോ, അദ്ദേഹം ബഹുമാന്യനായ നേതാവാണ്, സീനിയറുമാണ്. അദ്ദേഹത്തിന് വേണമെങ്കിൽ ഇക്കാര്യത്തിൽ ശ്രീ. നരേന്ദ്ര മോഡിയെ ഉപദേശിക്കാൻ കഴിയും. അദ്ദേഹം ഉപദേശം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നും സംഘപരിവാറിനും ആത്മാർത്ഥതയുണ്ടെങ്കിൽ, നാട്ടിലിറങ്ങി കലാപമുണ്ടാക്കാതെ, ശബരിമലയിൽ വരുന്നവരെ അടിക്കുകയും പിടിക്കുകയും ചെയ്യാതെ, പത്രക്കാരുൾപ്പെടെയുള്ളവരെ ഭീഷണിപ്പെടുത്തുന്ന നടപടി ഉപേക്ഷിച്ചുകൊണ്ട് ഒരു ഭരണഘടനാ ഭേദഗതിക്കായി ശ്രീ. നരേന്ദ്ര മോഡിയെ കാണാൻ തയ്യാറാകേണ്ടതാണ്. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, 'ആ വലിയ തടി' ഞങ്ങളാരുമല്ല കണ്ണൂരിൽ ഇറക്കിയത്. അത് ഇറക്കിയത് ആരാണെന്ന് എല്ലാവർക്കും അറിയാം. ആ തടി കേരളത്തിൽ ഇറങ്ങിയതോടെയാണല്ലോ പ്രശ്നങ്ങളെല്ലാം വഷളായത്, ആ തടി ഇനിയും കേരളത്തിൽ വരാതിരിക്കാൻ ഞങ്ങൾ നോക്കിക്കൊള്ളാം എന്നാണ് അദ്ദേഹത്തോട് പറയാനുള്ളത്. ഭരണഘടനാ ഭേദഗതി മാത്രമാണ് ഇതിനുള്ള ശാശ്വത പരിഹാരം എന്നതാണ് എന്റെ എളിയ അഭിപ്രായം. നാളെ ഭരണഘടനാ വിദഗ്ദ്ധർ പറയേണ്ട കാര്യമാണിത്. ഇവിടെ കാണുന്നതെന്താണ്? ഇതിനകത്ത് ഒരു പൊളിറ്റിക്സ് ഉണ്ട്.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഇനിയും സമയം ആവശ്യമുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒന്നുമായിട്ടില്ല, I have only taken half of my speech. ബോധപൂർവ്വം ശബരിമല പ്രശ്നം വഷളാക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിച്ചത്. തുലാമാസ പൂജയ്ക്കായി നട തുറന്നപ്പോഴും ചിത്തിരയാട്ട

വിശേഷത്തിന് നട തുറന്നപ്പോഴും സംഘപരിവാറിന് ശബരിമല തീറെഴുതിക്കൊടുത്തു. ശബരിമലയിൽ ക്രമസമാധാന നിയന്ത്രണച്ചുമതല ആർ.എസ്.എസ്. നേതാവ് ഏറ്റെടുക്കുകയും പോലീസിന്റെ മെഗാ ഫോൺ ഉപയോഗിച്ച് പ്രസംഗം നടത്തുകയും ചെയ്തത് പോലീസിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചയല്ലേയെന്ന് വ്യക്തമാക്കുമോ എന്ന ശ്രീ. അനിൽ അക്കരയുടെ ചോദ്യത്തിന് മറുപടിയായി എഴുതിക്കൊടുത്തത്, 'ശബരിമലയിൽ ക്രമസമാധാനച്ചുമതല എല്ലാ ഘട്ടത്തിലും പോലീസിന്റെ നിയന്ത്രണത്തിൽ തന്നെയായിരുന്നു. ശബരിമലയിൽ ചിത്തിരയാട്ടവിശേഷത്തോടനുബന്ധിച്ച് ദർശനത്തിന് എത്തിയ 52 വയസ്സായ സ്ത്രീയെ യുവതിയെന്നാരോപിച്ച് സന്നിധാനം നടപ്പന്തലിൽ പെട്ടെന്ന് സംഘടിച്ച് പ്രതിഷേധിക്കുകയും അവരെ അന്യായമായി തടഞ്ഞ് ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. ഇപ്രകാരം പ്രതിഷേധം അക്രമാസക്തമായപ്പോൾ കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ അവരിലൊരാളോട് തന്റെ അനുയായികൾക്ക് നിർദ്ദേശം നൽകി പ്രതിഷേധക്കാരെ ശാന്തരാക്കാൻ പറഞ്ഞു' എന്നാണ്. ......(ബഹളം)... കേരളത്തിലെ ഐ.ജി.-ക്ക്, എസ്.പി.-ക്ക്., 3000 പോലീസുകാർക്ക് കഴിയാത്തത് എങ്ങനെ വത്സൻ തില്ലങ്കേരിക്ക് സാധിച്ചുവെന്നതാണ് ഇവിടത്തെ പ്രശ്നം. ഞാൻ ആർ.എസ്.എസ്.-ൽനിന്നും സി.പി.ഐ(എം)-ലേയ്ക്കുള്ള പാലമാണെന്ന് മലയാളം വാരികയിൽ ശ്രീ. വത്സൻ തില്ലങ്കേരി പറയുന്നു. നിങ്ങൾ തമ്മിൽ കൂട്ടുകെട്ടുണ്ടെന്നതിന് ഇതിനെക്കാൾ നല്ല തെളിവ് ആവശ്യമുണ്ടോ? നിങ്ങൾ പറഞ്ഞപ്പോൾ വത്സൻ തില്ലങ്കേരി കേട്ടു. നിങ്ങൾ പറഞ്ഞപ്പോൾ വത്സൻ തില്ലങ്കേരി പോലീസിന്റെ മൈക്കെടുത്ത് അനൗൺസ് ചെയ്തു, ആളുകൾ പിരിഞ്ഞുപോയി. നിങ്ങൾ തമ്മിൽ സൗഹൃദമുണ്ടെങ്കിൽ വെറുതെയെന്തിനാണ് 144 പ്രഖ്യാപിച്ച് ഇവിടെ കുഴപ്പമുണ്ടാക്കുന്നത്; നിങ്ങൾ പറഞ്ഞാൽപ്പോരെ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ, പാർട്ടി സെക്രട്ടറിയോ വിളിച്ച് പ്രശ്നമുണ്ടാക്കരുതെന്നും അവസാനിപ്പിക്കണമെന്നും ശ്രീ. വത്സൻ തില്ലങ്കേരിയോട് പറഞ്ഞാൽപ്പോരെ, പാവങ്ങളെ എന്തിനാണ് ബുദ്ധിമുട്ടിക്കുന്നത്?ആന്ധ്രാ പ്രദേശിൽനിന്നും കർണ്ണാടകയിൽനിന്നും തമിഴ്നാട്ടിൽ നിന്നുമൊക്കെ എത്രയോ പാവപ്പെട്ടവർ ശരണം വിളിച്ച് ഇവിടെയെത്തുന്നു. നാമജപ ഘോഷയാത്രയ്ക്ക് ഞങ്ങൾ എതിരല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. നാമജപഘോഷയാത്ര കേരളത്തിൽ പലയിടത്തും നടന്നു. അതിൽനിന്നും നമ്മൾ കാണേണ്ടത് Who is the beneficiary of this Constitutional Bench Judgement എന്നതാണ്. ഭരണഘടനാ ബെഞ്ചിന്റെ വിധിയുടെ ഗുണഭോക്താക്കൾ സ്ത്രീകളാണ്. രാഷ്ട്രീയം മാറ്റിനിർത്തിയാൽ കേരളത്തിലെ 90% വിശ്വാസികളായ സ്ത്രീകളും ഇതിനെതിരായി രംഗത്തുവന്നത് നമ്മൾ കണ്ടതാണ്. അതിൽ

സി.പി.ഐ.(എം)കാരുണ്ട്, സി.പി.ഐ.-ക്കാരുണ്ട്, എല്ലാ പാർട്ടിക്കാരുമുണ്ട്. വിശ്വാസികൾ അതിനെതിരായി രംഗത്ത് വന്നത് നമ്മൾ കണ്ടതാണ്. അതിന് ഞങ്ങളെ മാത്രം കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ? അപ്പോൾ നമ്മൾ കാണേണ്ട കാര്യം വർഗ്ഗീയവാദികളുടെ ബീഭത്സമുഖം ശബരിമലയിൽ കണ്ടു എന്നതാണ്. അവരെ നിയന്ത്രിക്കാൻ പോലീസിന് കഴിയാതെ പോയതിന് ഞങ്ങളെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. വത്സൻ തില്ലങ്കേരിയുടെ പേരിൽ ഒരു കേസും ആരും എടുത്തില്ല. കേസെടുക്കാത്തത് എന്താണ്? ചാനൽ ചർച്ചകളിൽ നമ്മുടെ ചെറുപ്പക്കാരായ എം.എൽ.എ.-മാർപോലും അദ്ദേഹത്തെ ന്യായീകരിച്ച് സംസാരിക്കുന്നത് കണ്ട് ഞാൻ അത്ഭുതപ്പെട്ടു. ഇവിടെ വളരെ ബോധപൂർവ്വമായി ബി.ജെ.പി. നേതാക്കളെ മഹത്വവൽക്കരിക്കാനുള്ള ശ്രമം നടക്കുകയാണ്. ശ്രീമതി കെ. പി. ശശികലയെ അറസ്റ്റ് ചെയ്തു. പിറ്റേദിവസം രാവിലെ അവർ വീണ്ടും പോയി. ശ്രീ. കെ. സുരേന്ദ്രനെ അറസ്റ്റ് ചെയ്തു. അവരെയൊന്നും അറസ്റ്റ് ചെയ്യുന്നതിന് ഞങ്ങളാരും എതിരല്ല. പക്ഷേ അവരെയൊക്കെ മഹത്വവൽക്കരിക്കാനുള്ള നീക്കങ്ങൾ ആപത്താണെന്നാണ് ഞാൻ പറയുന്നത്. അത് ശരിയായ നടപടിയാണോയെന്ന് നിങ്ങൾ ആലോചിക്കണം. ബി.ജെ.പി.-ക്ക് ഇല്ലാത്ത മാന്യത നൽകി, കേരള രാഷ്ട്രീയത്തിൽ സ്വീകാര്യതയില്ലാത്ത ഒരു പ്രസ്ഥാനത്തെ മഹത്വവൽക്കരിച്ചു കൊണ്ട് അവർക്ക് വിത്തും വളവും നൽകാനുള്ള നിങ്ങളുടെ നീക്കം അപകടകരമാണെന്നാണ് എനിക്ക് പറയാനുള്ളത്. അത് അവസാനിപ്പിക്കണം.

ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത് എന്ന അവസ്ഥയാണ്. ചിത്തിരയാട്ടമഹോത്സവകാലത്തും തുലാമാസ പൂജയുടെ കാലത്തും പോലീസ് നിഷ്ക്രിയമായിരുന്നു. അത് കഴിഞ്ഞ് പോലീസ് സക്രിയമായി, ഒന്നുകിൽ നിഷ്ക്രിയം അല്ലെങ്കിൽ അതിക്രമം. ആ നിലയിലാണ് കേരളത്തിലെ പോലിസിനെ കൊണ്ടുപോകുന്നത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അത് ശരിയായ കാര്യമല്ല. ശബരിമലയിൽ പോലീസ് രാജിന്റെ ആവശ്യമില്ല. അതിന്റെ വിശദാംശങ്ങൾ ശ്രീ. വി. എസ്. ശിവകുമാർ പറഞ്ഞതുകൊണ്ട് വിസ്താരഭയംമൂലം ഞാനതിലേയ്ക്ക് കടക്കുന്നില്ല. അവിടെ ഇപ്പോൾ വാസ്തവത്തിൽ യുവതീപ്രവേശനം അല്ലല്ലോ; കാരണം ഇപ്പോൾ സുപ്രീംകോടതിയിൽ സാവകാശ ഹർജി കൊടുത്തിരിക്കുകയാണ്. സുപ്രീംകോടതിയുടെ മുന്നിൽ പുനഃപരിശോധനാ ഹർജി നിൽക്കുകയാണ്. അപ്പോൾ സത്യത്തിൽ ഒരു സ്ത്രീയും അവിടെ പോകുന്നില്ല ആരും അപേക്ഷ കൊടുത്തിട്ടുമില്ല. ആ സാഹചര്യത്തിൽ എന്തിനാണ് 144? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, അക്രമകാരികളെ പിടിക്കാനാണെന്ന്. ഞാൻ ചോദിക്കട്ടെ, പിന്നെന്തിനാണ് ഇവിടെ ഇന്റലിജന്റ്സ്; ആരാണ് അക്രമം

നടത്താൻ വരുന്നവരെന്ന് മുൻകൂട്ടി കാണാൻ നിങ്ങൾക്ക് കഴിയണ്ടേ? ആർ.എസ്.എസ്.-ന്റെ ഒരു സർക്കുലർ ഇറങ്ങിയല്ലോ, ആ സർക്കുലറിൽപ്പെട്ട ആളുകളാണ് അവിടെ വരുന്നതെങ്കിൽ നിങ്ങൾക്ക് അവരെ അറസ്റ്റ് ചെയ്തുകൂടേ? അല്ലാതെ ആന്ധ്രാ പ്രദേശിൽ നിന്നും തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും വരുന്ന പാവപ്പെട്ട ഭക്തജനങ്ങളെ പത്തും പന്ത്രണ്ടും സ്ഥലത്ത് വച്ച് ചോദ്യം ചെയ്ത്, അവരാരും ഇങ്ങോട്ട് വരാതിരിക്കാനുള്ള നടപടി സ്വീകരിച്ച നിങ്ങളുടെ നടപടിയാണിവിടെ പ്രശ്നം. എന്തിനാണ് ഹെലികോപ്റ്റർ ശബരിമലയുടെ മുകളിലൂടെ പറക്കുന്നത്? അവിടെ സുവർണ്ണ ക്ഷേത്രമോ മറ്റുമാണോ ഉള്ളത്? ആളുകളെ ഭീതിപ്പെടുത്താൻ മുകളിലൂടെ ഹെലികോപ്റ്റർ പറക്കുകയാണ്. അവിടെ കാണിക്ക ഇടുന്നതിനെ തടയുന്ന ബി.ജെ.പി.-യുടെ നിലപാടിനെ ഞങ്ങൾ ശക്തമായി അപലപിക്കുകയാണ്. ഭക്തജനങ്ങൾ അവിടെ കാണിക്ക ഇടണം; അതവരുടെ വിശ്വാസത്തിന്റെ ഭാഗമാണ്. ഒരു ഭാഗത്ത് വിശ്വാസത്തിനുവേണ്ടി നിൽക്കുന്നുവെന്ന് പറയുന്ന ബി.ജെ.പി.- മറുഭാഗത്ത് കാണിക്ക ഇടരുതെന്ന് പറയുന്നത് വിശ്വാസ ലംഘനമാണ്, ആചാരലംഘനമാണ്. അതിനകത്തൊരു പൊളിറ്റിക്സാണ് അവർക്കുള്ളത്. അതുകൊണ്ട് ഈ മണ്ഡലകാലത്ത് അവിടെ വരുന്നവർക്കെല്ലാം ഇപ്പോൾ നന്നായി തൊഴാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ശരിയാണ് കാരണം അവിടെ ഒരു പ്രശ്നവുമില്ല, കാരണം അവിടെ ആളുകൾ വരുന്നില്ല; പിന്നെന്താണ് പ്രശ്നം? അവിടെ സത്യത്തിൽ പന്ത്രണ്ടാമത് മഹോത്സവമാണ്. ഇന്ന് പന്ത്രണ്ട് ദിവസമായി. ഈ പന്ത്രണ്ട് ദിവസത്തിനുള്ളിൽ ലക്ഷക്കണക്കിന് ആളുകളാണ് വരേണ്ടത്. ഒരു വർഷം മണ്ഡലപൂജ-മകരവിളക്കെന്ന് പറയുന്നത് 70 ദിവസമാണ്. ഈ 70 ദിവസത്തിനുള്ളിൽ ഗവൺമെന്റിന്റെ കണക്കനുസരിച്ച് ഒരു ദിവസം ഒരു ലക്ഷം പേർ പോയാൽ മതി. അങ്ങനെയാണെങ്കിൽ 70 ലക്ഷം പേർ മാത്രമേ പോകുകയുള്ളൂ. അഞ്ചര കോടി ആളുകൾ പോകേണ്ട സ്ഥലത്ത് 70 ലക്ഷം ആളുകൾ പോയാൽ മതിയോ? ഇപ്പോൾ സ്ഥിതി എന്താണെന്നുവച്ചാൽ അവിടെ ആരും പോകുന്നില്ല, എല്ലാവരും പേടിച്ചിരിക്കുകയാണ്. കർണ്ണാടകത്തിലെ പത്രമാധ്യമങ്ങളിലെല്ലാം ഇവിടെ വലിയ പ്രശ്നമാണെന്ന് വാർത്തകൾ വരികയാണ്. കുട്ടികളെയും കൊണ്ടുപോകാൻ കഴിയുന്നില്ല എന്നത് ഇവിടെ വലിയ പ്രശ്നമാണ്. 144 പ്രഖ്യാപിക്കുന്നതിന് ഞങ്ങൾക്കെന്താ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത് കർശനമായ നിയന്ത്രണങ്ങൾ നിങ്ങൾ ഒഴിവാക്കണമെന്നാണ്. ശബരിമലയിൽ കൂടുതൽ തീർത്ഥാടകർ വരട്ടെ; ശബരിമലയിൽ കൂടുതൽ ആളുകൾ വരട്ടെ; കാണിക്ക ഇടട്ടെ; ദേവസ്വം ബോർഡിന് പണം കിട്ടട്ടെ; ക്ഷേത്ര ആചാരങ്ങൾ സംരക്ഷിക്കപ്പെടട്ടെ; ഇതിന് നിങ്ങളുടെ കർശന നിയന്ത്രണങ്ങളാണ് തടസ്സമായിട്ടുള്ളത്.

മി. സ്പീക്കർ: അങ്ങ് ആവശ്യപ്പെട്ട സമയം കഴിഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശബരിമലയിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അവിടത്തെ നടവരവ് കുറയുന്നു; അവിടെ അപ്പം, അരവണ എന്നിവയ്ക്ക് ആരും വരാറില്ല; അതുകൊണ്ട് ഇത് മാറ്റണമെന്ന് ദേവസ്വം ബോർഡിലെ ഒരു ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ പേര് ഞാൻ പറയുന്നത് ശരിയല്ല. ശബരിമലയിലെ ഭയപ്പെടുത്തുന്ന ഈ അന്തരീക്ഷം ഒഴിവാക്കണം. ഭയം അവിടെ ആവശ്യമില്ല; ഏതെങ്കിലും ഒരു ആരാധനാലയത്തിൽ ആളുകൾ ഭയപ്പെട്ടാണോ പോകേണ്ടത്? അവന്റെ മനസ്സിന് ശാന്തി കിട്ടാൻ; വിശ്വാസിക്ക് അവന്റെ ആത്മാവിന് ശാന്തി കിട്ടാൻ; അവന്റെ പിതൃക്കൾക്ക് ശാന്തി കിട്ടാൻ; അവന് ശാന്തികിട്ടാൻ വേണ്ടി ശബരിമലയിൽ പോകുന്നവർ ഭയംകൊണ്ട് പോലീസുകാരുടെ ചെക്കിംഗും പാസ്സും എടുത്ത് പോകുക എന്നുപറയുന്നത് ശരിയായ ഒരു നടപടിയല്ല. അക്രമകാരികളുണ്ടെങ്കിൽ, കുഴപ്പക്കാരുണ്ടെങ്കിൽ അവരെ കസ്റ്റഡിയിലെടുക്കണം. 144 പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതിനുകാരണം 'Message has to go to the entire country that everybody can come here and pay the respect to Ayyappa...' അതിനുള്ള അവസരം ഉണ്ടാകണം. ആ അവസരം ഉണ്ടാകാത്തതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഒരു ഓൾ പാർട്ടി മീറ്റിംഗ് വിളിച്ചിരുന്നെങ്കിൽ, നമുക്ക് സ്വൈര്യമായിരുന്ന് സംസാരിക്കാനുള്ള അവസരം ഉണ്ടായിരുന്നുവെങ്കിൽ, ഈ പ്രശ്നത്തിൽ ആർ.എസ്.എസ്.-നും ബിജെ.പി.-ക്കും മുതലെടുക്കാനുള്ള അവസരം ഉണ്ടാകുമായിരുന്നില്ല. അവരുടെ ലക്ഷ്യം കേരളത്തെ വർഗ്ഗീയവൽക്കരിക്കുക എന്നുള്ളതാണ്; കേരളത്തിൽ അവരുടെ കാലുറപ്പിക്കുക എന്നുള്ളതാണ്. പക്ഷേ, ഒരു കാര്യം ഞാൻ അങ്ങയിലൂടെ ഈ ഗവൺമെന്റിനോടും കേരളത്തിലെ ജനങ്ങളോടും പറയാനാഗ്രഹിക്കുന്നത്, എത്ര ശ്രമിച്ചാലും ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും കേരളത്തിൽ വേരുറപ്പിക്കാൻ കഴിയില്ലെന്നതാണ്. കേരളത്തിലെ മതേതര മനസ്സ്; മതേതര വിശ്വാസികളായ ജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഞങ്ങൾ വിശ്വാസികളാണ്, ഞാൻ എട്ട് വയസ്സുള്ളപ്പോൾ മുതൽ ശബരിമലയിൽ പോകുന്നയാളാണ്. ശബരിമലയിൽ പോകുന്നവരെല്ലാം ആർ.എസ്.എസ്. ആണോ? കുറി തൊടുന്നവർ എല്ലാം സംഘപരിവാർ ആണോ? കാവി മുണ്ട് ഉടുക്കുന്നവരെല്ലാം സംഘപരിവാർ ആണോ? ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും ആളിനെ കൂട്ടിക്കൊടുക്കാൻ കഴിയുന്ന, അല്ലെങ്കിൽ ആളെച്ചേർക്കുന്ന പരിപാടി ദയവായി നിങ്ങൾ ചെയ്യരുത്. നിങ്ങൾ ഒരു റിക്രൂട്ടിംഗ് ഏജന്റായിമാറരുത്. കേരളത്തിലെ വിശ്വാസികളെല്ലാം ആർ.എസ്.എസ്.-കാർ അല്ല. അമ്പലത്തിൽ പോകുന്നവരെല്ലാം

ആർ.എസ്.എസ്.-കാർ അല്ല. ക്ഷേത്രത്തിൽ പോയി പൂജ നടത്തുന്നവരെല്ലാം ആർ.എസ്.എസ്.-കാർ അല്ല. അങ്ങനെയൊരു സാഹചര്യമുണ്ടാക്കി ഭക്തരെ മുഴുവൻ ആർ.എസ്.എസ്.-ന് തീറെഴുതി കൊടുക്കുന്ന സമീപനം സി.പി.എം. ഉപേക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾ ഭക്തരോടൊപ്പം നിൽക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടി കഴിഞ്ഞദിവസം എന്നോട് പറഞ്ഞു, പുതുപ്പള്ളിയിൽ നിന്ന് ക്രൈസ്തവ വിശ്വാസിയായ ഒരാൾ അയ്യപ്പൻമാരുടെ കൂടെ പോയി. അയ്യപ്പൻമാരുടെ കൂടെയുള്ള ഫോട്ടോയുണ്ടായിരുന്നു. അവിടെ ചെന്നപ്പോൾ അയാളെ ഉടനെ പോലീസ് പിടിച്ചുകൊണ്ടുപോയി. അയ്യപ്പൻമാരുടെ കൂടെപ്പോയ ഒരാളാണ്. മുന്നിൽ കയറിയിരുന്ന് ബഹളമുണ്ടാക്കുന്നത് ആർ.എസ്.എസ്.-കാരാണ്. പക്ഷേ, പിന്നിൽ ഇരിക്കുന്നവരൊക്കെ ഭക്തൻമാരാണ്. ഇവരുടെ പരിപാടി എന്താണെന്ന് വച്ചാൽ, മുന്നിൽ കയറി നിന്ന് നാമം ജപിക്കും. ശബരിമലയിൽ ആര് നാമം ജപിച്ചാലും അയ്യപ്പനെ വിളിച്ച് ശരണം വിളിച്ചാലും എല്ലാപേരും കൂടെ വിളിക്കും. ശ്രീ. കെ. മുരളീധരൻ ശബരിമലയിൽ പോകുന്ന ആളാണല്ലോ; അതിന്റെ പേരിൽ എല്ലാപേരും അക്രമകാരികളാണെന്ന് വിചാരിച്ച് അവരെ അറസ്റ്റുചെയ്ത് ഉടനെതന്നെ മണിയാർ ക്യാമ്പിൽ കൊണ്ടുപോകുന്നത് ശരിയാണോ? ഇത് ഏത് പോലീസുകാരാണ് ചെയ്യുന്നത്? ഇത് എന്ത് നടപടിയാണ്? അക്രമകാരികൾ ആരായാലും അവരെ നിലയ്ക്ക് നിർത്തണം. ശബരിമലയുടെ പവിത്രത കാത്ത് സൂക്ഷിക്കണം. വിശുദ്ധിയുടെ, ശാന്തിയുടെ, സമാധാനത്തിന്റെ കേന്ദ്രമായി ശബരിമല നിലനിൽക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം. ആർ.എസ്.എസ്.-ഉം ബിജെ.പി.-യും സംഘപരിവാറും കുഴപ്പങ്ങളുണ്ടാക്കുന്നുവെങ്കിൽ, കൽത്തുറുങ്കിൽ അടയ്ക്കുന്ന ഗവൺമെന്റ് നടപടിയുണ്ടെങ്കിൽ ആ നടപടിയോടൊപ്പം ഞങ്ങൾ നിൽക്കും. പക്ഷേ, നിങ്ങൾ അതല്ല ചെയ്യുന്നത്, അവരെ നിങ്ങൾ മഹത്വവൽക്കരിക്കുന്നു; അവർക്ക് നിങ്ങൾ തോരണം ചാർത്തുന്നു; നിങ്ങൾ അവരെ വലിയവരാക്കാൻ ശ്രമിക്കുന്നു. കോൺഗ്രസിനെ ദുർബ്ബലപ്പെടുത്തി, യു.ഡി.എഫ്.-നെ ദുർബ്ബലപ്പെടുത്തി അവരെ ശക്തിപ്പെടുത്താൻ നിങ്ങൾ ശ്രമിക്കുന്ന രാഷ്ട്രീയം കേരളത്തിന്റെ മണ്ണിൽ ജനങ്ങൾ അംഗീകരിച്ചുകൊടുക്കില്ലെന്ന് മാത്രം പറഞ്ഞുകൊണ്ട്; ഈ സർക്കാരിന്റെ 144 പിൻവലിക്കില്ല; നിരോധനാജ്ഞ പിൻവലിക്കില്ല; എന്നുള്ള നിലപാടിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ....ചെയർമാൻമാരുടെ പാനൽ

....(ബഹളം)...

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. ഒ. രാജഗോപാൽ: സർ, എന്നെക്കുറിച്ച് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞതുകൊണ്ട് എനിക്ക് രണ്ടുവാക്ക് പറയാനുണ്ട്. അതുസംബന്ധിച്ച വിശദീകരണം ആവശ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കോടതിയിൽ കേസ് കൊടുത്തത് സംഘപരിവാർ ആണെന്നാണ്. അദ്ദേഹം അറിയാതെ പറഞ്ഞതാണോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. പക്ഷേ, അദ്ദേഹം വസ്തുത മനസിലാക്കണം, 'Young Lawyers Association' എന്ന് പറയുന്ന സംഘടനയാണ് കേസ് കൊടുത്തത്. അവർക്ക് ബി.ജെ.പി.-യുമായും സംഘപരിവാറുമായും ഒരു ബന്ധവുമില്ല. തെറ്റായ ധാരണ അക്കാര്യത്തിൽ ഉണ്ടാകരുത്. ഇത് വളരെ വിശാലമായ ഇഷ്യൂ ആണ്. വിശ്വാസത്തെ ബാധിക്കുന്ന ഇഷ്യൂ, ചരിത്രത്തെ ബാധിക്കുന്ന ഇഷ്യൂ, ഇതൊക്കെ ഉൾക്കൊള്ളുന്നതായതുകൊണ്ട് ഏതാനും മണിക്കൂറുകളും മിനിറ്റുകളുംകൊണ്ടുമാത്രം വിശദീകരിക്കാൻ സാദ്ധ്യമല്ല. ലോകത്തിൽ ഏറ്റവും കൂടുതൽ ഭക്തർ വരുന്ന സ്ഥലം ശബരിമലയാണ് എന്നതാണ് ഇതിന് അടിസ്ഥാനമായ പ്രശ്നം. അത് നമ്മുടെ കേരളത്തിലാണ്. അവിടെ ഭക്തർ തീർച്ചയായും വിശ്വാസംകൊണ്ടുവരുന്നതാണ്. അതിന്റെ ഫലം കേരളത്തിന് കിട്ടുന്നു. അതുകൊണ്ട് ആയിരക്കണക്കിന് കോടി രൂപയുടെ ലാഭം കേരളത്തിന് ലഭിക്കുന്നു. ഇത് മുടക്കാൻ തക്കവണ്ണമുള്ള രീതിയിൽ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ പാടില്ല. ജനുവരി മാസം 23-ാം തീയതി വീണ്ടും കോടതി കൂടാൻ പോകുന്നു. അങ്ങനെ സുപ്രീംകോടതി കൂടുന്ന അവസരത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാൻ സാധിക്കും. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ ആ ഉദ്യമത്തിന് വഴങ്ങിയിട്ടുള്ളത്; എന്നാൽ അത് സ്വീകരിക്കുന്നില്ല. രണ്ട് ഭാഗത്തും പരാതിയുണ്ടെന്നുള്ള കാര്യം ഞാൻ ചൂണ്ടിക്കാണിക്കുന്നു. ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും വളർത്തുന്നത് മാർക്സിസ്റ്റ് പാർട്ടിയാണെന്ന് യു.ഡി.എഫ്.-ഉം യു.ഡി.എഫ്. ആണെന്ന് മാർക്സിസ്റ്റുകാരും പറയുന്നു. എന്നാൽ ഇത് രണ്ടുമല്ല വസ്തുത; ഈ രാജ്യത്തെ സാധാരണ ജനങ്ങൾ, രണ്ട് പേരുടേയും ഭരണം കണ്ട് മടുത്തവർ വേറൊരു ഭാഗത്ത് വരുന്നു, ഇതാണ് രഹസ്യം. ജനങ്ങളിൽ വിശ്വാസം അർപ്പിച്ചാൽ ജനങ്ങൾ അംഗീകരിക്കും. ജനങ്ങളിലാണ് നമുക്ക് വിശ്വാസം ഉള്ളതെന്ന കാര്യം മാത്രമാണ് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നത്.

## VI ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ എ. എം. ആരിഫ്, ഇ. കെ. വിജയൻ, സണ്ണി ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

ശ്രദ്ധ ക്ഷണിക്കലുകളും സബ്മിഷനുകളും സസ്പെൻഡ് ചെയ്തിരിക്കുന്നു; ഉത്തരങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്ത് വച്ചാൽ മതി. *

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

# VII മേശപ്പുറത്തുവച്ച കടലാസ്സുകൾ

1. ലിസ്റ്റ് I പ്രകാരമുള്ള കടലാസ്സുകൾ

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2018 | 56 | 2018-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ്. | അല്ല |

(ii) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2018 | 42 | 2018-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ്. | അല്ല |
| 2 | 2018 | 47 | 2018-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ്. | അല്ല |

(iii) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2018 | 52 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |

(iv) ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2018 | 41 | ദി കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലെക്സ് ആൻഡ് ദി അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് (ടേക്കിംഗ് ഓവർ ദി മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ) ഓർഡിനൻസ്, 2018 | അല്ല |
| 2 | 2018 | 45 | ദി കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലെക്സ് ആൻഡ് ദി അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് (ടേക്കിംഗ് ഓവർ ദി മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ) ഓർഡിനൻസ്, 2018 | അല്ല |

(v) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2018 | 50 | ദി കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |

(vi) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2018 | 38 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |

| | | | | |
|---|---|---|---|---|
| 2 | 2018 | 46 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 3 | 2018 | 51 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (തേഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 4 | 2018 | 54 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (സെക്കന്റ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |

(vii) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2018 | 49 | 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2018 | 55 | 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസ് | അല്ല |

(viii) മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2018 | 53 | 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് | അല്ല |

(ix) ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന

കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2018 | 39 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2018 | |
| 2 | 2018 | 40 | 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് | അല്ല |
| 3 | 2018 | 43 | 2018-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ് | അല്ല |
| 4 | 2018 | 44 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2018 | അല്ല |
| 5 | 2018 | 48 | 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് | അല്ല |
| 6 | 2018 | 57 | 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) (രണ്ടാം ഭേദഗതി) ഓർഡിനൻസ് | അല്ല |

2. ചട്ടം 47(2) (ലിസ്റ്റ് II) പ്രകാരമുള്ള കടലാസ്സുകൾ

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 79, 3540, പതിനാറാം സമ്മേളനത്തിലെ 59, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 139, അഞ്ചാം സമ്മേളനത്തിലെ 1521, ഏഴാം സമ്മേളനത്തിലെ 4, 12, 13, 46, 1642, 1661, 1774, 1778, 1805, 3407, ഒമ്പതാം സമ്മേളനത്തിലെ 29, 71, 109, 141, 148, 149, 159, 160, 177, 182, 1868, 1951, 1965, പത്താം സമ്മേളനത്തിലെ 18, 52, 130, 1554, 1555, 1651, 3152, 3183, 3213, 3263, 4292, 4359, 4421, 4471, 5691, 5753, 5761, 5767, 5787, 5788, പതിനൊന്നാം സമ്മേളനത്തിലെ 12, 111, 116, 119, 120, 126, 131, 137, 150, 156, 157, 158, 159, 160, 161, 163, 165, 166, 167, 169, 174, 179, 180, 211, 215, 217, 218, 241, 1950, 1953, 1955, 1960, 1972, 1973, 1976, 1979, 1981, 1982, 1984, 2022, 2029, 2034, 2042, 2043, 2044, 2058, 2062, 2069, 2072, 2100, 2118, 3352, 3355, 3367, 3375, 3376, 3381, 3383, 3389, 3411, 3415, 3417, 3457, 3470, 3476, 3480, 3521, 3524, 3526 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(ii) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3271, ഒമ്പതാം സമ്മേളനത്തിലെ 568, 2330, 2332, പതിനൊന്നാം സമ്മേളനത്തിലെ 608, 2397 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(iii) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4496, പതിനഞ്ചാം സമ്മേളനത്തിലെ 1223, പതിനാറാം സമ്മേളനത്തിലെ 1195, 1199, 2693, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2734 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(iv) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3264, ഒമ്പതാം സമ്മേളനത്തിലെ 217, പത്താം സമ്മേളനത്തിലെ 1487, 1505, 4254 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(v) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 513, പതിനാലാം സമ്മേളനത്തിലെ 486, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 1886, 1891, 1954, 3468, 3494, 3505, പതിനൊന്നാം സമ്മേളനത്തിലെ 501, 525, 526, 542, 545, 3735 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(vi) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1651, 1687 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(vii) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4911, പതിനൊന്നാം സമ്മേളനത്തിലെ 4056 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(viii) ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 591, പതിനാറാം സമ്മേളനത്തിലെ 739, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 5651, ഏഴാം സമ്മേളനത്തിലെ 1835, 3488, ഒമ്പതാം സമ്മേളനത്തിലെ 2093, പത്താം സമ്മേളനത്തിലെ 1712, 3287, 3354, 4478, 4483, 5847, 5922, പതിനൊന്നാം സമ്മേളനത്തിലെ 242, 273, 282, 283, 294, 310, 342, 345, 354, 356, 2125, 2127, 2149, 2167, 2194 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(ix) പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1362 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(x) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 832 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(xi) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 429 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(xii) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 1745 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(xiii) മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2809 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(xiv) പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 5075, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3714, 3764, ഒമ്പതാം സമ്മേളനത്തിലെ 1343, 3005, പത്താം സമ്മേളനത്തിലെ 3866, 6712, പതിനൊന്നാം സമ്മേളനത്തിലെ 1388, 1412, 2832, 2857 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(xv) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4976, 6373, 4980, പതിനൊന്നാം സമ്മേളനത്തിലെ 999 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VIII റിപ്പോർട്ട് സമർപ്പണം

### കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാനേതാവും കാര്യോപദേശക സമിതിയുടെ അംഗവുമായ ഞാൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## IX റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

# X നിയമനിർമ്മാണകാര്യം

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

(ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിച്ചിട്ടില്ല; ചർച്ച ഇല്ല.

2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിച്ചിട്ടില്ല; ചർച്ച ഇല്ല.

2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 നവംബർ 29-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.48-ന് പിരിഞ്ഞു.

## അനുബന്ധം

(1) <u>പ്രളയാനന്തര പുനർനിർമ്മാണം സംബന്ധിച്ച ശ്രീ. എസ്. ശർമ്മയുടെ ശ്രദ്ധ ക്ഷണിക്കലിന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി</u>

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI)ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പുനർനിർമ്മാണത്തിന് കൃത്യമായ ചട്ടക്കൂട് രൂപീകരിക്കുകയും പ്രവർത്തനതന്ത്രം ആവിഷ്കരിക്കുകയും ചെയ്തു. പദ്ധതികൾക്ക് അംഗീകാരവും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നത് മന്ത്രിസഭയായിരിക്കും. ഭരണ-സാങ്കേതിക രംഗങ്ങളിൽ മികവുറ്റവരടക്കമുള്ളവർ ഉൾക്കൊള്ളുന്ന മുഖ്യമന്ത്രി ചെയർമാനായ ഉപദേശകസമിതിയും അതിന്റെ കീഴിൽ ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാരസമിതിയും ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഇംപ്ലിമെന്റേഷൻ സമിതിയുമുണ്ടായിരിക്കും.

പ്രളയത്തിൽ തകർന്ന റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പാലങ്ങൾ, അങ്കണവാടികൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള പൊതുകെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽത്തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപ്പാർപ്പിക്കൽ, എറണാകുളം (കൊച്ചി) വ്യാവസായിക- വാണിജ്യകേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകൾക്കും പ്രത്യേക പദ്ധതികൾ തുടങ്ങിയവയെല്ലാം പദ്ധതിയിൽ ഉൾപ്പെടുന്നു.

നിർമ്മിക്കപ്പെടുന്ന ആസ്തികളും ജീവനോപാധികളും ഭാവികാല ആഘാതങ്ങളിൽ തകർന്നുപോകാത്ത രീതിയിലുള്ള ശക്തവും കാര്യക്ഷമവുമായ പുനർനിർമ്മാണമാണ് ലക്ഷ്യമിടുന്നത്.

പ്രളയമുണ്ടാകുന്ന ഇടങ്ങളിലെ റോഡുകൾ ഉയർത്തുക, നീർവാർച്ചാശേഷി മെച്ചപ്പെടുത്തുക, ചരിവുകളുടെ സ്ഥിരത ഉറപ്പാക്കുക, മണ്ണിടിച്ചിൽ സാദ്ധ്യതയുള്ള സ്ഥലങ്ങളുടെ സംരക്ഷണം, ബയോ-എഞ്ചിനീയറിംഗ് ടെക്നിക്കുകൾ തുടങ്ങിയവ ഉറപ്പാക്കുന്ന ആധുനിക നിർമ്മാണ സാങ്കേതികവിദ്യകൾ ഇതിനായി പരിഗണിക്കുന്നതാണ്. നിർമ്മിക്കപ്പെടുന്ന സുപ്രധാന പൊതു ആസ്തികളുടെ ദീർഘകാല നിലനിൽപ്പും ചെലവാക്കപ്പെടുന്ന ധനവിഭവത്തിന്റെ ഫലദായകത്വവും ഉറപ്പാക്കും.

കൂടുതൽ പാരിസ്ഥിതിക സൗഹാർദ്ദമായതും വിഭവ ഉപയോഗത്തിൽ മിതത്വം പുലർത്തുന്നതും ഉയർന്ന കാര്യക്ഷമതയുള്ളതുമായ സാങ്കേതികവിദ്യകളും നിർവ്വഹണ രീതികളുമാണ് അവലംബിക്കുക. ഭാവികാല ദുരന്ത പരിപാലനത്തിന് സഹായകമായ കരുത്തുറ്റതും സുസ്ഥിരമായതുമായ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിന് ഡാറ്റാ അനലറ്റിക്സ് സംവിധാനങ്ങൾ, ആധുനിക വിവര സംവേദന സാങ്കേതികവിദ്യാ സംവിധാനങ്ങൾ ഇവയൊക്കെ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കുന്ന ദുരന്ത പരിപാലന നിരീക്ഷണ സംവിധാനങ്ങളാണ് രൂപപ്പെടുത്താനുദ്ദേശിക്കുന്നത്.

പൊതു ആസ്തികളുടെ കാലാനുഗത പരിപാലനവും അറ്റകുറ്റപ്പണികളും നിർവ്വഹിക്കുന്നതിന് പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തവും ഉറപ്പാക്കും.

പ്രളയാനന്തര പുനർനിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേരളം കേന്ദ്രത്തിൽ വിശദമായ നിവേദനം നൽകുകയും ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരെ നേരിട്ടുകണ്ട് ആവശ്യമുന്നയിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും ആവശ്യമായ കേന്ദ്ര സഹായം ഇതുവരെയും ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്മേൽ തുടർന്നും സമ്മർദ്ദം ചെലുത്തുന്നതാണ്.

(2) റവന്യൂ വകുപ്പിന്റെ പ്രവർത്തന പരിഷ്കരണം സംബന്ധിച്ച ഡോ. എൻ. ജയരാജിന്റെ ശ്രദ്ധ ക്ഷണിക്കലിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ മറുപടി

സംസ്ഥാനത്തെ ഭരണനിർവ്വഹണത്തിലെ മാതൃവകുപ്പായ ലാൻഡ് റവന്യൂ വകുപ്പിൽ ഭൂമി സംബന്ധമായതും അല്ലാത്തതുമായ നിരവധി ജോലികളാണ് നിർവ്വഹിച്ചുപോരുന്നത്. എന്നാൽ റവന്യൂ വകുപ്പിന്റെ ഘടനയിൽ കാതലായ മാറ്റങ്ങളൊന്നുമുണ്ടായിട്ടില്ലെന്നത് വാസ്തവമാണ്. പ്രത്യേകിച്ച് വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ പഴയ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും നിലനിൽക്കുന്നത്. ജനസംഖ്യയിലും ഭൂമി സംബന്ധമായ ക്രയവിക്രയത്തിലും പൊതുജനങ്ങൾക്ക് അനുവദിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ബാഹുല്യം കണക്കിലെടുത്തും വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്തും റവന്യൂ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. വില്ലേജ് ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ്

പാറ്റേൺ അപര്യാപ്തമാണെന്നുകണ്ട് ജോലിഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. വില്ലേജ് ഓഫീസർ തസ്തിക ഡെപ്യൂട്ടി തഹസിൽദാർ തസ്തികയ്ക്ക് തുല്യമായി ഉയർത്തണമെന്ന് പത്താം ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. അത് ധനകാര്യവകുപ്പിന്റെ പരിഗണനയിലിരിക്കുകയാണ്. വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി നിലവിലുള്ള വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50 ശതമാനം എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉയർത്തുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്.

ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്ന ഏറ്റവും ഭാരിച്ച ജോലികളിൽ ഒന്നാണ്. ആവശ്യത്തിനുള്ള തസ്തികകൾ സ്ഥിരമായി സൃഷ്ടിക്കാതെ താൽക്കാലികാടിസ്ഥാനത്തിൽ സൃഷ്ടിച്ചാണ് ലാൻഡ് അക്വിസിഷൻ നടപടികൾ നടത്തിവരുന്നത്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നത് റിക്വിസിഷൻ അതോറിറ്റികളാണെങ്കിലും തസ്തികകൾ സ്ഥിരമായി സൃഷ്ടിക്കുന്നതിനോ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നതിനോ തടസ്സങ്ങൾ നേരിടുന്ന സാഹചര്യവും നിലവിലുണ്ട്. ആയതിനാൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കി സംസ്ഥാനത്തിന്റെ വികസന താൽപ്പര്യം സംരക്ഷിക്കുന്നതിനായി പ്രസ്തുത തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

എല്ലാ വകുപ്പുകളുടെയും മാതൃവകുപ്പാണ് റവന്യൂ വകുപ്പ്. ജനങ്ങൾ ഏറ്റവും കൂടുതൽ നേരിട്ട് സമ്പർക്കം പുലർത്തുന്ന ഓഫീസാണ് വില്ലേജ് ഓഫീസ്. പ്രസ്തുത ഓഫീസിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ട് ഫലവത്താക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പ്രവർത്തനശേഷി മെച്ചപ്പെടുത്തുന്നതിനും പെരുമാറ്റം ജനസൗഹൃദമാക്കുന്നതിനും ജീവനക്കാരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും ഉതകുന്ന വിധത്തിൽ പ്രൊമോഷനുമുമ്പുള്ള പരിശീലന പരിപാടികളും സർവ്വേ ട്രെയിനിംഗുകളും കാലാനുസൃതമാക്കുന്നതിനും ക്രമീകരിക്കുന്നതിനും നിർബന്ധിതമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ: 2005-ലെ ദേശീയ ദുരന്ത നിവാരണ നിയമത്തിനനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ ചട്ടങ്ങൾ 2007-ൽ നിലവിൽ വന്നു. പ്രസ്തുത നിയമത്തിന് അനുസൃതമായാണ് സംസ്ഥാന/ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ പ്രവർത്തിക്കുന്നത്. ദേശീയ ദുരന്തനിവാരണ നിയമത്തിനനുസരിച്ച് സംസ്ഥാന ദുരന്തലഘൂകരണ പദ്ധതി തയ്യാറാക്കി പ്രസ്തുത പദ്ധതിക്കും ദേശീയ ദുരന്ത ലഘൂകരണ പദ്ധതിക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതായി സംസ്ഥാനതലത്തിൽ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രധാന പ്രവർത്തനം. ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഹഅദ്ധ്യക്ഷനുമായ ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക സഹായം നൽകുക എന്നതും സംസ്ഥാന അതോറിറ്റിയുടെ ചുമതലയാണ്.

ദുരന്ത നിവാരണ നിയമം സെക്ഷൻ 16, 29 എന്നീ വകുപ്പുകളനുസരിച്ച് സംസ്ഥാനത്തെയും ജില്ലകളിലെയും ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. അതാത് മേഖലയിലെ ദുരന്ത ലഘൂകരണ നിർദ്ദേശങ്ങൾ നിർവ്വഹിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ പ്രാഗത്ഭ്യം സ്വയം സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനായി വകുപ്പുതല ദുരന്ത നിവാരണ പദ്ധതികളും ആവശ്യമാണ്. ഇത് പരിഗണിച്ച് സംസ്ഥാനത്ത് റവന്യൂ വകുപ്പ് ഉൾപ്പെടെ 26 വകുപ്പുകളിൽ ദുരന്ത നിവാരണത്തിനായി വെർച്വൽ കേഡർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ദുരിതാശ്വാസ ചുമതലയുള്ള നോഡൽ വകുപ്പാണ് റവന്യൂ വകുപ്പ്. കൂടാതെ ദുരന്ത സാഹചര്യത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ മേധാവിയായ ജില്ലാകളക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതും റവന്യൂ വകുപ്പാണ്. റവന്യൂ വകുപ്പിലെ വെർച്വൽ കേഡർ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം സംസ്ഥാന അതോറിറ്റി നേരിട്ട് നടത്തുന്നതിനുള്ള പാഠപുസ്തകങ്ങൾ തയ്യാറായിവരുന്നു. റവന്യൂ വകുപ്പിലെ വെർച്വൽ കേഡർ ഉദ്യോഗസ്ഥർക്ക് ദുരിതാശ്വാസം, ഏകോപനം, ദുരന്ത സാഹചര്യ പ്രതികരണ സംവിധാനം എന്നിവയിലായിരിക്കും പ്രധാന പരിശീലനം.

വില്ലേജ് ഓഫീസുകളുടെ സ്ഥാനം ദുരന്തസാദ്ധ്യത ഏറ്റവും കുറഞ്ഞ പ്രദേശത്തായിരിക്കേണ്ടതുണ്ട്. 2010-12 കാലഘട്ടത്തിൽത്തന്നെ സംസ്ഥാനത്തെ 239 ബഹുവിധ ദുരന്തസദ്ധ്യതാ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വിവിധോദ്ദേശ്യ അടിയന്തര ദുരന്തപ്രതികരണ കിറ്റുകൾ ടോർച്ച് ഉൾപ്പെടെ വിതരണം ചെയ്തിരുന്നു.

ദുരന്ത പ്രതികരണത്തിന് പ്രത്യേക പരിശീലനം ആവശ്യമാണ്. ഇതിനായി സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന അതോറിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ അതോറിറ്റി അംഗമെന്ന നിലയിൽ ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് നേരിട്ടാണ് ഈ സേനയുടെ നിയന്ത്രണം. ജില്ലാതലത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്കും അതോറിറ്റിയുടെ ചെയർമാനായ ജില്ലാകളക്ടർക്കുമാണ് ഇത്തരം സേനയുടെ നിയന്ത്രണം.

കൂടാതെ 1968-ലെ സിവിൽ ഡിഫൻസ് നിയമത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് സിവിൽ ഡിഫൻസ് സന്നദ്ധപ്രവർത്തകരെ വാർത്തെടുക്കുന്ന പ്രവർത്തനം സംസ്ഥാന അതോറിറ്റി അഗ്നിസുരക്ഷാ വകുപ്പുമായി ചേർന്ന് ആരംഭിച്ചു. ദുരന്ത സമയങ്ങളിൽ വകുപ്പുകളുടെ അന്യോന്യമുള്ള പ്രവർത്തനം സന്തുലിതമാക്കുവാൻ ഒരു വകുപ്പിന് മറ്റൊരു വകുപ്പിനുമുകളിൽ നിയന്ത്രണമെന്നത് അഭികാമ്യമല്ല. സംസ്ഥാന/ജില്ലാ വകുപ്പുകൾക്ക് അതീതമായി പ്രവർത്തിക്കുന്നതും വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതും അതോറിറ്റികളാണ്.

നിലവിൽ സർക്കാരിൽനിന്നും ഭരണാനുമതി ലഭിക്കുന്ന കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളും മറ്റും പരിശോധന നടത്തി അംഗീകരിക്കാവുന്നതാണോയെന്ന് ഉറപ്പുവരുത്തി നിർവ്വഹണാനുമതി നൽകുന്നത് ജില്ലാകളക്ടർമാരാണ്. ഈ രീതിയിലുള്ള നടപടിക്രമം മാറ്റുന്ന കാര്യം ആവശ്യമെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടറുടെ തസ്തിക, പ്രകൃതി ദുരന്തങ്ങൾ ഏറ്റവും കൂടുതൽ ഉണ്ടാകുന്ന ജില്ലകളായ കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ഇല്ലായെന്നത് പ്രസ്തുത ജില്ലകളിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നുണ്ട്.

<u>കെട്ടിട നികുതി:</u> പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന് 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരിക രേഖ ഹാജരാക്കിയാൽ മതിയെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 9-7-2015-ലെ സ.ഉ.(എം.എസ്.) 231/15 ത.സ്വ.ഭ.വ പ്രകാരം ഉത്തരവിട്ടിട്ടുള്ളതാണ്. ഒറ്റത്തവണ കെട്ടിട നികുതി കണക്കാക്കുന്നതിലേയ്ക്കായി കെട്ടിടംപണി പൂർത്തിയായി കഴിയുമ്പോൾ കെട്ടിട നമ്പർ ലഭിക്കുന്നതിന് അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കുന്ന പൂർത്തീകരിച്ച പ്ലാൻ ടി സ്ഥാപനത്തിലെ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള തറ വിസ്തീർണ്ണം

കണക്കാക്കി നികുതി നിർണ്ണയം നടത്തിയാൽ കാലതാമസം ഒഴിവാക്കാം. എന്നാൽ ഇതിന് നിയമ ഭേദഗതി ആവശ്യമാണ്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ടോറന്റ് സിസ്റ്റം: സംസ്ഥാനത്ത് രണ്ട് സബ് രജിസ്ട്രാർ ഓഫീസിനുകീഴിൽ വരുന്ന വില്ലേജുകളിൽ ടോറന്റ് സിസ്റ്റം നടപ്പിലാക്കിവരുന്നു. എറണാകുളം ജില്ലയിൽ അങ്കമാലി സബ് രജിസ്ട്രാർ ഓഫീസിലും കോട്ടയം ജില്ലയിൽ കോട്ടയം സബ് രജിസ്ട്രാർ ഓഫീസിലുമാണ് ടോറന്റ് സംവിധാനം നിലവിലുള്ളത്.

വസ്തുക്കൾ രജിസ്റ്റർ ചെയ്യുന്നതിന് മുന്നോടിയായി ഭൂമിയും റവന്യൂ രേഖകളും പരിശോധിച്ച് സ്കെച്ച് തയ്യാറാക്കി അംഗീകരിച്ച് ടോറൻസ് മാതൃകയിൽ വസ്തുക്കൾ രജിസ്റ്റർ ചെയ്യുകയാണെങ്കിൽ ഇത്തരം പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്രദമാംവിധം സ്കെച്ച് ഉൾപ്പെടെ ഭൂമി സംബന്ധമായ എല്ലാ വിവരവും ഉൾപ്പെടുത്തി ആർ.ഒ.ആർ. മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് നൽകുന്ന കാര്യവും സർക്കാർ പരിശോധിക്കും.

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ജീവനക്കാരുടെ കുറവ് സംബന്ധിച്ച്: കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ താലൂക്ക് സർവ്വേയർമാരുടെ രണ്ട് സ്ഥിരം തസ്തികകൾ മാത്രമേ നിലവിലുള്ളൂ. പരാതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടി ജീവനക്കാർ അപര്യാപ്തമായതിനാൽ നാല് സർവ്വേയർമാരെ റീസർവ്വേയിൽ നിന്ന് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിച്ചതുൾപ്പെടെ ആറ് സർവ്വേയർമാർ ടി താലൂക്കിൽ ഇപ്പോൾ സേവനം അനുഷ്ഠിച്ചുവരുന്നുണ്ട്.

ന്യായവില പുനർനിർണ്ണയ നടപടികൾ: സംസ്ഥാനത്തെ ന്യായവില നിരക്കുകൾ 1-4-2010-നാണ് പ്രാബല്യത്തിൽ വന്നത്. 2014-ൽ 50%-വും 2018-ൽ 10%-വും വർദ്ധനവ് വരുത്തുകയുണ്ടായി. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ന്യായവിലയിൽ നിരവധി ആക്ഷേപങ്ങളും അപാകതകളും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് 14-8-2018-ലെ സ.ഉ. (കൈ) 302/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിനായി ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ ന്യായവില നിർണ്ണയ നടപടികൾ നടപ്പിലാക്കുന്നതിനായി, വില്ലേജിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് അധികം ഉദ്യോഗസ്ഥരെ നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിനായി ജോലി കുറവുള്ള മറ്റ് റവന്യൂ ഓഫീസുകളിൽനിന്നും പുറമേ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും ദിവസ

വേതനാടിസ്ഥാനത്തിൽ ഒന്നോ രണ്ടോ ഫീൽഡ് വർക്കർമാരെയും നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ഭൂമിയുടെ ന്യായവില നിർണ്ണയ നടപടികൾ വില്ലേജിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കില്ല.

സ്മാർട്ട് വില്ലേജ് ഓഫീസുകൾ: കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് ആക്കുന്ന പ്രക്രിയ അടിയന്തരമായി നടന്നുവരുന്നു. പ്ലാനിംഗ് ബോർഡിൽനിന്ന് ഫണ്ടും അനുമതിയും ലഭിക്കുന്നമുറയ്ക്ക് അത് പൂർത്തിയാക്കുന്നതാണ്.

എൽ.ആർ.എം. പ്രവർത്തനങ്ങളിൽ ജീവനക്കാരുടെ കുറവ്: സർവ്വേ വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ/സർവ്വേയർ തസ്തികകളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള യോഗ്യതയും മാനദണ്ഡങ്ങളും ഒന്നാണെങ്കിലും പ്രസ്തുത തസ്തികകൾ വ്യത്യസ്ത വിജ്ഞാപനത്തിലൂടെ വ്യത്യസ്തമായ ജോലികൾക്കാണ് നിയോഗിച്ചിട്ടുള്ളത്. എൽ.ആർ.എം. അപേക്ഷ വിവിധ ഉദ്യോഗസ്ഥതലങ്ങളിലൂടെ കടന്നുപോകുന്നതിനാൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് കൂടുതൽ കാലതാമസം നേരിട്ട സാഹചര്യത്തിൽ 26-8-2017-ലെ സ.ഉ. (എം.എസ്.) 303/2017/റവ. നമ്പർ പ്രകാരം നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് എൽ.ആർ.എം. അപേക്ഷകളുടെ ഭാഗമായ സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് താലൂക്കുകളിൽ സ്ഥിരം താലൂക്ക് സർവ്വേയറെ കൂടാതെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും അധികമായി സർവ്വേയറെ നിയോഗിച്ചുൾപ്പെടെ 2018 ഒക്ടോബർ മാസത്തിൽ 688 സർവ്വേയർമാരെ എൽ.ആർ.എം. പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ളതാണ്.

ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച്: 25-6-2018-ലെ സ.ഉ. (എം.എസ്.) 236/2018/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാപരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖാ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിലധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കഡസ്ട്രൽ സർവ്വേ ആധുനീകരിക്കുക, സർവ്വേ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കാൻ സാധിക്കുന്ന തരത്തിൽ കേരള ലാൻഡ് റിക്കോർഡ്സ്

മോഡണൈസേഷൻ മിഷൻ (കെ.എൽ.ആർ.എം.എം.)രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരമുള്ള നടപടി ആരംഭഘട്ടത്തിലാണ്. ടി നടപടി ത്വരിതപ്പെടുത്തിക്കൊണ്ടും സർവ്വേ ജോലികൾ കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തി ചെയ്തുകൊണ്ടും വാലിഡേഷൻ നടപടി നിലവിലുള്ള സർവ്വേ ഉദ്യോഗസ്ഥരെക്കൊണ്ട് ചെയ്യിച്ചുകൊണ്ടും സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റവന്യൂ വകുപ്പിലെ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കാനും ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ ലഭ്യമാക്കാനുമായി റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>ഇ - ഡിസ്ട്രിക്ട്</u>: വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

<u>ആർ. ആർ. ഓൺലൈൻ</u>: റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലംവരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണിത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലുമൊരു കേസ്സിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെ സഹായകമാണ്.

<u>സംയോജിത ഓൺലൈൻ പോക്കുവരവ്</u>: വസ്തു സംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാദ്ധ്യമാക്കുന്ന ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

ഇ-പേയ്മെന്റ്: സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇ-ഓഫീസ്: ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കിവരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്.

വിവിധ വിഭാഗങ്ങളിലുള്ള സേവനങ്ങളും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

പുതിയ താലൂക്ക് രൂപീകരണം: കോട്ടയം താലൂക്കിൽ 26 വില്ലേജുകളും ചങ്ങനാശ്ശേരി താലൂക്കിൽ 15 വില്ലേജുകളുമാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അതിൽനിന്നും കോട്ടയം താലൂക്കിലെ 4 വില്ലേജുകളും ചങ്ങനാശ്ശേരി താലൂക്കിലെ 8 വില്ലേജുകളും ഉൾപ്പെടുത്തി പുതിയ താലൂക്ക് രൂപീകരിക്കുകയെന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമായി കാണുന്നില്ലായെന്നതിനാൽ കറുകച്ചാൽ ആസ്ഥാനമായി താലൂക്ക് രൂപീകരിക്കേണ്ട ആവശ്യമില്ലെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു (ഫയൽ നം. എഫ് 1178/17-റവ) കൂടാതെ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

(3) കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ് സംബന്ധിച്ച ശ്രീ. ജോൺ ഫെർണാണ്ടസിന്റെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

2015 ആഗസ്റ്റ് 26-ന് നടന്ന ഫോർട്ടുകൊച്ചി ബോട്ട് അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിമിനായി മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്തിരുന്നു. എന്നാൽ

1917-ലെ ഇൻലാൻഡ് വെസ്സൽസ് ആക്ട് പ്രകാരം ഇത്തരത്തിലുള്ള കേസ്സുകൾ പരിഗണിക്കുന്നതിന് മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിന് അധികാരമില്ലെന്ന് ചൂണ്ടിക്കാട്ടി ട്രിബ്യൂണൽ കേസ് തള്ളി.

കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ് രൂപീകരിച്ച് 30-4-2010-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ റൂൾസിൽ ഇൻഷ്വറൻസ് ക്ലെയിം പരിഗണിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ജലയാനങ്ങളുടെയും യാത്രികരുടെയും സുരക്ഷയും തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനുള്ള സാദ്ധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

ഇത്തരം കേസ്സുകൾ പരിഗണിക്കാൻ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിന് അധികാരം നൽകുന്നതിനോ അല്ലെങ്കിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിന്റെ ചുവടുപിടിച്ച് ഒരു പ്രൊപ്പൽഡ് വെഹിക്കിൾ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനോ ഉള്ള സാദ്ധ്യതകളാണ് പരിശോധിക്കുന്നത്.

യാത്രികരുടെ സുരക്ഷയും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തുന്നതിന് അനുയോജ്യ തീരുമാനം ഇക്കാര്യത്തിൽ കൈക്കൊള്ളുന്നതാണ്.

(4) <u>ആളുമാറിയുള്ള അറസ്റ്റ് സംബന്ധിച്ച ശ്രീ. എ. എൻ. ഷംസീറിന്റെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി</u>

കണ്ണൂർ പെരളശ്ശേരി ചോരക്കളത്ത് രാഗി എന്ന വീട്ടമ്മയുടെ മാല കവർന്നതുമായി ബന്ധപ്പെട്ട കേസിൽ ചക്കരക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം 338/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് സാക്ഷിമൊഴികളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സി.എച്ച്. നഗറിൽ താമസക്കാരനായ താജുദ്ദീൻ എന്നയാളാണ് പ്രതി എന്ന നിഗമനത്തിൽ 11-7-2018-ന് ടിയാനെ കസ്റ്റഡിയിലെടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്.

എന്നാൽ ടിയാൻ നിരപരാധിയാണെന്ന് കാണിച്ച് ടിയാന്റെ ഭാര്യ മുഖ്യമന്ത്രിക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ഡിവൈ.എസ്.പി. സി.സി.ടി.വി. ദൃശ്യങ്ങളുടെ സഹായത്തോടെ മറ്റ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിൽ കോഴിക്കോട് സബ് ജയിലിൽ റിമാൻഡിൽ കഴിഞ്ഞിരുന്ന ശരത് വത്സരാജ് ആണ് കുറ്റം ചെയ്തതെന്ന് കണ്ടെത്തുകയും ടിയാന്റെ അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് താജുദ്ദീനെ നിരപരാധിയാണെന്ന് കണ്ടെത്തിയതിനാൽ കേസിലെ പ്രതിസ്ഥാനത്തുനിന്നും

ഒഴിവാക്കുകയും കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ആയത് കോടതി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വേണ്ടത്ര ജാഗ്രത പുലർത്താതെ അന്വേഷണം നടത്തിയതിന്റെ ഫലമായി നിരപരാധിയായ ഒരാളെ ആളുമാറി പ്രതിയാക്കി അറസ്റ്റുചെയ്ത ചക്കരക്കൽ എസ്.ഐ., എ.എസ്.ഐ. എന്നിവരുടെ പേരിൽ വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. എസ്.ഐ.-യെ കണ്ണൂർ ട്രാഫിക് സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റുകയും ഇവർക്കെതിരെയുള്ള അച്ചടക്കനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു നിരപരാധി കുറ്റവാളിയെന്ന് മുദ്രകുത്തപ്പെട്ട അതീവ ഗൗരവമായൊരു പ്രശ്നമാണിത്. അതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) <u>മതാടിസ്ഥാനത്തിലുള്ള ക്രിക്കറ്റ് ടൂർണമെന്റ് സംബന്ധിച്ച ശ്രീ. എം. രാജഗോപാലന്റെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി</u>

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ മംഗൽപ്പാടി പഞ്ചായത്തിൽപ്പെട്ട ബേക്കൂർ വില്ലേജിൽ ബേക്കൂർ എന്ന സ്ഥലത്ത് ഹിരണ്യ യുവക വൃന്ദ, ബേക്കൂർ, രജിസ്റ്റർ നം. SL No. 468/04 എന്ന പേരിൽ 70-ഓളം മെമ്പർമാർ അടങ്ങിയ ക്ലബ്ബ് പ്രവർത്തിച്ചുവരുന്നുണ്ട്.

ക്ലബ്ബിന്റെ പ്രസിഡന്റായ ധനഞ്ജയ ഷെട്ടി എന്നയാളുടെ മകനായ റിതേഷ്, 17 വയസ്സ് (PUC-1 വിദ്യാർത്ഥി) എന്നയാൾ ഹിരണ്യ ബോയ്സ് എന്ന പേരിൽ 18 വയസ്സിന് താഴെയുള്ളവർക്ക് 20 ടീമുകളെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് 25-11-2018-ന് ക്രിക്കറ്റ് ടൂർണമെന്റ് നടത്തുന്നുണ്ട് എന്നും വിവിധ ശ്രേണിയിലെ സമ്മാനങ്ങൾ പ്രഖ്യാപിച്ചും 'Only Hindu Players should be play this game, CONNECT: Rithesh' എന്നിങ്ങനെ കാണിച്ചും വാട്ട്സ്ആപ്പ് സ്റ്റാറ്റസ് ഇട്ടിട്ടുള്ളതാണ്. ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിക്കുന്നതിനുവേണ്ടി പ്രചരണം നടത്തിയിരുന്നുവെങ്കിലും ടൂർണമെന്റ് ഇതുവരെ നടത്തിയിട്ടില്ല.

ഹിരണ്യ യുവക വൃന്ദ എന്ന ക്ലബ്ബിന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെയാണ് ഹിരണ്യ ബോയ്സ് എന്ന പേരിൽ പ്രചരണം നടത്തിയതെന്നും ക്ലബ്ബ് ഭാരവാഹികൾ വ്യക്തമാക്കിയിട്ടുണ്ട്. പ്രത്യേക മതവിഭാഗത്തിൽപ്പെട്ടവരെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് ടൂർണമെന്റ് നടത്തുന്ന പ്രചരണം തങ്ങളുടെ അറിവോടെയല്ലെന്നും ക്ലബ്ബ് ഭാരവാഹികൾ അറിയിച്ചിട്ടുണ്ട്

മതനിരപേക്ഷതയെ ഹനിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകളെ ചെറുക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും.

(6) പ്രളയത്തെത്തുടർന്നുള്ള നഷ്ടപരിഹാരം സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിന്റെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ മറുപടി

കേരള സംസ്ഥാനം നേരിട്ട ഏറ്റവും രൂക്ഷമായ പ്രകൃതി ദുരന്തമായിരുന്നു 2018-ലെ വെള്ളപ്പൊക്കം. മേയ് മാസം 29-ന് ആരംഭിച്ച കാലവർഷം ജൂൺ 15-ഓടുകൂടി ശക്തിപ്പെട്ടു. ജൂലൈ മാസത്തിൽ വടക്കൻ ജില്ലകളിലും ആലപ്പുഴ, കോട്ടയം ജില്ലകളിലും പത്തനംതിട്ടയിലെ 5-ഓളം പഞ്ചായത്തുകളിലും രൂക്ഷമായ നാശനഷ്ടങ്ങൾ സൃഷ്ടിച്ചിരുന്നു. ആഗസ്റ്റ് 8-ാം തീയതി മുതൽ അതിരൂക്ഷമായി സംസ്ഥാനത്തെ പ്രസ്തുത ദുരന്തം ഗ്രസിച്ചു. ഇടുക്കി ജില്ലയിൽ 1849 വീടുകൾ വാസയോഗ്യമല്ലാതായിത്തീരുകയും 1400 വീടുകൾ 60-74% തകർച്ച നേരിടുകയും 1558 വീടുകൾ 30-59% തകർച്ച നേരിടുകയും 1648 വീടുകൾ 16-29% തകർച്ച നേരിടുകയും 2500 വീടുകൾ 15% തകർച്ച നേരിടുകയും ചെയ്തിട്ടുണ്ടെന്നാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയ വിവരശേഖരണത്തിൽ (rebuild.lsgkerala.gov.in എന്ന വെബ്സൈറ്റിൽ) ലഭ്യമായിട്ടുള്ളത്. ജിയോ ടാഗ് ആപ്ലിക്കേഷൻ മുഖാന്തരമാണ് വിവര ശേഖരണ നടപടികൾ നടത്തുന്നത്. 616 ആളുകൾക്ക് വീട് വയ്ക്കുന്നതിന് ഭൂമിയും കണ്ടെത്തേണ്ടതായിട്ടുണ്ട്.

26-10-2018-ലെ സ.ഉ. (കൈ) നമ്പർ 24/2018/ഡി.എം.ഡി. പ്രകാരം സംസ്ഥാനത്ത് ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പൂർണ്ണമായി തകർന്നതോ 75%-ത്തിലധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്തതോ ആയ വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. വീട് പൂർണ്ണമായും നഷ്ടപ്പെട്ട് ജിയോടാഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ സമ്മതപത്രം നൽകിയ സ്വന്തമായി ഭൂമിയുള്ള 59 പേർക്ക് ആദ്യ ഗഡു തുക നൽകിയിട്ടുണ്ട്.

പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീടുനിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിലുള്ള തുകയോ, ഏതാണോ കുറവ് ആ തുക അനുവദിക്കുന്നതിനാണ് അനുമതിയുള്ളത്.

മണ്ണിടിച്ചിൽമൂലമോ രണ്ട് ദിവസം അടുപ്പിച്ച് വീട്ടിൽ വെള്ളം കയറുകയോ വീടിന് 75%-ലധികം നാശനഷ്ടം നേരിടുകയോ വീട് പൂർണ്ണമായും തകർന്നുപോകുകയോ ചെയ്തവർക്കാണ് 10,000 രൂപയുടെ അടിയന്തര ദുരിതാശ്വാസം അനുവദിച്ചിട്ടുള്ളത്. റവന്യൂ വകുപ്പിന്റെ ലഭ്യമായ കണക്കനുസരിച്ച് 685,184 ആളുകൾക്ക് 10,000 രൂപ വീതം സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്.

3-9-2018-ലെ സ.ഉ. (കൈ) നമ്പർ 18/2018/ഡി.എം.ഡി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ ഓവർസിയർ അഥവാ എഞ്ചിനീയർമാർ അംഗീകരിക്കുന്ന കെട്ടിട നഷ്ടത്തിന്റെ (structural damage) തോത് മേൽ പരിശോധനയ്ക്കുശേഷം അംഗീകരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയാണ്. ഇവരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുവാനായി ആസൂത്രണ വകുപ്പ് അംഗം ചെയർമാനായി ഒരു 4 അംഗ സമിതിയെയും ചുമതലപ്പെടുത്തിയിരുന്നു. കണക്കെടുപ്പിൽ തർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തിയിരുന്നു. ഇത്തരത്തിൽ തർക്കമുള്ളവർക്ക് ജില്ലാദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി ജില്ലയുടെ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (എ.ഡി.എം)-നെ സമീപിക്കാവുന്നതാണ്. എ.ഡി.എം.-ന്റെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെ സമീപിക്കാവുന്നതാണ്.

ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വീട് തകർന്നതിന്റെ ദുരിതാശ്വാസം ലഭിക്കുവാൻ നാശനഷ്ടം നേരിട്ട വീട് നിയമപരമായി നിർമ്മിതമായ കെട്ടിടമാണെന്ന സാക്ഷ്യപത്രം തദ്ദേശഭരണ സ്ഥാപനത്തിന്റെ മേധാവി അഥവാ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകേണ്ടതുണ്ട്. പുറമ്പോക്കിൽ വീട് നിർമ്മിച്ചിരുന്നവർ നിയമപരമായാണോ വീട് നിർമ്മിച്ചത് എന്ന പരിശോധനയ്ക്കുശേഷം മാത്രമേ ദുരിതാശ്വാസ സഹായത്തിന് അർഹരാണോ അല്ലയോ എന്ന് തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

പ്രളയത്തിൽ കൃഷിയും കൃഷിസ്ഥലവും നഷ്ടപ്പെട്ട ഇടുക്കി ജില്ലയിലെ കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 8,42,28,961 രൂപയും സംസ്ഥാന വിഹിതത്തിൽനിന്നും 24,76,549 രൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 1,19,22,520 രൂപയും നൽകിയിട്ടുണ്ട്.

പ്രളയത്തിലും കാലവർഷക്കെടുതിയിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് സത്വര നടപടി കൈക്കൊള്ളണമെന്ന് ഇടുക്കി ഉൾപ്പെടെയുള്ള എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റു വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയോ ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനും സന്നദ്ധ സംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ ഭൂമി സംഭാവന ചെയ്യാൻ തയ്യാറായി വരുന്നവരിൽനിന്നും നടപടിക്രമം പാലിച്ചുകൊണ്ട് ഭൂമി സ്വീകരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇപ്രകാരം ഇടുക്കി ജില്ലയുൾപ്പെടെ സംസ്ഥാനത്തെ പ്രളയക്കെടുതികൾ നേരിട്ട എല്ലാ ജില്ലകളിലും മനുഷ്യസാദ്ധ്യമായ എല്ലാവിധ സത്വര നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(7) <u>വിള ഇൻഷ്വറൻസ് പ്രകാരമുള്ള നഷ്ടപരിഹാരം സംബന്ധിച്ച ശ്രീ. കെ. ദാസന്റെ സബ്മിഷന് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ നൽകിയ മറുപടി</u>

കൊയിലാണ്ടി നഗരസഭയിലും അരീക്കുളം, കീഴാരിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലുമായി വ്യാപിച്ചുകിടക്കുന്ന ഏകദേശം 370 ഏക്കർ വിസ്തൃതി വരുന്ന പാടശേഖരമാണ് വെളിയന്നൂർ ചല്ലി. ഏറെക്കാലം തരിശായി കിടന്ന വെളിയന്നൂർ ചല്ലിയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പാടശേഖര സമിതികളുടെയും സഹകരണത്തോടെ 2017-18 സാമ്പത്തിക വർഷം 210 ഏക്കർ സ്ഥലത്ത് നെൽക്കൃഷി ഇറക്കുവാൻ സാധിച്ചു. ഈ പാടശേഖരം നെൽക്കൃഷിക്ക് ഉപയുക്തമാക്കുന്ന പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം കർഷകർക്ക് വിവിധ പദ്ധതികൾ വഴി മൊത്തം 60 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. ഇതിനുപുറമേ, ജല ഗമന-നിർഗ്ഗമന സംവിധാനങ്ങൾ സുശക്തമാക്കുന്നതിനായി 7.50 ലക്ഷം രൂപ ചെലവിൽ 4 കിലോമീറ്റർ നീളത്തിൽ ഒരു തോട് നിർമ്മിച്ചു. ഇതിലേയ്ക്കായി 2017-18-ലെ ആത്മ പദ്ധതിയിൽ ഉൾപ്പെടുത്തി 3.5 ലക്ഷം രൂപ കൊയിലാണ്ടി കൃഷിഭവൻ മുഖേന അനുവദിച്ചു. തോട് നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവിനത്തിൽ ശേഷിക്കുന്ന 4 ലക്ഷം രൂപ നടപ്പു സാമ്പത്തികവർഷത്തെ നെൽക്കൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി ലഭ്യമാക്കുന്നതാണ്.

വെളിയന്നൂർ ചല്ലി പാടശേഖരത്തിന്റെ അരീക്കുളം കൃഷിഭവൻ പരിധിയിൽപ്പെടുന്ന 34.50 ഹെക്ടർ പ്രദേശത്തെ നെൽക്കൃഷി വിളവെടുപ്പിനോടടുത്ത സമയത്തുണ്ടായ അതിശക്തമായ മഴയിൽ പൂർണ്ണമായും നശിച്ചുപോയി. മൂന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നതാകയാൽ ഈ കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ കർഷകരെ സംബന്ധിച്ചുള്ള വിവരങ്ങൾ ആധികാരികമായി തയ്യാറാക്കുന്നതിൽ വലിയ പ്രയാസം നേരിട്ടിട്ടുണ്ട്. ഒറവുങ്ങൾ, ഊരള്ളൂർ എന്നീ പാടശേഖര സമിതികളുടെ പരിധിയിൽപ്പെടുന്ന പ്രദേശത്തുണ്ടായ ഭീമമായ ഈ കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി 12.075 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ക്ലെയിം അടിയന്തരമായി സമർപ്പിക്കുന്നതിന്

കോഴിക്കോട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വെളിയന്നൂർ ചല്ലി പാടശേഖരത്തിലെ അർഹരായ മുഴവൻ കർഷകർക്കും സമയബന്ധിതമായി നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(8) അടയ്ക്കാ കർഷകർക്കുള്ള പ്രത്യേക പാക്കേജ് സംബന്ധിച്ച ശ്രീ. കെ. കുഞ്ഞിരാമന്റെ സബ്മിഷന് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ നൽകിയ മറുപടി

കേരളത്തിൽ ഏറ്റവും കൂടുതൽ അടയ്ക്ക കൃഷി ചെയ്യുന്ന ജില്ലയാണ് കാസർഗോഡ്. 2016-17 സാമ്പത്തിക വർഷത്തെ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ അനുസരിച്ച് കാസർഗോഡ് ജില്ലയിൽ 19,478 ഹെക്ടർ പ്രദേശത്ത് അടയ്ക്ക പ്രധാന വിളയായി കൃഷി ചെയ്തുവരുന്നു. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരുടെ വിവിധ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട അംഗം നിരവധി തവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്.

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 15-ലെ മറുപടി സ്റ്റേറ്റ്മെന്റ് പരിശോധിച്ച സമിതി, അടയ്ക്കാ കർഷകർക്ക് ധനസഹായത്തിനായി 'അരക്കനട്ട് പാക്കേജ്' എന്ന പേരിൽ പുതിയ ശീർഷകം അനുവദിച്ച് പത്തുകോടി രൂപയുടെ പ്രത്യേക പാക്കേജ് 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു.

നിയമസഭാ സമിതിയുടെ ശിപാർശയും അടയ്ക്കാ കർഷകരുടെ നിരന്തരമായ ആവശ്യവും കണക്കിലെടുത്ത് സംസ്ഥാന ആസൂത്രണ ബോർഡിൽ സംസ്ഥാന കൃഷി വകുപ്പ് സമർപ്പിച്ച 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള കരട് വാർഷിക പദ്ധതിയിൽ 'അരക്കനട്ട് പാക്കേജ്' എന്ന പുതിയ പദ്ധതിക്ക് 200 ലക്ഷം രൂപ അനുവദിച്ചുനൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർദ്ദേശത്തിൽ കവുങ്ങിനെ ബാധിക്കുന്ന വിവിധ രോഗങ്ങളുടെ നിയന്ത്രണോപാധികൾക്ക് ആവശ്യമായ ധനസഹായവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(9) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് സംബന്ധിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ നൽകിയ മറുപടി

തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിച്ചുവരുന്നത്. ഇവയിൽ 6 ക്ഷേമനിധി ബോർഡുകൾ സാമ്പത്തിക

ഭദ്രതയുള്ളതും തനിയെ നിലനിൽക്കാൻ പ്രാപ്തിയുള്ളതുമാണ്. മറ്റുള്ളവ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയാണ് പ്രവർത്തിച്ചുവരുന്നത്. സാമ്പത്തിക ഭദ്രതയില്ലാത്ത ബോർഡുകൾ വരുമാനത്തിലുള്ള കുറവുമൂലവും അധികരിച്ച ഭരണച്ചെലവുമൂലവും നിലനിൽക്കാൻ പ്രയാസപ്പെടുന്നവയാണ്. ഈ സാഹചര്യത്തിൽ സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിച്ചുകൊണ്ട് ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണം സാദ്ധ്യമാക്കണമെന്ന് ഇത് സംബന്ധിച്ച് പഠനം നടത്തിയ ശ്രീനിവാസൻ കമ്മിറ്റി, സബ്കമ്മിറ്റി എന്നിവ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബോർഡുകളുടെ സാമ്പത്തിക ഭദ്രത, പ്രവർത്തന സ്വഭാവം, പ്രവർത്തന സൗകര്യം, അംഗബലം എന്നിവ പരിഗണിച്ച് ബോർഡുകളെ സംയോജിപ്പിച്ച് അവയുടെ എണ്ണം ചുരുക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എന്നാൽ ഈ നടപടിയുടെ ഭാഗമായി കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിനെ മറ്റേതെങ്കിലും ബോർഡിൽ സംയോജിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ക്ഷേമനിധി ബോർഡുകളുടെ സംയോജനത്തിലൂടെ ബോർഡുകളുടെ സാമ്പത്തിക ഭദ്രത കൂടുതൽ ശക്തമാക്കുന്നതിനും അതിലൂടെ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(10) തോട്ടം തൊഴിലാളികളുടെ വേതനം സംബന്ധിച്ച ശ്രീ. എസ്. രാജേന്ദ്രന്റെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ നൽകിയ മറുപടി

തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിലുണ്ടാകുന്ന ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ മിനിമം വേതന നിയമ പ്രകാരം വിജ്ഞാപനം ചെയ്യുകയാണ് പതിവ്. 1-7-2015 മുതൽ പ്രാബല്യമുള്ള നിലവിലെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഡിമാന്റുകൾ തൊഴിലാളി യൂണിയനുകൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ 7-2-2018-ന് കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ടി വിഷയം ചർച്ച ചെയ്തിരുന്നു. തോട്ടം മേഖലയിലെ എല്ലാ തൊഴിലാളി യൂണിയനുകളുമായി ആലോചിച്ച് ഫെഡറേഷനുകളുടെ ഡിമാന്റ് സമർപ്പിക്കുന്നതാണെന്നും തൊഴിലാളി യൂണിയൻ പ്രതിനിധികൾ ടി യോഗത്തിൽ അറിയിച്ചു. തുടർന്ന് തൊഴിലാളി യൂണിയനുകളുടെ ഫെഡറേഷൻ സമർപ്പിച്ച ഡിമാന്റിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി വിഷയം ചർച്ച ചെയ്യുകയും ടി ഡിമാന്റിന്മേലുള്ള അഭിപ്രായം തൊഴിലുടമാ പ്രതിനിധികൾ സമർപ്പിക്കുകയും ചെയ്തു. പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ടി വിഷയത്തിന്മേൽ ധാരണയിലെത്തിച്ചേരാൻ

കഴിയാത്ത സാഹചര്യത്തിൽ 16-11-2018-ൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം വിഷയം ചർച്ച ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി/ തൊഴിലുടമാ പ്രതിനിധികളുമായി ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്രത്യേക യോഗം ചേരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ടി യോഗങ്ങളിലുണ്ടാകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ യോഗം ചേർന്ന് വിഷയം സംബന്ധിച്ച് മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

(11) <u>സ്വാതന്ത്ര്യസമര ചരിത്രസ്മാരകം സംബന്ധിച്ച ശ്രീ. പുരുഷൻ കടലുണ്ടിയുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ നൽകിയ മറുപടി</u>

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം 1942-ൽ ക്വിറ്റ് ഇന്ത്യാ സമരകാലത്ത് കത്തി നശിച്ചതായും 1943-ൽ പ്രസ്തുത കെട്ടിടം പുനർനിർമ്മിച്ചാണ് പിന്നീട് പ്രവർത്തിച്ചതെന്നും രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസ് ചരിത്ര പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം ഏറ്റെടുത്ത് സ്വാതന്ത്ര്യസമര ചരിത്ര സ്മാരകമാക്കുന്നതിനുള്ള അപേക്ഷകളോ നിവേദനങ്ങളോ പുരാവസ്തു വകുപ്പിൽ ലഭിച്ചിട്ടില്ലാത്തതിനാൽ അതിനുള്ള നടപടി കൈകൊണ്ടിട്ടില്ലെന്ന് പ്രസ്തുത വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കൂടാതെ കെട്ടിടം സംരക്ഷിത സ്മാരകമാക്കുന്നതിന് വിട്ടുനൽകാൻ പുരാവസ്തു വകുപ്പിൽനിന്നും നിർദ്ദേശങ്ങളൊന്നും രജിസ്ട്രേഷൻ വകുപ്പിന് ലഭിച്ചിട്ടുമില്ല.

നിലവിലെ കെട്ടിടം വളരെ ശോചനീയാവസ്ഥയിലാണ്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം, കിഫ്ബിയുടെ ധനസഹായത്താൽ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കെട്ടിട നിർമ്മാണ പദ്ധതിയിൽ 100 വർഷത്തിലധികം പഴക്കമുള്ള നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസും ഉൾപ്പെടുത്തിയിരുന്നു. 5-12-2017-ലെ സ.ഉ. (സാധാ) നമ്പർ 995/2017/നി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്. കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിലെ കെട്ടിടം പൊളിച്ച് മാറ്റിയാൽ മാത്രമേ പുതിയ കെട്ടിട നിർമ്മാണം സാദ്ധ്യമാകുകയുള്ളൂ. പുതിയ കെട്ടിടത്തിൽ ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭ സ്മരണകൾ നിലനിർത്തുന്നതിനാവശ്യമായ ഫലകങ്ങളും മറ്റും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(12) സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം സംബന്ധിച്ച ശ്രീമതി ഗീതാ ഗോപിയുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ നൽകിയ മറുപടി

1885-ൽ നിർമ്മിച്ചിട്ടുള്ള തൃപ്രയാർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും സ്ഥലപരിമിതിയും ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിച്ച സാഹചര്യത്തിലാണ് 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കിഫ്ബിയുടെ ധനസഹായത്താൽ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന കെട്ടിട നിർമ്മാണ പദ്ധതിയിൽ 100 വർഷത്തിലധികം പഴക്കമുള്ള തൃപ്രയാർ സബ് രജിസ്ട്രാർ ഓഫീസും ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഓഫീസും മൂന്ന് രജിസ്ട്രേഷൻ കോംപ്ലക്സുകളുമുൾപ്പെടെ 52 കെട്ടിട നിർമ്മാണ പ്രോജക്ടുകൾക്ക് 5-12-2017-ലെ സ.ഉ.(സാധാ.) നമ്പർ 995/2017/നി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും തൃപ്രയാർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായുള്ള 1.188 കോടി രൂപയുടെ എസ്റ്റിമേറ്റിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചത് 3-7-2018-ന് മാത്രമാണ്.

നിലവിൽ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം നിലനിർത്തി അതേ കോമ്പൗണ്ടിലാണ് പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള സൈറ്റ് 12-10-2018-ന് കൈമാറിയിട്ടുള്ളതാണ്. തൃപ്രയാർ സബ് രജിസ്ട്രാർ ഓഫീസിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.